കേരള സർക്കാർ

# കാർഷിക വികസന നയം

2015

## കാർഷിക വികസന നയം 2015

### തയ്യാറാക്കിയത്

കെ. കൃഷ്ണൻകുട്ടി (ചെയർമാൻ, ഉപസമിതി )
ആർ. ഹേലി (സമിതി അംഗം)
ഡോ. ആർ. രാജശേഖരൻ (സമിതി അംഗം)
ഡോ. പി. വി ബാലചന്ദ്രൻ (സമിതി അംഗം)
ആർ. അജിത്ത് കുമാർ (കൺവീനർ)
ഡോ. കെ. ജി. സുമ (സമിതി അംഗം)
എ. കെ. മാധവചന്ദ്രൻ (ജോയിന്റ് കൺവീനർ)

### നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥർ

അജിത്ത് കുമാർ . ജി (കൃഷി ഓഫീസർ)
റ്റി. റ്റി. അരുൺ (കൃഷി ഓഫീസർ)
എസ്സ്. മനോജ് (കൃഷി ഓഫീസർ)
ഡോ. ഇ. ജി പ്രേം ജയിൻ (അസി.ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്)

### രൂപകല്പന

മനോജ് എസ്സ് (കൃഷി ഓഫീസർ)

## ഉപസമിതി അംഗങ്ങൾ

**കെ. കൃഷ്ണൻ കുട്ടി** (ചെയർമാൻ)
(കാർഷിക ഉപദേശക സമിതിയിലെ കർഷക പ്രതിനിധി)

**ആർ. ഹേലി**
(മുൻ കൃഷിവകുപ്പ് ഡയറക്ടർ)

**ഡോ. ആർ. രാജശേഖരൻ**
(ചീഫ് (കൃഷി) കേരളാ സംസ്ഥാന ആസൂത്രണ ബോർഡ്)

**ഡോ. പി. വി ബാലചന്ദ്രൻ**
(ഡയറക്ടർ (വിജ്ഞാന വ്യാപനം) കേരള കാർഷികസർവ്വകലാശാല)

**ആർ. അജിത്ത് കുമാർ**
(ഡയറക്ടർ, കൃഷി വകുപ്പ്)

**ഡോ. കെ. ജി. സുമ**
(ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്)

**എ. കെ. മാധവചന്ദ്രൻ**
(ജോയിന്റ് ഡയറക്ടർ, കൃഷി വകുപ്പ്-ഫാമുകൾ)

## മലയാള പരിഭാഷ തയ്യാറാക്കിയത്

**ഗ്രീൻടച്ച്  ഫാം മീഡിയ**
**അഗ്രി-ക്ലിനിക് & അഗ്രി-ബിസിനസ് സെന്റർ**
**തിരുവനന്തപുരം.**

**നിർവ്വഹണം, രൂപകല്പന**
**ബി. എൽ. ബിജുലാൽ**
**(ഡയറക്ടർ, ഗ്രീൻടച്ച് ഫാം മീഡിയ)**

**ഏകോപനം**
**എസ്. എസ്. അരുൺ**
**(പ്രോഗ്രാം കോ ഓർഡിനേറ്റർ, ഗ്രീൻടച്ച് ഫാം മീഡിയ)**

**സാങ്കേതികസഹായം**

**അജിത്ത് കുമാർ. ജി** (കൃഷി ഓഫീസർ)
**റ്റി. റ്റി. അരുൺ** (കൃഷി ഓഫീസർ)
**എസ്സ്. മനോജ്** (കൃഷി ഓഫീസർ)
**ഡോ. ഇ. ജി പ്രേം ജയിൻ** (അസി. ഡയറക്ടർ, AHD)

**കടപ്പാട്**
**ഫാം ഇൻഫർമേഷൻ ബ്യൂറോ**

**എസ്സ്. സുരേഷ്കുമാർ** (എഡിറ്റർ, കേരളകർഷകൻ)
**ഡോ.ബി.എൻ.ബാബുരാജ്** (അസി.ഡയറക്ടർ, AHD)
**ഡോ.ടി.വി.രാജേന്ദ്രലാൽ** (കൃഷി അസി.ഡയറക്ടർ)
**ബി.നീന** (കൃഷി അസി.ഡയറക്ടർ)
**ഡോ.ഡി.ഷൈൻകുമാർ** (അസി.ഡയറക്ടർ, AHD)
**അജിത്ത് ലാൽ സി.എസ്.** (കൃഷി ഓഫീസർ)

# ഉള്ളടക്കം

## മുഖവുര- പുത്തനുണർവോടെ കൃഷിയിലേയ്ക്ക്


| | | |
|---|---|---|
| 1. | ആമുഖം | 15 |
| 2. | സംസ്ഥാനത്തിന്റെ പൊതു പശ്ചാത്തലം | 18 |
| 3. | കൃഷിയെ ചലനാത്മകമാക്കാൻ പുതു കാർഷിക നയങ്ങൾ | 21 |
| 4. | നിർവ്വചനങ്ങൾ | 23 |
| 5. | നയപരിഷ്കാരങ്ങൾക്ക് ഒരാമുഖം | 24 |
| 6. | കൃഷിഭൂമിയുമായി ബന്ധപ്പെട്ട നയങ്ങൾ | 25 |

6.2 നയം 1. കൃഷിഭൂമി സംരക്ഷിക്കപ്പെടുകയും അത് കൃഷിയ്ക്കല്ലാതെ മറ്റാവശ്യങ്ങൾക്കായി ഉപയോഗിക്കപ്പെടാതിരിക്കുകയും വേണം.

6.3 നയം 2: കൃഷിക്ക് അനുയോജ്യമായ ഭൂമി കണ്ടെത്തുകയും വിദൂര സംവേദന വിദ്യ, ഉപഗ്രഹ ചിത്രീകരണസംവിധാനം തുടങ്ങിയ അത്യാധുനിക സാങ്കേതികവിദ്യകളുപയോഗിച്ച് അടയാളപ്പെടുത്തി വയ്ക്കുകയും ഈ വിവരങ്ങൾ അടങ്ങിയ ഒരു വിവരശേഖരം തയ്യാറാക്കുകയും വേണം.

6.4 നയം 3 കൃഷിഭൂമിയുടെ ക്രയവിക്രയം കൃഷിക്കാർക്കും കൃഷിയാവശ്യങ്ങൾക്കും മാത്രമായി പരിമിതപ്പെടുത്തണം.

6.5 നയം 4. ഭക്ഷ്യോല്പാദനം വർദ്ധിപ്പിക്കാനായി കൃഷിയോഗ്യമായ തരിശു ഭൂമിയിൽ അടിയന്തിരമായി കൃഷിയിറക്കണം.

6.6 നയം 5. കേരള കാർഷികസർവ്വകലാശാല, കൃഷിവകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, ക്ഷീരവികസന വകുപ്പ്, വെറ്ററിനറി സർവ്വകലാശാല തുടങ്ങിയ സ്ഥാപനങ്ങൾ, അവയുടെ ഭൂമി അതുദ്ദേശിച്ചിട്ടുള്ള ആവശ്യത്തിനല്ലാതെ ഉപയോഗിക്കാൻ പാടില്ല.

6.7 നയം 6. കാർഷികാവശ്യങ്ങൾക്കായി ഭൂമി പാട്ടം കൊടുക്കുന്ന രീതി പ്രോത്സാഹിപ്പിക്കാൻ ഉചിതമായ നിയമനടപടിക്രമങ്ങൾ ഉണ്ടാക്കണം.

6.8 നയം 7. ഭൂമിസംബന്ധമായ കാര്യങ്ങൾ കൈകാര്യംചെയ്യുന്ന വിവിധ ഏജൻസികളുടെ പ്രവർത്തനം സമന്വയിപ്പിച്ച് ഒരു ഏകോപിത സ്ഥാപനത്തിൻ കീഴിൽ കൊണ്ടുവരാനുള്ള ഭരണസംവിധാനം രൂപപ്പെടുത്തണം.

6.9. നയം 8. നിലവിൽ ഭൂവിവര പട്ടികകൾ തയ്യാറാക്കി സൂക്ഷിക്കുന്നതിനുള്ള സംവിധാനം കൂടുതൽ കാര്യക്ഷമവും കൃത്യതയാർന്നതും സുതാര്യവുമാക്കാനും ഭൂമിയുടെ ഉടമസ്ഥാവകാശം സംബന്ധിച്ച തർക്കപരിഹാരം എളുപ്പത്തിൽ സാദ്ധ്യമാക്കാനുമായി വിവരസാങ്കേതികവിദ്യ ഉപയോഗപ്പെടുത്താൻ സർക്കാർ ലക്ഷ്യമിടണം.

## 7. ജല-ബന്ധിത നയങ്ങൾ 29

7.6 നയം 9. ജലത്തിന്റെ സംരക്ഷണവും സുസ്ഥിരമായ ഉപയോഗവും ലക്ഷ്യമിട്ടുള്ളതാവണം സംസ്ഥാനത്തെ എല്ലാ കാർഷികോല്പാദന പദ്ധതികളും.

7.7 നയം 10. നീർമറിപ്രദേശം അടിസ്ഥാനമാക്കി വേണം ജലബജറ്റ് നടപ്പിലാക്കാൻ.

7.8 നയം 11. മഴവെള്ളസംഭരണത്തിനും ഭൂഗർഭ ജലസംഭരണികൾ നിറയ്ക്കുന്നതിനും പ്രാധാന്യംനൽകി ജലത്തിന്റെ ലഭ്യതയും സ്ഥിരതയും ഉറപ്പാക്കണം.

7.9 നയം 12. സർക്കാരിന്റെ മതിയായ സാമ്പത്തികസഹായത്തോടെ സൂക്ഷ്മ ജലസേചന സാങ്കേതികവിദ്യയ്ക്ക് പ്രചാരം നൽകണം.

7.10 നയം 13. കൃഷിയിടത്തിലെ കുളങ്ങളും തലക്കുളങ്ങളും മെച്ചപ്പെടുത്തുകയും സംരക്ഷിക്കുകയും വേണം.

7.11 നയം 14. ഭൂഗർഭജലം പുനഃസംഭരിക്കാനായി ഉപപ്രതല അണകൾ നിർമ്മിക്കണം.

7.12 നയം 15. ജലസേചനത്തിനിടയിൽ അരിച്ചുപോകുന്ന ജലത്തിന്റെ നഷ്ടം തടയാനായി കേരളത്തിലെ ജലസേചനക്കനാലുകൾ പുനർനിർമ്മിക്കപ്പെടണം.

7.13 നയം 16. ജലസേചനത്തിനായി വെള്ളം വിട്ടുകൊടുക്കുന്നതിനായുള്ള കമ്മിറ്റിയുടെ നടപടിക്രമങ്ങൾ വാക്കുകളിൽ ഒതുങ്ങാതെ പ്രാവർത്തികമാക്കണം.

7.14. നയം 17. കുട്ടനാടൻ കർഷകർക്കും കോൾ കർഷകർക്കുമുള്ള പമ്പിങ് ധനസഹായം കൃഷിവകുപ്പ് വഴി വിതരണം ചെയ്യണം.

7.15 നയം 18. ജലസേചന വികസനത്തിന് ഊന്നൽ നൽകാനായി അന്തർ സംസ്ഥാന ജലവിനിമയക്കരാറുകൾ സമയബന്ധിതമായി പുനഃപരിശോധന നടത്തണം.

7.16. നയം 19. ജലസേചിത കൃഷി ഏറ്റവും കൂടുതൽ ജലമാവശ്യപ്പെടുന്ന മേഖലയായതുകൊണ്ടുതന്നെ അടിസ്ഥാനജലസേചന സൗകര്യങ്ങൾ ഒരുക്കാനും നിലനിർത്താനും പ്രത്യേക ശ്രദ്ധ വേണം.

## 8. മണ്ണിനെ സംബന്ധിക്കുന്ന നയങ്ങൾ 35

8.3 നയം 20. മണ്ണിന്റെ ആരോഗ്യം വീണ്ടെടുക്കാനായി ജൈവവളങ്ങളുടെ ഉല്പാദനം വർദ്ധിപ്പിക്കുകയും അത് കൃഷിവകുപ്പിന്റെ പ്രധാനപ്പെട്ട ഒരു പ്രവർത്തനമായി മാറ്റുകയും ചെയ്യണം.

8.4. നയം 21. മണ്ണിന്റെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കണം.

8.5 നയം 22. സംസ്ഥാനസർക്കാർ എല്ലാവർഷവും ജൂണിലെ ആദ്യയാഴ്ച പച്ചിലവള വാരമായി ആഘോഷിക്കണം. ഇതോടനുബന്ധിച്ച് പച്ചില വിളകളുടെ കൃഷിയുടേയും, പച്ചിലവള പ്രയോഗ രീതികളുടെയും പ്രചരണം ഉറപ്പുവരുത്തുകയും വേണം.

8.6. നയം 23. സൂക്ഷ്മതലത്തിലുള്ള മണ്ണുസംബന്ധിയായ ഒരു വിവരശേഖരം (Cadastral Level Soil Information System) തയ്യാറാക്കപ്പെടണം.

8.7. നയം 24. നീർമറിപ്രദേശത്തിന്റെ അടിസ്ഥാനത്തിൽ മണ്ണൊലിപ്പ് തടയാനുള്ള എല്ലാശ്രമവും നടത്തണം.

8.8. നയം 25. പ്രാദേശികമായ പോഷകപ്ലാനുകൾ കഴിയുന്നതും നീർമറി അടിസ്ഥാനത്തിൽ വികസിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കണം.

## 9. കാലാവസ്ഥയെയും പ്രകൃതിയെയും സംബന്ധിക്കുന്ന നയങ്ങൾ 38

9.4. നയം 26. സംസ്ഥാനത്ത് മെച്ചപ്പെട്ട കാർഷികോല്പാദനം നിലനിർത്താൻ കാലാവസ്ഥാനുസൃത രീതികൾ സംബന്ധിച്ച ഗവേഷണ-വികസന ശ്രമങ്ങൾ ശക്തിപ്പെടുത്തണം.

9.5. നയം 27. കാലാവസ്ഥാ നിരീക്ഷണകേന്ദ്രങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തണം.

9.6. നയം 28. വിദഗ്ദ്ധന്മാരെ ഇതിനായി പരിശീലിപ്പിക്കണം.

9.7. നയം 29. പ്രകൃതിവ്യവസ്ഥയിലുള്ള പാരിസ്ഥിതിക ഭാരം സന്തുലിതമാക്കുകയും പ്രകൃതിയിലുണ്ടാകുന്ന നാശങ്ങൾ കുറച്ച് സംസ്ഥാനത്തെ സാമ്പത്തിക ഭദ്രത മെച്ചപ്പെടുത്തുകയും വേണം.

9.8. നയം 30. അത്യാഹിതങ്ങൾ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിന് തന്ത്രപരമായ ആസൂത്രണം നടപ്പിൽവരുത്താനുള്ള ലക്ഷ്യബോധമാർന്ന സമീപനം സർക്കാർ സ്വീകരിക്കണം. തന്നെയുമല്ല, ആപത്തുകൾക്കെതിരെ ജില്ല-ബ്ലോക്ക്-ഗ്രാമപഞ്ചായത്തുതലങ്ങളിൽ മുൻകൂട്ടിയുള്ള നടപടികളും പ്രതികരണാർത്ഥമുള്ള പ്രവർത്തനങ്ങളും ഉറപ്പുവരുത്തണം. വിപത്തുകളെ നേരിടാൻ തയ്യാറെടുക്കാനും, വരാതെ പ്രതിരോധിക്കാനും, വന്നാൽ മറികടക്കാനും; ഒപ്പംതന്നെ അത്യാഹിതങ്ങൾ സംഭവിച്ചുപോയാൽ ആശ്വാസമെത്തിക്കാനും പുനരധിവാസമുറപ്പാക്കാനും പുനർനിർമ്മാണങ്ങൾ നടത്താനുമെല്ലാം പ്രാപ്തമായ തരത്തിലുള്ള സമഗ്രമായ ആസൂത്രണമാണ് ഉണ്ടാവേണ്ടത്.

## 10. നീർമറി വികസന സമീപനവുമായി ബന്ധപ്പെട്ട നയങ്ങൾ 41

10.2. നയം 31. സംസ്ഥാനത്തെ കാർഷിക ആസൂത്രണ വികസന പദ്ധതികളെല്ലാം നീർമറിയെ അടിസ്ഥാനപ്പെടുത്തിയാവണം.

10.3. നയം 32. ജലപരിപാലനത്തിലും/ജലക്ഷാമത്തിലും ഉത്തരവാദിത്വം സംസ്ഥാനത്തിനാണ്

10.4. നയം 33. നീർമറി വികസനപദ്ധതികൾ ലക്ഷ്യമിടുന്നത് ജനങ്ങളുടെ കൂട്ടായ്മകളെ അടിസ്ഥാനമാക്കിയുള്ള സമീപനങ്ങളിലൂടെ ഗ്രാമീണ ജീവനമാർഗ്ഗങ്ങൾ മെച്ചപ്പെടുത്താനും ദാരിദ്ര്യം കുറയ്ക്കാനുമാണ്.

11. പ്രതിസന്ധിയിലായ കർഷകർക്ക് ആശ്വാസമേകാനുള്ള നയങ്ങൾ 43

11.6. നയം 34. കടക്കെണിയിൽ മുങ്ങിയ കർഷകർക്ക് ആത്മവിശ്വാസം നൽകാനായി സമാശ്വാസ സഹായധനവും സമാശ്വാസ വായ്പയും നല്കി അവരെ ആത്മഹത്യാമുനമ്പിൽ നിന്നും രക്ഷിക്കാനുള്ള നടപടികൾ സർക്കാർ സ്വീകരിക്കണം.

11.7. നയം 35. കടക്കെണിയിൽപ്പെട്ട കർഷകരെ കടബാദ്ധ്യതയിൽ നിന്നും രക്ഷപ്പെടുത്താനായി ധനകാര്യസ്ഥാപനങ്ങൾ അവരുടെ സമീപനത്തിൽ ആവശ്യമായ മാറ്റം വരുത്തുകയും പല ധനാഗമമാർഗ്ഗങ്ങളെ യോജിപ്പിച്ച് കടക്കെണിയിൽപ്പെട്ട കർഷർക്ക് സമാശ്വാസ വായ്പ നല്കി അവരെ കടം തിരിച്ചടയ്ക്കുന്നതിന് കഴിവുള്ളവരാക്കുകയും വേണം.

11.8. നയം 36. യഥാർത്ഥ കർഷകർ ഭവനനിർമ്മാണത്തിനും ചികിത്സയ്ക്കും വിവാഹത്തിനും കുട്ടികളുടെ വിദ്യാഭ്യാസത്തിനും മറ്റ് ഒഴിച്ചുകൂടാൻ കഴിയാത്ത ഉപഭോഗാവശ്യങ്ങൾക്കും എടുക്കുന്ന വായ്പകൾ, കാർഷിക വായ്പകളായി പരിഗണിക്കുകയും അത് കൃഷിയിലൂടെ തിരിച്ചടയ്ക്കാൻ അവരെ പ്രാപ്തരാക്കുകയും വേണം.

11.9. നയം 37. ദുരിതമനുഭവിക്കുന്ന കർഷകർക്ക് ഉപദേശവും മാനസിക പിൻതുണയും നൽകാൻ വിജ്ഞാനവ്യാപന പ്രവർത്തകരേയും ആരോഗ്യപ്രവർത്തകരേയും ഉൾപ്പെടുത്തി പ്രാഥമികാരോഗ്യ തലത്തിൽ മാനസികാരോഗ്യ പദ്ധതികൾ ശക്തിപ്പെടുത്തേണ്ട ആവശ്യമുണ്ട്.

12. കർഷകരുടെയും കർഷകത്തൊഴിലാളികളുടെയും ക്ഷേമവുമായി ബന്ധപ്പെടുത്തിയുള്ള നയങ്ങൾ 47

12.3. നയം 38. കർഷകർക്കായുള്ള പെൻഷൻ പദ്ധതി കൂടുതൽ ആകർഷകമായി തുടരണം.

12.4. നയം 39. കാർഷികവികസനവും കർഷകക്ഷേമവും വേർതിരിക്കാനാവാത്ത വണ്ണം ബന്ധപ്പെട്ടിരിക്കുന്നതിനാൽ ഒരു കർഷകക്ഷേമ ഫണ്ട് ബോർഡ് രൂപവല്കരിക്കണം.

12.5. നയം 40. കർഷകർക്ക് ഒരു സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി രൂപവല്കരിക്കേണ്ടത് അത്യാവശ്യമാണ്.

12.6. നയം 41. കർഷകത്തൊഴിലാളികളുടെ ക്ഷാമം കുറയ്ക്കാനായി പഞ്ചായത്തു തലത്തിൽ തൊഴിൽ ബാങ്കുകൾ തുടങ്ങണം.

12.7. നയം 42. കാർഷികരംഗത്ത് നൂറുദിവസത്തിൽ കുറയാതെ ജോലിചെയ്യുന്ന എല്ലാ കർഷകത്തൊഴിലാളികൾക്കും പ്രോത്സാഹന ധനസഹായം നൽകണം.

12.8 നയം 43. കർഷകരുടെ സാമൂഹിക നില മെച്ചപ്പെടുത്താനായി അവരുടെ മക്കൾക്ക് പ്രൊഫഷണൽ കോഴ്സുകളിൽ പര്യാപ്തമായ തോതിൽ സീറ്റുകൾ സംവരണം ചെയ്യണം.

## 13. കാർഷിക മേഖലയിലെ മാനവശേഷി വികസനവുമായി ബന്ധപ്പെട്ട നയങ്ങൾ 51

13.4. നയം 44. കാർഷികരംഗത്തെ ഉല്പാദനക്ഷമതാവർദ്ധനവ് കാർഷികവിദ്യാഭ്യാസത്തേയും മികവുറ്റ പരിശീലനത്തേയും ആശ്രയിച്ചിരിക്കുന്നു. ഇത് ഈ രംഗത്തെ മാനവശേഷി ക്ഷമതാവർദ്ധനവിനും അനുപേക്ഷണീയമാണ്.

13.5. നയം 45. കർഷകരെ സ്വാശ്രയസംരംഭകരാക്കി മാറ്റുന്ന തരത്തിൽ അവരുടെ അറിവും വൈദഗ്ദ്ധ്യവും മെച്ചപ്പെടുത്താൻ പ്രാപ്തരായ വികസന ഉദ്യോഗസ്ഥരെ സൃഷ്ടിക്കണം.

13.6. നയം 46. കാർഷികമേഖലയിലെ സർക്കാരിന്റെ നയരൂപവല്കരണത്തിൽ ഇടപെടാൻ തക്കവണ്ണം ചെറുകിട കർഷകരെ പര്യാപ്തരാക്കണം.

13.7. നയം 47. ഉല്പാദനോപാധികളുടെ വിതരണക്കാർക്ക് കാർഷികപ്രവർത്തനങ്ങൾ സംബന്ധിച്ച ശാസ്ത്രീയവും സാങ്കേതികവുമായ അറിവും വൈദഗ്ദ്ധ്യവും ലഭ്യമാക്കുന്ന തരത്തിൽ, നിലവിലുള്ള സംവിധാനത്തിൽ മാറ്റങ്ങളുണ്ടാക്കണം. കർഷകർക്ക്, പ്രത്യേകിച്ചും ചെറുകിട-നാമമാത്ര കർഷകർക്ക് ശരിയായ ദിശയിലുള്ള ഉപദേശങ്ങൾ ലഭ്യമാകാനും അതുവഴി വിജ്ഞാനവ്യാപനം മറ്റൊരുതരത്തിൽക്കൂടി ഉറപ്പുവരുത്താനും ഇത് സഹായിക്കും.

13.8 നയം 48. സംസ്ഥാനത്ത് വിജ്ഞാനവ്യാപനമേഖലയിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർ ഏറ്റവും പുതിയ അറിവുകളും; കമ്പ്യൂട്ടർ, മൾട്ടിമീഡിയ, ഇന്റർനെറ്റ് തുടങ്ങിയ ഇലക്ട്രോണിക് സംവിധാനങ്ങൾ ഉപയോഗിക്കുന്നതിനുള്ള വൈദഗ്ദ്ധ്യവും നേടിയെടുക്കണം.

13.9 നയം 49. വിജ്ഞാനവ്യാപനപ്രവർത്തകർക്കായുള്ള മാനവശേഷി വികസന പരിപാടികൾ ശാസ്ത്രീയമായും സമയബന്ധിതമായും നടപ്പാക്കണം.

## 14. വിവരസാങ്കേതിക വിദ്യയുടെ (ICT) പ്രയോഗവുമായി ബന്ധപ്പെട്ട നയങ്ങൾ 54

14.5. നയം 50. 100% വേഗതയിലും കൃത്യതയിലും സേവനങ്ങൾ നടത്താൻ കൃഷിഭവനുകളെ 'പേപ്പറില്ലാത്ത ഓഫീസുകൾ' ആക്കിമാറ്റാനുള്ള നടപടികൾ പെട്ടെന്നുതന്നെ പ്രാവർത്തികമാക്കണം.

14.6 നയം 51. ആസൂത്രണ പ്രവർത്തനങ്ങൾ ICT ഉപകരണങ്ങൾ ഉപയോഗിച്ച് ശേഖരിക്കുന്ന കൃത്യതയാർന്ന വിവരങ്ങൾക്കനുസൃതമായിരിക്കുകയും എല്ലാവർഷവും സംസ്ഥാനം അതനുസരിച്ച് കാർഷിക പ്ലാനുകൾ വികസിപ്പിച്ചെടുക്കുകയും വേണം.

14.7 നയം 52. ICT അധിഷ്ഠിത സാങ്കേതികവിദ്യകൾ പ്രചരിപ്പിക്കുന്ന അവസരത്തിൽ, ആവശ്യകതയിൽ ശ്രദ്ധ ചെലുത്തണം, സാങ്കേതികതയ്ക്ക് വേണ്ടി മാത്രമാകരുത്.

14.8 നയം 53. കോൾസെന്ററുകൾ കാര്യപ്രാപ്തിയുള്ളതാക്കി തീർക്കണം.

14.9 നയം 54. കർഷകരുടെ വിവരപ്പട്ടിക (Farmer Database) കൃത്യതയോടെ തയാറാക്കണം.

14.10 നയം 55. എല്ലാ തലത്തിലും ആവശ്യാനുസരണമുള്ള ICTപരിശീലനം ഒരുക്കണം; പ്രത്യേകിച്ച് യുവജനങ്ങൾക്കും, സ്ത്രീകൾക്കും നാമമാത്ര കർഷകസമൂഹത്തിനും.

14.11 നയം 56. ICTയുടെ സഹായത്തോടെ ശരിയായ സമയത്ത് കർഷകർക്ക് വിപണനവിവരങ്ങൾ എത്തിക്കാൻ ആവശ്യമായ സങ്കേതം വികസിപ്പിക്കണം.

14.12 നയം 57. ആധുനിക ICT സങ്കേതങ്ങളെ ഗ്രാമീണ വികസന പദ്ധതികളുടെയും കർഷകർക്ക് നല്കുന്ന സബ്സിഡികളുടെയും വിവരങ്ങൾ നൽകാനാവുന്ന തരത്തിൽ രൂപപ്പെടുത്തണം.

14.13 നയം 58. ICT ഉപയോഗിച്ച് കൃഷിയെ സഹായിക്കുന്ന കാലാവസ്ഥാ നിരീക്ഷണ സേവനങ്ങളും, ഉല്പാദകഘടകങ്ങളുടെ വിലയും പ്രാപ്യതയും, രോഗങ്ങളുടെയും കീടങ്ങളുടെയും മുൻകൂട്ടിയുള്ള അറിയിപ്പും, മണ്ണുപരിശോധനാ വിവരങ്ങളും എസ്.എം.എസ്. വഴി നൽകാൻ കഴിയും.

14.14 നയം 59. യോഗങ്ങൾക്കും, സാങ്കേതികവിദ്യയുടെ പുതുക്കലിനും കൈമാറ്റത്തിനുമെല്ലാം ടെലിപ്രെസൻസ്സ്, ഗൂഗിൾ ഗ്ലാസ്സ് തുടങ്ങിയ സാങ്കേതികവിദ്യകളുടെ പ്രയോഗങ്ങൾക്ക് തുടക്കമിടണം.

## 15. സാങ്കേതിക ശാസ്ത്രത്തിന്റെ പ്രചരണത്തേയും പരിപാലനത്തേയും സംബന്ധിക്കുന്ന നയങ്ങൾ 60

15.2 നയം 60. വിജ്ഞാനവ്യാപന സേവനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കണം.

15.3 നയം 61. ആവശ്യങ്ങളാൽ നയിക്കപ്പെടുന്ന വിജ്ഞാന വ്യാപനമാണ് ഇന്നിന്റെ ആവശ്യം.

15.4 നയം 62. സംഘ സമീപനമായിരിക്കണം കേരളത്തിലെ എല്ലാ വിജ്ഞാന വ്യാപന പ്രവർത്തനങ്ങളുടെയും മുദ്രാവാക്യം.

15.5 നയം 63 **കർഷകർക്ക് അവർക്കാവശ്യമായ സേവനങ്ങൾ ലഭ്യമാക്കണമെങ്കിൽ വിജ്ഞാനവ്യാപന കേന്ദ്രങ്ങളും ഔദ്യോഗിക ഗവേഷണ സ്ഥാപനങ്ങളും തമ്മിൽ മെച്ചപ്പെട്ട സഹകരണം വികസിപ്പിക്കേണ്ടത് ആവശ്യമാണ്.**

15.6 നയം 64. വിജ്ഞാനവ്യാപന പ്രവർത്തനങ്ങളുടെ നിലവിലുള്ള വ്യവസ്ഥ ഒരു ഏകീകൃത സംവിധാനത്തിൻകീഴിൽ കൊണ്ടുവരുന്നതുവഴി കർഷകർക്കായുള്ള സേവനങ്ങൾ കൂടുതൽ കാര്യപ്രാപ്തിയോടെ നടപ്പാക്കാൻ കഴിയും.

15.7 നയം 65. പുതിയ കാർഷിക വിജ്ഞാനവ്യാപന രീതി സമഗ്ര പാരിസ്ഥിതിക പിൻതുണ ഉറപ്പുവരുത്തണം.

15.8 നയം 66. മൃഗസംരക്ഷണമേഖലയുടെ ഉല്പാദനക്ഷമതയും മൃഗപരിപാലകരുടെ കാര്യശേഷിയും മെച്ചപ്പെടുത്തുന്നതിന് കർഷകകേന്ദ്രീകൃതമായ നയങ്ങളും അവരുടെ കാര്യശേഷി വർദ്ധിപ്പിക്കാനുതകുന്ന സമീപനങ്ങളും സംയോജിപ്പിക്കണം. ഇതിലൂടെ മൃഗസംരക്ഷണരംഗത്തെ സമസ്ത മേഖലകളിലും കർഷകരുടെ പ്രവർത്തനോൻമുഖവും മത്സരാധിഷ്ഠിതവും കാര്യജ്ഞാനമുള്ളതും ഉത്തരവാദിത്തബോധമുള്ളതുമായ പങ്കാളിത്തം ഉറപ്പുവരുത്താനാവും.

## 16. വിപണികളെയും വിപണനരീതികളെയും സംബന്ധിക്കുന്ന നയങ്ങൾ 65

16.4 നയം 67. വിളവെടുപ്പാനന്തര നഷ്ടങ്ങൾ കുറയ്ക്കാനും ആരോഗ്യസംബന്ധമായ അപകടങ്ങൾ ലഘൂകരിക്കാനും വിപണനം ഹിതകരമാക്കാനും മൊത്ത-ചെറുകിട വിപണികളും മികച്ച സംഭരണസൗകര്യങ്ങളും ഉൾപ്പെടുത്തിയുള്ള കാര്യക്ഷമമായ വിപണനസംവിധാനം അനിവാര്യമാണ്.

16.5 നയം 68. മുഖ്യ ഉല്പാദനകേന്ദ്രങ്ങളിൽ, ഉല്പാദക സംഘടനകളുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ, പൊതുവായ വിപണന സൗകര്യങ്ങൾ സൃഷ്ടിക്കുന്ന രീതിയിലാവണം വിപണി സംബന്ധിച്ച പരിഷ്കാരങ്ങൾ നടപ്പിലാക്കേണ്ടത്.

16.6. നയം 69. കർഷകർക്ക് അവരുടെ അദ്ധ്വാനത്തിനാനുപാതികമായി ഉല്പന്നങ്ങൾക്ക് ന്യായവില ലഭ്യമാക്കുകയും ഉപഭോക്താൾക്ക് നീതിയുക്തമായ വിലയിൽ ഭക്ഷ്യോല്പന്നങ്ങളുടെ ലഭ്യത ഉറപ്പാക്കുകയും എന്ന ഇരട്ടനേട്ടം കൈവരിക്കാനായി കാർഷികോല്പന്നങ്ങളുടെ സംഭരണത്തിനും വിതരണത്തിനും അമൂൽ മാതൃകയിൽ, പൂർണ്ണ കർഷകനിയന്ത്രണത്തിലുള്ള സംഭരണ-സംസ്കരണ-വിതരണ സംവിധാനം നടപ്പാക്കാവുന്നതാണ്.

16.7. നയം 70. മെച്ചപ്പെട്ട അടിസ്ഥാനസൗകര്യ വികസനത്തിനായി ഒരു പ്രത്യേക കാർഷിക വിപണനവിഭാഗം കൃഷിവകുപ്പിന്റെ നിയന്ത്രണത്തിൽ രൂപവല്കരിക്കേണ്ടതാണ്.

16.8. നയം 71. ആധുനിക വിവര സാങ്കേതികവിദ്യയുടെയും ഉപകരണങ്ങളുടെയും (ICT) സഹായത്തോടെ ഒരു കൃത്യതയാർന്ന വിപണി നിരീക്ഷണ സംവിധാനം വികസിപ്പിക്കണം.

## 17. അന്തർദേശീയ വ്യാപാരത്തെ സംബന്ധിക്കുന്ന നയങ്ങൾ 70

17.4 നയം 72. കൃഷിവകുപ്പിന്റെ നിയന്ത്രണത്തിലുള്ള WTO സെൽ പുനഃസംഘടിപ്പിക്കുകയും അതിനെ പ്രായോഗികതലത്തിലും ഔദ്യോഗികതലത്തിലും സ്വതന്ത്രമാക്കുകയും വേണം.

17.5 നയം 73 അന്തർദ്ദേശീയ നിലവാരമുള്ള കാർഷികോല്പന്നങ്ങളും ഐകരൂപ്യമുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങളും തയ്യാറാക്കാൻ കർഷകരെ പ്രാപ്തരാക്കുകവഴി സ്വതന്ത്ര വ്യാപാരക്കരാർ (FTA) മൂലമുള്ള പ്രശ്നങ്ങൾ അഭിമുഖീകരിക്കാൻ കഴിയും.

17.6 നയം 74. അന്തിമ വിപണികൾ കർശനമായി നിരീക്ഷിച്ച്, നിരോധിച്ച കാർഷികോല്പന്നങ്ങൾ വിപണികളിലേയ്ക്ക് മറ്റേതെങ്കിലും രൂപത്തിൽ കടന്നുവരുന്നില്ല എന്നുറപ്പുവരുത്തുകയും അങ്ങനെ കർഷകരുടെ താല്പര്യങ്ങൾ സംരക്ഷിക്കുകയും വേണം.

17.7 നയം 75. കർഷകരുടെ ഉപജീവനമാർഗ്ഗം സംരക്ഷിക്കുന്നതിനായി കൃഷിയെ സുസ്ഥിരമാക്കാനും ചെറുകിടകർഷകരെ സഹായിക്കാനുമുള്ള പരിപാടികൾ സൃഷ്ടിക്കണം.

## 18. കർഷക ഉല്പാദക സംഘങ്ങളുമായി ബന്ധപ്പെട്ട നയങ്ങൾ 73

18.3 നയം 76. കർഷക ഉല്പാദക സംഘങ്ങൾ (FPO) രജിസ്റ്റർ ചെയ്തിട്ടുള്ളതും കർഷകരാൽ ഭരിക്കുന്നതുമായ സംഘടനയാവണം. ഈ സംഘടന കൃഷിയിലേയും അതുമായി ബന്ധപ്പെട്ട മേഖലകളിലേയും പ്രവർത്തനങ്ങൾക്കായിരിക്കണം ഊന്നൽ നൽകേണ്ടത്.

18.4 നയം 77. കേന്ദ്രാവിഷ്കൃതവും സംസ്ഥാനാവിഷ്കൃതവുമായ പദ്ധതികളും പരിപാടികളും മുഖേന വൻതോതിൽ കർഷക ഉല്പാദക സംഘങ്ങൾ രൂപവല്കരിക്കാൻ സംസ്ഥാനസർക്കാർ സന്നദ്ധമാവണം.

18.5 നയം 78. സ്വാശ്രയത്വം, ഉത്തരവാദിത്വം, ജനാധിപത്യം, സമത്വം, സമാവകാശം, ഐക്യം തുടങ്ങിയ മൂല്യങ്ങൾക്കധിഷ്ഠിതമാവണം കർഷക ഉല്പാദക സംഘങ്ങൾ.

18.6 നയം 79. സർക്കാർ അതിന്റെ നയതീരുമാനങ്ങളിലൂടെയും പരിപാലനത്തിനുള്ള വിദഗ്ദ്ധ മനുഷ്യശേഷി ലഭ്യമാക്കുന്നതിലൂടെയും കർഷക ഉല്പാദക സംഘങ്ങൾക്ക് കൈത്താങ്ങൊരുക്കണം.

18.7 നയം 80. അംഗകർഷകർക്ക് പരിപൂർണ്ണ സേവനം ലഭ്യമാക്കുന്ന തരത്തിൽ കർഷക ഉല്പാദക സംഘങ്ങളെ രൂപകല്പന ചെയ്യണം.

18.8 നയം 81. കർഷക ഉല്പാദക സംഘങ്ങളുടെ ഉന്നമനത്തിന് ചുമതലയുള്ള റിസോഴ്സ് സ്ഥാപനമായി സംസ്ഥാന സർക്കാർ SFAC യെ നിയമിക്കണം.

18.9 നയം 82. കർഷക ഉല്പാദകസംഘങ്ങളുടെ രൂപവല്കരണം ശാസ്ത്രീയമായി നടപ്പാക്കുന്നതിലൂടെ അവയുടെ നിലനിൽപ്പ് സുസ്ഥിരമാക്കാനാവും.

## 19. കാർഷിക യന്ത്രവല്കരണവുമായി ബന്ധപ്പെട്ട നയങ്ങൾ 80

19.4 നയം 83. ട്രാക്ടറുകൾ, പവർ ടില്ലറുകൾ, മറ്റ് കാർഷികയന്ത്രങ്ങൾ തുടങ്ങിയവ വാടകയ്ക്ക് ലഭ്യമാക്കുന്ന സ്ഥാപനങ്ങളെ, പരിശീലനത്തിലൂടെയും സാമ്പത്തികസഹായത്തിലൂടെയും, പലിശയിളവ് ലഭ്യമായ ലോണുകളിലൂടെയും പ്രോത്സാഹിപ്പിക്കുകവഴി ഉയർന്ന പ്രവർത്തനക്ഷമതയുള്ള ഉപകരണങ്ങളുടെയും കാർഷികയന്ത്രങ്ങളുടെയും ലഭ്യത ഉറപ്പുവരുത്തണം. ഇതിലൂടെ സംരംഭകന്റെ മൊത്തവരവും വരുമാനവും കൂട്ടുകയും, അങ്ങനെ ഇത്തരത്തിലുള്ള ഉപകരണങ്ങൾ വാടകയ്ക്ക് കൊടുക്കുന്ന വ്യാപാരത്തെ പ്രോത്സാഹിപ്പിക്കുകയും ചെയ്യണം.

19.5 നയം 84. കാര്യക്ഷമമല്ലാത്ത കാർഷിക ഉപകരണങ്ങൾ മാറ്റി മെച്ചപ്പെട്ട ഉപകരണങ്ങളും യന്ത്രസാമഗ്രികളും വാങ്ങാൻ ആവശ്യമായ സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കണം.

19.6 നയം 85. വേഗതയാർന്നതും കാര്യക്ഷമതയുള്ളതുമായ കാർഷികയന്ത്രവല്കരണം സാദ്ധ്യമാക്കാനായി വിജ്ഞാനവ്യാപന ഉദ്യോഗസ്ഥരേയും, ഗവേഷകരേയും, വികസനപ്രവർത്തകരേയും ഉന്നത സാങ്കേതികവിദ്യകളുടെ ഉപഭോക്താക്കളായ കർഷകരേയും ഒരു കുടക്കീഴിൽ കൊണ്ടുവരാനുള്ള തന്ത്രപരമായ സമീപനം സംസ്ഥാനം സ്വീകരിക്കണം.

19.7 നയം 86. കാർഷിക യന്ത്രവല്കരണമേഖലയിൽ നൈപുണ്യം അടിസ്ഥാനമാക്കിയുള്ള പരിശീലനം നൽകുക വഴി മാനവശേഷിയും സ്വയം തൊഴിലിന്റെ സാധ്യതകളും വികസിപ്പിക്കേണ്ടതാണ്.

19.8 നയം 87. കാർഷിക യന്ത്രവല്കരണ തന്ത്രത്തിൽ (AMS) സർക്കാരിന്റേയും സ്വകാര്യമേഖലയുടേയും ചുമതലകൾ സ്പഷ്ടമായി നിർവ്വചിക്കേണ്ടതാണ്.

19.9 നയം 88. വിജയകരവും സുസ്ഥിരവുമായ യന്ത്രവല്കരണത്തിന് ആധുനിക യന്ത്രങ്ങളുടേയും, കാർഷികോപകരണങ്ങളുടേയും, അവയുടെ ഘടകഭാഗങ്ങളുടേയും, മറ്റ് അവശ്യവസ്തുക്കളുടേയും ലഭ്യത അത്യന്താപേക്ഷിതമാണ്.

19.10 നയം 89. നിലവിലുള്ള ഉപകരണങ്ങളുടെയും യന്ത്രങ്ങളുടെയും രൂപകല്പന മെച്ചപ്പെടുത്തുക വഴി തൊഴിലിന്റെ കാഠിന്യം കുറയ്ക്കുവാനും ഉല്പാദനക്ഷമത വർദ്ധിപ്പിക്കുവാനും കഴിയും.

19.11 നയം 90. മലീനികരണഹേതുവല്ലാത്ത യന്ത്രവല്കരണ പ്രവർത്തനങ്ങൾ നടപ്പാക്കി പ്രകൃതിസമ്പത്തുകളായ ഭൂമി, വെള്ളം, മണ്ണിലെ പോഷകങ്ങൾ ഇവയുടെ സംരക്ഷണം ഉറപ്പുവരുത്തേണ്ടതാണ്.

19.12 നയം 91. കാർഷിക യന്ത്രവല്കരണം  കാർഷിക വിജ്ഞാനവ്യാപനത്തിന്റെ ഭാഗമാണ്.

19.13 നയം 92. കാർഷികയന്ത്രങ്ങളും ഉപകരണങ്ങളും കർഷകർക്ക് കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കാൻ അവയെ ഇറക്കുമതി തീരുവയിൽനിന്നും മൂല്യ വർദ്ധിത നികുതി (VAT) യിൽ നിന്നും ഒഴിവാക്കേണ്ടതാണ്.

19.14 നയം 93. പാടശേഖരങ്ങളുടെ വരമ്പുകളിൽ സൗരോർജ്ജവും കാറ്റും ഇവയുടെ സങ്കരയിനം സാങ്കേതികവിദ്യകളും ഉപയോഗപ്പെടുത്തി ഊർജ്ജോല്പാദനം സാദ്ധ്യമാക്കി ഉയർന്ന പ്രവർത്തനക്ഷമതയുള്ള പമ്പുകൾ പ്രവർത്തിപ്പിക്കാനായാൽ വൈദ്യുതിച്ചെലവും അതുവഴി ഉല്പാദന ച്ചെലവും കുറയ്ക്കാനാവും.

## 20. വിള ഇൻഷ്വറൻസുമായും വരുമാനം ഉറപ്പുവരുത്തലുമായും ബന്ധപ്പെട്ട നയങ്ങൾ



20.5 നയം 94. കാർഷിക ഉല്പന്നങ്ങൾ വ്യാപാരം ചെയ്യുന്നതിലൂടെ ലഭിക്കുന്ന വരുമാനമോ ലാഭമോ പങ്കിടുന്നതിന് കർഷകർക്ക് നിയമപരമായ അവകാശം ഉറപ്പുനൽകുന്ന '*അവകാശലാഭം*' എന്ന പുതിയൊരു സങ്കല്പം പ്രയോഗവല്കരിക്കപ്പെടണം.

20.6 നയം 95 കാർഷികോല്പന്നങ്ങളെ വിലയിടിവിൽനിന്നും സംരക്ഷിച്ചു നിർത്തുന്നതിനായി അവയുടെ വിലനിർണ്ണയം നടത്താൻ ഒരു വിലനിർണ്ണയ അതോറിറ്റിയ്ക്ക് രൂപം നൽകണം.

20.7 നയം 96. വിലനിർണ്ണയ അതോറിറ്റിയുടെ സഹായത്തോടെ സർക്കാർ വിളക്കാലത്തിന്റെ ആരംഭത്തിൽത്തന്നെ നെല്ല്, പച്ചക്കറികൾ, വാഴ, സുഗന്ധവിളകൾ എന്നിവയുടെ കുറഞ്ഞ താങ്ങുവില (MSP) പ്രഖ്യാപിക്കണം.

20.8 നയം 97. അടിയന്തരഘട്ടങ്ങളിൽ കർഷകർക്ക് അത്യാവശ്യ സഹായം എത്തിക്കാനായി ഒരു അപകട സമാശ്വാസ നിധിയ്ക്ക് (Agricultural Risk Management Fund) സർക്കാർ രൂപംനൽകണം.

20.9 നയം 98. കൂടുതൽ വിശാലമായ കാഴ്ചപ്പാടോടെ സംസ്ഥാന കാർഷിക വില നിർണ്ണയബോർഡ് ശക്തിപ്പെടുത്തണം.

20.10 നയം 99. കൃഷിയുടെ പ്രധാന അടിത്തറ എന്ന നിലയിൽ പ്രവർത്തിക്കുന്ന കർഷകർക്കായി *വരുമാനം ഉറപ്പാക്കൽ* ലക്ഷ്യമിടുന്ന പദ്ധതികൾ സർക്കാർ നടപ്പാക്കുകയും ഇതിനായി പ്രത്യേക നിയമം കൊണ്ടുവരികയും വേണം.

20.11 നയം 100. വിളനാശം വരുത്തുന്ന വന്യമൃഗങ്ങളെ നിയന്ത്രിക്കുന്ന വിഷയത്തിൽ കർഷകരുടെ അഭിപ്രായംകൂടി കണക്കിലെടുക്കേണ്ടതാണ്.

## 21. കാർഷിക വായ്പ സംബന്ധിച്ച നയങ്ങൾ 91

21.4 നയം 101. സംസ്ഥാനത്തെ ഗ്രാമീണകുടുംബങ്ങളെ ആരോഗ്യകരവും ഉല്പാദനക്ഷമവുമായ ജീവിതാവസ്ഥയിലേക്ക് നയിക്കുന്നതിനും, കാർഷികവളർച്ചയിലൂടെ സാമ്പത്തികപുരോഗതി സാദ്ധ്യമാക്കുന്നതിനും ചെറുകിട-നാമമാത്ര കർഷകരിലേയ്ക്ക് വായ്പയുടെ ഒഴുക്ക് വർദ്ധിപ്പിക്കേണ്ടതുണ്ട്.

21.5 നയം 102. നാമമാത്ര കർഷകർക്ക് വായ്പ ഉറപ്പുവരുത്തുന്നതിന് ഏറ്റവും ഉചിതമായ സംവിധാനം സ്വാശ്രയ സംഘങ്ങളെ (SHG) ബാങ്കുകളുമായി ബന്ധിപ്പിക്കുക എന്നതാണ്.

21.6 നയം 103. സംസ്ഥാനത്തുള്ള എല്ലാ ജില്ലാസഹകരണബാങ്കുകളും വായ്പകളുടെ ഗണനീയമായ ഒരു ഭാഗം കാർഷികാവശ്യങ്ങൾക്കായി മാറ്റിവയ്ക്കേണ്ടതാണ്.

21.7 നയം 104. പലിശരഹിത വായ്പകൾ കാര്യക്ഷമമായി തുടരണം.

21.8 നയം 105. സമഗ്രസമീപനത്തിലൂടെ സാമ്പത്തികശേഷി കുറഞ്ഞവരുടെ ജീവനോപാധികൾ സുസ്ഥിരമാക്കുന്ന ഉപജീവനസാമ്പത്തിക സഹായമാണ് ഇന്നിന്റെ ആവശ്യം.

21.9 നയം 106. മൃഗസംരക്ഷണം, കോഴിവളർത്തൽ, ക്ഷീരോല്പാദനം, മത്സ്യക്കൃഷി എന്നിവയ്ക്കായി എടുക്കുന്ന വായ്പകൾ കാർഷിക വായ്പയായി വകയിരുത്തണം.

21.10 നയം 107. പ്രകൃതിക്ഷോഭങ്ങൾ മൂലം വിളനഷ്ടം സംഭവിക്കുമ്പോൾ കാർഷിക വായ്പകൾ എഴുതിത്തള്ളി കർഷകരെ സഹായിക്കുന്നതിനായി ഒരു കാർഷികവായ്പാ സമാശ്വാസഫണ്ട് (Agricultural Credit Relief Fund) ഏർപ്പെടുത്തണം.

21.11 നയം 108. കാർഷികാവശ്യങ്ങൾക്കൊപ്പം ഉപഭോഗാവശ്യങ്ങളും ചേർത്തിണക്കി കർഷകർക്കായി ഒരു സംയോജിത വായ്പാവശ്യ സങ്കല്പം (Integrated Credit Requirement Approach) രൂപപ്പെടു ത്തുകയും സാമ്പത്തികസ്ഥാപനങ്ങൾ അത് അംഗീകരിച്ച് നടപ്പാക്കുന്നു എന്നുറപ്പുവരുത്തുകയും വേണം.

21.12 നയം 109.കാർഷികവായ്പകൾ കൈകാര്യം ചെയ്യുന്നതിൽ പ്രാഥമിക കാർഷിക സഹകരണസംഘങ്ങൾക്കുമേൽ ഈ അടുത്ത കാലത്ത് ഭാരതീയ റിസർവ് ബാങ്ക് ചെലുത്തിയിട്ടുള്ള നിയന്ത്രണങ്ങളുടെ വെളിച്ചത്തിൽ കർഷകർക്കാവശ്യമായ വായ്പാസൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് അനിവാര്യമായ നടപടികൾ സംസ്ഥാനസർക്കാർ സ്വീകരിക്കണം.

21.13. നയം 110. വായ്പ നൽകുന്ന സമയംമുതൽ തിരിച്ചടയ്ക്കുന്ന സമയംവരെ കാർഷിക വായ്പകൾ കാര്യക്ഷമമായി നിരീക്ഷിക്കപ്പെടേണ്ടതാണ്.

## 22. വിളസംരക്ഷണവുമായി ബന്ധപ്പെട്ട നയങ്ങൾ



22.8 നയം 111. പാരിസ്ഥിതികമായും സാമ്പത്തികമായും നെല്പ്പാടങ്ങളുടെ രൂപാന്തരം ഇതിൽക്കൂടുതൽ കേരളത്തിനു താങ്ങാൻ കഴിയില്ല.

22.9 നയം 112. സംസ്ഥാനത്ത് അരി ഉല്പാദനം വർദ്ധിപ്പിക്കാനുള്ള പ്രവർത്തന തന്ത്രങ്ങളിൽ ഏറ്റവും അടിയന്തിരമായി ചെയ്യേണ്ടത് ഇതിനായിട്ടുള്ള സ്ഥലത്തിന്റെ വിസ്തൃതി കൂട്ടുക എന്നതാണ്.

22.10 നയം 113. അഞ്ച് വർഷ കാലയളവിനുള്ളിൽ ഇപ്പോഴത്തെ ഉല്പാദനക്ഷമത 2.30 t/ha-ൽ നിന്നും 4.0 t/ha ആയി വർദ്ധിപ്പിക്കുകയും അതുവഴി ഉല്പാദനം 3.0 ലക്ഷം ഹെക്ടറിൽനിന്ന് 12 ലക്ഷം ടൺ എന്ന ലക്ഷ്യം കൈവരിക്കുകയും വേണം.

22.11 നയം 114. കൂടുതൽ കർഷകരെ നെൽക്കൃഷിയിലേക്ക് ആകർഷിക്കാനായി കൃഷി കൂടുതൽ ലാഭകരമാക്കുന്നതിന്, നെൽക്കൃഷിയിൽ നിന്നുള്ള വരുമാനം വർദ്ധിപ്പിക്കുവാനും കർഷകന് കൂടുതൽ അറ്റാദായം നേടാനുമുള്ള പരിപാടികൾക്ക് രൂപംനൽകണം.

22.12 നയം 115. ഭക്ഷ്യസുരക്ഷയും, നെൽക്കൃഷികൊണ്ട് പരിസ്ഥിതിക്ക് ലഭിക്കുന്ന നേട്ടവും കണക്കിലെടുത്ത്; സർക്കാർ നെൽക്കൃഷി വികസനത്തിനായി കൂടുതൽ പരിപാടികൾ ആവിഷ്കരിക്കുകയും കൂടുതൽ മുതൽമുടക്ക് നടത്തുകയും ചെയ്ത് കർഷകന് കൂടുതൽ സാമ്പത്തിക സഹായം ഉറപ്പുവരുത്തി ഭൂവിസ്തൃതി 5 വർഷത്തിനുള്ളിൽ 2 ലക്ഷം ഹെക്ടറിൽ നിന്നും 3 ലക്ഷം ഹെക്ടറാക്കി ഉയർത്താൻ നടപടികൾ സ്വീകരിക്കണം.

22.13 നയം 116. പുഷ്പഫലവിളകൾക്കും നാണ്യവിളകൾക്കും സഹായം നൽകുന്ന രീതിക്ക് സമാനമായി നെൽക്കൃഷിക്കാർക്കുള്ള സഹായ പദ്ധതികളും ആനുപാതികമായും കാലാനുസൃതമായും വർദ്ധിപ്പിക്കേണ്ടതാണ്.

22.15 നയം 117. ഭക്ഷ്യയോഗ്യമായ മറ്റ് എണ്ണകളുടെ ഇറക്കുമതി വെളിച്ചെണ്ണയുടെ വിലയെ സാരമായി ബാധിക്കുന്നതിനാൽ ഇതിനായി ഒരു നയം രൂപവല്കരിക്കാൻ സംസ്ഥാനസർക്കാർ കേന്ദ്രസർക്കാരിനു മേൽ സമ്മർദ്ദം ചെലുത്തുകയും, അതുവഴി മറ്റ് എണ്ണകളുടെ ഇറക്കുമതി സമയത്തും വെളിച്ചെണ്ണയ്ക്ക് ലാഭകരമായ വില കിട്ടുന്നുവെന്ന് ഉറപ്പുവരുത്തുകയും വേണം.

22.16 നയം 118. കേരളത്തിന്റെ ഔദ്യോഗിക പാനീയമായ കരിക്കിന്റെ വർദ്ധിച്ചുവരുന്ന ആവശ്യം കണക്കിലെടുത്ത് പുതുതായി നടുന്ന മരങ്ങളിൽ 25% കരിക്കുല്പാദനത്തിനുതകുന്ന പൊക്കംകുറഞ്ഞ ഇനങ്ങൾ നടുന്നതും, അല്ലെങ്കിൽ പൊക്കംകുറഞ്ഞ ഇനങ്ങൾ നെടിയയിനങ്ങൾക്കിടയിൽ നടുന്നതുമായ രീതികൾ പ്രോത്സാഹിപ്പിക്കേണ്ടതാണ്.

22.17 നയം 119. സംസ്ഥാനത്തെ നാളികേര കർഷകരുടെ ചിരകാല സ്വപ്നമായ 'നീര' ഉല്പാദനം നടപ്പിലാക്കി അവരുടെ വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കണം.

22.18 നയം 120. ഒരു കൂട്ടായ വേദി വികസിപ്പിച്ച്, കർഷകരേയും ഭക്ഷ്യ സംസ്കരണരംഗത്ത് പ്രവർത്തിക്കുന്നവരേയും ചില്ലറ വില്പനക്കാരെയും ഒരു കുടക്കീഴിൽ കൊണ്ടുവന്ന്, കാർഷികോല്പാദനത്തെ വിപണന ശൃംഖലയുമായി നേരിട്ട് ബന്ധപ്പെടുത്തണം.

22.20 നയം 121.തദ്ദേശ ഉല്പാദനത്തിന് സഹായമേകാൻ പച്ചക്കറിയിൽ *സുരക്ഷിത ഭക്ഷണം* (safe to eat) മുദ്രാവാക്യമാക്കിയ പദ്ധതികൾക്ക് തുടക്കമിടുകയും, അങ്ങനെ തദ്ദേശകർഷകരുടെ ഉല്പന്നത്തിനുള്ള ആവശ്യം വർദ്ധിപ്പിക്കുന്ന തരത്തിൽ കൂടുതൽ ഉപഭോക്താക്കളെ ആകർഷിക്കുകയും വേണം.

22.21 നയം 122. വീട്ടുവളപ്പിലെ പച്ചക്കറിക്കൃഷിയും വിദ്യാലയങ്ങളിലെ പച്ചക്കറി ത്തോട്ടങ്ങളും പച്ചക്കറിയുല്പാദനത്തിന്റെ നേട്ടങ്ങൾ പ്രചരിപ്പിക്കാൻ കാരണമായതുകൊണ്ടുതന്നെ ഇവ തുടർന്നുപോകണം.

22.23 നയം 123. വാഴക്കൃഷിയിൽ 70%ൽ അധികം ഏർപ്പെട്ടിരിക്കുന്നത് പാട്ടത്തിനെടുത്ത ഭൂമിയിൽ കൃഷിയിറക്കുന്ന സാമ്പത്തിക ദാരിദ്ര്യമനുഭവിക്കുന്ന കർഷകരാണ് എന്നതിനാൽ, ഒരു യൂണിറ്റ് സ്ഥലത്തുനിന്നും പരമാവധി വരുമാനം കൃഷിയിലൂടെ ഉണ്ടാക്കുകയെന്നുള്ളത് വളരെ പ്രാധാന്യമർഹിക്കുന്നു.

22.24 നയം 124. വാഴക്കൃഷിയിൽ നിന്നും സ്ഥിരമായ വരുമാനം ഉറപ്പുവരുത്താൻ ഉപോല്പന്ന വികസനത്തിനും, ഉല്പന്ന വികസന ഗവേഷണത്തിനും പ്രാധാന്യം നൽകണം.

22.26 നയം 125. നേരത്തെ വിളവെടുക്കപ്പെടുന്ന ഒരു ഭൂപ്രദേശം എന്ന നിലയിൽ പാലക്കാട് ജില്ലയിലെ മുതലമട പ്രദേശത്തെ സർക്കാർ ഒരു മാങ്ങ കയറ്റുമതി മേഖലയായി പ്രഖ്യാപിച്ച് കയറ്റുമതിയ്ക്ക് സാഹചര്യമൊരുക്കണം.

22.27 നയം 126. കേരളത്തിലെ പ്രസിദ്ധമായ പരമ്പരാഗത മാവിനങ്ങളുടെ ജൈവ വൈവിധ്യം സംരക്ഷിക്കുകയും, മാവ് അടിസ്ഥാനമാക്കി കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ ഒരു ഗവേഷണസ്ഥാപനം മുതലമടയിൽ സ്ഥാപിക്കുകയും വേണം.

22.28 നയം 127. ഗുണമേന്മയുള്ള മാമ്പഴങ്ങളുടെ ഉല്പാദനത്തിൽ കാലാവസ്ഥയുടെ സ്വാധീനം കണക്കിലെടുത്ത്, കർഷകരെ സഹായിക്കാൻ ഒരു ഉപദേശക സംവിധാനം വികസിപ്പിക്കുന്നതിലൂടെ ഉല്പാദനവും ഗുണനിലവാരവും മെച്ചപ്പെടുത്താനാവും.

22.29 നയം 128. വിളനഷ്ടവും വിലനഷ്ടവും പരിഹരിക്കുന്നതിന് സർക്കാർ പ്രത്യേക ഇൻഷ്വറൻസ് പരിരക്ഷയും സഹായപദ്ധതികളും ഏർപ്പെടുത്തണം.

22.31 നയം 129. ഭക്ഷ്യധാന്യങ്ങൾക്ക് പകരമായി കിഴങ്ങുവർഗ്ഗ വിളകളെ പ്രോത്സാഹിപ്പിക്കുന്നത് ഭക്ഷ്യസുരക്ഷ സുഗമമാക്കും.

22.32 നയം 130. വീട്ടുവളപ്പുകളിൽ കിഴങ്ങുവർഗ്ഗങ്ങൾ നട്ടു വളർത്തുന്നത് പ്രോത്സാഹിപ്പിക്കാൻ നടീൽവസ്തുക്കൾ നൽകുന്ന *മിനികിറ്റ്* പദ്ധതികൾക്ക് തുടക്കമിടണം.

22.33 നയം 131. കിഴങ്ങുവർഗ്ഗങ്ങളെ ഗുണമേന്മയേറിയ കാലിത്തീറ്റ ഉല്പാദനത്തിനായി ഉപയോഗിക്കുകവഴി കർഷകർക്ക് മെച്ചപ്പെട്ട ലാഭം നേടിക്കൊടുക്കാനാവും.

22.34 നയം 132. കേന്ദ്ര കിഴങ്ങുവിള ഗവേഷണകേന്ദ്രം (CTCRI) പോലുള്ള സ്ഥാപനങ്ങൾ വികസിപ്പിച്ചെടുത്തിട്ടുള്ള പുതിയ സാങ്കേതികവിദ്യകൾ, മെച്ചപ്പെട്ട വിളയിനങ്ങൾ, മികച്ച ജൈവകീടനാശിനികൾ തുടങ്ങിയവ യുക്തിസഹമായി ഉപയോഗപ്പെടുത്തിയാൽ ഭക്ഷ്യോല്പന്നങ്ങളുടെ കാര്യത്തിൽ സ്വയംപര്യാപ്തമാവാനും അന്യസംസ്ഥാനങ്ങളോടുള്ള ആശ്രിതത്വം കുറയ്ക്കാനും കഴിയും.

22.35 നയം 133. മെച്ചപ്പെട്ട ഉല്പാദന വിദ്യകളായ – കാച്ചിൽവർഗ്ഗങ്ങളുടെ മിനിസെറ്റ്, വള്ളിപടർത്തൽ രീതികൾ, കിഴങ്ങുവർഗ്ഗവിളകളുടെ മിശ്രക്കൃഷി തുടങ്ങിയവയുടെ പ്രദർശനയൂണിറ്റുകൾ സർക്കാർ ഫാമുകൾ, കർഷകരുടെ കൃഷിയിടങ്ങൾ എന്നിവിടങ്ങളിൽ ഒരുക്കി ഈ രീതികൾക്ക് പ്രചാരം നൽകണം.

22.36 നയം 134. കിഴങ്ങുവർഗ്ഗങ്ങളിലെ മെച്ചപ്പെട്ട ഇനങ്ങളുടെ മൂല വിത്തുകൾ (Nucleus planting material) കൃഷിവകുപ്പ് ഫാമുകളിൽ ഉല്പാദിപ്പിക്കണം.

22.37 നയം 135. കിഴങ്ങുവർഗ്ഗങ്ങളുടെ സംസ്കരണവും മൂല്യവർദ്ധനയും അതീവ പ്രാധാന്യമുള്ള വിഷയങ്ങളായി പരിഗണിക്കണം.

22.40 നയം 136. ആഭ്യന്തരവിപണിക്കും വിദേശവിപണിക്കും പര്യാപ്തമാകുന്ന തരത്തിൽ സംസ്ഥാനത്തെ കുരുമുളകിന്റെ വിസ്തൃതി അടിയന്തിരമായി വർദ്ധിപ്പിക്കണം.

22.41 നയം 137. ഉയർന്ന ഉല്പാദനവും ഉല്പാദനക്ഷമതയും ഉറപ്പുവരുത്താൻ ഗുണമേന്മയേറിയ നടീൽവസ്തുക്കൾ കർഷകർക്ക് ലഭ്യമാക്കണം.

22.42 നയം 138. ശക്തമായ കയറ്റുമതി സംവിധാനം ഉണ്ടാകാ ത്തിടത്തോളം, മിച്ചമുള്ള ഉല്പന്നശേഖരം മൂലം കർഷകൻ വിലത്തകർച്ച നേരിടാതിരിക്കാൻ ഗൗരവകരമായ ശ്രദ്ധ വേണം.

22.43 നയം 139.കുരുമുളക് വിലയിൽ അടിക്കടിയുണ്ടാകുന്ന ഭീമമായ ഏറ്റക്കുറച്ചിലുകൾ നേരിടാൻ ഒരു വിലസ്ഥിരതാ ഫണ്ടിന് രൂപം കൊടുക്കണം.

22.45 നയം 140.ലോകവ്യാപകമായി ജാതിക്കായയുടെയും ജാതിപത്രിയുടെയും വില കുറയുന്ന പ്രവണതയുള്ളതിനാൽ ജാതിക്കൃഷിയുടെ വിസ്തൃതി വർദ്ധിപ്പിക്കാനുള്ള പദ്ധതികൾ ശ്രദ്ധയോടെ മാത്രമേ നടപ്പാക്കാവൂ.

22.47 നയം 141.കൃത്യമായ ജൈവവൈവിദ്ധ്യ സംരക്ഷണ നടപടികൾ സ്വീകരിക്കാത്ത പക്ഷം കൊച്ചി ഇഞ്ചിയും, ആലപ്പുഴ മഞ്ഞളും ഭൂതകാല വിളകളായി മാറും.

22.48 നയം 142. പ്രാദേശിക അസന്തുലിതാവസ്ഥകളുടെ പശ്ചാത്തലത്തിൽ ഓരോ പ്രദേശത്തെയും കേന്ദ്രീകരിച്ചുള്ള ഉല്പാദന തന്ത്രങ്ങളിലൂടെ ഇഞ്ചിക്കൃഷി പ്രോത്സാഹിപ്പിക്കണം.

22.49 നയം 143. നല്ലയിനം വിത്തുകളും മറ്റ് ഉല്പാദനോപാധികളും ലഭ്യമാക്കാനുള്ള ഒരു സ്ഥാപനസംവിധാനം വികസിപ്പിച്ച് ഇഞ്ചിയുടെ ഉല്പാദനം വർദ്ധിപ്പിക്കാനുള്ള ക്രമീകരണങ്ങൾ നടത്തണം.

22.50 നയം 144. ഏകവിളയായി ഇഞ്ചി വളർത്താനുള്ള സാഹചര്യങ്ങൾ കേരളത്തിൽ പരിമിതമായതുകൊണ്ടുതന്നെ, തെങ്ങ്-കമുക് തോട്ടങ്ങളിലും പ്രായംകുറഞ്ഞ റബ്ബർതോട്ടങ്ങളിലും ഇടവിളയായി ഇഞ്ചിക്കൃഷി ചെയ്യുന്ന നിലവിലെ രീതി പരമാവധി വ്യാപകമാക്കാൻ പ്രോത്സാഹനം നൽകണം.

22.51 നയം 145. കർഷകരെ നഷ്ടസാധ്യതകളിൽ നിന്നും സംരക്ഷിക്കാനായി സർക്കാർ ഇഞ്ചിക്ക് ഒരു സഹായവില പ്രഖ്യാപിക്കണം.

22.52 നയം 146. ചുക്കിന്റെ ഗുണമേന്മ വർദ്ധിപ്പിക്കാൻ സംസ്കരണ സാങ്കേതികവിദ്യ നവീകരിക്കണം.

22.55 നയം 147. കർഷക ഉല്പാദക കമ്പനികൾ (FPO) രൂപവല്കരിച്ച് കശുവണ്ടിയുടെ സംഭരണം, ഉല്പാദനോപാധികളുടെ വിതരണം, വായ്പാടിസ്ഥാന സൗകര്യ വികസനം, മെച്ചപ്പെട്ട വിപണനം എന്നിവ നടപ്പിലാക്കാനും കശുമാങ്ങയുടെ ചെറുകിട സംസ്കരണം നടത്തി കർഷകരുടെ നില മെച്ചപ്പെടുത്താനും പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്.

22.56 നയം 148.സംഭരണവില നിയന്ത്രിക്കുന്നതിൽ സ്വകാര്യ കശുവണ്ടി സംസ്കരണ യൂണിറ്റുകളുടെ ആധിപത്യം, കശുവണ്ടി വികസന കോർപ്പറേഷന്റെ കമ്പോളത്തിലെ ഇടപെടലോടെ കർശനമായി നിയന്ത്രിക്കണം.

22.57 നയം 149. കശുവണ്ടി വ്യവസായമേഖല വികസിപ്പിച്ചെടുത്ത ആധുനിക വിപണന-സംസ്കരണ സാങ്കേതികവിദ്യയുടെയും, വിപണന ശൃംഖലയുടെയും ഗുണഫലങ്ങൾ പൂർണ്ണമായും പ്രയോജനപ്പെടുത്താൻ തോട്ടണ്ടിയുടെ ആഭ്യന്തരഉല്പാദനം വർദ്ധിപ്പിക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

22.58 നയം 150. മൂല്യവർദ്ധനയിലും ഉല്പന്നവൈവിദ്ധ്യവല്ക്കരണത്തിലും സർക്കാരിന്റെ അടിയന്തര ശ്രദ്ധപതിഞ്ഞാൽ, വിപണനാധിഷ്ഠിത മത്സര രംഗത്ത് മേൽക്കോയ്മ നേടാനും കൂടുതൽ വിദേശനാണ്യം നേടാനും കഴിയും.

22.59 നയം 151. മെച്ചപ്പെട്ടയിനം കശുമാവിൻതൈകൾ ഘട്ടംഘട്ടമായി വച്ചുപിടിച്ച് (Phased Replanting) സംസ്ഥാനത്തെ കശുമാവിന്റെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കാം.

22.60 നയം 152. എല്ലാ കശുമാവ് വികസന ഏജൻസികളും കൃഷിവകുപ്പിന്റെ കീഴിൽ ഫലപ്രദമായ രീതിയിൽ ഏകീകരിക്കണം.

22.61 നയം 153. കൈതച്ചക്കയുടെ ഉല്പാദനച്ചെലവ് കുറയ്ക്കുന്നതിനുള്ള സാങ്കേതികവിദ്യയുടെ ഏകീകരണം, സാങ്കേിതകവിദ്യ ഏറ്റെടുക്കൽ (കർഷകർ), വർഷം മുഴുവനും കൈതച്ചക്ക ഉല്പാദിപ്പിക്കുന്നതിനുള്ള സംവിധാനം എന്നിവയിലൂടെ കേരളത്തിലെ കൈതച്ചക്കക്കൃഷി പ്രോത്സാഹിപ്പിക്കപ്പെടണം.

22.63 നയം 154. കൈതച്ചക്ക ഉല്പാദനവും കർഷകന്റെ വരുമാനവും വർദ്ധിപ്പിക്കുന്നതിനായി തെങ്ങിൻതോട്ടങ്ങളിലും റബ്ബർ തോട്ടങ്ങളിലും കൈതച്ചക്ക ഇടവിളയായി കൃഷിചെയ്യുന്നത് പ്രോത്സാഹിക്കുന്നതിനുള്ള നടപടികൾ വേണം.

22.64 നയം 155. കർഷകർക്ക് മെച്ചപ്പെട്ട വിറ്റുവരവ് ഉറപ്പാക്കാനും കയറ്റുമതി സാദ്ധ്യത വർദ്ധിപ്പിക്കുന്നതിനുമായി കൈതച്ചക്ക വിപണനത്തിൽ സത്വര ശ്രദ്ധ ആവശ്യമാണ്.

22.66 നയം 156. കേരളത്തിൽ പുഷ്പകൃഷി നേരിടുന്ന പ്രധാന വെല്ലുവിളി ഗുണമേൻമയുള്ള നടീൽവസ്തുകളുടെ അപര്യാപ്തയാണ് എന്നതുകൊണ്ടുതന്നെ പുഷ്പക്കൃഷി വികസനം സുഗമമാക്കാൻ പൊതുമേഖലയിലോ സ്വകാര്യമേഖലയിലോ മാതൃകാ നഴ്സറികൾ സ്ഥാപിക്കണം.

22.67 നയം 157. നിലവിലുള്ള കട്ട് ഫ്ളവർ ഗ്രോവേഴ്സ് അസോസിയേഷൻ മാതൃകയിൽ, പരമ്പരാഗതമായി പുഷ്പകൃഷി വ്യവസായത്തിലേർപ്പെട്ടിട്ടുള്ളവരെ അംഗങ്ങളാക്കി കർഷക ഉല്പാദക സംഘങ്ങൾ രൂപവല്കരിക്കണം.

22.68 നയം 158. പരമ്പരാഗ പുഷ്പങ്ങളുടെ വികസനത്തിന് ഈ രംഗത്തുള്ള കർഷകരെ പ്രോത്സാഹിപ്പിക്കാനായി ബാങ്ക്ലോണുകൾ, ശരിയായ വിപണനസൗകര്യങ്ങൾ, പരിശീലനംവഴിയും മാധ്യമപരിപാടികൾവഴിയും പുതിയ ഇനങ്ങളെക്കുറിച്ചുള്ള വിജ്ഞാനവ്യാപനം ഇവയിലൂടെ സർക്കാർ പ്രത്യേകശ്രദ്ധ നൽകേണ്ടതാണ്.

22.69 നയം 159. സംസ്ഥാനത്തെ പ്രകൃതിക്ഷോഭത്തെ പ്രതിരോധിക്കാൻ പുഷ്പക്കർഷക്കായി ഒരു ഇൻഷ്വറൻസ് സംവിധാനം രൂപവല്കരിക്കണം.

22.70 നയം 160. പോളി/ഹരിത ഗൃഹങ്ങൾക്കും, നടീൽവസ്തുകൾക്കും, ആവശ്യമായ ഉപകരണങ്ങൾക്കും സഹായങ്ങളും ഇളവുകളും നൽകുന്നത് തുടരണം.

22.71 നയം 161. ചെറുകിട-നാമമാത്ര കർഷകരെ പുഷ്പക്കൃഷിയിലൂടെ അവരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും തൊഴിൽ അവസരങ്ങൾ മെച്ചപ്പെടുത്തുന്നതിനും പ്രോത്സാഹിപ്പിക്കണം.

22.73 നയം 162. ഔഷധങ്ങൾക്കാവശ്യമായ അസംസ്കൃതവസ്തുക്കളുടെ സുസ്ഥിരമായ ഉല്പാദന വിതരണത്തിന് അനുയോജ്യമായ രീതിയിൽ ഉടമ്പടി കൃഷിയും (Contract Farming), വനത്തിനുള്ളിലെ കൃഷിയും പ്രയോജനപ്പെടുത്തണം.

22.74 നയം 163. ശാസ്ത്രീയമായ ഔഷധസസ്യക്കൃഷി നടപ്പാക്കാൻ അത്യുല്പാദന ശേഷിയുള്ള ഇനങ്ങൾ ഉൾപ്പെടുത്തണം.

22.75 നയം 164. ഔഷധ-സുഗന്ധവർഗ്ഗ സസ്യങ്ങളുടെ സുസ്ഥിരമായ ഉല്പാദനവ്യവസ്ഥക്കായി ഹരിത സാങ്കേതികവിദ്യ വികസിപ്പിക്കുകയും ഉപയോഗിക്കുകയും പ്രചരിപ്പിക്കുകയും വേണം.

22.76 നയം 165. ചെറുകിട-നാമമാത്ര കർഷകരെ സ്വയംസഹായസംഘങ്ങളായി സംഘടിപ്പിക്കുകയും, ഔഷധസസ്യം വളർത്തുന്നവരുടെ സഹകരണ സംഘങ്ങൾ രൂപവല്കരിക്കുകയോ അല്ലെങ്കിൽ ഉല്പാദക കമ്പനികളെ ഔഷധസസ്യകൃഷി ഏറ്റെടുത്ത് നടത്താൻ പ്രാപ്തരാക്കുകയോ ചെയ്യുകയും വേണം.

22.78 നയം 166. സ്വയം സഹായ സംഘങ്ങൾ (SHGs), കർഷക ഉല്പാദക കമ്പനികൾ (FPOs) പാൽ സഹകരണസംഘങ്ങൾ തുടങ്ങിയവയുടെ ഇടപെടലുകൾ വഴി സംസ്ഥാനത്തെ തീറ്റപ്പുൽ ഉല്പാദനവും ലഭ്യതയും വർദ്ധിപ്പിക്കണം.

22.79 നയം 167.നല്ല വിളവ് തരുന്ന തീറ്റപ്പുല്ലിനങ്ങളുടെ കൃഷി വികസിപ്പിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും പോഷകഗുണം വർദ്ധിപ്പിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ കാർഷിക-വെറ്ററിനറി സർവ്വകലാശാലകളും ഗവേഷണസ്ഥാപനങ്ങളുമായി ചേർന്ന് സംസ്ഥാനസർക്കാർ നടപ്പിലാക്കണം.

22.81 നയം 168.ഒരിക്കൽ ചെറുധാന്യങ്ങൾ വളരെ പ്രചാരത്തിലുണ്ടായിരുന്ന സ്ഥലങ്ങളിൽ അവ പുന:രാവിഷ്കരിക്കാനുള്ള പരിപാടികൾ ഉണ്ടാവണം.

22.83 നയം 169. പരമ്പരാഗതമായ പ്രദേശങ്ങളിലും പുതിയ ഇടങ്ങളിലും നെല്പ്പാടങ്ങൾ പ്രയോജനപ്പെടുത്തി പയറുവർഗ്ഗങ്ങൾ പ്രചരിപ്പിക്കുന്നതിനായുള്ള പരിപാടികൾ ഉണ്ടാവണം.

22.85 നയം 170. അഞ്ച് വർഷത്തിനുള്ളിൽ കേരളത്തിലെ തേനീച്ചക്കോളനികളുടെ എണ്ണം ഇപ്പോഴത്തെ 6 ലക്ഷത്തിൽ നിന്നും 30 ലക്ഷമായി ഉയർത്തുന്നതിനായുള്ള പദ്ധതികൾ ആവിഷ്കരിക്കണം.

22.86 നയം 171. സ്ത്രീകൾക്കും, ചെറുപ്പക്കാർക്കും, നാമമാത്ര കർഷകർക്കും, സ്വയം സഹായസംഘങ്ങൾക്കും അനുയോജ്യമായ ഉപജീവനമാർഗ്ഗമായി തേനീച്ചവളർത്തൽ പ്രചരിപ്പിക്കുകയും; തേനീച്ച കർഷകരുടെ എണ്ണം ഇപ്പോഴത്തെ 1 ലക്ഷത്തിൽ നിന്നും 2 ലക്ഷമായി ഇരട്ടിപ്പിക്കുകയും; *തേൻ ഗ്രാമങ്ങൾ* എന്ന ആശയം യാഥാർത്ഥ്യമാക്കുകയും വേണം.

22.88 നയം 172. തോട്ടംവിളയായി പ്രഖ്യാപിച്ചിട്ടില്ലാത്ത മറ്റൊരു വിളയും കൃഷിയിറക്കാനായി പരമ്പരാഗതതോട്ടങ്ങളുടെ ഭൂമി ഉപയോഗപ്പെടുത്താൻ പാടില്ല.

22.89 നയം 173. തോട്ടവിളകൾ കൃഷിചെയ്യാൻ നൽകിയിട്ടുള്ള സർക്കാർ ഭൂമിയുടെ പാട്ടത്തുക 5 വർഷത്തിലൊരിക്കൽ ശാസ്ത്രീയമായി പുനർ നിർണ്ണയം ചെയ്യേണ്ടതാണ്.

## 23. കേരള സംസ്ഥാന വളർത്തുമൃഗ വികസനനയം



23.2. നയം 174. സംസ്ഥാനത്ത് നിലവിലുള്ള വളർത്തുമൃഗങ്ങളുടെ ഉല്പാദനക്ഷമത വിശകലനം ചെയ്യുകയും ഒപ്പം 'അനിമൽ പെർഫോമൻസ് ആൻഡ് കൺട്രോൾ' എന്ന പദ്ധതിയിലൂടെ അവയെ നിരന്തര നിരീക്ഷണത്തിനും വിശകലനത്തിനും വിധേയമാക്കി ഉല്പാദനക്ഷമത വർദ്ധിപ്പിച്ച് കർഷകരെ സഹായിക്കുകയും ചെയ്യും.

23.3 നയം 175. മുഴുവൻസമയ അടിയന്തിര മൃഗചികിത്സാ സംവിധാനത്തിന്റെ പ്രയോജനം സംസ്ഥാനത്തെ എല്ലാ കന്നുകാലികർഷകർക്കും ഉറപ്പുവരുത്തണം.

23.4 നയം 176. പ്രതിരോധ കുത്തിവെയ്പ് മുഖേന സാംക്രമിക രോഗവിമുക്തമായൊരു കാലിസമ്പത്ത് ഇവിടെ ലഭ്യമാകുമെന്ന് സംസ്ഥാനത്തെ കർഷകർക്ക് ഉറപ്പ് നൽകുന്നതിനോടൊപ്പം, നമ്മുടെ സംസ്ഥാനം രോഗവിമുക്ത മേഖലയായി പ്രഖ്യാപിക്കാനും നടപടി സ്വീകരിക്കേണ്ടതാണ്.

23.5 നയം 177.സങ്കര പ്രജനനപരിപാടിയിലൂടെ ലഭ്യമാകുന്ന കന്നുകുട്ടികളിൽ ഏറെയും ഭാവിയിൽ ഉയർന്ന ഉല്പാദനക്ഷമത ലഭിക്കുന്ന പശുക്കുട്ടികൾ ആയിരിക്കുമെന്ന് കർഷകർക്ക് ഉറപ്പ് നൽകണം.

23.6 നയം 178. ഉല്പാദനക്ഷമത കുറഞ്ഞ മൃഗങ്ങളെ ഭ്രൂണമാറ്റ സാങ്കേതികവിദ്യകളിൽ പോറ്റമ്മയായി ഉപയോഗിക്കാവുന്നതാണ്.

23.7 നയം 179. മൃഗസംരക്ഷണ വകുപ്പിന്റെ നിർദ്ദേശപ്രകാരം കർഷകർക്ക് തദ്ദേശീയമായ നാടൻ കന്നുകാലിജനുസ്സുകളെ വളർത്താവുന്നതാണ്. വംശനാശം സംഭവിക്കാതെ ഇവയെ പരിരക്ഷിക്കുകയാണ് ഇതുവഴി ലക്ഷ്യമിടുന്നത്.

23.8 നയം 180. സംസ്ഥാനത്തെ ഓരോ കർഷകനും ഒരു പശുവിൽനിന്നും ഒരു വർഷം ഒരു കന്നുകുട്ടിയെ ലഭിക്കുന്നു എന്ന് ഉറപ്പുവരുത്തണം.

## 24. മൃഗ-പോഷണവുമായി ബന്ധപ്പെട്ട നയങ്ങൾ 140

24.2 നയം 181. സംസ്ഥാനത്ത് ജനിക്കുന്ന ഓരോ കന്നുകുട്ടിക്കും സമീകൃത തീറ്റ ലഭ്യമാകുമെന്ന് ഉറപ്പുവരുത്തണം. ഇത് ലഭിച്ചാൽ മാത്രമേ ആ ഉരുവിന് അതിന്റെ പൂർണ്ണമായ ജനിതക കഴിവ് പ്രകടിപ്പിക്കാനും അതിലൂടെ കർഷകന് പരമാവധി സാമ്പത്തിക നേട്ടം ലഭ്യമാക്കാനുമാവുകയുള്ളു.

24.3 നയം 182 സംസ്ഥാനത്ത് മാംസലഭ്യത ഉറപ്പുവരുത്തുന്നരീതിയിൽ കാളക്കുട്ടികളെ ഉപയോഗപ്പെടുത്താനായി ഒരു കാളക്കുട്ടി പരിപോഷണ പദ്ധതി (Male Calf Fattening Programme) നടപ്പിലാക്കും. മികച്ച പോഷകാഹാരം നൽകി കാളക്കുട്ടികളെ പരിപാലിക്കുന്നതിലൂടെ അവയെ വളർത്തുന്ന കർഷകർക്ക് ഒരു വരുമാന മാർഗ്ഗവും സൃഷ്ടിക്കാനാവും.

24.4 നയം 183. സംസ്ഥാനത്തെ കർഷകർക്ക് തങ്ങളുടെ കന്നുകാലികൾക്കും മറ്റ് വളർത്തുമൃഗങ്ങൾക്കും നൽകാനാവശ്യമായ ഉയർന്ന ഗുണനിലവാരമുള്ള തീറ്റയുടെ ലഭ്യത ഉറപ്പുവരുത്തേണ്ടതാണ്.

24.5 നയം 184. താങ്ങാവുന്ന വിലയ്ക്ക് കർഷകർക്ക് വേണ്ടത്ര തീറ്റപ്പുല്ല് ലഭ്യമാക്കുന്ന വിധത്തിൽ വാണിജ്യാടിസ്ഥാനത്തിൽ തീറ്റപ്പുൽക്കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പ്രത്യേക ദൗത്യരീതിയിലുള്ള സമീപനം സ്വീകരിക്കണം.

24.6 നയം 185. പ്രാദേശികാടിസ്ഥാനത്തിൽ ആവശ്യമായ ധാതുലവണമിശ്രിതം നിർമ്മിച്ച് നൽകുന്നത് പാലുല്പാദനം വർദ്ധിക്കാൻ സഹായകരമാകും.

## 25. മൃഗസംരക്ഷണത്തിലേയുംക്ഷീരമേഖലയിലേയും യന്ത്രവല്കരണവുമായി ബന്ധപ്പെട്ട നയങ്ങൾ 144

25.3 നയം 186. കൊണ്ടുനടക്കാവുന്ന കറവയന്ത്രങ്ങൾ കർഷകർക്കും കറവക്കാർക്കും ലഭ്യമാക്കുന്നതിലൂടെ ഗുണമേന്മയുള്ള പാൽ ഉല്പാദിപ്പിക്കാനും സാംക്രമികരോഗങ്ങൾ പടരുന്നത് തടയാനും കഴിയും.

25.4 നയം 187. വിളകളുടെ അവശിഷ്ടങ്ങൾ പൂർണ്ണമായി പ്രയോജനപ്പെടുത്താനും പാലുല്പാദനച്ചെലവ് ലഘൂകരിക്കുന്നതിനുമായി കർഷകർക്ക് ചാഫ് കട്ടറുകൾ (പുല്ല് മുറിക്കുന്ന യന്ത്രം) ലഭ്യമാക്കണം.

25.5 നയം 188. എല്ലാ ഫാമുകളിലും സ്വയംനിറയുന്ന വെള്ളപ്പാത്രങ്ങൾ ഘടിപ്പിക്കുകവഴി ഉല്പാദനവർദ്ധനവും ഉരുക്കളുടെ മെച്ചപ്പെട്ട ആരോഗ്യവും ഉറപ്പാക്കാം.

25.6 നയം 189. തൊഴുത്തിനുള്ളിൽ വച്ചുണ്ടാകുന്ന അപകടങ്ങൾ, കുളമ്പിന്റെ പരിക്കുകൾ എന്നിവ ഒഴിവാക്കി ചികിത്സാചിലവ്, ഉല്പാദനനഷ്ടം എന്നിവ നിയന്ത്രിക്കാം.

## 26. മൃഗോല്പപന്നങ്ങളുടെ ഉല്പാദനത്തിലെ ഗുണനിലവാര വർദ്ധനവിനുള്ള നയങ്ങൾ 146

26.4 നയം 190. യന്ത്രാധിഷ്ഠിത പാൽ ശേഖരണ സംവിധാനം (Automatic Milk Collectilon System) നടപ്പിലാക്കുക വഴി, പാൽ ശേഖരിക്കുന്നവർ - ഇല്ലാത്ത ഗുണനിലവാരക്കുറവിന്റെ പേരിൽ - ഉല്പന്നത്തിന്റെ വില കുറച്ചുനൽകി ക്ഷീരകർഷകരെ കബളിപ്പിക്കുന്നത് തടയാൻ കഴിയും.

26.5 നയം 191. അംഗീകൃത അറവുശാലകളിൽ നിന്നുള്ള മാംസം മാത്രമേ കേരളത്തിൽ വിൽക്കപ്പെടാൻ പാടുള്ളു. അറവുശാലകളിലെ ശുചിത്വം ശുദ്ധമായതും ദീർഘകാലം സൂക്ഷിക്കാവുന്നതുമായ മാംസലഭ്യത ഉറപ്പുവരുത്തുന്നു. ഇത് ഉപഭോക്താവിന് മാംസത്തിലുള്ള വിശ്വാസ്യത ഉറപ്പിക്കാനും പൊതുജനാരോഗ്യം സംരക്ഷിക്കാനും സഹായിക്കുന്നു.

## 27. മൃഗസംരക്ഷണമേഖല ലാഭകരമാക്കാനുള്ള നയങ്ങൾ 148

27.4 നയം 192. ക്ഷീരമേഖലയിലേയ്ക്ക് യുവാക്കളെ ആകർഷിക്കാനും നിലവിലുള്ള ക്ഷീരകർഷകരെ പിടിച്ചുനിർത്താനുമായി ഈ രംഗത്തുപ്രവർത്തിക്കുന്ന സർക്കാർവകുപ്പുകളും സഹകരണസ്ഥാപനങ്ങളും പുതിയ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതാണ്.

27.5 നയം 193. മികച്ച പ്രോത്സാഹനം നൽകുന്ന പദ്ധതികൾ ആവിഷ്ക്കരിച്ചാൽ ക്ഷീരമേഖലയിൽ വ്യക്തികൾക്ക് സംരംഭങ്ങളുടെ നടത്തിപ്പിലും ലാഭസാധ്യതയിലും വലിയ മാറ്റങ്ങൾ സൃഷ്ടിക്കാനാവും.

27.6 നയം 194. ഉല്പാദനമേഖല സംസ്ഥാനത്തിന്റെ ഭക്ഷ്യസുരക്ഷ ലക്ഷ്യമിടുന്നതുകൊണ്ടുതന്നെ, ജനങ്ങൾക്കിടയിൽ ദാരിദ്ര്യരേഖയടിസ്ഥാനമാക്കിയ വിഭജനം (BPL/APL) മൃഗസംരക്ഷണപദ്ധതികളുടെ ആനുകൂല്യങ്ങൾക്ക് മാനദണ്ഡമാക്കുന്ന നടപടി ഉടൻ അവസാനിപ്പിക്കണം.

27.7 നയം 195. വിവിധ പ്രദേശങ്ങൾക്കായി മൃഗസംരക്ഷണപദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ, അതത് പ്രദേശങ്ങൾക്ക് ഉൾക്കൊള്ളാനാവുന്ന വിധം മാത്രം വിഭവവിന്യാസം നടത്തുകയും അതിലൂടെ സുസ്ഥിരമായ ഒരു വിഭവ വിഭജനതന്ത്രത്തിന് വഴിയൊരുക്കുകയും വേണം.

27.8 നയം 196. വരൾച്ച, വെള്ളപ്പൊക്കം, ഭൂചലനങ്ങൾ, ഇടിമിന്നൽ തുടങ്ങിയ പ്രകൃതി ദുരന്തങ്ങളോ മാരകരോഗങ്ങളോ മനുഷ്യനിർമ്മിത നാശങ്ങളോ മൂലം വിളനഷ്ടമുണ്ടാവുമ്പോൾ നാമമാത്രമായി സഹായം നൽകുന്ന നിലവിലുള്ള നഷ്ടപരിഹാര മൂല്യനിർണ്ണയരീതി പാടേമാറ്റി, കർഷകനുണ്ടാകുന്ന ഉല്പാദനനഷ്ടത്തിന്റെ യഥാർത്ഥ മൂല്യം (കമ്പോള വില) നിർണ്ണയിച്ച് അത്രയും തുക നഷ്ടപരിഹാരമായി നൽകുന്ന രീതി നടപ്പിലാക്കണം.

27.9 നയം 197. ക്ഷീരകർഷകർക്ക് കാലിത്തീറ്റയ്ക്കായി സാമ്പത്തിക സഹായം നൽകി ഉല്പാദനച്ചെലവ് കുറയ്ക്കുകയും കർഷകന്റെ വരുമാനം മെച്ചപ്പെടുത്തുകയും വേണം.

27.10 നയം 198. മൃഗസംരക്ഷണമേഖലയിലെ പദ്ധതികളുടെ ലാഭക്ഷമത ഉറപ്പാക്കാനായി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും പ്രത്യേക ഉപദേശക-സാങ്കേതിക കമ്മിറ്റികൾ രൂപവല്കരി ക്കുകയും കർഷകരുടെ വരുമാനം ഉറപ്പാക്കുകയും വേണം.

27.11 നയം 199. പാൽവില നിർണ്ണയിക്കുന്ന രീതി ശാസ്ത്രീയമായി പരിഷ്കരിക്കുകയും ഉല്പാദനച്ചെലവിനെക്കാൾ ഉയർന്ന നിരക്കിൽ സംഭരണവില നൽകി കർഷകന് ലാഭം ഉറപ്പുവരുത്തുകയും വേണം.

## 28. ക്ഷീരവികസന നയങ്ങൾ



28.6 നയം 200. പശുക്കളെ വാങ്ങാനുള്ള ക്ഷീരകർഷക വായ്പകളെ കാർഷിക വായ്പയായി പരിഗണിക്കണം.

28.7 നയം 201. ക്ഷീരസംഘങ്ങൾക്ക് പാൽ ശീതീകരിക്കുന്നതിന് കുറഞ്ഞനിരക്കിൽ വൈദ്യുതി ലഭ്യമാക്കണം.

28.8 നയം 202. എല്ലാ ക്ഷീരകർഷകർക്കും കറവമാടുകൾക്കും ഇൻഷ്വറൻസ് പരിരക്ഷ

28.9 നയം 203. തീറ്റപ്പുൽക്കൃഷി നടത്താനായി പഞ്ചായത്തുവക തരിശുഭൂമി ഉപയോഗപ്പെടുത്തണം.

28.10 നയം 204. ഉല്പാദിപ്പിക്കുന്ന പാലിന് ആനുപാതികമായി വേണം പ്രോത്സാഹന ധനസഹായം നൽകേണ്ടത്.

28.11 നയം 205. ക്ഷീരോല്പാദനവുമായി ബന്ധപ്പെട്ട ലൈസൻസും മലിനീകരണ നിയന്ത്രണ സാക്ഷ്യപത്രങ്ങളും നൽകുന്നതിൽ ഉണ്ടാകാവുന്ന തർക്കങ്ങൾ പരിഹരിക്കാൻ മൃഗസംരക്ഷണ- ക്ഷീരവികസന-മലിനീകരണ നിയന്ത്രണ മേഖലകളിലെ വിദഗ്ദ്ധരടങ്ങിയ തർക്കപരിഹാര സമിതി (Appeal Committee) രൂപവല്കരിക്കണം.

28.12 നയം 206. കാലിത്തീറ്റ സബ്സിഡി തീറ്റവിലയുടെ 25 ശതമാനമായി വർദ്ധിപ്പിക്കണം.

28.13 നയം 207. ക്ഷീരസഹകരണസംഘങ്ങൾക്ക് മെച്ചപ്പെട്ട ശീതീകരണ സംവിധാനങ്ങൾക്കായി സാമ്പത്തികസഹായം ഏർപ്പെടുത്തണം.

28.14 നയം 208. ക്ഷീര ഉപദേശക സേവനം ഊർജ്ജിതമാക്കാൻ ക്ഷീരവികസനവകുപ്പ് പുനഃസംഘടിപ്പിക്കണം.

28.15 നയം 209. സഹകരണനിയമപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള ക്ഷീരസംഘങ്ങളിൽ അംഗങ്ങളായിട്ടുള്ളവരും 5 പശുക്കൾ വരെയുള്ളവരുമായ ക്ഷീരകർഷകരെ ഭക്ഷ്യസുരക്ഷാ നിയമപ്രകാരമുള്ള രജിസ്ട്രേഷനിൽനിന്നും ഒഴിവാക്കണം.

28.16 നയം 210. ഓരോ പ്രൈമറി സ്കൂൾ വിദ്യാർത്ഥിക്കും (5-ാം ക്ലാസ്സ് വരെ) എല്ലാ പ്രവൃത്തി ദിവസങ്ങളിലും 200 മില്ലി ലിറ്റർ പാൽ നൽകണം.

28.17 നയം 211. സാദ്ധ്യമായ എല്ലായിടത്തും പുതിയ ക്ഷീര സഹകരണസംഘങ്ങൾ ആരംഭിച്ച്, കൂടുതൽ കർഷകരെ ക്ഷീരമേഖലയിലേക്ക് ആകർഷിക്കണം.

28.18 നയം 212. ബ്ലോക്കുതല കിടാരി പാർക്കുകൾ സജ്ജമാക്കുന്നതിന്റെ ഭാഗമായി, തെരഞ്ഞെടുത്ത കർഷകരുടെയോ ക്ഷീരസംഘങ്ങളുടെയോ മേൽനോട്ടത്തിൽ, കൃത്രിമ ബീജധാരണത്തിലൂടെ സൃഷ്ടിക്കപ്പെട്ട സങ്കരയിനം പശുക്കുട്ടികളെ വാങ്ങി വളർത്തിയെടുക്കാനുള്ള പദ്ധതി നടപ്പാക്കണം.

## 29. പൗൾട്രി വികസനത്തിനായുള്ള നയങ്ങൾ 157

29.5 നയം 213. കേരളത്തിൽ മുട്ടയുടെ സ്വയംപര്യാപ്തതയ്ക്ക് വീട്ടുവളപ്പിലും വാണിജ്യാടിസ്ഥാനത്തിലുമുള്ള ഉല്പാദനം സമന്വയിപ്പിച്ചുകൊണ്ടുള്ള ഒരു പ്രവർത്തനപദ്ധതിയാവശ്യമാണ്.

29.6 നയം 214. സംസ്ഥാനത്ത് കോഴിയിറച്ചിയുടെ ആവശ്യകത വർഷംതോറും 40% – 45% വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ബ്രോയിലർ കോഴിവളർത്തൽ ഒരു പ്രധാന വരുമാനമാർഗ്ഗമായോ ഉപവരുമാനമാർഗ്ഗമായോ പ്രോത്സാഹിപ്പിച്ചാൽ വർഷംമുഴുവനും ധാരാളം കർഷകർക്ക് തൊഴിലും വരുമാനവും ഉറപ്പുവരുത്താൻ കഴിയും.

29.7 നയം 215. മെച്ചപ്പെട്ട സാങ്കേതികവിദ്യയിലൂടെ വികസിപ്പിച്ചെടുത്ത വൈവിധ്യമുള്ള കോഴിയിനങ്ങളെ കർഷകർക്ക് ലഭ്യമാക്കി സുസ്ഥിരവും ലാഭകരവുമായ ഉല്പാദനത്തിനുള്ള പ്രചോദനവും പ്രചരണവും നൽകേണ്ടതാണ്.

29.8 നയം 216. അന്യസംസ്ഥാനത്ത് നിന്നും കൊണ്ടുവരുന്ന ബ്രോയിലർ കോഴിക്ക് പ്രവേശനനികുതി ഈടാക്കുകയും പ്രാദേശിക ഉല്പാദനത്തിനെ ഇതിൽനിന്നും ഒഴിവാക്കുകയും വേണം.

29.9 നയം 217. സംസ്ഥാനത്തെ ഒരു ഇറച്ചിക്കോഴി കർഷകന് ഒരു വർഷത്തെ വിറ്റുവരവിൽ 10 ലക്ഷം രൂപ വരെയുള്ള തുകയ്ക്ക് നികുതിയിളവ് നൽകേണ്ടതാണ്.

29.10 നയം 218. ബ്രോയിലർ കൃഷിയെ ഒരു കാർഷിക പ്രവർത്തനമായി കണക്കാക്കി, ഇതിനാവശ്യമായ വൈദ്യുതി, കാർഷിക വൈദ്യുതി നിരക്കിൽ ലഭ്യമാക്കണം.

30.5 നയം 219. പ്രഖ്യാപിത ഗുണമേന്മയുള്ള നടീൽവസ്തുക്കളാണ് (Quality Declared Planting Materials - QDPMs) ഉല്പാദിപ്പിച്ച് കർഷകരിലേയ്ക്ക് എത്തിക്കുന്നതെന്ന് സർക്കാർ ഉറപ്പുവരുത്തേണ്ടതും അത് കർഷകരുടെ അവകാശമായി കരുതേണ്ടതുമാണ്.

30.6 നയം 220. കൃഷിവകുപ്പും, പൊതുമേഖലാസ്ഥാപനങ്ങളും, മറ്റു സർക്കാർ കേന്ദ്രങ്ങളും ഉല്പാദിപ്പിക്കുകയും വിതരണം ചെയ്യുകയും ചെയ്യുന്ന വിത്ത് ഉൾപ്പെടെയുള്ള നടീൽവസ്തുക്കൾ തിരിച്ചറിയുന്നതിന് *ബാർ-കോഡ് ടാഗുകൾ* നൽകേണ്ടതാണ്.

30.7 നയം 221. വലിയ തോതിൽ ഗുണമേന്മയുള്ള നടീൽവസ്തുക്കൾ നിർമ്മിക്കുന്നതിനായി ഹൈ-ടെക് നഴ്സറികൾ ഉണ്ടാവുകയും വ്യത്യസ്ത നടീൽവസ്തുക്കളുടെ നിലവാരം അതിൽ രേഖപ്പെടുത്തുകയും വേണം.

30.8 നയം 222. ക്ലോണൽ വംശവർധന, ഇൻവിട്രോ മൈക്രോവംശവർധന എന്നിവ വഴി കുരുമുളക്, വാഴ, അലങ്കാരവിളകൾ എന്നിവയുടെ ഗുണമേന്മയുള്ള നടീൽവസ്തുക്കൾ ഉല്പാദിപ്പിക്കുക എന്നത് വളരെ പ്രധാനമാണ്. സൂക്ഷ്മമായ ഗുണമേന്മ പരിശോധിക്കുന്ന രീതികളായ ELISAയും PCRഉം ക്ലോണൽ വംശവർദ്ധന വഴി ഉണ്ടാകുന്ന ടിഷ്യുകൾച്ചർ സസ്യങ്ങളുടെ ഇൻഡെക്സിംഗിനും സർട്ടിഫിക്കേഷനും ഉപയോഗിക്കേണ്ടതാണ്.

30.9 നയം 223. ICAR സ്ഥാപനങ്ങളും കാർഷികസർവ്വകലാശാലകളും പച്ചക്കറി വിത്തുല്പാദനത്തിൽ ഏർപ്പെട്ടിരിക്കുന്ന പൊതുമേഖലാസ്ഥാപനങ്ങളും എല്ലാംചേർന്ന് മുഖ്യമായ പച്ചക്കറിവിളകളുടെ ഗുണമേന്മയുള്ള വിത്തിന്റെയും വിത്ത് ഉല്പന്നമായിട്ടുള്ള സുഗന്ധവ്യഞ്ജന വിള വർഗങ്ങളുടെയും ഉല്പാദനത്തിന് പ്രാധാന്യം നൽകണം.

30.10 നയം 224. പുരോഗമന പച്ചക്കറി കർഷകർക്കും വിത്തായി ഉപയോഗിക്കുന്ന സുഗന്ധ വ്യഞ്ജനങ്ങൾ കൃഷിചെയ്യുന്നവർക്കും ഉന്നതനിലവാരമുള്ള ഗുണമേന്മാ ഘടകങ്ങൾ അടിസ്ഥാനമാക്കിയ വിത്ത് പരിശോധനാ സംവിധാനം നടപ്പാക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ഗുണമേന്മയുള്ള വിത്തുല്പാദനത്തിനായി പുരോഗമന കർഷകരെ കണ്ടെത്തി അവരെ പ്രോത്സാഹിപ്പിക്കേണ്ടതാണ്.

30.11 നയം 225. വിവിധ വിളകളിലെ വിത്തിന്റെ ഗുണമേന്മാ നിയന്ത്രണ വ്യവസ്ഥകൾ രൂപകല്പന ചെയ്യുകയും നിലനിർത്തുകയും വേണം. വിത്ത് മരുന്നുകളിൽ മുക്കിനടുന്നതും പെല്ലറ്റിങ്ങും അവയെ രോഗങ്ങളിൽനിന്നും കീടാക്രമണങ്ങളിൽനിന്നും സംരക്ഷിക്കാനും വിത്തിന്റെ മുളയ്ക്കാനുള്ള കഴിവ് കൂട്ടാനും ആവശ്യമാണ്.

30.12 നയം 226. സംരക്ഷിത കൃഷിക്കായി സങ്കരയിനങ്ങളും അത്യുല്പാദന ശേഷിയുള്ള ഇനങ്ങളും വികസിപ്പിച്ചെടുക്കുകയും, ഇത്തരം വിത്തുകളുടെയും നടീൽവസ്തുക്കളുടെയും ഉല്പാദനനിലവാരം ഉറപ്പുവരുത്തുകയും വേണം.

30.13 നയം 227. പ്രഖ്യാപിത ഇനങ്ങൾ വളർത്തുകയും ഉല്പാദിപ്പിക്കുകയും ചെയ്യുന്ന നഴ്സറികളെ എല്ലാ വിധത്തിലുള്ള നികുതികളിൽ നിന്നും ഒഴിവാക്കണം.

30.14 നയം 228. രോഗവിമുക്ത നടീൽവസ്തുക്കളുടെ ഉല്പാദനം വർദ്ധിപ്പിക്കാൻ പരമ്പരാഗത രീതികളും പുതിയ രീതികളും കോർത്തിണക്കിയ സാങ്കേതികവിദ്യകളായ സൂക്ഷ്മവംശവർദ്ധന, എയ്റോപോണിക്സ് മുതലായവ സ്വീകരിക്കണം.

30.15 നയം 229. വിളകളുടെ രോഗനിർണ്ണയം കൃത്യമായി നടത്താൻ വിലയേറിയ രാസവസ്തുക്കൾക്ക് പകരം വിലകുറഞ്ഞ സാങ്കേതിക വിദ്യകൾ വികസിപ്പിച്ചെടുക്കണം. കർഷകർക്ക് ഉപയോഗിക്കാൻ പറ്റിയ വിലകുറഞ്ഞ രോഗനിർണ്ണയ സാമഗ്രികൾ (കിറ്റ്) ഉല്പാദിപ്പിക്കണം.

30.16 നയം 230. രോഗങ്ങൾ പകരുന്നതിനുള്ള ഒരുപാധിയായി ടിഷ്യൂക്കൾച്ചർ രീതി മാറാതിരിക്കാൻ ആവശ്യമായ നിയന്ത്രണ നിയമങ്ങളും പ്രത്യേക ശ്രദ്ധയും അനിവാര്യമാണ്. ടിഷ്യുക്കൾച്ചർ സസ്യങ്ങളുടെ ഉല്പാദനത്തിൽ *കുറഞ്ഞ ചെലവ്* എന്നതായിരിക്കണം ലക്ഷ്യം.

30.17 നയം 231. നിലവിൽ ടിഷ്യുക്കൾച്ചർ രീതി പ്രായോഗികമല്ലാത്ത മാവ്, കശുമാവ്, തെങ്ങ് തുടങ്ങിയ വിളകളിൽ എത്രയും വേഗം കാര്യക്ഷമവും പുനരാവിഷ്കാരക്ഷമത കൂടിയതുമായ അവലംബമാർഗ്ഗങ്ങൾ ഉരുത്തിരിച്ചെടുക്കണം.

30.18 നയം 232. ഉല്പന്ന വൈവിധ്യവല്കരണം ലക്ഷ്യമിട്ട് നാളികേരത്തിന്റെ വിവിധ ഇനങ്ങളുടെ തൈകൾ ഉല്പാദിപ്പിക്കുകയും അവയുടെ പ്രത്യേക തോട്ടങ്ങൾ നിർമ്മിക്കുകയും വേണം.

30.19 നയം 233. കശുമാവ്, കുരുമുളക്, വൃക്ഷ സുഗന്ധവിളകൾ എന്നിവയിൽ മാതൃസസ്യത്തോട്ടങ്ങളും *സയോൺ ബ്ലോക്കുകളും* സ്ഥാപിക്കുന്നത് അവയുടെ ഗുണമേന്മയുള്ളതും പുതിയ ഇനങ്ങളുടേതുമായ നടീൽ വസ്തുക്കൾ ഉല്പാദിപ്പിക്കുന്നതിന് ഏറെ സഹായകരമായിരിക്കും.

## 31. വളങ്ങൾ, സസ്യപോഷകങ്ങൾ ഇവയുമായി ബന്ധപ്പെട്ട നയങ്ങൾ 167

31.3 നയം 234. സുസ്ഥിരമായ കാർഷികവളർച്ച നിലനിർത്താനും സമീകൃത പോഷക മൂലകങ്ങൾ നൽകാനും, കർഷകർക്ക് താങ്ങാവുന്ന വിലയിൽ വളങ്ങൾ ലഭ്യമാക്കണം.

31.4 നയം 235. ജൈവവളങ്ങളും രാസവളങ്ങളും (ദ്വിതീയ-സൂക്ഷ്മ മൂലകങ്ങൾ ഉൾപ്പെടെ) സംയോജിപ്പിച്ചുള്ള സന്തുലിത വളപ്രയോഗം പ്രോത്സാഹിപ്പിക്കാനുള്ള ഉചിതമായ നയപരിപാടികൾ ആവിഷ്കരിക്കണം.

31.5 നയം 236. പോഷകങ്ങളുടെ ഗുണമേന്മ പരമപ്രധാനമായതു കൊണ്ടുതന്നെ കർഷകർക്ക് ലഭിക്കുന്ന വളങ്ങൾ നിലവാരമുള്ളവയാണെന്ന് ഉറപ്പുവരുത്താൻ വളങ്ങളുടെ ഗുണമേന്മാ നിയന്ത്രണ സംവിധാനം ഫലപ്രദവും കാര്യക്ഷമവും ആക്കണം.

31.6 നയം 237. നേർവളങ്ങളുടെ ഉപയോഗം കൃഷിക്കാർക്ക് സൗകര്യപ്രദമാണ്. ഒരു യൂണിറ്റ് പോഷകത്തിന്റെ വിലയിലുള്ള കുറവും ആവശ്യമായ പോഷകം മാത്രം ഉപയോഗിക്കുന്നതിലെ ഫലപ്രാപ്തിയും സാമ്പത്തികനേട്ടം ഉണ്ടാക്കാൻ സഹായിക്കുന്നു.

31.7 നയം 238. വളങ്ങളുടെ പുതിയ സബ്സിഡിവ്യവസ്ഥയ്ക്ക് അനുസരണമായി, ഓരോ കൃഷിയിടത്തിലേയും മണ്ണുപരിശോധനാഫലം അടിസ്ഥാന മാക്കി അതാതിടങ്ങൾക്കനുയോജ്യമായ വളപരിപാലനം എന്ന രീതി പ്രാവർത്തികമാക്കണം. കൃഷിഭവനുകളിലൂടെ ഈ ആശയം പ്രാവർത്തികമാക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നതോടൊപ്പം, ഈ വെല്ലുവിളി ഏറ്റെടുക്കാൻ മണ്ണുപരിശോധനാ ലാബുകളെ സജ്ജമാക്കുകയുംവേണം.

31.8 നയം 239. സൂക്ഷ്മമൂലകങ്ങളുടെ കുറവ് മണ്ണിലും, കന്നുകാലികളിലും, മനുഷ്യനിലും ഉണ്ടാക്കുന്ന പ്രശ്നങ്ങൾ അഭിമുഖീകരിക്കാൻ ഭക്ഷ്യവിള ക്കൃഷിയിൽ സൂക്ഷ്മമൂലകങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കണം.

31.9 നയം 240. സംസ്ഥാനത്ത് ഹൈ-ടെക് കൃഷിയും കൃത്യതാകൃഷിയും (Precision Farming) പ്രചാരം നേടിവരുന്ന സാഹചര്യത്തിൽ അതിനനുയോജ്യമായ വളങ്ങളും സർക്കാരിന്റെ സബ്സിഡി വ്യവസ്ഥയുടെ ഭാഗമാക്കണം.

## 32. കീടനാശിനികളുമായി ബന്ധപ്പെട്ട നയങ്ങൾ



32.4 നയം 241. കമ്പ്യൂട്ടറധിഷ്ഠിത തത്സമയ കീടനാശിനി രജിസ്ട്രേഷൻ സംവിധാനം നിരന്തരമായി പരിശോധിക്കുകയും കേന്ദ്ര കീടനാശിനി ബോർഡിന്റെ അംഗീകാരമില്ലാതെ സംസ്ഥാനത്ത് വിതരണംനടത്തുന്ന കമ്പനി കൾക്കും പദാർത്ഥങ്ങൾക്കും എതിരെ നടപടി സ്വീകരിക്കുകയും ചെയ്യണം. ഇതിനായി ശക്തമായ ഒരു നിയന്ത്രണ വ്യവസ്ഥ രൂപവല്കരിക്കുകയും പ്രവർത്തനങ്ങൾ കൃത്യമായി നിരീക്ഷിക്കുകയും വേണം.

32.5 നയം 242. അപകടകാരികളായ കീടനാശിനികളുടെ ഉപയോഗം കുറയ്ക്കാനായുള്ള സമീപനം സംസ്ഥാനത്ത് ആവശ്യമാണ്.

32.6 നയം 243. കീടനാശിനികളുടെ ഉപയോഗത്തിന്റെ അളവ് കുറയ്ക്കുക വഴി ആരോഗ്യരക്ഷയ്ക്കായുള്ള ചെലവ് കുറയ്ക്കുകയും വിജ്ഞാനവ്യാപന പ്രവർത്തകരുടെ ശ്രദ്ധ ഈ വഴിക്ക് തിരിച്ചുവിടുകയും വേണം.

32.7 നയം 244. പഴങ്ങളിലെയും പച്ചക്കറികളിലേയും കീടനാശിനിസാന്നിദ്ധ്യം തിരിച്ചറിയാൻ ചെലവ്കുറഞ്ഞതും വേഗതയാർന്നതും നാശകാര മല്ലാത്തതുമായ രീതികളുടെ പ്രചാരം ഉറപ്പുവരുത്തണം.

32.8 നയം 245. സുവ്യക്തമായ ഒരു ജൈവക്കൃഷി നയമുള്ള കേരളത്തിൽ അതിന്റെ വെളിച്ചത്തിൽത്തന്നെ ജൈവ കീടനാശിനികൾ സുലഭമായി കൃഷിക്കാർക്ക് ലഭ്യമാക്കണം. കേന്ദ്ര കിഴങ്ങുവിള ഗവേഷണ കേന്ദ്രം (CTCRI) അടുത്തകാലത്ത് വികസിപ്പിച്ചെടുത്ത ജൈവകീടനാശിനികൾ വ്യാവസായികാടിസ്ഥാനത്തിൽ ഉല്പാദിപ്പിക്കണം.

32.9 നയം 246. കീടനാശിനി വില്പനക്കാർക്ക് അവർ വില്ക്കുന്ന പദാർത്ഥങ്ങളെക്കുറിച്ച് അവബോധമുണ്ടാക്കുകയും, കീടനാശിനി തളിക്കുന്ന തൊഴിലാളികൾക്ക് പരിശീലനം നൽകുകയും, അവരുടെ ആരോഗ്യസ്ഥിതി അറിയാനായി ഇടയ്ക്കിടെയുള്ള സൗജന്യ വൈദ്യ പരിശോധനയ്ക്ക് വിധേയമാക്കുകയും വേണം.

32.10 നയം 247. കൃഷിവകുപ്പിലെ അധികാരമുള്ള ഉദ്യോഗസ്ഥന്റെ നിർദ്ദേശക്കുറിപ്പ നുസരിച്ച് മാത്രമേ കീടനാശിനികളും കളനാശിനികളും വിൽക്കാവൂ.

32.11 നയം 248. ഭക്ഷ്യസുരക്ഷാബിൽ–2012 പ്രകാരം രൂപീകൃതമായിട്ടുള്ള ഭക്ഷ്യസുരക്ഷാ സംഘത്തിൽ കൃഷിവകുപ്പിലെ പ്രതിനിധികളെക്കൂടി ഉൾപ്പെടുത്തുകയും ഭക്ഷ്യവസ്തുക്കളിൽ കീടനാശിനിയുടെ അവശിഷ്ടം ഉണ്ടോയെന്ന റിയാൻ ശക്തമായ നിരീക്ഷണവ്യവസ്ഥ നടപ്പിലാക്കുകയും വേണം.

32.12 നയം 249. സംസ്ഥാനത്ത് വിള ആരോഗ്യ പരിപാലന കേന്ദ്രങ്ങൾ സ്ഥാപിക്കുകയും കീട–രോഗ നിരീക്ഷണത്തിന്റെ മേൽനോട്ടംകൂടി വഹിക്കാൻ ഇവയെ ചുമതലപ്പെടുത്തുകയും വേണം.

## 33. കൃഷി ഫാമുകൾ നവീകരിക്കുന്നതിനായുള്ള നയങ്ങൾ 176

33.4 നയം 250. വൻതോതിൽ ഗുണമേന്മയേറിയ നടീൽവസ്തുക്കളും വിത്തുകളും ഉല്പാദിപ്പിച്ച് കൃഷിക്കാർക്ക് അതാത് സമയങ്ങളിൽ വിതരണം ചെയ്യു വാനായി ഫാമിന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തണം.

33.5 നയം 251. സർക്കാർ ഫാമുകളുടെ സമ്പൂർണ്ണമായ യന്ത്രവല്കരണത്തിലൂടെ മാത്രമേ തൊഴിലാളികളുടെ പ്രവർത്തനശേഷി പൂർണ്ണമായും പ്രയോജന പ്പെടുത്താൻ കഴിയൂ.

33.6 നയം 252. സംസ്ഥാനസർക്കാരിന്റേയും തദ്ദേശഭരണസ്ഥാപനങ്ങളുടേയും വാർഷികപദ്ധതികളിലെ നടീൽവസ്തുസംബന്ധമായ ആവശ്യങ്ങൾ ഓൺലൈനായി കൈകാര്യം ചെയ്യുന്ന നിയതമായ ഒരു നടീൽവസ്തു ഉല്പാദനപദ്ധതി ആവിഷ്കരിച്ചു നടപ്പാക്കേണ്ടതാണ്.

33.7 നയം 253. മെച്ചപ്പെട്ട സാങ്കേതിക വിദ്യകളിലധിഷ്ഠിതമായ വിളപ്രദർശനം എല്ലാ ഫാമുകളിലും ഒരുക്കണം.

33.8 നയം 254. സർക്കാർ ഫാമുകളിലെ തൊഴിലാളിക്ഷാമം പരിഹരിക്കാൻ അടിയ ന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

33.9 നയം 255. അടിയന്തിര അറ്റകുറ്റപ്പണികൾ, പെട്ടെന്ന് നശിച്ചു പോകാവുന്ന ഉല്പ ന്നങ്ങളുടെ നീക്കംചെയ്യൽ തുടങ്ങി സത്വരനടപടികൾ ആവശ്യപ്പെടുന്ന പ്രവർത്തനങ്ങൾ ധാരാളമുള്ളതിനാൽ, താഴേത്തട്ടിലുള്ള ഉദ്യോഗ സ്ഥർക്ക് കൂടുതൽ അധികാരങ്ങൾ നൽകുന്നതിലൂടെ ഫാമിന്റെ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താനാവും.

33.10 നയം 256. നെല്ലിയാമ്പതിയിലുള്ള ഓറഞ്ച് & വെജിറ്റബിൾ ഫാം, മലമ്പുഴയി ലുള്ള ഹോർട്ടികൾച്ചർ വികസന ഫാം എന്നിവയെ മികവിന്റെ കേന്ദ്ര ങ്ങളായി ഉയർത്തണം.

## 34. മൂല്യവർദ്ധനയേയും സംസ്കരണത്തേയും സംബന്ധിക്കുന്ന നയങ്ങൾ 179

34.4 നയം 257. മൂല്യവർദ്ധന, ഉല്പന്ന വൈവിധ്യവല്കരണം, സംരംഭകത്വ വികസനം ഇവയിലൂടെ കർഷകരുടെ വരുമാനം മെച്ച പ്പെടുത്തുക എന്നതിലാവണം വികസന വകുപ്പുകൾ ശ്രദ്ധിക്കേണ്ടത്.

34.5 നയം 258. കൃഷിസ്ഥലത്തുനിന്ന് ചില്ലറവ്യാപാരകേന്ദ്രത്തിലേയ്ക്ക് നീളുന്ന ഒരു ഭക്ഷ്യച്ചങ്ങല സൃഷ്ടിക്കുന്നതിലൂടെ കർഷകന് സ്വന്തം ഉല്പന്നങ്ങളുടെ വർദ്ധിതമൂല്യത്തിന്റെ ഒരു വലിയഭാഗം സ്വന്തമാക്കാനാവും.

34.6 നയം 259. പുതിയ കാലഘട്ടത്തിന്റെ വെല്ലുവിളികളെ നേരിടാൻ കൃഷിയെ ഉന്നതമൂല്യമുള്ള സംരംഭങ്ങളായി വൈവിദ്ധ്യവല്കരിക്കേണ്ടതുണ്ട്. ഉല്പന്നത്തിന്റെ ഗുണമേൻമ അടിസ്ഥാനമാക്കി വിലനയങ്ങൾ രൂപപ്പെടുത്തുകയും, ഉല്പാദനം അളവിലുപരി ഗുണാടിസ്ഥാനത്തിലാക്കാൻ കർഷകരെ പ്രേരിപ്പിക്കുകയും ചെയ്യണം.

34.7 നയം 260. സംസ്കരിക്കപ്പെട്ട ഉല്പന്നങ്ങളുടെ വിപണനം കൂടുതൽ ലാഭകരമാകയാൽ, ഉപഭോക്താക്കളുടെ ആവശ്യം മുൻനിർത്തി ഉല്പാദകരുടേയും സംരംഭകരുടേയും കൂട്ടായ്മകൾ ഉണ്ടാവണം.

34.8 നയം 261. ഉല്പന്നങ്ങൾ സംഭരിക്കുന്നതിനും കൈകാര്യം ചെയ്യുന്നതിനുമുള്ള സാങ്കേതികവിദ്യകളും അടിസ്ഥാനസൗകര്യങ്ങളും, ഉല്പന്നങ്ങളുടെ തനത് ഗുണമേന്മ നിലനിർത്തുന്നതും നഷ്ടം കുറയ്ക്കുന്നതും ആയിരിക്കണം.

34.9 നയം 262. പുതുതലമുറ സഹകരണസ്ഥാപനങ്ങളും കർഷക ഉല്പാദക സംഘങ്ങളും ഉല്പാദകരേയും സംരംഭകരേയും ഒരുപോലെ ബന്ധിപ്പിക്കുന്നതിനാൽ, അവ അർപ്പണമനോഭാവം വളർത്തുന്നതിനും ഉടമ്പടികൾ സാദ്ധ്യമാക്കുന്നതിനും വളരെയേറെ അനുയോജ്യമാണ്.

34.10 നയം 263. മാംസസംസ്കരണമേഖലയിൽ ആധുനിക കശാപ്പുശാലകൾ സ്ഥാപിക്കുന്നതിനും അവയുടെ ശീതീകൃതശൃംഖല സൃഷ്ടിക്കുന്നതിനുമുള്ള സാദ്ധ്യതകൾ വളരെയേറെയാണ്.

34.11 നയം 264. കേരളത്തിൽ സുലഭമായിട്ടുള്ള ചക്കയ്ക്ക് അതർഹിക്കുന്ന അംഗീകാരം നൽകേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. ദാരിദ്ര്യകാലങ്ങളിൽ കേരളത്തിന് എന്നും ആശ്രയമായിരുന്ന വിവിധോപയോഗ ഫലമായ ചക്കയിൽനിന്നുള്ള മൂല്യവർദ്ധിത ഉല്പങ്ങളുടെ വിശാലമായ സാധ്യതകൾ കേരളം പ്രയോജനപ്പെടുത്തേണ്ടിയിരിക്കുന്നു.

34.12 നയം 265. ഭക്ഷ്യ സംസ്കരണമേഖലയുടെ വികസനത്തിനായി ഭക്ഷ്യസംസ്കരണ ദേശീയ മിഷൻ (National Mission on Food Processing - NMFP) ന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തി കൃഷിയിടങ്ങളുടെ ഉല്പാദനക്ഷമതയും കർഷകരുടെ വരുമാനവും വർദ്ധിപ്പിക്കാൻ കഴിയും.

34.13 നയം 266. സംസ്ഥാനത്ത് മൂല്യവർദ്ധനവിന്റെ പ്രചാരണത്തിനും നിർവഹണത്തിനും സഹായമേകാനായി ചെറുകിട കർഷക കാർഷിക – വ്യവസായ കൺസോർഷ്യം (SFAC) ശക്തിപ്പെടുത്തണം.

## 35. ഊർജ്ജക്ഷമകൃഷിയുമായി ബന്ധപ്പെട്ട നയങ്ങൾ



35.5 നയം 267. ഭക്ഷ്യമേഖല ഊർജ്ജം ഉപയോഗിക്കുകയും ഉല്പാദിപ്പിക്കുകയും ചെയ്യുന്നതുകൊണ്ടുതന്നെ ഊർജ്ജക്ഷമമായ ഒരു കാർഷികാവസ്ഥയ്ക്ക് ഈ ദ്വിമുഖ ബന്ധത്തിൽനിന്നും കൂടുതൽ നേട്ടങ്ങൾ കൊയ്യാനാവും.

35.6 നയം 268. ആവർത്തിച്ചുപയോഗിക്കാവുന്ന തദ്ദേശ ഊർജ്ജമാർഗ്ഗങ്ങൾ ഭക്ഷ്യശൃംഖലയിലുടനീളം ഉപയോഗിക്കുന്നത് ഊർജ്ജക്ഷമത നേടാൻ സഹായിക്കുന്നു. കൃഷിയിടത്തിന്റെ വൈവിദ്ധ്യവല്കരണവും ഭക്ഷ്യസംസ്കരണ പ്രവർത്തനങ്ങളും മെച്ചപ്പെട്ട മാലിന്യ നിമ്മാർജ്ജന സംവിധാനങ്ങളും വഴി തദ്ദേശ ഊർജ്ജമാർഗ്ഗങ്ങൾ വികസിപ്പിക്കാനാവും. ഇത് ഫോസിൽ ഇന്ധനത്തെ ആശ്രയിക്കുന്നതും ഹരിതഗൃഹവാതകം പുറത്തേക്ക്വിടുന്നതും കുറയ്ക്കുകയും സുസ്ഥിരവികസനലക്ഷ്യങ്ങൾ നേടാൻ സഹായിക്കുകയും ചെയ്യും.

35.7 നയം 269. ഊർജ്ജാവശ്യം കുറയ്ക്കുന്നതിനും കൃഷി സുസ്ഥിരമാക്കുന്നതിനുമായി യാന്ത്രികരീതിക്കു പകരം ജൈവമാർഗ്ഗ ങ്ങളിലൂടെ മണ്ണ് പരുവപ്പെടുത്തുന്ന സംരക്ഷണക്കൃഷി (Conservation Agriculture) പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ മുൻകൈ എടുക്കണം.

35.8 നയം 270. കാലിവളം, അടുക്കളാവശിഷ്ടങ്ങൾ, ഉമി തുടങ്ങി വൻതോതിലുണ്ടാകുന്ന കാർഷികാവശിഷ്ടങ്ങളിൽനിന്നും ജൈവോർജ്ജം ഉല്പാദിപ്പിക്കുകയും ഇത് തിരികെ കാർഷികോല്പാദനത്തിനും സംസ്കരണ പ്രവർത്തനങ്ങൾക്കുമായി ഉപയോഗിക്കുകയും ചെയ്യാം.

35.9 നയം 271. കേരളത്തിലെ തീരദേശ നിവാസികൾ കാർഷിക ഉല്പാദന പ്രവർത്തനങ്ങൾക്കായി കാറ്റിൽനിന്നുള്ള വൈദ്യുതി ഉപയോഗിക്കുന്നത് പ്രായോഗികമാണ്.

35.10 നയം 272. സൗരോർജ്ജവും കാറ്റും സംയോജിപ്പിച്ചുള്ള സങ്കരഊർജ്ജം ഉല്പാദിപ്പിക്കുന്ന ഉപകരണങ്ങൾ സാദ്ധ്യമായ ഇടങ്ങളിലെല്ലാം സ്ഥാപിച്ചാൽ കാർഷികാവശ്യങ്ങൾക്കുള്ള വൈദ്യുതിയാവശ്യം കുറയ്ക്കാനാവും.

35.11 നയം 273. ഊർജ്ജക്ഷമ കൃഷിയുടെ പ്രചാരത്തിനായി ഊർജ്ജക്ഷമതയുള്ള ഫാമുകൾ നടത്തുന്ന കർഷകർക്ക് പ്രോത്സാഹന ധനസഹായം നൽകണം.

## 36. ഹൈ-ടെക് കൃഷിയുമായി ബന്ധപ്പെട്ട നയങ്ങൾ



36.3 നയം 274. കാലാവസ്ഥാമാറ്റങ്ങൾ സാധാരണകൃഷിയെ ഗുരുതരമായി ബാധിക്കുന്ന ഇക്കാലത്ത് ഹൈ-ടെക്ക് കൃഷി പ്രോത്സാഹിപ്പിക്കപ്പെടണം.

36.4 നയം 275. ഓരോ വിളയ്ക്കും ലഭ്യമായ വിപണിയെക്കുറിച്ച് വിശദമായ പഠനം നടത്തി ഓരോ സീസണിലേയ്ക്കും അനുയോജ്യമായ വിളകൾ കൃഷിയിറക്കിയാൽ കർഷകർക്ക് വലിയ ലാഭം നേടിയെടുക്കാൻ കഴിയും.

36.5 നയം 276. പോളിഹൗസുകളിൽ കീടാക്രമണവും കീടനാശിനി പ്രയോഗവും തീരെ കുറവായതിനാൽ ഇവിടെനിന്നുള്ള ഉല്പന്നങ്ങൾ *സുരക്ഷിതാഹാരം* എന്ന നിലയിൽ ബ്രാൻഡ് ചെയ്യേണ്ടതുണ്ട്.

## 37. കൃഷിസംബന്ധമായ അറിവിനും വാർത്താവിനിമയത്തിനുമായുള്ള നയങ്ങൾ 190

37.5 നയം 277. കർഷകർക്കായുള്ള അന്തസ്സുറ്റ പ്രസിദ്ധീകരണമായ കേരളകർഷക നിലൂടെ പുതിയസാങ്കേതികവിദ്യകളെക്കുറിച്ചുള്ള കൂടുതൽ കൃത്യവും വിപുലവുമായ വിവരങ്ങൾ കർഷകനിൽ എത്തിക്കണം. കർഷകർക്ക് ഭാവിയിൽ ഇതൊരു റഫറൻസ് പുസ്തകമാകുമെന്ന് ഉറപ്പുവരുത്തണം.

37.6 നയം 278. കേരള കാർഷികസർവ്വകലാശാല പോലെ രാജ്യത്തിനകത്തും പുറത്തുമുള്ള വിദ്യാകേന്ദ്രങ്ങളെ കൂട്ടിയിണക്കി നല്ല കൃഷിരീതികൾ പ്രചരിപ്പിക്കുന്നതിനായി കല്പിത പഠനമുറികൾ (Virtual Class Rooms) സജ്ജമാക്കണം.

37.7 നയം 279. സ്വയംനിയന്ത്രിത വിജ്ഞാനവ്യാപന സേവന വ്യവസ്ഥകൾ രൂപ പ്പെടുത്തുന്നതിലൂടെ ഭാഷ-സാങ്കേതിക-സാമൂഹ്യ-സാമ്പത്തിക പ്രതിബന്ധങ്ങൾ മൂലമുള്ള മനുഷ്യന്റെ പോരായ്മകൾ മറികടന്ന് ആശയവിനിമയം കൂടുതൽ കാര്യക്ഷമമാക്കാൻ കഴിയും.

37.8 നയം 280. കിസാൻ കേരള പദ്ധതി (KISSAN KERALA) ഉന്നത നിലവാരത്തിൽ തുടരാനുള്ള സഹായം നൽകണം.

## 38. കാർഷിക ആസൂത്രണവും ബജറ്റുമായി ബന്ധപ്പെട്ട നയങ്ങൾ 193

38.2 നയം 281. സർക്കാർ കൃഷിക്ക് നൽകിവരുന്ന മുൻഗണന നിലനിർത്തണം.

38.3 നയം 282. കൃഷി-അനുബന്ധമേഖലകൾക്ക് കൂടുതൽ പദ്ധതികളും ഫണ്ടുകളും നീക്കിവയ്ക്കുന്നതിനായി പ്രത്യേക കാർഷിക ബജറ്റ് അവതരിപ്പി ക്കണം.

38.4 നയം 283. കൃഷിവകുപ്പിന്റെ വാർഷികപദ്ധതികൾ രൂപവല്കരിക്കുമ്പോൾ നീർമറിയെ അടിസ്ഥാനമാക്കിയുള്ള പ്രാദേശിക ആസൂത്രണ രേഖ കൾക്ക് ഊന്നൽ നൽകേണ്ടതാണ്.

38.5 നയം 284. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ബജറ്റിൽ കൃഷിക്ക് കുറ ഞ്ഞത് 40% എങ്കിലും വകയിരുത്തണമെന്ന മുൻ നിർദേശം കർശന മായി നടപ്പിലാക്കുകയും അതുവഴി കർഷകർക്ക് അവർ അർഹിക്കുന്ന സഹായം കിട്ടുന്നു എന്നുറപ്പുവരുത്തുകയും ചെയ്യണം.

## 39. കൃഷിവകുപ്പിന്റെ സേവനങ്ങൾ പരമാവധി കാര്യക്ഷമമാക്കാനുള്ള നിർദ്ദേശങ്ങളും നയങ്ങളും. 196

39.3 നയം 285. കൃഷിവകുപ്പിനെ ആധുനികവല്കരിച്ച് കാർഷിക വികസന-കർഷകക്ഷേമ വകുപ്പ് എന്ന് പുനർനാമകരണം ചെയ്യണം.

39.4 നയം 286. നിലവിലുള്ള കർഷകകുടുംബങ്ങളുടെ എണ്ണവും ജോലിഭാരവും കണക്കിലെടുത്ത് ഗ്രാമപഞ്ചായത്ത് തലത്തിലുള്ള കൃഷിഭവനുക ളുടെ പ്രവർത്തനം പുനഃസംഘടിപ്പിക്കാനുള്ള അടിയന്തിരനടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണം.

39.5 നയം 287. കർഷകർക്ക് ആവശ്യമുള്ള സേവനങ്ങൾ യഥാസമയം ലഭ്യമാക്കാനും അതുവഴി അവരുടെ പ്രവർത്തനങ്ങൾ കൂടുതൽ പ്രത്യുല്പാദനകരമാക്കാനും പാകത്തിൽ ഉദ്യോഗസ്ഥരെ സജ്ജരാക്കാൻ കൃഷി വകുപ്പിനെ പ്രാപ്തമാക്കണം.

39.6 നയം 288. വിവരസാങ്കേതികവിദ്യയുടെ വളർച്ചയ്ക്കനുസരിച്ചുള്ള വ്യതിയാനങ്ങളുമായി പൊരുത്തപ്പെടാൻ പാകത്തിൽ സാങ്കേതിക വിജ്ഞാന വിനിമയവും വ്യക്തിപരമായ സമീപനങ്ങളും പുനഃസംഘടിപ്പിക്കേണ്ടതുണ്ട്.

39.7 നയം 289 വികേന്ദ്രീകൃത ആസൂത്രണ പരിപാടികളുടെ സംസ്ഥാനതല മോണിറ്ററിങ്ങ് കൃഷി വകുപ്പിന്റെ നേതൃത്വത്തിൽത്തന്നെ നടത്തണം. ഇതിന് തദ്ദേശ സ്വയംഭരണവകുപ്പും *കില* യുമായി ചേർന്ന് പ്രവർത്തിക്കുന്ന ഒരു പ്രത്യേക വിഭാഗം തന്നെ രൂപവല്കരിക്കുകയും വേണം.

39.8 നയം 290. കാർഷിക ഉപദേശക സേവനം മെച്ചപ്പെടുത്തുന്നതിനും ചെറുകിട കർഷകർക്ക് സാങ്കേതിക അറിവ് പകർന്ന് നൽകാനും പര്യാപ്തമായ വിധത്തിൽ ജില്ലാ തലത്തിൽ ഒരു *വിജ്ഞാനകേന്ദ്രം* രൂപവല്കരിക്കണം.

39.9 നയം 291. സംസ്ഥാനത്ത് കാർഷിക വികസനത്തിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാ സ്ഥാപനങ്ങളുമായും കൂടുതൽ ഫലപ്രദമായ സഹകരണവും പങ്കാളിത്തവും ഉറപ്പാക്കാൻ കൃഷിവകുപ്പിന് കഴിയണം.

39.10 നയം 292. അസിസ്റ്റന്റ് ഡയറക്ടർ ഓഫീസിന്റെ ഔദ്യോഗികഘടന ജോലി ഭാരവുമായി താരതമ്യപ്പെടുത്തി കൂടുതൽ ശക്തിപ്പെടുത്തണം.

39.11 നയം 293. ഭരണതലം, വിജ്ഞാനവിനിമയം, സാങ്കേതിക വിദ്യാകൈമാറ്റം, പദ്ധതി നിർവ്വഹണം, വിശകലനം തുടങ്ങി വകുപ്പിന്റെ എല്ലാ തലങ്ങളിലും നവീകരണം വരുത്തുക എന്നത് സർക്കാരിന്റെ മുൻഗണനാ ലക്ഷ്യമായി നടപ്പാക്കണം.

39.12 നയം 294. വകുപ്പിന്റെ ഗുണനിലവാര പരിപാലന സംവിധാനം മെച്ചപ്പെടുത്തും വിധം നിലവിലുള്ള ആഡിറ്റിങ്ങ് രീതി സമ്പൂർണ്ണമായി പുനർ നവീകരിക്കണം.

39.13 നയം 295. കൃഷിവകുപ്പിലെ ഉദ്യോഗസ്ഥർക്ക് ദിശാബോധം നൽകാനും റഫറൻസിനുമായി അടിയന്തിരമായി ഒരു *കൃഷിവകുപ്പ് മാനുവൽ* പ്രസിദ്ധീകരിക്കുന്നത് അവരുടെ കാര്യക്ഷമതാ വർദ്ധനവിന് സഹായിക്കും.

39.14 നയം 296. മണ്ണുപരിശോധന അടിസ്ഥാനമാക്കിയുള്ള വളപ്രയോഗം പ്രോത്സാഹിപ്പിക്കുന്നതിന് കൃഷിവകുപ്പിന്റെ കീഴിലുള്ള ജില്ലാതല മണ്ണുപരിശോധനാശാലകളെ ശക്തിപ്പെടുത്തുകയും പോഷക നിലവാര പരിശോധനകളോടൊപ്പം സസ്യാരോഗ്യ നിർണ്ണയരീതികൾ കൂടി ഉൾപ്പെടുത്തി അവയെ മണ്ണ്-സസ്യാരോഗ്യ ക്ലിനിക്കുകൾ (Soil Plant Health Clinics) ആയി വികസിപ്പിക്കുകയും വേണം.

39.15 നയം 297. കുറഞ്ഞ സമയത്തിനുള്ളിൽ പരിശോധനാഫലങ്ങൾ ലഭ്യമാക്കുവാൻ പര്യാപ്തമായ വിധം രാസവള ഗുണപരിശോധനാശാല പ്രാപ്തമാക്കുകയും അതിലൂടെ കർഷകർക്ക് ഗുണ നിലവാരമുള്ള രാസവളങ്ങൾ ഉറപ്പാക്കുകയും വേണം.

39.16 നയം 298. കീടങ്ങളുടേയും രോഗങ്ങളുടേയും നിയന്ത്രണത്തിന് ഉപയോഗിക്കുന്ന ജൈവ പദാർത്ഥങ്ങളും പരാദങ്ങളും കർഷകർക്ക് സുലഭമായി ലഭ്യമാക്കണം. ഇതിനായി സംസ്ഥാന ബയോ-കൺട്രോൾ ലബോറട്ടറിയും പാരസൈറ്റ് ബ്രീഡിങ്ങ് സ്റ്റേഷനുകളും ശക്തിപ്പെടുത്തണം.

39.17 നയം 299. കൃഷിവകുപ്പിന്റെ കഴക്കൂട്ടത്ത് പ്രവർത്തിക്കുന്ന ബയോ - ടെക്നോളജി ആൻഡ് മോഡൽ ഫ്ലോറികൾച്ചർ സെന്റർ അർദ്ധ-ഔദ്യോഗിക അധികാരമുള്ള മികവിന്റെ കേന്ദ്രമാക്കി മാറ്റണം.

39.18 നയം 300. കൃഷിവകുപ്പിന്റെ കാർഷിക എഞ്ചിനീയറിങ്ങ് വിഭാഗം ശക്തിപ്പെടുത്തണം.

39.19 നയം 301. കർഷകരുടെ കൃഷിയിടങ്ങളിൽ പ്രാദേശിക പ്രത്യേകതകളുള്ള സാങ്കേതികവിദ്യകൾ നടപ്പാക്കുവാൻ പര്യാപ്തമാം വിധം ഗവേഷണപരിപാടിയ്ക്ക് രൂപംനൽകാൻ കൃഷിവകുപ്പിന് അധികാരം നൽകണം.

## 40. മെച്ചപ്പെട്ട സേവനങ്ങൾ നൽകുന്നതിനായി മൃഗസംരക്ഷണ വകുപ്പിനെ നവീകരിക്കൽ 205

40.5 നയം 302. പ്രവർത്തനങ്ങളുടെ ഗുണമേന്മ, പ്രധാനമായ പ്രവർത്തനങ്ങളുടെ കാര്യക്ഷമത എന്നിവ നിലനിർത്താൻ ജീവനക്കാരുടെ കാഴ്ചപ്പാടിനും പെരുമാറ്റത്തിനും നല്ല സംഭാവനങ്ങൾ നല്കാൻ കഴിയും. ഈ തത്വങ്ങൾ പ്രാവർത്തികമാക്കാൻ വേണ്ട നടപടികൾ എത്രയും വേഗം സ്വീകരിക്കണം.

40.6 നയം 303. മൃഗസംരക്ഷണവകുപ്പിലെ ഉദ്യോഗസ്ഥരെ പൊതുവിഭാഗമെന്നും വിഷയവിദഗ്ദ്ധരെന്നും തരംതിരിച്ച് വകുപ്പിന്റെ സേവനം മെച്ചപ്പെടുത്താൻ അവരെ ഉപയോഗിക്കേണ്ടതാണ്.

40.7 നയം 304. മെച്ചപ്പെട്ട നിരീക്ഷണത്തിനും, ഫലപ്രാപ്തിയുള്ള പദ്ധതി രൂപവല്പരണത്തിനും നടത്തിപ്പിനും താലൂക്ക് തലത്തിൽ സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.

40.8 നയം 305. കർഷകർക്ക് നല്ല മരുന്നുകൾ ലഭിക്കുന്നു എന്നുറപ്പുവരുത്താൻ, വിലക്കുറവിനേക്കാൾ ഗുണമേൻമ നോക്കിയാവണം സർക്കാർ മരുന്നുകൾ വാങ്ങേണ്ടത്.

## 41. സംസ്ഥാന കാർഷിക ഗവേഷണ നയം 208

41.5 നയം 306. സംസ്ഥാനത്തെ നിലവിലെ കാർഷിക സാഹചര്യങ്ങൾക്കനുസരണമായി കാർഷികസർവ്വകലാശാലയുടെ ലക്ഷ്യങ്ങൾ പുനർനിർവ്വചിക്കേണ്ടതുണ്ട്.

41.6 നയം 307. കാർഷികസർവ്വകലാശാലയുടെ കടബാധ്യത തീർക്കുന്നതിന് സർക്കാർ ഒറ്റത്തവണ ഗ്രാന്റ് നൽകി സഹായിക്കണം.

41.7 നയം 308. കാർഷികസർവ്വകലാശാലയെ വിഭജിച്ച് കൂടുതൽ പുതിയ സർവ്വകലാശാലകളും കാമ്പസുകളും കോളേജുകളും സൃഷ്ടിച്ച പുതിയ രീതി അനഭിലഷണീയവും വിദ്യാഭ്യാസ ഗുണമേന്മയെ പ്രതികൂലവുമായി ബാധിക്കുന്നതുമാണ്.

41.8 നയം 309. കൃഷി, മൃഗസംരക്ഷണം, ഫിഷറീസ്, സാമൂഹ്യ വനവല്കരണം, തുടങ്ങിയ വകുപ്പുകളുടെ മൊത്തം പദ്ധതി വിഹിതത്തിന്റെ 15% എങ്കിലും സർവ്വകലാശാലക്ക് ഗവേഷണത്തിനായി നൽകുന്നുവെന്ന് സർക്കാർ ഉറപ്പുവരുത്തണം.

41.9 നയം 310. കാലികമായി ഉയർന്നുവരുന്ന വിഷയങ്ങളും മേഖലകളും കാർഷിക സർവ്വകലാശായുടെ വിദ്യാഭ്യാസ പരിപാടികളിൽ ഇടം നേടണം.

41.10 നയം 311. കാർഷികസർവ്വകലാശാലയിലെ ഗവേഷണത്തിന്റെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന് അനുയോജ്യമായ സാഹചര്യമൊരുക്കണം.

41.11 നയം 312. സാങ്കേതികവിദ്യകളുടെ വികസനവും കൃഷിക്കാരുടെ ആവശ്യകതയും അടിസ്ഥാനപ്പെടുത്തി ഗവേഷണ ആവശ്യങ്ങളെ പുനർഃനിർവചിക്കണം.

41.12 നയം 313. പുതിയ തലങ്ങളിലുള്ള ഗവേഷണങ്ങളിൽ സർക്കാർ ശ്രദ്ധ ചെലുത്തണം.

41.13 നയം 314. ഗവേഷണ ലക്ഷ്യം അടിസ്ഥാനമാക്കിയുള്ള സ്ഥാപനമായി കാർഷികസർവ്വകലാശാലയെ മാറ്റുകയും ഇത് മുൻനിർത്തി പൊതുഭരണവ്യവസ്ഥ മെച്ചപ്പെടുത്തി സർവ്വകലാശാലയുടെ സ്വയംഭരണസ്വഭാവം ഉറപ്പാക്കുകയും വേണം. ഈ രംഗത്ത് ICAR മാതൃകാ നിയമം സർക്കാർ ഉടനടി നടപ്പിൽവരുത്തണം.

## 42. മൃഗസംരക്ഷണമേഖല ഗവേഷണ പരിഗണനാ നയങ്ങൾ



42.3 നയം 315. മൃഗസംരക്ഷണ ഉല്പന്നങ്ങളുടെ കഴിഞ്ഞകാല ആവശ്യങ്ങൾ നിറവേറ്റിയിരുന്നത് പുതിയ ജനുസ്സുകൾ, സങ്കരപ്രജനനം, ജനിതക തെരഞ്ഞെടുപ്പ് തുടങ്ങിയ പരമ്പരാഗത രീതികളിലൂടെ ആയിരുന്നെങ്കിൽ; ഭാവിയിലെ ആവശ്യങ്ങൾ നിറവേറ്റുക പുതിയ സങ്കേതങ്ങളിലൂടെയാവും.

42.4 നയം 316. ദഹന, ഉപാപചയപ്രവർത്തനങ്ങൾ, തീറ്റയെടുപ്പ് എന്നിവ മൃഗസമ്പത്തിന്റെ മികച്ച പ്രകടനത്തിൽ എങ്ങനെ സ്വാധീനിക്കുന്നു എന്ന ഗവേഷണം വെറ്ററിനറി സർവ്വകലാശാല ഏറ്റെടുക്കണം.

42.5 നയം 317. സാംക്രമികരോഗങ്ങൾ അതിന്റെ എല്ലാ വൈവിധ്യങ്ങളുമായി ഒരു ഭീഷണിയായിത്തന്നെ തുടരുമ്പോൾ, പൂർണ്ണമായും അപ്രതീക്ഷിതമായി എത്തുന്ന രോഗങ്ങളെ മുൻകൂട്ടി അറിയാൻ ആധുനികകാലത്തെ മാറ്റങ്ങൾക്കിണങ്ങുന്ന ഒരു നിരീക്ഷണ -പ്രവചന സംവിധാനം വേണം.

42.6 നയം 318. ജൈവഭൗതിക ചുറ്റുപാടുകളുമായി തട്ടിച്ചുനോക്കുമ്പോൾ മൃഗസമ്പത്തിന്റേയും മൃഗോല്പാദനത്തിന്റേയും സാമൂഹ്യ-സാംസ്കാരിക പശ്ചാത്തലം ഏറെ പഠനവിധേയമാക്കിയിട്ടില്ല. ഇക്കാര്യത്തിൽ സംയോജിതമായ ഒരു ഗവേഷണസമീപനം വേണം.

## 43. കർഷകരെ പ്രോത്സാഹിപ്പിക്കാൻ ആവശ്യമായ നയങ്ങൾ 216

43.3 നയം 319. കർഷകദിനം ആചരിക്കുന്ന ആഴ്ചയിൽത്തന്നെ കർഷക അവാർഡുകൾ നൽകുകയും; എന്നാൽ 2 വർഷത്തിൽ ഒരിക്കൽ എന്ന് കൃത്യതപ്പെടുത്തുകയും വേണം.

43.4 നയം 320. അവാർഡ് നിർണ്ണയ മാനദണ്ഡങ്ങൾ നൂതനാശയങ്ങളുടെ അടിസ്ഥാനത്തിൽ കാലാകാലങ്ങളിൽ പുതുക്കുകയും നിഷ്പക്ഷ മായും തെറ്റു കൂടാതെയും അവാർഡുകൾ നിർണ്ണയിക്കുകയും വേണം.

## 44. ബയോടെക്നോളജിയെയും ജനിതകവിളകളെയും സംബന്ധിച്ച നയങ്ങൾ 217

## 45. ദുർബലവിഭാഗക്കാരെ ശാക്തീകരിക്കാൻ നയരൂപവല്കരണം 218

45.4 നയം 321. പാരമ്പര്യകൃഷിരീതികളും നൂതന കാർഷിക സാങ്കേതികവിദ്യകളും കൂട്ടിയിണക്കി ആദിവാസികളുടെ പാരമ്പര്യ കൃഷിരീതിയെ പുനരുജ്ജീവിപ്പിക്കാൻ സർക്കാർ അടിയന്തിര നടപടി സ്വീകരിക്കണം.

45.5 നയം 322. ശരിയായ കാർഷികോപകരണങ്ങൾ, മെച്ചപ്പെട്ട വിളകൾ, സംയോജിത കീടനിയന്ത്രണ മാർഗ്ഗങ്ങൾ, സംരക്ഷിതകൃഷി, ജൈവ നൈട്രജൻ ഫിക്സേഷൻ തുടങ്ങിയ സാങ്കേതികവിദ്യകൾ കാർഷിക വികസനത്തിൽ ഉൾപ്പെടുത്തി ഇത് സ്ത്രീകളുടെ ഉന്നമനത്തിനായി പ്രയോജനപ്പെടുത്തണം.

## 46. കാർഷികനയവും കൃഷി - അനുബന്ധമേഖലയിലെ പൊതുമേഖലാ സ്ഥാപനങ്ങളും 220

46.2 നയം 323. കർഷകനും ഉപഭോക്താവും ഇഷ്ടപ്പെടുന്ന തരത്തിൽ കൃഷി - അനുബന്ധ മേഖലയിലുള്ള പൊതു മേഖലാ സ്ഥാപനങ്ങൾക്ക് ഒരു സമൂല മാറ്റം അനിവാര്യമാണ്.

## ഉപസംഹാരം

## മുഖവുര

# പുത്തനുണർവോടെ കൃഷിയിലേക്ക്...

**ഏ**തൊരു ലോകരാഷ്ട്രത്തിനും അതിന്റെ സമാധാനകാലങ്ങളിലും ദുരന്തകാലങ്ങളിലും ഒരുപോലെ ഭക്ഷ്യപിൻതുണ ഉറപ്പാക്കാൻ കെല്പുള്ള രാജ്യമാണ് ഇന്ന് ഇന്ത്യ. എഴുപതുകളുടെ തുടക്കംവരെ ഇന്ത്യയെ യാചനാപാത്രമായി മുദ്രകുത്തിയവർ ആരും ഇന്ന് നമ്മളെ അങ്ങനെ പരിഹസിക്കാൻ ധൈര്യപ്പെടുന്നില്ല. നമ്മുടെ ഭക്ഷ്യോല്പാദനം 254 ദശലക്ഷം ടൺ കടന്നപ്പോൾ ഭക്ഷ്യഇറക്കുമതിയിൽ കണ്ണുംനട്ടിരിക്കുന്ന രാജ്യങ്ങളെല്ലാം സന്തോഷിച്ചത് ഇന്ത്യയുടെ നേട്ടം തങ്ങളെയും ഭക്ഷ്യസുരക്ഷയിലാക്കുന്നു എന്ന സത്യം തിരിച്ചറിഞ്ഞാണ്. സ്വാതന്ത്ര്യാനന്തരം ഇത്രയും തിളക്കമാർന്ന മറ്റൊരു നേട്ടം ഇന്ത്യ കൈവരിച്ചിട്ടുണ്ടാവില്ല. ഭക്ഷ്യോല്പാദനത്തിലെ ഈ കുതിച്ചുചാട്ടം നൽകിയ ധൈര്യം തന്നെയാണ് 1.34 ലക്ഷം കോടി രൂപ ചെലവിൽ 80 കോടി ജനങ്ങൾക്ക് ആഹാരം അവകാശമാക്കിയുള്ള ഭക്ഷ്യസുരക്ഷാബിൽ പോലെ ബൃഹത്തായ ഒരു പദ്ധതി നടപ്പാക്കാൻ ഇന്ത്യയെ പ്രാപ്തമാക്കിയത്. ഇത് പ്രാവർത്തികമാവുന്നതോടെ 120 കോടി ജനങ്ങളും 100 കോടി വളർത്തുമൃഗങ്ങളുമുള്ള നമ്മുടെ രാജ്യം ലോകത്തിന് കാഴ്ചവയ്ക്കുന്നത് നിയമനിർമാണത്തിൽ സമാനതകളില്ലാത്ത ഒരു മാതൃക തന്നെയാവും.

## അണിയറയിൽ

ഈ വിജയഗാഥയിലെ നായകർ അക്ഷീണരായി പണിയെടുക്കുന്ന നമ്മുടെ കർഷകർ തന്നെയാണ്; വിശേഷിച്ചും ചെറുകിട-നാമമാത്ര കർഷകർ. സ്വാതന്ത്ര്യത്തിന്റെ വേളയിൽ ജനസംഖ്യയുടെ 70 ശതമാനമുണ്ടായിരുന്ന കർഷകർ ഇന്ന് 50 ശതമാനത്തിലേക്ക് ചുരുങ്ങിയിരിക്കുന്നു. എങ്കിലും മറ്റൊരുതരത്തിൽ വിജയമായി ഇതിനെ വ്യാഖ്യാനിക്കാൻ കഴിയും. സ്വാതന്ത്ര്യപ്പുലരിയിൽ 35 കോടിയുണ്ടായിരുന്ന നമ്മുടെ ജനസംഖ്യ ഇന്ന് 120 കോടി കടന്നിരിക്കുന്നു. അങ്ങനെനോക്കുമ്പോൾ കൃഷിയിലൂടെ ജീവിതം കണ്ടെത്തുന്നവർ യഥാർത്ഥത്തിൽ 20 കോടിയിൽനിന്നും 60 കോടിയായി വർദ്ധിച്ചിരിക്കുകയാണ്. ഇക്കാലയളവിൽ നമ്മുടെ കർഷകർ നേട്ടം കൈവരിച്ചത് ഭക്ഷ്യധാന്യങ്ങളുടെ കാര്യത്തിൽ മാത്രമല്ല; പാൽ, മുട്ട, മത്സ്യം, മാംസം, സുഗന്ധവ്യഞ്ജനങ്ങൾ, പാനീയവിളകൾ ഇവയൊക്കെ സമൃദ്ധമായി ഉല്പാദിപ്പിക്കപ്പെട്ടു. പരുത്തി തുടങ്ങിയ വ്യാവസായിക അസംസ്കൃത വസ്തുക്കളും, കയറ്റുമതിപ്രാധാന്യമുള്ള തേയില, കാപ്പി, ഏലം തുടങ്ങിയ വിഭവങ്ങളും സുലഭമായി വിളയിക്കപ്പെട്ടു. ഇവയെല്ലാം കേടുകൂടാതെ സൂക്ഷിക്കാനും കയറ്റുമതിചെയ്യാനുമുള്ള സംവിധാനങ്ങളും നമ്മൾ രൂപപ്പെടുത്തി. മൂല്യവർദ്ധനയിലൂടെ മെച്ചപ്പെട്ട ഉല്പന്നങ്ങൾ തയ്യാറാക്കി ആഭ്യന്തര-വിദേശ വ്യാപാരങ്ങൾക്ക് ഉപയുക്തമാക്കാനും; ലോകത്തിന്റെ വിവിധയിടങ്ങളിലേക്ക് ഗുണമേന്മയുള്ള ഉല്പന്നങ്ങൾ എത്തിച്ച് ഇന്ത്യയെ ഒരു വ്യാവസായികശക്തിയാക്കാനും നമുക്ക് കഴിഞ്ഞു. എന്നാൽ ഇതിന് ദുഃഖകരമായ ഒരു മറുവശം കൂടിയുണ്ടായി. രാഷ്ട്രത്തിന്റെ ഈ നേട്ടങ്ങൾക്കിടയിലും അതിന്റെ യഥാർത്ഥ കാരണക്കാരായ കർഷകർ തമസ്കരിക്കപ്പെട്ടു. ലാഭത്തിന്റെ വളരെ ചെറിയൊരംശം മാത്രമാണ് അവർക്ക് കൈമാറിക്കിട്ടിയത്. വർദ്ധിച്ചുവന്ന ജീവിതാവശ്യങ്ങൾക്കു മുന്നിൽ അവർ പകച്ചുനിന്നു. കാർഷികപുരോഗതിയിൽനിന്നും നേട്ടം കൊയ്തത് കർഷകരിൽനിന്നും ഉല്പന്നങ്ങൾ വാങ്ങി കൈകാര്യംചെയ്ത ഇടനിലക്കാരും കച്ചവടക്കാരും; ഒപ്പം മൂല്യവർദ്ധനയിലൂടെ ലാഭമുണ്ടാക്കിയ വ്യവസായികളുമാണ്. അങ്ങിനെ ലോകത്തിലെ സാമ്പത്തികഭീമന്മാരുടെ നിരയിൽ കുറെ ഇന്ത്യാക്കാരായ കോടിപതികളെ സമ്മാനിക്കാൻ ഈ കാർഷികവിപ്ലവം കാരണമായി എന്നതാണ് വാസ്തവം.

## വെല്ലുവിളികൾ

കാർഷികരംഗത്ത് ഇന്ത്യക്ക് ഇന്ന് ലോകരാഷ്ട്രങ്ങൾക്കിടയിൽ പ്രമുഖ സ്ഥാനം തന്നെയാണുള്ളത്. സ്വാതന്ത്ര്യാനന്തരമുള്ള ആറ് പതിറ്റാണ്ടുകൾ ഇന്ത്യക്ക് സമ്മാനിച്ചത് കാർഷികോല്പാദനത്തിലെ കുതിച്ചുചാട്ടം മാത്രമല്ല; ഈ രംഗത്ത് സ്വയംപര്യാപ്തമാണ് എന്ന പ്രതിച്ഛായ കൂടിയാണ്.

*പക്ഷേ ഈ വിജയമുദ്രകൾക്ക് നമ്മെ ചിന്തിപ്പിക്കാൻ പ്രേരിപ്പിക്കുന്ന ഒരു ഇരുണ്ടവശം കൂടിയുണ്ട്. ലോകത്തെ പോഷകാഹാരക്കുറവുള്ള ജനതയുടെ 27 ശതമാനം ഇന്ത്യാക്കാരാണ്. മൂന്നുവയസ്സിൽ താഴെയുള്ള കുട്ടികളിൽ 79.2 ശതമാനവും, സ്ത്രീകളിൽ 56.2 ശതമാനവും, പുരുഷൻമാരിൽ 24.3 ശതമാനവും പോഷകാഹാരക്കുറവുകൊണ്ടു വിഷമിക്കുന്നവരും വിളർച്ച ബാധിച്ചവരുമാണ്. ലോകത്ത് വിശപ്പടക്കാൻ ബുദ്ധിമുട്ടുന്നവർ ഏറ്റവും കൂടുതൽ ഇന്ത്യയിലാണ് എന്നത് ലജ്ജാകരമാണ്. ഇവിടെ 5 വയസ്സെത്തും മുമ്പേ 21 ലക്ഷം കുട്ടികൾ ഓരോ വർഷവും മരണത്തിന് കീഴടങ്ങുന്നു. 5 വയസ്സിനു താഴെയുള്ള കുട്ടികളിൽ 60 ശതമാനവും ഭാരക്കുറവുള്ളവരോ വളർച്ച മുരടിച്ചവരോ ആണ്. നവജാതശിശുക്കളിൽ 30 ശതമാനവും അമ്മമാരുടെ ആരോഗ്യക്കുറവുമൂലം തീരെ ഭാരക്കുറവുള്ളവരാണ്. ദാരിദ്ര്യ നിർമാർജനത്തിനായി നാം നിരന്തരമായി പ്രതിജ്ഞാബദ്ധതയോടെ പ്രവർത്തിക്കുന്നുവെങ്കിലും ഐക്യരാഷ്ട്രസഭ പദ്ധതിപ്രകാരം 2015 ഓടെ ഈ രംഗത്ത് നേടേണ്ട ലക്ഷ്യത്തോട് ഇന്ത്യ അടുത്തെത്തുന്നതേയുള്ളൂ.*
***(ഡോ.എം.എസ്.സ്വാമിനാഥൻ)***

കൂടുതൽ ജാഗ്രതയോടെയും ദീർഘവീക്ഷണത്തോടെയുമുള്ള ഒരു സമീപനം കാർഷികരംഗത്ത് അടിയന്തിരമായി സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയാണ് ഭാരിച്ച ഈ വെല്ലുവിളികൾ നമ്മെ ഓർമ്മിപ്പിക്കുന്നത്. കാർഷിക രംഗത്തുള്ളവരിൽ 40 ശതമാനം പേർ ആദായകരമായ മറ്റു തൊഴിൽ മേഖലകളിലേക്ക് കണ്ണുംനട്ടിരിക്കുകയാണ് എന്ന് ഔദ്യോഗിക കണക്കുകൾ വ്യക്തമാക്കുന്നു. ജീവിതസുരക്ഷ മുൻനിർത്തി കാർഷികമേഖല വിട്ട് മറ്റുമേഖലകളിലേക്ക് പോകാൻ സ്വന്തം ഇളമുറക്കാരെ കർഷകരും കർഷകത്തൊഴിലാളികളും കൂടുതലായി പ്രേരിപ്പിക്കുന്നു എന്ന് ധാരാളം പഠനങ്ങൾ സൂചിപ്പിക്കുന്നു.

കർഷകരുടെ ഉല്പാദകസംഘങ്ങൾ ഈ രംഗത്തുള്ള പുതിയൊരു ചുവടുവയ്പാണ്. ചെറുകിട-നാമമാത്ര കർഷകരെ കൃഷിയിറക്കാനും, സംസ്കരണവും മൂല്യവർദ്ധനയുമുൾപ്പെടെ നടപ്പാക്കി മെച്ചപ്പെട്ട രീതിയിൽ ഉല്പന്നങ്ങൾ കൈകാര്യം ചെയ്യാനും, മികച്ച വിപണി കണ്ടെത്താനും അങ്ങിനെ പരമാവധി ലാഭം കൈവരിക്കാനും - വിവിധ ഗവേഷണ വികസന ധനകാര്യ ഏജൻസികളുടെ സഹായത്തോടെ - സന്നദ്ധരാക്കുക എന്നതാ വണം നമ്മുടെ ഭാവിസമീപനം. ഇതൊരിക്കലും കർഷകരെയും കർഷക ത്തൊഴിലാളികളെയും അവരുടെ കൃഷിഭൂമി പുതുതലമുറ മുതലാളിമാർക്കോ കോർപ്പറേറ്റുകൾക്കോ അടിയറ വച്ചശേഷം അവരെ പുതിയസംവിധാനത്തിൽ ശമ്പളംപറ്റുന്ന തൊഴിലാളികളാക്കി മാറ്റുന്നതിലേക്ക് നയിക്കാൻ പാടില്ല. ഇന്ത്യൻ കർഷകന്റെ ശക്തിയെ മറ്റൊരുതലത്തിൽ കാണാൻ കഴിയണം. തങ്ങളുല്പാദിപ്പിക്കുന്ന അസംസ്കൃതവസ്തുക്കൾ തുച്ഛമായ വിലയ്ക്ക് വിറ്റശേഷം, വാണിജ്യ-വ്യവസായശക്തികൾ സാങ്കേതികവിദ്യയും മൂലധനവും ഇറക്കി അതിൽനിന്നും പലമടങ്ങ് നേട്ടംകൊയ്യുന്നത് കണ്ടിരിക്കേണ്ടവനല്ല നാളത്തെ കർഷകൻ.

## കർഷകബന്ധുവായ നയമുണ്ടാകണം

നമ്മുടെ ദേശീയനയം ചെറുകിടകർഷകരെ സഹായിക്കാനാവണം. കർഷകരുടെ ആത്മ ഹത്യകളും, ഗ്രാമങ്ങളിൽനിന്നും കൂട്ടത്തോടെയുള്ള പലായനങ്ങളും, കൃഷിഭൂമി തരിശിടലും എല്ലാം അസ്വസ്ഥതകളാണ് വെളിവാക്കുന്നത്. തൊഴിലാളികളുടെ ദൗർലഭ്യവും കൂലിവർദ്ധന യുമെല്ലാം കൃഷി ലാഭകരമല്ലാതാക്കുകയും വിവിധരംഗങ്ങളിലെ ഉല്പാദനം സുസ്ഥിരമല്ലാ താക്കുകയും ചെയ്യുന്നു. ഇതെല്ലാം അനഭികാമ്യമായ പ്രവണതകളാണ്. മിക്കപ്പോഴും വിവിധതലങ്ങളിലുള്ള വിപണിശക്തികളെ വിലയിടിവുകളോ പ്രകൃതിദുരന്തങ്ങൾപോലുള്ള അത്യാഹിതങ്ങളോ ബാധിക്കാറില്ല. എന്നാൽ ഇത് കർഷകരെ മാത്രം നേരിട്ട് ബാധിക്കുകയും അവർക്ക് കൃഷി മുന്നോട്ടുകൊണ്ടുപോകാനുള്ള പ്രതീക്ഷകളെ തകർക്കു കയും ചെയ്യുന്നു. കാർഷികരംഗത്തുണ്ടാകുന്ന അത്യാഹിതങ്ങളും തൻമൂല മുണ്ടാകുന്ന നഷ്ടവും കർഷകൻ സ്വന്തം ചുമലിൽമാത്രം താങ്ങേണ്ടിവരുന്നു എന്നതാണ് ഇന്നത്തെ ദുരവസ്ഥ.

സ്വാതന്ത്ര്യാനന്തരമുള്ള ആറ് ദശാബ്ദക്കാലം രാജ്യത്തിന് മികച്ച സാമ്പത്തികാഭിവൃദ്ധി സമ്മാനിക്കാൻ നമ്മുടെ കർഷകർക്ക് കഴിഞ്ഞിട്ടുണ്ട്. ഗവേഷണ-വിജ്ഞാനവ്യാപന-വികസന മേഖലകളിലുണ്ടായ പുരോഗതിയും ഭരണരംഗത്തുണ്ടായ മാറ്റങ്ങളും അവർക്ക് തുണയേകി. എന്നാൽ ഇത് നല്ലരീതിയിൽ മുന്നോട്ടുകൊണ്ടുപോകുന്നതിനും കർഷകക്ഷേമം ഉറപ്പാ ക്കുന്നതിനും കൂടുതൽ ശ്രമങ്ങൾ നടത്തേണ്ടതുണ്ട്. കർഷകനൻമ ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന എല്ലാ മേഖലകളും വികസിക്കുന്നതിലൂടെ മാത്രമേ ഈ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി രാഷ്ട്രം തങ്ങളിൽ വച്ചുപുലർത്തുന്ന പ്രതീക്ഷകൾ സഫലീകരിക്കാൻ കർഷകസമൂഹ ത്തിനാവൂ. ഇത്തരം സംവിധാനങ്ങളുടെ കാര്യശേഷി വിലയിരുത്തപ്പെടുക, അവ കർഷകരുടെ വരുമാനം മെച്ചപ്പെടുത്തുന്നതിലും അഭിവൃദ്ധിയിലും എത്രമാത്രം സ്വാധീനംചെലുത്തുന്നു എന്നതിലാണ്. കർഷകസമൃദ്ധി ഉറപ്പാക്കുക എന്നതുതന്നെയാവണം ഭാവിയിലെ എല്ലാ കാർഷികവികസന പദ്ധതികളുടെയും കാതൽ. കർഷകരുടെ ക്ഷേമൈശ്വര്യങ്ങൾ രാജ്യത്തെ ഭക്ഷ്യസുരക്ഷയുടെ കാര്യത്തിൽ മാത്രമല്ല, കൃഷിയിൽനിന്നും ഉയിരെടുക്കുന്ന മറ്റെല്ലാ വികസനമേഖലകളിലും നമ്മുടെ രാജ്യത്തിന് നെടുംതൂണായിരിക്കുമെന്നത് ഉറപ്പാണ്.

## കേരളത്തിന്റെ കാർഷികവികസന നയം

1992 ലാണ് കേരളം ആദ്യമായി ഒരു കാർഷികനയം രൂപവത്കരിക്കുന്നത്. കേരളത്തിലെ കാർഷികമേഖല കടന്നുപോകേണ്ട വഴിത്താര കളെക്കുറിച്ചുള്ള ഒരു പ്രാരംഭരേഖയായിരുന്നു അത്. ഇത്തരത്തിൽ ആദ്യത്തേത് എന്നനിലയിൽ സംസ്ഥാനത്തിന് ഉപകാരപ്രദമായ പല പദ്ധതികളും ചിട്ടപ്പെടുത്താൻ ഇത് വഴികാട്ടിയായി. ഈ ഉദ്യമത്തിന് ധിഷണാപരമായ നേതൃത്വംനൽകിയ അന്നത്തെ മുഖ്യമന്ത്രി ശ്രീ.കെ.കരുണാകരൻ, കൃഷിമന്ത്രി ശ്രീ.പി.പി.ജോർജ്, കാർഷി കോല്പാദന കമ്മിഷണർ ശ്രീ.എം.എസ്.ജോസഫ് എന്നിവർ അഭിനന്ദനം അർഹിക്കുന്നു. അവിടന്നിങ്ങോട്ട് കാർഷികമേഖലയിൽ ശ്രദ്ധേയമായ മാറ്റങ്ങൾ സമ്മാനിച്ച് 20 വർഷങ്ങൾ കടന്നുപോയിരിക്കുന്നു.

ഭാവി കാർഷിക നയരൂപവത്കരണത്തിനായി ഒരു കർഷകൻ അധ്യക്ഷനായ സമിതിയെ നിയോ ഗിക്കാനുള്ള ഉറച്ച കാൽവെയ്പാണ് നിലവിൽ കേരളസർക്കാർ സ്വീകരിച്ചിരിക്കുന്നത്. കാർഷിക സമൂഹത്തിൻമേൽ ഭരണസംവിധാനത്തിനുള്ള ദൃഢവിശ്വാസമായി ഞാനിതിനെ കാണുന്നു. ഈ വിശ്വാസസമർപ്പണത്തിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ.ഉമ്മൻചാണ്ടിയോടും കൃഷി-മൃഗസംരക്ഷണ വകുപ്പ് മന്ത്രി ശ്രീ.കെ.പി. മോഹനോടും മന്ത്രിസഭയിലെ മറ്റംഗങ്ങളോടുമുള്ള കൃതജ്ഞത പ്രകാശി പ്പിക്കുന്നതോടൊപ്പംതന്നെ കേരളം ഈ സമിതിയെ ഏൽപ്പിച്ചിരിക്കുന്ന ഭാരിച്ച ഉത്തരവാദിത്വം തിരിച്ചറിയുകയും ചെയ്യുന്നു.

***തുടക്കം***

റിപ്പോർട്ടിന്റെ ആമുഖത്തിലും മറ്റുപേജുകളിലും പരാമർശി ച്ചിട്ടുള്ളതുപോലെ കാർഷിക-അനുബന്ധമേഖലകളിലെ പരമാവധി വ്യക്തികളുമായി ആശയവിനിമയം നടത്തുകയും അഭിപ്രായനിർദ്ദേശങ്ങൾ ശേഖരിക്കുകയും ചെയ്തിട്ടുണ്ട്. കർഷകർ, നേതാക്കൾ, കർഷക സംഘടനകൾ, ത്രിതലപഞ്ചായത്ത് ഭാരവാഹികൾ, ശാസ്ത്രജ്ഞർ, വിദ്യാഭ്യാസവിചക്ഷണർ, മാധ്യമ പ്രതിനിധികൾ, കാർഷിക പത്രപ്രവർത്തകർ, വിജ്ഞാനവ്യാപന വിദഗ്ധർ, സാമ്പത്തികവിദഗ്ധർ, പുരസ്കാരജേതാക്കൾ, വികസനവകുപ്പുകൾ, തൊഴിൽസംഘടനകൾ, സേവനരംഗത്തെ സംഘടനകൾ, തോട്ടംമേഖലയുടെ പ്രതിനിധികൾ തുടങ്ങി കാർഷികമേഖലയോട് ഏതെങ്കിലുംതരത്തിൽ ബന്ധം പുലർത്തുന്ന ഏതാണ്ടെല്ലാ വിഭാഗങ്ങളുമായും സംവദിക്കാൻ കഴിഞ്ഞിട്ടുണ്ട്. നിർദ്ദേശങ്ങളും വിമർശനങ്ങളും വീക്ഷണങ്ങളുമെല്ലാം തുറന്നമനസ്സോടെ ഞങ്ങളുമായി പങ്കുവയ്ക്കാൻ എല്ലാവരും കാണിച്ച സഹകരണത്തിന് ഞാൻ വ്യക്തിപരമായി കടപ്പെട്ടിരിക്കുന്നു. കാർഷികരംഗത്ത് നിലവിലുള്ള അവസ്ഥ യാഥാർത്ഥ്യബോധത്തോടെ തിരിച്ചറിയാനും, ദൈവത്തിന്റെ സ്വന്തംനാട്ടിൽ കൃഷിയെ ആകർഷകമായ ഒരു സംരംഭമാക്കി സ്വാംശീകരിക്കാനുള്ള ഈ ഉദ്യമത്തിന് കരുത്തുപകരാനും - ഈ കൂട്ടായ്മ വലിയൊരളവിൽ കാരണമായി എന്നത് പ്രത്യേകം സ്മരിക്കുന്നു.

***പശ്ചാത്തലം***

വിവിധതലങ്ങളിൽ അനുഭവിക്കുന്ന വ്യത്യസ്തങ്ങളായ പ്രതിസന്ധി കൾക്കിടയിലും, പ്രതിഹെക്ടർ കൃഷിഭൂമിയിൽ നിന്ന് പരമാവധി വരുമാന മുണ്ടാക്കുന്ന കാര്യത്തിൽ ഇന്ത്യയിൽ മുന്നിൽനിൽക്കുന്നത് കേരളം തന്നെ യാണ്. ഒരു ഹെക്ടറിൽ നിന്നും 53000 രൂപയാണ് കേരളമുണ്ടാക്കുന്നത്. മറ്റൊരു സംസ്ഥാനത്തിനും ഈ നേട്ടം കൈവരിക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. പാടങ്ങളും കരഭൂമിയുമുൾപ്പെടെ വലിയൊരളവ് കൃഷിയിടം പാർപ്പിടം, ഗതാഗതം, ടൂറിസം, വിനോദം തുടങ്ങി ഒഴിച്ചുകൂടാനാവാത്ത നിരവധി സാമൂഹ്യാവശ്യങ്ങൾക്കായി മാറ്റപ്പെടുമ്പോൾപോലും കമ്പോളത്തിലും കയറ്റുമതിയിലും മുൻനിരയിൽ നിൽക്കുന്ന ഏറ്റവും ഗുണനിലവാരമുള്ള ഉല്പന്നങ്ങളാണ് കേരളത്തിലെ കർഷകർ ഉല്പാദിപ്പിക്കുന്നത്. എന്നാൽ ഇതിന്റെ നേട്ടം കൊയ്യുന്നതാവട്ടെ മറ്റുചിലരും. ഒരുദാഹരണം നോക്കാം. കേരളത്തിലെ ഉല്പാദകൻ 22.6 രൂപയ്ക്ക് വില്ക്കുന്ന ഒരു കിലോ പാലക്കാടൻ മട്ട അരി രാജ്യത്തെ മെട്രോ വിപണികളിൽ ഉപഭോക്താവിന് ലഭിക്കുന്നത് 65-70 രൂപക്കാണ്. വിലയിലെ ഈ അന്തരം ലാഭമാക്കുന്നത് ഒന്നോ രണ്ടോ ഇടനിലക്കാരാണ്. വെല്ലുവിളികൾ അതിജീവിച്ച് ഉല്പന്നമുണ്ടാക്കുന്ന കർഷകന് ഇതിന്റെ ഗുണഫലം ലഭിക്കാത്തതിന് കാരണം അവൻ എപ്പോഴും അസംസ്കൃത വസ്തു ഉല്പാദിപ്പിച്ച് എത്തിച്ചുകൊടുക്കുന്ന വെറുമൊരു തുടക്കക്കാരനായി നിൽക്കേണ്ടിവരുന്നു എന്നതാണ്. കുരുമുളക്, റബ്ബർ, കശുവണ്ടി, നാളികേരം, പച്ചക്കറികൾ, പഴവർഗങ്ങൾ, ഇഞ്ചി, പാൽ, മുട്ട, മാംസം തുടങ്ങി ഏതാണ്ടെല്ലാ കാർഷികോല്പന്നങ്ങളുടെ കാര്യത്തിലും ഇതുതന്നെയാണ് സ്ഥിതി. കേരളത്തിന്റെ കാർഷികവ്യവസ്ഥയുടെ വലിയൊരു ദൗർബല്യമാണിത്.

ചുരുക്കത്തിൽ; ഉപഭോക്താക്കൾ നല്ല ഉല്പന്നങ്ങൾ കൂടിയവില നൽകി വാങ്ങുമ്പോഴും, യഥാർത്ഥ അവകാശികളായ കർഷകർക്ക് അതിന്റെ ഗുണഫലം നിഷേധിക്കപ്പെടുന്നത്, ഇടനിലക്കാരുടെ കരുത്തിലാണ്. സമർത്ഥമായ പരസ്പരബന്ധവും സാങ്കേതികവിദ്യയുടെ പിൻബലവും പണക്കൊഴുപ്പും കൂട്ടിയിണക്കി വിപണിയിലെ ശക്തൻമാരായ ഈ ഇടനിലക്കാർ കർഷകരുടെ ചെലവിൽ അതിസമ്പന്നരാവുന്നു. ഈ വ്യാപാരരഹസ്യത്തിന്റെ ഒരു ചെറിയ കണക്കെടുപ്പ് നടത്താൻ പോലും നമുക്കിതുവരെ കഴിഞ്ഞിട്ടില്ല.

അതുകൊണ്ടുതന്നെ ഇന്നത്തെ പ്രധാന ആവശ്യം ഉല്പാദനത്തോടൊപ്പം സംഭരണവും സംസ്കരണവും മൂല്യവർദ്ധനയും ആഭ്യന്തരവിപണനവും കയറ്റുമതിയുമെല്ലാം, സ്വന്തമായോ സമാന കൂട്ടായ്മകളിലൂടെയോ ചെയ്യാൻ കാര്യപ്രാപ്തിയുള്ള കർഷകരുടെ സ്വന്തം ഉല്പാദക സംഘങ്ങൾ രൂപപ്പെടുത്തുക എന്നതാണ്. ഇത് അവരുടെ വരുമാനത്തിൽ കാര്യമായ വർദ്ധന യുണ്ടാക്കുകയും തദ്വാരാ സംരംഭങ്ങൾ മെച്ചപ്പെടുത്താൻ അവരെ ത്രാണിയുള്ളവരാക്കുകയും ചെയ്യും. പുതുതലമുറക്ക് ഇതിന്റെ നേട്ടങ്ങൾ പകർന്നുനൽകാനും സമൂഹത്തിന്റെ പരിഗണനയും ബഹുമാനവും ഉറപ്പാക്കി മാന്യമായ ഒരുജീവിതം നയിക്കാനും അവർക്ക് കഴിയും. ഭാവിയിലുണ്ടാവുന്ന എല്ലാ കാർഷിക കർമ്മപരിപാടികളും ഈ ലക്ഷ്യത്തിന് ഊന്നൽ കൊടുത്തേ മതിയാവൂ; കർഷകരുടെ വരുമാനവർദ്ധവും മെച്ചപ്പെട്ട ലാഭവും നമുക്കിനിയും വിസ്മരിക്കാ നാവില്ല. ഈ ലക്ഷ്യങ്ങൾ നേടിയെടുക്കാൻ എത്രമാത്രം ശേഷിയുണ്ട് എന്നതാവണം ഇനി ഓരോ പദ്ധതിയുടെയും വിജയത്തിന്റെ അളവുകോൽ.

## നിറയെ അവസരങ്ങൾ

കേരളത്തിലെ കാർഷികരംഗം തുറന്നിടുന്നത് അവസരങ്ങളുടെ സമൃദ്ധിയാണ്. ഒരു തൊഴിൽ എന്നനിലയിൽ കൃഷി ഇന്നും വ്യാഖ്യാനിക്കപ്പെട്ടു തുടങ്ങിയിട്ടേയുള്ളൂ. തോട്ടം മേഖലയിലൊഴികെ വിസ്തൃതമായ കൈവശഭൂമിയുള്ളവർ ഏറെക്കുറെ വിരളമാണിന്ന്. 66.5 ലക്ഷം കൃഷിയിടങ്ങളിൽ 95.17 ശതമാനവും ഒരു ഹെക്ടറിൽ താഴെ വിസ്തൃതിയുള്ളവയാണ്. ഇതിൽത്തന്നെ സിംഹഭാഗവും 5 സെന്റിനും 25 സെന്റിനും ഇടയിലാണ്. എന്നാൽ കേരളത്തിന്റെ സവിശേഷമായ ഭൂപ്രകൃതിയും കാലാവസ്ഥയും താരതമ്യേന തീരെക്കുറഞ്ഞ വിസ്തൃതിയിൽ നിന്നോ കൃഷിഭൂമിയില്ലാതെപോലുമോ നിരവധി സംരംഭങ്ങൾ സാധ്യമാക്കാൻ പോന്നതാണ്. തേനീച്ചവളർത്തലും കൂൺകൃഷിയും പൂകൃഷിയും പുഷ്പസംസ്കരണവും കെട്ടിയിട്ടുള്ള ആടുവളർത്തലും കൂട്ടിലടച്ചുള്ള കോഴിവളർത്തലും രണ്ടുപശുക്കളുള്ള ഡയറിയും അലങ്കാരമത്സ്യകൃഷിയുമെല്ലാം ചുരുങ്ങിയ കൃഷിയിടങ്ങളിൽ നിറയുന്ന അവസരങ്ങളാണ്. ഇത് നമുക്ക് പുതിയ ഉൾക്കാഴ്ച നൽകുന്നു. കൃഷിഭൂമിയുടെ പരിമിതിയുള്ളവർക്കുപോലും ഗുണമേന്മയുള്ള ഭക്ഷ്യവസ്തുക്കളും ജൈവനിർമിതമായ അലങ്കാരവസ്തുക്കളുമൊക്കെ വിളയിച്ച് ആത്മാഭിമാനത്തോടെ വരുമാനമുണ്ടാക്കാനുമാവുന്നു. ഭൂമിയുള്ളവനും ഇല്ലാത്തവനും ഒരുപോലെ ഉല്പാദപ്രക്രിയയിൽ പങ്കുചേരുന്നു എന്നതാണ് ഇവിടെ നടപ്പാവുന്ന ആശയം. ആരോഗ്യവിപത്തുകൾ പോലും നോക്കാതെ കമ്പോളത്തിൽച്ചെന്ന് പണംകൊടുത്ത് എന്തും വാങ്ങാം എന്ന പുതുതലമുറയുടെ വികലമായ കാഴ്ചപ്പാട് മാറേണ്ടതുണ്ട്. ഒപ്പം തന്നെ സുരക്ഷിതമായ ആഹാരം ആഗ്രഹിക്കുന്നവർ - പഴമോ പച്ചക്കറിയോ മുട്ടയോ മാംസമോ ഏതുമാവട്ടെ- ഒരു ഭക്ഷ്യവസ്തുവസ്തുവിന്റെയെങ്കിലും ഉല്പാദനത്തിൽ പങ്കുചേരുകയും വേണം. ഭക്ഷ്യോല്പന്നങ്ങളുടെ ഗുണനിലവാരം നാൾക്കുനാൾ അനിയന്ത്രിതവും ഭയാനകവുമായി അധഃപതിക്കുന്നു എന്നതുകൊണ്ടുതന്നെ ഇക്കാര്യങ്ങളിൽ സ്വാഭാവികമായ ഒരു ആവേഗമുണ്ടാകും എന്നു കരുതാം.

## സമീപനങ്ങൾ

ഭൂദാരിദ്ര്യമനുഭവിക്കുന്ന കേരളം പോലൊരു സംസ്ഥാനത്ത് കൂടുതൽ ഭൂമിയിൽ കൃഷിയിറക്കുക എന്നത് ഭാവിയിൽ സങ്കല്പിക്കാൻ പോലുമാവില്ല. തോട്ടംമേഖലയിൽ പ്രത്യേക സമീപനം ആവശ്യമാണെന്ന് ഇത് ഓർമ്മിപ്പിക്കുന്നു. ഏതെങ്കിലും ഒരു വിള മാത്രമായി വൻതോതിൽ കൃഷിചെയ്യുകയും ഉല്പന്നങ്ങൾ സംസ്കരിച്ച് പൊതിഞ്ഞ് ഭദ്രമാക്കി സ്വദേശ വിപണികളിലേക്കോ വിദേശത്തേക്കൊ അയയ്ക്കുകയുമാണ് തോട്ടകൃഷിയുടെ രീതി.

കോളനിവാഴ്ചയുടെ സൃഷ്ടികളായി വിദേശകമ്പനികൾ വിശിഷ്യാ ബ്രിട്ടീഷ് കമ്പനികളുടെ ഉടമസ്ഥതയിലായിരുന്നു എന്നതുകൊണ്ടുതന്നെ ഇത്തരം തോട്ടങ്ങൾ എന്നും ചുറ്റുമുള്ള തദ്ദേശീയ കാർഷികവ്യവസ്ഥയിൽനിന്നും ഒറ്റപ്പെട്ടുനിന്നിരുന്നു. എന്നാൽ യഥാർത്ഥത്തിൽ ഇവ നമ്മുടെ കാർഷികമേഖലയുടെ ഭാഗം തന്നെയാണ്.

തോട്ടംമേഖലയുടെ പരിരക്ഷക്കായി പുതിയൊരു വികസനസമീപനം അടിയന്തിരമായി ഉണ്ടാവണം. പരിസ്ഥിതിപരമായും കാലാവസ്ഥാപരമായും അനുയോജ്യമായ ഇടങ്ങളിലൊക്കെ തേയിലയും കാപ്പിയും ഏലവും ഇപ്പോൾ റബ്ബറും വളരുന്നുണ്ട്. ഈ വിളകളുടെ പരിപാലനത്തിലും സംസ്കരണത്തിലുമുള്ള പ്രത്യേകതകൾ കണക്കിലെടുത്താണ് ഭൂപരിഷ്കരണനിയമത്തിൽ പോലും തോട്ടംമേഖലക്ക് പ്രത്യേക പദവി നൽകിയത്. ഭൂപരിധി നിയന്ത്രണങ്ങളിൽനിന്നും തോട്ടങ്ങൾ ഒഴിവാക്കപ്പെട്ടു. നിലവിലെ സാഹചര്യത്തിൽ പുതിയ കൃഷിയിടങ്ങൾ ലഭ്യമല്ലാത്തതിനാൽ, നിലവിലുള്ള തോട്ടങ്ങളിലെ കൃഷിയോഗ്യമായ മുഴുവൻ ഭൂമിയിലും നിശ്ചിതവിളകൾ പരമാവധി കൃഷിയിറക്കാൻ നിർബന്ധിക്കുന്ന നയം രൂപപ്പെടുത്തേണ്ടിയിരിക്കുന്നു. നിർദ്ദിഷ്ട വിളകളല്ലാതെ മറ്റൊരു വിളയും വളർത്താനായി ഈ തോട്ടങ്ങൾ ഉപയോഗിക്കപ്പെടരുത്. ഈ വിളകൾക്ക് അനുയോജ്യമായ മറ്റിടങ്ങളൊന്നും കൂടുതലായി ലഭ്യമല്ലാത്തതിനാൽ നിലവിലെ തോട്ടങ്ങൾക്ക് ക്ഷയമുണ്ടാവുന്ന ഒരു പ്രവൃത്തിക്കും - വൻതോതിലുള്ള കാലിമേച്ചിലും വിനോദസഞ്ചാരവും ആതിഥ്യകേന്ദ്രങ്ങളുൾപ്പെടെ - ഉപയോഗപ്പെടുത്താൻ പാടില്ല. ഇത് കർക്കശമായി പാലിക്കേണ്ടതുണ്ട്. ഒപ്പംതന്നെ പുതിയചെടികൾ വച്ചുപിടിപ്പിക്കൽ, ജലസംരക്ഷണം, ഉല്പന്നങ്ങളുടെ മൂല്യവർദ്ധന തുടങ്ങിയവയിലൂടെ തോട്ടങ്ങളുടെ നിലവാരമുയർത്താനായി വായ്പാസൗകര്യങ്ങളും നികുതിയിളവുകളും സാങ്കേതികവിദ്യാ നവീകരണവുമുൾപ്പെടെയുള്ള പ്രോത്സാഹനങ്ങൾ ലഭ്യമാക്കണം. മിക്കവാറും തോട്ടങ്ങളിലെ നിലവിലുള്ള ചെടികൾ അവയുടെ പ്രതീക്ഷിത ആയുസ്സുപോലും കഴിഞ്ഞവയാണ് എന്നത് ഇവയെ പുനരുജ്ജീവിപ്പിക്കേണ്ടതിന്റെ ആവശ്യകത ഊന്നിപ്പറയുന്നു. നിരവധി തേയിലത്തോട്ടങ്ങളിൽ ഇപ്പോഴും നമുക്ക് 100 വർഷത്തിലേറെ പ്രായമുള്ള ചെടികൾ കാണാം.

തോട്ടംമേഖല കേരളത്തിന്റെ സമ്പത്താവുന്നത് അവിടെനിന്നും ലഭിക്കുന്ന കാർഷികോല്പന്നങ്ങൾ കൊണ്ടുമാത്രമല്ല; മറിച്ച് ആയിരക്കണക്കിനു സാധാരണമനുഷ്യരുടെ തൊഴിലിടങ്ങളാണവ. വർഷാവർഷം തോട്ടങ്ങളിൽനിന്നും കോടിക്കണക്കിന് രൂപയാണ് വിവിധ നികുതികളായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് ലഭിക്കുന്നത്. ഇതൊക്കെ വിരൽചൂണ്ടുന്നത് തോട്ടങ്ങൾ എല്ലാ അർത്ഥത്തിലും കൃഷിയുടെ നിർവചനത്തിൽ ഉൾപ്പെടണം എന്നാണ്. അവ സംരക്ഷിക്കപ്പെടുകയും അഭിവൃദ്ധിപ്പെടുകയും ചെയ്യുന്നതിലൂടെ അതിവേഗം മാറിക്കൊണ്ടിരിക്കുന്ന സമൂഹത്തിന്റെയും വ്യാപാരത്തിന്റെയും കയറ്റുമതിയുടെയും ആവശ്യങ്ങൾ വലിയൊരളവിൽ നിറവേറ്റപ്പെടും. സംസ്ഥാനത്തിനും രാഷ്ട്രത്തിനും ഒരുപോലെ മുതൽക്കൂട്ടാവും ഇത്.

## ഭരണപരമായ ഏകോപനം വേണം

കൃഷിയും വരുമാനവും മെച്ചപ്പെടുത്താൻ കർഷകരെ സഹായിക്കുന്ന സംവിധാനങ്ങളെക്കുറിച്ചുള്ള അവലോകനം വെളിപ്പെടുത്തുന്നത് ഗവേഷണ-വികസന-വിജ്ഞാനവ്യാപന-സംസ്കരണ-വിപണന മേഖലകളിൽ മാത്രമല്ല കയറ്റുമതിയിൽപ്പോലും ഏർപ്പെട്ടിരിക്കുന്ന സ്ഥാപനങ്ങളുടെ വൈപുല്യമാണ്. ഈ ഏജൻസികൾ ഒരുക്കിനൽകുന്ന അടിസ്ഥാനസൗകര്യങ്ങളും മോശമല്ലാത്ത വായ്പാസൗകര്യങ്ങളും കൃഷി-മൃഗസംരക്ഷണ രംഗങ്ങളിലും, തേനീച്ചവളർത്തൽ-പുഷ്പകൃഷി- കൂൺവളർത്തൽ-അലങ്കാരമത്സ്യകൃഷി തുടങ്ങിയ അനുബന്ധ മേഖലകളിലും ഉപയോഗപ്പെടുത്താൻ നമ്മുടെ കർഷകർ ശ്രമിക്കുന്നുണ്ട്. എന്നാൽ ഇത്തരം സ്ഥാപനങ്ങളുടെ ഏകോപനമില്ലായ്മ ഗുരുതരമായ ഒരു പ്രശ്നം തന്നെയാണ്. അധികാരകേന്ദ്രങ്ങളുടെ മേലേത്തട്ടുമുതൽ ഏറ്റവും താഴെവരെ ഇത്തരം പരസ്പരധാരണയില്ലായ്മ ഗ്രസിച്ചിരിക്കുന്നു എന്നത് ദുഃഖകരമായ ഒരു സത്യമാണ്.

സംസ്ഥാനത്തെ തെങ്ങുകൃഷിയുടെ കാര്യംതന്നെയെടുക്കാം. 30 ഓളം ഏജൻസികളാണ് ഈ രംഗത്ത് കർഷകർക്കിടയിൽ പ്രവർത്തിക്കുന്നത്. ഇതിൽ സംസ്ഥാന-കേന്ദ്ര സർക്കാരുകളുടെ കീഴിലും സഹകരണമേഖലയിലും സാമ്പത്തികരംഗത്തുമുള്ള സ്ഥാപനങ്ങളാണ് കൂടുതൽ. ഒപ്പം സന്നദ്ധസംഘടനകളും കർഷകസംഘങ്ങളുമുണ്ട്. ഈ ഏജൻസികളെല്ലാം മത്സരിച്ച് തെങ്ങുകൃഷിയെ പ്രോത്സാഹിപ്പിക്കുന്നു എന്നവകാശപ്പെടുമ്പോൾത്തന്നെയാണ് കേരളത്തിലെ തെങ്ങുകൃഷി അതിന്റെ പരിതാപകരവും ദയനീയവുമായ മുഖം വെളിവാക്കുന്നത് എന്നത് വിരോധാഭാസമാണ്. ഒരു ഘട്ടത്തിലും പ്രവൃത്തിപരമായ ഏകോപനത്തിനായി പരിശ്രമങ്ങൾ നടക്കുന്നതേയില്ല. പൊതുഖജനാവിൽനിന്നും ഭീമമായ നികുതിപ്പണം നിരന്തരമായി ചെലവഴിച്ചിട്ടും നാളികേരോല്പാദനം വർദ്ധിക്കുന്നില്ല എന്നുമാത്രമല്ല തെങ്ങുകളെ സംരക്ഷിക്കാനുള്ള കർഷകരുടെ താല്പര്യം മെച്ചപ്പെടുത്താനുമാവുന്നില്ല. ലോകത്തിലെ പല രാജ്യങ്ങളും മെച്ചപ്പെട്ട സാങ്കേതികരീതികളിലൂടെ തെങ്ങുകൃഷി ആദായകരമാക്കി കർഷകർക്ക് കൂടുതൽ നേട്ടമുറപ്പാക്കുന്നു. പക്ഷേ ആസൂത്രിതവികസനത്തിന്റെ ആറു പതിറ്റാണ്ടുകൾ കഴിയുമ്പോൾ കേരളത്തിലെ കൃഷിയിടങ്ങളിലെ ഏറ്റവും അവഗണിക്കപ്പെട്ട വിളയായി മാറിയിരിക്കുന്നു തെങ്ങ്. അതുകൊണ്ടുതന്നെ ഏകോപിതമായ ശ്രമങ്ങളിലൂടെ നാളികേരോല്പാദനം മെച്ചപ്പെടുത്താനുള്ള പ്രതിബദ്ധത നമ്മൾ ഏറ്റെടുക്കേണ്ടതുണ്ട്. ഇതിന്റെ പ്രതിഫലനം ഈ മേഖലയിൽ നടപ്പാവുന്ന ഓരോ പദ്ധതിയിലുമുണ്ടാവണം. കേരളത്തിലങ്ങോളമിങ്ങോളമുള്ള കർഷകരുടെ അനുഭവങ്ങളുടേയും അഭിപ്രായങ്ങളുടേയും വെളിച്ചത്തിൽ ഈ നയരൂപവല്കരണസമിതി ഉയർത്തുന്ന ശക്തമായ മുന്നറിയിപ്പായി ഇതിനെ കാണണം. അത്രമാത്രം പ്രാധാന്യമർഹിക്കുന്നു ഈ വിഷയം.

## പുതിയ സാങ്കേതികവിദ്യയും വളർച്ചയും

സാങ്കേതികവിദ്യയുടെ കാലാനുസൃതമായ നവീകരണത്തിലൂടെത്തന്നെയാണ് ലോകത്തെല്ലായിടത്തും കാർഷികപുരോഗതി സാധ്യമായിട്ടുള്ളത്. ഉല്പാദനക്ഷമത ഉയർത്തുന്നതോടൊപ്പംതന്നെ കൃഷിപ്പണികളിലെ വിരസതയും കാഠിന്യവുമകറ്റാനും വിവിധ കാർഷികപ്രവർത്തനങ്ങൾ വേഗത്തിൽ തീർക്കാനും സാങ്കേതികവിദ്യ സഹായത്തിനെത്തുന്നു. മാറുന്ന ജീവിതശൈലികൾക്കിണങ്ങുന്ന മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമാണവും ഇവ പുതുമയോടെയും വേഗത്തിലും സുരക്ഷിതമായും ആവശ്യക്കാരന് അവൻ നില്ക്കുന്നിടത്ത് എത്തിച്ചുകൊടുക്കുന്നതിനുള്ള സംവിധാനവും ആധുനികവല്കരണത്തിന്റെ ഭാഗമാണ്. ഈ മെച്ചപ്പെടൽ എല്ലാ രംഗങ്ങളിലും ഉണ്ടാവണം. ഗവേഷണവും, സാങ്കേതികവിദ്യാകൈമാറ്റവും, വിവരവിനിമയവും, ഉല്പന്നങ്ങൾ വികസിപ്പിക്കലും, മൂല്യവർദ്ധനയും, വിപണനവും, മൂലധനത്തിന്റെ ഒഴുക്കും, ഭരണനിർവഹണവും, ഏകോപനവുമെല്ലാം നിരന്തരമായി നവീകരിക്കപ്പെടേണ്ട മേഖലകളാണ്. പുതിയ നയരൂപവല്കരണത്തിൽ ഏറെ പ്രാധാന്യം ലഭിക്കേണ്ട ഒരു വിഷയമാണിത്. കാരണം അത്രവേഗത്തിലും തന്ത്രപരവുമായാണ് രാജ്യങ്ങൾ തമ്മിലും രാജ്യത്തിനകത്തും മത്സരം മുറുകുന്നത്. പ്രവൃത്തികളേക്കാളേറെ പറച്ചിലുകളാണ്; ഒരുപാട് തിക്താനുഭവങ്ങൾ നമുക്കുണ്ട്; അത് ഇനിയും അനുവദിക്കപ്പെടരുത്; അഥവാ അനുവദിക്കപ്പെട്ടാൽ കൂടുതൽ ഞെട്ടലുണ്ടാക്കുന്ന അനുഭവങ്ങളാവും നമ്മളെ കാത്തിരിക്കുന്നത്.

## വളർത്തുമൃഗങ്ങളിലൂടെയും ക്ഷീരമേഖലയിലൂടെയും അഭിവൃദ്ധി

കേരളത്തിലെ കന്നുകാലിവികസനമേഖല കഴിഞ്ഞ 3 ദശാബ്ദങ്ങളിൽ എടുത്തുപറയത്തക്ക സംഭാവനകളാണ് സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥക്ക് നൽകിയിട്ടുള്ളത്. കർഷകരുടെ പരമ്പരാഗതമായ വൈദഗ്ധ്യവും പ്രാപ്തിയും ഒപ്പം ആധുനികരീതികളുടെ നേട്ടങ്ങളും കൂട്ടിയിണക്കിയതുകൊണ്ടാണ് ഇത് സാധ്യമായത്. ഈ രംഗത്തെ മുന്നേറ്റങ്ങൾ പുതിയൊരു കുതിച്ചുചാട്ടത്തിന് തയ്യാറെടുത്തു നിൽക്കുന്നു എന്നതുകൊണ്ടുതന്നെ കർഷകകേന്ദ്രീകൃതമായ ഒരു ദിശയിലേക്ക് ഇതിനെ നയിക്കേണ്ടതുണ്ട്. കന്നുകാലിവികസനത്തിലെ നേട്ടങ്ങൾ ഉല്പാദകരായ കർഷകർക്ക് നേരിട്ട് ലഭിക്കണം. അവർക്ക് സ്ഥായിയായി ഈരംഗത്ത് തുടരാൻ പ്രാപ്തമാകുന്ന തരത്തിൽ ഗണ്യമായ വരുമാനവർദ്ധനയുണ്ടാവണം. ഉല്പാദനക്ഷമതയിലുണ്ടാകുന്ന വർദ്ധനവ് ഉല്പന്നവൈവിധ്യവത്കരണം, മൂല്യവർദ്ധന, ഉപോല്പന്നങ്ങൾ

ഉപയോഗപ്പെടുത്തൽ തുടങ്ങിയവയുമായി ഒത്തുചേർക്കപ്പെടണം. കന്നുകാലിവികസന പദ്ധതികൾ ദാരിദ്ര്യനിർമാർജനം മാത്രം ലക്ഷ്യംവച്ചുള്ള പദ്ധതികളാവരുത്. ആധുനിക വല്കരണത്തിന്റെയും ഉല്പന്നവികസനത്തിന്റെയും കയറ്റുമതിയുൾപ്പെടെയുള്ള വിപണനസാധ്യതകളുടെയും ചക്രങ്ങളിൽ ഈ വികസനരഥം ഉരുളണം. ഇത് മുൻനിർത്തി വേണം നയങ്ങൾ ഉണ്ടാവേണ്ടത്. അതേസമയം തന്നെ പരമ്പരാഗതമായി പരീക്ഷിച്ചറിഞ്ഞ നാട്ടറിവുകൾ സംരക്ഷിക്കപ്പെടുകയും അവയെ ശാസ്ത്രീയ അറിവുകളുടെ പിൻബലംനൽകി കൂടുതൽ കരുത്തുള്ളതാക്കി പ്രോത്സാഹിപ്പിക്കുകയും വേണം. ഇത്തരം ഉദ്യമങ്ങൾക്ക് സാമ്പത്തികപിൻതുണയും ഉറപ്പാക്കണം. ഇതിലൂടെ തദ്ദേശീയമായ കാലിസമ്പത്തും അവയുടെ പരിപാലനത്തിനായി പിൻതുടർന്നുപോന്നിരുന്ന നാടൻരീതികളും സംരക്ഷിക്കാനാവും. കൃഷിയിടത്തിലെ ഉപോല്പന്നങ്ങൾ പരമാവധി ഉപയോഗപ്പെടുത്തി നടത്തിയിരുന്ന ഈ കാലിവളർത്തൽ കർഷകർക്ക് ഒരു അധികവരുമാനവും മെച്ചപ്പെട്ട പോഷകാഹാര ഉറവിടവുമായിരുന്നു. നമ്മുടെ സംസ്ഥാനത്താകെയുള്ള 66.56 ലക്ഷം തുണ്ടുതുണ്ടായ കൃഷിയിടങ്ങൾ കാലിവളർത്തലിനും ഒരുപോലെ അനുയോജ്യമാണെന്നതുകൊണ്ടുതന്നെ ഭാവിയിലെ വികസനപരിപ്രേക്ഷ്യങ്ങളിൽ മൃഗസംരക്ഷണം പ്രധാനഘടകമായി ഉൾപ്പെടുത്തിയേ മതിയാവൂ.

ആധുനികരീതിയിലുള്ള ഏത് കന്നുകാലിവികസന പരിപാടി ആസൂത്രണം ചെയ്യുന്നതിനും പ്രാഥമികമായി വേണ്ടത്, മൃഗങ്ങളുടെ സ്ഥിതിവിവരക്കണക്കുകളും അവയുടെ ശേഷിനിർണയ സംവിധാനങ്ങളെക്കുറിച്ചുള്ള വിവരങ്ങളുമാണ്. വളരെ പരിഷ്കൃതമായ ഒരു മൃഗസംരക്ഷണരീതി കേരളത്തിൽ സാധ്യമാണ് എന്ന് ഇനിയും നമ്മളിൽ പലരും തിരിച്ചറിഞ്ഞിട്ടില്ല. സ്വതവേ സങ്കീർണമായി തോന്നാമെങ്കിലും വിവരവിനിമയ സംവിധാനങ്ങളുടെ സഹായത്തോടെ വിവരങ്ങളുടെ ശേഖരണവും രൂപാന്തരീകരണവും ലളിതമാക്കാവുന്നതേയുള്ളൂ. ഉയർന്ന ഉല്പാദനക്ഷമതയും, കുറഞ്ഞയളവ് തീറ്റയിൽനിന്നും മികച്ച വരുമാനവും കൈവരിക്കാൻ നിലവാരമുള്ള മൃഗങ്ങൾ വേണം. മെച്ചപ്പെട്ട ആസൂത്രണത്തിലൂടെ കാലികളുടെ ഗുണമേന്മ, പ്രജനനശേഷി, ലാഭസാധ്യത, പ്രതിരോധശേഷി ഇവയുടെ നേട്ടങ്ങൾ കൂട്ടിയിണക്കി കർഷകന്റെ വീട്ടുപടിക്കലെത്തിക്കാനാവും. മറ്റു മേഖലകളിലെന്നപോലെ ഈ രംഗത്തും സംഘടിത ഉല്പാദകരിൽനിന്നു മാത്രമല്ല മത്സരം നേരിടേണ്ടിവരുന്നത്.

ലോകമാകെ മൃഗോല്പന്നങ്ങളുടെ വിപണനം കൂടുതൽ കൂടുതൽ പ്രാധാന്യവും സംവേദനക്ഷമതയും കൈവരിക്കുകയാണ്. മുട്ട, മാംസം എന്നിവയുടെ മാത്രമല്ല, പാലുല്പന്നങ്ങളുടെപോലും കയറ്റുമതിയിൽ ഇന്ത്യയെ ഒരു ശക്തമായ സാന്നിധ്യമായാണ് മറ്റു രാഷ്ട്രങ്ങൾ വിലയിരുത്തുന്നത്. അതുകൊണ്ടുതന്നെ ഇന്ന് ഈ ഉല്പന്നങ്ങളുടെ ആഭ്യന്തരവിതരണത്തിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് മുന്നിൽ വമ്പിച്ച കയറ്റുമതിസാധ്യതയാണ് തുറന്നുകിടക്കുന്നത്. ഈ സാഹചര്യം സമർത്ഥമായി പ്രയോജനപ്പെടുത്താനായാൽ ഈ മേഖലയിൽ നടത്തുന്ന ഓരോ ചുവടുവയ്പും ഇരട്ടിനേട്ടമാവും സമ്മാനിക്കുക. ഭദ്രമായ ഒരു ആഭ്യന്തരവിപണിയും ഒപ്പം സജീവമായ കയറ്റുമതിയും അത് സാധ്യമാക്കും. കേരളത്തിനാകെ പ്രയോജനപ്പെടുന്നവിധത്തിൽ ഇത്തരം ഒരു പദ്ധതിക്കായി നമ്മൾ മുതൽമുടക്കുമ്പോൾ അത് വെറുമൊരു സംസ്ഥാനപദ്ധതിയിൽനിന്നും രാജ്യത്തിനാകെയോ, മറ്റു വികസ്വര രാഷ്ട്രങ്ങൾക്കു തന്നെയോ മാതൃകയായി ഉയരുകയാണ്. അതുകൊണ്ടുതന്നെ ഇത് പ്രത്യേക പ്രാധാന്യ മർഹിക്കുന്നു.

## മുട്ടയിൽ നിന്ന് വരുമാനം

കേരളത്തിൽനിന്നുള്ള മുട്ടകൾ ഇന്ത്യയിൽ മാത്രമല്ല ശ്രീലങ്കയിലും പ്രിയപ്പെട്ടവയാണ്. മുട്ടയും ഇറച്ചിയും ഉല്പാദിപ്പിക്കാനുള്ള പുതിയരീതികൾ കൂടുതൽ അളവിൽ ഉല്പാദനം സാധ്യമാക്കുന്നുണ്ടെങ്കിലും അവയുടെ ഗുണനിലവാരത്തെക്കുറിച്ച് പലപ്പോഴും സംശയങ്ങൾ ഉണ്ടാകാറുണ്ട്. എന്നാൽ പരമ്പരാഗത രീതിയിലുണ്ടാക്കുന്ന മുട്ടയ്ക്ക് ഇന്നും കൂടുതൽ സ്വീകാര്യതയുണ്ട്. അതുകൊണ്ടാണ് സംസ്ഥാന മൃഗസംരക്ഷണവകുപ്പ് നിലവിൽ വീട്ടുവളപ്പുകളിലുള്ള കോഴിവളർത്തലിന് അനുബന്ധമായി ചെറിയ കൂടുകളിൽ മുട്ടക്കോഴി വളർത്തുന്ന രീതി പ്രചരിപ്പിക്കാൻ മുന്നോട്ടുവന്നത്. ചെറുകിട-നാമമാത്ര കർഷകർക്കും അതോടൊപ്പംതന്നെ തീരെ കൃഷിഭൂമി ഇല്ലാത്തവർക്കും ഒരു അധികവരുമാനമാർഗം ഉറപ്പാക്കുന്നു എന്നതായിരുന്നു ഈ പദ്ധതിയുടെ സവിശേഷത. ഒരുചെറിയ കുടുംബത്തിന് കുറഞ്ഞത് 1500 രൂപ നേടാമെന്നിരിക്കെ കേരളത്തിലെ ലക്ഷക്കണക്കായ ചെറുകിട കൃഷിയിടങ്ങളിൽനിന്നും ഇത്തരമൊരു പദ്ധതിയിലൂടെ എത്ര നേട്ടം കൊയ്യാമെന്ന് കണക്കുകൂട്ടാവുന്നതേയുള്ളൂ.

## അവകാശ ലാഭം

കരടുനയരേഖയിൽ 331 നയസമീപനങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കർഷകർ, ജനപ്രതിനിധികൾ, കർഷക നേതാക്കൾ, ഉദ്യോഗസ്ഥർ, വ്യക്തികൾ, സംഘടനകൾ തുടങ്ങി കാർഷികരംഗത്തിന്റെ പുരോഗതിക്കായി പ്രവർത്തിക്കുന്നവരുമായുള്ള ചർച്ചകൾ, സംവേദനങ്ങൾ, സെമിനാറുകൾ, കൃഷിയിടസന്ദർശനങ്ങൾ, മസ്തിഷ്ക പ്രക്ഷാളനങ്ങൾ തുടങ്ങിയവയിൽനിന്നും ഉരുത്തിരിഞ്ഞു വന്നവയാണ് ഈ നിർദ്ദേശങ്ങൾ. എല്ലാവരിൽനിന്നും ഒരുപോലെ ഉയർന്ന തർക്കമില്ലാത്ത ആവശ്യം കർഷകന് കൂടുതൽ ശ്രദ്ധയും അവന്റെ ശ്രമഫലമായുണ്ടാകുന്ന സാമ്പത്തിക പുരോഗതിയുടെ മാന്യമായ വിഹിതവും ലഭിക്കണം എന്നുള്ളതായിരുന്നു. നൂറ്റാണ്ടുകളുടെ തപസ്യയിലൂടെ കൈമാറ്റം ചെയ്യപ്പെട്ടുവരുന്ന പ്രവൃത്തിപരിചയത്തിന്റെ സൂക്ഷിപ്പുകാരനാണ് കർഷകൻ എന്നതും; കഠിനപ്രയത്നത്തിലൂടെ രാജ്യത്തിന്റെ സാമ്പത്തിക പുരോഗതിക്ക് അവൻ നടത്തുന്ന സംഭാവന പ്രവചനാതീതമായ കാലാവസ്ഥാമാറ്റങ്ങളോടും അനിയന്ത്രിതമായ വിലവ്യതിയാനങ്ങളോടും മല്ലിട്ടാണ് എന്നതുമാണ് നാം ബഹുമാനിക്കേണ്ട വസ്തുത. പലവിധത്തിൽ സമൂഹം അനുഭവിക്കുകയും ആസ്വദിക്കുകയും ചെയ്യുന്ന സാമ്പത്തികാഭിവൃദ്ധി ഉല്പാദകനായ കർഷകനുകൂടി വീതിച്ചുകിട്ടണം.

താനുണ്ടാക്കുന്ന ഉല്പന്നത്തിൽനിന്നുണ്ടാകുന്ന ലാഭത്തിന്റെ വിഹിതം നിയമപരമായ അവകാശമായിത്തന്നെ കർഷകന് ലഭിക്കുന്ന അവകാശലാഭം എന്ന പുതിയരീതിയിലൂടെ ഇത് പ്രാവർത്തികമാക്കാനാവും. അടുത്ത ഒരു 5 പതിറ്റാണ്ടുകാലത്തേക്കെങ്കിലും കർഷകനെയും കൃഷിയെയും സജീവമായും ഊർജസ്വലമായും ഉല്പാദനക്ഷമമായും നിലനിർത്താൻ ഇത് അത്യന്താപേക്ഷിതമാണ്. കാർഷികരംഗത്ത് അഭിവൃദ്ധിയുടെ കിരണങ്ങൾ വിരിയിക്കാൻ വിട്ടുവീഴ്ചയില്ലാത്ത നയമായി ഇത് അംഗീകരിക്കപ്പെടണമെന്ന് ഈ നയരൂപവല്കരണസമിതി കരുതുന്നു.

കേരളത്തിൽ ഒരുവർഷം 40 ലക്ഷം ടൺ അരി വിറ്റഴിക്കപ്പെടുന്നുണ്ട് എന്ന് കണക്കാക്കുന്നു. ഒരു കിലോ അരിയുടെമേൽ ഒരു രൂപനിരക്കിൽ സെസ് ചുമത്തിയാൽത്തന്നെ പ്രതിവർഷം 350-400 കോടി രൂപ ശേഖരിക്കാം. ഉപഭോക്താവ് ഇപ്പോൾ നൽകുന്ന തുകയിൽ വ്യത്യാസം വരുത്താതെതന്നെ വ്യാപാരികളിൽനിന്ന് ഈ തുക ശേഖരിക്കാവുന്നതാണ്. തന്റെ ഉല്പന്നം കമ്പോളത്തിൽ വിറ്റഴിയുമ്പോൾ ഉല്പാദകനായ കർഷകന് നിയമപരമായി ലഭിക്കേണ്ട

ലാഭവിഹിതമായ അവകാശലാഭം നൽകാനായി ഈ സെസ് തുക ഉപയോഗിക്കാം. സർക്കാരിലേക്ക് ഉല്പന്നം കൈമാറുന്ന ഓരോ കർഷകനും ഒരു കിലോ നെല്ലിന് 5 രൂപ നിരക്കിൽ അവകാശലാഭം ലഭിക്കും. മൂന്ന് ടൺ നെല്ല് നൽകുന്ന ഒരു കർഷകന് 15000 രൂപയുടെ ചെക്ക് ഓരോ സീസണിലും അവകാശലാഭമായി കൃഷിവകുപ്പ് നൽകും. ഈ രീതി പാൽ, റബ്ബർ, മറ്റുവിളകൾ തുടങ്ങിയവയുടെ കാര്യത്തിലും പഠനവിധേയമായി നടപ്പാക്കാവുന്നതാണ്. കൂടുതൽ പണംമുടക്കി കൂടുതൽ നെല്ലുവിളയിക്കാൻ ഇത് കർഷകനെ പ്രേരിപ്പിക്കുകയും അതിലൂടെ മാന്യമായ ഒരു തുക മുടങ്ങാതെ അവകാശമായിത്തന്നെ അവർക്ക് ലഭിക്കുകയും ചെയ്യും. ചെലവഴിക്കാത്ത തുക ഭാവിപ്രവർത്തങ്ങൾക്ക് ഉതകുന്നതരത്തിൽ ഒരു നിധിയായി സൂക്ഷിക്കാവുന്നതാണ്.

ശക്തവും സുസ്ഥിരവുമായ കാർഷികമേഖല കെട്ടിപ്പടുക്കുന്നതിൽ കർഷകത്തൊഴിലാളികൾ വഹിക്കുന്ന പങ്കും അംഗീകരിക്കപ്പെടേണ്ടതുണ്ട്. ഒരു സീസണിൽ 50 ദിവസം നെൽപ്പാടത്ത് പണിയെടുക്കുന്ന ഒരു തൊഴിലാളിക്ക് 2500 രൂപ അവകാശലാഭമായി ലഭിക്കണം. ഈ തുക അവർക്ക് കൃഷിവകുപ്പ് ചെക്ക് മുഖേന ലഭ്യമാക്കും.

## വിലമതിക്കാനാവാത്ത കൃഷിയിടങ്ങൾ

കൃഷിയുടെ സുസ്ഥിരത ഉറപ്പാക്കാൻ വേണ്ട ഏറ്റവും പ്രധാന ഉപാധിയും അവഗണിക്കാനാവാത്ത ആസ്തിയുമാണ് കൃഷിഭൂമി. അതുകൊണ്ടുതന്നെ കൃഷിഭൂമി സംരക്ഷിക്കാനായി മറ്റു സംസ്ഥാനങ്ങൾ നടപ്പാക്കുന്ന നൂതനമാർഗങ്ങൾ മനസ്സിലാക്കാൻ ഈ സമിതി ക്രിയാത്മകമായ ഒരു ശ്രമം നടത്തുകയുണ്ടായി. ഇത്തരത്തിൽ നമ്മുടെ അയൽസംസ്ഥാനമായ കർണാടകം നടപ്പിൽവരുത്തിയിട്ടുള്ള മാതൃകാഭൂസംരക്ഷണനിയമത്തിന് സമാനമായ ഒരു നിയമം കേരളത്തിലും നടപ്പിൽവരുത്തണമെന്ന് ഞങ്ങൾ ശക്തമായി ശുപാർശചെയ്യുന്നു. തികഞ്ഞ സാമ്പത്തിക പ്രാധാന്യമുള്ള പലതരം വിളകൾക്ക് ഏറ്റവും അനുയോജ്യമായ കാലാവസ്ഥകൊണ്ട് അനുഗ്രഹീതമാണെങ്കിലും കേരളം കൃഷിഭൂമിയുടെ കാര്യത്തിൽ ദരിദ്രമാണ്. അതുകൊണ്ടുതന്നെ വിലപ്പെട്ട ഈ കൃഷിഭൂമി മറ്റാവശ്യങ്ങൾക്കായി അന്യാധീനപ്പെട്ടുപോകാതിരിക്കാൻ പ്രത്യേക ശ്രദ്ധ വേണം. ഇത്തരുണത്തിൽ വളരെ വ്യക്തമായ ഒരു നയം ഉണ്ടാവണമെന്നും അത് കർശനമായി പാലിക്കപ്പെടണമെന്നും ഞങ്ങൾ ശുപാർശചെയ്യുന്നു. കേരളത്തിൽ കൃഷി-മൃഗസംരക്ഷണ മേഖലകൾ നിലനിന്നുകാണാൻ ഇത്തരമൊരു നീക്കം അനിവാര്യമാണെന്ന് സമിതി വിലയിരുത്തുന്നു.

## ഉറപ്പായ വരുമാനം

കാർഷികോല്പന്നങ്ങളുടെ വിലസ്ഥിരതയില്ലായ്മ പലപ്പോഴും ചെറുകിടകർഷകരെ ദുരിതത്തിലാക്കുകയും അവരുടെ വരുമാനം മുഴുവൻ കാർന്നുതിന്നുകയും ചെയ്യുന്നു. ഉല്പാദകരായ കർഷകരുമായി നടത്തിയ മുഴുവൻ സംവേദനങ്ങളിലും ഉയർന്നുവന്ന പൊതുപരാതിയും ഇതുതന്നെയായിരുന്നു. കാർഷികരംഗത്തെ സാമ്പത്തികശാസ്ത്രജ്ഞരും വിളപരിപാലന വിദഗ്ദ്ധരുമെല്ലാം ഇതിനോട് യോജിക്കുകയും; ഇതിനൊരു പരിഹാരമുണ്ടായില്ലെങ്കിൽ കർഷകർ അവർ കഷ്ടപ്പെട്ടുണ്ടാക്കിയ സമ്പത്ത് കൃഷി-മൃഗസംരക്ഷണരംഗങ്ങളിൽ മുതൽമുടക്കുന്ന തിൽനിന്ന് പിന്നാക്കം പോകുമെന്ന് മുന്നറിയിപ്പ് നൽകുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യങ്ങൾ വിശദമായ പഠിച്ച സമിതി, ഒരു വിലനിർണ്ണയ അതോറിറ്റിയുടെ രൂപവല്കരണവും ഇതിനായി ഒരു വരുമാനമുറപ്പിക്കൽ നിയമവും സാധ്യമാക്കുന്ന നയം പ്രത്യേക പ്രാധാന്യത്തോടെ ശുപാർശ ചെയ്യുന്നു.

## നിരാശകർക്കൊപ്പം

1990 കളുടെ അവസാനപാദത്തിൽ നമ്മുടെ കാർഷികരംഗത്തേക്ക് കടന്നുവന്ന തികച്ചും അനഭിലഷണീയവും ദൗർഭാഗ്യകരവുമായ പുതിയൊരു പ്രവണതയായിരുന്നു കർഷകആത്മഹത്യകൾ. കോളനിവാഴ്ചക്കാലത്ത് പട്ടിണിമരണങ്ങളുടേയും ക്ഷാമത്തിന്റെയും പര്യായമായി ഇന്ത്യയെ കണ്ടിരുന്നുവെങ്കിൽ ഇന്ന് വേണ്ടത്ര ഭക്ഷ്യധാന്യശേഖരവും എന്തിന് കയറ്റുമതിപോലും നടക്കുന്ന സമയത്താണ് ഈ ദുരന്തവാർത്തകൾ എന്നത് വിരോധാഭാസമാണ്. ലജ്ജാകരമായ ഈ സംഭവങ്ങൾക്ക് നിരവധികാരണങ്ങൾ നിരത്താനുണ്ടാവുമെങ്കിലും ഇതൊരു യാഥാർത്ഥ്യമായി കേരളത്തിലെ കർഷകരുടെ വിലപ്പെട്ട കുറെ ജീവനും അപഹരിച്ചു. കുറഞ്ഞ നിരക്കിലാണെങ്കിലും ഇന്നും ഇത് തുടർന്നുകൊണ്ടേയിരിക്കുന്നു. ഇന്ന് നിറഞ്ഞ ധാന്യപ്പുരകളും ദാരിദ്ര്യനിർമാർജനത്തിനായി ഒട്ടനവധി പദ്ധതികളുമുള്ള ഇന്ത്യക്ക് ഈ തുടർദുരന്തങ്ങൾക്ക് വിരാമമിടാനുള്ള ശേഷിയുണ്ട്. കർഷക ആത്മഹത്യകൾ സംഭവിച്ചശേഷം സഹായമെത്തി ക്കുന്നതിനുപകരം അത്തരം ദുരന്തങ്ങൾ ആവർത്തിക്കുന്നത് തടയാനായി കൃത്യവും പ്രായോഗികവുമായ നിർദ്ദേശങ്ങളും വ്യക്തമായ ചില കർമ്മപദ്ധതികളും ഞങ്ങൾ മുന്നോട്ടുവച്ചിട്ടുണ്ട്. കാലവിളംബമില്ലാതെ ഇത് നടപ്പുമാർഗ്ഗത്തിലെത്തിക്കണം; കാരണം ദേശീയതലത്തിലുള്ള ഔദ്യോഗിക കണക്കുകൾ പോലും തെളിയിക്കുന്നത് നമ്മുടെ ഭക്ഷ്യധാന്യ ശേഖരം 60 ദശലക്ഷം ടണ്ണിലേറെയായി തുടരുമ്പോഴും നിരാശരായി ആത്മഹത്യയെ ആശ്രയിക്കുന്നവരുടെ എണ്ണം കുറയുന്നില്ല എന്നാണ്. നിലവിൽ വന്നുകഴിഞ്ഞ ഭക്ഷ്യസുരക്ഷാ ബില്ലിൽ ഇക്കാര്യംകൂടി ഉൾപ്പെടുത്താനായാൽ അത് ഏറെ പ്രയോജനപ്രദമാവും.

## കൃഷിക്കായി പ്രത്യേകം ബജറ്റ്

ജീവസന്ധാരണത്തിനും നിലനിൽപ്പിനും വേണ്ടി ആശ്രയിച്ചിരുന്ന ഒരു തൊഴിൽ എന്ന നിലയിൽനിന്നും പുതിയ സാധ്യതകളിലേക്ക് നീങ്ങുകയാണ് ഇന്ത്യൻ കാർഷികരംഗം. ഈ ദിശയിൽ നമ്മൾ ഒട്ടനവധി മാറ്റങ്ങളിലൂടെ കടന്നുപോയിക്കഴിഞ്ഞു. ഭൂമിയുടെ ഉടമസ്ഥാവകാശം മുതൽ ഉല്പന്നം കയറ്റുമതിയുംകടന്ന് ഉപഭോക്താവിലെത്തുന്നതു വരെയുള്ള കാര്യങ്ങളിൽ ഇന്ന് ഈ മാറ്റം ദൃശ്യമാണ്. കൃഷിക്ക് പുതിയൊരു രൂപഭാവം നൽകാനായി ഇന്നു നടന്നുവരുന്ന പരിവർത്തനങ്ങൾ ഒരുപക്ഷേ സ്വാതന്ത്ര്യലബ്ധിയുടെ സമയത്ത് ഭാവനകൾക്കുപോലും അതീത മായിരുന്നവയാണ്. കർണാടക, ആന്ധ്രപ്രദേശ്, ബിഹാർ തുടങ്ങിയ സംസ്ഥാനങ്ങൾ ഓരോ വർഷവും കൃഷിക്കായി പ്രത്യേക ബജറ്റ് അവതരിപ്പിക്കുകയും കാർഷിക- അനുബന്ധ മേഖല കളിലെ മുഴുവൻ പ്രവർത്തനങ്ങളും ഏകോപിപ്പിച്ച് വളരെ lÀi \hpw പ്രയോജനപ്രദവുമായ കണക്കുപരിശോധനകൾക്ക് വിധേയമാക്കുകയും ചെയ്യുന്നുണ്ട്.

കാർഷികോല്പാദനത്തിന്റെ 80 ശതമാനവും അന്യസംസ്ഥാനങ്ങളിലേയോ മറ്റു രാജ്യങ്ങളി ലേയോ വിപണികളിൽ എത്തിക്കുന്ന കേരളം തീർച്ചയായും മേൽപ്പറഞ്ഞ സംസ്ഥാനങ്ങളുടെ മാതൃകയിൽ കൃഷിക്ക് മാത്രമായി ഒരു ബജറ്റ് കൊണ്ടുവരണം. യഥാർത്ഥ കാർഷികപുരോഗതി ലക്ഷ്യമാക്കിയുള്ള നമ്മുടെ ശ്രമങ്ങളിൽ ഉറച്ചതും സ്വാഗതാർഹവുമായ ഒരു കാൽവയ്പാ യിരിക്കും അത്.

## കാർഷികഗവേഷണം മുന്നേറണം

കാർഷികവിദ്യാഭ്യാസവും കൃഷിഗവേഷണവും, പ്രതിസന്ധിഘട്ടങ്ങളിലും അഭിവൃദ്ധിയുടെ നാളുകളിലും ഒരുപോലെ പ്രാധാന്യമുള്ള രണ്ട് കർമ്മക്ഷേത്രങ്ങളാണ്. വൈജാത്യങ്ങൾകൊണ്ട് നിറഞ്ഞ കേരളത്തിന്റെ കാർഷികമണ്ഡലത്തിൽ പൊട്ടിമുളക്കുന്ന വിവിധ പ്രശ്നങ്ങളിൽ സഹായവും പിൻതുണയും മാർഗനിർദേശവും നൽകാൻ ഇവയ്ക്കാവുന്നു. അതുകൊണ്ടുതന്നെ ആറുപതിറ്റാണ്ടിന്റെ ചരിത്രമുള്ള കേരള കാർഷികസർവ്വകലാശാലക്ക് നിലവിലെ കാർഷികപ്രശ്നങ്ങൾക്കും ഭാവിയിൽ വരാൻ സാധ്യതയുള്ളവയ്ക്കും പരിഹാരം കാണുന്നതിൽ

വലിയൊരു പങ്ക് നിർവഹിക്കാനുണ്ട്. സാമ്പത്തികമാന്ദ്യം വികസിതരാജ്യങ്ങളുടെയും വികസ്വരരാജ്യങ്ങളുടെയും കാർഷികവ്യവസ്ഥകളിൽ വരുത്തുന്ന സാരമായ പരിക്കുകളെ നേരിടാൻ ഇത്തരം സ്ഥാപനങ്ങൾ ശക്തിപ്പെടുത്തേണ്ടതുണ്ട്. ഇന്ന് കേരള കാർഷിക സർവ്വകലാശാലക്ക് 265 കോടി രൂപയുടെ സഞ്ചിതബാധ്യതയുള്ളത് അതിന്റെ പ്രവർത്തനങ്ങളെ പ്രയാസത്തിലാക്കുന്നുണ്ട്. ഇത് മറികടക്കാനാവാത്ത ഒരു തടസ്സമായി കാണേണ്ടതില്ല. സർവ്വകലാശാലയെ സ്വയംപരാപ്തവും ലക്ഷ്യോന്മുഖവുമാക്കുന്നതിലൂടെ നമ്മുടെ സംസ്ഥാനവും കർഷകരും ഈ രംഗത്ത് അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ കൈകാര്യം ചെയ്യപ്പെടും എന്ന് പ്രതീക്ഷിക്കാം. നിലവിലെ ഈ സാമ്പത്തികക്ലേശം അനഭികാമ്യവും ദൗർഭാഗ്യകരവുമായ കാരണങ്ങൾകൊണ്ട് ഉണ്ടായതാണെങ്കിലും; അക്കാരണത്താൽപ്പോലും, വലിയ മുതൽമുടക്കിൽ തുടങ്ങിയ ഇത്തരമൊരു വിഭവസമ്പന്നമായ സ്ഥാപനം നശിക്കപ്പെടരുത്.

വിശ്വസനീയമായ കണക്കുകൾപ്രകാരം കേരളത്തിന്റെ കാർഷികമേഖല സമ്മാനിക്കുന്നത് ഒരുലക്ഷംകോടി രൂപ മൂല്യമുള്ള ഉല്പന്നങ്ങളാണ്. കേരള കാർഷികസർവ്വകലാശാല പോലൊരു സ്ഥാപനം ഈ രംഗത്ത് നടത്തിയിട്ടുള്ള പ്രയത്നങ്ങളെ അംഗീകരിക്കുകയും; ഉല്പാദനമൂല്യം അടുത്ത രണ്ടു പതിറ്റാണ്ടുകൾകൊണ്ട് രണ്ടുലക്ഷംകോടിരൂപയാക്കി ഉയർത്താൻ കർഷകരെ പ്രാപ്തരാക്കാനായി സർവ്വകലാശാലയെ ശക്തിപ്പെടുത്തുകയും വേണം. കാർഷിക സർവ്വകലാശാലയെ ലാഭമുണ്ടാക്കാനുള്ള ഒരു സ്ഥാപനമായല്ലാതെ അതിന്റെ സംഭാവനകൾ മുൻനിർത്തി വ്യത്യസ്തമായ അളവുകോലുകൾകൊണ്ട് വിലയിരുത്തണം. പുരോഗതിയുടെ പുതിയ ലക്ഷ്യങ്ങളിലേക്ക് നീങ്ങാനുള്ള ഊർജം പകർന്നുനൽകുന്ന ഒരു വികസനസംവിധാനത്തിന്റെ അവിഭാജ്യ ഘടകമാണത്. ആത്യന്തികമായി അത് ഭൗതികവും വൈകാരികവും സർവ സ്പർശവുമായ മാനങ്ങളിലൂടെ നമ്മുടെ സമ്പദ്വ്യവസ്ഥയെ ഭദ്രമാക്കുന്നു. വൈസ്ചാൻസലർ മുതൽ ഫാം തൊഴിലാളികൾ വരെ 4600 ജീവനക്കാരാണ് സർവ്വകലാശാലയിൽ പണിയെടുക്കുന്നത്. കാർഷികസർവ്വകലാശാല മൂന്നായി വിഭജിക്കപ്പെട്ടെങ്കിലും, നികത്തപ്പെടാനുള്ള 40% ഒഴിവുകൾ ഉൾപ്പെടെ 4230 ജീവനക്കാർ ഇപ്പോഴും ഇവിടെത്തന്നെയാണ്. സാമ്പത്തികഞെരുക്കത്തിൽപ്പെട്ട് വിഷമിക്കുന്നതുകൊണ്ടുതന്നെ വിസ്മയാവഹമായ നേട്ടങ്ങൾ ഉണ്ടാക്കേണ്ട സർവ്വകലാശാലക്ക് വേണ്ടത്ര ആഴത്തിലും പരപ്പിലും പ്രവർത്തനങ്ങൾ ഏറ്റെടുക്കാനാവാത്ത അവസ്ഥ യുണ്ട്. എങ്കിലും കാർഷികമേഖലയ്ക്ക് വേണ്ട മർമ്മപ്രധാനമായ പ്രവർത്തനങ്ങളിൽ സജീവപങ്കാളിത്തം തുടരുകയും ഒപ്പം കാർഷിക വിദ്യാഭ്യാസരംഗത്ത് ഗുണനിലവാരമുറപ്പാക്കി രാജ്യത്തെതന്നെ മികച്ച കാർഷികസർവ്വകലാശാലയെന്ന ബഹുമതി വർഷങ്ങളായി നിലനിർത്തുകയും ചെയ്യുന്നുണ്ട്.

നമ്മുടെ കാർഷികമേഖലയുടെ മുന്നേറ്റത്തിന് ആക്കംകൂട്ടാനും കർഷകരെ സഹായിക്കാനും സംസ്ഥാനത്തിന്റെ സമ്പദ്വ്യവസ്ഥയെ അഭിവൃദ്ധിപ്പെടുത്താനുമുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കാനാവുന്നരീതിയിൽ സർവ്വകലാശാലയെ സജ്ജമാക്കാനായി നിലവിലുള്ള ഋണബാധ്യതകൾ തീർക്കാനും തുടർന്നും ആവശ്യമായ സാമ്പത്തികസഹായം ലഭ്യമാക്കാനും നടപടിയുണ്ടാവണം. ഇപ്പോഴും വരുംകാലങ്ങളിലും കാർഷികസർവ്വകലാശാല മെച്ചമായി പ്രവർത്തിക്കുകയും മികച്ചനേട്ടങ്ങൾ സമ്മാനിക്കുകയും ചെയ്യണമെന്ന് കർഷകരും കൃഷിയെ സ്നേഹിക്കുന്നവരും ആഗ്രഹിക്കുന്നു. സർവകലാശാല നിലവിൽ അഭിമുഖീകരിക്കുന്ന സാമ്പത്തികപ്രതിസന്ധി എത്രയുംപെട്ടെന്ന് പരിഹരിച്ച്, അതിന് ധൈര്യവും ആത്മവിശ്വാസവും പകർന്നുനൽകി മികച്ച ഒരു സേവനദാതാവും വഴികാട്ടിയും കർഷകരുടെ വിളിപ്പുറത്തുള്ള സുഹൃത്തുമായി അതിനെ മാറ്റാൻ കഴിയണമെന്ന് സമിതി അഭിപ്രായപ്പെടുന്നു. ഇത് അടിയന്തിരപ്രാധാന്യമുള്ള വിഷയമാണ്.

## ഗവേഷണത്തിന്റെ നിലവാരമുയർത്താൻ

വ്യത്യസ്ത കാർഷികസാഹചര്യങ്ങളിൽ അതത് കാർഷികസർവ്വകലാശാലകൾ അഭിമുഖീകരിക്കുന്ന വെല്ലുവിളികൾ പഠനവിധേയമാക്കി ഭാരത കാർഷിക ഗവേഷണ കൗൺസിൽ കാർഷികസർവ്വകലാശാലകൾക്കായി ഒരു മാതൃകാബിൽ രൂപപ്പെടുത്തുകയുണ്ടായി. ഇത് നമ്മുടെ സംസ്ഥാനത്തിനു അനുഗുണമാവുന്ന ഭേദപ്പെടുത്തലുകളോടെ സ്വീകരിക്കപ്പെടണം എന്നാണ് ഞങ്ങളുടെ പ്രാരംഭ പ്രതികരണം. കേരളത്തിലെ പ്രത്യേക കാർഷികസാഹചര്യങ്ങളും, ഇവിടെ പിൻതുടർന്നുപോരുന്ന കൃഷി-മൃഗസംരക്ഷണ രീതികളും, വിപണനത്തിലെ പ്രത്യേകതകളും, മൂല്യവർദ്ധനയുടെ സാധ്യതകളും, സർവ്വോപരി കർഷകരുടെ ക്ഷേമവും അടിസ്ഥാനമാക്കി വേണം ബില്ലിൽ മാറ്റങ്ങൾ വരുത്തേണ്ടത്. കൂടുതൽ ഗഹനമായ പഠനങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് പുതുതായി ഒരു കാർഷിക-വെറ്ററിനറി-ഫിഷറീസ് സർവകലാശാലാ ബില്ലിന് സർക്കാർ രൂപംകൊടുക്കുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു.

## നീരയിൽ നിന്ന് വരുമാനം

കേരളസർക്കാർ നീരയെ മദ്യാംശമില്ലാത്ത പാനീയമായി അംഗീകരിച്ചിരിക്കുന്നു. ഇതിന് പ്രചാരം നൽകണം. ഈ സമിതി അതിന്റെ പ്രവർത്തനാരംഭംമുതൽ ഇക്കാര്യത്തിനായി ശ്രമിച്ചിട്ടുണ്ട്. വിദഗ്ധരുടെയും പരിചയസമ്പന്നരായ കർഷകരുടെയും അഭിപ്രായത്തിൽ കേരകർഷകരുടെ സാമ്പത്തിക അഭിവൃദ്ധിയിൽ പുതിയൊരു കാൽവയ്പാവും നീരയുടെ ഉല്പാദനം. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഒരു പാനീയമായും പഞ്ചസാരയായും നീര മികച്ച കയറ്റുമതിവരുമാനമാണ് നൽകുന്നത്. നീരയുടെ ഉല്പാദനത്തിനുള്ള അവകാശം പൂർണമായും കർഷകനിൽ നിക്ഷിപ്തമാവണം. തെങ്ങിൻതൈ നടുന്ന ദിവസംമുതൽ അതിനെ എല്ലാ രീതിയിലും പരിപാലിച്ചുവളർത്തുന്ന കർഷകൻതന്നെയാണ് ആ വൃക്ഷത്തിൽനിന്നുള്ള ഓരോ ഉല്പന്നത്തിന്റെയും അവകാശി എന്നതിന് തർക്കമുണ്ടാവേണ്ട കാര്യമില്ല. കൃഷിവകുപ്പും നാളികേരവികസനബോർഡും കാർഷികസർവ്വകലാശാലയും കൈകോർത്ത് നീരയുടെയും അതിൽനിന്നുള്ള ഉപോല്പന്നങ്ങളുടെയും ഉല്പാദനവും വിജയകരമായ വിപണനവും സാധ്യമാക്കുന്നതിലൂടെ കർഷകന് നല്ല ആദായവും, തൊഴിലെടുക്കുന്നവർക്ക് മികച്ച വേതനവും, സർക്കാരിന് ഗണ്യമായ നികുതിവരുമാനവും ഉറപ്പുവരുത്താനാവും.

സാധ്യതകൾ ഏറെയുള്ളപ്പോഴും നിരവധി വെല്ലുവിളികളും ഈ രംഗത്ത് നമുക്ക് നേരിടാനുണ്ട്. നല്ല നടീൽവസ്തുക്കളുടെ ലഭ്യത, തോട്ടങ്ങളുടെ സംരക്ഷണം, നീരയുടെ ഉല്പാദനത്തിന് അനുയോജ്യമായ ഇനങ്ങളും പരിചരണരീതികളും കണ്ടെത്തൽ, മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കൽ, ആഭ്യന്തരവിപണനവും കയറ്റുമതിയും തുടങ്ങി നിരവധികാര്യങ്ങൾ പ്രായോഗികമാക്കേണ്ടതുണ്ട്. ഇവിടെ കർഷകരുടെ ഉല്പാദകസംഘങ്ങളും അവയുടെ കൂട്ടായ്മയും കൂടുതൽ പ്രസക്തമാവുന്നു. യഥായോഗ്യം കൈകാര്യംചെയ്താൽ ശതകോടി ഡോളർ മൂല്യമുള്ള വ്യവസായം കൈപ്പിടിയിലൊതുക്കാനുള്ള അവസരമാണ് കേരളത്തെ കാത്തിരിക്കുന്നത്. അടിയന്തിരപ്രാധാന്യം ലഭിക്കേണ്ട വിഷയമാണിത്.

## ഹൃദയം നിറഞ്ഞ നന്ദി

സമിതിയുമായി സഹകരിച്ച എല്ലാ മാന്യവ്യക്തികളോടും ഹൃദയം നിറഞ്ഞ നന്ദിയുണ്ട്. സമിതി അംഗങ്ങൾ, കാർഷികസർവകലാശാല, വെറ്ററിനറി സർവകലാശാല, ഫിഷറീസ് സർവകലാശാല, കൃഷിവകുപ്പ്, മൃഗസംരക്ഷണവകുപ്പ്, ക്ഷീരവികസനവകുപ്പ്, മണ്ണുസംരക്ഷണ-പര്യവേഷണ വകുപ്പ് തുടങ്ങിയയിടങ്ങളിലെ മുതിർന്ന ഉദ്യോഗസ്ഥർ, കാർഷിക-അനുബന്ധമേഖലകളുമായി ബന്ധപ്പെട്ട വിവിധ ബോർഡുകൾ, കോർപ്പറേഷനുകൾ ഇവയുടെ ചെയർമാൻമാർ, മാനേജിംഗ് ഡയറക്ടർമാർ തുടങ്ങിയവർ നൽകിയ നല്ല സഹകരണം നന്ദിയോടെ സ്മരിക്കുന്നു. കേന്ദ്രസർവീസിൽ നിന്നുള്ള ഓഫീസർമാർ, ഉല്പന്നബോർഡുകൾ, ഉല്പാദനോപാധി വിതരണക്കാർ, കർഷകർ, കർഷകനേതാക്കൾ, കർഷകസംഘടനാ പ്രതിനിധികൾ, കാർഷികമാധ്യമപ്രവർത്തകർ, സാമ്പത്തികവിദഗ്ദ്ധർ, പൊതു-സ്വകാര്യ മേഖലകളിൽ പ്രവർത്തിക്കുന്ന പത്ര-ഇലക്ട്രോണിക് മാധ്യമപ്രതിനിധികൾ തുടങ്ങിയവർ സജീവമായ സഹായങ്ങൾ നൽകിയിട്ടുണ്ട്.

എല്ലാ ജില്ലകളിലും കർഷകരുമായും ജനപ്രതിനിധികളുമായും തുറന്ന ചർച്ചയ്ക്കും ആശയവിനിമയത്തിനും വഴിയൊരുക്കിത്തന്നതിന് ജില്ലാ-ബ്ലോക്ക്-ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്മാരോടും അംഗങ്ങളോടും ഇവിടങ്ങളിലെ ഉദ്യോഗസ്ഥരോടും സമിതിയ്ക്കുള്ള കടപ്പാട് നിസ്സീമമാണ്. പ്രയോജനപ്രദമായും ആത്മാർത്ഥമായും സമിതിയോട് സഹകരിച്ച് ഇതിന്റെ പ്രവർത്തനം ഫലവത്താക്കിയ എല്ലാ ഉദ്യോഗസ്ഥരോടും നിറഞ്ഞ കടപ്പാടുണ്ട്. സമയബന്ധിതമായി പ്രവർത്തനങ്ങൾ തീർക്കാൻ കാര്യനിർവഹണപരമായ എല്ലാസഹായവും ഒരുക്കിത്തന്ന കൃഷിവകുപ്പിനോടും സമേതിയോടും പ്രത്യേക നന്ദി അറിയിക്കുന്നു.

വിലയേറിയ നിർദേശങ്ങൾ തന്ന മുൻ മൃഗസംരക്ഷണ-ക്ഷീരവികസന മന്ത്രി ശ്രീ.സി.ദിവാകരൻ എം.എൽ.എ. ക്ക് ഹൃദയം നിറഞ്ഞ നന്ദി.

ഞങ്ങളോട് കാണിച്ച ക്ഷമനിറഞ്ഞ സഹകരണത്തിനും സഹായങ്ങൾക്കും വിലയേറിയ നിർദേശങ്ങൾക്കും കർഷകസമൂഹത്തോടും കൃഷിയെ സ്നേഹിക്കുന്നവരോടും അഗാധമായ കടപ്പാടുണ്ട്. തികഞ്ഞ യാഥാർത്ഥ്യബോധത്തോടെതന്നെ ഇടപെട്ട കർഷകരും ജനപ്രതിനിധികളും അവരുടെ ബുദ്ധിമുട്ടുകൾ പങ്കുവയ്ക്കുന്നതിനിടയിൽ ചിലപ്പോഴെങ്കിലും പൊട്ടിത്തെറിക്കുകയും, അതുംകടന്ന് ആത്മഹത്യാഭീഷണിവരെ മുഴക്കിയ ചിലരെ സാന്ത്വനിപ്പിക്കേണ്ടിവരികയുമൊക്കെ ചെയ്ത നിരവധി അനുഭവങ്ങൾകടന്നാണ് സമിതി അതിന്റെ കണ്ടെത്തലുകൾ സമർപ്പിക്കുന്നത്. വികാരങ്ങൾക്കപ്പുറത്ത് അവർ കൈമാറിയ പ്രായോഗികതയുടെ നിറവുള്ള വിവേകപൂർണമായ നിർദ്ദേശങ്ങളുടെ ജീവസ്സുറ്റ പ്രതിഫലനമാണ് ഈ റിപ്പോർട്ട്.

## സമർപ്പണം

കേരളത്തെ നിത്യഹരിതവും ഐശ്വര്യസമൃദ്ധവും
പുരോഗമനോന്മുഖവും ജൈവവൈവിധ്യത്തിന്റെ പറുദീസയുമാക്കാൻ
അത്യധ്വാനം ചെയ്യുന്ന
കർഷകസമൂഹത്തിന്റെയും അവരുടെ തൊഴിലാളി സഹോദരരുടെയും
ക്ഷേമൈശ്വര്യങ്ങൾക്കും അഭിവൃദ്ധിക്കുമായി..

വിനയപൂർവം....

**കെ.കൃഷ്ണൻകുട്ടി**
(ചെയർമാൻ)

# 1. ആമുഖം

1.1 **കേ**രളത്തിന്റെ സാമ്പത്തികവികസനത്തിന്റെ അവിഭാജ്യ ഘടകങ്ങളാണ് കൃഷിയും അനുബന്ധമേഖലകളും. കാരണം, ജനസംഖ്യയുടെ മൂന്നിൽ രണ്ടു ഭാഗം ജനങ്ങളുടെയും ജീവിതമാർഗം കൃഷിയാണ്. തന്നെയുമല്ല, സംസ്ഥാനത്തിന്റെ ആഭ്യന്തര ഉല്പാദനത്തിന്റെ നാലിലൊന്ന് സംഭാവന ചെയ്യുന്നതും കൃഷിയും അനുബന്ധമേഖലകളുമാണ്. കേരളത്തിലെ കാർഷികരംഗം പല മാറ്റങ്ങളിലൂടെയും കടന്നുപോയിട്ടുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ടത്, 1970 ൽ കുറഞ്ഞ വിലയ്ക്ക് അരി ലഭ്യമാകാൻ തുടങ്ങിയതോടെ ആഭ്യന്തര നെല്ലുല്പാദനത്തിൽവന്ന ഗണ്യമായ കുറവാണ്. പിന്നീടുള്ള കാലയളവിൽ നെൽകൃഷിയിലുള്ള മുതൽമുടക്ക് കുറയുകയും തെങ്ങ്, കവുങ്ങ്, റബ്ബർ പോലെയുള്ള ദീർഘകാലവിളകളും പച്ചക്കറി, ഇഞ്ചി, വാഴ പോലെയുള്ള ഹ്രസ്വകാലവിളകളും നെല്പ്പാടങ്ങൾ കയ്യടക്കുകയും ചെയ്തു. ഭൂമിയുടെ വിലക്കയറ്റവും, സാമ്പത്തികമായി മെച്ചമല്ലാത്ത ചെറിയ കൃഷിയിടങ്ങളും, തൊഴിലാളികളുടെ വേതനത്തിൽവന്ന വർദ്ധനയും, കൃഷിയിൽനിന്നുള്ള ലാഭത്തെ ഗണ്യമായി കുറച്ചു.

1.2 കേരളത്തിൽ ജനസാന്ദ്രത വളരെ കൂടുതലാവുകയും കൃഷിയിലൂടെ ധനം സമ്പാദിക്കുന്ന രീതി വിട്ട് കൃഷിഭൂമിയെ മറ്റു ധനാഗമമാർഗങ്ങൾക്കുള്ള ആസ്തിയായി പ്രയോജനപ്പെടുത്താൻ തുടങ്ങുകയും ചെയ്തു. ഇത് സാഹചര്യങ്ങൾ കൂടുതൽ സങ്കീർണമാക്കി. കർഷകർ കൃഷിയിൽനിന്ന് വ്യതിചലിച്ച് സമൃദ്ധമായ ഭൂമിയെ മറ്റാവശ്യങ്ങൾക്കായി ഉപയോഗിക്കാൻ തുടങ്ങുകയും നിരവധി കൃഷിക്കാർ കൃഷിയിൽനിന്നു പിൻമാറുകയും ചെയ്തു. അങ്ങനെ ആദായകരമല്ലാത്ത ഒരു ഉപജീവനമാർഗ്ഗമായി കൃഷി വ്യാഖ്യാനിക്കപ്പെടാൻ തുടങ്ങി.

1.3 കേരളം ഒരു ഉപഭോക്തൃ സംസ്ഥാനമായിട്ടാണ് അറിയപ്പെടുന്നത്. അതുകൊണ്ടു തന്നെ നമ്മുടെ ഭക്ഷ്യാവശ്യങ്ങൾക്കായി അയൽസംസ്ഥാനങ്ങളെ നിരന്തരം ആശ്രയിക്കേണ്ടതുണ്ട്. എന്നാൽ അവിടെനിന്നുള്ള ഭക്ഷ്യധാന്യങ്ങളുടെ പുറത്തേയ്ക്കുള്ള സ്വതന്ത്രമായ ഒഴുക്ക് തടയപ്പെടുന്നത് പലപ്പോഴും നമുക്ക് വെല്ലുവിളി ഉയർത്തിയിരുന്നു. നമ്മൾ ആശ്രയിക്കുന്ന തമിഴ്നാട്, കർണ്ണാടക, ആന്ധ്രപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളെല്ലാം വിവിധകാരണങ്ങളാൽ നെൽകൃഷിയിൽനിന്നും പിൻമാറാൻ കർഷകരെ പ്രേരിപ്പിക്കുന്നുവെന്നത് സ്ഥിതി കൂടുതൽ വഷളാക്കാൻ പോന്നതാണ്. കേരളത്തിന് തീർത്തും ഒഴിച്ചുകൂടാനാവാത്ത പാൽ, മുട്ട, മാംസം തുടങ്ങിയവയുടെ കാര്യത്തിലും അന്യസംസ്ഥാനങ്ങളെയാണ് പരമാവധി ആശ്രയിക്കുന്നത്. ഈ സാഹചര്യം ഇനിയും തുടരാനനുവദിച്ചാൽ തീരെ ഭക്ഷ്യസുരക്ഷയില്ലാത്ത സംസ്ഥാനമായി കേരളം മാറും. ഇത് ഭക്ഷ്യസുരക്ഷയെ മാത്രമല്ല, ജീവന്റെ നിലനിൽപ്പിന് തന്നെ ആധാരമായ പരിസ്ഥിതി അനുബന്ധമേഖലകൾക്കും വൻഭീഷണിയാണ് ഉയർത്തുന്നത്.

1.4 ഈ സാഹചര്യത്തിലാണ് കേരളത്തിലെ ബഹു.മുഖ്യമന്ത്രി ശ്രീ ഉമ്മൻ ചാണ്ടിയും കൃഷി-മൃഗസംരക്ഷണ-പ്രിന്റിങ്-സ്റ്റേഷനറി വകുപ്പ് മന്ത്രി ശ്രീ കെ. പി. മോഹനനും മുൻകൈ എടുത്ത് കൃഷിക്കാരുടെ അന്തസ്സും സാമൂഹ്യസുരക്ഷയും ഉറപ്പുവരുത്താനും, കാർഷികവരുമാനം മെച്ചപ്പെടുത്താനും ലക്ഷ്യമിട്ട് ഒരു സമഗ്രകാർഷികവികസനനയത്തിന് രൂപംകൊടുക്കാൻ തീരുമാനിച്ചത്.

1.5 2012 മെയ് മാസത്തിൽ കേരളസർക്കാർ ബഹു.കൃഷിമന്ത്രി ശ്രീ കെ.പി. മോഹനന്റെ അദ്ധ്യക്ഷതയിൽ ഒരു ഉപദേശകസമിതി രൂപവല്കരിച്ചു. ഈ ഉപദേശകസമിതി ഒരു കരടുപദ്ധതി തയാറാക്കുവാൻ പ്രഗത്ഭ കർഷകനായ ശ്രീ കെ. കൃഷ്ണൻകുട്ടിയുടെ അദ്ധ്യക്ഷതയിൽ ഒരു ഉപസമിതി രൂപവല്കരിക്കാൻ തീരുമാനിച്ചു. ശ്രീ എം.എസ്. ജോസഫ് (മുൻ കാർഷികോല്പാദന കമ്മീഷണർ), ശ്രീ ആർ. ഹേലി (മുൻ കൃഷി ഡയറക്ടർ), ഡോ. വടിവേലു (മുൻ എക്സ്റ്റൻഷൻ ഡയറക്ടർ, തമിഴ്നാട് കാർഷിക സർവ്വകലാശാല), ഡോ. പി. രാജശേഖരൻ (കാർഷിക വിഭാഗം മേധാവി, സംസ്ഥാന ആസൂത്രണ ബോർഡ്), കേരള കാർഷികസർവ്വകലാശാലയിലെ വിജ്ഞാന വ്യാപനവിഭാഗം ഡയറക്ടർ ഡോ. പി.വി. ബാലചന്ദ്രൻ, മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ ഡോ. കെ.ജി. സുമ, കൺവീനറായി കൃഷി വകുപ്പ് ഡയറക്ടർ ശ്രീ കെ. അജിത്കുമാർ, ജോയിന്റ് കൺവീനറായി കൃഷിവകുപ്പ് ഡപ്യൂട്ടി ഡയറക്ടർ ശ്രീ എ.കെ. മാധവചന്ദ്രൻ എന്നിവരാണ് മറ്റ് അംഗങ്ങൾ. ഈ ഉപസമിതിയുടെ ആദ്യത്തെ യോഗത്തിൽ ബഹു. മുഖ്യമന്ത്രി ശ്രീ ഉമ്മൻചാണ്ടി ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാർക്കും സംസ്ഥാനതല കർഷക സംഘടനാ ഭാരവാഹികൾക്കുമൊപ്പം പങ്കെടുക്കുകയുണ്ടായി. ഉപസമിതി 14 ജില്ലകളിലും സഞ്ചരിച്ച് കൃഷി-അനുബന്ധ മേഖലകളുമായി ബന്ധപ്പെട്ടവരിൽനിന്നും അഭിപ്രായ നിർദ്ദേശങ്ങൾ ശേഖരിക്കണമെന്ന് മുഖ്യമന്ത്രി ആവശ്യപ്പെട്ടിരുന്നു. അദ്ദേഹത്തിന്റെ അഭിപ്രായപ്രകാരം സംസ്ഥാനത്തുടനീളമുള്ള, കൃഷിയുമായി ബന്ധപ്പെട്ട പരമാവധിപേരെ ഉപസമിതി കാണുകയും വിവരശേഖരണം നടത്തുകയുമുണ്ടായി. ഒരു സുപ്രധാനദൗത്യം എന്ന നിലയിലാണ് ഉപസമിതി കരടുനയത്തെ സമീപിച്ചത്.

### 1.6 കരട് കാർഷികനയത്തിന്റെ രൂപവല്കരണം

1.6.1 സമൂഹത്തിലെ വിവിധ വിഭാഗങ്ങളുടെ പ്രശ്നങ്ങളും ആവശ്യങ്ങളും മനസ്സിലാക്കാനും; കരടുനയത്തിന്റെ രൂപരേഖയും ഉള്ളടക്കവും തയ്യാറാക്കാനുമായി നിരന്തരമായ പര്യാലോചനായോഗങ്ങൾ കൂടുകയുണ്ടായി. കൃഷിക്കാരുമായും കർഷകത്തൊഴിലാളികളുമായും തദ്ദേശസ്ഥാപന പ്രതിനിധികളുമായും ഈ രംഗത്ത് പങ്കാളിത്തം വഹിക്കുന്ന വിവിധ കർഷകസംഘടനകൾ, തൊഴിൽ സംഘടനകൾ, കാർഷികവിദഗ്ധരുടെയും വികസനോദ്യോഗസ്ഥരുടെയും സംഘടനകൾ തുടങ്ങിയവ യുമായും, സന്നദ്ധ സംഘടനകളുമായും, ദേശീയ-സംസ്ഥാനതലങ്ങളിൽ പ്രവർത്തിക്കുന്ന ഗവേഷണസ്ഥാപനങ്ങളുടെയും ഉല്പന്നബോർഡുകൾ, പൊതുമേഖലാസംരംഭങ്ങൾ തുടങ്ങിയവയുടെയും തലവൻമാരുമായും കാർഷികമാധ്യമ പ്രവർത്തകരുമായും സംസ്ഥാനമൊട്ടാകെ സംവേദനങ്ങൾ നടത്തി. ഇത്തരം കൂട്ടായ്മകളിലൂടെ ഉരുത്തിരിഞ്ഞുവന്ന നിർദ്ദേശങ്ങളും അഭിപ്രായങ്ങളും തീരുമാനങ്ങളും ഉപസമിതി കരടുനയരേഖ തയാറാക്കുന്നതിന് പരിഗണിച്ചു.

1.6.2 നിയമസഭാംഗങ്ങൾ, പ്രതിഭാധനരായ കർഷകർ, കാർഷികരംഗവുമായി ബന്ധപ്പെട്ട ശ്രേഷ്ഠവ്യക്തിത്വങ്ങൾ തുടങ്ങിയവരിൽ നിന്നും പ്രതികരണങ്ങളും അഭിപ്രായങ്ങളും ആരാഞ്ഞുകൊണ്ട് ഉപസമിതി അദ്ധ്യക്ഷൻ തന്നെ വിശദമായ കത്തെഴുതുകയുണ്ടായി. പൊതുജനങ്ങൾക്കിടയിൽ ഈ സമിതിയെക്കുറിച്ചുള്ള പ്രചാരണത്തിനായി അംഗങ്ങളുടെ ഫോൺനമ്പറുകളും ഇ-മെയിൽ വിലാസങ്ങളും കേരളത്തിലെ പ്രധാനപ്പെട്ട ദിനപത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തുകയും പ്രതികരണങ്ങൾ സ്വീകരിക്കുകയും ചെയ്തു.

1.6.3 ആകെ 48 സമ്മേളനങ്ങളും, 384 മണിക്കൂർ നീണ്ട ചർച്ചകളും ഈ കരടുനയരേഖ തയ്യാറാക്കുന്നതിനായി നടത്തി. ആകെ 96 സംഘടനകളും 2650 വ്യക്തികളും നയ രൂപവത്കരണ പ്രവർത്തനങ്ങളിൽ പങ്കെടുത്തു.

1.6.4. ശ്രീ കെ. കരുണാകരൻ മുഖ്യമന്ത്രിയും ശ്രീ പി.പി. ജോർജ് കൃഷിമന്ത്രിയുമായിരിക്കെ 1992 മാർച്ചിലാണ് സംസ്ഥാനത്തെ ആദ്യത്തെ കാർഷികനയം പ്രഖ്യാപിച്ചത്. 20 വർഷങ്ങളായി പിൻതുടർന്നുപോരുന്ന ഈ നയത്തിന് മാറിമാറിവന്ന കാർഷികരീതികളുടെ വെളിച്ചത്തിൽ പരിവർത്തനങ്ങൾ അനിവാര്യമായിത്തീർന്നു. ഇതിനിടെ പ്രൊഫ. എം.എസ്. സ്വാമിനാഥന്റെ അദ്ധ്യക്ഷതയിൽ രൂപീകൃതമായ ദേശീയകാർഷിക കമ്മീഷൻ 2007 സെപ്തംബറിൽ കൃഷിക്കാർക്കായി തയ്യാറാക്കിയ ദേശീയ നയം കേന്ദ്രസർക്കാർ അംഗീകരിച്ചിരുന്നു. ഈ നയത്തിലാണ് ഇദംപ്രഥമമായി കൃഷിയുടെ ഭാഗം മാത്രമായി കർഷകനെ കണ്ടിരുന്ന രീതിക്ക് മാറ്റം വരുത്തി കർഷകകേന്ദ്രീകൃതമായ ഒരു വികസന സങ്കല്പം അവതരിപ്പിക്കപ്പെട്ടത്. ഈ ദേശീയനയത്തിന്റെ ചുവടുപിടിച്ചാണ് കൃഷി-മൃഗസംരക്ഷണ-ക്ഷീര-മത്സ്യബന്ധന മേഖലകളെയെല്ലാം കൂട്ടിയിണക്കി കരട് കാർഷികനയരേഖയുടെ സമഗ്രത ഉറപ്പാക്കാൻ ഉപസമിതി തീരുമാനിച്ചത്. ഇതിനിടയിൽ സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന ജൈവകൃഷിനയത്തിന് ഭേദഗതികൾ വരുത്തി 2010-ൽ കേരളസർക്കാർ ഒരു ജൈവകൃഷി പ്രയോഗതന്ത്രവും ആവിഷ്കരിക്കുകയുണ്ടായി.

1.6.5. ഈ പശ്ചാത്തലത്തിൽ, കർഷകന് സമൂഹത്തിൽ അന്തസ്സും മാന്യമായ ജീവിത നിലവാരവും പ്രാപ്തമാക്കുന്നതരത്തിൽ ഉയർന്ന വരുമാനം ഉറപ്പുവരുത്തുക എന്നതാണ് ഈ നയത്തിന്റെ കാതൽ. കൃഷിഭൂമി, ജലസ്രോതസ്സുകൾ, മനുഷ്യവിഭവശേഷി, സാങ്കേതികവിദ്യ ഇവയുടെ നീതിയുക്തമായ ഉപയോഗത്തിലൂടെ ഉല്പാദനക്ഷമതയും ലാഭവും ആസൂത്രിതമായി നേടിയെടുത്താണ് ഈ ലക്ഷ്യം കൈവരിക്കാനാവുക.

## 1.7. പദ്ധതിരേഖയുടെ കാഴ്ചപ്പാട്

1.7.1 കൃഷിയെ ലാഭകരമായ തൊഴിലായി വികസിപ്പിക്കുന്നതിലൂടെ കർഷകന് അന്തസ്സും സമൂഹത്തിൽ മാന്യമായസ്ഥാനവും നേടിക്കൊടുക്കാനാവും; ഒപ്പം ഉല്പാദന വ്യവസ്ഥയുടെ സുസ്ഥിരതയിലൂടെ ഓരോ പൗരനും ആഹാരം, ജലം, ജീവനോപാധികളുടെ ലഭ്യത, ആധുനിക ജീവിതസൗകര്യങ്ങൾ ഇവ ഉറപ്പുവരുത്താനുമാണ് ഈ നയം ലക്ഷ്യ മിടുന്നത്. ഇതിലൂടെ പുതിയ തലമുറയെ കാർഷികരംഗത്തേക്ക് ആകർഷിക്കാനും അങ്ങനെ കൃഷി-മൃഗസംരക്ഷണ-ക്ഷീരവികസന-മത്സ്യ മേഖലകളിലും, വിളവെടുപ്പ്, സംസ്കരണം തുടങ്ങിയ സവിശേഷ മേഖലകളിലും ആകർഷകവും വെല്ലുവിളികൾ നിറഞ്ഞതുമായ സംരംഭങ്ങൾ ഏറ്റെടുക്കാൻ അവരെ പ്രാപ്തരാക്കാനും സാധിക്കുമെന്നാണ് സമിതിയുടെ കാഴ്ചപ്പാട്.

1.7.2 മുൻപ് പറഞ്ഞതുപോലെ ഈ രേഖയിൽ കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, തോട്ടംമേഖല തുടങ്ങിയ പ്രാഥമിക മേഖലകളോടൊപ്പം പരിസ്ഥിതി സംബന്ധമായ വിഷയങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.

# 2. സംസ്ഥാനത്തിന്റെ പൊതുപശ്ചാത്തലം

2.1 ആവശ്യത്തിലേറെ മഴയും, ഫലഭൂയിഷ്ഠമായ മണ്ണും, നല്ല സൂര്യപ്രകാശവും, കൃഷിക്കനുയോജ്യമായ അന്തരീക്ഷാർദ്രതയും ഒത്തുചേരുന്നു എന്നതാണ് കേരളത്തിന്റെ സവിശേഷത. ഉഷ്ണമേഖലയിലും, മിതോഷ്ണമേഖലയിലും, മിതശൈത്യമേഖലയിലുമെല്ലാമുള്ള കാലാവസ്ഥാ പ്രത്യേകതകൾ നമുക്കുണ്ട്. നേരത്തെ തന്നെ കേരളത്തെ 26 വിവിധ കാർഷികപാരിസ്ഥിതിക മേഖലകളായി തിരിച്ചിട്ടുണ്ട്. ജൈവവൈവിധ്യ ങ്ങളുടെ പറുദീസയെന്നറിയപ്പെടുന്ന പശ്ചിമഘട്ടമലനിരകളുടെ സാന്നിദ്ധ്യം കൊണ്ടു തന്നെ സസ്യ-മൃഗസമ്പത്തിനാൽ അനുഗ്രഹീതമാണ് കേരളം.

2.2 കേരളത്തിലെ കാർഷികരംഗം ഇന്ന് ഒട്ടനവധി പ്രതിസന്ധികൾ അഭിമുഖീകരിക്കുന്നുണ്ട്. കൃഷിയോഗ്യമായ ഭൂമിയിൽ വരുന്ന കുറവ്, ജോലിക്കനുസരിച്ചുള്ള ഉല്പാദനക്ഷമതയില്ലായ്മ, ചെറുതും തുണ്ടുതുണ്ടാക്കപ്പെട്ടതുമായ ഭൂമിയുടെ ആധിക്യം ഇവയെല്ലാം കൃഷിയെ ദോഷകരമായി ബാധിക്കുന്നു. വരുമാനത്തിലെ സുരക്ഷിതത്വമില്ലായ്മയും ഉല്പാദനത്തിലുള്ള അനിശ്ചിതത്വവും വിപണനസംവിധാനത്തിലെ പോരായ്മകളും പുതുതലമുറയെ കൃഷിയിൽ നിന്നും കൃഷിപ്പണികളിൽനിന്നും അകറ്റുന്നു. കയറ്റുമതി ലക്ഷ്യമാക്കി നാണ്യവിളകൾ പ്രചാരത്തിലായതോടെ ഭക്ഷ്യവിളകളുടെയും നാണ്യവിളകളുടെയും ഭൂവിസ്തൃതികൾ തമ്മിലുള്ള അനുപാതം 64:36 (1960–61) നിന്നും 16:67 (2009–10) ആയി കുറഞ്ഞു. കാർഷികോല്പാദനത്തിന്റെ 80% വരുന്ന റബ്ബർ, തേയില, കാപ്പി, സുഗന്ധ വിളകൾ തുടങ്ങിയവയെല്ലാം സംസ്ഥാനത്തിന് പുറത്ത് വിപണനം നടത്തുന്നവയാണ്. കാലാവസ്ഥാവ്യതിയാനം നമ്മുടെ കാർഷികോല്പാദനത്തെ കാര്യമായി ബാധിച്ചിട്ടുണ്ട്. 2003-ലെയും 2013-ലെയും വരൾച്ചക്കെടുതികൾ ഇതിന് ഉത്തമോദാഹരണമാണ്.

2.3 ഭൂമിശാസ്ത്രപരമായി മൊത്തം 38.86 ലക്ഷം ഹെക്ടർ വിസ്തൃതിയുള്ള കേരളത്തിൽ 20.71 ലക്ഷം ഹെക്ടർ ഭൂമിയിൽ നിന്നുമാത്രമേ വിളവെടുക്കുന്നുള്ളൂ. അതായത് മൊത്തംഭൂമിയുടെ 53.3% മാത്രം. 2009–10 ലെ കണക്കെടുപ്പുപ്രകാരം ഇത് വീണ്ടും 0.35% കുറഞ്ഞു. 26.47 ലക്ഷം ഹെക്ടർ കൃഷിഭൂമിയിൽ നെല്ല്, പയറുവർഗ്ഗങ്ങൾ, ചെറുധാന്യങ്ങൾ, മരച്ചീനി തുടങ്ങിയ ഭക്ഷ്യവിളകൾ കൃഷി ചെയ്യുന്നത് 12.05% മാത്രമാണ് (2010–11 ലെ കണക്കെടുപ്പുപ്രകാരം). ഭക്ഷ്യവിളകളുടെ ഈ നേരിയ വിസ്തൃതിപോലും നിലനിർത്താൻ വലിയ വെല്ലുവിളികളാണ് കേരളം നേരിട്ടുകൊണ്ടിരിക്കുന്നത്. ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ കൃഷിക്കുപയുക്തമായ തരിശുഭൂമി കുറവാണെങ്കിലും 2.01 ലക്ഷം ഹെക്ടർ സ്ഥലം കാർഷികാവശ്യത്തിന് ഉപയോഗപ്പെടുത്താനുള്ള സാദ്ധ്യതയുണ്ട്.

2.4 പച്ചപ്പുനിറഞ്ഞ നമ്മുടെ നാട് കന്നുകാലിവളർത്തലിന്റെ സാദ്ധ്യതയെ സൂചിപ്പിക്കുന്നു. അതുകൊണ്ടുതന്നെ ഇത്, ഉല്പാദനമേഖലയിൽ ഒഴിച്ചു കൂടാനാവാത്ത ഒരു ഘടകമായിത്തീരുകയും ചെയ്യുന്നു.

2.5 വളർത്തുമൃഗങ്ങൾ, വീട്ടുവളപ്പിലെ കോഴിവളർത്തൽ, ഉൾനാടൻ മത്സ്യക്കൃഷി ഇവയെല്ലാം സംയോജിപ്പിച്ചുകൊണ്ടുള്ള പുരയിടക്കൃഷിരീതി കേരളത്തിന്റെ മാത്രം പ്രത്യേകതയാണ്.

2.6 1970–71 കാലയളവിൽ സംസ്ഥാനത്തിന്റെ ആഭ്യന്തരഉല്പാദനത്തിൽ കൃഷിയുടെ പങ്ക് 49.44% ആയിരുന്നത് 2009–10 ആയ

പ്പോൾ 14% ആയി കുറഞ്ഞു. ഇതേ കാലയളവിൽ സേവനമേഖലയുടെ പങ്ക് 34.23% ത്തിൽ നിന്നും 61.3% ആയി വർദ്ധിച്ചു.

2.7 ഭൂപരിഷ്കരണം നടപ്പിലാക്കിയ ഇന്ത്യയിലെ ആദ്യസംസ്ഥാനമാണ് കേരളം. തൊഴിലാളിക്ഷാമം, വർദ്ധിച്ചുവരുന്ന കൂലിച്ചെലവ്, ഉല്പാദനോപാധികളുടെ വിലവർദ്ധന, ലാഭക്കുറവ് തുടങ്ങിയവയും മറ്റനവധി പ്രതിബന്ധങ്ങളും മൂലം നല്ലൊരുപങ്ക് ഭൂവുടമകളും കൃഷിഭൂമി തരിശിടുന്ന അവസ്ഥയുണ്ട്. അതായത് കൃഷിയോഗ്യമായ തരിശുഭൂമി ലഭ്യമാണെങ്കിലും അത് കൃഷിചെയ്യാൻ താല്പര്യമുള്ളവർക്ക് ലഭ്യമാകാതിരിക്കുകയോ ഉയർന്ന ഉല്പാദന ച്ചെലവുമൂലം കൃഷി സാദ്ധ്യമല്ലാതാവുകയോ ചെയ്യുന്നു. ഭൂമി ദീർഘനാൾ പാട്ടത്തിന് നൽകിയാൽ അത് നഷ്ടപ്പെടുമോയെന്ന ഭയവും ഭൂവുടമകൾക്കുണ്ട്.

2.8 സർക്കാരിന്റെ കണക്കുപ്രകാരം 1997-ൽ കേരളത്തിലെ വാർഷിക ഭക്ഷ്യധാന്യാവശ്യം 48 ലക്ഷം ടൺ ആയിരുന്നപ്പോൾ ആഭ്യന്തര ഉല്പാദനം വെറും 10 ലക്ഷം ടൺ മാത്രമായിരുന്നു. ഇക്കാലയളവിൽ പൊതുവിതരണ സംവിധാനം വഴി വിതരണം ചെയ്ത 20 ടൺ കഴിച്ചുള്ള ബാക്കി ആവശ്യകത പൊതുവിപണിയിൽനിന്നാണ് നിറവേറ്റപ്പെട്ടത്. സംസ്ഥാനത്തെ വിളകളുടെ 2010-11 ലെ കണക്കെടുപ്പുപ്രകാരം ഇപ്പോഴത്തെ സ്ഥിതി ഇങ്ങനെയാണ് - നെല്ല് (2.13 ലക്ഷം ഹെക്ടർ), പച്ചക്കറികൾ (0.42 ലക്ഷം ഹെക്ടർ), ഫലവർഗ്ഗങ്ങൾ (2.83 ലക്ഷം ഹെക്ടർ), കപ്പയും മറ്റു കിഴങ്ങുവർഗ്ഗങ്ങളും (0.93 ലക്ഷം ഹെക്ടർ), പയറുവർഗ്ഗങ്ങൾ (0.004 ലക്ഷം ഹെക്ടർ), തെങ്ങ് (7.7 ലക്ഷം ഹെക്ടർ) കരിമ്പ് (0.0064 ലക്ഷം ഹെക്ടർ), സുഗന്ധവ്യഞ്ജനങ്ങൾ (3.54 ലക്ഷം ഹെക്ടർ), തോട്ടവിളകൾ (6.7 ലക്ഷം ഹെക്ടർ).

2.9 കേരളത്തിലെ കർഷകരിൽ ഭൂരിഭാഗവും ചെറുകിട-നാമമാത്ര കർഷകരും വീട്ടുവളപ്പിൽ കൃഷിയിറക്കുന്നവരുമാണ്. ശരാശരി കൈവശഭൂമി ഏറ്റവും കുറവുള്ളത് കേരളത്തിലാണ്. ഒരു ഹെക്ടറിൽ താഴെ ഭൂമിയുള്ള നാമമാത്ര കർഷകരിൽ സിംഹഭാഗവും (90.4%)പത്തോ ഇരുപതോ സെന്റിൽ പുരയിടക്കൃഷി ചെയ്യുന്നവരാണ്. ബാക്കിയുള്ളതിൽ 1-2 ഹെക്ടറുള്ള ചെറുകിടകർഷകർ 4.3% ഉം, 2-4 ഹെക്ടറുള്ള ഇടത്തരംകർഷകർ 1.3% ഉം, 4-10 ഹെക്ടറുള്ള വൻകിടകർഷകർ 0.3% ഉം ആണെന്ന് 2009-ലെ ഔദ്യോഗിക കണക്കുകൾ വെളിപ്പെടുത്തുന്നു.

2.10 കേരളത്തിലെ കന്നുകാലിസമ്പത്ത് പ്രധാനമായും ഗ്രാമങ്ങളിലാണ് കേന്ദ്രീകരിച്ചിരിക്കുന്നത്. ഗുണമേന്മയുള്ള ഭക്ഷ്യവിഭവങ്ങളായ പാൽ, മുട്ട, മാംസം ഇതെല്ലാമാണ് ഈ മേഖലയുടെ സംഭാവന. മിക്കവാറും കൂലിപ്പണിക്കാരും കർഷകത്തൊഴിലാളികളുമാണ് കന്നുകാലിവളർത്തലിൽ ഏർപ്പെട്ടിരിക്കുന്നത് എന്നതുകൊണ്ടുതന്നെ ഈ രംഗത്തെ പുരോഗതി ഗ്രാമീണമേഖലയിലെ ജീവനോപാധികളെ ശക്തിപ്പെടുത്തുന്നു. കേരളത്തിലെ മൊത്തം ആഭ്യന്തരഉല്പാദനത്തിന്റെ 40% സംഭാവന നൽകുന്നത്മൃഗസംരക്ഷണമേഖലയാണ്. മൃഗസംരക്ഷണത്തിൽ ഏർപ്പെട്ടിരിക്കുന്ന കർഷകരിൽ 14% പേർ കന്നുകാലികളെയും, 23% പേർ പക്ഷികളെയും, 10% പേർ ആടുകളെയും വളർത്തുന്നു. 2007-ലെ വളർത്തുമൃഗകണക്കെടുപ്പ് വിവരമനുസരിച്ച് 17.31 ലക്ഷം പശുക്കളും 58145 എരുമകളും 17.29 ലക്ഷം ആടുകളും 59017 പന്നികളും 118.2 ലക്ഷം വളർത്തുപക്ഷികളുമാണ് കേരളത്തിലുള്ളത്. കേരളത്തിലെ ശരാശരി പാലുല്പാദനം സങ്കരയിനം പശുക്കളിൽ 9.02 ലിറ്ററും, എരുമകളിൽ 6.5 ലിറ്ററുമാണ്. വളർത്തുകോഴികൾ പ്രതിവർഷം ശരാശരി 221 മുട്ടയാണ് നൽകുന്നത്. മൊത്തം കാലിസമ്പത്തിന്റെ 93% വരുന്ന സങ്കരയിനം കാലികളിൽ 50% ഉം വിദേശജനുസ്സുകളാണ്.

2.11 മത്സ്യലഭ്യതയ്ക്കായി നാം ഇപ്പോഴും കടൽമത്സ്യങ്ങളെ കൂടുതലായി ആശ്രയിക്കുന്നതിനാൽ ഇതുവരെ നമ്മൾ ഉൾനാടൻ ജലസ്രോതസ്സുകളെ മത്സ്യക്കൃഷിക്കായി പൂർണ്ണമായും പ്രയോജനപ്പെടുത്തിയിരുന്നില്ല. പക്ഷേ കടൽമത്സ്യങ്ങളുടെ എണ്ണം ഗണ്യമായ തോതിൽ കുറയുകയാണ്. ഇത് ഉൾനാടൻ ജലസ്രോതസ്സുകൾ ഉപയോഗപ്പെടുത്തിയുള്ള മത്സ്യക്കൃഷിയുടെ സാദ്ധ്യത വർദ്ധിപ്പിക്കുന്നു. 44 നദികളും (85000 ഹെക്ടർ) 53 ജലസംഭരണികളും (44289 ഹെക്ടർ) 53 കായലുകളും (65213 ഹെക്ടർ) അനന്തസാദ്ധ്യതകളാണ് ഉൾനാടൻമത്സ്യക്കൃഷിക്കായി തുറന്നുതരുന്നത്. കടലിൽനിന്നും വീണ്ടെടുത്ത് കൃഷിക്കുപയുക്തമാക്കിയ കുട്ടനാട്ടിലെ 35000 ഹെക്ടർ ഭൂമിയും, തൃശ്ശൂരിലെയും മലപ്പുറത്തെയും 17,000 ഹെക്ടർ കോൾനിലങ്ങളും, എറണാകുളത്തെയും തൃശ്ശൂരിലെയും 12,000 ഹെക്ടർ പൊക്കാളിപ്പാടങ്ങളും, കണ്ണൂരിലെ 2500 ഹെക്ടർ കൈപ്പാട് നിലങ്ങളും ശുദ്ധജലമത്സ്യക്കൃഷിക്ക് അനുയോജ്യമാണ്. എന്നാൽ നഗരവല്കരണ മുൾപ്പെടെയുള്ള കാരണങ്ങൾമൂലം ഈ പ്രദേശങ്ങൾ വളരെവേഗത്തിൽ നാശോന്മുഖമായിക്കൊണ്ടിരിക്കുകയാണ്.

# 3. കൃഷിയെ ചലനാത്മകമാക്കാൻ പുതു കാർഷികനയങ്ങൾ

3.1 ഭക്ഷ്യധാന്യങ്ങൾ ലോകത്തിന് ഒഴിവാക്കാനാവില്ല. ഭാരതത്തിലെ പരമ്പരാഗത ധാന്യപ്പുരകളെല്ലാം വളരെവേഗത്തിൽ കാലിയാവുകയാണ്. സാമ്പ്രദായികമായി നെൽക്കൃഷി നടത്തിവന്ന മിക്ക സംസ്ഥാനങ്ങളും നെല്ലുല്പാദനത്തിന് അവധി പ്രഖ്യാപിച്ചിരിക്കുകയാണ്. എന്നും ഭക്ഷ്യദാരിദ്ര്യം അനുഭവിക്കുന്ന സംസ്ഥാനമായാണ് കേരളം അറിയപ്പെടുന്നത്. ഉയർന്നവില, ദൗർലഭ്യം തുടങ്ങിയ കാരണങ്ങളാൽ വേണ്ടത്ര ധാന്യവസ്തുക്കൾ കിട്ടാതെവരുമ്പോൾ പയറുവർഗ്ഗങ്ങൾ, ഇറച്ചി, മുട്ട, പാൽ, തുടങ്ങിയ ഭക്ഷ്യവസ്തുക്കളെ കൂടുതലായി ആശ്രയിക്കേണ്ടിവരുന്നു. കഴിഞ്ഞ കുറേ വർഷങ്ങളായി ഭക്ഷ്യവസ്തുക്കൾക്ക് വിലയേറിവരുന്ന അനുഭവമാണ് കേരളത്തിലുള്ളത്. ഇത് ജനജീവിതം കൂടുതൽ ദുരിത പൂർണ്ണമാക്കുന്നു. ദൗർലഭ്യവും വിലക്കയറ്റവും ഒരുമിച്ചെത്തുന്നത് സ്ഥിതി കൂടുതൽ വഷളാക്കുകയും ഭക്ഷ്യവസ്തുക്കൾ സുലഭമായി ലഭിക്കാനുള്ള സാദ്ധ്യതകൾക്ക് ഭംഗമുണ്ടാവുകയും ചെയ്യുന്നു. എന്നാൽ ഇത് മറ്റൊരുതരത്തിൽ വലിയ ഒരവസരമാണ് കേരളത്തിലെ കർഷകർക്ക് മുന്നിൽ തുറന്നിടുന്നത്. പക്ഷേ, ഉല്പാദനത്തിനുള്ള വിശാലമായ ഈ സാദ്ധ്യത മുതലെടുക്കാൻ കേരളത്തിന് കഴിയുന്നില്ല എന്നതാണ് വാസ്തവം. കൃഷിയിൽനിന്നുള്ള പിൻമാറ്റം വർദ്ധിക്കുന്നു. ഒപ്പം നിരവധി കാരണങ്ങളാൽ ഭൂമിയുടെ മേലുള്ള സമ്മർദ്ദവും ഏറിവരികയാണ്. ഇതെല്ലാം മൊത്തം കൃഷിയിറക്കപ്പെടുന്ന ഭൂമിയുടെ വ്യാപ്തി ക്ഷയിപ്പിക്കുന്നു. ഇതരവിളകളുമായി താരതമ്യപ്പെടുത്തുമ്പോൾ ഭക്ഷ്യവിളകൾ കൃഷിചെയ്യുന്നതിലുള്ള ലാഭക്കുറവും തൊഴിലാളിക്ഷാമവുമാണ് കർഷകരെ നിരുത്സാഹപ്പെടുത്തുന്ന പ്രധാന പ്രശ്നങ്ങളെന്ന് മനസ്സിലാക്കാം.

3.2 ലോകമെമ്പാടും ഏകദേശം 102 ദശലക്ഷം ജനങ്ങൾ പോഷകക്കുറവ് അനുഭവിക്കുന്നതായി ലോകഭക്ഷ്യകാർഷിക സംഘടനയുടെ (FAO) 2009-ലെ കണക്കുകൾ വ്യക്തമാക്കുന്നു. മോശമായ വിളവെടുപ്പ് മാത്രമല്ല, ഉല്പാദിപ്പിക്കപ്പെടുന്ന ഭക്ഷ്യവസ്തുക്കളുടെ വിലക്കൂടുതലും തൊഴിലി ല്ലായ്മയും തുച്ഛമായ വരുമാനവുമെല്ലാം അവരുടെ വാങ്ങൽശേഷി കുറയ്ക്കുന്നു. 2009-ലെ സാമ്പത്തിക പ്രതിസന്ധിയും ഭക്ഷ്യസുരക്ഷിതത്വമില്ലായ്മ വർദ്ധിപ്പിച്ചു. വില കുതിച്ചു കയറി. കേരളവും ഈ പ്രശ്നങ്ങളിൽ നിന്ന് മുക്തമല്ലായിരുന്നു. മറ്റു സംസ്ഥാനങ്ങളുമായി തട്ടിച്ചുനോക്കുമ്പോൾ ഏറ്റവും ഭക്ഷ്യക്കമ്മി നേരിടുന്നുവെന്നതും ഏറ്റവും കുറവ് തരിശുഭൂമി മാത്രമേ കൈവശമുള്ളൂവെന്നതും കേരളത്തെ വ്യാകുലപ്പെടുത്തുന്ന സത്യങ്ങളാണ്.

3.3 കാർഷികേതരമേഖ ലകളിൽ അഭൂതപൂർവ്വമായ വളർച്ചയുണ്ടാ കുമ്പോൾ ത്തന്നെ കാർഷികരംഗത്ത് വളർച്ചയിലും ലാഭത്തിലും ഒരുപോലെ യുണ്ടായ ക്ഷയം കേരളത്തെ ഉത്കണ്ഠയിലാക്കാൻ പോന്നതാണ്. ആഗോള രംഗത്തുണ്ടാകുന്ന വില വ്യതിയാനങ്ങൾക്കനുസരണമായി ഉപഭോക്താക്കളുടെ താല്പര്യസംരക്ഷണാർത്ഥം ഉല്പന്നങ്ങളുടെ ആഭ്യന്തരവില പിടിച്ചുനിർത്താൻ നടത്തുന്ന ശ്രമങ്ങൾ കാർഷികവ്യാപാരത്തെയാകെ ബാധിക്കുന്നത് കർഷകരുടെ ലാഭക്കുറവിനുള്ള കാരണമാവുന്നു. ഇതോടൊപ്പം വിളവിലെ അഭിവൃദ്ധിയില്ലായ്മയും കർഷകന്റെ വരുമാനം കുറയ്ക്കുന്നു. അതുകൊണ്ടുതന്നെ

ധാരാളം കർഷകർ കൃഷിയിൽനിന്നും പിൻമാറുകയും കൃഷിഭൂമി മറ്റാവശ്യങ്ങൾക്കായി മാറ്റപ്പെടുകയും ചെയ്യുന്നു.

3.4 നമ്മുടെ കാർഷികോല്പാദനവ്യവസ്ഥ സുസ്ഥിരമായി നിലനിർത്തുന്നതിനായി ഈ സങ്കീർണമായ സാഹചര്യം വളരെ ശ്രദ്ധയോടെ കൈകാര്യം ചെയ്യേണ്ടതുണ്ട്. ഇതിനായി സർക്കാരിന്റെ ഭാഗത്തുനിന്ന് പുതിയ നയപരിപാടികൾ ആവിഷ്കരിക്കപ്പെടണം. ഇതിനനുസരണമായി നമ്മുടെ ഗവേഷണ-വികസന വ്യവസ്ഥകൾ സജ്ജമാക്കപ്പെടുകയും അവയുടെ പ്രവർത്തന മാനദണ്ഡങ്ങൾ നയരേഖയിൽ വ്യക്തമായി നിർവ്വചിക്കപ്പെടുകയും വേണം.

3.5 ഇത്തരമൊരു ആധികാരിക നയരേഖയിൽ പ്രതിപാദിക്കുന്ന വിഷയങ്ങൾ വിശദീകരിക്കാനുപയോഗിക്കുന്ന പദങ്ങളെ സംബന്ധിച്ച് സ്പഷ്ടമായ ധാരണ വരുത്താനായി അവ അർത്ഥപൂർണമായി നിർവ്വചിക്കപ്പെടുകയും, അത് ഈ നയരേഖയുടെ ഭാഗമാക്കുകയും, ഒപ്പം ഈ നയരേഖയെ അടിസ്ഥാനമാക്കിയുണ്ടാകുന്ന സമീപനങ്ങൾ, പദ്ധതികൾ തുടങ്ങിയവ തയ്യാറാക്കുമ്പോഴും നടപ്പാക്കുമ്പോഴും വ്യക്തത വരുത്താനായി അവ ഉപയോഗപ്പെടുത്തുകയും വേണം.

# 4. നിർവ്വചനങ്ങൾ

4.1 കൃഷിയിലേർപ്പെട്ടിരിക്കുന്ന എല്ലാവരേയും കർഷകന്റെ നിർവ്വചനത്തിൽ ഉൾപ്പെടുത്തിയുള്ള ദേശീയ കാർഷിക കമ്മീഷന്റെ നിർവ്വചനമാണ് ഈ നയരേഖയിലും അവലംബിച്ചിരിക്കുന്നത്.

**കർഷകൻ** : ജീവസന്ധാരണത്തിനോ സാമ്പത്തികനേട്ടത്തിനോ വേണ്ടി വിളകളുടേയോ മറ്റ് പ്രാഥമിക കാർഷികോല്പന്നങ്ങളുടേയോ ഉല്പാദനത്തിൽ ഏർപ്പെട്ടിരിക്കുന്നവരാണ് കർഷകർ. ഇതിൽ, നിലവിൽ കൃഷിഭൂമി സ്വന്തമായുള്ളവരും, കൃഷിയിലേർപ്പെട്ടിരിക്കുന്നവരും, കർഷകത്തൊഴിലാളികളും, പങ്കുകൃഷിയിൽ ഏർപ്പെട്ടിരിക്കുന്നവരും, പാട്ടക്കാരും, കന്നുകാലി വളർത്തുന്നവരും, പക്ഷി വളർത്തുന്നവരും, കറവയിലേർപ്പെട്ടിരിക്കുന്നവരും, മത്സ്യകൃഷിയിലേർപ്പെട്ടിരിക്കുന്നവരും, തേനീച്ച വളർത്തുന്നവരും, പുഷ്പക്കൃഷിയിലേർപ്പെട്ടിരിക്കുന്നവരും, ഇടയന്മാരും, തോട്ടമുടമകളും, തോട്ടംതൊഴിലാളികളും; കൂടാതെ പട്ടുനൂൽപ്പുഴുവളർത്തൽ, മണ്ണിരവളർത്തൽ, കാർഷികവനവല്കരണം തുടങ്ങിയ കൃഷിസംബന്ധമായ തൊഴിലിലേർപ്പെട്ടിരിക്കുന്നവരും എല്ലാം ഉൾപ്പെടും. ഗോത്രകുടുംബക്കാരും, സ്ഥാനാന്തരകൃഷി ചെയ്യുന്നവരും, തടിയൊഴികെയുള്ള മറ്റു വന-ഉല്പന്നങ്ങൾ ശേഖരിക്കുകയും ഉപയോഗിക്കുകയും വിൽക്കുകയും ചെയ്യുന്നവരും ഇതിൽ ഉൾപ്പെടും. (കർഷകർക്കായുള്ള ദേശീയ നയം - 2007)

4.2 കേരള സംസ്ഥാന കാർഷിക കടാശ്വാസ നിയമം (2006) കർഷകർക്ക് നൽകിയ നിർവ്വചനത്തിൽ ഭൂവുടമസ്ഥരും, ഭൂമി നിയമപരമായോ വാക്കാലോ പാട്ടത്തിനെടുക്കുന്നവരും, സർക്കാരിൽനിന്നും ഭൂമി കുത്തകപ്പാട്ടത്തിനെടുത്തിട്ടുള്ളവരും, 4 ഹെക്ടറിൽ താഴെ കൈവശഭൂമിയുള്ള കൃഷി ഉപജീവനമാർഗമായി സ്വീകരിച്ച് 2 ലക്ഷത്തിലധികമല്ലാത്ത വരുമാനമുള്ളവരും ഉൾപ്പെടുന്നു. ഇതുപ്രകാരം കർഷകത്തൊഴിലാളികളും, കുടുംബശ്രീക്കാരും കൃഷിഭൂമി പാട്ടത്തിനെടുത്ത് കൃഷിചെയ്യുന്ന സ്വയം സഹായസംഘങ്ങളുമെല്ലാം കർഷകന്റെ നിർവ്വചനത്തിൽകീഴിൽ വരും. കടങ്ങളും അതുമായി ബന്ധപ്പെട്ട വിഷയങ്ങളും സംബന്ധിച്ച് ഈ നിർവ്വചനം പ്രസക്തമാണ്.

4.3 **കൃഷി** : സസ്യങ്ങൾ, മൃഗങ്ങൾ, കുമിളുകൾ എന്നിവയുടെയും; ഭക്ഷ്യവസ്തുക്കളായും നാരുകളായും ജൈവഇന്ധനങ്ങളായും ജീവൻ നിലനിർത്താനുപയുക്തമാകുന്ന മറ്റു പദാർത്ഥങ്ങളായും ഉപയോഗിക്കാവുന്ന ജീവവസ്തുക്കളുടേയും പരിപാലനമാണ് കൃഷി.

4.4 മണ്ണിൽ കൃഷിയിറക്കുകയും വിളകളുല്പാദിപ്പിക്കുകയും, പക്ഷി-മൃഗാദികളെ വളർത്തുകയും ഒപ്പം ഇതിൽനിന്നുള്ള ഉല്പന്നങ്ങൾ വിപണനത്തിന് ഒരുക്കുകയും ചെയ്യുന്ന ശാസ്ത്രവും കലയും പ്രവൃത്തിയുമാണ് കൃഷി എന്നും നിർവ്വചനമുണ്ട്.

4.5 കർഷകർക്ക് വരുമാനവും മാനസിക സംതൃപ്തിയും ലഭ്യമാക്കുന്നതോടൊപ്പം; മണ്ണ്-ജലസംരക്ഷണം ഉൾപ്പെടെയുള്ള പരിസ്ഥിതിപാലന പ്രവർത്തനങ്ങളും പ്രത്യേകം പ്രത്യേകമായോ ഒരുമിച്ചോ സാദ്ധ്യമാക്കുന്ന പ്രാഥമിക ഉല്പാദന-സംസ്കരണ പ്രക്രിയയുമാണ് കൃഷി.

4.6 **കൃഷിയിടം** : നിലവിൽ വിളകൾ കൃഷിയിറക്കിയിട്ടുള്ളതോ; വിളകൾ കൃഷിയിറക്കാനോ പക്ഷി-മൃഗാദികളെ സംരക്ഷിക്കാനോ മത്സ്യക്കൃഷി നടത്താനോ പ്രാപ്തമായതോ ആയ ഭൂമിയേയോ ഇടത്തേയോ കൃഷിയിടമെന്ന് നിർവ്വചിക്കാം.

# 5. നയപരിഷ്കാരങ്ങൾക്ക് ഒരാമുഖം

5.1 ഉപജീവനത്തിനുള്ള മൂലധനവും ഉല്പാദനത്തിനുള്ള ഉപാധികളും മെച്ചപ്പെടുത്തുന്നതിലൂടെ മാത്രമേ ഈ നയരേഖ ലക്ഷ്യമിടുന്ന വളർച്ചയും അഭിവൃദ്ധിയും ഒരു യാഥാർത്ഥ്യമാക്കി മാറ്റാനാവൂ.

5.2 അപ്രകാരം, ജീവനോപായ മൂലധനവിഹിതത്തെ പ്രകൃതിസംബന്ധ മൂലധനം, ഭൗതിക മൂലധനം, സാമ്പത്തിക മൂലധനം, മാനുഷിക മൂലധനം, സാമൂഹ്യ മൂലധനം എന്നിങ്ങനെ തരംതിരിക്കാം. കാർഷിക നയ രൂപവല്കരണത്തിലൂടെ ഇവിടെ നടപ്പാവുന്ന ആശയം – സംസ്ഥാനത്തെ എല്ലാ പൗരൻമാർക്കും ഭക്ഷണം, വെള്ളം, ഉപജീവനമാർഗം, അവശ്യംവേണ്ട ജീവിതസൗകര്യങ്ങൾ തുടങ്ങിയ അടിസ്ഥാനാവശ്യങ്ങൾ ഉറപ്പുവരുത്തുക യെന്നതാണ്.

5.3 വികസ്വരരാജ്യങ്ങളിലെ ഒട്ടുമിക്ക കുടുംബങ്ങളുടെയും ഉപജീവനമാർഗ്ഗം കൃഷിയായതിനാൽ, സുസ്ഥിര ഗ്രാമീണ ജീവനോപായത്തെ ഒഴിച്ചുനിർത്തി ഒരിക്കലും സുസ്ഥിരകൃഷിയെക്കുറിച്ച് ചിന്തിക്കാനാവില്ല. സുസ്ഥിര ഗ്രാമീണ ജീവനം എന്നത് ദീർഘകാലാടിസ്ഥാനത്തിൽ ഗ്രാമീണ കുടുംബങ്ങൾക്ക് ഭക്ഷണവും വരുമാനവും ഉറപ്പുവരുത്തുകയോ മെച്ചപ്പെടുത്തുകയോ ചെയ്യുന്ന ബഹുമുഖമായ സങ്കല്പമാണ്. വിഭവങ്ങളുടെയും ആസ്തികളുടെയും ഉടമസ്ഥതയോ ലഭ്യതയോ ഉറപ്പാക്കിയും വരുമാനസമ്പാദനത്തിനുള്ള മാർഗ്ഗങ്ങൾ കണ്ടെത്തിയും കൃഷിയിലെ നഷ്ടം തട്ടിക്കഴിക്കാനും, ആഘാതങ്ങൾ ലഘൂകരിക്കാനും, യാദൃശ്ചിക ബുദ്ധിമുട്ടുകളെ നേരിടാനും അത് പ്രാപ്തി നൽകുന്നു. ചെറിയ കൃഷിയിടങ്ങൾ ആധിപത്യം പുലർത്തുകയും, ദാരിദ്ര്യവും ഭക്ഷ്യസുരക്ഷയും ചെറുകിടകർഷകർക്കിടയിൽ മുൻതൂക്കമുള്ള വിഷയങ്ങളായി തുടരുകയും ചെയ്യുന്ന കേരളത്തിൽ, സുസ്ഥിരകൃഷി എന്നത് ഉല്പാദനക്ഷമതയും ഉല്പാദനവും ലാഭസാദ്ധ്യതയും വർദ്ധിപ്പിക്കുന്നതിനും സർവ്വോപരി കർഷകരുടെ സാമ്പത്തികനില മെച്ചപ്പെടുത്തുന്നതിനുമുള്ള ആവശ്യകതയായിവേണം വീക്ഷിക്കപ്പെടേണ്ടത്. ഇതെല്ലാം വിരൽചൂണ്ടുന്നത് സർക്കാരിന്റെ ജാഗരൂകവും ബോധപൂർവ്വവുമായ ഇടപെടലിന്റെ അനിവാര്യതയിലേയ്ക്കാണ്.

5.4 കാർഷിക വികസന നയം നടപ്പാക്കുന്നതിന് നിയമപരിരക്ഷ ഉറപ്പുവരുത്താനായി ആവശ്യമായ നിയമനിർമ്മാണമോ നിയമഭേദഗതിയോ (കൂട്ടിച്ചേർക്കലോ കുറയ്ക്കലോ) കൈക്കൊള്ളേണ്ടതാണ്.

# 6. കൃഷിഭൂമിയുമായി ബന്ധപ്പെട്ട നയങ്ങൾ

6.1 ഫലഭൂയിഷ്ഠവും വിവിധോദ്ദേശ യുക്തവുമായ കൃഷിഭൂമി നമുക്ക് വിലപ്പെട്ട സമ്പത്തായതുകൊണ്ടുതന്നെ അതിനെ, പൊതുവെ, പ്രതിലോമ വികസന നീക്കങ്ങളിൽനിന്നും സംരക്ഷിക്കേണ്ടതുണ്ട്. മുമ്പ് പറഞ്ഞതുപോലെ കേരളത്തിലെ ഭൂമിയിൻമേലുള്ള സമ്മർദ്ദം കൂടുതലാണ്. ഭൂമിയുടെ പദവി *ഉല്പാദനോപാധി* എന്ന നിലയിൽനിന്നും *ആസ്തി* എന്നതിലേക്ക് മാറിയതോടെ കൃഷിക്കായല്ലാതെ ഭൂമി ഉപയോഗിക്കാനുള്ള പ്രവണത ഏറിവരികയാണ്. തൻമൂലം ഭൂമിയുടെ വില വർദ്ധിക്കുകയും ജനങ്ങൾ അതിനെ ഒരു സ്ഥാവര സ്വത്തെന്ന നിലയിൽക്കണ്ട് അതിൽനിന്നും അധികലാഭം പ്രതീക്ഷിക്കുകയും ചെയ്യുന്നു. ഇത് അനുഗൃഹീത പ്രകൃതിസമ്പത്തായ ഭൂമിയുടെ കുത്തനെയുള്ള നാശത്തിന് കാരണമാകുന്നു. ഭൂമി കൃഷിക്കായി ഉപയോഗിച്ചില്ലായെങ്കിൽ അത് ഭൂവ്യാപാരികളുടെ കൈയിലെ വില്പനച്ചരക്കായിത്തീരുമെന്ന ദയനീയമായ സാഹചര്യം ഇപ്പോൾത്തന്നെ കേരളം അഭിമുഖീകരിക്കുന്നുണ്ട്. ആഗോളീയമായും തദ്ദേശീയമായുമുള്ള വിലവർദ്ധനയുടെയും കാലാവസ്ഥാവ്യതിയാനങ്ങളുടെയും പശ്ചാത്തലത്തിൽ ഇതിന് പ്രത്യേക പ്രാധാന്യമുണ്ട്. വികസിത രാജ്യങ്ങളിൽപ്പോലും *ഭക്ഷണത്തിലേയ്ക്കുള്ള ദൂരം കുറയ്ക്കുക* എന്ന തത്വം പ്രചാരമാർജ്ജിച്ചുവരുന്ന ഇക്കാലത്ത് കേരളത്തിന് ഒരു മാതൃക കാണിച്ചു കൊടുക്കാനാവും.

**6.2 നയം 1. കൃഷിഭൂമി സംരക്ഷിക്കപ്പെടുകയും അത് കൃഷിക്കല്ലാതെ മറ്റാവശ്യങ്ങൾക്കായി ഉപയോഗിക്ക പ്പെടാതിരിക്കുകയും വേണം.**

6.2.1 കാർഷികോല്പാദനത്തിന് ആവശ്യമായ പ്രാഥമികവസ്തു കൃഷിഭൂമിയാണ് ( നയത്തിലെ 4.6 പ്രകാരം). ഉല്പാദനം ഉറപ്പുവരുത്താൻ ആദ്യം ഭൂലഭ്യത ഉറപ്പാക്കണം. താഴെപ്പറയുന്ന നയങ്ങൾ മാതൃകാ കൃഷിഭൂമിയുടെ സംരക്ഷണത്തിന് സഹായകമാകും.

6.2.2 ഭൂമി മറ്റാവശ്യങ്ങൾക്കായി മാറ്റിയതു കാരണവും ഭൂഗർഭജലദൗർലഭ്യം കാരണവും കൃഷി മുഖ്യവരുമാനമാർഗ്ഗമായിരുന്ന പഞ്ചാബ്, ഹരിയാന, ഉത്തർപ്രദേശ് മുതലായ സംസ്ഥാനങ്ങൾ വലിയ വെല്ലുവിളി നേരിടുകയാണ്. ഈ സംസ്ഥാനങ്ങളെയാണ് ഭക്ഷ്യാവശ്യങ്ങൾക്കായി കേരളമുൾപ്പെടെ പല ഇന്ത്യൻ സംസ്ഥാനങ്ങളും ആശ്രയിച്ചുപോരുന്നത്.

6.2.3 പദ്ധതിയിലെ 4.6 വകുപ്പ് പ്രകാരം നിർവ്വചിച്ചിട്ടുള്ള കൃഷിഭൂമി കാർഷികാവശ്യങ്ങൾക്ക് മാത്രമായി സംരക്ഷിക്കപ്പെടണം. കൃഷിക്കാരന് വേണമെങ്കിൽ അവിടെ വീടുവയ്ക്കാം. പക്ഷേ അതിന്റെ പേരിൽ അവിടം ജനങ്ങൾ കൂട്ടമായി പാർക്കുന്ന ഒരു കോളനിയാവരുത്. സർക്കാരിന്റെ ആവശ്യത്തിനല്ലാതെ കൃഷിഭൂമി മറ്റാവശ്യങ്ങൾക്കായി ഉപയോഗിക്കാൻ അനുവദിക്കരുത്. ഒഴിച്ചുകൂടാനാവാത്ത സാഹചര്യങ്ങളിൽ സർക്കാരിന് കൃഷിഭൂമി മറ്റ് ആവശ്യങ്ങൾക്കായി ഏറ്റെടുക്കേണ്ടി വരുമ്പോൾ പ്രസ്തുതഭൂമി ലഭിക്കുന്ന ഏജൻസികൾ പകരമായി മറ്റെവിടെയെങ്കിലും തരിശിട്ടിരിക്കുന്നതോ കൃഷിയോഗ്യമല്ലാത്തതോ ആയ ഭൂമി തത്തുല്യമായ വിസ്തൃതിയിൽ ലാഭകരമായ കൃഷിക്ക് പ്രാപ്തമാക്കിയെടുക്കണം. ഇതിനുവേണ്ടി ഒരു നിയമം ആവശ്യമാണ്.

**6.3 നയം 2. കൃഷിക്ക് അനുയോജ്യമായ ഭൂമി കണ്ടെത്തുകയും വിദൂര സംവേദന വിദ്യ, ഉപഗ്രഹ ചിത്രീകരണസംവിധാനം തുടങ്ങിയ അത്യാധുനിക സാങ്കേതികവിദ്യകളുപയോഗിച്ച് അടയാളപ്പെടുത്തി വയ്ക്കുകയും ഈ വിവരങ്ങൾ അടങ്ങിയ ഒരു വിവരശേഖരം (Database) തയ്യാറാക്കുകയും വേണം.**

6.3.1 ഇതിനുവേണ്ടി ദേശീയ വിദൂരസംവേദന ഏജൻസിയുടെ സഹായം തേടുകയും, കണ്ടുപിടിച്ച ഭൂമിയെ കാർഷികപ്രാധാന്യമുള്ള സ്ഥലമായി രേഖപ്പെടുത്തുകയും വേണം. കൃഷിഭൂമികളുടെ വിവരശേഖരത്തിന്റെ പരി പാലനച്ചുമതല കൃഷിവകുപ്പിനും റവന്യൂവകുപ്പിനും സംയുക്തമായാണ്. ഈ പ്രദേശങ്ങൾ മറ്റാവശ്യങ്ങൾക്കായി ഉപയോഗിക്കാതിരിക്കാൻ നിയമപരിരക്ഷ വേണം.

6.3.2 ഭൂവിവരരേഖകൾ കൃത്യതയോടെ തയ്യാറാക്കുകയും ഡിജിറ്റലീകരിക്കുകയും തുറന്ന പരിശോധിക്കലിനും ഔദ്യോഗിക നിയമ പാലനത്തിനുമായി ലഭ്യമാക്കുകയും വേണം. വിവരശേഖരത്തിൽ നിന്നും ഭൂമിയുടെ ഉടമസ്ഥനെ കണ്ടുപിടിക്കാൻ കഴിയണം. ഈ പട്ടിക കൃത്യമായി പുതുക്കപ്പെടുന്നുണ്ടെന്ന് റവന്യൂ, കൃഷി വകുപ്പുകൾ ഉറപ്പുവരുത്തണം.

6.3.3 റവന്യൂവകുപ്പ് ഇപ്പോൾ ഭൂമിയെ കരഭൂമിയെന്നും നിലമെന്നും മാത്രമായാണ് തരംതിരിച്ചിരിക്കുന്നത്. ഭൂമിയെ ഏതാവശ്യത്തിനാണോ ഉപയോഗിക്കുന്നത് അതനുസരിച്ച് പച്ചമേഖല (Green Zone), പിങ്ക്മേഖല (Pink Zone), ബ്രൗൺമേഖല (Brown Zone) എന്നീ രീതികളിൽ പല മേഖലകളായി തരംതിരിക്കണം. പച്ചമേഖല കൃഷിയാവശ്യങ്ങൾക്കും, പിങ്ക്മേഖല താമസാവശ്യങ്ങൾക്കും, ബ്രൗൺമേഖല വ്യവസായാവശ്യങ്ങൾക്കും എന്ന രീതിയിൽ ഉൾപ്പെടുത്തണം. ഒരു കാരണവശാലും പച്ചമേഖല മറ്റാവശ്യങ്ങൾക്കായി മാറ്റപ്പെടാൻ പാടില്ല. ഇതിനുവേണ്ട നിയമനിർമ്മാണം അടിയന്തിരമായി നടത്തി കൃഷിഭൂമി സംരക്ഷിക്കാൻ സർക്കാരിന് കഴിയണം. ഇക്കാര്യത്തിൽ വ്യക്തിയധിഷ്ഠിത സമീപനം നിർബന്ധമാക്കണം; ഒരു സാഹചര്യത്തിലും ഭൂവുടമകൾ സ്വന്തംകുടുംബാവശ്യങ്ങൾക്കായി ഈ ഭൂമിയിൽ വീട് വയ്ക്കുന്നത് തടയപ്പെടാൻ പാടില്ല.

**6.4 നയം 3. കൃഷിഭൂമിയുടെ ക്രയവിക്രയം കൃഷിക്കാർക്കും കൃഷിയാവശ്യങ്ങൾക്കും മാത്രമായി പരിമിതപ്പെടുത്തണം.**

6.4.1. 1964-ലെ കർണ്ണാടക ഭൂറവന്യൂ നിയമം കൃഷിഭൂമി സംരക്ഷിക്കുന്നതിന് അനുയോജ്യമായ രീതിയിൽ കർണ്ണാടകസർക്കാർ 1995-ൽ ഭേദഗതി ചെയ്യുകയുണ്ടായി. ഇതിൻപ്രകാരം കൃഷിഭൂമിയായി പ്രഖ്യാപിച്ചിട്ടുള്ള ഭൂമി കർഷകർക്കുമാത്രമേ വാങ്ങാൻ സാധിക്കൂ. കൃഷിഭൂമി സംബന്ധിച്ച ഇടപാടുകൾക്ക് ഒരു നിയമം കൊണ്ടുവരുന്നത് നന്നായിരിക്കും.

6.4.2 പല ട്രസ്റ്റുകളും സംഘടനകളും കൃഷിഭൂമി വാങ്ങിക്കൂട്ടുന്നതായി ഉപസമിതിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം പ്രവർത്തനങ്ങൾക്ക് ഒരു പരിധി ആവശ്യമാണ്. ഇതിലേയ്ക്കാവശ്യമായ നിയമവ്യവസ്ഥകൾ രൂപപ്പെടുത്തി അത്തരം സംഘടനകളുടെ കൈവശം അധികമായുള്ള ഭൂമി തിരികെ സർക്കാർ ഏറ്റെടുത്ത് കാർഷികാവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്തണം. നഗരങ്ങൾക്ക് ചുറ്റുമായി ഉപഗ്രഹനഗരങ്ങൾ വികസിപ്പിക്കുന്നതിനായി വൻതോതിൽ ഫലപുഷ്ടമായ കൃഷിഭൂമി ഉപയോഗിക്കുന്നത് ആത്മഹത്യാപരമാണെന്നതുകൊണ്ടുതന്നെ നിയമംമൂലം അത് നിരുത്സാഹപ്പെടുത്തണം.

**6.5 നയം 4. ഭക്ഷ്യോല്പാദനം വർദ്ധിപ്പിക്കാനായി കൃഷിയോഗ്യമായ തരിശു ഭൂമിയിൽ അടിയന്തിരമായി കൃഷിയിറക്കണം.**

6.5.1 ഭക്ഷ്യോല്പാദനം സാദ്ധ്യമാകുന്ന ഇത്തരം സ്ഥലങ്ങളിൽ, അധികമായ പരിചരണമുറകൾ ആവശ്യമില്ലാത്ത കിഴങ്ങുകൾ, പയറുവർഗ്ഗങ്ങൾ, ചെറുധാന്യങ്ങൾ എന്നിവ വളർത്താം. ഇത്തരം ഇടപെടലുകൾ സാദ്ധ്യമാക്കുന്ന തരത്തിൽ പദ്ധതികൾ ആവിഷ്കരിക്കുന്നതിലൂടെ അനുയോജ്യമായ മുഴുവൻ പ്രദേശത്തും വിളയിറക്കാൻ കഴിയും.

**6.6 നയം 5. കേരള കാർഷിക സർവ്വകലാശാല, കൃഷിവകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, ക്ഷീരവികസന വകുപ്പ്, വെറ്ററിനറി സർവ്വകലാശാല തുടങ്ങിയ സ്ഥാപനങ്ങൾ, അവയുടെ ഭൂമി അതുദ്ദേശിച്ചിട്ടുള്ള ആവശ്യത്തി നല്ലാതെ ഉപയോഗിക്കാൻ പാടില്ല.**

6.6.1. സർവ്വകലാശാലകളുടെയും വിവിധ വകുപ്പുകളുടേയും കൈവശമുള്ള ഭൂമി മറ്റാവശ്യങ്ങൾക്കായി മാറ്റാൻ ശ്രമിച്ചാൽ കർഷകർക്കുവേണ്ടി വികസിപ്പിച്ചിട്ടുള്ള സാങ്കേതികവിദ്യകളുടെ പരീക്ഷിക്കലിനേയും അതടിസ്ഥാനമാക്കിയുള്ള പരിശീലനങ്ങളേയും അത് ബാധിക്കും. ഭക്ഷ്യസുരക്ഷ കണക്കിലെടുക്കുമ്പോൾ ഇനി വരാൻപോകുന്നത് സാങ്കേതികവിദ്യയുടെ കടുത്ത പരീക്ഷണങ്ങളുടേയും പരിശീലനങ്ങളുടേയും ഒരു കാലഘട്ടമാണ്. ഗവേഷണത്തിന്റേയും വികസനത്തിന്റേയും വഴികളിൽ പ്രതീക്ഷിക്കുന്ന കുതിച്ചുചാട്ടം മുന്നിൽക്കണ്ടാണ് പല വികസിത രാഷ്ട്രങ്ങളും ആഫ്രിക്കൻഭൂമിയിൽ നിക്ഷേപങ്ങൾ നടത്തുന്നത്. ഇത് ഗൗരവത്തോടെ മനസ്സിലാക്കി സർവ്വകലാശാലകളുടേയും വിവിധ വകുപ്പുകളുടേയും കൈവശമുള്ള കാർഷികപ്രാധാന്യമുള്ള ഭൂമി സംരക്ഷിക്കപ്പെടേണ്ടതുണ്ട്.

6.6.2 സർവ്വകലാശാലകളുടേയും വകുപ്പുകളുടേയും കൈവശമുള്ള ഭൂമി പലയിടങ്ങളിലും കാർഷികേതര ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നത് സമിതിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സമിതി നടത്തിയ പെട്ടെന്നുള്ള ഒരു കണക്കെടുപ്പിൽ കാർഷിക സർവ്വകലാശാലയുടെ 22 ഹെക്ടറും കൃഷി വകുപ്പിന്റെ 62 ഹെക്ടറും മൃഗസംരക്ഷണ വകുപ്പിന്റെ 31 ഹെക്ടറും കൈവശാ വകാശത്തിൽ നിന്നും അന്യാധീനപ്പെട്ടതായി കണ്ടെത്തി.

**6.7 നയം 6. കാർഷികാവശ്യങ്ങൾക്കായി ഭൂമി പാട്ടം കൊടുക്കുന്ന രീതി പ്രോത്സാഹിപ്പിക്കാൻ ഉചിതമായ നിയമനടപടിക്രമങ്ങൾ ഉണ്ടാക്കണം.**

6.7.1 ഭൂമി തരിശായി ഇടുന്ന രീതി കേരളത്തിൽ ഉപസമിതിയുടെ ശ്രദ്ധയിൽപ്പെട്ട ദൗർഭാഗ്യകരമായ ഒരു പ്രവണതയാണ്. പാട്ടത്തിന് കൃഷിഭൂമി നൽകാനുള്ള ഉടമസ്ഥരുടെ ഭയമാണ് ഇതിനു കാരണം. അതിനാൽ ഭൂമിയുടെ ഉടമസ്ഥാവകാശം പൂർണമായും സംരക്ഷിച്ചുകൊണ്ടുതന്നെ അത് കൃഷിയാവശ്യങ്ങൾക്കായി പാട്ടത്തിന് ലഭ്യമാക്കാൻ സഹായിക്കുന്ന പദ്ധതികൾക്ക് രൂപംകൊടുക്കാൻ അടിയന്തിരമായി സർക്കാർ ഇടപെടണം.

6.7.2 തരിശ് കിടക്കുന്ന ഭൂമിയിൽ കൃഷിയിറക്കുന്നതിനും ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുമായി കുടുംബശ്രീ പോലുള്ള സ്വയം സഹായ സംഘങ്ങൾക്കോ കൂട്ടുത്തരവാദിത്ത സംഘങ്ങൾക്കോ ലഭ്യമാക്കാവുന്നതാണ്. ഭൂവുടമകൾക്കും പാട്ടക്കാർക്കും ലാഭകരമാവുന്ന വിധത്തിൽ പാട്ടവ്യവസ്ഥകൾ ക്രമീകരിക്കേണ്ടതാണ്.

6.7.3 ഈ പ്രവർത്തനം നടപ്പാക്കുന്നത് അധ്യായം 18 ൽ പരാമർശിച്ചിട്ടുള്ള കർഷക ഉല്പാദകസംഘങ്ങളുടെ രീതിയിലായിരിക്കണം.

**6.8 നയം 7. ഭൂമിസംബന്ധമായ കാര്യങ്ങൾ കൈകാര്യം ചെയ്യുന്ന വിവിധ ഏജൻസികളുടെ പ്രവർത്തനം സമന്വയിപ്പിച്ച് ഒരു ഏകോപിതസ്ഥാപന ത്തിൻ കീഴിൽ കൊണ്ടുവരാനുള്ള ഭരണസംവിധാനം രൂപപ്പെടുത്തണം.**

6.12.1. പ്രകൃതിവിഭവ അടിത്തറയുടെ ഉല്പാദനപ്രാപ്തി മെച്ചപ്പെടുത്താനുള്ള ഏറ്റവും പ്രധാന മാർഗ്ഗമാണ് ഭൂവികസനം. പ്രകൃതിജന്യ യൂണിറ്റുകളായ നീർമറി പ്രദേശങ്ങൾ അടിസ്ഥാനമാക്കി മണ്ണു-ജല സംരക്ഷണം, കാർഷിക വികസനം, അനുബന്ധമേഖലകളായ മൃഗസംരക്ഷണം, മത്സ്യക്കൃഷി തുടങ്ങിയവ കർഷകരുടെ പൂർണ്ണ പങ്കാളിത്തത്തോടെ സമഗ്രമായി സംയോജിപ്പിക്കാനാവും. നീർമറിപ്രദേശം അടിസ്ഥാനമാക്കിയുള്ള പ്രവർത്തനങ്ങൾ ഒരൊറ്റ ഏകോപിത സ്ഥാപനത്തിന്റെ നിയന്ത്രണത്തിൻകീഴിൽ വിവിധ പങ്കാളിത്ത സ്ഥാപനങ്ങളുടെ പിൻതുണയോടെ ഒരു കുടക്കീഴിൽ കൊണ്ടുവരണം.

**6.9 നയം 8. നിലവിൽ ഭൂവിവരപ്പട്ടികകൾ തയ്യാറാക്കി സൂക്ഷിക്കുന്നതിനുള്ള സംവിധാനം കൂടുതൽ കാര്യക്ഷമവും കൃത്യതയാർന്നതും സുതാര്യവുമാക്കാനും ഭൂമിയുടെ ഉടമസ്ഥാവകാശം സംബന്ധിച്ച തർക്കപരിഹാരം എളുപ്പത്തിൽ സാദ്ധ്യമാക്കാനുമായി വിവരസാങ്കേതിക വിദ്യ ഉപയോഗപ്പെടുത്താൻ സർക്കാർ ലക്ഷ്യമിടണം.**

6.13.1 ഭൂമി കൈമാറ്റ പ്രക്രിയകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കാര്യക്ഷമമായി ഏകോപിപ്പിക്കാൻ ഭൂവിവരങ്ങൾ കമ്പ്യൂട്ടർവല്കരിക്കപ്പെടണം. ഭൂവിവരപ്പട്ടിക സമയബന്ധിതമായി പുതുക്കാത്തതാണ് ഭൂമിസംബന്ധിച്ച തർക്കങ്ങളുടെ മുഖ്യകാരണം. ഭൂകൈമാറ്റങ്ങൾ നിരീക്ഷിക്കൽ, മെച്ചപ്പെട്ട സേവനവിതരണ സംവിധാനമൊരുക്കൽ ഇവ ഫലപ്രദമായി നിർവഹിക്കാൻ ഇതുമായി ബന്ധപ്പെട്ട എല്ലാ സ്ഥാപനങ്ങളെയും ബന്ധപ്പെടുത്തിയുള്ള ഒരു കേന്ദ്രവിവരനിയന്ത്രണ സംവിധാനം (Central Database) ഉണ്ടാകണം. അങ്ങനെയൊരു സംവിധാനത്തിൽ ഭൂമിയുടെ പരിവർത്തനങ്ങളും ഉടമസ്ഥതാ മാറ്റവുമുൾപ്പെടെയുള്ള എല്ലാ കാര്യങ്ങളും ഉദ്യോഗസ്ഥർക്ക് സ്വന്തം ഓഫീസുകളിലിരുന്നു കൊണ്ടുതന്നെ നിരീക്ഷിക്കാനാവും.

# 7. ജലബന്ധിത നയങ്ങൾ

7.1 കേരളത്തിൽ ഏറ്റവും കൂടുതൽ ദുർവിനിയോഗം ചെയ്യപ്പെടുന്ന പ്രകൃതി വിഭവമാണ് ജലം. വർഷംതോറും സമൃദ്ധമായി പെയ്തിറങ്ങുന്ന 3000 മില്ലീമീറ്റർ മഴയും, നിറഞ്ഞുകവിഞ്ഞ് പൂർണ്ണമായും കേരളത്തിലൂടെയൊഴുകുന്ന 41 നദികളും, ഒപ്പം ഭാഗികമായി കേരളത്തിലൂടെ കടന്നുപോകുന്ന 3 നദികളും ഒട്ടനവധി തണ്ണീർത്തടങ്ങളും കൊണ്ട് അനുഗൃഹീതമാണ് നമ്മുടെ സംസ്ഥാനം. എന്നാൽ ഈ നദീജലമെല്ലാം കൂടി കണക്കുകൂട്ടിയാലും കൃഷ്ണാനദിയിലെ വെള്ളത്തിന് തുല്യമാവില്ല.

7.2 ഉല്പാദനത്തിന്റെ പ്രാഥമികഘടകം ഭൂമിയാണെങ്കിലും കൃഷിക്ക് ജലവും അത്യന്താപേക്ഷിതമാണ്. നമ്മുടെയാവശ്യത്തിന് ഓരോ കുടുംബത്തിനും ജലം വേണം. കാർഷികകുടുംബങ്ങളിൽ ഇതിനൊപ്പം വിളയുല്പാദനത്തിനായും മൃഗപരിപാലനത്തിനായും ജലം ആവശ്യമുണ്ട്.

7.3 നിർണ്ണായകമായ അവസരങ്ങളിൽ ജലം ലഭ്യമാകാതെ വരുന്നതിന്റെ മുഖ്യ കാരണം പരിശോധിക്കപ്പെടേണ്ടതുണ്ട്. വർദ്ധിച്ച തോതിലുള്ള മലിനീകരണം, തണ്ണീർത്തടങ്ങളുടെ നശീകരണം, ഗാർഹിക-വ്യാവസായിക ആവശ്യങ്ങൾക്കായുള്ള ജലത്തിന്റെ അമിതചൂഷണം ഇവയെല്ലാം ഇതിന് കാരണങ്ങളാകാം.

7.4 1992 മാർച്ചിൽ അന്നത്തെ ജലസേചനവകുപ്പുമന്ത്രി ശ്രീ റ്റി.എം. ജേക്കബ് സംസ്ഥാന ജലനയം പ്രഖ്യാപിച്ചു. കേരളത്തിലെ കാർഷികക്രമം, ഭൂവിനിയോഗം, ജലസ്രോതസ്സുകളുടെ അവസ്ഥ, പാരിസ്ഥിതിക ആവശ്യങ്ങൾ ഇവയെല്ലാംതന്നെ മറ്റു സംസ്ഥാനങ്ങളുടേതിൽ നിന്നും വ്യത്യസ്തമാണ്. ഇതായിരുന്നു സംസ്ഥാന ജലനയം രൂപവല്കരിക്കാനുള്ള പശ്ചാത്തലം.

7.5 ഒരു കൃഷിയിടത്തിൽ ഒന്നിലധികം പ്രാവശ്യം വിളയിറക്കുന്ന രീതി വ്യാപകമാക്കാൻ പഞ്ചാബിനെ പ്രാപ്തമാക്കിയത് ജലസേചനത്തിനായുള്ള ഭൂഗർഭജലത്തിന്റെ ലഭ്യതയാണ്. അതിനാൽ ഭൂഗർഭജലം എല്ലാ വിളകൾക്കും ഉറപ്പുവരുത്തുകയെന്നതാണ് ഇപ്പോഴത്തെ ആവശ്യം. അതുകൊണ്ടുതന്നെ കാർഷികകാര്യങ്ങളെ സംബന്ധിച്ച ജലനയത്തിൽ താഴെപ്പറയുന്ന കാര്യങ്ങൾക്ക് പരിഗണന ലഭിക്കണം. 1992-ലെ സംസ്ഥാന ജലനയം ആധാരമാക്കി തുടക്കമിട്ട പദ്ധതികൾക്കൊപ്പം ഇതും നടപ്പിൽ വരേണ്ടതുണ്ട്.

**7.6 നയം 9. ജലത്തിന്റെ സംരക്ഷണവും സുസ്ഥിരമായ ഉപയോഗവും ലക്ഷ്യമിട്ടുള്ളതാവണം സംസ്ഥാനത്തെ എല്ലാ കാർഷികോല്പാദന പദ്ധതികളും.**

7.6.1 സംസ്ഥാനത്തെ ഭൂരിഭാഗം കൃഷിക്കാരും ജലസേചനത്തിനായി ഭൂഗർഭജലത്തിനെയാണ് ആശ്രയിക്കുന്നത്. കൃഷിക്കാർ അവർ കഷ്ടപ്പെട്ട് നേടിയ സമ്പാദ്യം ഇതിനായി മുതൽമുടക്കുമ്പോഴും അമൂല്യമായ ഈ വിഭവം പെട്ടെന്ന് ക്ഷയിക്കുകയും ജലവിതാനം താഴേയ്ക്ക് പോവുകയും ചെയ്യുന്നു. ആയതിനാൽ മഴവെള്ളം ശേഖരിക്കുന്നതിനും ഭൂഗർഭജലസംഭരണികൾ നിറയാൻ അനുവദിക്കുന്നതിനും പ്രാധാന്യം നൽകി ജലത്തിന്റെ സ്ഥിരവും സ്ഥായിയുമായ ലഭ്യത ഉറപ്പാക്കണം.

7.6.2. വിവിധവകുപ്പുകൾ കാർഷികോല്പാദനപദ്ധതികൾ ആവിഷ്ക രിക്കുമ്പോൾ അതിൽ ജലത്തിന്റെ സുസ്ഥിരമായ ഉപ

യോഗം കൂടി കണക്കിലെടുക്കണം. വിവിധ യിനം വിത്തുകൾ, പ്രധാന-സൂക്ഷ്മ മൂലക ങ്ങൾ, കൃഷിയുപകരണങ്ങൾ എന്നിവയുടെ മെച്ചപ്പെട്ട ഉപയോഗം കൂടി കൂട്ടിയിണക്കി ജല ഉപയോഗക്ഷമത വർദ്ധിപ്പിക്കാൻ കഴിയും. വിളയുല്പാദന പദ്ധതികൾ രൂപപ്പെടുത്തു മ്പോൾ ഈ വസ്തുതകൾ മനസ്സിൽ വയ്ക്കുകയും അത്തരം ഓരോ പദ്ധതിയിലും സുസ്ഥിരജല ഉപയോഗത്തിനുള്ള ഘടകങ്ങൾ ഉൾപ്പെടുത്തുകയും വേണം.

**7.7 നയം 14. നീർമറിപ്രദേശം അടിസ്ഥാ നമാക്കി വേണം ജലബജറ്റ് നടപ്പിലാക്കാൻ.**

7.7.1 ഒരു നിശ്ചിത കാലയളവിലുള്ള ജലക്കൊയ്ത്തിന്റേയും അതിന്റെ ഉപയോഗ പ്പെടുത്തലിന്റേയും കണക്കെഴുത്താണ് *ജലബജറ്റ്.* ഒരു നീർമറി പ്രദേശത്തെ ജലാ വശ്യം ശാസ്ത്രീയമായി നിർണ്ണയിച്ച് ഒരു രൂപരേഖ ഉണ്ടാക്കാം. മഴയിൽനിന്നും ലഭിക്കുന്ന ജലത്തിന്റെ അളവ്, ജലസേചന ആവശ്യകത, മണ്ണിന്റെ ജലസംഭരണശേഷി, ജലസേചനാവർത്തി, ജലസേചന രീതി, വിള ദൈർഘ്യം ഇവയെല്ലാം കണക്കിലെടുത്ത് ജല സേചന എൻജിനീയറിംഗ് വിദഗ്ദ്ധർ, സന്നദ്ധസംഘടനകൾ, കൃഷിക്കാർ, കൃഷി ഉദ്യോഗസ്ഥർ തുടങ്ങിയവരുടെ സഹായ ത്തോടെയാണ് ജലബജറ്റ് തയ്യാറാക്കേണ്ടത്. ഇത് ജല ഉപയോഗത്തെ നിയന്ത്രിക്കാൻ മാത്ര മല്ല, ലഭ്യമായ ജലത്തിന്റെ പ്രതി യൂണിറ്റ് ഉല്പാദനക്ഷമത വർദ്ധിപ്പിക്കാനും ഉപ കരിക്കും. ഇതിലൂടെ ജലാവശ്യമുള്ള മറ്റിടങ്ങളിലേയ്ക്കു കൂടി ജലമെത്തിക്കാൻ കഴിയുകയും കൂടുതൽ വിളകൾ കൃഷി യിറക്കാനാവുകയും ചെയ്യും. പ്രത്യേകിച്ച്, സംസ്ഥാനത്ത് ജലക്ഷാമമുള്ള പ്രദേശങ്ങളിൽ ഇതിന് പ്രത്യേകപ്രാധാന്യം നൽകണം.

**7.8 നയം 11. മഴവെള്ളസംഭരണത്തിനും ഭൂഗർഭജലസംഭരണികൾ നിറയ്ക്കുന്ന തിനും പ്രാധാന്യംനൽകി ജലത്തിന്റെ ലഭ്യതയും സ്ഥിരതയും ഉറപ്പാക്കണം.**

7.8.1. മഴവെള്ള സംഭരണം അനിവാര്യമാ ണ്. പ്രതലജലം നമ്മുടെ ആവശ്യങ്ങൾക്ക് തികയാതെ വരുന്നതിനാൽ സംസ്ഥാനത്തിന് ഭൂഗർഭജലത്തെ ആശ്രയിക്കേണ്ടിവരുന്നു. വേഗത്തിലുള്ള നഗരവല്കരണവും, മഴവെള്ളം മണ്ണിനടിയിലേക്ക് അരിച്ചിറങ്ങു ന്നതിൽ വന്ന കാര്യമായ കുറവും, ഭൂഗർഭജലസംഭരണികൾ വീണ്ടും നിറയ്ക്കപ്പെടുന്നത് മന്ദഗതി യിലാവുന്നതും ഇതിന്റെ ആക്കം കൂട്ടുന്നു.

7.8.2 പ്രകൃത്യാലുള്ളതിനേക്കാൾ വേഗ ത്തിൽ ഭൂഗർഭജലസംഭരണികൾ കൃത്രിമമായി നിറയ്ക്കുന്ന രീതിയാണ് കൃത്രിമ പുനഃസംഭ രണം (Artificial Recharge). മനുഷ്യ ഇടപെടലിലൂടെ ഭൂഗർഭസംഭരണികൾ നിറയ്ക്കുന്ന ഏതുരീതിയും ഇതിൽപ്പെടും.

7.8.3. 2007-ൽ നടത്തിയ പഠനപ്രകാരം കേര ളത്തിൽ 6.60 ദശലക്ഷം കിണറുകൾ ഉണ്ട്. ഇത് ലോകത്തിലെതന്നെ ഏറ്റവും കൂടിയ കിണർ സാന്ദ്രതയാണ്. മേൽക്കൂര ശുദ്ധമായി സൂക്ഷിച്ച്, മഴക്കാലത്ത് അതിൽനിന്നും ശേഖരിക്കുന്ന ജലം ലളിതമായ ഒരു അരിപ്പയിലൂടെ നമ്മുടെ കിണറുകളിലേയ്ക്ക് വീഴാൻ അനുവദിച്ചാൽ ഒരു വർഷത്തേയ്ക്ക് വേണ്ട മുഴുവൻ വെള്ളവും ഉറപ്പുവരുത്താ നാവും. സംസ്ഥാനത്തിന്റെ മിക്കഭാഗങ്ങളിലും കാണപ്പെടുന്ന ഫ്ളൂറൈഡ് വിഷാംശം ഒഴിവാക്കാനും ഇതു സഹായിക്കും.

**7.9 നയം 12. സർക്കാരിന്റെ മതിയായ സാമ്പത്തികസഹായത്തോടെ സൂക്ഷ്മ ജലസേചന സാങ്കേതികവിദ്യയ്ക്ക് പ്രചാരം നൽകണം.**

7.9.1. ഊർജ്ജത്തിന്റെ ഭൂരിഭാഗവും ചെലവഴിക്കപ്പെടുന്നത് ജലസേചനത്തിനുള്ള പമ്പുചെയ്യലിനായാണ്. സാമ്പ്രദായിക ജലസേചനരീതികളെ അപേക്ഷിച്ച് കണിക ജലസേചനരീതിയിൽ കൃഷിയിറക്കുമ്പോൾ ജലനഷ്ടം, വൈദ്യുതിനഷ്ടം ഇവ കുറച്ചും, ജലസേചനക്ഷമത കൂട്ടിയും, വിളവ് വർദ്ധിപ്പിച്ചും നേട്ടം കൊയ്യാമെന്ന് വിവിധ ഗവേഷണഫലങ്ങൾ വെളിപ്പെടുത്തുന്നു.

7.9.2. നവീന ജലസേചനരീതികളായ തുള്ളി നന (ഡ്രിപ്), തളി നന (സ്പ്രിംഗ്ലർ) എന്നിവ ബദൽസംവിധാനങ്ങളായി ഉപയോഗിക്കാം. തന്മൂലം ജലം കുറവായിരുന്നാലും മഴയെ ആശ്രയിക്കാതെതന്നെ വിളകൾക്ക് വളരാൻ കഴിയും. മഴക്കുറവുള്ള പ്രദേശങ്ങളിൽ ലഭിക്കുന്ന മഴവെള്ളം ശേഖരിച്ച് സൂക്ഷിക്കുകയും അത് ചെടികളുടെ വേരുപടലത്തിൽ നേരിട്ടെത്തുന്ന രീതിയിൽ തുള്ളികളായി നൽകുകയും ചെയ്ത് ഉല്പാദനക്ഷമത വർദ്ധിപ്പിക്കാൻ കഴിയും. ഇതോടൊപ്പം രാസവളം പോലെയുള്ള ചെലവേറിയ ഉല്പാദനോപാധികളുടെ അളവ് ഗണ്യമായി കുറയ്ക്കാൻ കഴിയുന്നതും ഉല്പാദനച്ചെലവ് പിടിച്ചു നിർത്താനും പരിസ്ഥിതിനാശം ഒഴിവാക്കാനും സഹായിക്കും.

### 7.9.3 സൂക്ഷ്മ ജലസേചനത്തിന്റെ നേട്ടങ്ങൾ ഇവയൊക്കെയാണ്.

1. ഇത്തരത്തിലുള്ള ജലസേചനത്തിലൂടെ നമുക്ക് പലരീതിയിൽ ജലനഷ്ടം കുറയ്ക്കാം. സാധാരണരീതിയിൽ ജലസേചനം നടത്തുമ്പോൾ ഒഴുകിപ്പോകുന്നതും ആവിയായിപ്പോകുന്നതും ആഴത്തിലേക്ക് ഊർന്നിറങ്ങിപ്പോകുന്നതുമായ ജലത്തിന്റെ നഷ്ടം ഇവിടെയുണ്ടാകുന്നില്ല. ചെറിയ കിണറുകൾ, നഗര-ഗ്രാമ പൊതുജലസേചന സംവിധാനങ്ങൾ തുടങ്ങി വലുതല്ലാത്ത സ്രോതസ്സുകളും സൂക്ഷ്മജലസേചനത്തിനായി ഉപയോഗപ്പെടുത്താനാവും.

2. 30-40% വരെ ഊർജ്ജം സംരക്ഷിക്കാം - സൂക്ഷ്മ ജലസേചന സംവിധാനത്തിന് ചെറിയ വൈദ്യുത യൂണിറ്റ് മതി; ഒപ്പം ഊർജ്ജവും കുറച്ചു മതി.

3. ഇത്തരത്തിലുള്ള ജലസേചനം ചെടികളുടെ ചുവട്ടിൽ നനവുള്ള പ്രദേശങ്ങൾ പരിമിതപ്പെടുത്തുന്നതു കൊണ്ടുതന്നെ കളകളുടെ വളർച്ച തടയുന്നു. അതോടൊപ്പംതന്നെ രോഗമുണ്ടാകാനുള്ള സാധ്യതകളും കുറയുന്നു.

4. രാസവളവും മറ്റ് രാസപദാർഥങ്ങളും വെള്ളത്തോടൊപ്പം നൽകാൻ കഴിയുന്നു. ഈ പ്രക്രിയ പൂർണ്ണമായും യന്ത്രവല്ക്കരിച്ച് തൊഴിൽച്ചെലവ് ലാഭിക്കാനാവുന്നു.

5. നാമമാത്രഭൂമിയിൽ നിന്നും മെച്ചപ്പെട്ട ഉല്പാദനം സാധ്യമാക്കാം.

### 7.10 നയം 13. കൃഷിയിടത്തിലെ കുളങ്ങളും തലക്കുളങ്ങളും മെച്ചപ്പെടുത്തുകയും സംരക്ഷിക്കുകയും വേണം.

7.10.1 അര ഹെക്ടർ വിസ്തൃതിയുള്ള ഏകദേശം 910 ജലസേചനക്കുളങ്ങൾ സംസ്ഥാനത്ത് ഉള്ളതായി CWRDM രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൽ പകുതിയെങ്കിലും പുതുക്കിപ്പണിയേണ്ടവയാണ്. നല്ല ജലം നൽകുന്ന ഇരുപതിൽ അധികം കൃത്രിമജലസംഭരണികളും 2-3 വലിയ ശുദ്ധജല തടാകങ്ങളും സംസ്ഥാനത്തുണ്ട്. സമൃദ്ധമായി ജലം ലഭിക്കുന്ന വറ്റാത്ത നീരുറവകളും നമുക്ക് ധാരാളമുണ്ട്. ഈ ജലമെല്ലാംതന്നെ കുടിക്കാനും ജലസേചനത്തിനായും ഉപയോഗിക്കാം.

7.10.2 പാടശേഖരത്തിലേയോ കൃഷിയിടത്തിലേയോ ഏറ്റവും ഉയർന്നഭാഗത്തുള്ള ജലസേചന ഉറവിടങ്ങളാണ് *തലക്കുളങ്ങൾ*.

പ്രകൃത്യായുള്ള നീരുറവകളിൽ നിന്നാണ് ഇവിടേക്ക് ജലമെത്തുന്നത്. അധികമുള്ള ജലം ഒഴുക്കിവിടാൻ നിർഗ്ഗമനച്ചാലുകളുണ്ട്. പൊതുജന പങ്കാളിത്തത്തോടെ ഈ രീതി തിരിച്ചുകൊണ്ടുവരാൻ സർക്കാർ മുൻകൈ എടുത്താൽ 30% വരൾച്ച കുറയ്ക്കാനാവും. നിലവിലുള്ള *സഹസ്ര സരോവർ പദ്ധതി* കാര്യക്ഷമമാക്കണം. ഇതിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ നേതൃപരമായ പങ്ക് നിർവ്വഹിക്കണം.

**7.11 നയം 14. ഭൂഗർഭജലം പുനഃസംഭരിക്കാനായി ഉപ-പ്രതല അണകൾ (Sub-surface Dykes) നിർമ്മിക്കണം.**

7.11.1 ഭൂഗർഭജലത്തിന്റെ പ്രകൃത്യാലുള്ള ഒഴുക്ക് തടയാൻ ഭൂമിയ്ക്കുള്ളിൽ ഉപ- പ്രതലത്തിലായി ഭൂഗർഭഅണകൾ (Sub-surface Dykes) നിർമ്മിക്കുന്നതിലൂടെ ഭൂഗർഭജലവിതാനം ഉയരുകയും ഭൂഗർഭ അറകളിൽ അധികമായി ജലം സംഭരിക്കപ്പെടുകയും ചെയ്യുന്നു. ഇത്തരം ഉപ-പ്രതല അണകൾ നിർമ്മിക്കാനുള്ള അനുയോജ്യമായ സ്ഥാനം വീതിയുള്ളതും, കുത്തനെ ചരിഞ്ഞതും, പരിമിതമായ വിസ്താരമുള്ള പുറംചാലോടു കൂടിയതുമായ താഴ്‌വര പ്രദേശങ്ങളാണ്. മുകളിൽ ഇളക്കമുള്ള മണ്ണോ മൃദുവായ പാറയോ കൊണ്ടും, അടിയിൽ ഘനമുള്ളതും അഭേദ്യവുമായ പാറകൊണ്ടും നിശ്ചിതമായിരിക്കും ഈ സ്ഥാനം.

7.11.12 ഉപ-പ്രതല അണകൾക്ക് ധാരാളം നേട്ടങ്ങൾ ഉണ്ട്. ഇത്തരം നിർമ്മിതികൾ ഉള്ളിടത്ത് അധികമായി പ്രതല ജലസംഭരണികൾ ആവശ്യമില്ല. കൃഷിഭൂമി നഷ്ടപ്പെടുന്നില്ല. സംഭരണം മണ്ണിനടിയിലായതു കാരണം നീരാവിയായി വെള്ളം നഷ്ടപ്പെടുന്നില്ല. എക്കൽ മണ്ണ് അടിഞ്ഞ് ജലസംഭരണശേഷി നഷ്ടമാവുന്നില്ല. നിർമ്മാണച്ചെലവ് കുറവും പരിപാലനച്ചെലവ് നിസ്സാരവുമാണ്. ഇത് പ്രകൃതിബന്ധുവും പ്രാദേശികമായി ലഭ്യമാവുന്ന വസ്തുക്കൾ കൊണ്ടുതന്നെ നിർമ്മിക്കാവുന്നതുമാണ്.

7.11.13 വീതികുറഞ്ഞ നിർഗ്ഗമനച്ചാലുകളോടുകൂടിയ നീർമറിപ്രദേശങ്ങൾ സാർവത്രികമായ കേരളത്തിൽ, ഓരോ നീർമറിപ്രദേശത്തും ഒഴുകി യെത്തുന്ന മഴവെള്ളം സംഭരിക്കുന്നതിനും ഉപയോഗപ്പെടുത്തുന്നതിനും ഉപ-പ്രതല അണകൾ ഏറ്റവും കാര്യക്ഷമമായ മാർഗ്ഗമായിരിക്കും. ഇങ്ങനെ അണകളിൽ സംഭരിക്കപ്പെടുന്ന ജലം കൃഷിക്കും മറ്റാവശ്യങ്ങൾക്കും ഉപയോഗിക്കാം. വൃഷ്ടിപ്രദേശത്ത് കൃഷിക്കുപയോഗിക്കുന്ന ജലത്തിന്റേയും പോഷകങ്ങളുടേയും പുനഃചംക്രമണം ഉറപ്പുവരുത്തുകയും ചെയ്യും.

**7.12 നയം 15. ജലസേചനത്തിനിടയിൽ അരിച്ചുപോകുന്ന ജലത്തിന്റെ നഷ്ടം തടയാനായി കേരളത്തിലെ ജലസേചനക്കനാലുകൾ പുനർ നിർമ്മിക്കപ്പെടണം.**

7.12.1. മണ്ണുകൊണ്ടുള്ള പഴയ ജലസേചനക്കനാലുകളിലൂടെ സംസ്ഥാനത്തൊട്ടാകെ ധാരാളം ജലം നമുക്ക് നഷ്ടമാവുന്നുണ്ട്. തുറസ്സല്ലാത്ത രീതിയിൽ ജലം കൊണ്ടുവന്ന് നേരിട്ട് കൃഷിസ്ഥലത്ത് തുറന്നുവിടുന്ന രീതിയാണ് ഏറ്റവും കാര്യക്ഷമമായത് എന്നാണ് സംസ്ഥാന ജലസേചന വകുപ്പിന്റെ കീഴിലുള്ള ജലസേചന രൂപകല്പനാ ഗവേഷണ ബോർഡിന്റെ നിർദ്ദേശം. ജലം തീരെ ലഭ്യമല്ലാത്തയിടങ്ങളിൽ ഈ രീതിക്ക് പ്രത്യേക പരിഗണന നൽകണം.

7.12.2. തുറസ്സല്ലാത്ത രീതിയിൽ ജലമെത്തിക്കാൻ കഴിയാത്തപ്പോൾ, തുറസ്സായ കനാലുകളുടെ മുകൾവശത്ത് നിശ്ചിതഅളവിലുള്ള സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്നതിലൂടെ ബാഷ്പീകരണം മൂലമുള്ള ജല

നഷ്ടം കുറയ്ക്കാനും അതേസമയംതന്നെ വൈദ്യുതി ഉല്പാദനം സാദ്ധ്യമാക്കാനും കഴിയും. ഇങ്ങനെ ഉല്പാദിപ്പിക്കുന്ന വൈദ്യുതി കാർഷികാവശ്യങ്ങൾക്കായി ഉപയോഗിക്കാനും, ചെലവേറിയ വൈദ്യുതിയെ ആശ്രയിക്കുന്നരീതി ഗണ്യമായി കുറയ്ക്കാനും കഴിയും.

**7.13 നയം 16. ജലസേചനത്തിനായി വെള്ളം വിട്ടുകൊടുക്കുന്നതിനായുള്ള കമ്മിറ്റിയുടെ നടപടിക്രമങ്ങൾ വാക്കുകളിൽ ഒതുങ്ങാതെ പ്രാവർത്തികമാക്കണം.**

7.13.1. കൃഷിക്കായി ജലം വിട്ടുകൊടുക്കുന്നതിനുള്ള ജില്ലാതല കമ്മിറ്റികൾ ഓരോ പ്രദേശത്തേയും കൃഷിഓഫീസറെക്കൂടി ഉൾപ്പെടുത്തി പഞ്ചായത്തുതലത്തിൽ പുനഃസംഘടിപ്പിക്കണം. സമയബന്ധിതമായുള്ള യോഗങ്ങൾ നിർബന്ധിതമാക്കുകയും ഈ കമ്മിറ്റികളുടെ ഉപദേശാനുസരണം മാത്രം ജലനിയന്ത്രണം നടത്തുകയും വേണം. നിലവിൽ പലപ്പോഴും വിളകൾക്ക് ഏറ്റവും അത്യാവശ്യസമയങ്ങളിൽ ജലം ലഭ്യമാകാതിരിക്കുകയും, വിളവെടുപ്പുപോലെ ജലസേചനം ആവശ്യമില്ലാത്ത സമയങ്ങളിൽ ജലമെത്തുകയും ചെയ്യുന്ന സാഹചര്യമുണ്ട്.

**7.14 നയം 17. കുട്ടനാടൻ കർഷകർക്കും കോൾ കർഷകർക്കുമുള്ള പമ്പിങ് ധനസഹായം കൃഷിവകുപ്പ് വഴി വിതരണം ചെയ്യണം.**

7.14.1. റാംസാർ (Ramzar) ഉടമ്പടിയുടെ ഭാഗമായാണ് അന്താരാഷ്ട്ര പ്രാധാന്യമുള്ള കാർഷിക പൈതൃകപ്രദേശങ്ങളായി കേരളത്തിലെ കുട്ടനാടും കോൾനിലങ്ങളും പ്രഖ്യാപിക്കപ്പെട്ടിട്ടുള്ളത്. ഈ പ്രദേശങ്ങളുടെ പ്രാധാന്യത്തിൻമേലുള്ള വീക്ഷണമാണ് നികുതിദായകരുടെ പണമെടുത്ത് ആഗോള കാർഷിക പൈതൃകസംരക്ഷണത്തിനായി ചെലവഴിക്കാൻ സർക്കാരിനെ പ്രേരിപ്പിച്ചത്. ഇതിന്റെ ഭാഗമായി ഈ പ്രദേശങ്ങളിൽ പ്രചാരത്തിലുള്ള നെൽക്കൃഷി സംരക്ഷിക്കാനായി ഭീമമായ തുകയാണ് സർക്കാർ ചെലവഴിക്കുന്നത്. രോഗകീടാക്രമണം ഉൾപ്പെടെ തടഞ്ഞുനിർത്തി കാർഷിക പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിലൂടെ ഇവിടുത്തെ കൃഷി സംരക്ഷിക്കുന്നതിനുള്ള ചുമതല ഒരൊറ്റ ഏജൻസിയെ ഏൽപ്പിക്കുകയും എല്ലാ അനുബന്ധപ്രവർത്തനങ്ങളും ഈ ഏജൻസിയിലൂടെ നടപ്പാക്കുകയും വേണം. കൃഷിവകുപ്പിനെ ഈ ഉത്തരവാദിത്വം ഏൽപ്പിക്കാവുന്നതാണ്.

7.14.2. ആലപ്പുഴയിലും, തൃശ്ശൂരിലും നടന്ന തെളിവെടുപ്പുകളിൽ പങ്കെടുത്ത കൃഷിക്കാരെല്ലാം ഏകസ്വരത്തിൽ ഉപസമിതിക്ക് മുന്നിൽവച്ച നിവേദനം, പമ്പിംഗ് ധനസഹായം കൃഷിവകുപ്പിലൂടെ നൽകിയാൽ തങ്ങൾക്ക് കൃഷിസംബന്ധമായ എല്ലാ ആവശ്യങ്ങൾക്കും ഒരൊറ്റ ഏജൻസിയെ മാത്രം സമീപിച്ചാൽ മതിയാകും എന്നാണ്.

**7.15 നയം 18. ജലസേചന വികസനത്തിന് ഊന്നൽ നൽകാനായി അന്തർസംസ്ഥാന ജലവിനിമയക്കരാറുകൾ സമയബന്ധിതമായി പുനഃപരിശോധന നടത്തണം.**

7.15.1. ഓരോ സീസണിലും ജലം പങ്കിടുന്നത് സംബന്ധിച്ച ചർച്ചകൾ നടക്കുന്ന അവസരങ്ങളിൽ, അന്തർസംസ്ഥാന നദീജലക്കരാറുകളുടെ ഭാഗമായുള്ള സംയുക്ത ജലനിയന്ത്രണ ബോർഡുകളിൽ കാർഷിക വിദഗ്ദ്ധരേയും ഉൾപ്പെടുത്തണം.

**7.16 നയം 19. ജലസേചിതക്കൃഷി ഏറ്റവും കൂടുതൽ ജലമാവശ്യപ്പെടുന്ന മേഖല യായതുകൊണ്ടുതന്നെ അടിസ്ഥാന ജലസേചന സൗകര്യങ്ങൾ ഒരുക്കാനും നിലനിർത്താനും പ്രത്യേകശ്രദ്ധ വേണം.**

7.16.1. ചെറുതും വലുതുമായ ജലസേചനപ ദ്ധതികളിലെ ജലസംഭരണശേഷി കൂട്ടുന്നതി നുള്ള സാദ്ധ്യതകൾ ആരായുകയും, കനാലു കളിലും ഡാമുകളിലും അടിഞ്ഞുകൂടിയിട്ടുള്ള എക്കലുകൾ മാറ്റുന്നതിന് മുൻഗണന നൽകി ആയക്കെട്ട് പ്രദേശത്തെ കൃഷിയിടങ്ങളി ലേക്കുള്ള ജലലഭ്യത വർദ്ധിപ്പിക്കുകയും വേണം.

7.16.2. ചെറുതും വലുതുമായ എല്ലാ ജലസേ ചനപദ്ധതികളോടുമനുബന്ധിച്ച്, ഓരോ സീസണിലേക്കുമുള്ള ജലസേചന ക്രമീകരണം അതത് സീസൺ ആരംഭി ക്കുന്നതിനും മുൻപേതന്നെ, ഔദ്യോഗിക മായി തയ്യാറാക്കി പ്രസിദ്ധീകരിക്കണം. കൃഷി വകുപ്പും ജലവിഭവവകുപ്പും സംയുക്തമായി, ജലലഭ്യത ശാസ്ത്രീയമായി വിലയിരുത്തി, അനുയോജ്യമായ വിളക്രമത്തെക്കുറിച്ച് തീരു മാനം എടുക്കണം.

# 8. മണ്ണിനെ സംബന്ധിക്കുന്ന നയങ്ങൾ

8.1. ജൈവവൈവിധ്യങ്ങളുടെ ഈറ്റില്ലമാണ് മണ്ണ്. സമ്പുഷ്ടമായ മണ്ണിൽ ചെടികൾ തഴച്ചു വളരും. ധാതുക്കളുടെ സമ്പന്നതയും സ്വതസിദ്ധമായ ഘടനയുമാണ് മണ്ണിന്റെ പ്രത്യേകതകളെങ്കിലും പ്രകൃതി പ്രതിഭാസങ്ങളാണ് അതിന്റെ ചാക്രികതയും ഫലപുഷ്ടിയും ഉറപ്പുവരുത്തുന്നത്. മണ്ണിലെ സൂക്ഷ്മാണുക്കളുടെ പ്രവർത്തനമില്ലെങ്കിൽ, ജൈവപദാർത്ഥങ്ങൾ ഒന്നിച്ചു കൂടുകയും അത് മണ്ണിന്റെ പ്രതലത്തെ മലിനമാക്കുകയും ചെടികൾക്ക് ഭക്ഷണം ലഭിക്കാതെ വരികയും ചെയ്യുമായിരുന്നു. ചെടികളുടെ ആരോഗ്യത്തിനും ദീർഘായുസ്സിനും അനിവാര്യമായ ശതകോടി ജീവാണുക്കളുടെ ആവാസസ്ഥാനമായതുകൊണ്ടാണ് പലപ്പോഴും മണ്ണിനെ ജീവനുള്ള വസ്തുവായി വിശേഷിപ്പിക്കുന്നത്.

8.2 പൊതുവായിപ്പറഞ്ഞാൽ കേരളത്തിലെ മണ്ണ് അമ്ലസ്വഭാവമുള്ളതും, കളിമണ്ണിന്റേയും ചരൽമണ്ണിന്റേയും പ്രത്യേകതകൾ നിറഞ്ഞതും, കുറഞ്ഞ ഋണാണു വിനിമയ ക്ഷമത (CEC) ഉള്ളതും, ജല സംഭരണശേഷി കുറഞ്ഞതും, ഫോസ്ഫറസിനെ ഉറപ്പിച്ചു നിർത്താനുള്ള ശേഷി കൂടുതലുള്ളതുമാണ്. അതുകൊണ്ടുതന്നെ മണ്ണിന്റെ ഗുണനിലവാരം മെച്ചമാക്കാൻ സഹായകമായ നയങ്ങൾ രൂപപ്പെടുത്തണം.

**8.3 നയം 20. മണ്ണിന്റെ ആരോഗ്യം വീണ്ടെടുക്കാനായി ജൈവ വളങ്ങളുടെ ഉല്പാദനം വർദ്ധിപ്പിക്കുകയും അത് കൃഷി വകുപ്പിന്റെ പ്രധാനപ്പെട്ട ഒരു പ്രവർത്തനമായി മാറ്റുകയും ചെയ്യണം.**

8.3.1. മണ്ണിന്റെ ആരോഗ്യം നിലനിർത്താനായുള്ള ഫലപ്രദമായ നടപടി ജൈവവളം ഉപയോഗിക്കുകയെന്നതാണ്. കമ്പോസ്റ്റ് നിർമ്മാണം, മണ്ണിരക്കമ്പോസ്റ്റ് തയ്യാറാക്കൽ, കാലിവളത്തിന്റെ ഉപയോഗം, പച്ചിലവള ച്ചെടികൾ വളർത്തി ഉപയോഗിക്കൽ തുടങ്ങിയവ ഇത്തരത്തിൽ പ്രോത്സാഹിപ്പിക്കപ്പെടണം. ആധുനിക ഗതാഗത-വിനിമയ സങ്കേതങ്ങൾ പ്രയോജനപ്പെടുത്തി ഇത്തരം പ്രകൃതിജന്യ ജൈവവളങ്ങൾ വിവിധ പ്രദേശങ്ങളിലെ കൃഷിയിടങ്ങളിൽ സുലഭമായി എത്തിച്ചുകൊടുത്ത് അവയുടെ ലഭ്യത ഉറപ്പാക്കുന്നതിലൂടെ, മണ്ണിലെ ജൈവാംശം ആവശ്യമായത്ര തോതിൽ പടിപടിയായി വർദ്ധിപ്പിക്കാനും കർഷകരുടെ വരുമാനത്തെ ബാധിക്കാത്ത തരത്തിൽ ജൈവകൃഷിയിലേക്ക് ചുവടുമാറ്റം നടത്താനും കഴിയും.

8.3.2 ജൈവകൃഷിയിലേക്ക് മാറുന്ന ആദ്യവർഷങ്ങളിൽ ഉല്പാദനത്തിൽ കുറവുണ്ടാകാം. അത്തരം സന്ദർഭങ്ങളിൽ കർഷകർക്ക് സാമ്പത്തിക ബാധ്യത ഉണ്ടാകുന്നില്ല എന്നുറപ്പാക്കാനായി അനുയോജ്യമായ സാമ്പത്തിക സഹായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതാണ്.

8.3.3 1960–70 കാലത്ത് വള ഉല്പാദനത്തിൽ ഫാക്ട് നടത്തിയ ഇടപെടലിന് സമാനമായ രീതിയിൽ ജൈവവള ഉല്പാദനരംഗത്ത് പൊതുമേഖലാ സ്ഥാപനങ്ങൾ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതാണ്.

**8.4 നയം 21. മണ്ണിന്റെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കണം.**

8.4.1. പ്രശ്നസാദ്ധ്യതയുള്ള പ്രദേശങ്ങളിലെ മണ്ണിന്റെ അമ്ല-ക്ഷാരനില (pH) നിയന്ത്രണം ഉല്പാദനക്ഷമത വർദ്ധിപ്പിക്കാനുള്ള ഫലപ്രദമായ ഒരു നടപടിയാണ്. ഒട്ടുമിക്ക നെൽവയലുകളും അമ്ലസ്വഭാവമുള്ളവയായതു കൊണ്ടുതന്നെ ഇത് പരിഹരിക്കുന്നതിന് കുമ്മായം, ചുണ്ണാമ്പുകല്ല് തുടങ്ങിയവ ക്രമമമായി മണ്ണിൽ ചേർത്തുകൊടുക്കേണ്ടിവരും. അമ്ലതാ നിയന്ത്രണത്തിന് കർഷകരും തദ്ദേശസ്ഥാപനങ്ങളും ചേർന്ന ഒരു പൊതു സമീപനം ഉണ്ടാവണം. കുമ്മായം, ചുണ്ണാമ്പുകല്ല് തുടങ്ങിയവയുടെ ദൗർലഭ്യം മറികടക്കാനായി പ്രകൃതിക്ക് ദോഷംവരുത്താത്ത വ്യവസായ അവശിഷ്ടങ്ങളുടെ ഉപയോഗവും പ്രോത്സാഹിപ്പിക്കണം.

**8.5 നയം 22. സംസ്ഥാനസർക്കാർ എല്ലാവർഷവും ജൂണിലെ ആദ്യയാഴ്ച *പച്ചിലവള വാരമായി* ആഘോഷിക്കണം. ഇതോടനുബന്ധിച്ച് പച്ചിലവിളകളുടെ കൃഷിയുടേയും, പച്ചിലവളപ്രയോഗ രീതികളുടെയും പ്രചരണം ഉറപ്പുവരുത്തുകയും വേണം.**

8.5.1. കേരളത്തിൽ കൃഷിക്ക് തുടക്കം കുറിക്കുന്നത് ജൂൺ മാസത്തിലാണ്. ഈ പ്രധാനപ്പെട്ട സമയം *പച്ചിലവള വാര*മായി ആഘോഷിക്കുന്നതിലൂടെ പച്ചിലവളങ്ങളുടെ പ്രചാരം വർദ്ധിപ്പിക്കാനാവും. വിവിധതരം നടീൽ ഉപാധികളായ ചണമ്പുവിത്തുകൾ, ശീമക്കൊന്നയുടെ ശിഖരങ്ങൾ തുടങ്ങിയവ സംഘടിതമായി കൃഷിക്കാർക്ക് എത്തിച്ചുകൊടുക്കണം. വിവിധതരത്തിലുള്ള കമ്പോസ്റ്റുകൾക്ക് പ്രചരണം നൽകുകയും അവ കൃഷിയിടങ്ങളിൽ തയ്യാറാക്കുന്നതിനുള്ള സംവിധാനമൊരുക്കുകയും വേണം. ജൈവവള ഉല്പാദനത്തിന്റെ പ്രചാരത്തിനായി പൊതുജനങ്ങളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള പരിപാടികൾ സംഘടിപ്പിക്കണം. ഓരോ കൃഷിയിടത്തിനും വേണ്ട ജൈവവളം അവിടെത്തന്നെ ഉല്പാദിപ്പിക്കപ്പെടുന്നു എന്നുറപ്പുവരുത്തുകയാവണം സംസ്ഥാനത്തിന്റെ ലക്ഷ്യം.

**8.6 നയം 23. സൂക്ഷ്മ തലത്തിലുള്ള മണ്ണുസംബന്ധിയായ ഒരു വിവര ശേഖരം (Cadastral Level Soil Information System) തയ്യാറാക്കപ്പെടണം.**

8.6.1. കേരളത്തിലെ വിവിധയിനം മണ്ണുകളുടെ പ്രത്യേകതകളെക്കുറിച്ചും, അവയ്ക്ക് അനുയോജ്യമായ കാർഷികവിളകളെക്കുറിച്ചും, മറ്റുവിളകൾ പരീക്ഷിക്കാനായി നടപ്പാക്കേണ്ട മാറ്റങ്ങളെക്കുറിച്ചുമെല്ലാമുള്ള വസ്തുതകൾ ഉൾപ്പെടുത്തി മണ്ണുസംബന്ധിയായ സമഗ്ര വിവരശേഖരം തയ്യാറാക്കണം. ഇന്റർനെറ്റ് സഹായത്തോടെ കർഷകർക്ക് ഇത്തരം വിവരങ്ങൾ വിരൽത്തുമ്പിൽ ലഭ്യമാക്കാനും, അതിന് അതത് കൃഷിഓഫീസർമാരുടെ സഹായം ഉറപ്പുവരുത്താനും കഴിയണം. പഞ്ചായത്തടിസ്ഥാനത്തിൽ തയ്യാറാക്കി ഏകോപിപ്പിക്കപ്പെടുന്ന ഈ വിവരശേഖരം ആധാരമാക്കി യാവണം തുടർന്നുള്ള എല്ലാ വികസനപരിപാടികളും വിഭാവനം ചെയ്യേണ്ടത്.

**8.7 നയം 24. നീർമറിപ്രദേശത്തിന്റെ അടിസ്ഥാനത്തിൽ മണ്ണൊലിപ്പ് തടയാനുള്ള എല്ലാശ്രമവും നടത്തണം.**

8.7.1. മണ്ണിന്റെ ഫലഭൂയിഷ്ഠത നിലനിർത്തുന്നതിനായി മണ്ണൊലിപ്പ് തടയാൻ മനുഷ്യൻ നടത്തുന്ന പ്രയത്നമാണ് മണ്ണ് സംരക്ഷണം.

8.7.2. മലയിടുക്കുകൾ പോലെ, മണ്ണൊലിപ്പ് സംഭവിച്ചുകഴിഞ്ഞ പ്രദേശങ്ങളിൽ അണ

കളോ മറ്റു പ്രതിബന്ധങ്ങളോ നിർമ്മിച്ച് ഇതിനെ നേരിടാം. മണ്ണ് ഉഴുകൽ, കിളയ്ക്കൽ തുടങ്ങിയുള്ള കൃഷിപ്പണികൾ നടത്തുമ്പോൾ ഭൂമിയുടെ സ്വാഭാവിക കോണ്ടൂർ നിരപ്പിനനുസരണമായി ചെയ്യുന്നതിലൂടെ ചരിവുകൾക്കെതിരെ കൃഷിയിറക്കാനും മണ്ണൊലിപ്പ് തടയാനും കഴിയും. ബണ്ടുകൾ നിർമ്മിക്കേണ്ടത് കോണ്ടൂറുകൾക്ക് സമാന്തരമായാണ്. മരങ്ങൾ ശക്തമായ കാറ്റിനെ തടയുകയും കാറ്റുമൂലമുള്ള മണ്ണുനഷ്ടം ചെറുക്കുകയും ചെയ്യുന്നു. മരങ്ങളും കുറ്റിച്ചെടികളും പുല്ലുകളും ഒഴുകുന്ന വെള്ളത്തിന്റെ ഗതിവേഗം കുറയ്ക്കുന്നു. അതുകൊണ്ടു തന്നെ അത്തരം ജൈവാവരണങ്ങൾ അവിവേകമായി നീക്കംചെയ്യുന്നത് ഒഴിവാക്കുകയും, അവ ഇല്ലാത്തയിടങ്ങളിൽ വച്ചുപിടിപ്പിക്കുകയും വേണം.

8.7.3 മണ്ണൊലിപ്പ് തടഞ്ഞ് മണ്ണ് സംരക്ഷിക്കുന്നതിന് നിർദ്ദേശിച്ചിട്ടുള്ള മാർഗ്ഗങ്ങൾ.

1. കൃഷി ചെയ്യാത്ത സ്ഥലങ്ങളിൽ ആവരണ വിളകളായ പുല്ലുകൾ നടുക. കുന്നുകളുടെ ചരിവുകളിൽ മരങ്ങൾ നട്ടുപിടിപ്പിക്കുക.
2. ഭൂമിയുടെ സ്വാഭാവിക കിടപ്പ് അടിസ്ഥാനമാക്കിയുള്ള കൃഷിപ്പണികളും, വരികളിലുള്ള വിളയിറക്കലും തുടങ്ങി ശാസ്ത്രീയ കൃഷിരീതികൾ സ്വീകരിക്കുക.
3. ചരിവുകളിൽ തട്ടുകളായി തിരിച്ച്, തട്ടുകളിലെ നിരന്ന പ്രതലത്തിൽ കൃഷി ചെയ്യുക.
4. ചെങ്കുത്തായ ചരിവുകളിൽ ചെക്ക് ഡാമുകൾ നിർമ്മിക്കുക വഴി മലയിടുക്കുകളിലെ മണ്ണൊലിപ്പ് തടയാനും അവ കൂടുതൽ വിസ്തൃതമാകുന്നത് തടയാനും കഴിയും.
5. മരങ്ങൾ നിരയായി നട്ടും, ചെടികൾ ധാരാളം വച്ചുപിടിപ്പിച്ചും , വേലികൾ കെട്ടിയും, കാറ്റിന്റെ ഗതിവേഗം കുറയ്ക്കാനും അതുവഴി മണ്ണൊലിപ്പ് തടയാനും കഴിയും.

**8.8 നയം 25. പ്രാദേശികമായ പോഷക പ്ലാനുകൾ കഴിയുന്നതും നീർമറി അടിസ്ഥാനത്തിൽ വികസിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കണം.**

8.8.1. മണ്ണിന്റെ സ്വാഭാവിക സവിശേഷകതകളായ രചന, ഘടന തുടങ്ങിയവ മാറ്റാനാവില്ലെങ്കിലും അതിന്റെ ഗുണനിലവാരം മെച്ചമാക്കാൻ പരിപാലനരീതികളിലൂടെ കഴിയും. നിശ്ചിതമായ പോഷണപദ്ധതികളിലൂടെ മണ്ണിനാവശ്യമായത്ര പോഷകങ്ങൾ ഫലപ്രദമായി നൽകാനാവുക എന്നതാണ് മികച്ച പരിപാലനതന്ത്രം.

# 9. കാലാവസ്ഥയേയും പ്രകൃതിയേയും സംബന്ധിക്കുന്ന നയങ്ങൾ

9.1. ഭൗമ-സമുദ്രശാസ്ത്ര ജേർണൽ (Indian Journal of Geo-Marine Sciences) പ്രകാരം കാലാവസ്ഥാവ്യതിയാനമാണ് ഇന്ന് നമ്മൾ നേരിടുന്ന പാരിസ്ഥിതികവും സാമ്പത്തികവും സാമൂഹികവുമായ ഏറ്റവും വലിയ വെല്ലുവിളി. കാലാവസ്ഥാവ്യതിയാന മുയർത്തുന്ന ദുരിതങ്ങൾ നേരിടാനും ഈ അവസ്ഥയിലും വിളയുല്പാദനം നഷ്ടത്തി ലേക്ക് പോകാതെ നിലനിർത്താനും കാലാവസ്ഥാനുസൃതമാറ്റങ്ങൾ നടപ്പാക്കേണ്ടത് അനിവാര്യമാകുന്നത്; കാലാവസ്ഥാമാറ്റം ഏറ്റവും രൂക്ഷമായി ബാധിക്കാൻ പോകുന്നത് കേരളത്തെയാണ് എന്ന വസ്തുത മനസ്സിലാക്കുമ്പോഴാണ്.

9.2. താപവ്യതിയാനത്തിന് അടിമപ്പെടാൻ സാദ്ധ്യതയുള്ള വിളകളായ കുരുമുളക്, ജാതി, ഏലം, തേയില, കാപ്പി, കൊക്കോ എന്നിവയുടെ സംരക്ഷണത്തിന് പ്രത്യേക ശ്രദ്ധ ചെലുത്തണം. ഈ വിളകൾ വന-പാരിസ്ഥിതിക വ്യവസ്ഥയുമായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നതുകൊണ്ടുതന്നെ താപ വ്യതിയാനനില വർദ്ധിക്കുന്നതും, മഴ തീരെക്കുറയുന്നതും, വനനശീകരണവുമെല്ലാം ഇവയുടെ വളർച്ചയേയും വിളവിനേയും ബാധിക്കുന്നു.

9.3. ഭൂഗർഭഅറകളിലേക്ക് ഉപ്പുരസം കടന്നിറങ്ങുന്നതും തണ്ണീർത്തടങ്ങളിലെ ലവണാംശം ഉയർന്ന് പ്രശ്നബാധിതമാകുന്നതുമാണ് ആഗോള കാലാവസ്ഥാമാറ്റം കേരളത്തിന്റെ തീരമേഖലയിൽ സൃഷ്ടിക്കാൻ പോകുന്ന പ്രത്യാഘാതങ്ങൾ. പലയിടത്തും ഭൂഗർഭജലത്തിന്റെ അമിതചൂഷണം തീരമേഖലകളിലെ ഭൂഗർഭസംഭരണികളിലേയ്ക്ക് കടലിൽനിന്നുള്ള ലവണാംശം കൂടുതലായി കടന്നുവരാൻ ഇടയാക്കി എന്നതും നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. ഭൂഗർഭജലവിതാനം 600 അടിയിലും താഴേയ്ക്കുപോകുന്ന അവസരങ്ങളിൽ സോഡിയത്തിന്റെ ഗാഢത വർദ്ധിക്കുന്നതായി റിപ്പോർട്ടുകൾ പറയുന്നു. ഈ സാഹചര്യത്തിൽ സർക്കാർ താഴെപ്പറയുന്ന നയങ്ങൾക്ക് പരിഗണന നൽകണം.

**9.4 നയം 26. സംസ്ഥാനത്ത് മെച്ചപ്പെട്ട കാർഷികോല്പാദനം നില നിർത്താൻ കാലാവസ്ഥാനുസൃതരീതികൾ സംബന്ധിച്ച ഗവേഷണ-വികസന ശ്രമങ്ങൾ ശക്തിപ്പെടുത്തണം.**

9.4.1. ദീർഘകാല കാലാവസ്ഥാമാറ്റത്തേക്കാൾ ഹ്രസ്വകാല വ്യതിയാനങ്ങൾക്ക് കേരളത്തിലെ വിളകൾ കൂടുതലായി വിധേയമാകുന്നതിനാൽ കാലാവസ്ഥാമാറ്റം വിളകളിലുണ്ടാക്കുന്ന സ്വാധീനം രേഖപ്പെടുത്തേണ്ടതുണ്ട്. ആധുനിക സങ്കേതങ്ങളുപയോഗിച്ചുള്ള ശാസ്ത്രീയപഠനങ്ങളിലൂടെ തോട്ടംവിളകളിൽ കാലാവസ്ഥാമാറ്റങ്ങളുണ്ടാക്കുന്ന ദീർഘകാല-ഹ്രസ്വകാല ഫലങ്ങൾ വിശദമായി പഠിക്കുക എന്നത് അവശ്യമായിരിക്കുന്നു. കാലാവസ്ഥാമാറ്റം വിളകളിലുണ്ടാക്കുന്ന സ്വാധീനം മനസ്സിലാക്കാനുള്ള കമ്പ്യൂട്ടറധിഷ്ഠിത പഠനരീതികൾ വികസിപ്പിച്ചെടുക്കുകയും പുതുക്കുകയും ചെയ്യേണ്ടതുണ്ട്.

9.4.2. വിളകേന്ദ്രീകൃതവും സ്ഥലകേന്ദ്രീകൃതവുമായ വിള-കാലാവസ്ഥാ ബന്ധങ്ങൾ ദീർഘകാല പരീക്ഷണനിരീക്ഷണങ്ങളിലൂടെ ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഉരുത്തിരിച്ചെടുക്കണം.

**9.5 നയം 27. കാലാവസ്ഥാ നിരീക്ഷണ കേന്ദ്രങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തണം.**

9.5.1. ഇന്ന് സംസ്ഥാനത്ത് ദേശീയ കാലാവസ്ഥാവകുപ്പിന് കീഴിൽ ധാരാളം വർഷമാപിനി കേന്ദ്രങ്ങൾ ഉണ്ടെങ്കിലും താപനില അളക്കുന്നതിനുള്ള സംവിധാനങ്ങൾ വിരളമാണ്. അതുകൊണ്ട് സംസ്ഥാന മൊട്ടാകെ പ്രതലവായുവിന്റെ താപനില രേഖപ്പെടുത്താനുള്ള സംവിധാനം അടിയന്തിരമായി ഉണ്ടാകണം. കേരളത്തിലെ കാലാവസ്ഥാ വ്യതിയാനം കൊണ്ട് താപനിലയിൽ വരുന്ന മാറ്റങ്ങളുടെ വ്യക്തമായ ചിത്രം ഇതുവഴി നമുക്ക് ലഭ്യമാവും. ഉയർന്ന പ്രദേശങ്ങളിലാണ് ഇത് കൂടുതൽ പ്രയോജനകരം. കൃഷിവകുപ്പിന്റെ എല്ലാ ഫാമുകളിലും ISRO തുടങ്ങിയ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ചെറു-കാലാവസ്ഥാ നിരീക്ഷണ കേന്ദ്രങ്ങൾ സ്ഥാപിക്കണം.

**9.6 നയം 28. വിദഗ്ദ്ധന്മാരെ ഇതിനായി പരിശീലിപ്പിക്കണം.**

9.6.1. വർഷ-താപ വ്യവസ്ഥയിൽ വന്ന മാറ്റം ശീതോഷ്ണ കാലാവസ്ഥയുണ്ടായിരുന്ന സ്ഥലത്ത് ഈർപ്പത്തിൽനിന്നും ഉണക്കിലേക്കുള്ള വ്യതിയാനം സൃഷ്ടിക്കാം. അതുകൊണ്ടുതന്നെ സംസ്ഥാനത്ത് മേഖലാടിസ്ഥാനത്തിൽ മഴയുടേയും താപനിലയുടേയും വ്യതിയാന രീതികളെക്കുറിച്ച് ഗഹനമായ പഠനം നടത്തേണ്ടതുണ്ട്. കേരളത്തിലെ കാലാവസ്ഥയിലുണ്ടാകുന്ന പ്രകടമായ മാറ്റങ്ങൾ, വരൾച്ച, പ്രളയം തുടങ്ങിയവ കാലാവസ്ഥാവ്യതിയാന പ്രതിഭാസത്തിന്റെ പശ്ചാത്തലത്തിൽ വിശകലനം ചെയ്യപ്പെടണം. കാലാവസ്ഥയിലുള്ള വ്യതിയാനം സംസ്ഥാനത്തെ വിളകളിൽ ചെലുത്തുന്ന സ്വാധീനം; ഭക്ഷ്യസുരക്ഷ യുൾപ്പെടെയുള്ള കാര്യങ്ങളിൽ; പുതിയ സാഹചര്യത്തിൽ ഇനിയും പരിശോധിക്കപ്പെടാനിരിക്കുന്നതേയുള്ളൂ. കാലാവസ്ഥാമാറ്റം വിളകളിലും പരിസ്ഥിതിയിലുമുണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ സമർത്ഥമായി നേരിടാൻ പരിശീലനം സിദ്ധിച്ച വിദഗ്ദ്ധരുടെ സേവനം ലഭ്യമാകണം.

**9.7 നയം 29. പ്രകൃതിവ്യവസ്ഥയിലുള്ള പാരിസ്ഥിതികഭാരം സന്തുലിതമാക്കുകയും പ്രകൃതിയിലുണ്ടാകുന്ന നാശങ്ങൾ കുറച്ച് സംസ്ഥാനത്തെ സാമ്പത്തികഭദ്രത മെച്ചപ്പെടുത്തുകയും വേണം.**

9.7.1 സംസ്ഥാനത്തെ നിശ്ചിത പ്രാദേശിക സ്ഥിതിക്ക് അനുയോജ്യമാകുന്ന രീതിയിലും പരിസ്ഥിതി പരിപ്രേക്ഷ്യത്തിന് അനുഗുണമാവുന്ന തരത്തിലും വികസനം പുനഃക്രമീകരിച്ച് സുസ്ഥിരവികസനം സാദ്ധ്യമാക്കാനാണ് 2009-ലെ പരിസ്ഥിതിനയം വിഭാവന ചെയ്യപ്പെട്ടത്. ആ നയം ഇവിടെയും സ്വീകരിക്കുന്നു.

**9.8 നയം 30. അത്യാഹിതങ്ങൾ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിന് തന്ത്രപരമായ ആസൂത്രണം നടപ്പിൽവരുത്താനുള്ള ലക്ഷ്യബോധമാർന്ന സമീപനം സർക്കാർ സ്വീകരിക്കണം. തന്നെയുമല്ല, ആപത്തുകൾക്കെതിരെ ജില്ല-ബ്ലോക്ക്-ഗ്രാമ പഞ്ചായത്തുതലങ്ങളിൽ മുൻകൂട്ടിയുള്ള നടപടികളും പ്രതികരണാർത്ഥമുള്ള പ്രവർത്തനങ്ങളും ഉറപ്പുവരുത്തണം. വിപത്തുകളെ നേരിടാൻ തയ്യാറെടുക്കാനും, വരാതെ പ്രതിരോധിക്കാനും, വന്നാൽ മറികടക്കാനും; ഒപ്പംതന്നെ അത്യാഹിതങ്ങൾ സംഭവിച്ചുപോയാൽ ആശ്വാസമെത്തിക്കാനും പുനരധിവാസമുറപ്പാക്കാനും പുനർനിർമ്മാണങ്ങൾ നടത്താനുമെല്ലാം പ്രാപ്തമായ തരത്തിലുള്ള സമഗ്രമായ ആസൂത്രണമാണ് ഉണ്ടാവേണ്ടത്.**

9.8.1. അത്യാഹിത അപകട പരിപാലനം (Disaster Risk Management) എന്നത് അവയെ നേരിടാൻ മുൻകൂട്ടിയുള്ള തയ്യാറെടുപ്പുകളും, ആശ്വാസമെത്തിക്കലും, പുനരധിവാസവും, ദുരന്തലഘൂകരണവും, തടയലും എല്ലാം ചേർന്നതാണ്. ദുരന്തങ്ങൾക്ക് വിധേയമാകാൻ സാദ്ധ്യതകൂടുതലുള്ള കർഷകർ ഉൾപ്പെടെയുള്ളവരെ അവരുടെ ജീവനമാർഗ്ഗങ്ങളുടെ വൈവിധ്യ വല്കരണത്തിലൂടെയും മറ്റ് പരിഹാരമാർഗ്ഗങ്ങളിലൂടെയും പൂർവസ്ഥിതിയിലേക്ക് എളുപ്പം തിരികെക്കൊണ്ടുപോകാനാവുന്ന തരത്തിൽ പ്രാപ്ത മാക്കേണ്ടതുണ്ട്. താല്കാലിക പരിഹാരമാർഗ്ഗങ്ങളിൽ നിന്നുമാറി വികസനത്തിന്റെ ആവശ്യകത ഇത് അനിവാര്യമാക്കുന്നു. അത്യാഹിതങ്ങളിലേക്ക് നയിക്കപ്പെടാവുന്ന അപകട സാദ്ധ്യതകളെക്കുറിച്ച് കൃത്യമായ മുന്നറിയിപ്പ് നൽകി, നാശനഷ്ടങ്ങൾ കുറയ്ക്കാനും ജീവിതമാർഗ്ഗം സംരക്ഷിക്കാനും ജനങ്ങളെ സഹായിക്കുന്ന സംവിധാനങ്ങൾ ഏകോപിത രീതിയിൽ നടപ്പാക്കണം. ദുരന്തങ്ങൾക്ക് ഇരയാവുന്നവർക്ക് സമയബന്ധിതമായി സഹായഹസ്തമെത്തിക്കാനും അങ്ങനെ കഷ്ടതകൾ കുറയ്ക്കാനും ഇത് ലക്ഷ്യമിടുന്നുണ്ട്.

9.8.2. ആവശ്യമെങ്കിൽ, ദുരന്തനിവാരണത്തിൽ സർക്കാർ വകുപ്പുകൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളുടെ സഹകരണപരമായ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനാവശ്യമായ നിയമഘടന നിലവിൽവരുത്തേണ്ടതുണ്ട്. അത്യാഹിതപരിപാലനം നടത്തുന്നതിന് ആവശ്യമായ എല്ലാ വിഭവങ്ങളുടേയും സമയബന്ധിതമായ സ്വരൂപിക്കലിന് ഇത് ആവശ്യമാണ്. ഇതിൽ സാമ്പത്തിക-ഭൗതിക-സാങ്കേതിക വിദ്യാപരമായ- തൊഴിൽപരവും സാങ്കേതികവുമായ-മനുഷ്യശേഷി സംബന്ധിയായ-അടിസ്ഥാനസൗകര്യ സംബന്ധിയായ എല്ലാ വിഭവങ്ങളും ഉൾപ്പെടും.

9.8.3. ശാസ്ത്രം, നയം, പ്രവൃത്തി - ഇവ തമ്മിലുള്ള അകൽച്ച കുറയ്ക്കണം. ഉദാഹരണത്തിന് ഗവേഷകരും, അതിന്റെ ഫലമനുഭവിക്കുന്നവരും തമ്മിൽ അകലമുണ്ട്. പ്രസക്തമായ കാലാവസ്ഥാ വിവരങ്ങൾ, പലപ്പോഴും അതുപയോഗിക്കേണ്ടവർക്കും തീരുമാനമെടുക്കേണ്ടവർക്കും ഉപയോഗിക്കാനോ മനസ്സിലാക്കാനോ കഴിയാത്ത വിധത്തിലായിരിക്കും. അന്തർദ്ദേശീയ സംഘടനകളേയും ഉത്തരവാദപ്പെട്ട ദേശീയ വകുപ്പുകളേയും - കാലാവസ്ഥാമാറ്റത്തെക്കുറിച്ചു പഠനംനടത്തുന്ന പരിസ്ഥിതി ഗവേഷണസ്ഥാപനങ്ങൾ, വിജ്ഞാനവ്യാപന-കാലാവസ്ഥാശാസ്ത്ര സംബന്ധിയായ സേവനങ്ങൾ നൽകുന്നവർ, ഇതര സർക്കാർ വകുപ്പുകൾ, സേവന സന്നദ്ധരായവർ - തുടങ്ങിയ വിഭാഗങ്ങളുമായി ഒത്തൊരുമിച്ചു പ്രവർത്തിക്കുന്നതിന് പ്രോത്സാഹിപ്പിക്കണം.

# 10. നീർമറിവികസന സമീപനവുമായി ബന്ധപ്പെട്ട നയങ്ങൾ

10.1. വളർച്ചയുടേയും സുസ്ഥിരവികസനത്തിന്റേയും അടിസ്ഥാനം ഭൂമിയുടെയും ജലത്തിന്റെയും ഫലവത്തായ ഉപയോഗമാണ്. നീർമറിവികസനം എന്ന ആശയമുണ്ടാകുന്നതുതന്നെ പ്രകൃതിപരവും സാമൂഹ്യവുമായ മൂലധനങ്ങളുടെ ഫലപ്രദമായ ഉപയോഗം ഉറപ്പുവരുത്താനായാണ്. അതുകൊണ്ടുതന്നെ നീർമറിവികസന പദ്ധതികളിലെല്ലാം ഒഴിവാക്കാൻ കഴിയാത്ത ഘടകങ്ങളാണ് ഭൂമി, വെള്ളം, മനുഷ്യശേഷി എന്നിവ.

**10.2 നയം 31. സംസ്ഥാനത്തെ കാർഷിക ആസൂത്രണ വികസന പദ്ധതികളെല്ലാം നീർമറിയെ അടിസ്ഥാനപ്പെടുത്തിയാവണം.**

10.2.1 തദ്ദേശഭരണതലത്തിൽ വികേന്ദ്രീകൃതമായി നടക്കുന്ന ജല പരിപാലനപദ്ധതികൾ എല്ലാംതന്നെ ദീർഘകാലാടിസ്ഥാനത്തിലാവണം. അനുയോജ്യമായ നീർമറിരീതികൾ, വനവല്കരണം, ആയക്കെട്ടുകളുടെ പാരിസ്ഥിതിക പുനഃസ്ഥാപനം, മഴവെള്ള ശേഖരണവും പുനഃസംഭരണവും, നീർവാർച്ച ഉറപ്പാക്കൽ, ജല ഓഡിറ്റിംഗ്, ജലചംക്രമണവും പുനരുപയോഗവും തുടങ്ങിയവയെല്ലാം പഞ്ചായത്തുതല പദ്ധതികളിൽ കൂട്ടിച്ചേർക്കപ്പെടണം. ഇത്തരം ജലപരിപാലന പദ്ധതികൾ കൃഷിയിടങ്ങളിലെ ജലപരിപാലനവുമായി സമന്വയിപ്പിക്കുകയും വേണം.

10.2.2. പ്രകൃത്യാലുള്ള നീർമറി പ്രദേശത്തുതന്നെ മണ്ണു-ജലസംരക്ഷണം, കാർഷികവികസനം, അനുബന്ധമേഖലകളായ മൃഗസംരക്ഷണം, മത്സ്യംവളർത്തൽ തുടങ്ങിയവ സംയോജിപ്പിച്ച് കർഷക പങ്കാളിത്തത്തോടെ സമഗ്രമായി നടപ്പാക്കണം.

10.2.3. നീർമറിയടിസ്ഥാനത്തിൽ ഇത്തരം പദ്ധതികൾ നടപ്പാക്കാനായി, ഇതുമായി ബന്ധപ്പെട്ട വിവിധരംഗങ്ങളിലെ ഉദ്യോഗസ്ഥരെല്ലാം ഗ്രാമ പഞ്ചായത്ത് പോലെയുള്ള ഒരു ഏകോപന ഏജൻസിയുടെ കീഴിൽ ഒരുമിച്ചിരുന്ന് ആസൂത്രണം നിർവ്വഹിക്കുകയും, ലഭ്യമായ മുഴുവൻ സ്രോതസ്സുകളിൽ നിന്നുമുള്ള പണവും പൊതുഫണ്ടായി സ്വരൂപിക്കുകയും വേണം. ഇതിന് മാർഗ്ഗനിർദ്ദേശം നൽകാൻ ബ്ലോക്ക് തല ആത്മ (ATMA) യുടെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്.

**10.3 നയം 32. ജലപരിപാലനത്തിലും/ജലക്ഷാമത്തിലും ഉത്തരവാദിത്വം സംസ്ഥാനത്തിനാണ്.**

10.3.1. പലരും ഒരുമിച്ച് ഒറ്റ ഗ്ലാസ്സിൽനിന്നും വെള്ളംകുടിക്കാൻ ശ്രമിക്കുന്നതുപോലെ സങ്കീർണ്ണമാണ് ലോകത്തിന്റെ വർദ്ധിച്ചുവരുന്ന ജലാവശ്യം. ജല ഉപയോഗത്തെക്കുറിച്ചുള്ള തർക്കങ്ങൾ ചെന്നെത്തുന്നത് പ്രകൃതി വിഭവങ്ങളുടെ ഉടമസ്ഥതയെയും വിഭവങ്ങൾ ഉപയോഗപ്പെടുത്തുന്നതിലെ സമത്വത്തെയും കുറിച്ചുള്ള വലിയ ചോദ്യങ്ങളിലേയ്ക്കാണ്.

10.3.2. വർദ്ധിച്ചുവരുന്ന ആവശ്യകത എത്രയായാലും ജലം ഒരിക്കലും വറ്റാത്ത വിഭവമായിരിക്കും എന്ന തെറ്റുധാരണയിലായിരുന്നു മനുഷ്യരാശി അവന്റെ ജല ഉപയോഗങ്ങളെ സമീപിച്ചിരുന്നത്. ലോകത്തിലെ മൊത്തം ജലശേഖരത്തിന്റെ ഒരു ശതമാനത്തിന്റെ പകുതിയിലും താഴെയാണ്,

ലഭ്യമായ ശുദ്ധജലത്തിന്റെ വിതരണം എന്നത് അതിന്റെ പരിമിതി വ്യക്തമാക്കുന്നു. ലോകത്ത് ഏകദേശം 31 രാജ്യങ്ങൾ ജലക്ഷാമം നേരിടുകയും 10 കോടിയിലേറെപ്പേർ ശുദ്ധജലം കിട്ടാതെ വലയുകയും ചെയ്യുന്നുണ്ട്. 2025 ആകുമ്പോൾ ലോകജനസംഖ്യയുടെ മൂന്നിൽ രണ്ടുഭാഗവും ജലക്ഷാമത്തിലോ പൂർണ്ണമായ ജലദൗർലഭ്യത്തിലോ ആയിരിക്കും ജീവിക്കുക എന്ന് കണക്കാക്കപ്പെടുന്നു.

**10.4 നയം 33. നീർമറിവികസന പദ്ധതികൾ ലക്ഷ്യമിടുന്നത് ജനങ്ങളുടെ കൂട്ടായ്മകളെ അടിസ്ഥാനമാക്കിയുള്ള സമീപനങ്ങളിലൂടെ ഗ്രാമീണ ജീവനമാർഗങ്ങൾ മെച്ചപ്പെടുത്താനും ദാരിദ്ര്യം കുറയ്ക്കാനുമാണ്.**

10.4.1. നീർമറിവികസന പദ്ധതികൾ ജലം, മണ്ണ്, ജൈവവസ്തുക്കൾ, മറ്റു പ്രകൃതി വിഭവങ്ങൾ ഇവയുടെ നിലവാരം മെച്ചപ്പെടുത്തുകയും അതിലൂടെ ഗ്രാമീണ ജീവനമാർഗ്ഗങ്ങളുടെ സംരക്ഷണം ഉറപ്പാക്കുകയും വേണം. പ്രകൃതിവിഭവ പരിപാലനത്തിനുള്ള പങ്കാളിത്തസമീപനങ്ങളിലൂടെ അവയുടെ സ്ഥാപനവല്കരണവും മെച്ചപ്പെടുത്തലും ഉറപ്പാക്കാൻ ഇത്തരം പദ്ധതികൾക്ക് കഴിയണം.

10.4.2. ഇതോടൊപ്പം, പ്രകൃതിവിഭവപരിപാലനത്തിൽ തീർപ്പുണ്ടാക്കുന്ന കാര്യത്തിൽ വൈവിദ്ധ്യവല്കരണവും വികേന്ദ്രീകരണവും അധികാര കൈമാറ്റവും നടക്കണം. ഇതിലെ പ്രധാന ഉദ്ദേശമാവേണ്ടത് ഉപജീവന ത്തിനായുള്ള പ്രകൃതിവിഭവങ്ങളുടെ ഭാവി ലക്ഷ്യമിട്ടുള്ള വിവേകപൂർണമായ ഉപഭോഗമാവണം.

10.4.3. ഏതൊരു നീർമറി വികസനപരിപാടിയുടേയും പ്രമേയം, ദുർബലമായ പ്രകൃതിയെ അമിതചൂഷണം ചെയ്യാതെയുള്ള കൃഷി-മൃഗസംരക്ഷണ രംഗങ്ങളുടെ പുരോഗതിയും പ്രദേശവാസികളുടെ ക്ഷേമൈശ്വര്യങ്ങൾ ഉറപ്പുവരുത്തലുമാവണം.

# 11. പ്രതിസന്ധിയിലായ കർഷകർക്ക് ആശ്വാസമേകാനുള്ള നയങ്ങൾ

11.1. 20 വർഷത്തിനിടയിൽ ഭാരതത്തിലെ ഏകദേശം 2,50,000 കൃഷിക്കാർ ആത്മഹത്യ ചെയ്തിട്ടുണ്ട്. ഈ കാലയളവിൽ അതേ പോലെതന്നെ കൃഷിക്കാരുടെ അത്യാഹിതങ്ങൾക്കും കേരളം സാക്ഷിയായിട്ടുണ്ട്. കൃഷിക്കാരുടെ എണ്ണം ഗണ്യമായി കുറയുന്നുവെന്നുള്ളതാണ് നമ്മൾ നേരിടുന്ന ഭീഷണി. ഭാരതത്തിലെ കാർഷികരംഗം പ്രതിസന്ധിയിലായിരിക്കുന്ന ഈ കാലഘട്ടത്തിൽ കൃഷിക്കാർ കുറയുന്നതു കാരണം കൃഷിഭൂമിയുടെ നാശവും സംഭവിച്ചുകൊണ്ടിരിക്കുകയാണ്.

11.2. ലാഭകരമല്ലാത്ത വില, സാമ്പത്തികരംഗത്തെ അസ്ഥിരത, വിപണനത്തിലെ അരക്ഷിതത്വം എന്നിവയിലൂടെയാണ് പ്രതിസന്ധി വെളിപ്പെടുന്നത്. വിളയിലുണ്ടാകുന്ന നഷ്ടംമൂലമുള്ള പ്രതിസന്ധി വിള കത്തിച്ച് നശിപ്പിച്ചും, കാർഷികോല്പന്നങ്ങൾ റോഡിലേക്ക് വലിച്ചെറിഞ്ഞുമെല്ലാമാണ് പലരും പ്രകടിപ്പിക്കുന്നത്. ആത്മഹത്യ ചെയ്യുന്ന രീതിക്ക് പോലും കാലാനുസൃതമായ മാറ്റം വരുന്നു. പണ്ട് കീടനാശിനികൾ കഴിക്കുക, തൂങ്ങി മരിക്കുക, കിണറ്റിൽ ചാടുക ഇങ്ങനെയെല്ലാമാണ് ആത്മഹത്യ ചെയ്തിരുന്നതെങ്കിൽ ഇപ്പോൾ കൃഷിക്കാർ അവരുടെ പാടങ്ങൾ കത്തിച്ച് അതിൽ ചാടിയാണ് ആത്മഹത്യ ചെയ്യുന്നത്.

11.3 കൃഷി വാണിജ്യാടിസ്ഥാനത്തിൽ ചെയ്യുന്നിടത്തും വർദ്ധിച്ച കടക്കെണിയിൽ അകപ്പെട്ട പ്രദേശങ്ങളിലുമാണ് ആത്മഹത്യ കേന്ദ്രീകരിച്ചിരിക്കുന്നത്. ഭക്ഷ്യവിളക്കർഷകരേക്കാൾ അധികം നാണ്യവിളക്കർഷകരാണ് ആത്മഹത്യ ചെയ്യുന്നതായി കണ്ടുവരുന്നത്. ഈ പ്രതിസന്ധികൾക്കുള്ള കൃത്യമായ കാരണങ്ങൾ ഇപ്പോഴും വെളിപ്പെട്ടിട്ടില്ല. ഗ്രാമീണമേഖലകളിലെ കാർഷികരംഗത്തെ നിക്ഷേപക്കുറവും വാണിജ്യവല്കരണവും ഉല്പാദ നോപാധികളുടെ വിലവർദ്ധനവും കാർഷികവായ്പാലഭ്യതക്കുറവും കർഷകജീവിതം ദുരിതത്തിലാക്കുകയും കാർഷിക വരുമാനം ഗണ്യമായി കുറയ്ക്കുകയും ചെയ്തിട്ടുണ്ട്. എല്ലാ വെല്ലുവിളിയും സ്വീകരിച്ചുകൊണ്ട് ഭക്ഷ്യവിളകളിൽ നിന്നും നാണ്യവിളകളിലേക്ക് മാറുന്ന ദശലക്ഷക്കണക്കിന് കർഷകരെ, വിത്തുല്പാദന രംഗത്തെന്ന പോലെ കുത്തകക്കമ്പനികൾ സംഘടിതമായി കൊള്ളയടിക്കുന്ന കാഴ്ചയും സർവ്വസാധാരണമായിരിക്കുന്നു. ജലസേചനസൗകര്യത്തിന്റെ കുറവും പ്രകൃതിസമ്പത്തുകളുടെ സ്വകാര്യവല്കരണവും കർഷകരുടെ ദുരിതത്തിന് ആക്കംകൂട്ടിയിട്ടുണ്ട്.

11.4. കേരളത്തിലെ കർഷകർ കൂടുതലും നാണ്യവിളകൾക്കാണ് മുൻതൂക്കം നൽകുന്നത്. പക്ഷേ നാണ്യവിളകളുടെ മൂല്യത്തിന് ആഗോളതലത്തിലെ വ്യാപാര വ്യതിയാനങ്ങൾക്കനുസരിച്ച് കയറ്റിറക്കങ്ങൾ സംഭവിക്കുന്നു. ഇതിന്റെ പരിണിതഫലം മറ്റു സംസ്ഥാനങ്ങളെക്കാൾ കേരളമാണ് ഏറ്റവും കൂടുതൽ അനുഭവിക്കുന്നത്. കഴിഞ്ഞ ദശാബ്ദത്തിലെ ആദ്യവർഷങ്ങളിൽ കേരളത്തിലെ കർഷകർക്ക് ഒരു കിലോ വാനിലയ്ക്ക് 4000 രൂപ കിട്ടിയിരുന്ന സ്ഥാനത്ത് ഇപ്പോൾ 80 രൂപയോ അതിൽ ക്കുറവോ ആണ് ലഭിക്കുന്നത്. ഇത്തരത്തിലുള്ള മൂല്യത്തകർച്ച പൊതുമേഖലാ ബാങ്കുകളിൽ നിന്നും സ്വകാര്യ പണമിടപാടുകാരിൽ നിന്നും കടമെടുത്തു വാനിലക്കൃഷിയിൽ നിക്ഷേപിച്ച കർഷകരെ കടക്കെണിയിലാക്കുകയും, ആത്മഹത്യയിലേക്ക് നയിക്കുകയും ചെയ്തു.

11.5. കടക്കെണിയിലായ കർഷകരെ സഹായിക്കാനായി 2005-ൽ കേരളം ഒരു കടാശ്വാസ ട്രിബ്യൂണൽ രൂപവല്കരിക്കുകയും കർഷകരുടെ ദുരിതം കുറയ്ക്കാനായി പല ക്രിയാ

ത്മക നടപടികൾ സ്വീകരിക്കുകയും ചെയ്തു. ഈ സംവിധാനം ഭക്ഷ്യവിളരംഗത്തുള്ള കർഷകർക്കും സഹായകമായി. 2005-നും 2013-നും ഇടയിൽ കേരളം നെല്ലിന്റെ സംഭരണവില 700 രൂപയിൽനിന്നും 1700 രൂപയിലേയ്ക്ക് ഉയർത്തി. ഇത്രയുമൊക്കെയായിട്ടും കേന്ദ്ര സർക്കാർ സംസ്ഥാനങ്ങളുമായി ചർച്ച ചെയ്യാതെ, വിവിധ സ്വതന്ത്ര വ്യാപാര ഉടമ്പടികളിൽ ഒപ്പിട്ടുകൊണ്ടിരിക്കുകയും അവയുടെ ഫലമായി കേരളം കൂടുതൽ ദുരിതത്തിലേക്ക് നീങ്ങുകയുമാണ്. വയനാട്ടിലെ നാണ്യവിളക്കർഷകരുടെ വർദ്ധിച്ചുവരുന്ന ആത്മഹത്യയെക്കുറിച്ചുള്ള വാർത്തകൾ കേരളത്തിന്റെ ഇപ്പോഴത്തെ സ്ഥിതിയിലേയ്ക്ക് വിരൽചൂണ്ടുന്നു.

**11.6 നയം 34. കടക്കെണിയിൽ മുങ്ങിയ കർഷകർക്ക് ആത്മവിശ്വാസം നൽകാനായി സമാശ്വാസ സഹായധനവും സമാശ്വാസ വായ്പയും നല്കി അവരെ ആത്മഹത്യാമുനമ്പിൽ നിന്നും രക്ഷിക്കാനുള്ള നടപടികൾ സർക്കാർ സ്വീകരിക്കണം.**

11.6.1. വയനാട്ടിൽ കർഷകആത്മഹത്യയിലൂടെ ദുരിതത്തിലായ കർഷക കുടുംബങ്ങളെ കാർഷിക നയരൂപവല്കരണസമിതിയിലെ അംഗങ്ങൾ സന്ദർശിക്കുകയുണ്ടായി. അവരിൽനിന്ന് മനസ്സിലാക്കാൻകഴിഞ്ഞ ഒരു പ്രധാന വിഷയം, സഹകരണ ബാങ്കുകൾ, ഷെഡ്യൂൾഡ് വാണിജ്യബാങ്കുകൾ ഇവയെല്ലാം കർഷകരുടെ ആവശ്യങ്ങളറിഞ്ഞ് അവർക്ക് കൃഷിവായ്പകൾ ഏർപ്പാടാക്കാൻ വൈമുഖ്യം കാണിച്ചു എന്നതാണ്. ഇതിന്റെഫലമായി ഉയർന്നപലിശയ്ക്ക് കൃഷിക്കാർക്ക് സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും കടമെടുക്കേണ്ടതായി വന്നു. ഇതുപോലെയുള്ള സാഹചര്യങ്ങളിൽ കൃഷിക്കാർക്ക് അടിയന്തരസഹായം നൽകാൻ സർക്കാർ ഇടപെടൽ അത്യാവശ്യമാണ്. ദുരിതകാലത്ത് കർഷകർക്ക് ആത്മവിശ്വാസം നൽകി ഇത്തരം സാഹചര്യങ്ങൾ തരണം ചെയ്യാൻ അവരെ പര്യാപ്തരാക്കാൻ കഴിയുന്ന ഏറ്റവും ശക്തമായ ഏജൻസി സർക്കാരാണ്.

11.6.2. ഭൂമിയില്ലാത്ത കർഷകർ മിക്കവാറും ഭൂമി പാട്ടത്തിനെടുത്താണ് വാഴയും ഇഞ്ചിയും കൃഷിചെയ്യുന്നത്. അവർ ബാങ്കിൽനിന്നും സഹകരണ സ്ഥാപനങ്ങളിൽനിന്നും സ്വാകാര്യ പണമിടപാടുകാരിൽനിന്നും ഇതിനായി വായ്പയെടുക്കുന്നു. പക്ഷേ ഉല്പന്നത്തിന്റെ വിലയിടിവും വിളനാശവും അവരുടെ സ്വപ്നങ്ങളെ തകർക്കുകയും അവരെ ആത്മഹത്യയിലേക്ക് നയിക്കുകയും ചെയ്യുന്നു. ബഹുമുഖപരിപാടികൾ ആസൂത്രണംചെയ്ത് നടപ്പാക്കി കൃഷിയിലൂടെയുള്ള വരുമാനം ഉറപ്പുവരുത്തുകയും, ഉല്പന്നങ്ങൾക്ക് ന്യായവില ലഭ്യമാക്കുകവഴി കൃഷിക്കാരിൽ ആത്മവിശ്വാസം നിലനിർത്തുകയും വേണം. ഇതിന്റെ വിശദാംശങ്ങൾ ഭാഗം 20.5 ലും 20.10 ലും ഉൾപ്പെടുത്തിയിട്ടുണ്ട്.

11.6.3. ആത്മഹത്യയുടെ വക്കിൽ നിൽക്കുന്ന കർഷകർക്ക് ആത്മവിശ്വാസം നൽകാൻ ഒരു സമാശ്വാസ ധനസഹായം സർക്കാരിന് നൽകാവുന്നതാണ്. കൃഷിക്കാരിൽ ആത്മവിശ്വാസം നിലനിർത്താനും ആത്മഹത്യയിൽ നിന്നും രക്ഷിക്കാനുമായി അവരുടെ അടിയന്തിരാവശ്യങ്ങൾക്കനുയോജ്യമായ സമാശ്വാസ ധനസഹായവും (Relief funds) സമാശ്വാസ വായ്പകളും (Relief loans) നൽകി സഹായിക്കുകയെന്നുള്ളതായിരിക്കണം സർക്കാരിന്റെ ഉടനടിയുള്ള നടപടി.

**11.7 നയം 35. കടക്കെണിയിൽപ്പെട്ട കർഷകരെ കടബാദ്ധ്യതയിൽനിന്നും രക്ഷപ്പെടുത്താനായി ധനകാര്യസ്ഥാപനങ്ങൾ അവരുടെ സമീപനത്തിൽ ആവശ്യമായ മാറ്റംവരുത്തുകയും പല ധനാഗമമാർഗ്ഗങ്ങളെ യോജിപ്പിച്ച് കടക്കെണിയിൽപ്പെട്ട കർഷർക്ക് സമാശ്വാസ വായ്പ നല്കി അവരെ കടം തിരിച്ചടയ്ക്കുന്നതിന് കഴിവുള്ളവരാക്കുകയും വേണം.**

11.7.1. സംസ്ഥാനത്തെ പല ഭാഗങ്ങളിലും ഇതിനെ സംബന്ധിച്ച പല നടപടികളും നടന്നിട്ടുണ്ട്. കടബാദ്ധ്യതയുള്ള കർഷകരെ പ്രത്യേകമായി കണ്ടുപിടിച്ച് കുടുംബസാഹചര്യം കണക്കിലെടുത്ത് അവരുടെ കടബാദ്ധ്യത സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കണം. കൃഷി അനുബന്ധമായി മറ്റു പല വരുമാനമാർഗ്ഗങ്ങൾക്കുമുള്ള സാദ്ധ്യത ഓരോ കർഷകകുടുംബത്തിലുമുണ്ട്. ആദ്യം അവ കണ്ടുപിടിക്കണം. കൂടുതൽ വരുമാനം ഉണ്ടാക്കുന്നതിനായി ആധുനികമായ മെച്ചപ്പെട്ട കൃഷി രീതികൾ സ്വീകരിക്കാം, കുടുംബത്തിലുള്ളവർക്ക് ഇതിനുപുറമെ മറ്റു ജോലികൾ ചെയ്യാം, വിദ്യാഭ്യാസമുള്ളവർക്ക് ട്യൂഷൻ എടുക്കാം, മൃഗസംരക്ഷണത്തിലേർപ്പെടാം, ക്ഷീരോല്പാദനം നടത്താം, കോഴിവളർത്തലിൽ ഏർപ്പെടാം, അവരവരുടെ സ്ഥലത്തുതന്നെ മത്സ്യക്കൃഷി ചെയ്യാം, ഭക്ഷ്യസാധനങ്ങൾ ഉല്പാദിപ്പിക്കുകയും വിപണനം നടത്തുകയും ചെയ്യാം. ഇതോടൊപ്പം ഉപതൊഴിലുകളായി തേനീച്ച വളർത്തൽ, അലങ്കാര മത്സ്യക്കൃഷി, ഓമനമൃഗങ്ങളെ വളർത്തൽ തുടങ്ങിയവയ്ക്കും സാധ്യതയുണ്ട്. ഇതുപോലെയുള്ള മേഖലകൾ ഉൾപ്പെടുത്തി കടബാധിതർക്ക് അവരവരുടെ ഉപജീവനമാർഗം സ്വയം കണ്ടുപിടിക്കാനുള്ള സഹായം നൽകണം.

11.7.2. കടക്കെണിയിൽപ്പെട്ട കർഷകർക്ക് ജീവനമാർഗ്ഗത്തിനുവേണ്ടിയുള്ള പദ്ധതികൾ തയ്യാറാക്കുന്നതിനായി ഗ്രാമപ്പഞ്ചായത്ത് പ്രസിഡന്റ്, കൃഷി ഓഫീസർ, വെറ്ററിനറി ഡോക്ടർ, ക്ഷീരവികസന ഓഫീസർ, ഗ്രാമവികസന ഉദ്യോഗസ്ഥൻ, ബാങ്ക് ഉദ്യോഗസ്ഥർ തുടങ്ങിയവർ അടങ്ങുന്ന ഒരു സമിതി രൂപവല്കരിക്കുകയും പ്രവർത്തനക്ഷമമാക്കുകയും വേണം. ഇവരുടെ യോഗങ്ങളിൽ ഉരുത്തിരിയുന്ന നിർദ്ദേശങ്ങൾ പ്രകാരം കടക്കെണിയിൽപ്പെട്ട കർഷകർക്കായുള്ള ഉപജീവനമാർഗത്തിന്റെ ആസൂത്രണങ്ങൾക്കായി ആവശ്യമുള്ള സമാശ്വാസ ധനസഹായം ലഭ്യമാക്കണം. 2004-2005 ൽ കടബാദ്ധ്യതയുള്ള കർഷകർക്കായി പാലക്കാട് ജില്ലയിലെ പെരുമാട്ടി സർവ്വീസ് സഹകരണബാങ്ക് ഇതുപോലെയുള്ള ഇടപെടലുകൾ നടത്തുകയും വിജയിക്കുകയും ചെയ്തിട്ടുണ്ട്. ഉല്പാദനവ്യവസ്ഥകളും പണംതിരിച്ചടയ്ക്കൽ വ്യവസ്ഥകളും ഈ ആസൂത്രണത്തിൽ ഉൾപ്പെടുത്തണം. തിരിച്ചറിയാത്ത ധനാഗമ മാർഗ്ഗങ്ങളെക്കൂടി കണ്ടുപിടിച്ച് വരുമാനം വർദ്ധിപ്പിക്കുകയും അതുവഴി വായ്പ തിരിച്ചടയ്ക്കാൻ കർഷകരെ പ്രാപ്തരാക്കുകയും ചെയ്യുന്നതിന് സമാശ്വാസ ധനസഹായങ്ങൾ നല്കുകയെന്നതാവണം പ്രാഥമികലക്ഷ്യം.

11.7.3. അങ്ങനെ, ധനാഗമ മാർഗ്ഗങ്ങളെക്കുറിച്ച് വ്യക്തമായും ഗഹനമായും പഠിച്ച്, കടം തിരിച്ചടയ്ക്കാൻ പ്രാപ്തമായ അവസ്ഥയിലേക്ക് കർഷകരെ യെത്തിക്കാനുള്ള ഉപജീവനമാർഗ്ഗം കണ്ടെത്താൻ സഹായിക്കുന്ന തായിരിക്കണം ഈ ആസൂത്രണം.

11.7.4. ഭാഗം 11.7.2 പ്രകാരം നിയോഗിച്ച സമിതിക്ക്, കൃഷിക്കാർ വായ്പ ശരിയായ രീതിയിലാണോ ഉപയോഗിക്കുന്നത് എന്ന് മനസ്സിലാക്കാനും, വായ്പവാങ്ങിയ കർഷകരെ നിരീക്ഷിക്കാനും, ധനസഹായ സ്ഥാപനങ്ങൾക്ക് മാസംതോറും വിവരങ്ങൾ നൽകാനും കഴിയണം. മുകളിൽപ്പറഞ്ഞ സമിതിയുടെ കൺവീനർ ഗ്രാമവികസന ഉദ്യോഗസ്ഥനാണ്. വായ്പയുടെ ലഭ്യത, വിനിയോഗം തുടങ്ങിയ കാര്യങ്ങൾ നിരീക്ഷിച്ച് കൃഷിക്കാർക്ക് ആവശ്യമായ ഉപദേശം നൽകണം. വിളനഷ്ടം, പ്രകൃതിക്ഷോഭം, വിലയിടിവ് തുടങ്ങി ഇടപെടേണ്ട സാഹചര്യങ്ങൾ വരുമ്പോൾ അതുസംബന്ധിച്ച വിവരങ്ങൾ ജില്ലാ കളക്ടറെ അറിയിക്കാനുള്ള നിയമപ്രകാരമുള്ള അധികാരം ഈ സമിതിക്ക് നൽകണം.

11.7.5. കർഷകരെ സ്വയംപര്യാപ്തരാക്കുന്നതിന് സമഗ്രമായ ഇടപെടലുകൾ ആവശ്യമാണ്. അവർക്ക് ആധുനികകൃഷിരീതിയിൽ പരിശീലനം നൽകുകയും, ധനസഹായം നൽകുകയും, ആവശ്യമായ ഉപദേശം നൽകുകയും

വേണം. ഗ്രാമതലത്തിൽ കൃഷിയോടൊപ്പം മറ്റു രീതികളിലൂടെ വരുമാനം സമ്പാദിച്ച് ഉപജീവനമാർഗം സുരക്ഷിതമാക്കാൻ പ്രാപ്തരാക്കുകയും, വരുംതലമുറയെ ആത്മഹത്യയിൽനിന്നും രക്ഷിക്കുകയും വേണം.

**11.8 നയം 36. യഥാർത്ഥ കർഷകർ ഭവനനിർമ്മാണത്തിനും, ചികിത്സയ്ക്കും, വിവാഹത്തിനും, കുട്ടികളുടെ വിദ്യാഭ്യാസത്തിനും, മറ്റ് ഒഴിച്ചുകൂടാൻ കഴിയാത്ത ഉപഭോഗാവശ്യങ്ങൾക്കും എടുക്കുന്ന വായ്പകൾ, കാർഷിക വായ്പകളായി പരിഗണിക്കുകയും അത് കൃഷിയിലൂടെ തിരിച്ചടയ്ക്കാൻ അവരെ പ്രാപ്തരാക്കുകയും വേണം.**

11.8.1. സമൂഹത്തിലെ മറ്റു മനുഷ്യരെപ്പോലെ കർഷകരെയും സാർവജനീന തൊഴിലായ കൃഷിയിൽനിന്നും വരുമാനമുണ്ടാക്കുന്ന വിദഗ്ദ്ധരായി കാണുകയും, അവരുടെ ഉപഭോഗാവശ്യങ്ങളായ ഭവനനിർമ്മാണം, മക്കളുടെ വിവാഹം, വിദ്യാഭ്യാസം, ചികിത്സ എന്നിവയ്ക്കുള്ള വായ്പാസഹായം കാർഷിക വായ്പയ്ക്ക് തുല്യമായി പരിഗണിക്കപ്പെടുകയും വേണം. കൃഷിക്കാരനാണ് യഥാർത്ഥ ഉല്പാദകൻ എന്നതുകൊണ്ടുതന്നെ ഉല്പാദകന്റെ അവശ്യം ഉല്പാദനത്തിന്റെ ആവശ്യമായി കരുതാമെന്ന് കമ്മിറ്റി അഭിപ്രായപ്പെടുന്നു. അതായത് കൃഷിക്കല്ലാതെ മറ്റു ഉപഭോഗാവശ്യങ്ങൾക്കായി കർഷകൻ എടുക്കുന്ന വായ്പയും തിരിച്ചടയ്ക്കുന്നത് കൃഷിചെയ്തിട്ടാണ് എന്നു സാരം. ഉല്പാദനകാര്യത്തിൽ അതുല്യമായ സേവനമാണ് കൃഷിക്കാർ ചെയ്യുന്നത്. അതിനാൽ മറ്റ് ഉപഭോഗാവശ്യങ്ങൾക്കായി അവർക്ക് നൽകുന്ന വായ്പകളേയും കാർഷികവായ്പയിൽ ഉൾപ്പെടുത്താം. കാർഷികവായ്പയ്ക്ക് ലഭിക്കുന്ന എല്ലാവിധത്തിലുള്ള ആനുകൂല്യങ്ങളും ഇതിനും ലഭിക്കണം. പ്രാഥമിക വരുമാനമാർഗം കൃഷിയും അതിനോടനുബന്ധിക്കുന്ന പ്രവർത്തനങ്ങളുമായിരിക്കുന്ന ചെറുകിട-നാമമാത്ര കർഷകരെ മാത്രമേ ഇതിൽ ഉൾപ്പെടുത്താവൂ എന്നകാര്യം സർക്കാർ പ്രത്യേകം ശ്രദ്ധിക്കണം.

**11.9 നയം 37. ദുരിതമനുഭവിക്കുന്ന കർഷകർക്ക് ഉപദേശവും മാനസിക പിൻതുണയും നൽകാൻ വിജ്ഞാനവ്യാപന പ്രവർത്തകരേയും ആരോഗ്യപ്രവർത്തകരേയും ഉൾപ്പെടുത്തി പ്രാഥമികാരോഗ്യതലത്തിൽ മാനസികാരോഗ്യപദ്ധതികൾ ശക്തിപ്പെടുത്തേണ്ട ആവശ്യമുണ്ട്.**

11.9.1. പ്രകൃതിക്ഷോഭവും ഉല്പന്നങ്ങളുടെ വിലയിടിവും കർഷകരുടെ ആത്മഹത്യയും തമ്മിൽ അഭേദ്യമായ ബന്ധമുണ്ടെന്ന് അനവധി ഗവേഷകർ കണ്ടുപിടിച്ചിട്ടുണ്ട്. മാനസികാശ്വാസ ക്യാംപുകളുടെയും കൗൺസലിംഗ് സേവനങ്ങളുടെയും ആവശ്യകതയുള്ളതായി സമിതിയുടെ പല സിറ്റിംഗുകളിലും അഭിപ്രായമുയരുകയുണ്ടായി. മാനസികമായ അസ്വസ്ഥതകളില്ലാത്ത അവസ്ഥയിൽപ്പോലും മറ്റു ജനസമൂഹങ്ങളെ അപേക്ഷിച്ച് ആത്മവിശ്വാസം കുറവുള്ളവരായിരിക്കും കർഷകർ എന്ന് പല മനഃശാസ്ത്രജ്ഞർക്കും വിശ്വാസമുണ്ട്.

11.9.2 അതുകൊണ്ടുതന്നെ ഒരു പ്രകൃതിക്ഷോഭം പ്രവചിക്കപ്പെട്ടാൽ സന്നദ്ധപ്രവർത്തകരും, മനഃശാസ്ത്രജ്ഞന്മാരും, മനോരോഗചികിത്സാ വിദഗ്ദ്ധന്മാരുമെല്ലാം ആ പ്രദേശങ്ങളിലേക്ക് ചെല്ലുകയും ആവശ്യമായ സഹായങ്ങൾ നല്കുകയും വേണം. ആവശ്യമായ പ്രതിരോധതന്ത്രങ്ങൾ സ്വീകരിക്കുന്നതിനു പകരം സർക്കാരിന്റെ പ്രവർത്തനം പലപ്പോഴും സഹായങ്ങൾ പ്രഖ്യാപിക്കുന്നതിൽ മാത്രമായി ഒതുങ്ങാറുണ്ട്.

# 12. കർഷകരുടെയും കർഷകത്തൊഴിലാളികളുടെയും ക്ഷേമവുമായി ബന്ധപ്പെടുത്തിയുള്ള നയങ്ങൾ

12.1. ആദ്യകാല വിജ്ഞാനവ്യാപന പ്രവർത്തനങ്ങൾ പ്രധാനമായുംഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിൽ ശ്രദ്ധയൂന്നി യിരുന്നതുകൊണ്ടുതന്നെ, കൃഷി സ്ഥലത്തിന്റെ പാരിസ്ഥിതികവും സാമൂഹിക വുമായ നില മെച്ചപ്പെടുത്തുന്ന കാര്യങ്ങൾക്ക് വേണ്ടത്ര ശ്രദ്ധ ലഭിച്ചിരുന്നില്ല. എന്നാൽ ആധുനിക സാമൂഹ്യവ്യവസ്ഥയിൽ സർക്കാർ ബാധ്യസ്ഥമായിരിക്കുന്നത് കർഷരുടെയും കർഷകത്തൊഴിലാളികളുടെയും ക്ഷേമം ഉറപ്പുവരുത്തുന്നതിലും അതുവഴി പുതുതല മുറയെ കാർഷികരംഗത്തേക്ക് ആകർഷി ക്കുന്നതിലുമാണ്.

12.2. കർഷകർക്ക് പെൻഷൻ ഏർപ്പെടു ത്തിയ ഒരേയൊരു സംസ്ഥാനമാണ് കേരളം. മാസപ്പെൻഷനു പുറമെ, കർഷക ഇൻഷ്വറൻസ് ഉൾപ്പെടെയുള്ള മറ്റു ക്ഷേമനടപടികളും നിലവിലുണ്ട്. സർക്കാരിന്റെ കാർഷിക വികസന പ്രവർത്തനങ്ങൾക്ക് ഒരു മാനുഷിക മുഖം നൽകാൻ താഴെപ്പറയുന്ന നയപരിപാടി കൾ സഹായകമാവും.

**12.3 നയം 38. കർഷകർക്കായുള്ള പെൻഷൻപദ്ധതി കൂടുതൽ ആകർഷകമായി തുടരണം.**

12.3.1. 2009-ൽ സർക്കാരിന്റെ ഭാഗത്തു നിന്നുമുണ്ടായ വലിയൊരു കാര്യമാണ്, നെൽക്കൃഷിക്കാരെ സർക്കാരിന്റെ പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയത്. സംസ്ഥാന ത്തുടനീളമുള്ള കർഷകരെയുൾപ്പെടുത്തി 2012-ൽ കൊണ്ടുവന്ന പെൻഷൻപദ്ധതിയും ഈരംഗത്ത് ഒരു വഴിത്തിരിവായിരുന്നു. ഇത് സംസ്ഥാനത്തെ യഥാർത്ഥ കർഷകർക്ക് കിട്ടിയ അംഗീകാരം കൂടിയാണ്. കാലാനു സൃതമായ പരിഷ്കാരങ്ങളിലൂടെ പെൻഷൻ പദ്ധതി കൂടുതൽ ആകർഷകമാക്കി ചെറുപ്പ ക്കാരായ കർഷകരുടെ ആത്മവിശ്വാസം നില നിർത്താനായി സർക്കാർ പ്രവർത്തിക്കണം.

12.3.2. വേഗത്തിൽ മാറിവരുന്ന യാഥാർഥ്യ ങ്ങളെ പരിഗണിക്കാൻ സർക്കാർ അടി സ്ഥാനരൂപരേഖയിൽ മാറ്റംവരുത്താൻ മടിക്ക രുത്. ഇന്ന് ഗ്രാമീണരും നാഗരികരും തമ്മി ലുള്ള അന്തരം ഒരു യാഥാർത്ഥ്യമാണ്. ഇതൊഴിവാക്കേണ്ടതുണ്ട്. ഇപ്പോഴത്തെ കൃഷി ക്കാരിൽ ഭൂരിഭാഗവും രണ്ടു ദശാബ്ദം കഴി യുമ്പോഴേക്കും കൃഷിക്കാരല്ലാതാവുമെന്ന വസ്തുത തിരിച്ചറിയണം. ഇപ്പോഴുള്ള നയം മെച്ചപ്പെടുത്തുന്നത് താല്ക്കാലികമായി സാമ്പത്തികബാധ്യത ഉണ്ടാക്കുമെങ്കിലും ഭാവിയിൽ സ്വയംപര്യാപ്തമായ ഒരു പെൻഷൻപദ്ധതിയ്ക്ക് ഇത് അടിത്തറപാകു മെന്നതിൽ സംശയമില്ല.

**12.4 നയം 39. കാർഷികവികസനവും കർഷകക്ഷേമവും വേർതിരിക്കാനാവാത്ത വണ്ണം ബന്ധപ്പെട്ടിരിക്കുന്നതിനാൽ ഒരു കർഷകക്ഷേമ ഫണ്ട് ബോർഡ് രൂപവല്കരി ക്കണം.**

12.4.1. കൃഷിയിൽ വ്യാപ്തരായിരിക്കുന്ന വരുടെ എണ്ണം പല കാരണങ്ങളാൽ കുറഞ്ഞു വരുന്നതുകൊണ്ടുതന്നെ, ഇതിലേക്ക് ധാരാളംപേരെ, പ്രത്യേകിച്ചും പുതുതലമു റയെ ആകർഷിക്കുകയും നിലനിർത്തുകയും ചെയ്യേണ്ടത് അത്യന്താപേക്ഷിതമാണ്. ഇതിന്റെ അടിസ്ഥാനത്തിലാണ് ദേശീയ കർഷക കമ്മീഷൻ ഒരു കർഷകക്ഷേമ ബോർഡ് രൂപവല്കരിക്കണമെന്ന് നിർദ്ദേ

ശിച്ചത്. ഇതുപ്രകാരം കർഷകർക്കായി നൽകുന്ന ധനസഹായം പ്രാഥമിക വരുമാന മാർഗ്ഗം കൃഷിയായി സ്വീകരിച്ചവർക്ക് മാത്രം നൽകണമെന്നും എല്ലാ ക്ഷേമപരിപാടി കളിലും ചെറുകിട-നാമമാത്ര കർഷകർക്ക് മുൻഗണന നൽകണമെന്നും നിർദ്ദേശിക്ക പ്പെട്ടു.

12.4.2. സുഗന്ധവിളകൾ, തേങ്ങ, മറ്റുല്പന്ന ങ്ങൾ ഇവയിൽനിന്നുള്ള നികുതി, കേന്ദ്ര-സംസ്ഥാന സർക്കാരുകളിൽ നിന്നുള്ള സംഭാ വന, ദേശീയ-സഹകരണ ബാങ്കുകളിൽ നിന്നുമുള്ള സംഭാവന, കാർഷികവ്യാപാര ത്തിലും കയറ്റുമതിയിലും ഏർപ്പെട്ടി രിക്കുന്നവരിൽ നിന്നുള്ള തീരുവ എന്നിവ യിൽനിന്നും ഒരു നിശ്ചിതതുക വാർഷി കമായോ അർത്ഥവാർഷികമായോ സ്വരൂപി ക്കേണ്ടതാണ്.

### 12.5 നയം 40. കർഷകർക്ക് ഒരു സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി രൂപവല്കരിക്കേണ്ടത് അത്യാവശ്യമാണ്.

12.5.1. കാലാവസ്ഥാവ്യതിയാനവും പ്രകൃതി യിൽവരുന്ന മാറ്റവും കാരണം ആരോഗ്യത്തി നായി ആളൊന്നിന് അധികമായി ചെലവിട്ട തുക എൻ.എസ്.എസ്.ഒ.യുടെ കണക്കു പ്രകാരം 92 രൂപയാണ്. പരമാവധി 10 ലക്ഷം രൂപ വരെ ആനുകൂല്യം ലഭിക്കുന്ന ആരോ ഗ്യ-ജീവൻസുരക്ഷാ ഇൻഷ്വറൻസ്, മാന്യമായ പെൻഷൻതുക, കുട്ടികളുടെ വിദ്യാഭ്യാസ ത്തിനും കല്യാണത്തിനും വേണ്ടിയുള്ള വായ്പ ഇതൊക്കെയാണ് ക്ഷേമബോർഡിന്റെ പ്രധാന ലക്ഷ്യങ്ങൾ. കാർഷികവൃത്തിക്കിടയി ലുണ്ടാകുന്ന അപകടങ്ങൾക്കും പെൻഷൻ അനുവദിച്ചിട്ടുണ്ട്. കുടുംബപെൻഷനാണ് മറ്റൊരു സവിശേഷത.

12.5.2. പ്രഥമ ഉപജീവനമാർഗവും ഏക വരു മാനമാർഗവും കൃഷിയായിരിക്കുകയും രണ്ടു ഹെക്ടറിൽത്താഴെ ഭൂമിയുണ്ടായിരിക്കുകയും ചെയ്യുന്ന കർഷകരാണ് ഈ പദ്ധതിയിൻ കീഴിൽ വരുന്നത്.

### 12.6 നയം 41. കർഷകത്തൊഴിലാളികളുടെ ക്ഷാമം കുറയ്ക്കാനായി പഞ്ചായത്തു തല ത്തിൽ തൊഴിൽബാങ്കുകൾ തുടങ്ങണം.

12.6.1. ബ്ലോക്കുതലവുമായി ഏകോപിപ്പിച്ച് പഞ്ചായത്തുതലത്തിൽ ഒരു തൊഴിൽബാങ്ക് രൂപപ്പെടുത്തുകയും തൊഴിലുറപ്പുപദ്ധതി യിലെ തൊഴിലാളികളെ കൃഷിക്കും അനുബന്ധപ്രവർത്തനങ്ങൾക്കുമായി നിയോ ഗിക്കുകയും ചെയ്ത് കാർഷികരംഗത്തെ തൊഴിൽക്ഷാമം പരിഹരിക്കാവുന്നതാണ്.

12.6.2. ഈ തൊഴിലാളിബാങ്ക് അംഗങ്ങൾക്ക് എല്ലാവിധ സഹായങ്ങളും ചെയ്തുകൊടു ക്കാനുള്ള ഉപാധിയാവുകയും, ഒപ്പം, ചെയ്യുന്ന ജോലിയ്ക്കനുസരിച്ച് ESI, പെൻഷൻ തുടങ്ങിയ സൗകര്യങ്ങൾ ഏർപ്പെടുത്തി ക്കൊടുക്കുകയും വേണം. ഈ ആനുകൂല്യ ങ്ങൾ ലഭിക്കാൻ കാർഷികരംഗത്ത് ഒരു വർഷം കുറഞ്ഞത് 100 ദിവസമെങ്കിലും ജോലി എടു ക്കേണ്ടതാണ്. വൈദഗ്ധ്യം കുറവുള്ള തൊഴിലാളികൾക്ക് വേണ്ടിമാത്രമാണ് ഈ കൂട്ടായ്മ.

### 12.7 നയം 42. കാർഷികരംഗത്ത് നൂറുദിവ സത്തിൽ കുറയാതെ ജോലിചെയ്യുന്ന എല്ലാ കർഷകത്തൊഴിലാളികൾക്കും പ്രോത്സാ ഹന ധനസഹായം നൽകണം.

12.7.1. കാർഷികോല്പാദനത്തിന് നേരിട്ട് സംഭാവനചെയ്യുന്ന കർഷകത്തൊഴിലാളി കൾക്ക് ഉല്പാദനത്തിനനുസരിച്ച് പ്രോത്സാ ഹന ധനസഹായം നൽകണം. ഇതിന് അർഹരാവാൻ ഒരു വർഷം കുറഞ്ഞത് നൂറു ദിവസമെങ്കിലും കാർഷികമേഖലയിൽ ജോലി ചെയ്തിരിക്കണം.

12.7.2. സംസ്ഥാനത്തിന് പുറത്തുനിന്നുള്ള തൊഴിലാളികളാണ് ജോലി ചെയ്യുന്നതെങ്കിൽ അവർക്കും ഈ സൗകര്യങ്ങളും സഹായ ങ്ങളും ലഭ്യമാക്കണം. അതുവഴി നമുക്ക് വർഷംമുഴുവനും തൊഴിലാളിലഭ്യത ഉറപ്പു വരുത്താനാവും.

12.7.3. ഫണ്ട് സ്വരൂപിക്കുന്നതിനെക്കുറി ച്ചുള്ള വിശദമായ വിവരങ്ങൾ കാർഷിക വിക സനനയരേഖയിലെ ഭാഗം 20.5 ൽ വിശദീക രിച്ചിട്ടുണ്ട്.

**12.8 നയം 43. കർഷകരുടെ സാമൂഹികനില മെച്ചപ്പെടുത്താനായി അവരുടെ മക്കൾക്ക് പ്രൊഫഷണൽ കോഴ്സുകളിൽ പര്യാപ്ത മായ തോതിൽ സീറ്റുകൾ സംവരണം ചെയ്യണം.**

12.8.1. ഇത്തരത്തിൽ പര്യാപ്തമായ തോതിൽ കർഷകരുടെ മക്കൾക്ക് പ്രൊഫഷ ണൽകോഴ്സുകളിൽ സീറ്റുകൾ മാറ്റിവച്ചിരിക്കു ന്നതിനാൽ, കാർഷികരംഗത്തെ തൊഴിൽ ആകർഷകമായ ഒന്നായി സമൂഹത്തിന് തോന്നും. സാമൂഹിക സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിലൂടെ കർഷകരെ ഈരം ഗത്ത് പിടിച്ചുനിർത്താനും കൂടുതൽപ്പേരെ ഇതിലേക്ക് ആകർഷിക്കാനും കഴിയും.

# 13. കാർഷികമേഖലയിലെ മാനവശേഷി വികസനവുമായി ബന്ധപ്പെട്ട നയങ്ങൾ

13.1. വികസനത്തിനായി ശാസ്ത്ര-സാങ്കേതികവിദ്യകളിൽ വിശ്വാസ മർപ്പിച്ച നിർണായക നിക്ഷേപസമ്പത്താണ് മാനവ വിഭവശേഷി. അറിവ്, വൈദഗ്ദ്ധ്യം, ഉൾക്കൊള്ളൽ, മനോഭാവം, മൂല്യങ്ങൾ - ഇവയി ലുണ്ടാക്കാവുന്ന മാറ്റങ്ങളും, ഒപ്പം ഒരു വ്യക്തിയുടേയോ സംഘത്തിന്റേയോ സ്വഭാവ സവിശേഷതകളിലുണ്ടാക്കാവുന്ന മാറ്റങ്ങളും ലക്ഷ്യമാക്കി ആസൂത്രിതസമീപനത്തോടെയുള്ള ഒരു പഠനപ്രക്രിയയാണ് ഇവിടെ ഉദ്ദേശിക്കുന്നത്.

13.2. കൃഷിവകുപ്പ്, മൃഗസംരക്ഷണവകുപ്പ്, ക്ഷീരവികസനവകുപ്പ് എന്നിവിടങ്ങളിലെ മനുഷ്യശേഷി ഒരുമിച്ചുകൂട്ടിയാൽ അതിശയിപ്പിക്കുന്ന കണക്കാവും കിട്ടുക. ഇതിൽ 6117 ഫീൽഡ് അസിസ്റ്റന്റ്മാരും, 2481 ഫീൽഡ് ഓഫീസർമാരും, 520 മദ്ധ്യനിര ഓഫീസർമാരും, 237 മുതിർന്ന ഓഫീസർമാരും, 21 സംസ്ഥാനതല ഉയർന്ന ഉദ്യോഗസ്ഥന്മാരും ഉണ്ട്. ഈ ഭീമമായ മാനവശേഷിയെ നമ്മൾ സ്വപ്നം കണ്ടതിലുമപ്പുറം കാർഷികാഭിവൃദ്ധി നേടാൻ പാകത്തിന് ബുദ്ധിപരമായി രൂപപ്പെടുത്തിയെടുക്കേണ്ടതുണ്ട്.

13.3 മനുഷ്യശേഷിയുടെ പ്രാപ്തി വർദ്ധിപ്പിക്കൽ എന്നത് - ബോധവത്കരണം, വിദ്യാഭ്യാസവും പരിശീലനവും, മനോഭാവത്തിലുണ്ടാകുന്ന മാറ്റം, ആത്മവിശ്വാസം വർദ്ധിപ്പിക്കൽ, തീരുമാനമെടുക്കുന്നതിലെ പങ്കാളിത്തം - തുടങ്ങിയവ ഉൾപ്പെട്ടതാണ്. മാനവശേഷിവികസനത്തിന്റെ നിർണ്ണായക ലക്ഷ്യം, വികസനത്തിന്റെ എല്ലാ മേഖലകളിലും പങ്കുവഹിക്കാനാവുന്ന തരത്തിൽ വ്യക്തികളുടെ പ്രവർത്തനക്ഷമത പരമാവധി വർദ്ധിപ്പിക്കുക എന്നതാണ്. പ്രവർത്തനശേഷി വർദ്ധനവിലൂടെ ഓരോ വ്യക്തിയും സംഘവും അവരുടെ കഴിവുകൾ വികസിപ്പിച്ച് വികസനപ്രവർത്തനങ്ങളിൽ പൂർണ്ണമായ സംഭാവനനൽകാൻ പ്രാപ്തരാകും. മാറ്റങ്ങളെ സ്വയം നിയന്ത്രിക്കാൻ കഴിയുന്നതിനാൽ, അറിവിലും കഴിവിലും നിലപാടിലും പെരുമാറ്റത്തിലും അവർക്കാവശ്യമായ മാറ്റങ്ങൾ സ്വയംവരുത്താനാവും. ഈ വസ്തുതകൾ കണക്കിലെടുത്ത് താഴെപ്പറയുന്ന നയങ്ങൾ ഉൾപ്പെടുത്തുന്നു.

**13.4 നയം 44. കാർഷികരംഗത്തെ ഉല്പാദനക്ഷമതാവർദ്ധനവ് കാർഷികവിദ്യാഭ്യാസത്തേയും മികവുറ്റ പരിശീലനത്തേയും ആശ്രയിച്ചിരിക്കുന്നു. ഇത് ഈരംഗത്തെ മാനവശേഷി ക്ഷമതാവർദ്ധനവിനും അനുപേക്ഷണീയമാണ്.**

13.4.1 സുസ്ഥിരവികസനത്തിനായി പ്രകൃതി വിഭവങ്ങൾ വിവേകപൂർവം പരിപാലിക്കുന്നതിനും, കാർഷികോല്പാദനക്ഷമത മെച്ചപ്പെടുത്തുന്നതിനും മാനവശേഷിവികസനം അനിവാര്യമാണ്. കുട്ടികൾക്ക് നൽകുന്ന കാർഷികവിദ്യാഭ്യാസത്തിന്റെ ഉള്ളടക്കവും മേന്മയും മെച്ചപ്പെടുത്തേണ്ടതുണ്ട്. പലപ്പോഴും പാഠ്യവിഷയങ്ങൾ കാർഷിക-പാരിസ്ഥിതിക പ്രത്യേകതകളുമായോ, സാങ്കേതിക വിദ്യാതലങ്ങളുമായോ, പ്രാദേശിക കർഷകസഞ്ചയത്തിന്റെ സാമൂഹിക-സാമ്പത്തിക സാഹചര്യങ്ങളുമായോ ഏറ്റവും കുറഞ്ഞ നിലയിലാണ് പൊരുത്തപ്പെട്ടിരിക്കുന്നത് എന്ന് ഉപസമിതിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

13.4.2 യുവതലമുറയെ കൃഷിയിലേക്ക് ആകർഷിക്കാൻ സ്കൂൾ തലം മുതൽ പാഠ്യപദ്ധതിയിൽ കൃഷി ഒരു വിഷയമായി ഉൾപ്പെടുത്തണം. ഇത്തരം പാഠഭാഗങ്ങളി

ലൂടെ കാർഷിക-ഭക്ഷ്യ വ്യവസ്ഥകളെക്കുറിച്ചുള്ള നിയതമായ അവബോധം പകർന്നു നൽകാനും അവയുടെ പ്രായോഗിക വശങ്ങൾ കരഗതമാക്കാനും അവസരമുണ്ടാവണം.

**13.5 നയം 45. കർഷകരെ സ്വാശ്രയ സംരംഭകരാക്കി മാറ്റുന്ന തരത്തിൽ അവരുടെ അറിവും വൈദഗ്ദ്ധ്യവും മെച്ചപ്പെടുത്താൻ പ്രാപ്തരായ വികസനോദ്യോഗസ്ഥരെ സൃഷ്ടിക്കണം.**

13.5.1 ചെറുകിട-നാമമാത്ര കർഷകരെ കാർഷികസംരംഭകരാക്കി മാറ്റി കൃഷി ഒരു ലാഭകരമായ ഉദ്യമമാക്കി മാറ്റാൻ സർക്കാർ തലത്തിലുള്ള വിജ്ഞാനവ്യാപന സംവിധാനം നേതൃപരമായ പങ്കുവഹിക്കേണ്ടതുണ്ട്. ഇതിന് നിലവിലുള്ള കടമകളേയും ഉത്തരവാദിത്വങ്ങളേയും സംബന്ധിച്ച വീക്ഷണത്തിലും മനോഭാവത്തിലും കാതലായ മാറ്റങ്ങൾ വരുത്തേണ്ടതുണ്ട്. ഈ പുതിയ വെല്ലുവിളികൾ നേരിടുന്നതിന് സാങ്കേതികവും സംഘാടനപരവും ഭരണനിർവ്വഹണപരവും ആശയവിനിമയപരവും വ്യാപാരസംബന്ധവുമായ പ്രാപ്തി കാർഷികവികസനോദ്യോഗസ്ഥർക്ക് പകർന്നുനൽകുന്ന പുതിയൊരു മാനവശേഷി വികസനസങ്കല്പം രൂപപ്പെടുത്തേണ്ടതുണ്ട്. മനുഷ്യശേഷി വികസനമെന്നത് വിജ്ഞാനവ്യാപനപ്രവർത്തകരുടെ പ്രാപ്തി വർദ്ധിപ്പിക്കുന്നതിൽ മാത്രമൊതുങ്ങാതെ, അവർക്ക് മെച്ചപ്പെട്ടരീതിയിൽ പ്രവർത്തിക്കുന്നതിനുള്ള തൊഴിൽ സാഹചര്യങ്ങളും ഇതിന്റെ ഭാഗമാക്കണം.

13.5.2 എല്ലാ തലത്തിലുള്ള വികസനോദ്യോഗസ്ഥന്മാരും അവരുടെ സമീപനത്തിലും ചുമതലകളിലും മാറ്റംവരുത്തേണ്ടതുണ്ട്. ഫയലുകളുടേയും സബ്സിഡികളുടേയും മാനേജർ എന്ന നിലയിൽനിന്നും കാർഷികവികസനവുമായി ബന്ധപ്പെട്ട വിവരങ്ങൾ ശേഖരിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നവർ എന്നനിലയിലേയ്ക്ക് ഈ ഉദ്യോഗസ്ഥർ മാറേണ്ടതുണ്ട്.

**13.6 നയം 46. കാർഷികമേഖലയിലെ സർക്കാരിന്റെ നയരൂപവല്കരണത്തിൽ ഇടപെടാൻ തക്കവണ്ണം ചെറുകിടകർഷകരെ പര്യാപ്തരാക്കണം.**

13.6.1. ഉല്പാദനത്തിലും ഉല്പാദനക്ഷമതയിലും പ്രത്യക്ഷസ്വാധീനം ചെലുത്തുന്ന സർക്കാരിന്റെ നയരൂപവല്കരണ പ്രക്രിയയിൽ പങ്കാളിത്തം വഹിക്കാനായി കർഷകരെ താഴെപ്പറയുന്ന കാര്യങ്ങളിൽ ശക്തിപ്പെടുത്തേണ്ടതുണ്ട്.

(1) ഉല്പാദനവുമായി ബന്ധപ്പെട്ട സാങ്കേതികവൈദഗ്ദ്ധ്യം.

(2) മണ്ണു-ജല പരിപാലനവുമായി ബന്ധപ്പെട്ട സാങ്കേതികവൈദഗ്ധ്യം.

(3) കാർഷികോല്പാദനസംഘങ്ങൾ കെട്ടിപ്പടുക്കാനുള്ള സംഘടനാപരവും നിയന്ത്രണപരവുമായ വൈദഗ്ധ്യം.

(4) വിലയും നേട്ടങ്ങളും വിശകലനംചെയ്യാനുള്ള വ്യാപാരപരമായ വൈദഗ്ദ്ധ്യം.

(5) വിപണനത്തിലുള്ള വൈദഗ്ദ്ധ്യം.

(6) കാർഷികോല്പന്നങ്ങളുടെ മൂല്യവർദ്ധനയിലുള്ള വൈദഗ്ദ്ധ്യം.

(7) വിവരസാങ്കേതികസംവിധാനങ്ങൾ കൈകാര്യം ചെയ്യുന്നതിലുള്ള വൈദഗ്ദ്ധ്യം.

(8) ധനനിയന്ത്രണത്തിനുള്ള വൈദഗ്ദ്ധ്യം.

**13.7 നയം 47. ഉല്പാദനോപാധികളുടെ വിതരണക്കാർക്ക് കാർഷികപ്രവർത്തനങ്ങൾ സംബന്ധിച്ച ശാസ്ത്രീയവും സാങ്കേതികവുമായ അറിവും വൈദഗ്ദ്ധ്യവും ലഭ്യമാക്കുന്ന തരത്തിൽ, നിലവിലുള്ള സംവിധാനത്തിൽ മാറ്റങ്ങളുണ്ടാക്കണം. കർഷകർക്ക്, പ്രത്യേകിച്ചും ചെറുകിട-നാമമാത്ര കർഷകർക്ക് ശരിയായ ദിശയിലുള്ള ഉപദേശങ്ങൾ ലഭ്യമാകാനും അതുവഴി വിജ്ഞാനവ്യാപനം മറ്റൊരുതരത്തിൽക്കൂടി ഉറപ്പുവരുത്താനും ഇത് സഹായിക്കും.**

13.7.1. സർക്കാർതലത്തിലുള്ള വിജ്ഞാനവ്യാപനപ്രവർത്തകർക്കു പുറമേ ഒട്ടനേകം സന്നദ്ധസംഘടനകൾ, സമാന്തര സേവനം നടത്തുന്നവർ, വിത്തുകളുടേയും വളങ്ങളുടേയും കീടനാശിനികളുടേയും വ്യാപാരികൾ, ചില്ലറവില്പനക്കാർ തുടങ്ങിയ വരെല്ലാം അവരുടെ ഉപഭോക്താക്കൾക്ക് സാങ്കേതിക ഉപദേശം നൽകുന്നുണ്ട്.

13.7.2. ഈരംഗത്തുള്ള മറ്റൊരിടപെടൽ ഇന്ത്യയിലും വിദേശത്തും കാർഷിക വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന വൻകിട കമ്പനികളിൽ നിന്നാണ്. ഇവർ തങ്ങൾക്ക് ഉല്പന്നങ്ങൾനൽകുന്ന കർഷകർക്കായി ചില വിജ്ഞാനവ്യാപനസേവനങ്ങൾ നൽകാറുണ്ട്. സംഘടിതമേഖലകളിൽ പ്രവർത്തിക്കുന്ന കാർഷിക വ്യാപാരക്കമ്പനികൾ തങ്ങളുടെ ജീവനക്കാരുടെ കാര്യത്തിൽ മാനവശേഷി വികസനപരിപാടികൾ വളരെ ഭംഗിയായി നടപ്പാക്കാറുണ്ട്. ഉല്പാദനോപാധികളുടെ വിതരണക്കാർക്ക് കാർഷികപ്രവർത്തനങ്ങൾ സംബന്ധിച്ച ശാസ്ത്രീയവും സാങ്കേതികവുമായ അറിവും വൈദഗ്ധ്യവും ലഭ്യമാക്കുന്ന തരത്തിൽ, നിലവിലുള്ള സംവിധാനത്തിൽ മാറ്റങ്ങളുണ്ടാക്കണം. കർഷകർക്ക്, പ്രത്യേകിച്ചും ചെറുകിട-നാമമാത്ര കർഷകർക്ക് ശരിയായദിശയിലുള്ള ഉപദേശങ്ങൾ ലഭ്യമാകാനും അതുവഴി വിജ്ഞാനവ്യാപനം മറ്റൊരുതരത്തിൽക്കൂടി ഉറപ്പുവരുത്താനും ഇത് സഹായിക്കും. ഇവരെ സർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരണമായും സംസ്ഥാനകൃഷിവകുപ്പിന്റെ മേൽനോട്ടത്തിലും പ്രവർത്തിക്കാൻ അനുവദിക്കണം.

13.7.3 ഇത്തരത്തിലുള്ള എല്ലാവിധ പ്രവർത്തനങ്ങളും അതത് വകുപ്പുകൾ സൂക്ഷ്മമായി നിരീക്ഷിക്കുകയും കർഷക താല്പര്യങ്ങൾ പൂർണ്ണമായും സംരക്ഷിക്കപ്പെടുന്നുണ്ട് എന്നുറപ്പാക്കുകയും വേണം. എന്നാൽ ഒരു കാരണവശാലും ഒരുതരത്തിലുമുള്ള ദുരുപയോഗം അനുവദിക്കപ്പെടാൻ പാടില്ല.

**13.8 നയം 48. സംസ്ഥാനത്ത് വിജ്ഞാനവ്യാപനമേഖലയിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർ ഏറ്റവും പുതിയ അറിവുകളും; കമ്പ്യൂട്ടർ, മൾട്ടിമീഡിയ, ഇന്റർനെറ്റ് തുടങ്ങിയ ഇലക്ട്രോണിക് സംവിധാനങ്ങൾ ഉപയോഗിക്കുന്നതിനുള്ള വൈദഗ്ദ്ധ്യവും നേടിയെടുക്കണം.**

13.8.1. തന്ത്രപ്രധാനമായ തീരുമാനങ്ങൾ എടുക്കുന്നതിൽ ശരിയായ വിവരങ്ങൾ നിർണ്ണായകസ്വാധീനം ചെലുത്തുന്ന വിവരസാങ്കേതികവിദ്യയുടെ ഈ കാലഘട്ടത്തിൽ, വികസനോദ്യോഗസ്ഥർ ഏറ്റവുംപുതിയ അറിവുകളും; കമ്പ്യൂട്ടർ, മൾട്ടിമീഡിയ, ഇന്റർനെറ്റ് തുടങ്ങിയ ഇലക്ട്രോണിക് സംവിധാനങ്ങൾ ഉപയോഗിക്കുന്നതിനുള്ള വൈദഗ്ധ്യവും നേടിയെടുക്കണം. ധാരാളം കർഷകരോട് ഒരേസമയം സംവദിക്കാനും വിവരവിനിമയമ നടത്താനും വിപണിവിവരം പങ്കിടാനുമെല്ലാം വികസനോദ്യോഗസ്ഥരെ സജ്ജരാക്കുന്ന രീതിയിൽ ടെലി/വീഡിയോ കോൺഫറൻസിങ് സാർവ്വത്രികമാകുന്ന കാലം വിദൂരമല്ല. വരുംകാലങ്ങളിൽ കർഷകസമൂഹത്തെ സഹായിക്കാനായി വികസനോ

ദ്യോഗസ്ഥരെ നിരന്തരം പ്രാപ്തരാക്കി നിർത്തുന്നതിലും അവരുടെ ആശയവിനിമയ ശേഷി മെച്ചപ്പെടുത്തുന്നതിലും വിവരസാങ്കേതികവിദ്യ വഹിക്കാൻപോകുന്ന പങ്ക് നിസ്തുലമായിരിക്കും.

**13.9 നയം 49. വിജ്ഞാനവ്യാപന പ്രവർത്തകർക്കായുള്ള മാനവശേഷി വികസനപരിപാടികൾ ശാസ്ത്രീയമായും സമയബന്ധിതമായും നടപ്പാക്കണം.**

13.9.1. വകുപ്പുകളിൽ നിലവിലുള്ള നിയമന രീതി ഒരുദ്യോഗസ്ഥനെ - അത് ഓഫീസറായാലും അസിസ്റ്റന്റായാലും - നിയമന ഉത്തരവ് കൈമാറി ഉടനെ ഒരു സ്ഥലത്ത് ജോലിയിൽ പ്രവേശിക്കാൻ ആവശ്യപ്പെടുന്നു എന്നതാണ്. എന്നാൽ ഇതിന് മുന്നോടിയായി തൊഴിൽപരമായ വിഷയങ്ങളെ സംബന്ധിച്ച് മുൻകൂട്ടി തയ്യാറാക്കിയിട്ടുള്ള ഉള്ളടക്കമനുസരിച്ചുള്ള ഒരു ക്ലാസ്സ്മുറി പരിശീലനവും, മുതിർന്ന ഒരുദ്യോഗസ്ഥന്റെ കീഴിലുള്ള പ്രായോഗിക പരിശീലനവുംചേർത്ത് ഒരുമാസത്തെ *പ്രാപ്തമാക്കൽ പരിശീലനം* നിർബന്ധമാക്കണം. ഇതോടൊപ്പംതന്നെ നിലവിലുള്ള ഉദ്യോഗസ്ഥർക്ക് നിശ്ചിത പ്രദേശങ്ങൾക്കായി തയ്യാറാക്കുന്ന പ്രത്യേക ഉള്ളടക്കങ്ങൾക്കനുസൃതമായി കാലാകാലങ്ങളിൽ പരിശീലനം ഉറപ്പുവരുത്തി അവരുടെ സാങ്കേതികപരിജ്ഞാനം ഉയർത്തുകയും വേണം.

13.9.2. വിവിധ മത്സരപ്പരീക്ഷകളിൽ ഉന്നത വിജയം നേടിയവരാണ് കൃഷിരംഗത്തെ വികസനോദ്യോഗസ്ഥന്മാർ. അവരുടെ കഴിവുകൾ മുഴുവൻ ഉപയുക്തമാക്കാനും കൂടുതൽ മെച്ചമാക്കാനുമായി തുടർപഠനാവസരങ്ങൾ സൃഷ്ടിക്കുകയും ബിരുദാനന്തര ബിരുദം, ഗവേഷണം തുടങ്ങിയ ഉയർന്ന യോഗ്യതകൾ നേടാൻ അവർക്ക് സാഹചര്യമൊരുക്കുകയും ചെയ്യുന്നതിലൂടെ സാങ്കേതികമായി വളരെ ശക്തമായ ഒരുകൂട്ടം ഉദ്യോഗസ്ഥരെ വാർത്തെടുക്കാൻ കഴിയും.

13.9.3. ഈ സൗകര്യങ്ങൾ വകുപ്പിലെ എല്ലാ സാങ്കേതിക ഉദ്യോഗസ്ഥന്മാർക്കും നൽകി അവരുടെ കഴിവുകളെ മെച്ചപ്പെടുത്താനാവും. പ്രതിവർഷം 20 പേരെയെങ്കിലും കേരളത്തിനകത്തോ, മറ്റു സംസ്ഥാനങ്ങളിലോ, വിദേശ രാജ്യങ്ങളിൽപ്പോലുമോ ഉള്ള സ്ഥാപനങ്ങളിൽ ഉപരിപഠനം നടത്തുന്നതിനനുവദിക്കുന്നതിലൂടെ സാങ്കേതികമായി ശക്തമായ മനുഷ്യശേഷി സർക്കാർ സംവിധാനത്തിൽ സൃഷ്ടിക്കപ്പെടും. സംസ്ഥാനത്ത് ഈ രംഗത്തെ മുഴുവൻ മനുഷ്യശക്തിയും അതിന്റെ പരമാവധി ക്ഷമതയിൽ ഉപയോഗപ്പെടുത്തുക എന്നതാണ് ഇതിനു പിന്നിലുള്ള വീക്ഷണം.

# 14. വിവരസാങ്കേതിക വിദ്യയുടെ (ICT) പ്രയോഗവുമായി ബന്ധപ്പെട്ട നയങ്ങൾ

14.1. അന്തർദ്ദേശീയ ഭക്ഷ്യനയ ഗവേഷണ സ്ഥാപനത്തിന്റെ (International Food Policy Research Institute) അഭിപ്രായമനുസരിച്ച്, ചെറുകിട-നാമമാത്ര കർഷകർക്ക് അവരുടെ കാർഷികസംരംഭങ്ങൾ മെച്ചപ്പെടുത്താനും നിലനിർത്താനും മാറ്റംവരുത്താനും സഹായിക്കുന്ന വിവരങ്ങൾ ലഭ്യമാക്കുന്ന കാർഷികവിജ്ഞാനത്തിന്റെ വളർച്ചയും പ്രയോഗവും പ്രാധാന്യമർഹിക്കുന്നു. കർഷകസമൂഹത്തിന് സമയാസമയങ്ങളിൽ യോജിക്കുന്ന ഉപദേശങ്ങൾനല്കാനും അറിവുകൾസമ്പാദിക്കാനും പങ്കിടാനും വേണ്ട പൂർണ്ണപിന്തുണയേകാൻ വിവരസാങ്കേതിക വിദ്യ (ICT) ക്ക് കഴിയും. പൊതു-സ്വകാര്യ-സന്നദ്ധ മേഖലകളിലെ വിജ്ഞാനവ്യാപന സംവിധാനങ്ങളുടെ പ്രവർത്തനക്ഷമത മെച്ചപ്പെടുത്താൻ ഇതുപകരിക്കും.

14.2. ഭാരതത്തിൽ വിവരദൗർലഭ്യം കാർഷികോല്പാദനക്ഷമത പരിമിതപ്പെടുത്തുകയാണെന്ന് ദേശീയ കർഷക കമ്മീഷൻ കണ്ടെത്തി. കൃഷിക്കാർക്ക് ഉചിതമായ വിവരങ്ങൾ നൽകാൻ വിവരസാങ്കേതികവിദ്യ ഉപയോഗിക്കാം.

14.3 സർക്കാർ ചെറുകിട-നാമമാത്ര കർഷകരുടെ അഭിവൃദ്ധിക്കായുള്ള നയങ്ങളെക്കുറിച്ച് ചിന്തിക്കുകയും അവ രൂപവല്കരിക്കുകയും ചെയ്യുന്ന വേളയിൽ ICTക്ക് നല്ല പങ്ക് വഹിക്കാൻ കഴിയും. ഇത് ചെയ്യുന്നത് കാർഷിക പ്രവർ ത്തനങ്ങളെ മുൻനിർത്തിയാണ്. പുതിയ സാങ്കേതികവിദ്യകളുടെ ഫലമായി കാർഷികോല്പാദനം വർദ്ധിച്ചിട്ടുണ്ട്. ഇപ്പോഴത്തെ ആവശ്യം ICT മുഖേന കേരളത്തിലെ കാർഷികമേഖല ആധുനികവല്കരിക്കുകയെന്നതാണ്.

14.4. കേരളം കിസ്സാൻ കേരള (KISSAN KERALA) പദ്ധതി പോലെയുള്ള ചില മാർഗ്ഗദർശനപരമായ മാതൃകകൾ ആരംഭിച്ചുവെങ്കിലും ICTയുടെ ആശയം ഇപ്പോഴും ശൈശവാവസ്ഥയിലാണ്. കാർഷികവികസന പരിപാലനത്തിൽ സംസ്ഥാനം ഇതുവരെ ഇലക്ട്രോണിക് ഉപകരണങ്ങൾ കൊണ്ട് ഉല്പാദനത്തെ നിയന്ത്രിക്കുന്ന വഴികൾ പ്രാവർത്തികമാക്കിയിട്ടില്ല. ഇതിന്റെ അടിസ്ഥാനത്തിലാണ് ICTയെ സംബന്ധിക്കുന്ന നയങ്ങൾ രൂപവല്കരിക്കുന്നത്.

**14.5 നയം 50. 100% വേഗതയിലും കൃത്യതയിലും സേവനങ്ങൾ നടത്താൻ കൃഷിഭവനുകളെ *പേപ്പറില്ലാത്ത ഓഫീസുകൾ* ആക്കിമാറ്റാനുള്ള നടപടികൾ പെട്ടെന്നുതന്നെ പ്രാവർത്തികമാക്കണം.**

14.5.1. *പേപ്പറില്ലാത്ത ഓഫീസുകൾ* എന്ന ആശയത്തോടെയാണ് കേരളത്തിലെ കൃഷിഭവനുകൾ പ്രവർത്തനമാരംഭിച്ചത്. പക്ഷേ ഫീൽഡിലെ ജോലികളെക്കാൾ അധികം ഫയൽജോലികളാൽ നിറഞ്ഞിരിക്കുന്ന അവസ്ഥയാണ് ഇപ്പോൾ കണ്ടുവരുന്നത്. കൃഷിക്കാർക്ക് വിവരങ്ങൾ ശേഖരിക്കാൻ കൃഷിഭവനിൽ പോകേണ്ടതായും വികസനോദ്യോഗസ്ഥരുമായി ആശയവിനിമയം നടത്തേണ്ടതായും വരുന്നു. എല്ലാ കൃഷിഭവനുകളെയും ഇ-ഓട്ടോമെറ്റഡ് ഓഫീസുകളാക്കി തീർക്കുകവഴി എല്ലാ പ്രവർത്തനങ്ങളും ഓൺലൈനാക്കി മാറ്റുകയെന്നതാണ് ഇനി അനുവർത്തിക്കേണ്ട സമീപനരീതി.

14.5.2. ധനലാഭം, സമയലാഭം എന്നിവയോടൊപ്പം സംസ്ഥാനത്തുടനീളം പദ്ധതികൾ

നടപ്പാക്കുന്നതിൽ ഏകീകൃതസ്വഭാവം കൊണ്ടുവരുന്നതിനും സമയാസമയങ്ങളിൽ അവശ്യമായ സേവനങ്ങൾ ലഭ്യമാക്കുന്നതിനും പുറമേ, വകുപ്പിന്റെ എല്ലാവിധ വികസനപ്രവർത്തനങ്ങളും മുകൾത്തട്ടിൽ നിന്ന് നിരീക്ഷിക്കാൻ കഴിയുമെന്നതും ഇതിന്റെ സവിശേഷതയാണ്.

14.5.3. ഒട്ടും താമസം വരുത്താതെ ഇതിനായി ഒരു ഓൺലൈൻ സോഫ്റ്റ് വെയർ തയ്യാറാക്കണം. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഇപ്പോഴത്തെ നയം, ധനസഹായങ്ങൾ ഇ-പേയ്മെന്റ് വഴി നടത്തുക എന്നുള്ളതാണ്. സംസ്ഥാനം ഇതിന് മുൻകൈയെടുത്തിട്ടുണ്ട്. ഇതിനുവേണ്ടി ആധികാരികമായ പ്രോട്ടോകോൾ ഉള്ള ഓൺലൈൻ സോഫ്റ്റ്‌വെയർ വികസിപ്പിച്ചെടുത്താൽ അതുവഴി വികസനോദ്യോഗസ്ഥരുടെ വിലപ്പെട്ട സമയം ലാഭിക്കാനും ഫീൽഡ്ജോലികളിൽ കൂടുതൽ കാര്യക്ഷമതയോടുകൂടി ശ്രദ്ധ ചെലുത്താനും കഴിയും. ഇതിന്റെ ഫലമായി വിവിധ സഹായങ്ങൾക്കും സാങ്കേതികവിദ്യകൾക്കുംവേണ്ടി കൃഷിക്കാർ ഓഫീസ് സന്ദർശിക്കുന്നതിനുപകരം ഉദ്യോഗസ്ഥന്മാർ ഫീൽഡുകളിലേയ്ക്ക് പോകുന്ന രീതി വ്യാപകമാവും.

14.5.4 കൈയിൽ കൊണ്ടുനടക്കാവുന്ന ഇലക്ട്രോണിക് ഉപകരണങ്ങളായ ടാബ് കമ്പ്യൂട്ടറുകൾ കൃഷിഭവനുകൾക്ക് നൽകണം. തൽഫലമായി അവർക്ക് ഫീൽഡിൽ പോകുമ്പോൾ അവിടത്തെ വിവരങ്ങൾ അപ്പപ്പോൾ രേഖപ്പെടുത്താൻ കഴിയും. പല കാര്യങ്ങൾക്കായിട്ടുള്ള അപേക്ഷകൾ കൃഷിക്കാർക്ക് *യൂണിക് രെജിസ്റ്റേർഡ് ഐഡന്റിഫിക്കേഷൻ നമ്പർ* ഉപയോഗിച്ച് ഓൺലൈനായി സമർപ്പിക്കാൻ കഴിയും. അതുപോലെ വികസനോദ്യോഗസ്ഥർക്ക് ഫീൽഡിൽ പോകുമ്പോൾ ടാബ് കമ്പ്യൂട്ടർ വഴി കൃഷിക്കാരനെക്കുറിച്ചും വിളകളെക്കുറിച്ചുമുള്ള വിവരങ്ങൾ തത്സമയം അപ്ലോഡ് ചെയ്യാനും കഴിയും. ഇപ്രകാരം വിവരങ്ങൾ രേഖപ്പെടുത്തുമ്പോൾ GPS മാപിനികളുടെ സഹായത്തോടെ ശരിയായ സ്ഥലം കണ്ടുപിടിക്കാൻ സാധിക്കുന്നതിനാൽ ഈ സങ്കേതത്തിന്റെ കൃത്യത ഉറപ്പുവരുത്താൻ കഴിയുന്നു. തൽഫലമായി അധികാരികൾക്ക് സംസ്ഥാന മൊട്ടാകെയുള്ള കാർഷികസ്ഥിതിയെക്കുറിച്ചുള്ള വിവരങ്ങൾ ഒരു മൗസ് ക്ലിക്കിലൂടെ ലഭിക്കും.

14.5.5. നിയന്ത്രണ ഉദ്യോഗസ്ഥന്മാർക്ക് ഒരു മൗസ് ക്ലിക്കിലൂടെ സാമ്പത്തിക ആവശ്യങ്ങളെക്കുറിച്ച് വിവരങ്ങൾ ശേഖരിക്കാനും ട്രഷറി മുഖേന ഇ-പെയ്മെന്റ് വഴി കാലതാമസംകൂടാതെ ധനവിതരണം നടത്താനും കഴിയുന്നു. അങ്ങിനെ ഈ വ്യവസ്ഥ വളരെ സുതാര്യവും സുഗമവും കാര്യക്ഷമവും സമയലാഭമുള്ളതുമായി മാറുന്നു. സ്വയമേവ ഈ ഇലക്ട്രോണിക് കാര്യനിർവ്വഹണംവഴി വകുപ്പുകളുടെ വിവിധ നയങ്ങൾ നടപ്പിലാക്കാനുള്ള കാലതാമസം ഇല്ലാതാക്കാൻ കഴിയും.

**14.6 നയം 51. ആസൂത്രണ പ്രവർത്തനങ്ങൾ ICT ഉപകരണങ്ങൾ ഉപയോഗിച്ച് ശേഖരിക്കുന്ന കൃത്യതയാർന്ന വിവരങ്ങൾക്കനുസൃതമായിരിക്കുകയും എല്ലാവർഷവും സംസ്ഥാനം അതനുസരിച്ച് കാർഷികപ്ലാനുകൾ വികസിപ്പിച്ചെടുക്കുകയും വേണം.**

14.6.1. ആധുനിക സാങ്കേതികവിദ്യകളായ ക്ലൗഡ് കംപ്യൂട്ടിങ്, ജി.പി.എസ്., ആൻഡ്രോയിഡ് അടിസ്ഥാനപ്പെടുത്തിയുള്ള സങ്കേതങ്ങൾ, മൊബൈൽ അടിസ്ഥാനമാക്കിയുള്ള സാങ്കേതികവിദ്യകൾ മുതലായവ ഉപയോഗിച്ച് ചെറിയ കാലയളവിൽ കൃത്യതയാർന്ന വിവരങ്ങൾ ശേഖരിക്കാൻ കഴിയും. ഭാഗം 14-ൽ വിശദീകരിച്ചതുപോലെ ഇലക്ട്രോണിക് ഭരണപ്രക്രിയകൾക്ക് ഒരു ഓൺലൈൻ സോഫ്റ്റ്‌വെയർ നിർബന്ധമാണ്. ഇത് ചുവടെ ചേർത്തിരിക്കുന്ന വിവരങ്ങൾ ശേഖരിക്കാനും സഹായിക്കും.

(i) സംസ്ഥാനത്ത് വിവിധതരം വിളകൾ കൃഷിചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതിയെക്കുറിച്ച് അറിയാൻ.

(ii) വിളകളുടെ ഇപ്പോഴത്തെ സ്ഥിതിയും സാഹചര്യവും അറിയാൻ

(iii) സംസ്ഥാനത്തെ ഉല്പാദനക്ഷമതയെക്കുറിച്ച് അറിയാൻ

(iv) ധനാഗമമാർഗ്ഗങ്ങളുടെ ആവശ്യകതയെക്കുറിച്ച് അറിയാൻ

(v) കൃത്യമായ വിപണന വിവരം - എന്താണ് വളർത്തേണ്ടത്, എവിടെയാണ് വളർത്തേണ്ടത്, എങ്ങനെയാണ് വളർത്തേണ്ടത്, എവിടെ വില്ക്കണം, ഏത് വിലയ്ക്കാണ് വിൽക്കേണ്ടത് തുടങ്ങിയവ.

14.6.2. ഇലക്ട്രോണിക് ഭരണപ്രക്രിയയ്ക്കായി വികസിപ്പിച്ചെടുത്ത അതേ ഓൺലൈൻ സോഫ്റ്റ്വെയർതന്നെ സംസ്ഥാന കാർഷിക പദ്ധതി (State Agricultural Plan) ആവിഷ്കരിക്കാനും ഉപയോഗിക്കാം. ഫീൽഡിൽ പോയി പ്രവർത്തിക്കുമ്പോഴുള്ള എല്ലാവിവരങ്ങളും അപ്പപ്പോൾ രേഖപ്പെടുത്തണം. അങ്ങനെ ആസൂത്രണപ്രക്രിയയ്ക്കായി കൃത്യതയാർന്ന, യഥാർത്ഥമായ, സത്യസന്ധമായ വിവരങ്ങൾ ലഭിക്കുകയും, ഇത് ആവശ്യമില്ലാത്ത തലത്തിലേക്കുള്ള പദ്ധതികളുടെ അനാവശ്യമായ തള്ളിവിടൽ തടയുകയും, അതുവഴി സംസ്ഥാനത്ത് ആവശ്യമുള്ള തലത്തിൽ പദ്ധതികൾ ലഭ്യമാകുന്ന രീതി നിലവിൽവരാൻ സഹായിക്കുകയും ചെയ്യും.

**14.7 നയം 52. ICT അധിഷ്ഠിത സാങ്കേതികവിദ്യകൾ പ്രചരിപ്പിക്കുന്ന അവസരത്തിൽ, ആവശ്യകതയിൽ ശ്രദ്ധ ചെലുത്തണം, സാങ്കേതികതയ്ക്ക് വേണ്ടി മാത്രമാകരുത്.**

14.7.1. സംസ്ഥാനത്തുടനീളം ഒട്ടനവധി ടച്ച് സ്ക്രീൻ കിയോസ്കുകൾ പ്രവർത്തനരഹിതമായി ഇരിക്കുന്നതായി സമിതിയുടെ ശ്രദ്ധയിൽപ്പെട്ടിരുന്നു. ഇതിനനുയോജ്യമായ നിരവധി ഓൺലൈൻ പ്രോഗ്രാമുകൾ നമുക്ക് ലഭ്യമാണെങ്കിലും, സംസ്ഥാനത്തെ അക്ഷരാഭ്യാസമില്ലാത്ത കർഷകർക്കുപോലും നേരിട്ടു പയോഗിക്കാൻ പാകത്തിനാണ് ഇത് വികസിപ്പിച്ചിരിക്കുന്നതെന്ന് അവകാശപ്പെടുമ്പോഴും, കർഷകരാരുംതന്നെ ഇത് സ്വയം പ്രവർത്തിപ്പിക്കുന്നതായി കാണാനായില്ല. നികുതിദായകരുടെ പണം ഉപയോഗിച്ചുണ്ടാക്കിയ ഒട്ടനവധി ഇലക്ട്രോണിക് പഠന സഹായികളും കമ്പ്യൂട്ടറധിഷ്ഠിത സംവിധാനങ്ങളു മുണ്ടെങ്കിലും സാധാരണ കർഷകർ ആരുംതന്നെ ഇത് ഉപയോഗിച്ച് കാണുന്നില്ല. അതുകൊണ്ട് ഏതൊരു വികസിത സാങ്കേതികവിദ്യയും അതിന്റെ ആവശ്യകതയെ അടിസ്ഥാനമാക്കി വേണം, അല്ലാതെ വിവരസാങ്കേതികവിദ്യയുടെ മേൻമ അനുസരിച്ചാവരുത്.

14.7.2. വിവരസാങ്കേതികവിദ്യ ഉപയോഗിച്ച് കർഷകരിലേക്ക് നേരിട്ട് വിവരങ്ങൾ എത്തിക്കുന്നതിനേക്കാൾ പ്രയോജനകരമാകുന്നത് ഇത്തരം വിവരങ്ങൾ ഫലപ്രദമായി എത്തിക്കാൻ വിജ്ഞാനവ്യാപനപ്രവർത്തകരെ ശക്തരാക്കുക എന്നതാണ്.

**14.8 നയം 53. കോൾസെന്ററുകൾ കാര്യപ്രാപ്തിയുള്ളതാക്കി തീർക്കണം.**

14.8.1. കോൾസെന്ററുകൾ മിക്കപ്പോഴും, ശരിയായ വിവരങ്ങൾ നൽകുവാൻ പരാജയപ്പെടുന്നതായി കണ്ടുവരുന്നു. സാങ്കേതികോദ്യോഗസ്ഥരുടെ സഹായത്താൽ കോൾസെന്ററുകളെ ശക്തിപ്പെടുത്തുകയും പുനഃക്രമീകരിക്കുകയും ചെയ്യുകവഴി അപ്പപ്പോൾത്തന്നെ ചോദ്യങ്ങൾക്ക് കൃത്യതയാർന്ന ഉത്തരങ്ങൾ നൽകാൻ കഴിയും.

14.8.2. ICT യുടെ പ്രയോഗത്തിന് പിന്നിൽ പ്രവർത്തിക്കേണ്ട ശക്തി സാധാരണജനങ്ങളും അവരുടെ വിവരങ്ങളറിയാനുള്ള ആവശ്യകതയുമാണ്. വിവിധ വാർത്താവിനിമയ ഉപകരണങ്ങളുടെ മൂല്യം നിർണ്ണയിക്കാൻ സാധാരണക്കാരെ ഉൾപ്പെടുത്തുകയും അവരെ തങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റാൻ ഉപകാരപ്രദമായ മാധ്യമം കണ്ടുപിടിക്കാൻ അനുവദിക്കുകയും വേണം.

### 14.9 നയം 54. കർഷകരുടെ വിവരപ്പട്ടിക (Farmer Database) കൃത്യതയോടെ തയാറാക്കണം.

14.9.1. കർഷകരെ അവരുടെ വിവരപ്പട്ടിക തയാറാക്കുന്നതിനായി രജിസ്റ്റർ ചെയ്യിപ്പിക്കുകയെന്നതാണ് സർക്കാരിന്റെ ഭാഗത്തുനിന്നുമെടുത്ത ഒരു നൂതന സമീപനം. പക്ഷേ പല കാരണങ്ങളാൽ ഇത് പ്രാവർത്തികമാക്കാൻ കഴിഞ്ഞില്ല. ഈ സന്ദർഭത്തിൽ, രജിസ്റ്റർചെയ്ത കൃഷിക്കാർക്ക് ഏകമായ തിരിച്ചറിയൽ നമ്പർ നൽകുന്ന ഓൺലൈൻ രജിസ്ട്രേഷന് ശുപാർശ ചെയ്തിട്ടുണ്ട്. ഇതിനെ സ്ഥിരമായ തിരിച്ചറിയൽ തെളിവുമായി യോജിപ്പിക്കുകവഴി കർഷകർക്ക് ഒരു സ്മാർട്ട്-കാർഡ് നൽകാൻ കഴിയും. അപ്പപ്പോഴുള്ള വിവരങ്ങൾ കൂട്ടിച്ചേർക്കാനും ഒത്തുനോക്കാനും സാധിക്കുകയും അങ്ങനെ കൃത്യതയാർന്ന വിവരപ്പപട്ടിക രൂപപ്പെടുത്താനാവുകയും ചെയ്യും. IRCTC പോലെയുള്ളതും പല സർക്കാർസ്ഥാപനങ്ങളിലും ഉപയോഗിക്കുന്ന തരത്തിലുള്ള ഒന്നായിരിക്കണം ഈ വിവരപ്പട്ടിക.

14.9.2. ഈ വിവരപ്പട്ടിക അങ്ങനെ ആസൂത്രണപ്രക്രിയയുടെ ഭാഗമായി തീരുകയും അതിൽനിന്ന് വിളകളുടെ വിശകലനം, ഭൂമിയുടെ ഉപയോഗം, മറ്റ് ഉല്പാദനങ്ങൾക്ക് സാദ്ധ്യമായ വിസ്തൃതി തുടങ്ങിയവയെക്കുറിച്ചുള്ള പ്രാഥമിക വിവരങ്ങൾ ലഭിക്കുകയും ചെയ്യും.

14.9.3. രജിസ്റ്റർ ചെയ്ത് അംഗീകരിക്കപ്പെട്ടിട്ടുള്ള കർഷകർക്കേ സംസ്ഥാനത്തെ വിവിധ പദ്ധതികളുടെ ഗുണഭോക്താക്കളാവാനും വിവിധ വികസനസമിതികളിൽ പ്രതിനിധികളാവാനും ഇത്തരം സമിതികളിലേയ്ക്കുള്ള തെരഞ്ഞെടുപ്പുകളിൽ വോട്ടു ചെയ്യാനും യോഗ്യത ഉണ്ടാവുകയുള്ളു. യഥാർത്ഥ കർഷകർക്കായി മാറ്റിവച്ചിട്ടുള്ള സ്ഥാനങ്ങളിലേയ്ക്ക് അനർഹരായ മറ്റ് വ്യക്തികളുടെ കടന്നുകയറ്റം തടയാനും ഇത് സഹായിക്കും.

### 14.10 നയം 55. എല്ലാ തലത്തിലും ആവശ്യാനുസരണമുള്ള ICT പരിശീലനം ഒരുക്കണം; പ്രത്യേകിച്ച് യുവജനങ്ങൾക്കും, സ്ത്രീകൾക്കും നാമമാത്ര കർഷകസമൂഹത്തിനും.

14.10.1. കർഷകർക്കായി ICTയുടെ അടിസ്ഥാന പരിശീലനം, പ്രത്യേക സ്ഥലത്തെ വിളപരിപാലന വ്യവസ്ഥ, ജി.ഐ.എസ്., ജി.പി.എസ്., ഇ-വിപണനം, വിള മാതൃകകൾ, ICT അധിഷ്ഠിത ജലസേചനവും ഫെർട്ടിഗേഷൻ വ്യവസ്ഥകളും, ഹരിതഗൃഹപരിപാലന വ്യവസ്ഥകൾ, പ്രക്രിയ നിയന്ത്രണ സങ്കേതങ്ങൾ, വിദൂരപഠനം തുടങ്ങിയവ ഉപഭോക്തൃ സമൂഹത്തിന് ആവശ്യാനുസരണം നല്കണം.

### 14.11 നയം 56. ICTയുടെ സഹായത്തോടെ ശരിയായ സമയത്ത് കർഷകർക്ക് വിപണനവിവരങ്ങൾ എത്തിക്കാൻ ആവശ്യമായ സങ്കേതം വികസിപ്പിക്കണം.

14.11.1. ഏതൊരു കാർഷികവികസനത്തിലും വിപണനരീതിയാണ് പ്രധാന പ്രശ്നം. അതുകൊണ്ട് ആധുനിക ICT സംവിധാനമുപയോഗിച്ച് കൃഷിക്കാർക്ക് അവരുടെ ഉല്പന്നങ്ങ

ളുടെ ഇപ്പോഴത്തെ വിപണനത്തെക്കുറിച്ചുള്ള വിവരങ്ങൾ നൽകാൻ കഴിയും.

**14.12 നയം 57. ആധുനിക ICT സങ്കേതങ്ങളെ ഗ്രാമീണ വികസന പദ്ധതികളുടെയും കർഷകർക്ക് നല്കുന്ന സബ്സിഡികളുടെയും വിവരങ്ങൾ നൽകാനാവുന്ന തരത്തിൽ രൂപപ്പെടുത്തണം.**

14.12.1. സർക്കാരിന്റെ വികസനപദ്ധതികൾ പലതും കർഷകർ അറിയാറില്ല. ഇത്തരം അവസരങ്ങളിൽ സർക്കാർ കൊണ്ടുവരുന്ന പുതിയ സംരംഭങ്ങളെക്കുറിച്ച് കൃഷിക്കാരെ അപ്പപ്പോൾ അറിയിക്കാൻ ഉതകുന്ന ഉചിതമായ ഉപാധി SMS സേവനമാണ്. രജിസ്റ്റർചെയ്ത കർഷകർക്ക് പദ്ധതികളെപ്പറ്റിയുള്ള വിവരം SMS വഴി ലഭിക്കുകയും അവർക്ക് അപ്പോൾത്തന്നെ ഓൺലൈനായി അപേക്ഷിക്കാൻ സാധിക്കുകയും ചെയ്യും.

**14.13 നയം 58. ICT ഉപയോഗിച്ച് കൃഷിയെ സഹായിക്കുന്ന കാലാവസ്ഥാ നിരീക്ഷണ സേവനങ്ങളും, ഉല്പാദകഘടകങ്ങളുടെ വിലയും പ്രാപ്യതയും, രോഗങ്ങളുടെയും കീടങ്ങളുടെയും മുൻകൂട്ടിയുള്ള അറിയിപ്പും, മണ്ണുപരിശോധനാ വിവരങ്ങളും എസ്.എം.എസ്. വഴി നൽകാൻ കഴിയും.**

14.13.1. കർഷകരുടെ വിവരപ്പട്ടിക കൃത്യതയോടെ നിർമ്മിക്കുകവഴി ഇത്തരത്തിലുള്ള വിവരങ്ങൾ എസ്.എം.എസ്. വഴി ലഭിക്കാനും ഉപയോഗപ്പെടുത്താനും പ്രാപ്തിയുള്ളവരും ആവശ്യക്കാരുമായ കർഷകരുടെ വിവരങ്ങൾ സൂക്ഷ്മതയോടെ തയ്യാറാക്കാനാവും.

14.13.2. നയരൂപവല്കരണസമിതിയുടെ സിറ്റിങ്ങുകളിൽ കർഷകർ മുഖ്യമായും ആവശ്യപ്പെട്ടത് വിപണിവിവരങ്ങൾ, ഭൂരേഖകളുടെ സുഗമമായ ലഭ്യത, ചോദ്യോത്തര സേവനം, സർക്കാരിന്റെ കാർഷികവികസന പദ്ധതികളെക്കുറിച്ചുള്ള വിവരങ്ങൾ തുടങ്ങിയവ ലഭ്യമാക്കുന്നത് സംബന്ധിച്ചാണ്. ശാസ്ത്രീയ പരിചരണങ്ങളേയും, വിളവെടുപ്പാനന്തര പ്രവർത്തനങ്ങളേയും, പൊതു കാർഷിക വാർത്തകളേയും, വിള ഇൻഷ്വറൻസ് സംബന്ധിച്ച വിവരങ്ങളേയും കുറിച്ചുള്ള അറിവുകൾ ഒഴിവാക്കാനാവാത്തതായിട്ടാണ് മിക്കവരും അഭിപ്രായപ്പെട്ടത്.

**14.14 നയം 59. യോഗങ്ങൾക്കും, സാങ്കേതികവിദ്യയുടെ പുതുക്കലിനും കൈമാറ്റത്തിനുമെല്ലാം ടെലിപ്രെസൻസ്സ്, ഗൂഗിൾ ഗ്ലാസ്സ് തുടങ്ങിയ സാങ്കേതികവിദ്യകളുടെ പ്രയോഗങ്ങൾക്ക് തുടക്കമിടണം.**

14.14.1. ടെലിപ്രെസൻസ്സ് (Telepresence) എന്നാൽ സാങ്കേതികവിദ്യകളുടെ കൂട്ടായ്മയാണ്. വ്യക്തികൾ യഥാർത്ഥത്തിൽ ഒരു സ്ഥലത്തുനിൽക്കുമ്പോൾ ത്തന്നെ, അകലെയുള്ള സ്ഥലങ്ങളിൽ അവരുടെ സാന്നിധ്യമുള്ളതായി തോന്നലുണ്ടാക്കുക, അവർ അവിടെയുള്ളതായി വരുത്തുക, അല്ലെങ്കിൽ പ്രാബല്യത്തിലുള്ളതായി തോന്നിപ്പിക്കുക തുടങ്ങിയ രീതികൾ ഉൾപ്പെടുന്ന ടെലിറോബോട്ടിക്സ് (Telerobotics) പോലെയുള്ള സാങ്കേതികവിദ്യകളുടെ കൂട്ടായ്മയാണ് ടെലിപ്രെസൻസ്സ്. മറ്റു സ്ഥലങ്ങളിലും അവരുടെ സാന്നിധ്യത്തിന്റെ തോന്നലുണ്ടാക്കാനുള്ള പ്രേരണ പ്രേക്ഷകരുടെ ഇന്ദ്രിയശക്തിക്ക് ലഭ്യമാക്കുകയെന്നതാണ് ടെലി പ്രെസൻസ്സിന്റെ ധർമ്മം. ഇതുകൂടാതെ ഉപയോക്താക്കൾക്ക് വിദൂരസ്ഥലങ്ങളിൽ സ്വാധീനം ചെലുത്താനുള്ള കഴിവും ഇത് നൽകുന്നു. ഇക്കാര്യത്തിൽ, ഇത് അനുഭവത്തിൽ കൊണ്ടുവരാൻ ഉപയോക്താവിന്റെ സ്ഥിതി, ചലനം, പ്രവൃത്തി, ശബ്ദം എന്നിവ ഗ്രഹിക്കുകയും വിദൂരസ്ഥലങ്ങളിലേക്ക് കൈമാറുകയും

അവിടെ യാഥാർത്ഥ്യത്തിന്റെ പകർപ്പെഴുത്ത് നടത്തുകയും ചെയ്യുന്നു. വിവരങ്ങൾ രണ്ടുദിക്കുകളിലേക്ക് സഞ്ചരിക്കുന്നു. ഉപയോക്താവിന്റെയും വിദൂരസ്ഥലത്തിന്റെയും ഇടയിൽ ഇത് യോഗങ്ങൾക്കും സമ്മേളനങ്ങൾക്കും നേരിട്ടുള്ള ആശയ വിനിമയത്തിനും സാങ്കേതികവിദ്യാ കൈമാറ്റങ്ങൾക്കമെല്ലാം സഹായകമായിരിക്കും. കൂടിക്കാഴ്ചകളിൽ പങ്കെടുക്കാനായി സഞ്ചരിക്കേണ്ടിവരുന്ന ഉദ്യോഗസ്ഥന്മാരുടെ സഞ്ചാരത്തിനായുള്ള സമയവും ചെലവും വളരെയേറെ കുറയ്ക്കാൻ ഇത് സഹായിക്കുമെന്ന് തീർച്ചയാണ്.

14.14.2. ഒരു പ്രത്യേക സർവ്വവ്യാപിയായ കമ്പ്യൂട്ടർ ഉണ്ടാക്കുകയെന്ന ലക്ഷ്യത്തിനായി, പ്രോജക്ട് ഗ്ലാസ്സ് ഗവേഷണ-വികസന പ്രോജക്ടിൽ ഗൂഗിൾ വികസിപ്പിച്ചെടുത്ത, ശിരസ്സിൽ ധരിക്കാവുന്ന, കാഴ്ചാനുഭവം (Display) സാധ്യമാക്കുന്ന കമ്പ്യൂട്ടറാണ് ഗൂഗിൾ ഗ്ലാസ്സ് (Google Glass).

14.14.3. ഈ ICT ഉപകരണങ്ങളെല്ലാം അടുത്തകാലത്തുണ്ടായവയും മിക്കവയും വികസനത്തിന്റെ പാതയിലുള്ളവയുമാണ്. ഇത് യാഥാർത്ഥ്യമാകുന്ന മുറയ്ക്കുതന്നെ ഇതിന്റെ സാദ്ധ്യതകൾ പരമാവധി ഉപയോഗിക്കുന്നതിനുള്ള നടപടികൾ സർക്കാർ കൈക്കൊള്ളണം.

# 15.സാങ്കേതികശാസ്ത്രത്തിന്റെ പ്രചരണത്തേയും പരിപാലനത്തേയും സംബന്ധിക്കുന്ന നയങ്ങൾ

15.1. കാർഷിക വിജ്ഞാനവ്യാപനം എന്നത് സർക്കാരിന്റെ കാർഷിക വികസന നയത്തിന്റെ ഉദ്ദേശലക്ഷ്യങ്ങളുടെയും തന്ത്ര ങ്ങളുടെയും സുപ്രധാന ഘടകമാണ്. സുസ്ഥിര കാർഷികോല്പാദനത്തിനുതകുന്ന നയങ്ങളും നിയമങ്ങളും പദ്ധതികളും രൂപവല്കരിക്കുക എന്ന സർക്കാരിന്റെ പ്രധാന ഉത്തരവാദിത്വത്തിന്റെ ഭാഗമായി ഒരു പുതിയ കാർഷിക വിജ്ഞാനവ്യാപന നയത്തിന്റെ ആവശ്യം ഏറ്റവും പ്രകടമായി വെളിപ്പെടുകയുണ്ടായി.

**15.2 നയം 60. വിജ്ഞാനവ്യാപന സേവനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കണം.**

15.2.1. പരിശീലനങ്ങളിലൂടെയും നൈപുണ്യവികസനത്തിലൂടെയും സ്ഥാപനങ്ങൾ ശക്തിപ്പെടുത്തുന്നതിലൂടെയും കാർഷിക വിജ്ഞാനവ്യാപന സേവനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കാം. എല്ലാതലത്തിലുമുള്ള കർഷകരുമായും കർഷകകുടുംബത്തിലെ ഓരോ അംഗങ്ങളുമായും കാര്യക്ഷമമായി ഇടപെടാൻ ഇത് സഹായിക്കും. വൻതോതിലുള്ള വിള-മത്സ്യ-വളർത്തുമൃഗ പരിപാലനം, മറ്റു കുടുംബസംരംഭങ്ങൾ ഇവയുടെ അടിസ്ഥാന ഉല്പാദന-പരിപാലന-വിപണന സംബന്ധിയായ പ്രശ്നപരിഹാരങ്ങൾ ഉറപ്പുവരുത്താനായി, പരിശീലനംസിദ്ധിച്ച പ്രവർത്തകരുടെ സേവനം ലഭ്യമാക്കണം. ഏറ്റവും ഫലവത്തായ സേവനങ്ങൾ കർഷകർക്ക് എത്തിക്കുകയെന്നുള്ളതിനാണ് വിജ്ഞാനവ്യാപനം ലക്ഷ്യമിടേണ്ടത്.

15.2.2. മൂന്ന് മേഖലകളിലുള്ള വിജ്ഞാനവ്യാപനസ്ഥാപനങ്ങൾ (സർക്കാർ- സർക്കാരേതര-സ്വകാര്യ) അവരവരുടെ സംഘടനാപരമായ ഘടനകളിലും നടപടിക്രമങ്ങളിലും വിജ്ഞാനവ്യാപനം നടത്തുന്നത് തുടരണം. പക്ഷേ പുതിയ നയം ലക്ഷ്യമിടുന്നത്, കാർഷികവികസനത്തിന്റെ കാര്യശേഷി വർദ്ധിപ്പിക്കാൻ ഫലവത്തായ ഏകോപനം ഉറപ്പുവരുത്തുന്നതിനാണ്. രാജ്യത്തെ നവ വിജ്ഞാനവ്യാപന പരിഷ്കരണമായ ആത്മ (ATMA) യ്ക്ക് ഇക്കാര്യത്തിൽ നല്ല പങ്ക് വഹിക്കാൻ കഴിയും.

**15.3 നയം 61. ആവശ്യങ്ങളാൽ നയിക്കപ്പെടുന്ന വിജ്ഞാനവ്യാപനമാണ് ഇന്നിന്റെ ആവശ്യം.**

15.3.1. വിജ്ഞാനവ്യാപന പദ്ധതികൾ കർഷക കുടുംബങ്ങൾക്ക് വിവരങ്ങൾ ലഭിക്കുക എന്ന ആവശ്യകത നിറവേറ്റുന്നതിനാണ് ശ്രദ്ധ ചെലുത്തുന്നത്; പ്രത്യേകിച്ച് കാർഷികപ്രവർത്തനങ്ങളിൽ അവർ നേരിടുന്ന പ്രധാന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്. തിരിച്ചറിഞ്ഞ ആവശ്യകതകൾ, പ്രശ്നങ്ങൾ, ഭാവിയിലുള്ള സാദ്ധ്യതകൾ ഇവയുടെയെല്ലാം അടിസ്ഥാനത്തിലായിരിക്കണം എല്ലാ വികസനപ്രവർത്തനങ്ങൾക്കും ഗവേഷണങ്ങൾക്കുമുള്ള മുൻതൂക്കം നൽകേണ്ടത്. ഇത് തദ്ദേശീയമായി കൃഷിയിടപരീക്ഷണങ്ങൾ നടത്തുന്നതിലും അതുവഴി പ്രശ്നപരിഹാരം കാണുന്നതിലുമുള്ള വിജ്ഞാനവ്യാപന പ്രവർത്തകരുടെ പങ്കാളിത്തത്തിലേയ്ക്ക് നയിച്ചേക്കാം. പങ്കാളിത്ത ഗ്രാമാവലോകനം, ദ്രുത ഗ്രാമാവലോകനം, പ്രശ്ന സെൻസസുകൾ എന്നിവ മുഖേന വിജ്ഞാനവ്യാപന പ്രവർത്തകർ കർഷകരുമായി അടുത്ത് പ്രവർത്തിക്കുകയും അവരുടെ പ്രശ്നങ്ങൾ കണ്ടുപിടി

ക്കുകയും വേണം. ഈ പ്രശ്നങ്ങളായിരിക്കണം വിജ്ഞാനവ്യാപനത്തിന്റെ അജൻഡ. അങ്ങനെ ആവശ്യത്താൽ നയിക്കപ്പെടുന്നതും തദ്ദേശീയ അവസ്ഥകളും വിഭവങ്ങളും അടിസ്ഥാനപ്പെടുത്തിയതുമായ ഒരു വിജ്ഞാനവ്യാപന വികസനനയം രൂപവല്കരിക്കുന്നതിന് സാധിക്കും.

**15.4 നയം 62. സംഘ സമീപനമായിരിക്കണം കേരളത്തിലെ എല്ലാ വിജ്ഞാനവ്യാപന പ്രവർത്തനങ്ങളുടെയും മുദ്രാവാക്യം.**

15.4.1. ഏഴു ദശലക്ഷത്തിലധികം വരുന്ന കർഷകകുടുംബങ്ങൾക്ക് ഓരോരുത്തർക്കുമായി കാർഷികവിജ്ഞാനമെത്തിക്കുക എന്നത് സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിക്ക് അതീതമാണ്. ആയതിനാൽ സംഘാടിസ്ഥാനത്തിലുള്ള വിജ്ഞാനവ്യാപനത്തിലൂന്നിയ സമീപനം കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ദൗർലഭ്യം നേരിടുന്ന വിഭവങ്ങളുടെ ശരിയായ ഉപയോഗത്തിനും അനിവാര്യമാണ്.

15.4.2. ധാരാളം സർക്കാരേതര സംഘടനകൾക്ക് മികച്ച വൈദഗ്ധ്യമുള്ള വിഷയങ്ങളിൽ പങ്കാളിത്ത ചർച്ചാവേദികൾ സജ്ജമാക്കാൻ കഴിയുമെന്ന നേട്ടവും വിജ്ഞാനവ്യാപനത്തിലെ സംഘസമീപനത്തിനുണ്ട്.

15.4.3. കർഷകർക്ക് പരമാവധി പ്രയോജനം ലഭിക്കുന്നതിനായി എല്ലാത്തരത്തിലുമുള്ള സംഘങ്ങളുമായും വിജ്ഞാനവ്യാപന പ്രവർത്തകർ ഇടപെടുക എന്ന തത്വം ഉറപ്പാക്കുന്നതാണ് പുതിയ കാർഷിക വികസനനയം. കാർഷികരംഗത്ത് സമാന താല്പര്യങ്ങളുള്ള ധാരാളം സംഘങ്ങൾ നിലവിലുണ്ട്. ഇതിൽ കേരശ്രീ പോലുള്ള താല്കാലിക സംഘങ്ങളും പാടശേഖരസമിതികൾ പോലെ സ്ഥിരസ്വഭാവമുള്ള സംഘങ്ങളുമുണ്ട്. ഇവയെല്ലാംതന്നെ വിത്ത്, വായ്പ, വിപണനം തുടങ്ങിയ മേഖലകളിൽ പ്രവർത്തിക്കുന്ന ഏജൻസികളുമായി ഏകോപിപ്പിച്ചാണ് നിലനിർത്തിയിരിക്കുന്നത്. ഈ സംഘങ്ങളെ വിജ്ഞാനവ്യാപന പ്രവർത്തനങ്ങൾ നടത്തുന്നതിന് ശക്തിപ്പെടുത്തണം. മറ്റു സംഘങ്ങൾ ഒന്നുമില്ലാത്തിടത്തും ലക്ഷ്യ കർഷർ നിലവിലുള്ള സംഘങ്ങളുടെ പ്രവർത്തനപരിധിയിൽ ഉൾപ്പെടാത്തിടത്തും മാത്രം പുതിയവ രൂപവല്കരിക്കാം. എന്നാൽ സംഘങ്ങൾ രൂപവല്കരിച്ച പ്രദേശങ്ങളിൽ അവയെ സുസ്ഥിരമായി വികസിപ്പിക്കുകയാവണം ലക്ഷ്യം. വിവിധ ഏജൻസികളിലെ വിജ്ഞാനവ്യാപന പ്രവർത്തകരെ ഉപയോഗിച്ച് സംഘങ്ങളുമായിച്ചേർന്ന് താഴെപ്പറയുന്ന പ്രവർത്തനങ്ങൾ ആവിഷ്ക്കരിക്കാവുന്നതാണ്.

* വികസനോദ്യോഗസ്ഥനെ കൂടുതൽ കർഷകരുമായി ബന്ധപ്പെടുത്തുക.
* വിജ്ഞാനവ്യാപനത്തിൽ നിന്നുള്ള പ്രയോജനം എല്ലാത്തലത്തിലുള്ള കർഷകർക്കും (പുരുഷന്മാർ, സ്ത്രീകൾ, വൻകിട-ചെറുകിട-നാമമാത്ര കർഷകർ തുടങ്ങിയവർക്ക്) ലഭിക്കുന്നതിന് സഹായിക്കുക.
* കർഷകസമൂഹത്തിൽ വിദ്യാഭ്യാസവും അറിവിന്റെ പ്രചരണവും മെച്ചപ്പെടുത്തുക.
* വിജ്ഞാനവ്യാപനപദ്ധതികളുടെ ആസൂത്രണത്തിൽ കർഷകരുടെ പൂർണ്ണ പങ്കാളിത്തം സാദ്ധ്യമാക്കുക.
* സ്വാശ്രയത്വത്തിലേക്ക് നയിക്കുന്ന ഏകോപിത നടപടികൾ സ്വീകരിക്കുന്നതിനായി കർഷകരെ പ്രാപ്തരാക്കാൻ വേദി ഒരുക്കുക (കീടനിയന്ത്രണം, വന പരിപാലനം, കന്നുകാലി മേയ്ക്കൽ, മണ്ണുസംരക്ഷണം തുടങ്ങിയ വിഷയങ്ങളിൽ).
* ഉദ്യോഗസ്ഥർക്കും കർഷകർക്കുമിടയിൽ കൂടുതൽ അടുത്തതും പങ്കാളിത്തരീതിയിലുള്ളതുമായ തൊഴിൽ ബന്ധം പ്രോത്സാഹിപ്പിക്കുക.

**15.5 നയം 63. കർഷകർക്ക് അവർക്കാവശ്യമായ സേവനങ്ങൾ ലഭ്യമാക്കണമെങ്കിൽ വിജ്ഞാനവ്യാപനകേന്ദ്രങ്ങളും ഔദ്യോഗിക ഗവേഷണ സ്ഥാപനങ്ങളും തമ്മിൽ മെച്ചപ്പെട്ട സഹകരണം വികസിപ്പിക്കേണ്ടത് ആവശ്യമാണ്.**

15.5.1. ഗവേഷണകേന്ദ്രങ്ങൾക്ക് അവിടങ്ങളിലും ഒപ്പം കർഷകരുടെ കൃഷിഭൂമിയിലും ഫലപ്രദമായി ഗവേഷണങ്ങൾ നടത്തണമെങ്കിൽ, നിലവിൽ പ്രതിവിധികൾ ലഭ്യമല്ലാത്ത പ്രധാന കാർഷികപ്രശ്നങ്ങളെക്കുറിച്ച് വിജ്ഞാനവ്യാപനപ്രവർത്തകരിലൂടെ യഥാസമയം ഗവേഷകർക്ക് വിവരങ്ങൾ ലഭിക്കണം. അതോടൊപ്പംതന്നെ ഇത്തരം ഗവേഷണങ്ങളുടെ ഫലങ്ങളും ഉപദേശ നിർദ്ദേശങ്ങളും കർഷകർക്ക് ഏറ്റവും ഉചിതമായ രീതിയിൽ എത്തിക്കാൻ അവ യഥാസമയം വിജ്ഞാനവ്യാപനപ്രവർത്തകർക്ക് ലഭ്യമാവുകയും വേണം. വിജ്ഞാനവ്യാപനത്തിനും ഗവേഷണത്തിനുമിടയിൽ വിവരങ്ങളുടെ സ്വതന്ത്രമായ ഒഴുക്ക് ഉറപ്പുവരുത്തുന്നതിനായി ഉചിതമായ വ്യവസ്ഥ ചിട്ടപ്പെടുത്തേണ്ടതുണ്ട്.

15.5.2. ദൈനംദിന കാർഷികജീവിതത്തിന്റെ ഭാഗമായി ഊർജ്ജസ്വലതയോടെ സ്വയംപരീക്ഷണങ്ങളിൽ ധാരാളം കർഷകർ വ്യാപൃതരായിരിക്കുന്നതായി ഉപസമിതിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം അനൗദ്യോഗിക ഗവേഷണങ്ങൾ ശക്തിപ്പെടുത്താനും അവയിൽനിന്നും പാഠങ്ങൾ ഉൾക്കൊള്ളാനുമുള്ള ശ്രമങ്ങൾ നടത്തണം.

**15.6 നയം 64. വിജ്ഞാനവ്യാപന പ്രവർത്തനങ്ങളുടെ നിലവിലുള്ള വ്യവസ്ഥ ഒരു ഏകീകൃത സംവിധാനത്തിൻകീഴിൽ കൊണ്ടുവരുന്നതു വഴി കർഷകർക്കായുള്ള സേവനങ്ങൾ കൂടുതൽ കാര്യപ്രാപ്തിയോടെ നടപ്പാക്കാൻ കഴിയും.**

15.6.1. മനുഷ്യവിഭവശേഷി വർദ്ധിപ്പിക്കുന്നതിന് പഞ്ചായത്തുതല വിജ്ഞാനവ്യാപന തന്ത്രം പുനരാവിഷ്കരിക്കേണ്ടതുണ്ട്. ഗ്രാമപ്പഞ്ചായത്ത് പ്രസിഡന്റിന്റെ അധ്യക്ഷതയിൽ, ഒരു വിജ്ഞാനവ്യാപനസമിതി *ആത്മ*യുമായിച്ചേർന്ന് രൂപവല്കരിക്കണം. ഇതിന് ആ പ്രദേശത്തെ കൃഷിഓഫീസർ നേതൃത്വം കൊടുക്കേണ്ടതും, കാർഷികാനുബന്ധിയായ മൃഗസംരക്ഷണം, മത്സ്യക്കൃഷി, പട്ടുനൂൽപ്പുഴുവളർത്തൽ, നീർമറിപരിപാലനം തുടങ്ങിയ മേഖലകളിലെ നിർവ്വഹണോദ്യോഗസ്ഥർ നിർബന്ധമായും അംഗങ്ങളായിരിക്കേണ്ടതുമാണ്. ഈ രംഗങ്ങളിലെയെല്ലാം പ്രവർത്തനങ്ങളും വികസനതന്ത്രങ്ങളും നിർദ്ദിഷ്ട വിജ്ഞാനവ്യാപനസംവിധാനവുമായി കൂട്ടിയിണക്കണം. അങ്ങനെ കർഷകനുവേണ്ട എല്ലാ അറിവുകളും സമയാസമയം ഒരിടത്തുനിന്നുതന്നെ ലഭ്യമാകുന്ന ഒരു വ്യവസ്ഥ സൃഷ്ടി ക്കപ്പെടണം. കർഷകഗ്രൂപ്പുകളുടെ രൂപവല്കരണം, ഉല്പന്നാധിഷ്ഠിത സംഘങ്ങളുടെ പരിപാലനം, പരിശീലനപരിപാടികൾ, ശില്പശാലകൾ, കർഷകരുടെ നേതൃത്വപാടവ വികസനം തുടങ്ങിയവ ഈ വിജ്ഞാനവ്യാപന സമിതിയുടെ ചുമതലകളായിരിക്കും. പഞ്ചായത്തിലെ പ്ലാൻ കോ-ഓർഡിനേറ്റർ എന്ന നിലയിലും നീർമറിപാലനസമിതിയുടെ അദ്ധ്യക്ഷൻ എന്ന നിലയിലുമുള്ള കൃഷിഓഫീസറുടെ സ്ഥാനം ഈ പ്രവർത്തനങ്ങളെ നല്ല രീതിയിൽ ഏകോപിപ്പിക്കുന്നതിന് സഹായകമാവും.

15.6.2. വിജ്ഞാനവ്യാപനം മുൻനിർത്തി *ആത്മ*യെ കൂടുതൽ പ്രവർത്തനക്ഷമമാക്കാം. കാർഷികോല്പന്നങ്ങളെ അടിസ്ഥാനമാക്കിയുള്ള സംഘങ്ങളെ ബ്ലോക്കുതലത്തിൽ ഏകീകരിക്കുകയും ഉല്പന്നങ്ങളുടെ അടിസ്ഥാനത്തിൽ കമ്പനികളോ സഹകരണസംഘങ്ങളോ ഉണ്ടാക്കുകയും ചെയ്യാം.

15.6.3. വിവിധ വകുപ്പുകളായ കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യംവളർത്തൽ, മണ്ണുസംരക്ഷണം, മണ്ണുപരിശോധന തുടങ്ങിയവയുടെ പ്രവർത്തനങ്ങളെ സംയോജിപ്പിച്ച് ഒരു കേന്ദ്രീകൃത വിജ്ഞാനവ്യാപന ഏജൻസിയായി പ്രവർത്തിക്കാൻ *ആത്മയ്ക്ക്* കഴിയണം. ദേശീയതലത്തിൽ വിഭാവനം ചെയ്തിരിക്കുന്നതുപോലെ സമ്പൂർണ്ണമായ വികസന തന്ത്രം നടപ്പിലാക്കുന്ന *ആത്മയ്ക്ക്* നേതൃത്വം നൽകേണ്ടത് കൃഷിവകുപ്പിലെ ഏറ്റവും മുതിർന്ന ഉദ്യോഗസ്ഥർ തന്നെയാവണം.

15.6.4. സംസ്ഥാനത്ത് സമഗ്രമായ ഒരു വിജ്ഞാനവ്യാപനസമീപനം നടപ്പാക്കാനായി *ആത്മയുടെ* ഇപ്പോഴത്തെ ഭരണസംവിധാനം കൂടുതൽ കാര്യക്ഷമമാക്കണം.

**15.7 നയം 65. പുതിയ കാർഷിക വിജ്ഞാനവ്യാപനരീതി സമഗ്ര പാരിസ്ഥിതിക പിൻതുണ ഉറപ്പുവരുത്തണം.**

15.7.1. ജനസംഖ്യയുടെ 70% ത്തിലധികവും കാർഷികോല്പാദനത്തിനായി പ്രകൃതിസമ്പത്തിനെ മാത്രം പൂർണ്ണമായും ആശ്രയിക്കുന്നവരാണ്. ഇങ്ങനെയാണെങ്കിലും ഈ നിർണ്ണായക വിഭവാടിത്തറ നാശത്തിന്റെ വക്കിലാണെന്ന് നാം തിരിച്ചറിഞ്ഞിട്ടുണ്ട്. വനനശീകരണം, അശ്രദ്ധകാരണമുള്ള ജലക്ഷാമം, ഏകവിളസമ്പ്രദായംമൂലവും കീടനാശിനികളുടെ അനിയന്ത്രിതഉപയോഗംമൂലവുമുള്ള കീടാക്രമണവർദ്ധന ഇവയെല്ലാം നാശത്തിന്റെ ആക്കം കൂട്ടുന്നു.

സർക്കാരിന്റെ പാരിസ്ഥിതിക ഉന്നമന ലക്ഷ്യങ്ങൾ ഇവയായിരിക്കണം

* മണ്ണ്, വെള്ളം, വായു ഇവയുമായി ബന്ധപ്പെട്ട നാശങ്ങളും മലിനീകരണങ്ങളും നിയന്ത്രിക്കലും തടയലും.
* പ്രകൃതിസൗഹൃദ പ്രവർത്തനങ്ങളുടെ പ്രചരണം.
* സുസ്ഥിരവികസനത്തിനായി പാരിസ്ഥിതിക പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കാൻ പൊതു-സ്വകാര്യ മേഖലകളുടെ ശേഷി ഉയർത്തൽ
* പാരിസ്ഥിതിക പരിപാലനപ്രവർത്തനങ്ങളിൽ ജനപങ്കാളിത്തത്തിന് അവസരങ്ങൾ ഒരുക്കൽ.

15.7.2. സുസ്ഥിര കാർഷികപ്രവർത്തനങ്ങൾ പ്രായോഗികമാക്കുവാൻ കർഷകരെയും സംഘങ്ങളേയും സഹായിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുംവേണ്ടി വിജ്ഞാനവ്യാപനപദ്ധതികളെ പിൻതുണയ്ക്കുന്നതാവണം പുത്തൻ നയങ്ങൾ. പരസ്പരം വിവരങ്ങൾ പങ്കുവയ്ക്കുന്നതിലൂടെ വിജ്ഞാനവ്യാപനവ്യവസ്ഥയിൽ ഉൾപ്പെട്ട ഏജൻസികൾക്ക് സുസ്ഥിര കാർഷികവികസനത്തിൽ അവരുടെ പങ്കാളിത്തശേഷി വർദ്ധിപ്പിക്കാനാവും. കർഷകരുടെ പരമ്പരാഗത കൃഷിയറിവുകൾ പരിസ്ഥിതി സൗഹൃദപര മായതുകൊണ്ടു തന്നെ ഔപചാരിക ഗവേഷണ അറിവുകൾക്കൊപ്പം നാട്ടറിവുകളും ഉൾക്കൊള്ളുകയും പഠനവിധേയമാക്കുകയും വേണം. അനിയന്ത്രിതമായ ജനസംഖ്യാവർദ്ധനവിന് അനുസൃതമായുള്ള വർദ്ധിച്ച കാർഷികോല്പാദനം പലപ്പോഴും പാരിസ്ഥിതികാഘാതങ്ങൾ ഏൽപ്പിക്കുന്നു. അതുകൊണ്ടുതന്നെ കാർഷികോല്പാദനത്തെ സഹായിക്കുന്നതോടൊപ്പം പരിസ്ഥിതിയെയും താങ്ങിനിർത്തുന്നതാവണം പുതിയ കാർഷിക വിജ്ഞാനവ്യാപന ശ്രമങ്ങൾ.

**15.8 നയം 66. മൃഗസംരക്ഷണമേഖലയുടെ ഉല്പാദനക്ഷമതയും മൃഗപരിപാലകരുടെ കാര്യശേഷിയും മെച്ചപ്പെടുത്തുന്നതിന് കർഷകകേന്ദ്രീകൃതമായ നയങ്ങളും അവരുടെ കാര്യശേഷി വർദ്ധിപ്പിക്കാനുതകുന്ന സമീപനങ്ങളും സംയോജിപ്പിക്കണം. ഇതിലൂടെ മൃഗസംരക്ഷണരംഗത്തെ സമസ്ത മേഖലകളിലും കർഷകരുടെ പ്രവർത്തനോൻമുഖവും മത്സരാധിഷ്ഠിതവും കാര്യജ്ഞാനമുള്ളതും ഉത്തരവാദിത്തബോധമുള്ളതുമായ പങ്കാളിത്തം ഉറപ്പുവരുത്താനാവും.**

15.8.1. തത്വത്തിൽ സുഷുപ്തിയിലാണ്ടു കിടക്കുന്ന വിജ്ഞാനവ്യാപനം മൃഗസംരക്ഷണ മേഖലയിലെ സമഗ്രവികസനത്തിനുതകുന്ന തരത്തിലുള്ള ഉപദേശങ്ങളൊന്നുംതന്നെ നൽകാൻ പര്യാപ്തമല്ല. മുൻകൂട്ടി നിശ്ചയിച്ചുറപ്പിച്ചതും ഏകപക്ഷീയവുമായ രീതിക്ക് പകരം ആസൂത്രണ ത്തിലും നടത്തിപ്പിലും വിലയിരുത്തലിലും കർഷക പങ്കാളിത്തം ഉറപ്പാക്കുന്ന സമീപനമുണ്ടാവണം. വിഭവങ്ങളിൻമേലുള്ള കർഷകരുടെ അറിവും പ്രാപ്യതയും നിയന്ത്രണവും അടിസ്ഥാനമാക്കിയും, അവരുടെ വികസന സങ്കല്പങ്ങൾ പരിഗണിച്ചും, സംരഭകരെന്ന നിലയിൽ അവർ ഏറ്റെടുക്കാൻ തയ്യാറുള്ള വെല്ലുവിളികൾ അടിസ്ഥാനമാക്കിയുമാവണം അവർക്കായുള്ള വിജ്ഞാനവ്യാപന പ്രവർത്തനങ്ങൾ വിഭാവന ചെയ്യേണ്ടത്.

15.8.2. മൃഗസംരക്ഷണവകുപ്പിന് കീഴിൽ നിലവിൽ 5 സ്ഥാപനങ്ങളാണ് പരിശീലനാർത്ഥം സ്ഥാപിക്കപ്പെട്ടിട്ടുള്ളത്. എന്നാൽ വിഭവങ്ങളിൻമേലുള്ള കർഷകരുടെ അറിവ്, പ്രാപ്യത, നിയന്ത്രണം ഇവ ആധാരമാക്കി കുറ്റമറ്റ രീതിയിൽ പങ്കാളിത്തസ്വഭാവത്തോടെ ആസൂത്രണവും, നടത്തിപ്പും, വിലയിരുത്തലും പ്രാവർത്തികമാക്കാനായി ഒരു ഉന്നതതല ഇൻസ്റ്റിറ്റ്യൂട്ട് ആവശ്യമാണ്. അതിനാൽ മൃഗസംരക്ഷണപരിശീലനരംഗത്ത് മികവിന്റെ കേന്ദ്രമായി ഒരു ഉന്നതതല ഇൻസ്റ്റിറ്റ്യൂട്ട് (Centre of Excellence in Veterinary Trainings) സ്ഥാപിക്കാനും നിലവിലുള്ള പരിശീലന സ്ഥാപനങ്ങളെ അതിന്റെ ഉപകേന്ദ്രങ്ങളാക്കി വികസിപ്പിക്കാനുമുള്ള സത്വരനടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാവണം.

# 16. വിപണികളെയും വിപണനരീതികളെയും സംബന്ധിക്കുന്ന നയങ്ങൾ

16.1. സംസ്ഥാനത്തെ വിപണനവ്യവസ്ഥയുടെ കാര്യശേഷിയും ഫലപ്രാപ്തിയും മെച്ചപ്പെടുത്തുകയെന്ന ഉദ്ദേശത്തോടെയാണ് കാർഷിക വിപണന വ്യവസ്ഥ സംബന്ധിച്ച നയങ്ങൾ പരിഷ്കരിക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. കർഷകർക്ക് നല്ല പ്രതിഫലവും ഉല്പന്നങ്ങൾക്ക് ലാഭകരമായ വിലയും അറ്റാദായത്തിൽ വർദ്ധനവും സാദ്ധ്യമാക്കുകയും ഒപ്പം ന്യായവിലയ്ക്ക് ഭക്ഷ്യോല്പന്നങ്ങളുടെ വിതരണം ഉറപ്പുവരുത്തുകയുമാണ് ഈ നയങ്ങളുടെ ഉദ്ദേശം.

16.2. ലോക ഭക്ഷ്യകാർഷിക സംഘടന (FAO) യുടെ നിർവചനത്തിൽ കാർഷിക വിപണനസംവിധാനത്തിൽ താഴെപ്പറയുന്ന വിഷയങ്ങൾ ഉൾപ്പെടുന്നു. (a) കർഷകരിൽനിന്നും ഉപഭോക്താക്കളിലേക്ക് കാർഷികോല്പന്നങ്ങൾ കൈമാറുന്നതിനായുള്ള ഭൗതികവും സ്ഥാപനപരവുമായ അടിസ്ഥാന സൗകര്യങ്ങളുടെ മികവ്; (b) വിപണനത്തിന്റെ വിവിധ ഘട്ടങ്ങളിലുള്ള വിലനിർണ്ണയം; (c) കർഷകരിൽനിന്ന് ഉപഭോക്താക്കളിലേക്ക് എത്തുന്ന വിപണന വ്യവസ്ഥയുടെ ഓരോ ഘട്ടത്തിലേയും വിലസൂചനകൾ കൃത്യമായി എത്തിച്ചുകൊടുക്കൽ. കർഷകർ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങളുടെ കാലം, സ്ഥലം, സംസ്കരണം എന്നിവ കാർഷികവിപണനമൂല്യം വർദ്ധിപ്പിക്കും. കാർഷിക വിപണനസംവിധാനത്തിന്റെ ഭൗതികമായ പ്രാഥമികസൗകര്യങ്ങളിൽ മറ്റു വിഷയങ്ങളോടൊപ്പം - സംഭരണസംവിധാനങ്ങൾ, റോഡും മറ്റു ഗതാഗതസൗകര്യങ്ങളും, വ്യാപാരസ്ഥലങ്ങൾ, തരംതിരിക്കാനുള്ള സംവിധാനം, പാക്കിങ് സൗകര്യങ്ങൾ, സംസ്കരണ സംവിധാനം, ചീത്തയാവാതെ സൂക്ഷിക്കാനുള്ള സംവിധാനം, ചില്ലറവിപണനത്തിനുള്ള സൗകര്യം ഇവയെല്ലാം ഉൾപ്പെടുന്നു. സ്ഥാപനവല്കൃതമായ പ്രാഥമികസൗകര്യങ്ങളിൽ പൊതു-സ്വകാര്യ-സഹകരണ സ്ഥാപനങ്ങൾ, സർക്കാരോ വിപണനസ്ഥാപനങ്ങളോ (വ്യക്തികളോ സംഘങ്ങളോ) വിവിധ വിപണന പ്രവർത്തനങ്ങൾ നടത്തുന്നതിനായി നിർദ്ദേശിച്ചിട്ടുള്ള കമ്പോളനിയമങ്ങൾ എന്നിവ ഉൾപ്പെടുന്നു.

16.3. അതുകൊണ്ട്, വിപണനത്തിന്റെ പ്രാഥമികസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും നല്ല വിപണനരീതികൾ ഉറപ്പുവരുത്തുവാനുമായി സംസ്ഥാനത്ത് ഒരു വിപണന-വിവരശേഖരണ സംവിധാനമാണ് ഈ നയരേഖ ലക്ഷ്യമിടുന്നത്.

**16.4 നയം 67. വിളവെടുപ്പാനന്തര നഷ്ടങ്ങൾ കുറയ്ക്കാനും, ആരോഗ്യസംബന്ധമായ അപകടങ്ങൾ ലഘൂകരിക്കാനും, വിപണനം ഹിതകരമാക്കാനും മൊത്ത-ചെറുകിട വിപണികളും മികച്ച സംഭരണ സൗകര്യങ്ങളും ഉൾപ്പെടുത്തിയുള്ള കാര്യക്ഷമമായ വിപണനസംവിധാനം അനിവാര്യമാണ്.**

16.4.1. കാർഷിക വിപണനത്തിനുവേണ്ടിയുള്ള ദേശീയസ്ഥാപനം (National Institute of Agricultural Marketing - NIAM) കേരളത്തിലെ കാർഷികവിപണിയെക്കുറിച്ച് വിശദമായ പഠനംനടത്തുകയും ചില ശുപാർശകൾ മുന്നോട്ടു വയ്ക്കുകയും ചെയ്തിട്ടുണ്ട്. ഈ നിർദ്ദേശങ്ങൾ സമഗ്രമായ രീതിയിലായതിനാൽ, കാർഷികവിപണികളുടെ വികസനംസംബന്ധിച്ച നയങ്ങളുടെ രൂപകല്പനയ്ക്കായി അവയിൽനിന്നും ആശയങ്ങൾ സ്വീകരിക്കുകയുണ്ടായി.

16.4.2. കേരളത്തിൽ വികസിത കാർഷിക വിപണികളുടെയും വിപണനാ നുബന്ധ സൗകര്യങ്ങളുടെയും അഭാവമുണ്ട്. കമ്പോള വിവരങ്ങളുടേയും വിപണി നിലവാര സൂചനാസംവിധാനത്തിന്റെയും അപര്യാപ്തതയും അനുഭവപ്പെടുന്നുണ്ട്. അതോടൊപ്പം - വിളവെടുപ്പാനന്തര പരിപാലനം, സംഭരണം, തരംതിരിക്കൽ, മൂല്യവർദ്ധന, പാക്കിങ്, സംസ്കരണം, കടത്തൽ, ഗുണമേന്മ സാക്ഷ്യപ്പെടുത്തൽ, കയറ്റി അയയ്ക്കൽ, ശീതീകരിക്കൽ, സുരക്ഷിതമായ പാകപ്പെടുത്തലും കയറ്റുമതിയും - തുടങ്ങിയവയ്ക്കുള്ള സംവിധാനങ്ങളും പരിമിതമാണ്. ഇതിനെല്ലാംപുറമെ അധികരിച്ച ജനത്തിരക്കും അച്ചടക്ക മില്ലായ്മയും അനാരോഗ്യകരമായ ചുറ്റുപാടുകളും കേരളത്തിലെ വിപണികളിൽ പ്രകടമാണ്.

16.4.3 വിപണികളുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി താഴെപ്പറയുന്ന കാര്യങ്ങൾ ശ്രദ്ധയിൽക്കൊണ്ടുവരണം.

- നിലവിലുള്ള ആറ് മൊത്തവ്യാപാര കാർഷികവിപണികളിലും പ്രാഥമിക സൗകര്യ ങ്ങളായ കെട്ടിടങ്ങൾ, വിപണിയിലേക്കുള്ള റോഡുകൾ ഇവയുടെ പുനർനിർമ്മാണം നടത്തണം.
- ശീതീകരണസംവിധാനമുള്ള മുറികൾ/ അന്തരീക്ഷ നിയന്ത്രണ സംഭരണ സംവിധാനം, റീഫർ ട്രക്കുകൾ എന്നിവ വിപണനസംവിധാനത്തിന്റെ ഭാഗമാക്കണം.
- സമഗ്രമായ പാക്കിങ് ഹൗസുകൾ, പാകമാക്കാനുള്ള ചേമ്പറുകൾ എന്നിവ സ്ഥാപിക്കണം.
- നേരിട്ടുള്ള വിപണനം മെച്ചപ്പെടുത്തുന്നതിനായി ചില്ലറ വ്യാപാര സ്ഥാപനങ്ങൾ തുടങ്ങണം.
- നഗരവിപണികളിൽ ഇലക്ട്രോണിക് ലേല (e-auction) ത്തിനായുള്ള സൗകര്യം സൃഷ്ടിക്കണം.
- മെട്രോസിറ്റികളുടെ അടുത്തുള്ള മൂന്ന് നഗരവിപണികളിൽ വ്യാപാര സമുച്ചയം (Shopping Mall) എന്ന ആശയം നടപ്പിലാക്കണം.
- പരിശീലനമുറികളും ഡോർമിറ്ററി പോലുള്ള താമസസൗകര്യങ്ങളും നിർമ്മിക്കുന്നതിന് പ്രാധാന്യം നൽകണം.
- ഭക്ഷണശാലയോടുകൂടി വിനോദത്തിനുള്ള സൗകര്യങ്ങളും സ്ഥാപിക്കണം.
- ശാസ്ത്രീയമായ മാലിന്യനിർമ്മാർജ്ജന സൗകര്യങ്ങൾ സൃഷ്ടിക്കണം.
- ധാന്യവിപണികൾക്ക് ലേല പ്ലാറ്റ്ഫോമുകൾ നിർമ്മിക്കണം.
- ആധുനിക സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കണം.
- കൃഷിക്കാർക്കും വ്യാപാരികൾക്കുമായി വിശ്രമകേന്ദ്രങ്ങൾ നിർമ്മിക്കണം.
- ഇലക്ട്രോണിക് ഭാരനിർണ്ണയ സംവിധാനങ്ങൾ (Electronic Weigh Bridge)സ്ഥാപിക്കണം.
- ഭക്ഷണശാലകൾ (കാന്റീൻ) പ്രവർത്തനക്ഷമമാക്കണം.
- ഭക്ഷ്യവസ്തുക്കളുടെ സുരക്ഷിതത്വവും ശുചിത്വനടപടികളും വിപണികളിൽ കർശനമായി ഉറപ്പുവരുത്തണം.

**16.5 നയം 68. മുഖ്യ ഉല്പാദനകേന്ദ്രങ്ങളിൽ, ഉല്പാദക സംഘടനകളുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ, പൊതുവായ വിപണനസൗകര്യങ്ങൾ സൃഷ്ടിക്കുന്ന രീതിയിലാവണം വിപണിസംബന്ധിച്ച പരിഷ്കാരങ്ങൾ നടപ്പിലാക്കേണ്ടത്.**

16.5.1. ഗ്രാമപ്പഞ്ചായത്തുകളുടെ നിയന്ത്രണത്തിലാണ് വില്ലേജുതല വിപണന സംവിധാനം. ഇത്തരം എല്ലാ വിപണികളുടെയും പുനർനിർമ്മാണവും ആധുനികവല്കരണവും അനിവാര്യമാണ്.

16.5.2. കോൾഡ് സ്റ്റോറേജ്, കൂൾ ചേംബർ, പഴങ്ങളും പച്ചക്കറികളും കൈകാര്യം ചെയ്യുന്നതിന് സൗകര്യമൊരുക്കുന്ന കോൺക്രീറ്റ് തറകൾ തുടങ്ങിയ അടിസ്ഥാനസൗകര്യങ്ങൾ VFPCK സ്വാശ്രയ കർഷക വിപണികളിൽ സൃഷ്ടിക്കേണ്ടതാണ്.

16.5.3. ഉല്പന്നകേന്ദ്രീകൃത സംസ്കരണ സംവിധാനങ്ങളായ കൈതച്ചക്ക സംസ്കരണ പ്ലാന്റ്, മാമ്പഴ സംസ്കരണ പ്ലാന്റ് എന്നിവയുടെ ആധുനികവല്കരണം, തേങ്ങാ ചിപ്സുണ്ടാക്കുന്ന ചെറുകിട യൂണിറ്റ്, പഴം പാകപ്പെടുത്തുന്നതിനുള്ള ചേമ്പറുകൾ, കപ്പമാവ് ഉണ്ടാക്കുന്ന യൂണിറ്റ് ഇവയെല്ലാം വില്ലേജ് വിപണികളോടൊപ്പംതന്നെ സൃഷ്ടിക്കണം. ഇതിനെല്ലാം പുറമേ ഉല്പന്നങ്ങളുടെ തരവും സ്വഭാവ വുമനുസരിച്ച് പ്രത്യേക വ്യാപാരയിടങ്ങൾ സൃഷ്ടിക്കണം.

16.5.4. കർഷകരും ഉല്പാദകസംഘങ്ങളും നിയന്ത്രിക്കുന്ന ചില്ലറവ്യാപാര കേന്ദ്രങ്ങളുടേയും ബ്ലോക്ക്-താലൂക്ക് തലങ്ങളിലുള്ള വിപണനകേന്ദ്രങ്ങളുടേയും സുഗമമായ പ്രവർത്തനത്തിനാവശ്യമായ സൗകര്യങ്ങൾ സർക്കാർ ഒരുക്കണം. ഊഹക്കച്ചവടം ഒഴിവാക്കാനായി വ്യാപാരസാധനങ്ങളുടെ അവധിവ്യാപാരം വളരെ ശ്രദ്ധയോടെ നിയന്ത്രിക്കേണ്ടതും സുഗന്ധവ്യഞ്ജനങ്ങൾക്ക് സർക്കാർനിയന്ത്രിത അവധിവ്യാപാരം നിലനിർത്തേണ്ട തും ആവശ്യമാണ്. എല്ലാ സർക്കാർ സംഭരണവും - പ്രത്യേകിച്ച് സപ്ലൈകോ, കൺസ്യൂമർഫെഡ്, ഹോർട്ടിക്കോർപ്പ് തുടങ്ങിയവ വഴിയുള്ള സംഭരണം - കർഷക ഉല്പാദകസംഘങ്ങളിൽ നിന്ന് മാത്രമേ നടത്താവൂ. ഉല്പാദക സംഘങ്ങളുടെ പക്കൽ ഉല്പന്നങ്ങൾ ലഭ്യമാവാതെ വരുമ്പോൾ മാത്രമേ പുറംവിപണികളിൽ നിന്നും സംഭരിക്കാവൂ എന്ന് സർക്കാർ ഉത്തരവ് വഴി കർശന നിർദ്ദേശം നൽകണം.

**16.6 നയം 69. കർഷകർക്ക് അവരുടെ അദ്ധ്വാനത്തിനാനുപാതികമായി ഉല്പന്നങ്ങൾക്ക് ന്യായവില ലഭ്യമാക്കുകയും ഉപഭോ ക്താക്കൾക്ക് നീതിയുക്തമായ വിലയിൽ ഭക്ഷ്യോല്പന്നങ്ങളുടെ ലഭ്യത ഉറപ്പാക്കുകയും എന്ന ഇരട്ടനേട്ടം കൈവരിക്കാനായി കാർഷികോല്പന്നങ്ങളുടെ സംഭരണത്തിനും വിതരണത്തിനും *അമൂൽ* മാതൃകയിൽ, പൂർണ്ണ കർഷകനിയന്ത്രണത്തിലുള്ള സംഭരണ-സംസ്കരണ-വിതരണ സംവിധാനം നടപ്പാക്കാവുന്നതാണ്.**

16.6.1. അടുത്തകാലത്ത് പച്ചക്കറി കർഷകർക്ക് അവരുടെ ഉല്പന്നങ്ങൾക്ക് വമ്പിച്ച വിലയിടിവ് നേരിടേണ്ടിവന്ന വേളയിൽത്തന്നെ പച്ചക്കറികളുടെ സംഭരണത്തിനായി ആസൂത്രണം ചെയ്ത ഹോർട്ടിക്കോർപ്പ് ഉപഭോക്താക്കൾക്ക് വിപണിവിലയേക്കാൾ 30% കുറച്ച് പച്ചക്കറികൾ ലഭ്യമാക്കുന്ന അവസ്ഥയുണ്ടായി. കർഷകർക്ക് മെച്ചപ്പെട്ട വില ഉറപ്പുവരുത്തുന്നതിനായി രൂപംകൊടുത്ത സംഘടനകളായ പഴം-പച്ചക്കറി വികസന കൗൺസിലും (VFPCK) സംസ്ഥാന ഉദ്യാനവിള വികസന കോർപ്പറേഷനും (HORTICORP) അവരുടെ പ്രാഥമിക ദൗത്യത്തിൽനിന്ന് പിന്നോട്ടുപോകുന്ന ഈ അവസ്ഥ പുനഃപരിശോധിക്കണം. ഉപഭോക്തൃസംരക്ഷണത്തിനായി പ്രത്യേകം സംവിധാനങ്ങൾ നിലവിലുള്ളപ്പോൾ, കർഷകതാല്പര്യ സംരക്ഷണാർത്ഥം രൂപവല്കരിക്കപ്പെട്ട ഇത്തരം ഏജൻസികൾ വിപണനത്തേക്കാൾ ശ്രദ്ധയൂന്നേണ്ടത് കർഷകരിൽ നിന്ന് ഉല്പന്നങ്ങൾ സംഭരിക്കുന്നതിലാണ്. പൊതുവിതരണവകുപ്പിനാണ് ന്യായവിലയ്ക്ക് നല്ല ഭക്ഷ്യോല്പന്നങ്ങൾ പൊതുജനങ്ങൾക്ക് വിതരണംചെയ്യാനുള്ള ചുമതല.

16.6.2. ഈ അവസ്ഥയിൽ സംസ്ഥാനത്തുടനീളം കാർഷികോല്പന്നങ്ങളുടെ സംഭരണത്തിനും വിതരണത്തിനുമായി കർഷക ഉല്പാദകസംഘങ്ങൾ (FPOs) കേന്ദ്രീകരിച്ച് *അമൂൽ* മാതൃകയിൽ സംഭരണ-സംസ്കരണ-വിപണന ശൃംഖല സൃഷ്ടിക്കാൻ സർക്കാർ മുൻകൈയെടുക്കണം.

16.6.3. വിപണനത്തിനായുള്ള മറ്റൊരു പ്രധാന സംവിധാനമാണ് കർഷക ചില്ലറ വ്യാപാരശാലകൾ (FROs). കർഷകർക്ക് നഗരങ്ങളിൽ നേരിട്ട് ചില്ലറ വ്യാപാരം നടത്താനും അതിലൂടെ ആവശ്യാനുസരണം കാർഷികോല്പന്നങ്ങൾ ചില്ലറവ്യാപാരശാലകളിലെത്തിച്ച് വില ഉറപ്പുവരുത്താനും ഇത് സഹായിക്കുന്നു.

**16.7 നയം 70. മെച്ചപ്പെട്ട അടിസ്ഥാന സൗകര്യ വികസനത്തിനായി ഒരു പ്രത്യേക കാർഷികവിപണനവിഭാഗം കൃഷിവകുപ്പിന്റെ നിയന്ത്രണത്തിൽ രൂപവല്കരിക്കേണ്ടതാണ്.**

16.7.1. ഇപ്പോഴും കേരളത്തിലെ ഭൂരിഭാഗം മൊത്തവ്യാപാര വിപണികളേയും നിയന്ത്രിക്കുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്. മോശമായ പരിപാലനവും വിപണിവികസനപ്രവർത്തനങ്ങളുടെ കുറവും ഒരു പ്രധാന പ്രശ്നം തന്നെയാണ്. അതിനാൽ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ കീഴിലുള്ള എല്ലാ കാർഷികവിപണികളും കൃഷിവകുപ്പിന്റെ നിയന്ത്രണത്തിൽ ഒരു പുതിയ കാർഷിക വിപണനവിഭാഗം രൂപവല്കരിച്ച് അതിന്റെ കീഴിൽ കൊണ്ടുവരുകയും, അവയെ ആധുനികവല്കരിക്കുകയും, അവയിൽ നിന്നുള്ള വരുമാനം സർക്കാരും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ആനുപാതികമായി പങ്കിട്ടെടുക്കുകയും ചെയ്യണം.

**16.8 നയം 71. ആധുനിക വിവരസാങ്കേതികവിദ്യയുടെയും ഉപകരണങ്ങളുടെയും (ICT) സഹായത്തോടെ ഒരു കൃത്യതയാർന്ന വിപണി നിരീക്ഷണ സംവിധാനം വികസിപ്പിക്കണം.**

16.8.1. വിപണിയുമായി ബന്ധപ്പെട്ടിരിക്കുന്ന എല്ലാവർക്കും - അവർ കൃഷിക്കാരോ, വ്യാപാരികളോ, സംസ്കരണക്കാരോ, ഉപഭോക്താക്കളോ ആരായാലും - കൃത്യമായ വിപണി വിവരങ്ങൾ ലഭിക്കുക എന്നത് പരമപ്രധാനമാണ്. സംസ്ഥാനത്തിനകത്തും പുറത്തും വിദേശ രാജ്യങ്ങളിലും അപ്പപ്പോൾ നിലവിലുള്ള കാർഷികോല്പന്നങ്ങളുടെ വിലനിലവാരം ലഭ്യമാക്കാനായി വിവരസാങ്കേതികവിദ്യയുടെ സഹായത്തോടെ ഒരു വിപണി ഗവേഷണ വിവര ശൃംഖല (Marketing Research and Information Network) സംസ്ഥാനത്ത് അനിവാര്യമാണ്. സംസ്ഥാനത്തെ വിവിധ വിപണികൾ തമ്മിൽ ബന്ധിപ്പിക്കാനും കൃത്യമായ വിവരങ്ങൾ നൽകാനും അതിലൂടെ മെച്ചപ്പെട്ട വിപണനം ഉറപ്പാക്കാനും ഇത് സഹായിക്കും.

16.8.2. വിലവിവരങ്ങൾക്ക് പുറമെ കമ്പോളത്തെ സംബന്ധിക്കുന്ന വിഭിന്നമായ വിവരങ്ങളും സമഗ്രമായ ഈ പോർട്ടൽ വഴി ഉറപ്പാക്കണം. ഉദാഹരണത്തിന്; അംഗീകൃത ഗുണനിലവാരവും തരംതിരിക്കലും സംബന്ധിച്ച വിവരങ്ങൾ, ശുചിത്വവും സസ്യ-ശുചിത്വവും സംബന്ധിച്ച നിബന്ധനകൾ, സംഭരണത്തിനും സൂക്ഷിക്കലിനും ലഭ്യമായിട്ടുള്ള ഭൗതികസാഹചര്യങ്ങൾ, വിപണിയിലെ അടിസ്ഥാനസൗകര്യങ്ങൾ, വിവിധ കാര്യങ്ങൾക്കുള്ള ഫീസ് തുടങ്ങിയ വിപുലവും വ്യത്യസ്തവുമായ വിവരങ്ങൾ ബന്ധപ്പെട്ടവർക്ക് യഥാസമയം ഈ പോർട്ടലിലൂടെ ഉറപ്പാക്കണം. അംഗീകൃത നിലവാരമുള്ള സംഭരണശാലകൾ, കോൾഡ് സ്റ്റോറേജുകൾ, വിപണികൾ, അതുമായി ബന്ധപ്പെട്ട അടിസ്ഥാനസൗകര്യങ്ങൾ ഇവയെല്ലാം ഉൾപ്പെടുത്തിയുള്ള വിവരങ്ങൾ ഭൗമവിവര സംവിധാനവുമായി (GIS) കൂട്ടിയിണക്കി മേഖലാടിസ്ഥാനത്തിൽ ലഭ്യമായ വിപണന സംവിധാനങ്ങളുടെ ഭൂപടം (Regional Atlas of Agricultural Markets) തയ്യാറാക്കണം. സംസ്ഥാനത്തെ മൊത്തം വിപണനസേവനങ്ങളുടെ ലഭ്യത ഇതിലൂടെ അറിയാനാവും. പ്രധാന കാർഷികോല്പന്നങ്ങളുടെ വിളവെടുപ്പാനന്തര ആവശ്യകതകളെ സംബന്ധിച്ച വിവരങ്ങളും ഈ പോർട്ടലിൽ ലഭ്യമാക്കണം.

16.8.3. ഭാഗം 14.6. ൽ വിശദീകരിച്ചതു പ്രകാരമുള്ള സംസ്ഥാന കാർഷിക പ്ലാൻ മറ്റു കാര്യങ്ങളോടൊപ്പം തന്നെ കമ്പോളനിരീക്ഷണ വിവരസംവിധാനവുമായി ബന്ധപ്പെടുത്തുന്നതിലൂടെ - എന്താണ് കൃഷിചെയ്യേണ്ടത്,

എവിടെയാണ് കൃഷിചെയ്യേണ്ടത്, എങ്ങനെ കൃഷിചെയ്യണം, എത്ര വിസ്തൃതിയിൽ കൃഷിചെയ്യണം, എവിടെ വിപണനം ചെയ്യണം, എന്ത് വിലയ്ക്ക് വിൽക്കണം എന്നതിനെപ്പറ്റിയെല്ലാം കൃഷിക്കാർക്ക് ഉപദേശം നൽകാൻ കഴിയും.

16.8.4. കാർഷികവിപണിയുടെ ആഗോളവല്കരണം - കയറ്റുമതിയുടെ വളർച്ചയിലേക്ക് തദ്ദേശ കയറ്റുമതിക്കാരെ നയിക്കാനും, ഇറക്കുമതിരാജ്യങ്ങളുടെ ആവശ്യകത മനസ്സിലാക്കാനും, അവയുടെ ഗുണമേന്മ നിർണ്ണയിക്കാനും, വിപണിനിലവാരം ലഭ്യമാക്കാനും വഴികൾ തുറന്നുനല്കുന്നുണ്ട്. തദ്ദേശ വിലകളിൽ ഇറക്കുമതിചെയ്യുമ്പോൾ ഉണ്ടാകുന്ന വരുംവരായ്കകളെക്കുറിച്ച് കർഷകർക്ക് അറിവ് നൽകണം. തമിഴ്നാട്ടിലെപ്പോലെ സംസ്ഥാന തദ്ദേശ-കയറ്റുമതി കമ്പോള നിരീക്ഷണസംവിധാനം (State Domestic and Expert Market Intelligence Cell - SDEMIC) സ്ഥാപിക്കുന്നതിന്റെ ആവശ്യകതയ്ക്ക് ഇത് ഊന്നൽ നൽകുന്നു.

16.8.5 കർഷകസമൂഹത്തിന്റേയും, വ്യാപാരികളുടേയും, സ്ഥാപനങ്ങളുടേയും, ഗവേഷകരുടേയും - മെച്ചമായതും ശാസ്ത്രീയവുമായ തീരുമാനമെടുക്കലിനായി- കാർഷികോല്പന്നങ്ങളുടെ സമയാസമയങ്ങളിലുള്ളതും വ്യക്തവുമായ വിലകളുടെ നിരീക്ഷണവിവരം പ്രചരിപ്പിക്കുകയെന്നതാണ് സംസ്ഥാന തദ്ദേശ-കയറ്റുമതി കമ്പോള നിരീക്ഷണസംവിധാനത്തിന്റെ (SDEMIC) മുഖ്യമായ ലക്ഷ്യം. കുറച്ചുകൂടി വ്യക്തമായിപ്പറഞ്ഞാൽ ഇതിലൂടെ മുഖ്യ കാർഷികോല്പന്നങ്ങളുടെ ആവശ്യകത, ലഭ്യത, ഭാവിവില തുടങ്ങിയവ പ്രവചിക്കാനും, ഈ കാർഷികോല്പന്നങ്ങളെ സംബന്ധിച്ചുള്ള സംസ്ഥാന-ദേശീയ കമ്പോള സാഹചര്യങ്ങളെപ്പറ്റി പഠിക്കാനും കഴിയുന്നു. ഒപ്പംതന്നെ വിപണിയേയും വിലനിലവാരത്തേയും സംബന്ധിച്ച വിവരങ്ങൾ യഥാസമയം ലഭ്യമാകുന്നതിലൂടെ കർഷകർക്ക് മെച്ചപ്പെട്ട ആസൂത്രണവും ഉല്പാദനവും ചരക്കുകളുടെ കൈവശംസൂക്ഷിക്കലും സാദ്ധ്യമാക്കാനും സർക്കാരിന് നയരൂപവല്കരണം അർത്ഥവത്താക്കാനും കഴിയും.

# 17. അന്തർദ്ദേശീയ വ്യാപാരത്തെ സംബന്ധിക്കുന്ന നയങ്ങൾ

17.1. മനുഷ്യന്റെ നിലനില്പിന് അത്യാവശ്യമായ ഘടകമെന്ന നിലയിൽ ഭക്ഷണം ഒരു മനുഷ്യാവകാശമാണ്. ചെറുകിട-തദ്ദേശീയ കൃഷിയിടങ്ങളിലെ പരമ്പരാഗതമായ കൃഷി ഗ്രാമീണജീവിതത്തിന്റെ മാത്രമല്ല, രാജ്യങ്ങളുടെ നിലനില്പിനായുള്ള ഭക്ഷണത്തിന്റെ ഉറവിടമെന്നനിലയിൽ ആഗോള ഭക്ഷ്യസുരക്ഷയുടെകൂടി അടിസ്ഥാനശിലയാണ്. ഭീമമായ ബഹുരാഷ്ട്ര കുത്തകകളുടെ നിയന്ത്രണത്തിൽ ആഗോളഭക്ഷ്യവിതരണം വൻ പ്രതിസന്ധി നേരിടുകയാണിപ്പോൾ. ഭക്ഷണത്തെ മനുഷ്യാവകാശമെന്ന നിലയിൽ നിന്നും ലാഭംകൊയ്യാനുള്ള വ്യാപാരഉല്പന്നമാക്കി മാറ്റാൻ *സ്വാതന്ത്ര്യവ്യാപാര* (free trade) ഉടമ്പടി ഉപയോഗിച്ച് ആഗോള കാർഷിക-സാമ്പത്തികനയങ്ങളെ കുത്തകവ്യപാരക്കമ്പനികൾ തിരുത്തിയെഴുതി. കൃഷിയിലെ ആഗോള കുത്തകവല്കരണം കർഷകരിലും ഭക്ഷ്യസുരക്ഷയിലും, പരിസ്ഥിതിയിലും ഭയാനകമായ മാറ്റങ്ങളാണ് ഉണ്ടാക്കാൻപോകുന്നത്.

17.2. കൃഷിയിലെ സ്വതന്ത്രവ്യാപാരത്തിന്റെ പ്രതികൂലമായ സ്വാധീനം സംസ്ഥാനത്തെ കർഷകരെ ഇതിനകംതന്നെ സ്വാധീനിച്ചിട്ടുണ്ട്. അതേ സമയം ഉല്പാദനോപാധികളുടെ വിലവർദ്ധനയും കാർഷികോല്പന്നങ്ങളുടെ അന്തർദേശീയ വിലയിടിവും കർഷകരുടെ വരുമാനം കുറച്ചു. കാർഷികോല്പന്നങ്ങൾ കുറഞ്ഞചെലവിൽ ഇറക്കുമതി ചെയ്യപ്പെട്ടത് ദക്ഷിണേന്ത്യയെ മോശമായി ബാധിച്ചു. മലേഷ്യയിൽനിന്നും ഇന്തോനേഷ്യയിൽ നിന്നുമുള്ള പാമോയിൽ ഇറക്കുമതി കേരളത്തിൽ തേങ്ങയുടെ വിലകുറച്ചു. കുരുമുളക്, തേയില തുടങ്ങിയ വിളകളേയും ഇറക്കുമതി പ്രതികൂലമായി ബാധിച്ചു. മത്സ്യത്തൊഴിലാളികളും ക്ഷീരകർഷകസമൂഹവും അവരുടെ ജീവനമാർഗം നഷ്ടപ്പെടുമെന്ന ഭീഷണി നേരിടുകയാണ്.

17.3. കാർഷിക നയരൂപവല്കരണസമിതിയുടെ വിവിധ സിറ്റിംഗുകളിൽ കർഷകർ ഉന്നയിച്ച പല പ്രധാനപ്രശ്നങ്ങളും സ്വതന്ത്ര വ്യാപാരക്കരാർ (FTA), ലോക വ്യാപാര ക്കരാർ (WTO) തുടങ്ങിയവയുടെ പ്രത്യാഘാതങ്ങളാണെന്ന വസ്തുത കർഷകർക്കോ അവരുടെ നേതൃത്വങ്ങൾക്കോ അറിവില്ലായിരുന്നു എന്നതാണ് സത്യം. കേന്ദ്രസർക്കാരിന്റെ വാണിജ്യ മന്ത്രാലയം അവരുടെ കൂടിയാലോചനകളിൽ സംസ്ഥാനത്തിന്റെ പ്രതിനിധികളെക്കൂടി ഉൾപ്പെടുത്തുകയും സംസ്ഥാനത്തെ കാർഷികരംഗത്തിന് ദോഷമുണ്ടാകാത്ത രീതിയിൽ കരാറുകളിൽ ഒപ്പുവയ്ക്കുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്. ഈ അവസ്ഥയിൽ കർഷകർക്ക് മെച്ചപ്പെട്ട വരുമാനം ഉറപ്പുവരുത്തുന്നതിനായി താഴെപ്പറയുന്ന നയപരിപാടികൾ നിർദ്ദേശിക്കുന്നു.

**17.4 നയം 72. കൃഷിവകുപ്പിന്റെ നിയന്ത്രണത്തിലുള്ള WTO സെൽ പുനഃസംഘടിപ്പിക്കുകയും അതിനെ പ്രായോഗികതലത്തിലും ഔദ്യോഗികതലത്തിലും സ്വതന്ത്രമാക്കുകയും വേണം.**

17.4.1. ഇന്ത്യ ലോകവ്യാപാരക്കരാറിൽ ഒപ്പുവച്ച രാജ്യമായതിനാലും കേരളത്തിലെ കാർഷികരംഗം പ്രധാനമായും കയറ്റുമതി വ്യാപാരത്തെ ആശ്രയിച്ചുള്ളതായതിനാലും, കൃഷിയിലെ വ്യാപാരവുമായി ബന്ധപ്പെട്ട നയകാര്യങ്ങളിൽ സംസ്ഥാനസർക്കാരിന് ഉപദേശം നൽകുന്നതിനായാണ് കൃഷിവകുപ്പിന്റെ കീഴിൽ WTO സെൽ ആരംഭിച്ചത്. സംസ്ഥാനത്തെ കാർഷിക മേഖലയെ പ്രത്യേകമായി കണക്കിലെടുത്തുകൊണ്ട് ഭാരതസർക്കാരിന്റെ വിദേശവ്യാപാരനയവുമായി ബന്ധപ്പെട്ട

പ്രശ്നങ്ങൾക്കുമേൽ സംസ്ഥാന സർക്കാരിന് ഉപദേശം നൽകുക, വിളകളുടെ പ്രകടനം കാലാകാലങ്ങളിൽ നിരീക്ഷിച്ച് സംസ്ഥാനസർക്കാരിന്റെ കാർഷികസ്ഥിതികൾ ആനുകാലികമായി വിലയിരുത്തുക, വിപുലമായ വ്യാപാരവ്യവസ്ഥിതിയിൽ കാർഷിക വ്യാപാരസാധനങ്ങളുടെ മത്സരം വർദ്ധിപ്പിക്കാനുതകുന്ന നടപടികൾ സ്വീകരിക്കുക എന്നീ കാഴ്ചപ്പാടുകളിലൂടെ വാർഷിക / പഞ്ചവത്സരപദ്ധതിയിൽ പ്രവർത്തനങ്ങളും പരിപാടികളും ഉൾപ്പെടുത്താൻ നിർദ്ദേശിക്കുക, വിവിധ WTO ഉടമ്പടികൾ നിരീക്ഷിക്കുകയും അവ നമ്മുടെ കാർഷികമേഖലയിൽ ചെലുത്തുന്ന സ്വാധീനം പഠനവിധേയമാക്കുകയും ചെയ്യുക എന്നിവയെല്ലാം WTO സെല്ലിന്റെ ചുമതലകളാണ്. അന്തർദ്ദേശീയ ഉടമ്പടികളിൽ സംസ്ഥാനത്തിന്റെ താല്പര്യം സംരക്ഷിക്കാൻ വേണ്ട നടപടികൾ കേന്ദ്രത്തെ അറിയിക്കുക, കരാറുകൾ പ്രയോഗത്തിൽ കൊണ്ടുവരേണ്ട രീതികളെക്കുറിച്ചും അവയിൽ മെച്ചപ്പെടുത്തലും / മാറ്റങ്ങളും ആവശ്യമെങ്കിൽ വരുത്തുന്നതിനെക്കുറിച്ചും സംസ്ഥാനത്തിന് ഉപദേശംനല്കുക, സെൽ ആരംഭിച്ച പഠനങ്ങളെ ആസ്പദമാക്കി നയങ്ങൾ രൂപവല്കരിക്കുന്നതിന് സർക്കാരിനെ സഹായിക്കുക തുടങ്ങിയവയും സെല്ലിന്റെ ചുമതലയിൽപ്പെടുന്നവയാണ്.

17.4.2. നിലവിലുള്ള ഔദ്യോഗിക സംവിധാനവും അധികാരങ്ങളുമൊന്നും മുകളിൽപ്പറഞ്ഞ പ്രവർത്തനങ്ങളുടെ കാര്യക്ഷമമായ നടത്തിപ്പിന് പര്യാപ്തമല്ല. കൃഷിയിലെ പുതിയ സ്വതന്ത്രവ്യാപാരക്കരാറിന്റേയും (FTA) നേരിട്ടുള്ള വിദേശനിക്ഷേപത്തിന്റേയും (FDI) വെളിച്ചത്തിൽ സെല്ലിന് ഘടനാപരമായ പുനഃസംഘടന ആവശ്യമാണ്.

17.4.3. അഡീഷണൽ ചീഫ് സെക്രട്ടറി തസ്തികയിലുള്ള മുതിർന്ന അഡ്മിനിസ്ട്രേറ്റീവ് സർവീസ് ഉദ്യോഗസ്ഥനായിരിക്കണം സെല്ലിന്റെ മേലധികാരി. അന്തർദ്ദേശീയ വ്യാപാരവ്യവസ്ഥയിലും ഉപജീവനമാർഗ്ഗ പരിപാലനത്തിലും പ്രാഗത്ഭ്യം തെളിയിച്ചിട്ടുള്ള ഒരു സാമ്പത്തികശാസ്ത്രജ്ഞൻ, അന്തർദ്ദേശീയ വ്യാപാരവുമായി ബന്ധപ്പെട്ട നിയമങ്ങളിൽ പ്രവൃത്തിപരിചയമുള്ള ഒരു നിയമവിദഗ്ദ്ധൻ, കാർഷിക വിപണന-മൂല്യവർദ്ധനാ-ഉല്പന്നവൈവിധ്യവല്കരണ മേഖലകളിൽ പ്രാവീണ്യമുള്ള ഒരു കൃഷി വിദഗ്ദ്ധൻ തുടങ്ങിയവരാവണം ബോർഡിലെ മറ്റു നിയമപ്രകാരമുള്ള അംഗങ്ങൾ.

17.4.4. നമുക്ക് വിലപ്പെട്ട കാർഷികരംഗത്തെ സംരക്ഷിക്കുന്നതിന് സമയാസമയങ്ങളിൽ സംസ്ഥാനത്തിന്റെ ഇടപെടൽ ഉറപ്പാക്കുന്നതിനായി ലോകത്തു സംഭവിച്ചു കൊണ്ടിരിക്കുന്ന വ്യാപാരപ്രതിഭാസങ്ങളുടെ സ്വാധീനത്തെക്കുറിച്ച് സർക്കാരിനും നിയമനിർമ്മാണ സഭയ്ക്കും നേരിട്ട് റിപ്പോർട്ടുകളും ഉപദേശനിർദ്ദേശങ്ങളും നൽകാനുള്ള അധികാരം WTO സെല്ലിന് നൽകണം.

17.4.5. സ്വതന്ത്ര വ്യാപാരക്കരാർ (FTA) ഉൾപ്പെടെയുള്ള അന്താരാഷ്ട്ര ഉടമ്പടികളും, ലോകരാജ്യങ്ങൾതമ്മിൽ പരസ്പരമുള്ള ഉടമ്പടികളും ചെലുത്തുന്ന സ്വാധീനത്തെ സംബന്ധിക്കുന്ന വിശദവും സമയാസമയങ്ങളിലുമുള്ള പഠനങ്ങൾ നടത്തുന്നതിനും, വ്യാപാരങ്ങളുമായി ബന്ധപ്പെട്ട എല്ലാ സംഗതികളിലും നിരന്തരമായ ശ്രദ്ധപതിപ്പിക്കുന്നതിനുമായി WTO സെല്ലിന് കീഴിൽ ഒരു പ്രത്യേക വിജിലൻസ് വിഭാഗം രൂപവല്കരിക്കണം.

17.4.6. ചില സ്വതന്ത്ര വ്യാപാരക്കരാറുകൾ (FTA) നമ്മുടെ സുഗന്ധവ്യഞ്ജന മേഖലയേയും ക്ഷീരോല്പാദനമേഖലയേയും ബാധിക്കാൻ സാദ്ധ്യതയുള്ളതിനാൽ ഇക്കാര്യങ്ങളിൽ അടിയന്തിരനടപടി സ്വീകരിക്കേണ്ടതുണ്ട്.

**17.5 നയം 73. അന്തർദ്ദേശീയ നിലവാരമുള്ള കാർഷികോല്പന്നങ്ങളും ഐകരൂപ്യമുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങളും തയ്യാറാക്കാൻ കർഷകരെ പ്രാപ്തരാക്കുകവഴി സ്വതന്ത്രവ്യാപാരക്കരാർ (FTA) മൂലമുള്ള പ്രശ്നങ്ങൾ അഭിമുഖീകരിക്കാൻ കഴിയും.**

17.5.1. ഒട്ടുമിക്ക വികസിതരാജ്യങ്ങളും അവരുടെ കാർഷികോല്പന്നങ്ങൾ നല്ലവണ്ണം സംസ്കരിച്ച് ഗുണമേന്മ ഉറപ്പുവരുത്തി വ്യാപാരമുദ്ര പതിപ്പിച്ചാണ് അന്തർദ്ദേശീയ കമ്പോളത്തിലേയ്ക്ക് അയയ്ക്കുന്നത്. ക്ഷീരോല്പന്നങ്ങൾ, പഴങ്ങളിൽനിന്നുള്ള ഉല്പന്നങ്ങൾ, ഭക്ഷ്യചേരുവകൾ മുതലായവ ഇതിന് ഉദാഹരണങ്ങളാണ്. സംസ്ഥാനത്തെ കർഷകർക്ക് ലോകനിലവാരമുള്ള കാർഷികോല്പന്നങ്ങൾ ഉല്പാദിപ്പിക്കാൻ അനുയോജ്യമായ സാങ്കേതിക വിദ്യ പകർന്നുനല്കുകയാണെങ്കിൽ കർഷക ഉല്പാദക സംഘങ്ങൾ (FPO) വഴി അവർ അത്തരത്തിലുള്ള മെച്ചപ്പെട്ട ഉല്പാ ദനത്തിന് പ്രാപ്തിനേടും. കമ്പോളാവശ്യം വിലയിരുത്താനും ഗുണമേന്മ ഉറപ്പുവരുത്താനും ഇവരെ സഹായിക്കണം. സംസ്കരിച്ചതും മൂല്യവർദ്ധിതവും വ്യാപാരമുദ്ര പതിപ്പിച്ചതുമായ കാർഷികോല്പന്നങ്ങളുടെ ലോകാവശ്യകത വിലയിരുത്തിയതിനുശേഷം WTO സെൽ ഈ സഹായം ലഭ്യമാക്കണം.

17.5.2. അന്തർദ്ദേശീയ ആവശ്യകതയും നിലവാരവും അടിസ്ഥാനമാക്കിയുള്ള ഉല്പന്ന വൈവിദ്ധ്യവല്കരണത്തിന് ഏറ്റവും നല്ല ഉദാഹരണമാണ് സുഗന്ധ വിളകൾ. അന്താരാഷ്ട്രകാരണങ്ങൾ കൊണ്ട് കമ്പോളത്തിൽ ഉല്പന്ന ബാഹുല്യം അനുഭവപ്പെടുമ്പോൾ ഈ സുഗന്ധവിളകളിൽനിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങളായ എണ്ണകൾ, ഒളിയോറെസിനുകൾ, പകുതി സംസ്കരിച്ച ഉല്പന്നങ്ങൾ മുതലായവ നിർമ്മിച്ച് വിപണി കണ്ടെത്താനാവും. ഇത്തരം സാധ്യതകളെക്കുറിച്ചും അവ ആവശ്യപ്പെടുന്ന ഉല്പാദന നിലവാരത്തെക്കുറിച്ചും ഉപദേശങ്ങൾ നൽകാൻ WTO സെല്ലിന് കഴിയണം.

**17.6 നയം 74. അന്തിമവിപണികൾ കർശനമായി നിരീക്ഷിച്ച്, നിരോധിച്ച കാർഷികോല്പന്നങ്ങൾ വിപണികളിലേയ്ക്ക് മറ്റേതെങ്കിലുംരൂപത്തിൽ കടന്നുവരുന്നില്ല എന്നുറപ്പുവരുത്തുകയും അങ്ങനെ കർഷക രുടെ താല്പര്യങ്ങൾ സംരക്ഷിക്കുകയും വേണം.**

17.6.1. നിലവാരംകുറഞ്ഞ കാർഷികോല്പന്നങ്ങളുടെ കടന്നുകയറ്റം കാരണം വ്യാപാര സാധനങ്ങളുടെ വിലയിൽ ഗണ്യമായ കുറവ് കേരളത്തിലെ കർഷകർ മിക്കവാറും അനുഭവിക്കാറുണ്ട്. ഉദാഹരണത്തിന്, കൊളമ്പോ തുറമുഖം വഴി ഇന്ത്യയിലെത്തുന്ന നിലവാരംകുറഞ്ഞ വിയറ്റ്നാം കുരുമുളക്, കേരളത്തിലുല്പാദിപ്പിച്ച ഗുണനിലവാരമുള്ള കുരുമുളകുമായി കൂട്ടിക്കലർത്തി തിരികെ അന്താരാഷ്ട്രവിപണിയിൽ *കേരള കുരുമുളക്* എന്ന് തെറ്റിദ്ധരിപ്പിച്ച് വില്ക്കുന്നത് കുരുമുളകിന്റെ വിലത്താഴ്ചയ്ക്ക് കാരണ മാകുന്നു. വിപണനച്ചങ്ങലയിലെ അവസാനകണ്ണികളായ അന്തിമ വിപണികൾ (Terminal Markets) വരെ സൂക്ഷ്മമായി നിരീക്ഷിച്ചെങ്കിൽ മാത്രമേ ഇതുപോലെയുള്ള രഹസ്യങ്ങൾ നിലനിർത്തുന്ന വ്യവസ്ഥിതികൾ കണ്ടുപിടിക്കാനാവൂ. ഇത്തരത്തിലുള്ള അനാരോഗ്യകരമായ പ്രവർത്തനങ്ങൾ നിരീക്ഷിക്കാൻ WTO സെൽ അടിയന്തരമായ സംവിധാനമുണ്ടാക്കണം.

**17.7 നയം 75. കർഷകരുടെ ഉപജീവന മാർഗ്ഗം സംരക്ഷിക്കുന്നതിനായി കൃഷിയെ സുസ്ഥിരമാക്കാനും ചെറുകിടകർഷകരെ സഹായിക്കാനുമുള്ള പരിപാടികൾ സൃഷ്ടിക്കണം.**

17.7.1. കൃഷിരംഗത്തെ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും സുസ്ഥിര കാർഷികപ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും സർക്കാർ ആവശ്യമായ ധനസഹായം നൽകണം. ചെറുകിടകർഷകരുടേയും സംഘങ്ങളുടേയും ഭൂഉടമസ്ഥത സംരക്ഷിക്കാനും, ആവശ്യമുള്ള വായ്പ ലഭ്യമാക്കാനും, സാങ്കേതികസഹായങ്ങൾ നൽകാനും, ആവശ്യമായ സാങ്കേതികവിദ്യാകൈമാറ്റം ഉറപ്പുവരുത്താനും, ഉല്പാദനച്ചെലവിനനുസൃതമായ വിലനിർണ്ണയസംവിധാനം നടപ്പിൽവരുത്താനും സഹായകമാവുന്ന നയപരിപാടികൾ അവശ്യമായിരിക്കുന്നു എന്നത് അംഗീകരിക്കപ്പെടണം. സാങ്കേതികവിദ്യകളുടെ നിലവാരം മെച്ചപ്പെടുത്തി തദ്ദേശീയമായ അറിവുകളുടെ പ്രചരണം പ്രോത്സാഹിപ്പിക്കുന്ന രീതിയിലാവണം കൃഷിയിലെ ധനനിക്ഷേപങ്ങൾ.

# 18. കർഷക ഉല്പാദകസംഘങ്ങളുമായി ബന്ധപ്പെട്ട നയങ്ങൾ

18.1. ഉല്പാദകരെ, പ്രത്യേകിച്ച് ചെറുകിട-നാമമാത്ര കർഷകരെ ഉല്പാദക കൂട്ടായ്മകളിലേയ്ക്ക് ഒന്നിപ്പിക്കുന്നത് കാർഷിക രംഗത്തെ വെല്ലുവിളികളെ നേരിടാൻ ഏറ്റവും ഫലപ്രദമായ മാർഗ്ഗമാണ്. ഇതിലൂടെ ധന നിക്ഷേപങ്ങളുടേയും സാങ്കേതികവിദ്യകളുടേയും ഉല്പാദനോപാധികളുടേയും വിപണികളുടേയും പുതിയ സാദ്ധ്യതകളിലേയ്ക്ക് അവരെ നയിക്കാനാവും. (കർഷക ഉല്പാദകസംഘങ്ങളുടെ ഉന്നമനത്തിനായുള്ള ദേശീയ നയം-2013)

18.2. അംഗങ്ങളുടെ ഉടമസ്ഥതയിലുള്ള ഉല്പാദകസംഘങ്ങളെ ഉന്നതിയിലേയ്ക്ക് കൊണ്ടുവന്നും, സഹായിച്ചും; ഐശ്വര്യപൂർണ്ണവും സുസ്ഥിരവുമായ ഒരു കാർഷിക മേഖല പടുത്തുയർത്താനാവുമെന്നതാണ് ഇവിടെ നടപ്പാവുന്ന കാഴ്ചപ്പാട്. സർക്കാർ സഹായത്തോടെയും ഇതുമായി ബന്ധപ്പെട്ട വിജ്ഞാന-ഗവേഷണ-പൊതു-സ്വകാര്യ മേഖലകളുമായി കൈകോർത്തും, വിഭവങ്ങളുടെ കാര്യക്ഷമവും മൂല്യക്ഷമവും സ്ഥായിയുമായ ഉപഭോഗവും ഉയർന്ന വരുമാനവും ഉറപ്പാക്കിയും കർഷകർക്ക് മെച്ചപ്പെട്ട ഉല്പാദനക്ഷമത കൈവരിക്കാനാവും.

**18.3 നയം 76. കർഷക ഉല്പാദകസംഘങ്ങൾ (FPO) രജിസ്റ്റർ ചെയ്തിട്ടുള്ളതും കർഷകരാൽ ഭരിക്കുന്നതുമായ സംഘടനയാവണം. ഈ സംഘടന കൃഷിയിലേയും അതുമായിബന്ധപ്പെട്ട മേഖലകളിലേയും പ്രവർത്തനങ്ങൾക്കായിരിക്കണം ഊന്നൽനൽകേണ്ടത്.**

18.3.1. കർഷക ഉല്പാദകസംഘങ്ങളിലെ (FPO) അംഗത്വം കാർഷിക വികസന നയത്തിലെ ഭാഗം 4 പ്രകാരം നിർവ്വചിച്ചിട്ടുള്ള കർഷകർക്ക് മാത്രമായി പരിമിതപ്പെടുത്തണം. യഥാർത്ഥ കർഷകർക്ക് മാത്രം പ്രവേശനം നൽകുന്നതിനായി അനിവാര്യമായ നിയമ നടപടികൾ സ്വീകരിക്കണം. കർഷക ഉല്പാദകസംഘങ്ങളെ (FPO) പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രഥമ പരിഗണന കർഷകരുടെ അറ്റാദായം വർദ്ധിപ്പിക്കുക എന്നതാവണം. ഒരു പ്രത്യേകസ്ഥലത്തെ കർഷകരുടെ ആവശ്യകതയെ അടിസ്ഥാനമാക്കി മാത്രം ഉല്പാദകസംഘങ്ങൾ (FPO) രൂപവല്പകരിക്കപ്പെടേണ്ടതും ഇതിൽനിന്നുള്ള ലാഭവിഹിതം അംഗകർഷകർക്ക് മാത്രമായി വീതിച്ചു നൽണ്ടേതുമാണ്.

18.3.2. കർഷക ഉല്പാദകസംഘങ്ങളുടെ (FPO) രൂപവല്കരണത്തിനും വികസനത്തിനുമായി കേന്ദ്ര-സംസ്ഥാന സർക്കാരുകളും അവയുടെ കീഴിലുള്ള ഏജൻസികളും, വിവിധ കേന്ദ്രസഹായ പദ്ധതികളും സംസ്ഥാന സഹായ പദ്ധതികളും സംയോജിപ്പിച്ച്, ഊർജ്ജസ്വലമായ രീതിയിൽ പ്രോത്സാഹിപ്പിക്കുകയും സഹായിക്കുകയും ചെയ്യണം. പൊതുസ്ഥാപനങ്ങൾ, ഗവേഷണകേന്ദ്രങ്ങൾ, വിദഗ്ദ്ധ ഉപദേശകർ, സ്വകാര്യമേഖലാസ്ഥാപനങ്ങൾ തുടങ്ങിയവയുടേയും, കർഷക ഉല്പാദകസംഘങ്ങൾക്ക് സഹായം നൽകാൻ സന്നദ്ധമായ മറ്റു സംവിധാനങ്ങളുടേയും ഒത്തൊരുമയിലൂടെ ഈ ലക്ഷ്യം നേടാനാവും.

**18.4 നയം 77. കേന്ദ്രാവിഷ്കൃതവും സംസ്ഥാനാവിഷ്കൃതവുമായ പദ്ധതികളും പരിപാടികളും മുഖേന വൻതോതിൽ കർഷക ഉല്പാദക സംഘങ്ങൾ രൂപവല്കരിക്കാൻ സംസ്ഥാനസർക്കാർ സന്നദ്ധമാവണം.**

18.4.1. കർഷകരുടെ, വിശിഷ്യാ ചെറുകിട കർഷകരുടെ ഉല്പാദനം, ഉല്പാദനക്ഷമത, ലാഭവിഹിതം ഇവ വർദ്ധിപ്പിക്കുകയാണ് കർഷകരെ കൂട്ടിയിണക്കി ഉല്പാദകസംഘ

ങ്ങൾ (FPO) രൂപപ്പെടുത്തുന്നതിനുപിന്നിലെ പ്രാഥമിക ലക്ഷ്യം. അനുയോജ്യമായ വിളകൾ കണ്ടുപിടിക്കാനും, ആധുനിക സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്താനും, ഫീൽഡ് സ്കൂളുകൾ പോലെ സംഘംചേർന്നുള്ള പ്രവർത്തനങ്ങൾ കർഷകർക്ക് വഴിതുറക്കുന്നു. കർഷകരുടെ പ്രവർത്തനക്ഷമത ശക്തിപ്പെടുകയും ഉല്പാദനക്ഷമത വർദ്ധിപ്പിക്കാനുള്ള സാങ്കേതികവിദ്യ, അനുയോജ്യങ്ങളായ ഉല്പന്നങ്ങളുടെ മൂല്യവർദ്ധന, വിപണിബന്ധങ്ങൾ തുടങ്ങി മുന്നോട്ടുള്ള കാൽവയ്പുകൾ ഊർജ്ജസ്വലമാവുകയും ചെയ്യുന്നു. കർഷകരെ പ്രാദേശികമായി സംഘടിപ്പിച്ചുള്ള അനൗപചാരിക കൂട്ടായ്മകൾക്ക് സഹായഹസ്തമൊരുക്കാനായി അവയെ അണിചേർത്ത് ഉല്പാദക സംഘങ്ങൾ (FPO) ഉണ്ടാക്കാനും അതിലൂടെ അവർക്ക് ഉല്പാദനോപാധികളുടേയും ഉല്പന്നങ്ങളുടേയും വിപണികളിലേക്കുള്ള സുഗമമായ ഇടപെടലും മത്സരശേഷിയും വർദ്ധിപ്പിക്കാനും കഴിയും.

18.4.2. വില്ലേജുതലത്തിൽ 15–20 നും ഇടയിൽ അംഗങ്ങളുള്ള കർഷക തല്പര സംഘങ്ങൾ (Farmer Interest Groups - FIGs) ഉണ്ടാക്കുകയും അത്തരം കൂട്ടായ്മകൾ ഏകീകരിച്ച് കർഷക ഉല്പാദകസംഘങ്ങൾ (Farmer Producer Organisations - FPOs) പോലുള്ള മേൽഘടകങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നതിലൂടെ ഉല്പന്നാടിസ്ഥാനത്തിലോ വാണിജ്യ വിളചക്രങ്ങൾ അടിസ്ഥാനമാക്കിയോ ഉള്ള കൂട്ടായ പ്രവർത്തനങ്ങൾ പ്രയോഗത്തിൽ വരുത്താനാവും.

18.4.2.1. ഉല്പാദനക്ഷമത വർധിപ്പിക്കുന്നതിനായുള്ള മികച്ച കാർഷിക രീതികളിലൂടെ കർഷകരുടെ പ്രവർത്തനക്ഷമത ശക്തിപ്പെടുത്തണം.

18.4.2.2. കാര്യക്ഷമമായ കാർഷികോല്പാദനത്തിനും സംഘങ്ങൾ തമ്മിലുള്ള മത്സരക്ഷമത വർദ്ധിപ്പിക്കുന്നതിനുമായി ഗുണമേന്മയുള്ള ഉല്പാദനോപാധികളുടേയും സേവനങ്ങളുടെയും ലഭ്യതയും ഉപയോഗവും ഉറപ്പുവരുത്തണം.

18.4.2.3. കമ്പോളസംയോജനങ്ങളിലൂടെ ഉല്പാദകസംഘങ്ങൾക്ക് വിപണി അവസരങ്ങളുമായി നേരിട്ട് ബന്ധം സ്ഥാപിക്കാനാവുന്നത് മികച്ച വിപണികളിലേയ്ക്കുള്ള പ്രവേശനം സാധ്യമാക്കുന്നു.

**18.5 നയം 78. സ്വാശ്രയത്വം, ഉത്തരവാദിത്വം, ജനാധിപത്യം, സമത്വം, സമാവകാശം, ഐക്യം തുടങ്ങിയ മൂല്യങ്ങൾക്കധിഷ്ഠിതമാവണം കർഷക ഉല്പാദക സംഘങ്ങൾ.**

18.5.1. സത്യസന്ധത, സ്പഷ്ടത, സാമൂഹ്യ ഉത്തരവാദിത്വം, മറ്റുള്ളവരെ സംരക്ഷിക്കൽ തുടങ്ങിയ സദാചാരമൂല്യങ്ങളിൽ കർഷക ഉല്പാദക സംഘാംഗങ്ങൾ വിശ്വസിക്കണം.

18.5.2. സേവനങ്ങൾ ഉപയോഗിക്കാനാഗ്രഹിക്കുന്ന എല്ലാ വ്യക്തികൾക്കുമായി തുറന്നുകിടക്കുന്നതും; ലിംഗഭേദമോ സാമൂഹ്യ-വംശീയ- രാഷ്ട്രീയ-മത വ്യത്യാസങ്ങളോ ഇല്ലാതെ അംഗത്വചുമതലകൾ ഏറ്റെടുക്കാൻ തയ്യാറാകുന്നവരുടെ കൂട്ടായ്മയുമായ സന്നദ്ധസംഘടനകളാണ് കർഷക ഉല്പാദക സംഘങ്ങൾ.

18.5.3. നയങ്ങൾ രൂപവല്കരിക്കാനും തീരുമാനങ്ങൾ എടുക്കാനും ഊർജ്ജസ്വലമായി പങ്കെടുക്കുന്ന അംഗകർഷകർ നിയന്ത്രിക്കുന്ന ജനാധിപത്യസ്വഭാവമുള്ള സംഘടനകളാണ് കർഷക ഉല്പാദകസംഘങ്ങൾ. അംഗങ്ങളുടെ കൂട്ടായ്മയായ ഈ സംഘടനയിൽ സ്ത്രീയും പുരുഷനും തെരഞ്ഞെടുത്ത പ്രതിനിധികളായുണ്ട്. പ്രാഥമിക കർഷക ഉല്പാദക സംഘങ്ങളിൽ അംഗങ്ങൾക്ക് തുല്യവോട്ടവകാശമാണുള്ളത് (ഒരു അംഗം, ഒരു വോട്ട്). ജനാധിപത്യരീതിയിലാവണം മറ്റുതലത്തിലുള്ള കർഷക ഉല്പാദക സംഘങ്ങളും പ്രവർത്തിക്കേണ്ടത്.

18.5.4. അംഗകർഷകർ, ഉല്പാദക സംഘങ്ങൾക്കുവേണ്ട മൂലധനം തുല്യമായി സംഭാവനചെയ്യുകയും ജനാധിപത്യപരമായി

നിയന്ത്രിക്കുകയും ചെയ്യുന്നു. ഈ മൂലധന ത്തിന്റെ ചെറിയ ഒരു ഭാഗമാണ് സാധാരണ യായി ഉല്പാദകസംഘത്തിന്റെ പൊതുസ്വത്ത്. ഈ മൂലധനത്തിൽനിന്നും അംഗത്വത്തിന്റെ വ്യവസ്ഥയനുസരിച്ച് അംഗങ്ങൾക്ക് പരിമിത മായ നഷ്ടപരിഹാരം ലഭിക്കും. അംഗ കർഷകർ സംഭാവനചെയ്യുന്ന അധികത്തുക സംഘങ്ങളുടെ പ്രവർത്തനം വികസിപ്പിക്കുന്ന തിനായോ കരുതൽമൂലധനം സ്വരൂപി ക്കുന്നതിനായോ ഉപയോഗപ്പെടുത്തുകയും, അതിൽ കുറച്ചുഭാഗമെങ്കിലും കർഷകരുടെ പങ്കാളിത്തത്തിനാനുപാതികമായി അവർ ക്കായിത്തന്നെ പ്രയോജനപ്പെടുത്തുകയും, ഒപ്പം പൊതുവായി അംഗീകരിക്കപ്പെടുന്ന മറ്റു പ്രവർത്തനങ്ങൾ നടപ്പാക്കാൻ വിനിയോഗി ക്കുകയും ചെയ്യുന്നു.

18.5.5. കർഷക ഉല്പാദകസംഘങ്ങൾ അവ യിലെ അംഗകർഷകർ നിയന്ത്രിക്കുന്ന സ്വയംഭരണാധികാരമുള്ള സ്വാശ്രയസംഘട നകളാണ്. സർക്കാരുകൾ ഉൾപ്പെടെ മറ്റു ഏജൻസികളുമായി ഉടമ്പടിയിൽ ഏർപ്പെ ടുകയോ അന്യസ്രോതസ്സുകളിൽനിന്ന് മൂലധനം സ്വരൂപിക്കുകയോ ചെയ്യുമ്പോൾ, ഇതിന്റെ നിയന്ത്രണത്തിന് അംഗകർഷകർ ക്കുള്ള ജനാധിപത്യപരമായ അവകാശം സംരക്ഷിക്കപ്പെടുകയും, ഒപ്പം സംഘങ്ങളുടെ സ്വയംഭരണ സ്വഭാവം നിലനിർത്തുകയും വേണം.

18.5.6. കർഷക ഉല്പാദകസംഘങ്ങൾ അവ രുടെ അംഗകർഷകർക്കും തെരഞ്ഞെടുത്ത പ്രതിനിധികൾക്കും, മാനേജർമാർക്കും, ജീവനക്കാർക്കുമെല്ലാം വിദ്യാഭ്യാസവും പരി ശീലനവും നൽകുകവഴി പ്രസ്തുത സംഘ ങ്ങളുടെ വികസനത്തിനായി കാര്യക്ഷമത യോടെ സംഭാവന ചെയ്യാൻ അവരെ പ്രാപ്ത രാക്കുന്നു. പൊതുജനങ്ങൾക്ക് പ്രത്യേകിച്ച് ചെറുപ്പക്കാർക്കും അഭ്യുദയകാംഷികൾക്കും സംഘത്തിന്റെ സ്വഭാവത്തെയും നേട്ടങ്ങ ളെയും കുറിച്ചുള്ള വിവരങ്ങൾ അവർ പകർന്നുനൽകുന്നു.

18.5.7. കർഷക ഉല്പാദകസംഘങ്ങൾ അതിന്റെ അംഗങ്ങൾക്ക് ഫലവത്തായ സേവനങ്ങൾ ലഭ്യമാക്കുകയും, പ്രാദേശികവും ദേശീയവും അന്തർദ്ദേശീയവും മേഖലാടി സ്ഥാനത്തിലുള്ളതമായ തലങ്ങളിൽ കൈ കോർത്ത് സംഘടിതപ്രവർത്തനങ്ങൾ ശക്തി പ്പെടുത്തുകയും ചെയ്യുന്നു.

18.5.8. അംഗങ്ങൾ അംഗീകരിച്ച നയങ്ങൾ മുഖേന കർഷകസമൂഹത്തിന്റെ സുസ്ഥിരവിക സനത്തിനായി കർഷക ഉല്പാദകസംഘ ങ്ങൾ ശ്രമിക്കുന്നു.

**18.6 നയം 79. സർക്കാർ അതിന്റെ നയ തീരുമാനങ്ങളിലൂടെയും പരിപാലന ത്തിനുള്ള വിദഗ്ദ്ധ മനുഷ്യശേഷി ലഭ്യമാ ക്കുന്നതിലൂടെയും കർഷക ഉല്പാദക സംഘങ്ങൾക്ക് കൈത്താങ്ങൊരുക്കണം.**

18.6.1. കർഷക ഉല്പാദകസംഘങ്ങളുടെ മെച്ചപ്പെട്ട പരിപാലനം ഉറപ്പാക്കാനായി സർക്കാർ അവിടെ ഒരു വിദഗ്ദ്ധനെ നിയമി ക്കണം. ഇങ്ങനെ നിയമിക്കപ്പെടുന്ന വ്യക്തി യ്ക്ക് വോട്ടവകാശം ഉണ്ടാവില്ല. വേതനം ലഭി ക്കുന്ന മുന്തിയ വിദ്യാഭ്യാസനിലവാരമുള്ള ഉദ്യോഗസ്ഥനാവും അദ്ദേഹം. ഭരണനിർവ്വഹ ണത്തെ നിയന്ത്രിക്കാനും, സാമ്പത്തികമായി അച്ചടക്കം കൊണ്ടുവരാനും, സംഘങ്ങളെ നയിക്കാനും, വിപണനരീതികളെ നിയന്ത്രി ക്കാനുമുള്ള കഴിവ് ഇദ്ദേഹത്തിനുണ്ടാകണം.

18.6.2. കർഷക ഉല്പാദകസംഘങ്ങളെ, സഹകരണസംഘങ്ങൾക്കും നിയമപ്രകാരം രജിസ്റ്റർചെയ്യപ്പെട്ടിട്ടുള്ള സ്വാശ്രയസംഘ ങ്ങൾക്കും തുല്യമായി പരിഗണിക്കുകയും, അത്തരം സംഘങ്ങളിലെ അംഗങ്ങൾക്ക് കാലാകാലം ലഭിക്കുന്ന എല്ലാവിധ നേട്ടങ്ങളും ആനുകൂല്യങ്ങളും കർഷക ഉല്പാദകസംഘ ങ്ങളിലെ അംഗകർഷകർക്കും ഉറപ്പുവരുത്തു കയും വേണം.

18.6.3. അംഗകർഷകർക്ക് ഉപയോഗിക്കാനുള്ള ഉല്പാദനോപാധികളുടെ (വിത്ത്, വളം, കീടനാശിനികൾ, കൃഷിക്കാവശ്യമായ യന്ത്രങ്ങൾ മുതലായവ) വ്യാപാരത്തിനും, സഹകരണസംഘങ്ങളെപ്പോലെ കാർഷികോല്പാദന സാമഗ്രികൾ കൈകാര്യംചെയ്യാനും ആവശ്യമായ ലൈസൻസ് എളുപ്പത്തിൽ നൽകി കർഷക ഉല്പാദകസംഘങ്ങളെ സർക്കാർ സഹായിക്കണം.

18.6.4. സാക്ഷ്യപ്പെടുത്തിയ വിത്ത്, തൈകൾ, മറ്റു നടീൽവസ്തുക്കൾ എന്നിവയുടെ ഉല്പാദകരായി അംഗീകരിച്ചും സഹകരണ സംഘങ്ങൾക്കൊപ്പം ഉല്പാദന-വിപണന ധനസഹായങ്ങൾ ലഭ്യമാക്കിയും കർഷക ഉല്പാദക സംഘങ്ങളെ ക്രിയാത്മകമായി ഉപയോഗിക്കണം.

18.6.5. വിവിധ വിളകളുടെ അടിസ്ഥാന താങ്ങുവില (MSP) ആധാരമാക്കിയുള്ള അംഗീകൃത സംഭരണകേന്ദ്രങ്ങളായി കർഷക ഉല്പാദകസംഘങ്ങളെ ശക്തിപ്പെടുത്തണം.

18.6.6. വിവിധ കാർഷികവികസന പദ്ധതികളായ RKVY, NFSM, ATMA തുടങ്ങിയവയുടെ നിർവ്വഹണഏജൻസികളാക്കി മാറ്റിയും അംഗകർഷകർക്ക് വിവിധ കേന്ദ്ര-സംസ്ഥാന പദ്ധതികളുടെ ആനുകൂല്യങ്ങൾ നൽകുന്നതിൽ മുൻഗണനനൽകിയും കർഷക ഉല്പാദകസംഘങ്ങളെ ശക്തിപ്പെടുത്താം.

18.6.7. അംഗകർഷകർക്ക് പ്രവർത്തനമൂലധനം, സംഭരണ-സംസ്കരണ സൗകര്യങ്ങൾക്കുള്ള മുതൽമുടക്ക്, മറ്റു ധനനിക്ഷേപങ്ങൾ തുടങ്ങിയവയുടെ ലഭ്യത സുഗമമാക്കാനായി കർഷക ഉല്പാദകസംഘങ്ങളെ സഹകരണ ബാങ്കുകൾ, മറ്റു ബാങ്കുകൾ തുടങ്ങിയ സാമ്പത്തികസ്ഥാപനങ്ങളുമായി ബന്ധിപ്പിക്കേണ്ടതുണ്ട്.

18.6.8. നിർദ്ദിഷ്ട നെൽ-നാളികേര ജൈവ പാർക്കുകളിൽ വ്യവസായങ്ങൾ തുടങ്ങുന്നതിന് കർഷക ഉല്പാദകസംഘങ്ങളെ മാത്രം അനുവദിക്കുന്ന തിലൂടെ കുത്തകക്കമ്പനികൾ കർഷകരെ ചൂഷണംചെയ്യുന്നത് തടയാൻ കഴിയും.

**18.7 നയം 80. അംഗകർഷകർക്ക് പരിപൂർണ്ണസേവനം ലഭ്യമാക്കുന്ന തരത്തിൽ കർഷക ഉല്പാദകസംഘങ്ങളെ രൂപകല്പന ചെയ്യണം.**

18.7.1. കൃഷിയിലെ എല്ലാ തലങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ട് (നിക്ഷേപങ്ങൾ തൊട്ട് സംസ്കരണത്തിലും വിപണനരീതിയിലുമുള്ള സാങ്കേതിക സേവനങ്ങൾ വരെ) കർഷക ഉല്പാദകസംഘങ്ങൾ അതിന്റെ അംഗങ്ങൾക്ക് ബഹുമുഖസേവനങ്ങൾ എത്തിക്കണം. പ്രധാന വ്യാപാര-വികസന സേവനങ്ങളായ കമ്പോളവിവരം, നിക്ഷേപവിതരണങ്ങൾ, ഗതാഗതസേവനങ്ങൾ എന്നിവയുടെ വിതരണവും ആവശ്യകതയും ലഭ്യതയും ഏകോപിപ്പിക്കുന്നതിനായി കർഷകരും, സംസ്കരണം നടത്തുന്നവരും, വ്യാപാരികളും, ചില്ലറവ്യാപാരികളും തമ്മിലുള്ളബന്ധം കർഷക ഉല്പാദകസംഘങ്ങൾ സുഗമമാക്കണം. ഉയർന്നുവരുന്ന ആവശ്യകതയെ അടിസ്ഥാനമാക്കി സമയാസമയങ്ങളിൽ പുതിയ സേവനങ്ങൾ കർഷക ഉല്പാദകസംഘങ്ങൾ ഉൾപ്പെടുത്തികൊണ്ടിരിക്കണം.

18.7.2. സേവനങ്ങളുടെ കൂട്ടത്തിൽ സാമ്പത്തിക-വ്യാപാര-ക്ഷേമ പരിപാടികൾ ഉൾപ്പെടും.

18.7.3. *സാമ്പത്തികസേവനങ്ങൾ:* വിളകൾക്കും, കാർഷികയന്ത്രങ്ങൾ വാങ്ങുന്നതിനും ജലസേചനസൗകര്യം ഏർപ്പെടുത്തുന്നതിനും ആവശ്യമായ വായ്പകൾ കർഷക ഉല്പാദകസംഘങ്ങൾ ലഭ്യമാക്കണം.

18.7.4. *ഉല്പാദനോപാധി വിതരണ സേവനങ്ങൾ:* അംഗങ്ങളായ കർഷകർക്ക് വിലകുറഞ്ഞതും ഗുണമേന്മയുള്ളതുമായ ഉല്പാദനോപാധികൾ (വിത്ത്, വളം, കീടനാശിനികൾ, സസ്യസംരക്ഷണ ഉപകരണങ്ങൾ, കാർഷികോപകണങ്ങൾ തുടങ്ങിയവ) കർഷക ഉല്പാദകസംഘങ്ങൾ ലഭ്യമാക്കണം.

18.7.5. *സംഭരണ-പാക്കേജിങ് സേവനങ്ങൾ:* കർഷക ഉല്പാദകസംഘങ്ങൾ അംഗകർഷകരിൽനിന്നും കാർഷികോല്പന്നങ്ങൾ സംഭരിക്കുകയും കേടുകൂടാതെ സൂക്ഷിക്കുകയും മൂല്യവർദ്ധനയും പാക്കേജിംഗും നടത്തുകയും വേണം.

18.7.6. *വിപണനസേവനങ്ങൾ:* കാർഷികോല്പന്നങ്ങളുടെ സംഭരണത്തിനുശേഷം കർഷക ഉല്പാദകസംഘങ്ങൾ നേരിട്ട് വിപണനം നടത്തണം. വില്പനയ്ക്ക് വേണ്ടിവരുന്ന സമയം, ക്രയവിക്രയങ്ങളുടെ ചെലവുകൾ, ഭാരത്തിൽവരുന്ന കുറവുകൾ, നിസ്സാരവിലയ്ക്ക് വില്ക്കേണ്ടിവരുന്ന അവസ്ഥ, വിലയിൽവരുന്ന വ്യതിയാനം, വർദ്ധിച്ച കടത്തുകൂലി, ഗുണമേന്മയിലെ നഷ്ടം ഇവയെ നേരിടാൻ ഇത് അംഗങ്ങളെ പ്രാപ്തമാക്കുന്നു.

18.7.7. *ഇൻഷ്വറൻസ് സേവനങ്ങൾ:* വിവിധ ഇൻഷ്വറൻസുകളായ വിള ഇൻഷ്വറൻസ്, ഇലക്ട്രിക് മോട്ടോറുകളുടെ ഇൻഷ്വറൻസ്, ലൈഫ് ഇൻഷ്വറൻസ് എന്നിവ കർഷക ഉല്പാദകസംഘങ്ങൾ (FPO) ലഭ്യമാക്കണം.

18.7.8. *സാങ്കേതിക സേവനങ്ങൾ:* മെച്ചമായ കൃഷിരീതികൾ, വിപണനവിവര വ്യവസ്ഥ നിലനിർത്തൽ, കാർഷികോല്പാദനത്തിലെ അറിവിന്റെ തലം ഉയർത്തലും വൈവിദ്ധ്യവല്കരണവും, ഉല്പന്നങ്ങളുടെ മൂല്യവർദ്ധന തുടങ്ങിയവയെ കർഷക ഉല്പാദകസംഘങ്ങൾ ഉയർത്തിക്കൊണ്ടുവരണം.

18.7.9. *നെറ്റ്‌വർക്കിങ്ങ് സേവനങ്ങൾ:* വിവരം ലഭിക്കുന്നതിനും (ഉദാ: കാർഷികോല്പന്നങ്ങളുടെ പ്രത്യേകത, മേന്മ, കമ്പോളവില), ഗ്രാമീണ ഉല്പാദകർക്ക് ആവശ്യമായ മറ്റു വ്യാപാരസേവനങ്ങൾ (സാമ്പത്തിക സ്ഥാപനങ്ങളുമായുള്ള ബന്ധം സുഗമമാക്കൽ, ഉല്പാദകർ, സംസ്കരണം നടത്തുന്നവർ, വ്യാപാരികൾ, ഉപഭോക്താക്കൾ കയറ്റുമതിക്കാർ എന്നിവരുമായി ബന്ധം പടുത്തുയർത്തൽ) ലഭ്യമാക്കുന്നതിനും സർക്കാർപദ്ധതികളുമായി സഹകരിക്കാനും കർഷക ഉല്പാദകസംഘങ്ങൾ (FPO) ബോധപൂർവ്വമായ ശ്രമങ്ങൾ നടത്തണം.

**18.8 നയം 81. കർഷക ഉല്പാദകസംഘങ്ങളുടെ ഉന്നമനത്തിന് ചുമതലയുള്ള റിസോഴ്സ് സ്ഥാപനമായി സംസ്ഥാന സർക്കാർ SFAC യെ നിയമിക്കണം.**

18.8.1. കർഷക ഉല്പാദകസംഘങ്ങളുടെ (FPO) ഉന്നമനത്തിനായി SFAC യെ റിസോഴ്സ് സ്ഥാപനമായി സർക്കാരിന് നിയമിക്കാമെന്ന് കർഷക ഉല്പാദകസംഘങ്ങൾ സംബന്ധിച്ച ദേശീയനയം നിർദ്ദേശിച്ചിട്ടുണ്ട്. ഈ സൗകര്യം നന്നായി പ്രയോജനപ്പെടുത്തണം. ഈ പ്രവർത്തനം യുദ്ധകാലാടിസ്ഥാനത്തിൽ നടത്തേണ്ടതിനാൽ SFAC യ്ക്ക് ആവശ്യമായത്ര ജീവനക്കാരുടെ സഹായം ഉറപ്പുവരുത്തണം.

18.8.2. ബന്ധപ്പെട്ട സർക്കാർവകുപ്പുകളുമായി ചർച്ചനടത്തി റിസോഴ്സ് സ്ഥാപനം കർഷക ഉല്പാദകസംഘങ്ങൾ സ്ഥാപിക്കാനുള്ള സ്ഥലങ്ങൾ തെരഞ്ഞെടുക്കണം.

18.8.3. തെരഞ്ഞെടുത്ത സ്ഥലങ്ങളിൽ വ്യവസ്ഥിതി നിർണ്ണയപഠനങ്ങൾ നടത്തണം. കൃഷിക്കാരുടെ പ്രാരംഭസ്ഥിതിഗതികളും സ്ഥലത്തിന്റെ കാർഷികക്ഷമതയും വിലയിരുത്താനാണ് ഈ പഠനം നടത്തുന്നത്. ക്ഷമത വർധിപ്പിക്കാൻ എങ്ങനെ ഇടപെടണമെന്ന് മനസ്സിലാക്കാനും ഏത് പ്രത്യേക പദ്ധതി അവിടെ പ്രാവർത്തികമാക്കണം എന്ന് മനസ്സിലാക്കാനും ഈ പഠനം സഹായിക്കും.

18.8.4. കർഷക ഉല്പാദകസംഘങ്ങളുടെ രൂപവല്കരണത്തനായി SFAC നടത്തുന്ന സാധ്യതാപഠനം പുറമേനിന്നുള്ള വിദഗ്ദ്ധന്മാരെ ഉൾപ്പെടുത്തി വിശകലനംചെയ്യുകയും വിശദമായ പദ്ധതിരേഖ തയ്യാറാക്കുകയും വേണം. സാമ്പത്തികം, സാങ്കേതികം, നിയമപരം, രാഷ്ട്രീയം, സാമൂഹ്യ- സാസ്കാരികം, പാരിസ്ഥിതികം തുടങ്ങിയ വസ്തുതകളെല്ലാം ഒരു സാധാരണ പ്രായോഗികസാദ്ധ്യതാപഠനത്തിൽ ഉൾപ്പെടും. ഇത് നിലവിലുള്ള പ്രത്യേക പ്രാദേശികപരിതസ്ഥിതിയിൽ കർഷക ഉല്പാദകസംഘങ്ങളുടെ സ്ഥാപനത്തിനുള്ള സാധ്യതകൾ വിശകലനം ചെയ്യും.

18.8.5. ചെറുകിട-നാമമാത്ര-കുടികിടപ്പ് കർഷകരുടെ ഇപ്പോഴത്തെ കാർഷിക സ്ഥിതിയെ സംബന്ധിക്കുന്ന വിവരങ്ങൾ ശേഖരിക്കാൻ റിസോഴ്സ് സ്ഥാപനം നടപ്പിലാക്കുന്ന *ആധാരരേഖ വിലയിരുത്തൽ*

(Baseline Assessment) സഹായിക്കും. സാദ്ധ്യമായ ഇടപെടലുകൾ തിരിച്ചറിയാനും, വികസനവും വ്യാപാരരീതികളും ആസൂത്രണംചെയ്യാനും, ഇടപെടലുകൾ സൃഷ്ടിക്കുന്ന മാറ്റങ്ങളുടെ കണക്കെടുപ്പിലൂടെ ഭാവി വിലസൂചിക അടിസ്ഥാനമാക്കിയുള്ള ആധാരസംഖ്യകൾ ഉറപ്പിക്കാനുമെല്ലാം ആധാരരേഖാ വിലയിരുത്തലിലൂടെ കഴിയും. ക്രമീകൃതമായരീതിയിൽ നടത്തുന്ന അഭിമുഖങ്ങൾവഴിയും വേർതിരിച്ച് ഓരോഭാഗങ്ങളിൽ യദൃശ്ചയാ നടത്തുന്ന പരിശോധനകൾവഴിയും വിവിധ തല്പരകക്ഷികളുമായി നടത്തുന്ന തുറന്ന ചർച്ചകൾവഴിയും ഈ വിലയിരുത്തലുകൾ നടത്താം.

18.8.6. തെരഞ്ഞെടുത്ത കർഷകപ്രതിനിധികളുടെ സഹായത്തോടെ SFAC ക്ക് വാണിജ്യപരമായ ആസൂത്രണങ്ങൾ നടപ്പിലാക്കാം. തന്ത്രപരവും പ്രവൃത്ത്യുൻമുഖവുമായി കർഷക ഉല്പാദകസംഘങ്ങളെ രൂപപ്പെടുത്തുന്ന വ്യവസ്ഥയെയാണ് *വാണിജ്യപരമായ ആസൂത്രണം* (Business Planning) എന്നുപറയുന്നത്. അംഗങ്ങളായ കർഷകർക്കായി ഉല്പന്നങ്ങളും സേവനങ്ങളും ഏത് തലത്തിൽനിന്നും വികസിപ്പിക്കണം എന്ന് മനസ്സിലാക്കാനുള്ള പ്രധാന ഉപാധി *ആധാരരേഖാ വിലയിരുത്തൽ* രേഖകൾ ആണെങ്കിലും കർഷക ഉല്പാദകസംഘങ്ങളുടെ ഭാവിയെക്കുറിച്ചുള്ള ഏകീകൃതമായ കാഴ്ചപ്പാടിനാണ് കൂടുതൽ പ്രാധാന്യം. വിവിധ ഉപകരണങ്ങളും വ്യവസ്ഥാപിതമായ സഞ്ചിതബിംബങ്ങളും ഉപയോഗിച്ച് വിവിധകാര്യങ്ങളിൽ ശരിയായ കണക്കുകൂട്ടലുകളോടെ ഒരു *വ്യാപാര പ്ലാൻ* വികസിപ്പിച്ചെടുക്കേണ്ടത് ആവശ്യമാണ്. ഒരു കർഷക ഉല്പാദകസംഘത്തിൽ കുറഞ്ഞത് 10% അംഗകർഷകരുടെയെങ്കിലും കാര്യത്തിൽ വ്യക്തമായ കാഴ്ചപ്പാട് നൽകുംവിധം വിശദമായിവേണം വാണിജ്യപരമായ ആസൂത്രണങ്ങൾ വികസിപ്പിക്കാൻ.

**18.9 നയം 82. കർഷക ഉല്പാദകസംഘങ്ങളുടെ രൂപവല്കരണം ശാസ്ത്രീയമായി നടപ്പാക്കുന്നതിലൂടെ അവയുടെ നിലനില്പ് സുസ്ഥിരമാക്കാനാവും.**

18.9.1. ഒരു പ്രത്യേകദൗത്യസംഘത്തിന്റെ ശ്രമഫലമായി, തെരഞ്ഞെടുക്കപ്പെട്ട ഒരു കർഷകക്കൂട്ടായ്മയുടെ സഹായത്തോടെ, *വ്യാപാര പ്ലാൻ* അടിസ്ഥാനമാക്കി ശക്തമായ ഒരു സംരംഭം യാഥാർത്ഥ്യമാക്കിക്കഴിഞ്ഞാൽ കർഷകരെ തല്പരസംഘങ്ങളിലേയ്ക്കും (FIG) അതിലൂടെ സാവധാനം കർഷക ഉല്പാദകസംഘങ്ങളിലേയ്ക്കും (FPO) നയിക്കാൻ കഴിയും. കർഷകരെ ഒരുമിച്ചുകൂട്ടാനായി ലഘുലേഖകൾ, വീഡിയോചിത്രങ്ങൾ, പോസ്റ്ററുകൾ, വില്ലേജുതലത്തിലുള്ള പതിവായ കൂടിച്ചേരലുകൾ, പ്രചോദകരായ അംഗകർഷകരുടെ വികസനവീക്ഷണങ്ങൾ തുടങ്ങി വിവിധതരത്തിലുള്ള വിവര-വാർത്താവിനിമയ സംവിധാനങ്ങൾ ഉപയോഗപ്പെടുത്താനാവും.

18.9.2. ഒരു ക്ലസ്റ്റർ പ്രദേശത്തെ കർഷക തല്പരഗ്രൂപ്പുകൾ (FIG) ഒന്നിച്ചു ചേർന്ന് കർഷക ഉല്പാദകസംഘം (FPO) ആവുന്നു. സാധാരണഗതിയിൽ 50 - 70 കർഷക തല്പരഗ്രൂപ്പുകൾ ചേർന്നാണ് ഒരു കർഷക ഉല്പാദകസംഘം രൂപപ്പെടുന്നത്. കമ്പനിനിയമത്തിൻ കീഴിലുള്ള ഉല്പാദകക്കമ്പനി വിഭാഗത്തിലുൾപ്പെടുത്തി കർഷക ഉല്പാദകസംഘങ്ങൾ രജിസ്റ്റർ ചെയ്യാം. FPO സംബന്ധിച്ച ദേശീയ നയത്തിൽ കർഷക ഉല്പാദകസംഘങ്ങളുടെ രജിസ്ട്രേഷൻ നടപടികൾ വിശദീകരിക്കുന്ന ഒരു പ്രത്യേക ഭാഗമുണ്ട്. ഇതൊക്കെയാണെങ്കിലും, കർഷകരെ ഒന്നിച്ചുചേർക്കുന്നത് ഒരു ഔദ്യോഗിക സംരംഭം രജിസ്റ്റർചെയ്യുക എന്ന ലക്ഷ്യം മുൻനിർത്തി മാത്രമാകരുതെന്ന് വ്യക്തമാക്കേണ്ടതുണ്ട്.

18.9.3. കർഷക ഉല്പാദകസംഘങ്ങൾ ഏതുതരത്തിലായിത്തീരണം (സഹകരണ സ്ഥാപനം, ഉല്പാദകക്കമ്പനി, അന്തർ സംസ്ഥാനസംഘം) എന്നത് അംഗകർഷകർ

യഥാസമയം എടുക്കേണ്ട ഒരു തീരുമാനമാണ്. കർഷക ഉല്പാദകസംഘങ്ങൾ രജിസ്റ്റർചെയ്യുന്നതിന് നിശ്ചിത സമയമൊന്നുമില്ല എന്നതിനാൽത്തന്നെ, രജിസ്ട്രേഷൻപ്രക്രിയ ഒരുതരത്തിലും ധൃതിയിൽ ചെയ്യാൻ പാടില്ലായെന്നതും പ്രധാനകാര്യമാണ്. കർഷക തല്പരഗ്രൂപ്പുകൾ പ്രവർത്തനപരിചയം നേടിയെടുക്കുന്നതിനും കൂടിച്ചേരലിന്റെ അനുഭവപാഠങ്ങൾ മനസ്സിലാക്കുന്നതിനും 18 മുതൽ 24 വരെ മാസങ്ങളെടുക്കാം. ഇതിനുശേഷംമാത്രമേ FPO രജിസ്ട്രേഷൻ നടത്താനുള്ള ശ്രമം ആരംഭിക്കാവൂ.

18.9.4. കർഷക ഉല്പാദകസംഘങ്ങളുടെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുൻപുതന്നെ അംഗകർഷകപ്രതിനിധികളുടെയും ബോർഡ് ഡയറക്ടർമാരുടേയും സഹായത്തോടെ ലഭ്യമായ മുഴുവൻ വിഭവങ്ങളും സ്വരൂപിക്കാൻ റിസോഴ്സ് സ്ഥാപനത്തിന് കഴിയണം. സാമ്പത്തിക-സാങ്കേതിക-ഭൗതിക വിഭവങ്ങളും മാനവശേഷിയും (ജീവനക്കാർ) ഇക്കാലയളവിൽ വികസിപ്പിക്കേണ്ടതുണ്ട്.

18.9.5. കർഷക ഉല്പാദകസംഘങ്ങളിലെ പരിപാലനവ്യവസ്ഥകൾ റിസോഴ്സ് സ്ഥാപനംതന്നെ വികസിപ്പിക്കണം. സാമ്പത്തികസേവനങ്ങൾ, നിക്ഷേപത്തിന്റെയും ഉല്പാദനത്തിന്റെയും പരിപാലനസേവനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട എല്ലാ ആവശ്യകതകളും പരിപാലനവ്യവസ്ഥകളുടെ മാർഗ്ഗനിർദ്ദേശകതത്വങ്ങൾക്ക് അഭിസംബോധന ചെയ്യാൻകഴിയും. സാമ്പത്തികപാലനം, മാനവശേഷിവികസനം, ചരക്കുകളുടെ നീക്കിയിരിപ്പും ഇനവിവരപ്പട്ടികയും, ഉല്പന്നങ്ങളുടെ സംഭരണവും ഗുണമേന്മ ഉറപ്പാക്കലും, വിപണനരീതികൾ, കണക്കുസൂക്ഷിപ്പ്, മറ്റു പ്രധാന പ്രവർത്തനതലങ്ങൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട വ്യവസ്ഥകളും രീതികളും വികസിപ്പിക്കണം. ഇതിനായി അംഗീകൃത നടപടിക്രമങ്ങൾ പാലിക്കണം.

18.9.6. കർഷക ഉല്പാദകസംഘങ്ങളിലെ വ്യാപാരപ്രവർത്തനങ്ങൾ സുഗമമായി നടത്താൻ ഭരണരംഗത്തും ദൈനംദിന പ്രവർത്തന രംഗത്തു മുള്ളവരെ വളരെ ശ്രദ്ധയോടെ പരിശീലിപ്പിക്കേണ്ട ചുമതല റിസോഴ്സ് സ്ഥാപനത്തിനാണ്. ഉല്പാദനം, സംഭരണം, സംസ്കരണം, വിപണനം, സാമ്പത്തിക-സേവനപ്രവർത്തനങ്ങൾ ഇവയുടെയെല്ലാം തുടക്കമാണ് വ്യാപാര പ്രവർത്തനങ്ങൾ.

18.9.7. കർഷക ഉല്പാദകസംഘങ്ങളുടെ പ്രവർത്തനത്തിൽ പങ്കാളിത്തം വഹിക്കുന്ന അംഗകർഷകർ, ഭരണസമിതിഅംഗങ്ങൾ, സേവനദാതാക്കൾ ഇവരുടെ പ്രകടനം സ്ഥിരമായി വിലയിരുത്താൻ റിസോഴ്സ് സ്ഥാപനം സംവിധാനങ്ങൾ വികസിപ്പിക്കണം. സംഘങ്ങൾക്ക് അവയുടെ സ്ഥാപന വളർച്ചാസൂചികയിലൂടെ പ്രവർത്തന പുരോഗതി പ്രതിഫലിപ്പിക്കുന്നതിനും സഹായം നൽകണം. സംഘങ്ങളുടെ പ്രവർത്തനത്തിൽ സുതാര്യതയും ചുമതലാബോധവും കാത്തുസൂക്ഷിക്കാൻ ആഭ്യന്തര ഭരണനിർവ്വഹണ പ്രക്രിയയും വരവ്-ചെലവ് കണക്കെടുപ്പും സഹായിക്കും.

# 19. കാർഷിക യന്ത്രവല്കരണവുമായി ബന്ധപ്പെട്ട നയങ്ങൾ

19.1. മനുഷ്യപ്രയത്നം കുറയ്ക്കാനും കാർഷികോല്പാദനം വർദ്ധിപ്പിക്കാനും അത്യാവശ്യഘടകമായി കാർഷിക യന്ത്രവല്കരണത്തെ കാണുന്നു. ഹരിതവിപ്ലവത്തിന് ശേഷമുള്ള കാലഘട്ടത്തിൽ, കാർഷികോല്പാദനത്തിലും ഉല്പാദനക്ഷമതയിലുമുള്ള കാർഷിക യന്ത്രവല്കരണത്തിന്റെ സ്വാധീനം ഇന്ത്യക്കാർ നന്നായി മനസ്സിലാക്കിയിട്ടുണ്ട്. മറ്റു ഉല്പാദനോപാധികളായ ജലസേചനം, അത്യുല്പാദനശേഷിയുള്ള വിത്തിനങ്ങൾ, രാസവളങ്ങൾ, കളനാശിനികൾ, കീടനാശിനികൾ തുടങ്ങിയവയുടെ ഉപയോഗത്തെ ആശ്രയിച്ച് ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങൾ വിവിധ തലത്തിലുള്ള യന്ത്രവല്കരണ പദ്ധതികളാണ് നടപ്പിലാക്കിയത്. ഇത് കാർഷികോല്പാദനവും ഉല്പാദനക്ഷമതയും മൂന്ന് നാല് മടങ്ങ് വർദ്ധിപ്പിക്കാൻ കാരണമായി.

19.2. ലോക ഭക്ഷ്യകാർഷിക സംഘടന (FAO) യുടെ നിർവ്വചനപ്രകാരം *കാർഷിക യന്ത്രവല്കരണം* എന്ന പദം, മനുഷ്യശക്തിയാലോ മൃഗശക്തിയാലോ ഊർജ്ജശക്തിയാലോ ഇവയുടെ സംയോജനംവഴിയോ ഉപകരണങ്ങൾ, പണിയായുധങ്ങൾ, യന്ത്രങ്ങൾ എന്നിവ ഉപയോഗിച്ച് തൊഴിലാളികളുടെയും ഭൂമിയുടെയും ഉല്പാദനക്ഷമത മെച്ചപ്പെടുത്താൻ ഉപയോഗിക്കുന്നതിനെ വിശദീകരിക്കുന്നു. അതിനാൽ പ്രയോഗത്തിൽ സാധാരണ കൈകൊണ്ട് ഉപയോഗിക്കുന്ന ഉപകരണങ്ങൾ, മൃഗശക്തി പ്രയോജനപ്പെടുത്തുന്ന യന്ത്രങ്ങൾ, ആധുനിക സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുന്ന യന്ത്രങ്ങൾ തുടങ്ങി എല്ലാരൂപത്തിലുമുള്ള ശക്തിസ്രോതസ്സുകളുടെയും യന്ത്രപരമായ സഹായങ്ങളുടെയും പ്രയോഗവും ഉപയോഗവും ഇതിൽ ഉൾപ്പെടുന്നു,

19.3. കേരളത്തിൽ കൃഷിയിൽ അനുകൂലമായ മാറ്റം ഉണ്ടാക്കുന്നതിന് ആധുനിക സാങ്കേതികവിദ്യയുടെ പ്രയോഗത്തിന്റെയും പ്രവർത്തനസമ്പ്രദായങ്ങളുടെയും ഏകോപനം ആവശ്യമാണ്. കാർഷിക ഉല്പാദനക്ഷമതയിൽ ശ്രദ്ധേയമായ അഭിവൃദ്ധിവരുത്താൻ കാർഷിക യന്ത്രവല്കരണം സഹായകമായിട്ടുണ്ട്. കൃഷിചെയ്യുന്ന സ്ഥലവും അവയുടെ ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കാൻ സഹായിക്കുന്ന പ്രവർത്തനങ്ങളുടെ എണ്ണം കുറയ്ക്കാൻ ഉന്നത ഉല്പാദനക്ഷമതയുള്ള യന്ത്രങ്ങളുപയോഗിച്ച് സാധിക്കും. യന്ത്രവല്കരണം ഉല്പാദനത്തിന്റെ ചെലവും അദ്ധ്വാനവും കുറയ്ക്കും. വൻകിട ഉല്പാദനംവഴി കൃഷിസ്ഥലത്തെ യൂണിറ്റ് ചെലവ് കുറയ്ക്കാനും പാരിസ്ഥിതിക വെല്ലുവിളികൾ, തൊഴിലാളിക്ഷാമമുയർത്തുന്ന വെല്ലുവിളികൾ എന്നിവ കുറയ്ക്കാനും കഴിയും. വേഗത്തിൽ വിളവെടുക്കുകയും, വൃത്തിയാക്കുകയും, ഉപയോഗിക്കുകയും വഴി സമയാസമയങ്ങളിലുള്ള വിപണനരീതി സാധ്യമാവുന്നു. വിളവെടുപ്പുമുഖേനയുള്ള നഷ്ടം വലിയൊരളവിൽ കുറയ്ക്കാൻ യന്ത്രവല്കരണം സഹായിക്കുന്നു.

**19.4 നയം 83. ട്രാക്ടറുകൾ, പവർടില്ലറുകൾ, മറ്റ് കാർഷികയന്ത്രങ്ങൾ തുടങ്ങിയവ വാടകയ്ക്ക് ലഭ്യമാക്കുന്ന സ്ഥാപനങ്ങളെ, പരിശീലനത്തിലൂടെയും സാമ്പത്തികസഹായത്തിലൂടെയും, പലിശയിളവ് ലഭ്യമായ ലോണുകളിലൂടെയും പ്രോത്സാഹിപ്പിക്കുക വഴി ഉയർന്ന പ്രവർത്തനക്ഷമതയുള്ള ഉപകരണങ്ങളുടെയും കാർഷികയന്ത്രങ്ങളുടെയും ലഭ്യത ഉറപ്പുവരുത്തണം. ഇതിലൂടെ സംരംഭകന്റെ മൊത്തവരവും വരുമാനവും കൂട്ടുകയും, അങ്ങനെ ഇത്തരത്തിലുള്ള ഉപകരണങ്ങൾ വാടകയ്ക്ക് കൊടുക്കുന്ന വ്യാപാരത്തെ പ്രോത്സാഹിപ്പിക്കുകയും ചെയ്യണം.**

19.4.1. ലഭ്യമായ ഭൂമി തുടർച്ചയായി തുണ്ടു തുണ്ടാക്കുന്നതുമൂലം സംസ്ഥാനത്ത് കൃഷിയ്ക്ക് ലഭ്യമായ ഭൂമിയിൽ വമ്പിച്ച കുറവ് വന്നുകൊണ്ടിരിക്കുകയും ചെറുകിട-നാമമാത്ര കർഷകരുടെ ശതമാനം വർദ്ധിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഇത് കാർഷികോപകരണങ്ങളുടെ വ്യക്തിപരമായ ഉടമസ്ഥത വളരെ പ്രയാസം നിറഞ്ഞതാക്കുന്നു.

19.4.2. ഈ ലക്ഷ്യത്തിനായി സംസ്ഥാനത്ത് തെരഞ്ഞെടുത്ത ബ്ലോക്കുകളിൽ തുടങ്ങിയ കാർഷികസേവനകേന്ദ്രങ്ങൾ ഇതിന് നല്ലൊരു പ്രതിവിധിയാണ്; പക്ഷേ പഞ്ചായത്തുതലത്തിൽ ഇതിന്റെ സേവനങ്ങൾ എത്തിക്കുവാൻ കൂടുതൽ ശ്രദ്ധിക്കേണ്ടതുണ്ട്. അതിനാൽ കാർഷികസേവന കേന്ദ്രങ്ങൾ പഞ്ചായത്തുതലത്തിൽ തുടങ്ങാവുന്നതും ഇക്കാര്യങ്ങൾ ചെയ്യുന്നതിനുള്ള അംഗീകൃതസ്ഥാപനമായി ഈ നയരേഖ ഭാഗം 18.3 പ്രകാരമുള്ള കർഷക ഉല്പാദകസംഘങ്ങളെ (FPO) പരിഗണിക്കാവുന്നതുമാണ്.

**19.5 നയം 84. കാര്യക്ഷമമല്ലാത്ത കാർഷികോപകരണങ്ങൾ മാറ്റി മെച്ചപ്പെട്ട ഉപകരണങ്ങളും യന്ത്രസാമഗ്രികളും വാങ്ങാൻ ആവശ്യമായ സാമ്പത്തികസഹായങ്ങൾ ലഭ്യമാക്കണം.**

19.5.1. മൂലധനനിക്ഷേപത്തിന്റെ കുറവു കാരണം സംസ്ഥാനത്തെ ചെറുകിട-നാമമാത്ര കർഷകർക്ക് അവർ ഇപ്പോൾ ഉപയോഗിക്കുന്ന കാർഷിക ഉപകരണങ്ങൾ മാറ്റി, അത്യാധുനിക ഉപകരണങ്ങൾ കൊണ്ടുവരാനുള്ള സാമ്പത്തികസാഹചര്യമില്ല. ഈ യാഥാർത്ഥ്യം മനസ്സിലാക്കികൊണ്ട്, സർക്കാർതന്നെ ഇത്തരം കാര്യക്ഷമതകുറഞ്ഞ ഉപകരണങ്ങൾക്ക് പകരം നല്ല ഗുണമേന്മയും കാര്യക്ഷമതയുമുള്ള ഉപകരണങ്ങൾ നൽകുവാനുള്ള പദ്ധതികൾ നടപ്പിലാക്കണം. ഈ ഉദ്യമത്തെ സഹായിക്കുന്നതിനായി സാമ്പത്തിക പ്രചോദനപരിപാടികൾ കൂടി പ്രയോഗത്തിൽ കൊണ്ടുവരണം.

19.5.2. കർഷകർക്ക് യന്ത്രങ്ങൾ വിതരണംചെയ്യുന്നതിന് സംസ്ഥാനം നാളിതുവരെ സഹായം നൽകിവരികയും, ഇന്ന് അത് കൂടുതൽ മുൻഗണന ലഭിക്കേണ്ട കാര്യമായി പരിഗണിക്കുകയും ചെയ്യുന്നുണ്ട്. ഈ കാലഘട്ടത്തിൽ സാങ്കേതികവിദ്യകൾക്ക് ഒട്ടനവധി മാറ്റങ്ങൾ സംഭവിച്ചതിനാൽ ഈ ഉപകരണങ്ങളുടെ സ്ഥാനത്ത് ആധുനികഉപകരണങ്ങളും കാർഷികയന്ത്രങ്ങളും കൊണ്ടുവരേണ്ടത് ആവശ്യമാണ്.

**19.6 നയം 85. വേഗതയാർന്നതും കാര്യക്ഷമതയുള്ളതുമായ കാർഷിക യന്ത്രവല്കരണം സാദ്ധ്യമാക്കാനായി വിജ്ഞാനവ്യാപന ഉദ്യോഗസ്ഥരേയും, ഗവേഷകരേയും, വികസനപ്രവർത്തകരേയും ഉന്നത സാങ്കേതിക വിദ്യകളുടെ ഉപയോക്താക്കളായ കർഷകരേയും ഒരു കുടക്കീഴിൽ കൊണ്ടുവരാനുള്ള തന്ത്രപരമായ സമീപനം സംസ്ഥാനം സ്വീകരിക്കണം.**

19.6.1. ഓരോ കർഷകന്റെയും ഗവേഷകന്റെയും വ്യവസായിയുടെയും ചിന്തകൾക്കപ്പുറം, അവരുടെ സംഘടനകളുടെയോ സ്ഥാപനങ്ങളുടെയോ കഴിവിനപ്പുറം, ഭാവനാത്മകമായ നൂതനാശയങ്ങളുടെ പ്രയോഗരീതിയാണ് ആധുനിക കൃഷിസമ്പ്രദായത്തിനാവശ്യം. ഗവേഷണത്തിന്റേയും കാർഷിക വ്യാപാരത്തിന്റേയും നിർഗുണമായ കൂടിച്ചേരലും കാർഷിക യന്ത്രവല്കരണത്തിനുള്ള സംസ്ഥാന തന്ത്രങ്ങളുടെ (Agricultural Mechanisation Strategy - AMS) അഭാവവുമാണ് ആധുനിക യന്ത്രങ്ങളുടെ വികസനത്തിനും പ്രചാരത്തിനും തടസ്സംനിൽക്കുന്ന ഘടകങ്ങൾ എന്ന സത്യം മനസ്സിലാക്കേണ്ടതുണ്ട്. ഈ സംഗതികൾ ഉൾക്കൊണ്ട് വികസനോദ്യോഗസ്ഥരും ഗവേഷകരും സന്നദ്ധസംഘടനാ പ്രതിനിധികളും, സാങ്കേതികവിദ്യകളുടെ ഉപയോക്താക്കളും ഒത്തൊരുമയോടെ

പ്രവർത്തിക്കണം. അതീവ സങ്കീർണ്ണമായ ഈ പ്രക്രിയ പ്രവർത്തനക്ഷമമാക്കുന്നതിനാവശ്യമായ തന്ത്രപരമായ രീതികളും സമീപനങ്ങളും വികസിപ്പിക്കുകയെന്നതാണ് ഇപ്പോഴത്തെ വെല്ലുവിളി. എല്ലാ യന്ത്രവല്കരണപരിപാടികളുടെയും കേന്ദ്രബിന്ദു കർഷകനായതിനാൽ അവന്റെ ആവശ്യങ്ങൾ മുൻനിർത്തിവേണം തന്ത്രങ്ങൾ മെനയേണ്ടത്.

**19.7 നയം 86. കാർഷിക യന്ത്രവല്കരണ മേഖലയിൽ നൈപുണ്യം അടിസ്ഥാനമാക്കിയുള്ള പരിശീലനം നൽകുകവഴി മാനവശേഷിയും സ്വയംതൊഴിലിന്റെ സാദ്ധ്യതകളും വികസിപ്പിക്കേണ്ടതാണ്.**

19.7.1. കാർഷികയന്ത്രങ്ങളുടെ തെരഞ്ഞെടുക്കലിനും പ്രവർത്തനത്തിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനും പരിപാലനത്തിനും, സാങ്കേതിക വിദഗ്ദ്ധർക്കും, ഗ്രാമീണയുവജനങ്ങൾക്കും, കർഷകർക്കും, എൻജിനീയറിങ് ബിരുദധാരികൾക്കും വിവിധതരത്തിലുള്ള പരിശീലന പരിപാടികൾ സംസ്ഥാനം നടപ്പിലാക്കേണ്ടതുണ്ട്. ഇത് സാങ്കേതികവിദ്യ കുറച്ചുകൂടി ഉപഭോക്തൃസൗഹൃദപരമാക്കി തീർക്കുകയും യോഗ്യതയുള്ള വ്യക്തികൾക്ക് സ്വയംതൊഴിൽകണ്ടെത്താൻ പ്രയോജനകരമാകുകയും ചെയ്യും. ഇത് സേവനങ്ങളുടെ മേന്മ ഉയർത്താനും തൊഴിലില്ലായ്മ തുടച്ചുനീക്കാനും സഹായിക്കും.

19.7.2. സംസ്ഥാനത്തെ പ്രാദേശിക പരിശോധനാ-പരിശീലന കേന്ദ്രങ്ങളെ (Regional Testing &Training Centres - RTTC) മികവിന്റെ കേന്ദ്രങ്ങളായി (Centre of Excellence) വികസിപ്പിക്കുകയും, സമയബന്ധിതവും ആവശ്യാനുസൃതവുമായ പരിശീലനം പകർന്നുനൽകാൻ ഇതിന്റെ സേവനം പ്രയോജനപ്പെടുത്തുകയും വേണം.

**19.8 നയം 87. കാർഷിക യന്ത്രവല്കരണ തന്ത്രത്തിൽ (AMS) സർക്കാരിന്റേയും സ്വകാര്യമേഖലയുടേയും ചുമതലകൾ സ്പഷ്ടമായി നിർവ്വചിക്കേണ്ടതാണ്.**

19.8.1. സ്വകാര്യസംരംഭകരും കമ്പനികളും സാങ്കേതികവിദ്യകൾ, സേവനങ്ങൾ, യന്ത്രഘടകഭാഗങ്ങൾ ഇവയെല്ലാം കർഷകർക്ക് ശരിയായ സമയത്ത് ശരിയായ വിലയിൽ എത്തിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഇതേ സമയം, അനുകൂലമായ പരിതഃസ്ഥിതി സൃഷ്ടിച്ചുകൊടുത്ത് സംസ്ഥാനം ഇതിനെ പ്രോത്സാഹിപ്പിക്കേണ്ടതാണ്. വരുമാനം വർദ്ധിപ്പിക്കാനും നിലനിർത്താനും സഹായകമാകുമെങ്കിൽ മാത്രമേ കർഷകർ യന്ത്രവല്കരണത്തിനു തയ്യാറാവുകയുള്ളു. ഇതാണ് കാർഷിക യന്ത്രവത്കരണം ഏറ്റെടുക്കാൻ നമ്മെ പ്രേരിപ്പിക്കുന്നത്. ആരിൽനിന്നും, എങ്ങനെ, ഏത് സാങ്കേതികവിദ്യ ഉപയോഗിക്കണം എന്ന് തീരുമാനമെടുക്കേണ്ടത് കർഷകനാണ്. കാർഷിക യന്ത്രവല്കരണപ്രക്രിയയുടെ പ്രധാന ഗുണഭോക്താക്കളും പ്രയോക്താക്കളും കർഷകരായതിനാൽ സംസ്ഥാനത്തിന്റെ കാർഷിക യന്ത്രവല്കരണതന്ത്രത്തിൽ പ്രഥമഗണനീയമായ സ്ഥാനമാണ് അവർക്കുള്ളത്.

19.8.2. സ്വകാര്യമേഖലാ സംരംഭകർക്ക് അനുയോജ്യമായ പരിതഃസ്ഥിതി രൂപപ്പെടുത്തിയെടുക്കാൻ സർക്കാർ ഇരട്ടി പ്രയത്നം ചെയ്യേണ്ടതുണ്ട്. അത്തരത്തിൽ പരിതഃസ്ഥിതിയെ ശക്തിപ്പെടുത്തുന്ന ഘടകങ്ങളിൽ അനുയോജ്യമായ സ്ഥൂല സാമ്പത്തികനയങ്ങൾ, നിയമപരവും നിന്ത്രണപരവുമായ ചട്ടങ്ങൾ, മേന്മയേറിയതും കാര്യക്ഷമവുമായ നിയമസഹായസംവിധാനം, ഭൂഉടമസ്ഥതയും കൈവശാവകാശവും സംബന്ധിച്ച നയങ്ങൾ ഇവയെല്ലാം ഉൾപ്പെടുന്നു.

**19.9 നയം 88. വിജയകരവും സുസ്ഥിരവുമായ യന്ത്രവല്കരണത്തിന് ആധുനിക യന്ത്രങ്ങളുടേയും, കാർഷികോപകരണങ്ങളുടേയും, അവയുടെ ഘടകഭാഗങ്ങളുടേയും, മറ്റ് ആവശ്യവസ്തുക്കളുടേയും ലഭ്യത അത്യന്താപേക്ഷിതമാണ്.**

19.9.1. കാർഷികയന്ത്രങ്ങളുടേയും ഉപകരണങ്ങളുടേയും നിർമ്മാണത്തിന് തദ്ദേശ വ്യവസായസ്ഥാപനങ്ങളെ വികസിപ്പിക്കുകയും, നിർമ്മാണം പ്രായോഗികമല്ലാത്തയിടങ്ങളിൽ ഇറക്കുമതിയിലൂടെ അവ ലഭ്യമാക്കാൻ തദ്ദേശീയസംരംഭകരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതും കാർഷിക യന്ത്ര വല്കരണത്തിന്റെ ഭാഗംതന്നെയാണ്. ഗുണമേന്മയേറിയതും കാര്യക്ഷമവുമായ ഉപകരണങ്ങൾ, കാർഷികയന്ത്രങ്ങളുടെ ഘടകഭാഗങ്ങൾ, കേടുപാടുകൾനീക്കാനുള്ള സേവനകേന്ദ്രങ്ങൾ, ഊർജ്ജം (എണ്ണയും ഇന്ധനവും) ലഭ്യമാക്കാനുള്ള കേന്ദ്രങ്ങൾ ഇവയെല്ലാം ആരംഭിച്ച് വിജയത്തിലെത്തിക്കുക എന്നത് വളരെ നിർണ്ണായകമാണ്. വിതരണസംവിധാനത്തിന്റെയും സേവനങ്ങളുടെയും വികസനം യന്ത്രവല്കരണപ്രക്രിയയിൽ ഉൾപ്പെടുമ്പോൾ കർഷകർക്ക് നല്ല ഉപകരണങ്ങൾ തെരഞ്ഞെടുക്കാൻ കഴിയും. കാർഷികയന്ത്രങ്ങളുടെ ഘടകഭാഗങ്ങളും അവയുടെ വിതരണച്ചങ്ങലയും ലഭ്യമാണ് എന്നതിനുപരിയായി ഈ വിതരണസംവിധാനങ്ങൾ വിശ്വസനീയവും ചെറിയവിലയ്ക്കുള്ളതുമായ ഉപകരണങ്ങളുടെ വിതരണം പ്രാപ്യമാക്കുന്നു എന്നതായിരിക്കണം പ്രാധാന്യത്തോടെ ഉറപ്പുവരുത്തേണ്ടത്.

**19.10 നയം 89. നിലവിലുള്ള ഉപകരണങ്ങളുടെയും യന്ത്രങ്ങളുടെയും രൂപകല്പന മെച്ചപ്പെടുത്തുകവഴി തൊഴിലിന്റെ കാഠിന്യം കുറയ്ക്കുവാനും ഉല്പാദനക്ഷമത വർദ്ധിപ്പിക്കുവാനും കഴിയും.**

19.10.1. നൂതനപദ്ധതികളിലൂടെയും പരിപാടികളിലൂടെയും ഉല്പാദനക്ഷമത അഭിവൃദ്ധിപ്പെടുത്തുന്നതിന് ലോകത്തിന്റെ വിവിധഭാഗങ്ങളിൽ കാർഷിക പ്രവർത്തനങ്ങൾക്കായി ഉപയോഗിച്ചുവരുന്ന ഉപഭോക്തൃസൗഹൃദ ഉപകരണങ്ങളും സ്ത്രീകൾക്കനുയോജ്യമായ ഉപകരണങ്ങളും കേരളത്തിലെ കർഷകർക്ക് പരിചയപ്പെടുത്തണം. ഭൂവിഭാഗത്തെയും ആവശ്യകതയെയും മുൻനിർത്തി ഉപഭോക്തൃസൗഹൃദമായി രൂപകല്പനചെയ്ത കാർഷിക ഉപകരണങ്ങൾ, നുകങ്ങൾ, മെച്ചപ്പെടുത്തിയ ഉപകരണങ്ങളായ വിത്ത്-വിള-വിതയന്ത്രങ്ങൾ, നടീൽയന്ത്രങ്ങൾ, പരിഷ്കരിച്ച കളയെടുപ്പ്യന്ത്രങ്ങൾ ഇവയെല്ലാം അനിവാര്യമാണ്. കൂടുതൽ ഊന്നൽനൽകി പരിസ്ഥിതിസൗഹൃദവും സ്ത്രീസൗഹൃദവും വിവിധ ഭൂപ്രദേശങ്ങൾക്ക് അനുയോജ്യവുമായ നിരവധി ആക്സിലുകളുള്ള ബഹു-വിള കൊയ്ത്ത് യന്ത്രങ്ങളും നടീൽയന്ത്രങ്ങളും റോട്ടോ-ടില്ലറുകളും അനുയോജ്യമായരീതിയിൽ രൂപഘടന മെച്ചപ്പെടുത്തി ഉപയോഗയോഗ്യമാക്കേണ്ടതാണ്.

**19.11 നയം 90. മലീനികരണഹേതുവല്ലാത്ത യന്ത്രവല്കരണ പ്രവർത്തനങ്ങൾ നടപ്പാക്കി പ്രകൃതിസമ്പത്തുകളായ ഭൂമി, വെള്ളം, മണ്ണിലെ പോഷകങ്ങൾ ഇവയുടെ സംരക്ഷണം ഉറപ്പുവരുത്തേണ്ടതാണ്.**

19.11.1. പരിസ്ഥിതിസൗഹൃദ യന്ത്രവല്കരണപരിപാടികളായ - നേരിട്ട് വിതയ്ക്കൽ, പരിമിതമായ നിലമൊരുക്കൽ, ഭൂമി നിരപ്പാക്കൽ, വിളഅവശിഷ്ടങ്ങൾ ശരിയായി ഉഴുതുചേർക്കൽ എന്നിവ നടപ്പാക്കുന്നതുവഴി സുസ്ഥിര സാമ്പത്തികവളർച്ച നേടാൻ കഴിയും. ബ്രസ്സീലിൽ പ്രാവർത്തികമാക്കപ്പെട്ട നിലമൊരുക്കാതെയുള്ള സംരക്ഷിത കൃഷിരീതിയുടെ ശ്രദ്ധേയമായ വിജയം ഈ സമീപനത്തിന് ഏറ്റവും നല്ല ഉദാഹരണമാണ്.

**19.12 നയം 91. കാർഷിക യന്ത്രവല്കരണം കാർഷിക വിജ്ഞാനവ്യാപനത്തിന്റെ ഭാഗമാണ്.**

19.12.1. യന്ത്രവല്കരണം പ്രോത്സാഹിപ്പിക്കുവാനുള്ള പരിപാടികളിൽ കൃഷിയിടത്തിലെ പ്രയോഗികപ്രദർശനം, കാർഷികയന്ത്രങ്ങളുടെ പ്രദർശനം, മാധ്യമങ്ങളും പ്രസിദ്ധീകരണങ്ങളും വഴിയുള്ള പ്രചരണരീതികൾ, കൃഷിക്കാരും സഹകരണസ്ഥാപനങ്ങളും തമ്മിൽ നടത്തുന്ന മുഖാമുഖപരിപാടകൾ ഇവയെല്ലാം ഉൾപ്പെടും. കാർഷിക യന്ത്രവല്കരണത്തിൽ ശാസ്ത്രീയ പരിശീലനം നേടിയ ഡിപ്ലോമ/ബിരുദധാരികളെ ശാസ്ത്രീയമായ വിജ്ഞാന വ്യാപന പരിശീലനത്തിനുശേഷം യന്ത്രവല്കരണത്തിന്റെ പ്രയോക്താക്കളായി സംസ്ഥാനത്തുടനീളം വിന്യസിക്കേണ്ടതാണ്. ചെറുകിട-നാമമാത്ര കർഷകരുടെ വളർച്ചയ്ക്കായി താഴെപ്പറയുന്ന കാര്യങ്ങൾക്ക് നല്ല പ്രാധാന്യം നൽകണം.

* തെരഞ്ഞെടുത്ത അനുയോജ്യമായതും കർഷകന് താങ്ങാനാവുന്നതുമായ യന്ത്രങ്ങളുടെ ഉപയോഗം.
* യന്ത്രങ്ങൾ വാങ്ങാനാവശ്യമായ വായ്പയുടെ ലഭ്യത.
* കാർഷികോപകരണങ്ങളുടെയും യന്ത്രങ്ങളുടെയും ഫലവത്തായ വിതരണ സംവിധാനം (കാർഷികയന്ത്രങ്ങളുടെ ഘടകങ്ങളും ഇതിൽപ്പെടും)
* കർഷക സഹകരണസംഘങ്ങളെ കാർഷികയന്ത്രങ്ങളുടെ സേവനങ്ങൾ ലഭ്യമാക്കൽ, കേടുപാടുകൾ തീർക്കൽ, യന്ത്രഘടകങ്ങളുടെ വിതരണം എന്നിവ ഭംഗിയായി നടപ്പിലാക്കുന്നതിന് പ്രാപ്തരാക്കൽ.

19.12.2. കാർഷികയന്ത്രങ്ങളുടെയും ഉപകരണങ്ങളുടെയും തദ്ദേശ ഉല്പാദനത്തിൽ ഏർപ്പെട്ടിരിക്കുന്ന പ്രാദേശികസംരംഭകരെ കൂടുതൽ വൈദഗ്ദ്ധ്യമുള്ളവരാക്കി മാറ്റാൻ - വില്ലേജ് തലത്തിലുള്ള കൈപ്പണി നൈപുണ്യം, നിർമ്മാണ സാങ്കേതികവിദ്യ, ഉപകരണങ്ങളുടെ പ്രവർത്തിപ്പിക്കൽ-കേടുപാട് തീർക്കൽ-പരിപാലനം തുടങ്ങിയ വിഷയങ്ങളിൽ പരിശീലനം നൽകണം. നിലവിൽ സർക്കാർസർവീസിലുള്ള വിജ്ഞാന വ്യാപന പ്രവർത്തകർക്കും സാങ്കേതിക ജീവനക്കാർക്കും, കൈപ്പണിക്കാർക്കും-വിവിധ ഊർജ്ജനിലയുള്ള യന്ത്രങ്ങൾ തെരഞ്ഞെടുക്കൽ, അവയുടെ പ്രയോഗരീതി, ആധുനിക യന്ത്രങ്ങളെപ്പറ്റി അവരുടെ അറിവ് മെച്ചപ്പെടുത്തൽ എന്നിവ ലക്ഷ്യംവച്ച് സാങ്കേതികപരിശീലനം നൽകുകയും; അങ്ങനെ അവരിലൂടെ പുതിയ സാങ്കേതികവിദ്യകളെക്കുറിച്ചും അവസരങ്ങളെക്കുറിച്ചും കർഷകർക്ക് അറിവ് നൽകുകയും ചെയ്യണം.

**19.13 നയം 92. കാർഷികയന്ത്രങ്ങളും ഉപകരണങ്ങളും കർഷകർക്ക് കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കാൻ അവയെ ഇറക്കുമതി തീരുവയിൽനിന്നും മൂല്യവർദ്ധിതനികുതി (VAT) യിൽ നിന്നും ഒഴിവാക്കേണ്ടതാണ്.**

19.13.1. ചെറുകിട-നാമമാത്ര കർഷകർക്ക് ഹ്രസ്വകാലയളവിൽ യന്ത്രങ്ങളും ഉപകരണങ്ങളും വാങ്ങാൻ ധനസഹായവും വിലയിളവും നൽകുന്ന രീതി ഒരു പുതിയ കാഴ്ചപ്പാടോടെ നടപ്പിലാക്കണം. തുടക്കത്തിൽ ആദ്യകാലയളവിൽ (2-3 വർഷം) യന്ത്രങ്ങളുടെ വിലകളിൽ ധനസഹായം നൽകുകയും അതുവഴി കൂടുതൽ ആളുകൾ ഇത്തരം യന്ത്രങ്ങളുടെ പ്രവർത്തനരീതി മനസ്സിലാക്കുകയും ചെയ്യും. ക്രമേണ ധനസഹായം കുറച്ചുകൊണ്ടു വരികയും ഒഴിവാക്കുകയും ചെയ്യാവുന്നതാണ്.

**19.14 നയം 93. പാടശേഖരങ്ങളുടെ വരമ്പുകളിൽ സൗരോർജ്ജവും കാറ്റും ഇവയുടെ സങ്കരയിനം സാങ്കേതികവിദ്യകളും ഉപയോഗപ്പെടുത്തി ഊർജ്ജോല്പാദനം സാദ്ധ്യമാക്കി ഉയർന്ന പ്രവർത്തനക്ഷമതയുള്ള പമ്പുകൾ പ്രവർത്തിപ്പിക്കാനായാൽ വൈദ്യുതിച്ചെലവും അതുവഴി ഉല്പാദന ച്ചെലവും കുറയ്ക്കാനാവും.**

19.14.1. കേരളത്തിലെ നെല്ലുല്പാദന മേഖലയിൽ ഏറ്റവും പ്രചാരത്തിലുള്ള യന്ത്രം കുട്ടനാട്ടിലും കോൾനിലങ്ങളിലും സർവ്വസാധാരണമായി ഉപയോഗിക്കുന്ന, തദ്ദേശസാങ്കേതികവിദ്യയാൽ വികസിപ്പിക്കപ്പെട്ട *പെട്ടിയും പറയും* ആണ്. ഊർജ്ജക്ഷമതയിലുള്ള കുറവാണ് ഈ സംവിധാനത്തിന്റെ പ്രധാന ന്യൂനത. സ്വകാര്യ ഉല്പാദകരും കേരള കാർഷികസർവ്വകലാശാലയും ഒന്നിച്ചുചേർന്ന് സ്വദേശീയമായ ഊർജ്ജക്ഷമതയുള്ള ഫലവത്തായ ജലനിർഗ്ഗമനസംവിധാനം ഇതിന് ബദലായി വികസിപ്പിച്ചെടുക്കണം. ഇത്തരത്തിൽ വികസിപ്പിച്ചെടുക്കുന്ന സാങ്കേതികവിദ്യയും സംവിധാനങ്ങളും പൊതുതാല്പര്യത്തിൽ അധിഷ്ഠിതമായ കരാറുകളുണ്ടാക്കി പൊതുമേഖലാ സ്ഥാപനങ്ങൾക്ക് കൈമാറണം.

19.14.2. വൈദ്യുതി ഉപയോഗവും കൃഷിച്ചെലവും കുറയ്ക്കുന്നതിനായി പാടശേഖരങ്ങളുടെ വരമ്പുകളിൽ സൗരോർജ്ജവും കാറ്റും അവയുടെ സങ്കരയിനം സാങ്കേതികവിദ്യകളും അടിസ്ഥാനമാക്കിയുള്ള, ഉയർന്ന കാര്യക്ഷമതയുള്ള മോട്ടോർപ്പമ്പുകൾ സ്ഥാപിക്കണം എന്നുള്ളതാണ് അടിയന്തിര പ്രാധാന്യം നൽകേണ്ട മറ്റൊരു വിഷയം. നിലവിൽ കമ്പോളത്തിൽ ഇതിനുള്ള സാങ്കേതികവിദ്യയും ഉപകരണങ്ങളും ലഭ്യമാണെങ്കിലും ഉയർന്ന ചെലവ് ഈ പ്രവർത്തനങ്ങൾ അപ്രായോഗികമാക്കുന്നു. ഈ അവസരത്തിൽ സർക്കാർ ഇടപെടുകയും സർക്കാർ നേരിട്ടോ പാടശേഖരങ്ങൾക്ക് ധനസഹായം നൽകിയോ ഇത് നടപ്പിൽവരുത്തുകയും വേണം.

# 20. വിള ഇൻഷ്വറൻസുമായും വരുമാനം ഉറപ്പുവരുത്തലുമായും ബന്ധപ്പെട്ട നയങ്ങൾ

20.1 ഉല്പന്നങ്ങളുടെ വില ഉറപ്പുവരുത്തലും നഷ്ടങ്ങൾക്കെതിരെ വിളകൾക്ക് സംരക്ഷണം ഏർപ്പെടുത്തലും സുസ്ഥിരക്കൃഷിയുടെ അടിസ്ഥാന ആവശ്യങ്ങളാണ്.

20.2 സമൃദ്ധമായ വിഭവങ്ങളെ ഭക്ഷ്യോല്പന്നങ്ങളുടെ ഉല്പാദനത്തിലേക്ക് തിരിച്ചുവിടാനും, കർഷകർക്ക് അന്തസ്സുറ്റ ജീവിതം നയിക്കുന്നതിനുള്ള വരുമാനം ഉറപ്പുവരുത്താനും, അവർക്ക് ഭാവിമുതൽമുടക്കിനുള്ള മൂലധന ശേഖരം ഉണ്ടാക്കാനുമുള്ള ഉദ്ദേശത്തോടെയാണ് സർക്കാർ കാർഷികോല്പന്നങ്ങൾക്ക് വിലസ്ഥിരത ഉറപ്പുവരുത്തുന്നതിനുള്ള ശ്രമങ്ങൾ നടത്തിവരുന്നത്.

20.3 വിലസ്ഥിരത ഉറപ്പാക്കൽ എന്നത് കാർഷികനയത്തിലെ ഏറ്റവും സുപ്രധാനമായ ലക്ഷ്യങ്ങളിലൊന്നാണ്. വിലസ്ഥിരത ഉറപ്പാക്കാനായുള്ള നിരവധി മാർഗ്ഗങ്ങൾ (ഭക്ഷ്യധാന്യ കരുതൽശേഖരം, തറവിലകൾ, കരുതൽ ധനം, കയറ്റുമതി-ഇറക്കുമതി നികുതികൾ, സഹായധനങ്ങൾ) ഇന്ന് ഇന്ത്യയിൽ അങ്ങോളമിങ്ങോളം നടപ്പിലാക്കിവരുന്നുണ്ട്.

20.4. കൃഷിയിലൂടെ വരുമാനംഉറപ്പുവരുത്താനും; ഒപ്പം വിളകളുടെ സുരക്ഷ ഉറപ്പാക്കാനായി പൊതു-സ്വകാര്യ പങ്കാളിത്തരീതിയിൽ (Public Private Partnership - PPP) ഫലപ്രദമായ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കാനും ഈ നയരേഖ ലക്ഷ്യമിടുന്നു.

**20.5 നയം 94. കാർഷികോല്പന്നങ്ങൾ വ്യാപാരം ചെയ്യുന്നതിലൂടെ ലഭിക്കുന്ന വരുമാനമോ ലാഭമോ പങ്കിടുന്നതിന് കർഷകർക്ക് നിയമപരമായ അവകാശം ഉറപ്പുനൽകുന്ന *അവകാശലാഭം* എന്ന പുതിയൊരു സങ്കല്പം പ്രയോഗവല്കരിക്കപ്പെടണം.**

20.5.1 ജനസമൂഹത്തിന് ഭക്ഷണം ലഭ്യമാക്കുന്ന കർഷകർക്ക് സമൂഹത്തിൽ പ്രാധാന്യമേറെയാണ്. ജനസമൂഹത്തെയും മൃഗങ്ങളെയും ആരോഗ്യത്തോടെയും ജീവനോടെയും നിലനിർത്താനുള്ള ഭക്ഷണം ഉല്പാദിപ്പിക്കുന്നത് കർഷകരാണ്. കർഷകരില്ലാത്തിടത്ത് ജനങ്ങളോ മൃഗങ്ങളോ ഒന്നുമുണ്ടാവില്ല എന്നതാണ് വാസ്തവം.

20.5.2. സമൂഹത്തിലെ പ്രഥമ ഉല്പാദകർ കർഷകരാണ്. ഉപഭോക്താക്കൾക്ക് ഉല്പന്നങ്ങൾ ഉല്പാദകരിൽ നിന്നും നേരിട്ടല്ല, മറിച്ച് വ്യാപാരികളിൽ നിന്നുമാണ് ലഭിയ്ക്കുന്നത്. ഉല്പാദകർ ഉല്പന്നങ്ങൾ വിൽക്കുന്ന വിലയും ഉപഭോക്താക്കൾക്ക് ഇവ ലഭിയ്ക്കുന്ന വിലയും തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നുണ്ട് - ഈ വ്യത്യാസത്തെ ഉല്പന്നങ്ങളുടെ *വിപണന മാർജിൻ* (Marketing Margin) എന്നാണ് പറയുന്നത്.

20.5.3. മെട്രോ കമ്പോളങ്ങളിൽ പാലക്കാടൻ മട്ട അരി കിലോയ്ക്ക് 65 രൂപ മുതൽ 70 രൂപ വരെ വിലയ്ക്ക് വില്ക്കുമ്പോൾ, കേരളത്തിലെ ഉല്പാദകർക്ക് ലഭിയ്ക്കുന്നത് 22.60 രൂപ മാത്രമാണ് എന്ന് കണക്കാക്കിയിട്ടുണ്ട്. ഒന്നോ രണ്ടോ വ്യാപാര ഇടനിലക്കാരുടെ ലാഭമായാണ് ഈ വ്യത്യാസം പോകുന്നത്. പാലും പാലുല്പന്നങ്ങളും കണക്കിലെടുക്കുമ്പോൾ, ദ്രവരൂപത്തിലുള്ള പാലിന് 25% മുതൽ സംസ്കരിച്ച ഉല്പന്നങ്ങൾക്ക് 82% വരെയാണ് നിലവിലുള്ള *വിപണന മാർജിൻ*. പഴം-പച്ചക്കറി വിപണനരംഗത്ത് 14% മുതൽ 82% വരെയാണ് മാർജിൻ.

20.5.4. ഉല്പാദകനായ കർഷകൻതന്നെ വിപണനവും വ്യാപാരവും ചെയ്യുകയാണെങ്കിൽ മൊത്തം വിപണനമാർജിനും അയാൾക്കുതന്നെ ലഭിക്കും. സമൂഹത്തിനായി ഭക്ഷ്യോല്പാദന പ്രക്രിയയിൽ മുഴുകിയിരിക്കുകയാ

ണ് കർഷകർ. വിഭവദാരിദ്ര്യവും സമയക്കുറവുംകാരണം നിലവിൽ അവർക്ക് വിപണനത്തിന്റെ ചുമതലകൂടി ഏറ്റെടുക്കാനുള്ള ശേഷിയില്ല. കർഷകരുടെ ഈ ദൗർബല്യത്തെ ഇടനിലക്കാരും വ്യാപാരികളും ചൂഷണം ചെയ്യുകയും കർഷകരുടെ പ്രയത്നത്താൽ വിളയിക്കുന്ന വിളകളിൽനിന്നും അവർ വലിയ ലാഭം കൊയ്യുകയും ചെയ്യുന്നു. അതിനാൽ ഉല്പാദകരായ കർഷകർക്ക് വിപണന മാർജിനിൽ നിന്നുള്ള പങ്ക് ലഭിക്കാൻ നിയമപരമായ അവകാശം ഉണ്ട്.

20.5.5. കേരളത്തിൽ ഒരുവർഷം 40 ലക്ഷം ടൺ അരി വിറ്റഴിക്കപ്പെടുന്നുണ്ട് എന്ന് കണക്കാക്കുന്നു. ഒരു കിലോ അരിയുടെമേൽ ഒരു രൂപനിരക്കിൽ വ്യാപാരവേളയിൽ ശേഖരിച്ചാൽത്തന്നെ പ്രതിവർഷം 350-400 കോടി രൂപ സ്വരൂപിക്കാം. ഉപഭോക്താവ് ഇപ്പോൾനൽകുന്ന തുകയിൽ വ്യത്യാസം വരുത്താതെതന്നെ വ്യാപാരികളിൽനിന്ന് ഈ തുക ശേഖരിക്കാവുന്നതാണ്. തന്റെ ഉല്പന്നം കമ്പോളത്തിൽ വിറ്റഴിയുമ്പോൾ ഉല്പാദകനായ കർഷകന് നിയമപരമായി ലഭിക്കേണ്ട ലാഭവിഹിതമായ *അവകാശലാഭം* നൽകാനായി ഈ തുക ഉപയോഗിക്കാം. സർക്കാരിലേക്ക് ഉല്പന്നം കൈമാറുന്ന ഓരോ കർഷകനും ഒരു കിലോ നെല്ലിന് 5 രൂപ നിരക്കിൽ *അവകാശലാഭം* ലഭിക്കും. മൂന്ന് ടൺ നെല്ല് നൽകുന്ന ഒരു കർഷകന് 15000 രൂപയുടെ ചെക്ക് ഓരോ സീസണിലും *അവകാശലാഭ*മായി കൃഷിവകുപ്പ് നൽകും. വിശദമായ പഠനത്തിനുശേഷം പാലിലും റബ്ബറിലും മറ്റുവിളകളിലും സമാനനടപടികൾ സ്വീകരിക്കാവുന്നതാണ്. കൂടുതൽ പണം മുടക്കി കൂടുതൽ നെല്ല് വിളയിക്കാൻ ഇത് കർഷകനെ പ്രേരിപ്പിക്കുകയും അതിലൂടെ മാന്യമായ ഒരു തുക മുടങ്ങാതെ അവകാശമായിത്തന്നെ അവർക്ക് ലഭിക്കുകയും ചെയ്യും. ചെലവഴിക്കാത്ത തുക ഭാവിപ്രവർത്തങ്ങൾക്ക് ഉതകുന്നതരത്തിൽ ഒരു നിധിയായി സൂക്ഷിക്കാവുന്നതാണ്.

20.5.6. മേൽപ്പറഞ്ഞ രീതിതന്നെ പാലിന്റെ കാര്യത്തിലും അനുകരിക്കാം. ഉപയോഗിക്കപ്പെടുന്ന ഒരു ലിറ്റർ പാലിന് 50 പൈസ ഉപരിധനമായി ചുമത്തുകവഴി മൃഗസംരക്ഷണ-ക്ഷീര മേഖലയുടെ നട്ടെല്ലായ ചെറുകിടകർഷകർക്കും *അവകാശലാഭം* നൽകാനാവും.

20.5.7. ഉപജീവനമാർഗ്ഗത്തിനായി കൃഷിയെ മാത്രം ആശ്രയിക്കുന്ന ചെറുകിട -നാമമാത്ര കർഷകരെ മാത്രമേ *അവകാശലാഭ*ത്തിനായി പരിഗണിക്കാവൂ..

**20.6 നയം 95. കാർഷികോല്പന്നങ്ങളെ വിലയിടിവിൽനിന്നും സംരക്ഷിച്ചു നിർത്തുന്നതിനായി അവയുടെ വിലനിർണ്ണയം നടത്താൻ ഒരു വിലനിർണ്ണയ അതോറിറ്റിയ്ക്ക് രൂപം നൽകണം.**

20.6.1. സ്വാമിനാഥൻ കമ്മിഷന്റെ നിർദ്ദേശമനുസരിച്ച്, കർഷകർക്ക് മാന്യമായി ജീവിക്കാൻ ലഭിക്കേണ്ട മൊത്തം വാർഷികവരുമാനം - വിള ഉല്പാദിപ്പിക്കുന്നതിനുള്ള ചെലവും അതിന്റെ പകുതിവരുന്ന ലാഭവുംചേർന്നതാവണം. കൃഷിച്ചെലവ് നിർണയിക്കുന്നതിനായി കാർഷികോല്പാദന കമ്മിഷണർ അദ്ധ്യക്ഷനായി സ്വതന്ത്രസ്വഭാവുള്ള ഒരു അതോറിറ്റിയ്ക്ക് രൂപം നൽകണം. മൂല്യനിർണ്ണയത്തിലും ശാസ്ത്രീയവിലയിരുത്തലിലും അനുഭവജ്ഞാനമുള്ള വ്യക്തികൾ അടങ്ങുന്ന, പൂർണ്ണമായും സാങ്കേതിക തലത്തിലുള്ള ഒന്നാവണം ഈ സംവിധാനം. ഒരു കാരണവശാലും യോഗ്യതക്കുറവുള്ളവരെയോ വേണ്ടത്ര സാങ്കേതികപശ്ചാത്തലമില്ലാത്തവരെയോ ഇതിൽ അംഗങ്ങളാവാൻ അനുവദിക്കരുത്. യഥാർത്ഥ ഉല്പാദനച്ചെലവ് കണക്കുകൂട്ടാൻ ഈ സംവിധാനത്തിന് ഈ നയരേഖ ഭാഗം 14.6 ൽ പ്രതിപാദിച്ചിട്ടുള്ള സംസ്ഥാന കാർഷികപ്ലാനിനെ ആശ്രയിക്കേണ്ടതായി വരും.

20.6.2. അതോറിറ്റി നിർണ്ണയിക്കുന്ന വിലയ്ക്ക് താഴേയ്ക്ക് കമ്പോളവിലയെത്തുമ്പോൾ കർഷകർക്ക് നഷ്ടമുണ്ടാവാതിരിക്കാനായി അമുൽ മാതൃകയിൽ ഹോർട്ടിക്കോർപ്പ്, പൊതുവിതരണസംവിധാനം തുടങ്ങിയവ മുഖേന കർഷകരിൽനിന്നും ഉല്പന്നങ്ങൾ സംഭരിക്കാൻ സർക്കാർ അടിയന്തിര ഇടപെടൽ നടത്തണം.

**20.7 നയം 96. വിലനിർണ്ണയ അതോറിറ്റിയുടെ സഹായത്തോടെ സർക്കാർ വിളക്കാലത്തിന്റെ ആരംഭത്തിൽത്തന്നെ നെല്ല്, പച്ചക്കറികൾ, വാഴ, സുഗന്ധവിളകൾ എന്നിവയുടെ കുറഞ്ഞ താങ്ങുവില (MSP) പ്രഖ്യാപിക്കണം.**

20.7.1. നിലവിൽ സംസ്ഥാനത്ത് കൃഷിയിറക്കപ്പെടുന്ന വിളകളുടെ കുറഞ്ഞ താങ്ങുവില പ്രഖ്യാപിക്കാൻപറ്റിയ സംവിധാനമൊന്നുമില്ല. നിർദ്ദിഷ്ട വിലനിർണ്ണയ അതോറിറ്റിയുടെ സഹായത്തോടെ കേരള ത്തിലെ പ്രധാന വിളകളായ നെല്ല്, നാളികേരം, വെള്ളരിവർഗ്ഗ-വഴുതനവർഗ്ഗ - പയറുവർഗ്ഗ - ഇലവർഗ്ഗ പച്ചക്കറികൾ, വാഴപ്പഴം, കൈതച്ചക്ക, മാങ്ങ തുടങ്ങിയവയുടെ വിലകൾ അതത് സീസണുകൾക്ക് മുമ്പേതന്നെ പ്രഖ്യാപിക്കാവുന്നതാണ്.

**20.8 നയം 97. അടിയന്തരഘട്ടങ്ങളിൽ കർഷകർക്ക് അത്യാവശ്യ സഹായമെത്തിക്കാനായി ഒരു അപകട സമാശ്വാസ നിധിയ്ക്ക് (Agricultural Risk Management Fund) സർക്കാർ രൂപംനൽകണം.**

20.8.1. അടിയന്തിരസാഹചര്യങ്ങളെ നേരിടാനുള്ള സംവിധാനങ്ങൾ നമ്മുടെ സംസ്ഥാനത്ത് വളരെ പരിമിതമാണ്. അടിയന്തരഘട്ടങ്ങളിൽ കർഷകർക്ക് അത്യാവശ്യ സഹായമെത്തിക്കുന്നതിലെ ഭരണപരമായ കാലതാമസം കുറയ്ക്കാനായി വകുപ്പുതലത്തിൽ അനുരൂപമായ ഒരു അപകട സമാശ്വാസ നിധി (Agricultural Risk Management Fund) രൂപവല്കരിക്കണം. കുട്ടനാട്, കോൾ, പാലക്കാട് തുടങ്ങിയ നെൽമേഖലകളിൽ വിളവെടുപ്പിന് തൊട്ടുമുമ്പായി ചിറകൾപൊട്ടി ഭീമമായ വിളനാശമുണ്ടാകുന്ന പതിവുണ്ടെന്ന് അവിടങ്ങളിലെ കർഷകർ അതത് ജില്ലകളിലെ ഉപസമിതി സിറ്റിംഗുകളിൽ അറിയിച്ചിരുന്നു. യഥാസമയം സാമ്പത്തികസഹായം ഉറപ്പുവരുത്തി ഇത്തരം സാഹചര്യങ്ങളെ ഫലപ്രദമായി നേരിടാൻ കഴിയും.

20.8.2. മേൽപ്പറഞ്ഞ അപകട സമാശ്വാസ നിധിയ്ക്ക് വേണ്ട പ്രാരംഭമൂലധനം സംസ്ഥാന ബജറ്റിൽ വകയിരുത്തേണ്ടതും, തുടർന്നുള്ള വർഷങ്ങളിൽ അധികമായി വേണ്ടിവരുന്ന തുക ഈ നയരേഖ ഭാഗം 20.5.5 ൽ പ്രതിപാദിച്ചിട്ടുള്ളതുപോലെ *അവകാശ ലാഭ*ത്തിൽ നിന്നുള്ള വിഹിതമായി കണ്ടെത്താവുന്നതുമാണ്.

**20.9 നയം 98. കൂടുതൽ വിശാലമായ കാഴ്ചപ്പാടോടെ സംസ്ഥാന കാർഷിക വിലനിർണ്ണയബോർഡ് ശക്തിപ്പെടുത്തണം.**

20.9.1. ഇപ്പോഴത്തെയും ഭാവിയിലെയും വിലയുടെ സ്ഥിതിയെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുകയും വിശകലനംനടത്തുകയും ചെയ്ത് അതനുസരിച്ച് കർഷകർക്കാവശ്യമായ ഉപദേശംനല്കുക എന്നതായിരുന്നു കാർഷിക വിലനിർണ്ണയബോർഡിന്റെ സ്ഥാപിതലക്ഷ്യം. എന്നാൽ ഈ നയരേഖ ഭാഗം 20.6 അനുസരിച്ച് വിലനിർണ്ണയ അതോറിറ്റി പ്രാവർത്തികമാവുന്നതിനാൽ സർക്കാരിന്റെ വിപണിയിടപെടൽ നയങ്ങൾക്ക് അനുസരണമായി ബോർഡിന്റെ

പ്രവർത്തനമേഖല വിപുലപ്പെടുത്തേണ്ട തുണ്ട്. അന്തർദ്ദേശീയതലത്തിലും ദേശീയ തലത്തിലുമുള്ള വിലസ്ഥിതി ആധുനിക സങ്കേതങ്ങൾ ഉപയോഗപ്പെടുത്തി വിശക ലനംചെയ്യുകയും അതിൽനിന്നുള്ള പ്രധാന നിരീക്ഷണങ്ങൾ പ്രത്യേകസംവിധാനത്തി ലൂടെ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടു ത്തുകയും വേണം. ആസൂത്രണമുൾപ്പെടെ തന്ത്രപരമായ പ്രവർത്തനങ്ങൾക്ക് ഉപയോഗ പ്പെടുത്താനുള്ളതുകൊണ്ടുതന്നെ ഇത്തരം വിവരങ്ങൾ പൊതുവായി പരസ്യപ്പെടു ത്താതെ സൂക്ഷിക്കേണ്ടതുണ്ട്. വിവരങ്ങൾ ചോർന്നുപോകുന്നപക്ഷം ഇവിടുത്തെ സാഹചര്യം മുൻകൂട്ടി മനസ്സിലാക്കി അന്യസംസ്ഥാനങ്ങളിൽനിന്നും അനിയ ന്ത്രിതമായി ഉല്പന്നങ്ങൾ എത്താനും നമ്മുടെ കർഷകരുടെ ഉല്പന്നങ്ങൾക്ക് വിലത്തകർച്ച നേരിടാനും ഇടയുണ്ട്.

**20.10 നയം 99. കൃഷിയുടെ പ്രധാന അടിത്തറയെന്നനിലയിൽ പ്രവർത്തിക്കുന്ന കർഷകർക്കായി *വരുമാനം ഉറപ്പാക്കൽ* ലക്ഷ്യമിടുന്ന പദ്ധതികൾ സർക്കാർ നടപ്പാക്കുകയും ഇതിനായി പ്രത്യേക നിയമം കൊണ്ടുവരികയും വേണം.**

20.10.1. ഈ നയരേഖയിൽ പ്രകാശിത മാവുന്ന കാഴ്ചപ്പാട് സഫലീകരിക്കപ്പെടണ മെങ്കിൽ സംസ്ഥാനസർവ്വീസിലെ ഒരു ക്ലാസ്സ് 4 ജീവനക്കാരന്റെയെങ്കിലും വരുമാനം കർഷ കർക്കും ഉറപ്പുവരുത്തണം.

20.10.2 ദശലക്ഷക്കണക്കിന് ടൺ ഭക്ഷ്യോ ല്പാദനത്തിന്റെ കണക്കുകൾ മാത്രം കൊണ്ടാ വരുത്, മറിച്ച് കർഷകുടുംബങ്ങളുടെ വരുമാനവർദ്ധനയുടെ തോതിലാവണം കാർഷികപുരോഗതി വിലയിരുത്തേണ്ടത് എന്ന് ദേശീയ കർഷക കമ്മീഷൻ പ്രസ്താ വിച്ചിട്ടുണ്ട്.

20.10.3. കർഷകകുടുംബങ്ങളുടെ മൊത്ത വരുമാനം വർദ്ധിപ്പിക്കാനുള്ള ചുമതല നേരിട്ട് സർക്കാരിനുണ്ടാവണം. അതുകൊണ്ടുതന്നെ കർഷകരുടെ അടിസ്ഥാന ജീവിതാവശ്യങ്ങൾ നിറവേറ്റാനാവുംവിധമുള്ള മാന്യമായ ഒരു വരുമാനം എല്ലാ കർഷക കുടുംബങ്ങൾക്കും ഉറപ്പുവരുത്തുന്നതരത്തിൽ ഒരു *വരുമാന മുറപ്പാക്കൽ നിയമം* ആവിഷ്കരിക്കുകയും നടപ്പിൽവരുത്തുകയും വേണം.

**20.11. നയം 100. വിളനാശം വരുത്തുന്ന വന്യമൃഗങ്ങളെ നിയന്ത്രിക്കുന്ന വിഷയ ത്തിൽ കർഷകരുടെ അഭിപ്രായം കൂടി കണക്കിലെടുക്കേണ്ടതാണ്.**

20.11.1. വന്യമൃഗങ്ങൾ മൂലമുള്ള കൃഷിനാശം കേരളത്തിൽ പല പ്രദേശങ്ങളിലും രൂക്ഷമായ ഒരു പ്രശ്നമാണ്. ഇതുമൂലം ഏകദേശം 20% വിളനാശമുണ്ടാകുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നു. 47 ഇനം വിളകൾ വന്യ മൃഗങ്ങളുടെ ആക്രമണത്തിന് വിധേയമാകാൻ സാധ്യതയുണ്ടെങ്കിലും പോഷകപ്രധാനമായ നെല്ല്, വാഴ, തെങ്ങ് തുടങ്ങിയവയ്ക്ക് സംഭവി ക്കാവുന്ന നാശം താരതമ്യേന കൂടുതലാണ്.

20.11.2. വന്യമൃഗങ്ങളിൽ നിന്നുള്ള വിളനാശ ത്തിന് നഷ്ടപരിഹാരത്തിനായി കർഷകർ സമർപ്പിക്കുന്ന അപേക്ഷകളിൽ 8.2% മാത്രമേ വനംവകുപ്പ് അംഗീകരിച്ച് നൽകുന്നുള്ളൂ എന്ന് രേഖകൾ സൂചിപ്പിക്കുന്നു. ഇതിൽ ത്തന്നെ പലപ്പോഴും കാലതാമസം അനുഭവ പ്പെടുന്നുമുണ്ട്. കൃഷിരീതിയ്ക്കും കൃഷിയിറ ക്കുന്ന പ്രദേശത്തിനുമനുസരിച്ച് വിളനാശ ത്തിൽ വ്യത്യാസമുണ്ടാവാം. വെറ്റില, കശുവണ്ടി, ഗ്രാമ്പു, പഞ്ഞി, കറിവേപ്പില, മഞ്ഞൾ എന്നിവ വന്യമൃഗങ്ങളുടെ ആക്രമണത്തിന് വിധേയമാവാറില്ലെങ്കിലും ഭക്ഷ്യവിളകൾ ഉൾപ്പെടെ കർഷകരുടെ ജീവനോപാധികൾ നഷ്ടമാകാൻ ഇടയുള്ളതു

കൊണ്ടുതന്നെ ഉചിതമായ പരിഹാര മാർഗ്ഗങ്ങൾ ഉരുത്തിരിക്കേണ്ടതുണ്ട്. അല്ലാത്തപക്ഷം കർഷകർക്കുണ്ടാകുന്ന ഭീമമായ നഷ്ടത്തിന് പുറമേ മൃഗങ്ങളുടെ ജീവനും ഭീഷണിയിലാവാം.

20.11.3 വന്യമൃഗങ്ങളിൽനിന്നുള്ള ശല്യം കുറയ്ക്കുന്നതിനായി കേരളത്തിൽ പരമ്പ രാഗത രീതിയിലും ആധുനികരീതിയിലുമുള്ള നിരവധി മാർഗ്ഗങ്ങൾ ഉപയോഗപ്പെടുത്തു ന്നുണ്ട്. പരമ്പരാഗത മാർഗ്ഗങ്ങൾ കുറഞ്ഞ കാലയളവിലേക്ക് മാത്രമേ ആശ്വാസം നൽകുന്നുള്ളൂ എന്നാണ് അനുഭവം. മിക്ക മൃഗങ്ങൾക്കുമെതിരെ വൈദ്യുതവേലി ഫലപ്രദമാണെന്ന് കണ്ടിട്ടുണ്ട്. നല്ല വേലി കൾ, കൽച്ചുവരുകൾ തുടങ്ങിയവ കാട്ടുപന്നി കളെ പ്രതിരോധിക്കാൻ ഉത്തമമാണ്. ഇലകളിൽ അലക്കുസോപ്പിന്റെ ലായനി തളിക്കുന്നത് മാൻ തുടങ്ങിയ മൃഗങ്ങളെ അകറ്റാൻ നല്ലതാണ്.

20.11.4 വന്യമൃഗങ്ങളുടെ സ്വഭാവവിശേഷ ങ്ങളെക്കുറിച്ച് കുടിയേറ്റകർഷകരെ ബോധ വാൻമാരാക്കുന്നത് അവയിൽനിന്നുള്ള ശല്യം കുറയ്ക്കുന്നതിനുള്ള മാർഗ്ഗങ്ങൾ സ്വീകരി ക്കാൻ അവരെ പ്രാപ്തരാക്കും.

20.11.5 മേൽവിവരിച്ച നടപടികൾ പ്രധാന മായും താല്കാലിക പരിഹാരമാർഗ്ഗങ്ങൾ മാത്രമാണ്. ഓരോ പ്രദേശത്തെയും വന്യ മൃഗങ്ങളുടെ കണക്കെടുപ്പിനെ ആധാരമാക്കി യുള്ള പ്രായോഗിക തന്ത്രങ്ങളിലൂടെ മാത്രമേ ദീർഘകാലാടിസ്ഥാനത്തിൽ ഈ പ്രശ്ന ത്തിന് പരിഹാരമുണ്ടാക്കാനാവൂ. അപ്രകാരം പരിഹാരമാർഗങ്ങൾ ആസൂത്രണം ചെയ്യു മ്പോൾ കർഷകരുടെ സജീവപങ്കാളിത്തം കൂടി ഉറപ്പുവരുത്തേണ്ടതുണ്ട്.

# 21. കാർഷികവായ്പ സംബന്ധിച്ച നയങ്ങൾ

21.1. ആവശ്യമുള്ളസമയത്തും താങ്ങാനാവുന്നനിരക്കിലും ലഭിക്കുന്ന വായ്പ കർഷകരെ സംബന്ധിച്ച് ഏറ്റവും വിലപ്പെട്ട ഒന്നാണ്. വായ്പകൾ വ്യവസ്ഥാപിത സ്ഥാപനങ്ങളിലൂടെ ലഭ്യമാക്കുകയും അവയെ ഉല്പാദനക്ഷമത ഉയർത്തുന്നതിനുള്ള നിക്ഷേപങ്ങളായി വിവക്ഷിക്കുകയും ചെയ്യണം. കൃത്യസമയത്ത് ആവശ്യമുള്ളത്ര വായ്പ ലഭിക്കുകയെന്നത് ഏതൊരു കർഷക കുടുംബത്തിന്റെയും അടിസ്ഥാന ആവശ്യമാണ്.

21.2. കാർഷികവായ്പാ നയങ്ങൾക്ക് മൊത്തത്തിൽ അഴിച്ചുപണി വേണ്ടതിന്റെ ആവശ്യകത, കർഷക ആത്മഹത്യകൾ നമ്മെ ബോദ്ധ്യപ്പെടുത്തുന്നു. മിക്ക വികസിതരാജ്യങ്ങളും കർഷകർക്ക് പലിശരഹിത വായ്പ നൽകുന്ന രീതി പിൻതുടർന്നുവരുന്നുണ്ട്. അവിടെ തീർച്ചയായും ബാങ്കുകളല്ല, മറിച്ച് സർക്കാരുകളാണ് ഇടപാടുചെലവുകൾ വഹിക്കുന്നത്.

21.3. സമീപവർഷങ്ങളിൽ സഹകരണ ബാങ്കുകളുടെ കാർഷികധനസഹായത്തിൽ വന്ന കുറവും, വാണിജ്യബാങ്കുകളുടെ കാർഷികധനസഹായവിതരണത്തിൽ വന്ന വേഗക്കുറവും ഗ്രാമീണകാർഷികമേഖലയിൽ കൊള്ളപ്പലിശക്കാരുടെ തിരിച്ചുവരവിന് കാരണമായി എന്ന് ഗവേഷകർ വിലയിരുത്തുന്നു. ഇത് നാമമാത്രകർഷകരുടെ ഇടയിലുള്ള കടബാധ്യത വർദ്ധിപ്പിക്കുകയും അങ്ങനെ കർഷക ആത്മഹത്യകൾ കൂടുകയും ചെയ്തു. അതുകൊണ്ടുതന്നെ സഹകരണരംഗത്തെ കാർഷിക ധനസഹായവ്യവസ്ഥ ശക്തിപ്പെടുത്താനും, ഈരംഗത്ത് വാണിജ്യബാങ്കുകൾ സംസ്ഥാനാന്തരമായി വച്ചുപുലർത്തുന്ന വായ്പാവിഭജന വൈജാത്യങ്ങളെ മറികടക്കാനും കേരളം അടിയന്തിരമായി നയരൂപവല്കരണം നടത്തേണ്ടതുണ്ട്.

**21.4 നയം 101. സംസ്ഥാനത്തെ ഗ്രാമീണകുടുംബങ്ങളെ ആരോഗ്യകരവും ഉല്പാദനക്ഷമവുമായ ജീവിതാവസ്ഥയിലേക്ക് നയിക്കുന്നതിനും, കാർഷിക വളർച്ചയിലൂടെ സാമ്പത്തികപുരോഗതി സാദ്ധ്യമാക്കുന്നതിനും ചെറുകിട-നാമമാത്ര കർഷകരിലേയ്ക്ക് വായ്പയുടെ ഒഴുക്ക് വർദ്ധിപ്പിക്കേണ്ടതുണ്ട്.**

21.4.1. സംസ്ഥാനത്തെ ചെറുകിട-നാമമാത്ര കർഷകർക്ക് മെച്ചപ്പെട്ട വായ്പാസൗകര്യങ്ങൾ ഏർപ്പെടുത്താൻ വാണിജ്യബാങ്കുകൾക്ക് കർശന നിർദ്ദേശം നൽകണം. സർക്കാരിന്റെ നിരന്തരമായ ഔപചാരിക നിർദ്ദേശ ങ്ങൾക്കുശേഷവും വാണിജ്യബാങ്കുകൾ മുഖേനയുള്ള വായ്പകൾ സാധാരണ കർഷകർക്ക് അപ്രാപ്യമാകുന്നു എന്നത് അനഭികാമ്യമാണ്. ആപത്കരമായ ഇത്തരം സാമ്പത്തിക പ്രതിസന്ധികളാണ് നിസ്സഹായരായ കർഷകരെ ആത്മഹത്യപോലെയുള്ള കടുത്ത തീരുമാനങ്ങളിലേയ്ക്ക് നയിക്കുന്നത് എന്നത് വ്യക്തമാണ്.

**21.5 നയം 102. നാമമാത്ര കർഷകർക്ക് വായ്പ ഉറപ്പുവരുത്തുന്നതിന് ഏറ്റവും ഉചിതമായ സംവിധാനം സ്വാശ്രയസംഘങ്ങളെ (SHG) ബാങ്കുകളുമായി ബന്ധിപ്പിക്കുക എന്നതാണ്.**

21.5.1. സംഘത്തിന്റെ ഭാഗമാവുമ്പോൾ സാമ്പത്തികശേഷി കുറഞ്ഞവരും ശക്തി പ്രാപിക്കുന്നു. അതുകൊണ്ടുതന്നെ വ്യക്തിഗതമായി ബാങ്കുകളെ സമീപിക്കുന്നതിനു പകരം സ്വാശ്രയസംഘങ്ങളിലൂടെ സമീപിക്കുന്നതാണ് അഭികാമ്യം. ഇടപാട് ചെലവ്

കുറയുന്നതിലൂടെ വായ്പ വാങ്ങുന്നവർക്കും നൽകുന്നവർക്കും ഒരുപോലെ നേട്ടമുണ്ടാകുന്നു. അനേകം ചെറിയ ചെറിയ അക്കൗണ്ടുകൾക്ക് പകരം ഒരു SHG അക്കൗണ്ട് മാത്രം കൈകാര്യംചെയ്താൽ മതിയെന്നതും വായ്പാവശ്യക്കാരെത്തേടി കണ്ടെത്തുന്നതിലുള്ള സമയനഷ്ടം ഒഴിവാക്കാമെന്നതും ബാങ്കുകളെ സംബന്ധിച്ച് നേട്ടങ്ങളാണ്. കടംവാങ്ങുന്ന കർഷകന് വായ്പാനടപടികൾ പൂർത്തിയാക്കുന്നതിന് വേണ്ടിവരുന്ന കാലതാമസം ഒഴിവായിക്കിട്ടുകയും അനാവശ്യ യാത്രകൾക്ക് വേണ്ടിയുള്ള അധികച്ചെലവ് കുറയ്ക്കാനാവുകയും ചെയ്യുന്നു.

**21.6 നയം 103. സംസ്ഥാനത്തുള്ള എല്ലാ ജില്ലാസഹകരണബാങ്കുകളും വായ്പകളുടെ ഗണനീയമായ ഒരു ഭാഗം കാർഷികാവശ്യങ്ങൾക്കായി മാറ്റിവയ്ക്കേണ്ടതാണ്.**

21.6.1. കാർഷികവായ്പ ലഭ്യമാക്കുന്നതിൽ സഹകരണമേഖല സുപ്രധാന പങ്ക് വഹിക്കുന്നുണ്ട്. ഈരംഗത്ത് നിലവിൽ പിന്നാക്കം നിൽക്കുന്ന ജില്ലാ സഹകരണബാങ്കുകളുടെ കാർഷികവായ്പാവിതരണശേഷി വർദ്ധിപ്പിക്കേണ്ടതുണ്ട്.

**21.7 നയം 104. പലിശരഹിതവായ്പകൾ കാര്യക്ഷമമായി തുടരണം.**

21.7.1. കർഷകർക്ക് പലിശരഹിതവായ്പ ലഭ്യമാക്കുന്ന കാര്യത്തിൽ സംസ്ഥാന സർക്കാർ സ്വീകരിച്ച മാതൃകാനടപടി നെൽക്കൃഷിരംഗത്തെ ധാരാളം കർഷകർക്ക് പ്രയോജനപ്രദമായിട്ടുണ്ട്. ഈ വായ്പകളുടെ പലിശവിഹിതം സഹകരണബാങ്കുകൾക്ക് സർക്കാർ നേരിട്ടുനൽകുന്നു. ഇത് കർഷകർക്കുണ്ടാക്കുന്ന നേട്ടം നിരവധി സിറ്റിംഗുകളിലൂടെ ഉപസമിതിയ്ക്ക് ബോധ്യപ്പെട്ടിട്ടുള്ളതാണ്. ഇത്തരം പരിപാടികൾ മാറ്റമില്ലാതെ തുടരണം. ഒപ്പം വരൾച്ച, വെള്ളപ്പൊക്കം, രൂക്ഷമായ കീടാക്രമണം തുടങ്ങിയവയിലൂടെ വിളനാശമുണ്ടാകുമ്പോൾ അത്തരം വായ്പകൾക്ക് പലിശയിളവ് നൽകണം. തിരിച്ചടയ്ക്കൽ ശേഷിയുണ്ടായിട്ടും മനഃപൂർവ്വം കുടിശ്ശിക വരുത്തുന്നവരുടെ കാര്യത്തിൽ മാത്രമേ പിഴപ്പലിശ ചുമത്താവൂ.

**21.8 നയം 105. സമഗ്രസമീപനത്തിലൂടെ സാമ്പത്തികശേഷി കുറഞ്ഞവരുടെ ജീവനോപാധികൾ സുസ്ഥിരമാക്കുന്ന ഉപജീവനസാമ്പത്തിക സഹായമാണ് ഇന്നിന്റെ ആവശ്യം.**

21.8.1. കർഷകർക്കായുള്ള ദേശീയകമ്മീഷൻ ഉപജീവനസാമ്പത്തിക സഹായത്തിന്റെ (Livelihood finance) ആവശ്യകത ഊന്നിപ്പറഞ്ഞിട്ടുണ്ട്. അതിന്റെ ഘടകങ്ങൾ ഇനിപ്പറയുന്നവയാണ്..

1. സാമ്പത്തികസേവനങ്ങൾ (കർഷകരുടെ ജീവനും ആരോഗ്യത്തിനും, വിളകൾക്കും വളർത്തുമൃഗങ്ങൾ ക്കുമുള്ള ഇൻഷ്വറൻസുകൾ)
2. പ്രാഥമികസൗകര്യങ്ങൾ (റോഡ്, വൈദ്യുതി, കമ്പോളം, വാർത്താവിനിമയം ഇവയ്ക്കായുള്ള സാമ്പത്തികസഹായം.)
3. മാനവശേഷിവികസനത്തിലും കൃഷി-വ്യാപാര വികസനസേവനങ്ങൾ ഇവയിലുള്ള നിക്ഷേപങ്ങൾ (ഉല്പാദനക്ഷമത വർദ്ധിപ്പിക്കൽ, പ്രാദേശികമായ മൂല്യവർദ്ധന, മെച്ചപ്പെട്ട വിപണനസംവിധാനം)
4. സ്ഥാപനങ്ങൾ വികസിപ്പിക്കുന്നതിനുള്ള സഹായങ്ങൾ (സ്വാശ്രയ സംഘങ്ങൾ, ജലവിനിയോഗ സംഘടനകൾ, വനസംരക്ഷണ കമ്മിറ്റികൾ, വായ്പാ-വിപണന സഹകരണസ്ഥാപനങ്ങൾ, കാർഷിക വിജ്ഞാന കേന്ദ്രങ്ങൾ തുടങ്ങിയവ രൂപവല്കരിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യൽ)

**21.9 നയം 106. മൃഗസംരക്ഷണം, കോഴിവളർത്തൽ, ക്ഷീരോല്പാദനം, മത്സ്യക്കൃഷി എന്നിവയ്ക്കായി എടുക്കുന്ന വായ്പകൾ കാർഷിക വായ്പയായി വകയിരുത്തണം.**

21.9.1. ഇപ്പോൾ ഈ വായ്പകളൊന്നും തന്നെ കാർഷിക വായ്പാപരിധിയിൽ വരുന്നില്ല, പകരം മുന്തിയ പലിശനിരക്ക് കൊടുക്കേണ്ടിവരുന്ന ഇടത്തരം വായ്പകളായിട്ടാണ് ഇവയെ കണക്കാക്കുന്നത്. ഈ പ്രവർത്തനങ്ങളെല്ലാം പ്രാഥമിക ഉല്പാദന വിഭാഗത്തിൽപ്പെടുന്നതിനാലും കൃഷിയിലെ അവിഭാജ്യ ഘടകമായതിനാലും ഇത്തരം വായ്പകളെക്കൂടി കാർഷിക വായ്പാ വിഭാഗത്തിൽ ഉൾപ്പെടുത്താൻ സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിനുമേൽ സമ്മർദ്ദം ചെലുത്തണം.

21.9.2 ഈ വായ്പകളുടെ തിരിച്ചടവിന്റെ സ്രോതസ്സ് കാർഷികവരുമാനമായതിനാൽ പലിശയുടെ കാര്യത്തിൽ ഇത്തരം വായ്പകളെല്ലാം കാർഷികവായ്പയായി കണക്കാക്കപ്പെടേണ്ടതാണ്.

21.9.3 ഇത് പ്രകാരമുള്ള ആനുകൂല്യങ്ങൾ കർഷക രജിസ്ട്രേഷൻ പദ്ധതിയിൽ ചേർന്നിട്ടുള്ള കർഷകർക്ക് മാത്രമായി നിജപ്പെടുത്തേണ്ടതും അർഹമായ സഹായധനം കണക്കാക്കുന്നതിന് കർഷകന് സ്വന്തമായുള്ളതോ പാട്ടത്തിനെടുത്തതോ രണ്ടും ചേർന്നതുമോ ആയ ഭൂമിയുടെ വിസ്തൃതി ആധാരമാക്കേണ്ടതുമാണ്.

**21.10 നയം 107. പ്രകൃതിക്ഷോഭങ്ങൾമൂലം വിളനഷ്ടം സംഭവിക്കുമ്പോൾ കാർഷിക വായ്പകൾ എഴുതിത്തള്ളി കർഷകരെ സഹായിക്കുന്നതിനായി ഒരു കാർഷിക വായ്പാ സമാശ്വാസഫണ്ട് (Agricultural Credit Relief Fund) ഏർപ്പെടുത്തണം.**

21.10.1. ആവർത്തിച്ചുണ്ടാകുന്ന വരൾച്ച, വെള്ളപ്പൊക്കം തുടങ്ങിയ പ്രകൃതിക്ഷോഭങ്ങളും വൻതോതിലുള്ള കീടരോഗബാധയുമെല്ലാം ഗുരുതരമായ വിപത്തുകളാണ്. അതുകൊണ്ടുതന്നെ വായ്പകളുടെ പുനഃക്രമീകരണത്തിലൂടെയോ തിരിച്ചടവ് കാലാവധി നീട്ടിനൽകിയോ മാത്രം കർഷകർക്ക് ആശ്വാസം നൽകാനാവില്ല. ഇത്തരം സാഹചര്യങ്ങളിൽ കർഷകരുടെ ചുമലിൽനിന്നും വായ്പാഭാരം മൊത്തമായി ഒഴിവാക്കപ്പെടേണ്ടതുണ്ട്. ഈ സാഹചര്യത്തിലാണ് ദേശീയ കർഷകക്കമ്മീഷൻ റിപ്പോർട്ടിൽ നിർദ്ദേശിച്ചിട്ടുള്ള അപകടാശ്വാസനിധിയുടെ മാതൃകയിൽ കേരളത്തിലും ഒരു കാർഷിക വായ്പാ സമാശ്വാസഫണ്ട് രൂപവല്കരിക്കേണ്ടതിന്റെ പ്രസക്തി വ്യക്തമാവുന്നത്. കേന്ദ്ര-സംസ്ഥാന സർക്കാരുകളിൽ നിന്നും ബാങ്കുകളിൽനിന്നുമുള്ള വിഹിതം ഇതിനായി സ്വരൂപിക്കാവുന്നതാണ്. ഒഴിവാക്കാനാവാത്ത സാഹചര്യങ്ങളിൽ കർഷകർക്ക് ആശ്വാസം നൽകാനായി കാർഷികവായ്പയുടെ മുതലോ പലിശയോ ഭാഗികമായോ പൂർണ്ണമായോ എഴുതിത്തള്ളാൻ കാർഷിക വായ്പാ സമാശ്വാസ ഫണ്ട് ഉപയോഗപ്പെടുത്താവുന്നതാണ്.

**21.11 നയം 108. കാർഷികാവശ്യങ്ങൾക്കൊപ്പം ഉപഭോഗാവശ്യങ്ങളും ചേർത്തിണക്കി കർഷകർക്കായി ഒരു സംയോജിത വായ്പാവശ്യ സങ്കല്പം (Integrated Credit Requirement Approach) രൂപപ്പെടുത്തുകയും സാമ്പത്തികസ്ഥാപനങ്ങൾ അത് അംഗീകരിച്ച് നടപ്പാക്കുന്നു എന്നുറപ്പുവരുത്തുകയും വേണം.**

21.11.1. ഉല്പാദനം, സംസ്കരണം, സൂക്ഷിക്കൽ, വിപണനം, വ്യാപാരം ഇവയെല്ലാംതന്നെ വായ്പ ആവശ്യമുള്ള പ്രവർത്തനങ്ങളാണ്. എന്നാൽ നിലവിൽ,

സ്ഥാപനവൽകൃതമോ അല്ലാത്തതോ ആയ വായ്പാസഹായം കർഷകർക്ക് ഉല്പാദനാവശ്യങ്ങൾക്കു മാത്രമേ ലഭിക്കുന്നുള്ളൂ. ഈ കുറവ് നികത്താൻ ഒരു സംയോജിത വായ്പാവശ്യസങ്കല്പം രൂപപ്പെടുത്താൻ സർക്കാർ മുൻകൈ എടുക്കണം.

**21.12 നയം 109. കാർഷികവായ്പകൾ കൈകാര്യം ചെയ്യുന്നതിൽ പ്രാഥമിക കാർഷിക സഹകരണസംഘങ്ങൾക്കുമേൽ ഈ അടുത്തകാലത്ത് ഭാരതീയ റിസർവ് ബാങ്ക് ചെലുത്തിയിട്ടുള്ള നിയന്ത്രണങ്ങളുടെ വെളിച്ചത്തിൽ കർഷകർക്കാവശ്യമായ വായ്പാസൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് അനിവാര്യമായ നടപടികൾ സംസ്ഥാന സർക്കാർ സ്വീകരിക്കണം.**

21.12.1. പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ മുഖേന ലഭ്യമാകുന്ന കാർഷിക വായ്പകളുടെ കാര്യത്തിൽ ഈ അടുത്ത കാലത്ത് ഭാരതീയ റിസർവ്ബാങ്ക് നിരവധി നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയുണ്ടായി. വാസ്തവത്തിൽ ഇത്തരം പ്രാഥമികസംഘങ്ങളാണ് കർഷകർക്ക് ഏറ്റവും മെച്ചപ്പെട്ട വായ്പാസൗകര്യങ്ങൾ നൽകിയിരുന്നത്. അതിലുപരി ഗ്രാമതലത്തിലുള്ള കർഷകർ എന്നും വായ്പാസഹായത്തിനായി സമീപിച്ചിരുന്ന ആദ്യസ്ഥാപനവും ഇത്തരം സംഘങ്ങളായിരുന്നു. ഈ സാഹചര്യത്തിൽ, നിലവിലുള്ള നിയമതടസ്സങ്ങൾ മറികടന്ന്, മുൻകാലങ്ങളിലെപ്പോലെ, പ്രാഥമിക കാർഷിക സഹകരണസംഘങ്ങൾ വഴി കർഷകർക്ക് എളുപ്പത്തിൽ വായ്പ ലഭ്യമാകുന്നതിന് യോജിച്ച നടപടികൾ സംസ്ഥാനസർക്കാർ സ്വീകരിക്കണം.

**21.13 നയം 110. വായ്പനൽകുന്ന സമയം മുതൽ തിരിച്ചടയ്ക്കുന്ന സമയം വരെ കാർഷികവായ്പകൾ കാര്യക്ഷമമായി നിരീക്ഷിക്കപ്പെടേണ്ടതാണ്.**

21.13.1. സംസ്ഥാനത്തുടനീളം വൻതുകകൾ കാർഷികവായ്പകളായി വിതരണം ചെയ്തിട്ടുള്ളതായി സ്ഥിതിവിവരക്കണക്കുകൾ വെളിപ്പെടുത്തുന്നു. എന്നാൽ ഈ വായ്പത്തുകയ്ക്ക് ആനുപാതികമായിട്ടുള്ള കാർഷികോല്പാദനം നടന്നിട്ടില്ല എന്നത് വിരോധാഭാസമാണ്. കണക്കിലെ ഈ പൊരുത്തക്കേടുകൾ പരിഹരിക്കുന്നതിനായി, കാർഷികാവശ്യങ്ങളുടെ പേരിൽ കൊടുക്കുന്ന വായ്പകളുടെ വിനിയോഗം തുടക്കംമുതൽ കർശനമായി നിരീക്ഷിക്കേണ്ടതാണ്.

21.13.2. വായ്പ കൊടുക്കുന്ന മുറയ്ക്കുതന്നെ ധനകാര്യസ്ഥാപനങ്ങൾ കർഷകർക്ക് ആധുനിക സാങ്കേതികവിദ്യകളുടെ ഉപയോഗത്തെപ്പറ്റിയുള്ള ഉപദേശങ്ങൾ ലഭ്യമാക്കാൻ കാർഷികവിദഗ്ദ്ധരുടെ സേവനം പ്രയോജനപ്പെടുത്തുകയും, അങ്ങനെ വായ്പ കൃഷിയ്ക്കും അനുബന്ധപ്രവർത്തനങ്ങൾക്കും കാര്യക്ഷമമായി വിനിയോഗിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യാം. വായ്പ യഥാസമയം അടയ്ക്കുന്നുണ്ടോ എന്ന് സമയം അതിക്രമിക്കുന്നതിനു മുൻപേതന്നെ നിരീക്ഷിക്കാൻ തുടങ്ങണം. കർഷകന്റെ തിരിച്ചടവുശേഷി അനുസരിച്ചേ വായ്പാ സഹായം നൽകാവൂ. വായ്പാസഹായവുമായി ബന്ധപ്പെട്ട നല്ല നയങ്ങൾ കർഷകർക്ക് അനുഗ്രഹമാണ്.

# 22. വിളസംരക്ഷണവുമായി ബന്ധപ്പെട്ട നയങ്ങൾ

22.1 സംസ്ഥാനത്ത് വളരുന്ന മുഖ്യവിളകളിൽ ഭക്ഷ്യവിളകളായ നെല്ല്, മരച്ചീനി, മറ്റു കിഴങ്ങു വർഗ്ഗങ്ങൾ, വാഴ, ഫലവർഗ്ഗങ്ങൾ തുടങ്ങിയ വയും കല്പവൃക്ഷമായ തെങ്ങും, തോട്ടവിള യായ റബ്ബറും ഉൾപ്പെടുന്നു. നാണ്യവിളകളായ തെങ്ങ്, റബ്ബർ, തേയില, കാപ്പി, കുരുമുളക്, ഏലം, കശുമാവ്, അടയ്ക്ക, ജാതി, ഇഞ്ചി, കറു കപ്പട്ട, ഗ്രാമ്പു എന്നിവ കേരളത്തിലെ കൃഷിക്ക് വ്യത്യസ്തമായ സുഗന്ധവും സ്വാദും നൽകുന്നു.

22.2 കേരളത്തിലെ കർഷകരുടെ പ്രധാന വരു മാനമാർഗ്ഗം മുഖ്യവിളയായ തെങ്ങാണ്. ഭാര തത്തിലെ 70% നാളികേരോല്പാദനം സാദ്ധ്യമാക്കുന്നതും കേരളമാണ്. മറ്റൊരു പ്രധാന നാണ്യവിളയാണ് കശുമാവ്. തോട്ടണ്ടി സംസ്കരിച്ച് ഉപ്പ് ചേർത്തോ അല്ലാ തെയോ വിപണനംചെയ്യപ്പെടുന്ന കശു വണ്ടിപ്പരിപ്പ് സംസ്കരണത്തിന് വമ്പിച്ച സംവിധാനങ്ങൾ ഇവിടെ നിലവിലുണ്ട്. ഇന്ത്യൻ കയറ്റുമതിരംഗത്ത് കേരളത്തിന് പ്രത്യേകസ്ഥാനം നൽകുന്ന മറ്റൊരു നാണ്യ വിളയാണ് ഏലം. സംസ്ഥാനത്തിന്റെ നെല്ലറയായി അറിയപ്പെടുന്ന ആലപ്പുഴജില്ല അരിയുല്പാദനത്തിൽ പ്രമുഖമായ ഒരു സ്ഥാനം വഹിക്കുന്നുണ്ട്. അതുപോലെതന്നെ പ്രാധാന്യമുള്ളതാണ് കേരളത്തിലെ നെല്പ്പാ ടത്തിന്റെ അൻപത് ശതമാനവും സംഭാവന ചെയ്യുന്ന പാലക്കാട് ജില്ല. സംസ്ഥാനത്തെ നെൽകൃഷി ധാരാളം പ്രശ്നങ്ങൾ നേരിടു ന്നുണ്ട്. തത്ഫലമായി അത് വളരെവേഗത്തിൽ അധ:പതിക്കുകയാണ്. കേരളത്തിലെ നെൽക്കൃഷിയുടെ വിസ്തൃതി നിരവധി വെല്ലുവിളികൾ നേരിട്ട് താഴേക്ക് പൊയ്ക്കൊ ണ്ടിരിക്കുന്ന വിഷമകരമായ അവസ്ഥയാണ് നമുക്ക് കാണാൻ കഴിയുന്നത്. കേരളത്തിന്റെ ഹരിതാഭ നിലനിർത്തുന്നതിനും ഇവിടത്തെ സുഖസുന്ദരമായ കാലാവസ്ഥക്കും മൂലകാ രണം കേരളത്തിലെ നെല്പ്പാടങ്ങളാണ് എന്നത് മറക്കാനാവാത്ത യാഥാർത്ഥ്യമാണ്.

22.3. വിളകളുടെ സ്വഭാവത്തിനനുസരിച്ച് താഴെപ്പറയുന്ന നയസമീപനങ്ങൾ ആവശ്യ മാണ്.

## 22.4 നെൽക്കൃഷിയെ സംബന്ധിക്കുന്ന നയങ്ങൾ

22.5. വാർഷികവിളകളിൽ ഭൂരിഭാഗം സ്ഥലവും കൈവശപ്പെടുത്തിയിരിക്കുന്നത് നെൽക്കൃഷി യാണ്. നെല്ലിന്റെ ആദ്യവിള ഏറിയകൂറും വയൽക്കൃഷിയാണ് ; രണ്ടാമത് വിളവെടുപ്പാ വുമ്പോഴേക്കും നെൽക്കൃഷിക്ക് ഇരട്ടി സ്ഥലവും, വേനൽക്കാല വിളവെടുപ്പ് വരു മ്പോൾ നാലിരട്ടിസ്ഥലവും ആവശ്യമായി വരും. നെല്പ്പാടങ്ങൾ മറ്റാവാശ്യങ്ങൾക്കായി നികത്തുന്നതുവഴി, വിസ്തൃതി ഓരോ വർഷം കഴിയുംതോറും കുറയുന്നുണ്ടെങ്കിലും അത്യു ല്പാദനശേഷിയുള്ള ഇനങ്ങളുടെ പ്രചരണം വഴി നെൽക്കൃഷിയിലെ വിളവ് ഗണ്യമായ തോതിൽ വർദ്ധിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

22.6. വികസനപ്രവർത്തനങ്ങളുടെ മറവിൽ, വകതിരിവില്ലാതെ നെല്പ്പാടങ്ങൾ നികത്തി യത് നെൽക്കൃഷിയുള്ളസ്ഥലങ്ങൾ ഗണ്യ മായി കുറയ്ക്കുകയും അനന്തരഫലമായി നെല്ലുല്പാദനത്തിൽ ഗണ്യമായ കുറവ് സംഭ വിക്കുകയും ചെയ്തു. കേരളത്തിൽ ഏറ്റവും കൂടുതൽ നെല്ല് വിളഞ്ഞ 1974-75ൽ വിസ്തൃതി 8.81 ലക്ഷം ഹെക്ടറും, ഉല്പാദനം 13.34 ലക്ഷം ടണ്ണും ആയിരുന്നു. പക്ഷേ, ഇപ്പോഴത്തെ വിവ രങ്ങളനുസരിച്ച് വിസ്തൃതി 2.13 ലക്ഷം ഹെക്ടറായി കുറയുകയും ഉല്പാദനം 5.2 ലക്ഷം ടൺ ആവുകയും ചെയ്തു.

22.7. ഉല്പാദനത്തിൽ സംഭവിച്ച നിരന്തരവീഴ്ചയ്ക്ക് മുഖ്യമായ കാരണങ്ങൾ ഇവയാണ് - വികസനപ്രവർത്തനങ്ങളുടെ പേരിൽ യുക്തിസഹമല്ലാതെ നെല്പാടങ്ങൾ നികത്തുകയും; ആവശ്യത്തിനു പ്രാധാന്യവും മറ്റു വിളകൾക്കുമേൽ മുൻഗണനയുംനൽകി ഉല്പാദനക്ഷമത വർദ്ധിപ്പിക്കാനുള്ള ശ്രമങ്ങൾ നടത്താതെ, ലാഭകരമായ വിളകൾ കൃഷിചെയ്യുന്നതിനും മറ്റാവശ്യങ്ങൾക്കുമായി ഈഭൂമി ഉപയോഗിക്കുകയും ചെയ്യുന്നു. ഈ പശ്ചാത്തലത്തിലാണ് താഴെപ്പറയുന്ന നയങ്ങൾക്ക് രൂപംനൽകുന്നത്.

**22.8 നയം 111. പാരിസ്ഥിതികമായും സാമ്പത്തികമായും നെല്പ്പാടങ്ങളുടെ രൂപാന്തരം ഇതിൽക്കൂടുതൽ കേരളത്തിനു താങ്ങാൻ കഴിയില്ല.**

22.8.1. ഇനിവരുന്ന നാളുകളിൽ ഭരണകൂടങ്ങൾ നേരിടുന്ന വെല്ലുവിളി ദരിദ്ര ഉപഭോക്താക്കളെ - വിലയിൽ കുറവുവരുത്തി സഹായിക്കുക, ദരിദ്ര ഉല്പാദകരെ ഉല്പാദനച്ചെലവ് കുറച്ചുകൊണ്ട് സഹായിക്കുക, വർദ്ധിച്ചുവരുന്ന ജനസഞ്ചയത്തിന് ഭക്ഷണംനല്കുക എന്നിവയാണ്. കുറഞ്ഞത് 320 ഗ്രാം പ്രതിശീർഷ ഭക്ഷ്യലഭ്യത എന്ന നിരക്കിൽ എകദേശം 40 ലക്ഷം ടൺ ഭക്ഷ്യധാന്യങ്ങൾ ഒരുവർഷം ഉല്പാദിപ്പിച്ചാൽ മാത്രമേ കേരളത്തിലെ 3.3 കോടി വരുന്ന ജനങ്ങളെ തീറ്റിപ്പോറ്റാൻ സാധിക്കുകയുള്ളു എന്ന് സർക്കാർ പ്രസിദ്ധീകരിച്ച പല രേഖകളിൽനിന്നും വ്യക്തമാണ്.

22.8.2. കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ചട്ടം 2008 (The Kerala Conservation of Paddy Land and Wetland Act 2008) നെല്പ്പാടം രൂപാന്തരപ്പെടുത്തുന്നത് ഒഴിവാക്കാനും നിലവിലുള്ള നെല്പ്പാടങ്ങൾ സംരക്ഷിക്കാനും ഉതകുന്നരീതിയിൽ കർശനമായിത്തന്നെ പ്രയോഗത്തിൽ വരുത്തണം. നെൽക്കൃഷി നമുക്ക് തരുന്ന ജൈവ-പരിസ്ഥിതി വ്യവസ്ഥയുടെ സേവനങ്ങൾ തിരിച്ചറിയുകയും, സ്ഥാപനങ്ങളുടെ സഹായത്തോടെ നമുക്കുള്ള അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിച്ച് കൃഷിചെയ്യാത്തഭൂമി കൃഷിയിലേക്ക് തിരിച്ചുകൊണ്ടുവരാൻ അശ്രാന്തമായി പരിശ്രമിക്കുകയും, നെൽക്കൃഷി തുടർന്നുകൊണ്ടു പോവാൻകഴിയാത്ത നെല്പ്പാട ഉടമകളുടെ പാടത്ത് കൃഷിയിറക്കാൻ പാട്ടക്കൃഷിക്കാർക്ക് പ്രോത്സാഹനം നൽകുകയുംവേണം.

**22.9 നയം 112. സംസ്ഥാനത്ത് അരിയുല്പാദനം വർദ്ധിപ്പിക്കാനുള്ള പ്രവർത്തനതന്ത്രങ്ങളിൽ ഏറ്റവും അടിയന്തിരമായി ചെയ്യേണ്ടത് ഇതിനായുള്ള സ്ഥലത്തിന്റെ വിസ്തൃതി കൂട്ടുക എന്നതാണ്.**

22.9.1. നിലവിലുള്ള നെല്പ്പാടങ്ങൾ നിലനിർത്തുകയും അതേസമയം കൃഷിചെയ്യാതെകിടക്കുന്ന പാടശേഖരങ്ങളിൽ കൃഷിയിറക്കുകയും, പാട്ടത്തിന് സ്ഥലമെടുത്ത് കൃഷിചെയ്യുന്നരീതി പ്രോത്സാഹിപ്പിക്കുകയും, നിശ്ചിത വിസ്തൃതിയിൽ ഒരുവിള എന്നതുമാറ്റി രണ്ടുവിളയിറക്കുകയും അത് പിന്നെ മൂന്നാക്കുകയുംചെയ്ത് ഉല്പാദനം പരമാവധി വർദ്ധിപ്പിക്കാനുള്ള ബോധപൂർവ്വമായ ശ്രമങ്ങൾ ഉണ്ടാകണം.

22.9.2. അഞ്ച് വർഷത്തിനുള്ളിൽ നെൽക്കൃഷിയുടെ വിസ്തൃതി 2.13 ലക്ഷം ഹെക്ടറിൽനിന്ന് 3 ലക്ഷം ഹെക്ടറായി ഉയർത്തിക്കൊണ്ടുവരാൻ ഈ നയം ശക്തിയുക്തം ആവശ്യപ്പെടുന്നു. അതിലേയ്ക്ക് താഴെപ്പറയുന്ന കാര്യങ്ങൾ സമയബന്ധിതമായി നടപ്പാക്കേണ്ടതാണ്.

22.9.2.1. കൃഷിക്ക് യോഗ്യമായ, വെറുതെയിട്ടിരിക്കുന്ന ഭൂമിയിൽ നെൽക്കൃഷിചെയ്ത് കൂടുതൽസ്ഥലം നെൽക്കൃഷിക്ക് കീഴിൽ കൊണ്ടുവരണം.

22.9.2.2: കരനെൽക്കൃഷിക്ക് തുല്യപ്രാധാന്യം നൽകുകയും അത് പ്രോത്സാഹിപ്പിക്കാൻ തന്ത്രങ്ങൾ ആവിഷ്കരിക്കുകയും ചെയ്യണം.

**22.10 നയം 113. അഞ്ച് വർഷ കാലയളവിനുള്ളിൽ ഇപ്പോഴത്തെ ഉല്പാദനക്ഷമത 2.30 t/ha-ൽ നിന്നും 4.0 t/ha ആയി വർദ്ധിപ്പിക്കുകയും അതുവഴി ഉല്പാദനം 3.0 ലക്ഷം ഹെക്ടറിൽനിന്ന് 12 ലക്ഷം ടൺ എന്ന ലക്ഷ്യം കൈവരിക്കുകയും വേണം.**

22.10.1. ഉയർന്ന വിളവുതരുന്ന വിവിധയിനം നെല്ലിനങ്ങളുടെയും സങ്കരയിനം നെല്ലിനങ്ങളുടെയും പ്രചാരം വർദ്ധിപ്പിക്കുകവഴിയും ശാസ്ത്രീയമായ സംഘകൃഷി പ്രോത്സാഹനം വഴിയും ഉല്പാദനത്തിൽ വർദ്ധനവ് വരുത്താം. കേരളത്തിലെ നെല്ലിന്റെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കാൻ സൃഷ്ടിച്ച പദ്ധതികളിൽ താഴെപ്പറയുന്ന കാര്യങ്ങൾ ഉൾപ്പെടുന്നു.

1. സംഘകൃഷി പ്രോത്സാഹിപ്പിക്കുന്ന പദ്ധതികൾക്ക് പുതുജീവൻ നൽകൽ.
2. എല്ലാ ജില്ലകളിലും കാർഷിക ഉപദേശകസമിതികൾ രൂപവല്കരിച്ച് പ്രവർത്തനം ശക്തമാക്കൽ.
3. അത്യുല്പാദനശേഷിയുള്ള നെല്ലിനങ്ങൾക്കും ശാസ്ത്രീയ കൃഷിരീതികൾക്കും തുല്യപ്രാധാന്യം നൽകൽ.
4. മണ്ണുപരിശോധനാ ഫലത്തെ അടിസ്ഥാനമാക്കി സമഗ്രമായ പോഷക പരിപാലന (INM) പരിപാടി നടപ്പാക്കൽ.
5. മുൻനിര വിളപ്രദർശന പരിപാടികൾ നടത്തി നെല്ലിന് പരമാവധി ലാഭമുണ്ടാക്കുന്ന പരിപാടികൾ പ്രചരിപ്പിക്കൽ.
6. ശരിയായ വിത്ത്, ശരിയായ അളവിൽ, ശരിയായ സമയത്ത് കിട്ടുന്നുവെന്ന് ഉറപ്പുവരുത്താൻ - മേന്മയേറിയ വിത്തുകൾ ഉല്പാദിപ്പിക്കലും അത് വാണിജ്യാടിസ്ഥാനത്തിൽ പെരുക്കി വിതരണംചെയ്യലും.
7. സമഗ്ര കീട-രോഗ നിയന്ത്രണപരിപാടി നടപ്പിലാക്കൽ.
8. നെൽക്കൃഷിയിലെ യന്ത്രവല്ക്കരണത്തിന് ഉചിതമായ പ്രാധാന്യം നൽകൽ.
9. വിളവെടുപ്പിന് ശേഷവും സംഭരണ-സംസ്കരണ സമയത്തും ഉണ്ടാകുന്ന ഭക്ഷ്യധാന്യനഷ്ടം പൂർണ്ണമായും ഒഴിവാക്കൽ.
10. സംസ്ഥാന വിത്ത് വികസന അതോറിറ്റി കർഷകപങ്കാളിത്തത്തോടെ ശക്തിപ്പെടുത്തൽ.
11. കേരളത്തിലെ നെൽക്കൃഷി വികസനസ്ഥാപനങ്ങൾക്കും ഗവേഷണ കേന്ദ്രങ്ങൾക്കും കൂടുതൽ പ്രാധാന്യം നൽകുകയും സാമ്പത്തികസഹായം നൽകി ശക്തിപ്പെടുത്തുകയും ചെയ്യൽ.
12. ഞാറ്റടി തയ്യാറാക്കുന്ന കാലയളവിൽത്തന്നെ നെൽക്കൃഷിക്കാർക്ക് പലിശരഹിതവായ്പ ലഭ്യമാക്കൽ.
13. പ്രകൃതിക്ഷോഭങ്ങൾമൂലമുള്ള നഷ്ടം നികത്താൻ നെൽക്കൃഷിക്ക് ഇൻഷ്വറൻസ് ഏർപ്പാടാക്കൽ.

22.10.2. നയരേഖ ഭാഗം 14.6 ൽ വിശദമാക്കുന്നതുപോലെ ഈ പദ്ധതികളെല്ലാം സംസ്ഥാന കാർഷിക ആസൂത്രണരേഖ (State Agricultural Plan) തയ്യാറാക്കുമ്പോൾത്തന്നെ മുൻകൂട്ടി ദർശിക്കാനായൽ പദ്ധതികളുടെ ഗുണഫലങ്ങൾ കൃത്യമായും വേഗത്തിലും നേടിയെടുക്കാനാവും.

**22.11 നയം 114. കൂടുതൽ കർഷകരെ നെൽക്കൃഷിയിലേക്ക് ആകർഷിക്കാനായി കൃഷി കൂടുതൽ ലാഭകരമാക്കുന്നതിന്, നെൽക്കൃഷിയിൽനിന്നുള്ള വരുമാനം വർദ്ധിപ്പിക്കുവാനും കർഷകന് കൂടുതൽ അറ്റാദായം നേടാനുമുള്ള പരിപാടികൾക്ക് രൂപംനൽകണം.**

22.11.1. കൃഷിയിൽനിന്നുള്ള വരുമാനം ആദായകരമാകുന്നതുവഴി കൃഷിക്കാരെ നെൽക്കൃഷി യിൽത്തന്നെ നിലനിർത്താൻ കഴിയും. കൃഷിക്കാർക്ക് വർഷംമുഴുവൻ വരുമാനം ഉറപ്പാക്കുന്ന രീതിയിലാവണം സർക്കാരിന്റെ നയം. സംസ്ഥാനത്തെ കൃഷിക്കാർക്ക് അനുബന്ധവരുമാനം ഉറപ്പുവരുത്തുന്നതിന് താഴെ പ്പറയുന്ന നടപടികൾ സ്വീകരിക്കണം.

1. നെൽക്കൃഷിക്കാർക്ക് കൂടുതൽ കാർഷികാനുബന്ധവരുമാനം ലഭ്യമാകുന്ന നൂതനപരിപാടികൾക്ക് രൂപംനൽകി നടപ്പാക്കുക.
2. ജൈവ നെൽക്കൃഷി(Organic rice cultivation)യും, പ്രത്യേക വർഗ്ഗത്തിൽപ്പെട്ട നെല്ലിനങ്ങളുടെ കൃഷിയും (Speciality rice cultivation) സുഗന്ധ നെല്ലിനങ്ങളുടെ കൃഷിയും ആസൂത്രിതമായി പ്രചരിപ്പിച്ച് കർഷകന് ലാഭം നേടിക്കൊടുക്കുക.
3. സംയോജിത നെൽ-മത്സ്യ കൃഷി പരിപാടി *(ഒരു നെല്ലും ഒരു മീനും)* വ്യാപകമാക്കാൻ കഴിയുന്ന സ്ഥലങ്ങളിലെല്ലാം വ്യാപകമാക്കുകയും അത് നടപ്പാക്കാനുള്ള പരിശീലനപരിപാടികൾ പാടശേഖരങ്ങളിലെ അംഗങ്ങൾക്ക് നൽകുകയും ചെയ്യുക.

**22.12 നയം 115. ഭക്ഷ്യസുരക്ഷയും, നെൽക്കൃഷികൊണ്ട് പരിസ്ഥിതിക്ക് ലഭിക്കുന്ന നേട്ടവും കണക്കിലെടുത്ത്; സർക്കാർ നെൽക്കൃഷി വികസനത്തിനായി കൂടുതൽ പരിപാടികൾ ആവിഷ്കരിക്കുകയും കൂടുതൽ മുതൽമുടക്ക് നടത്തുകയും ചെയ്ത് കർഷകന് കൂടുതൽ സാമ്പത്തികസഹായം ഉറപ്പുവരുത്തി, ഭൂവിസ്തൃതി 5 വർഷത്തിനുള്ളിൽ 2 ലക്ഷം ഹെക്ടറിൽ നിന്നും 3 ലക്ഷം ഹെക്ടറാക്കി ഉയർത്താൻ നടപടികൾ സ്വീകരിക്കണം.**

22.12.1. ഇന്ത്യ മുഴുവനും, പ്രത്യേകിച്ച് കേരളത്തിൽ ഭക്ഷ്യധാന്യ ഉല്പാദനം വളരെ ശ്രദ്ധചെലുത്തേണ്ട കാര്യമാണ്. ജനസംഖ്യ ഗണ്യമായി വർദ്ധിക്കുകയും അരി മലയാളികളുടെ പ്രധാനഭക്ഷണമായി മാറുകയും ചെയ്ത പശ്ചാത്തലത്തിൽ അരിയുടെയും അരിയുപയോഗിച്ചുള്ള ഭക്ഷ്യവിഭവങ്ങളുടെയും ആവശ്യകത വർദ്ധിക്കുകയാണ്. ആറു പതിറ്റാണ്ട് മുന്നേ രാജോചിതമായി വാണ തിരുവിതാംകൂർ സംസ്ഥാനം (ഇപ്പോഴത്തെ കേരളത്തിന്റെ ഒരു ഘടകം) ജനങ്ങൾക്ക് ഉയർന്നരീതിയിൽ ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തിയെന്നതും കഴിഞ്ഞ നൂറ്റാണ്ടിന്റെ മദ്ധ്യകാലംവരെ അരി കയറ്റുമതി ചെയ്യാതിരുന്നുവെന്നതും ചരിത്രസത്യങ്ങളാണ്. ആഗോളവിപണിയിലെ വിലവർദ്ധനവും ആഭ്യന്തരവിപണിയിലെ ഭക്ഷ്യക്ഷാമവും കേരളത്തിലെ ഭക്ഷ്യസുരക്ഷ തീർത്തും മോശപ്പെട്ട നിലയിലാക്കാൻ കാരണമായിട്ടുണ്ട്. നമ്മുടെ ഭൂസമ്പത്തും ജലസമ്പത്തും കുറഞ്ഞുകൊണ്ടിരിക്കുകയും നമ്മുടെ പ്രധാന ഭക്ഷ്യധാന്യമായ അരി നമുക്കാവശ്യത്തിനായിപ്പോലും തികയാതെ വരികയും ചെയ്യുന്ന സ്ഥിതി ഈ നൂറ്റാണ്ടിന്റെ ആരംഭംമുതൽക്കേ നമ്മൾ അനുഭവിക്കുകയാണ്.

22.12.2. ഈ ഘടകങ്ങളെല്ലാം മനസ്സിലാക്കിക്കൊണ്ട്, യുദ്ധകാലാടിസ്ഥാനത്തിൽ നെൽക്കൃഷിക്ക് പ്രോത്സാഹനം നൽകേണ്ടത് അത്യന്താപേക്ഷിതമാണ്. നെൽക്കൃഷി, കർഷകരുടെ സംവേദനത്തിൽ ഏറ്റവും ലാഭംകുറഞ്ഞ വിളയായതിനാൽ അതിനെ പ്രോത്സാഹിപ്പിക്കാനുള്ള സാമ്പത്തിക സഹായം കാലാനുസൃതമായി വർദ്ധിപ്പിക്കേണ്ടതാണ് എന്ന ആവശ്യം ഉയർന്നുവന്നിട്ടുണ്ട്.

**22.13 നയം 116. പുഷ്പഫലവിളകൾക്കും നാണ്യവിളകൾക്കും സഹായംനൽകുന്ന രീതിക്ക് സമാനമായി നെൽക്കൃഷിക്കാർക്കുള്ള സഹായപദ്ധതികളും ആനുപാതികമായും കാലാനുസൃതമായും വർദ്ധിപ്പിക്കേണ്ടതാണ്.**

22.13.1. സാധാരണഗതിയിൽ നെൽക്കൃഷിയിൽ മുഴുവൻചെലവിന്റെ 90% കൃഷിക്കാർ നിക്ഷേപിക്കുന്നത് ഭക്ഷ്യസുരക്ഷ ഉറപ്പാക്കാനും, ഒപ്പം തണ്ണീർത്തടത്തിന്റെ പരിസ്ഥിതി പുന:സൃഷ്ടിക്കാനുമാണ്. (ഏകദേശം 2 ലക്ഷം ഹെക്ടർ സ്ഥലത്ത് കൃഷിക്കാർ ചെലവാക്കിയത് 8000 കോടി രൂപയും സർക്കാർ നിക്ഷേപിച്ചത് ഏകദേശം 1000 കോടി രൂപയുമാണ്). സംസ്ഥാനത്തെ 3 കോടി ജനങ്ങൾക്കുവേണ്ടി തണ്ണീർത്തടത്തിലും താഴ്ന്ന പാടശേഖരങ്ങളിലും കൃഷിചെയ്യുന്ന നെൽക്കൃഷിക്കാർ തണ്ണീർത്തടങ്ങൾ സംരക്ഷിക്കുന്നതിനായി നിക്ഷേപിക്കുന്ന തുക സർക്കാർ ചെലവാക്കുന്നതിനെക്കാൾ എത്രയോ മടങ്ങ് കൂടുതലാണെന്നത് ഇതിൽനിന്നും ചിന്തനീയമാണ്.

22.13.2. ഭൂപ്രദേശപരമായ പ്രത്യേകതകൾ കണക്കിലെടുത്ത് എല്ലാ സാമ്പത്തികസഹായങ്ങളും ഒന്നിച്ചുകൊണ്ടുവരികയും ഈ സഹായവാഗ്ദാനങ്ങൾ പരിഷ്കരിക്കുകയും വേണം. കൃഷിച്ചെലവിന്റെ 50% എങ്കിലും നെൽക്കൃഷിക്ക് സർക്കാർ ധനസഹായമായി നൽകണം.

## 22.14 നാളികേരക്കൃഷി മെച്ചപ്പെടുത്താനുള്ള നയങ്ങൾ

22.14.1. നെൽക്കൃഷി പോലെതന്നെ സംസ്ഥാനത്തൊട്ടാകെ നാളികേര ക്കൃഷിയും വ്യാപകമായി ചെയ്തുവരുന്നു. കേരളത്തിലെ മിക്കവാറും വീടുകളിൽ തെങ്ങുള്ളതിനാൽ അവരവരുടെ ആവശ്യത്തിനായുള്ള നാളികേരം വീട്ടുവളപ്പിൽ നിന്നുതന്നെ ലഭ്യമാണ്. ദേശീയ കാർഷിക രംഗത്തെ മുഖ്യമായ ഘടകമെന്നതിലുപരി, പരമ്പരാഗതമായി, തദ്ദേശ ഗ്രാമീണസമ്പത്തിന്റെ ഒരു ഭാഗമാണ് നാളികേരക്കൃഷി.

22.14.2. ഭക്ഷ്യയോഗ്യമായ മറ്റ് എണ്ണകളുടെ വില ക്രമാതീതമായി ഉയരുകയും വെളിച്ചെണ്ണയുടെ വില കുറയുകയും ചെയ്യുന്നതുവഴി സംസ്ഥാനത്തെ കേരകർഷകർ ഭയാനകമായ വിലയിടിവ് നേരിടുകയാണ്.

22.14.3. നാളികേര വികസനബോർഡിന്റെ അഭിപ്രായത്തിൽ നാളികേരമേഖലയെ സംരക്ഷിക്കുന്നതിനായി, ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കാനാവശ്യമായ പദ്ധതിക്ക് തുടക്കമിടണം. അല്ലെങ്കിൽ, ഏകദേശം 35 ലക്ഷത്തോളം വരുന്ന കേരകർഷക കുടുംബങ്ങളുടെ ജീവിതം ക്ലേശപൂർണ്ണമായിത്തീരും. *നാളികേരത്തിന്റെ നാട്* അതിന്റെ പിന്നാമ്പുറങ്ങളിൽനിന്ന് *തെങ്ങി*നെ ഉയർത്തിക്കൊണ്ടുവരേണ്ട കാലം അതിക്രമിച്ചിരിക്കുകയാണ്. അതിന് കാരണം തെങ്ങുകൃഷി ഇന്നും കേരളത്തിലെ സാധാരണക്കാരന്റെ മുഖ്യ ധനാഗമമാർഗ്ഗങ്ങളിലൊന്നാണ് എന്നതാണ്. കേരളത്തിൽ ഏകദേശം 92 ലക്ഷം ഹെക്ടറിൽ തെങ്ങ് കൃഷിചെയ്യുന്നു; അതായത് മൊത്തം വിളഭൂമിയുടെ 42% തെങ്ങുകൃഷിയാവുകയും അതുവഴി ഏകദേശം 3.5 ദശലക്ഷം കുടുംബങ്ങൾക്ക് ഇതൊരു ഉപജീവനമാർഗ്ഗമായിത്തീരുകയും ചെയ്യുന്നു.

**22.15 നയം 117. ഭക്ഷ്യയോഗ്യമായ മറ്റ് എണ്ണകളുടെ ഇറക്കുമതി വെളിച്ചെണ്ണയുടെ വിലയെ സാരമായി ബാധിക്കുന്നതിനാൽ ഇതിനായി ഒരു നയം രൂപവല്കരിക്കാൻ സംസ്ഥാനസർക്കാർ കേന്ദ്രസർക്കാരിനു മേൽ സമ്മർദ്ദം ചെലുത്തുകയും, അതുവഴി മറ്റ് എണ്ണകളുടെ ഇറക്കുമതിസമയത്തും വെളിച്ചെണ്ണയ്ക്ക് ലാഭകരമായ വില കിട്ടുന്നു എന്നുറപ്പ് വരുത്തുകയും വേണം.**

22.15.1. ഇറക്കുമതിചെയ്യുന്ന മറ്റ് ഭക്ഷ്യയോഗ്യമായ എണ്ണകൾക്ക് തീരുവയിൽ ഇളവുകളും മറ്റ് ധനസഹായവും നല്കുകവഴി അതിന്റെ കമ്പോളവില കുറയുന്നു. നവംബർ 2011 മുതൽ

മേയ് 2012 വരെയുള്ള കാലയള വിൽ ശുദ്ധീകരിച്ച പാമോയിലിന്റെ (Refined oil) ഇറക്കുമതി 97% വർദ്ധിച്ചു. കഴിഞ്ഞവർഷം 5.5 ലക്ഷം ടൺ എണ്ണ ഇറക്കുമതിചെയ്ത സ്ഥാനത്ത് നവംബർ 2011 – മെയ് 2012 കാലയളവിൽ ഇറക്കുമതി ചെയ്തത് 10 ലക്ഷം ടൺ എണ്ണയാണ്.

22.15.2. കേരോല്പാദനം ഉച്ചസ്ഥായിയിൽ നില്ക്കുന്ന സീസണിൽ ഭക്ഷ്യയോഗ്യമായ മറ്റ് എണ്ണകളുടെ ഇറക്കുമതി, പ്രത്യേകിച്ച് പാം ഓയിലിന്റേത്, വെളിച്ചെണ്ണയുടെ വിലകുറയാൻ കാരണമാകുന്നു.

**22.16 നയം 118. കേരളത്തിന്റെ ഔദ്യോഗികപാനീയമായ കരിക്കിന്റെ വർദ്ധിച്ചുവരുന്ന ആവശ്യം കണക്കിലെടുത്ത് പുതുതായിനടുന്ന മരങ്ങളിൽ 25% കരിക്കുല്പാദനത്തിന് ഉതകുന്ന പൊക്കംകുറഞ്ഞ ഇനങ്ങൾ നടുന്നതും, അല്ലെങ്കിൽ പൊക്കം കുറഞ്ഞ ഇനങ്ങൾ നെടിയ ഇനങ്ങൾക്കിടയിൽ നടുന്നതുമായ രീതികൾ പ്രോത്സാഹിപ്പിക്കേണ്ടതാണ്.**

22.16.1. നാളികേര വികസനബോർഡിന്റെ (CDB) കണക്കുപ്രകാരം കുറുകിയ (dwarf) തെങ്ങിനങ്ങളുടെ ദേശീയ ശരാശരി 3.4 % ആയിരിക്കുമ്പോൾ കേരളത്തിൽ അത് മൊത്തം തെങ്ങുകൃഷിയുടെ 1 % മാത്രമാണ്. 2010–2011 ൽ നടത്തിയ പഠനത്തിൽനിന്ന് തദ്ദേശ കരിക്കിൻവെള്ളത്തിന്റെ വിപണിയിൽ 30% വളർച്ചയേ കാണുന്നുള്ളുവെന്നും, ഇത് അയൽസംസ്ഥാനങ്ങളിൽ നിന്നും ഇറക്കുമതി ചെയ്താണ് ആവശ്യക്കാർക്ക് ലഭ്യമാക്കുന്നത് എന്നും തെളിയുകയുണ്ടായി.

22.16.2. കുറുകിയ ഇനങ്ങളായ ചാവക്കാട് പച്ച (Chowgat green), കുറുകിയ ഓറഞ്ച് (Orange dwarf), മലയൻ പച്ച (Malayan green), ഗംഗാബൊന്തം പച്ച (Gangabondam green) എന്നിവയ്ക്ക് ഏകദേശം 20–30 അടി ഉയരമേയുള്ളൂ. അതിനാൽ വിളവെടുക്കൽ വളരെയെളുപ്പമാണ്. ഈ ഇനങ്ങളിൽ ഉണ്ടാകുന്ന കരിക്കിൽ മറ്റ് ഉയരംകൂടിയ ഇനങ്ങളിലേക്കാൾ രണ്ടിരട്ടി വെള്ളം (ഏകദേശം 600 മില്ലി ലിറ്റർ/കരിക്ക്) ഉണ്ടാവുകയും, ഇത് നമുക്ക് തൈ നട്ടശേഷം മൂന്ന് വർഷത്തിനുള്ളിൽത്തന്നെ ഫലം നൽകുകയും ചെയ്യും.

22.16.3. കർഷകർ മാതൃകാപരമായി ചെയ്യേണ്ടത് പുതിയ വൃക്ഷങ്ങൾ നട്ടുപിടിക്കുന്നതിൽ 25% കുറുകിയ (dwarf) ഇനങ്ങൾ നടുക; അല്ലെങ്കിൽ നിലനിലവിലുള്ള തെങ്ങിൻതോട്ടങ്ങളിൽ നെടിയതെങ്ങുകൾക്കുതാഴെ ഇവ നടുക എന്നതാണ്. കുറുകിയ ഇനങ്ങളുടെയും സങ്കരയിനങ്ങളുടെയും പ്രചരണത്തിന് പ്രത്യേക പദ്ധതികൾ കൊണ്ടുവരുന്നതിനു പുറമേ, സർക്കാർ നാളികേര വികസന ബോർഡുമായി ചേർന്ന് കുറുകിയ ഇനങ്ങളുടെയും സങ്കരയിനങ്ങളുടെയും കൃഷിയ്ക്ക് പ്രചാരമേകാൻ നടപടി സ്വീകരിക്കകയും വേണം. കേരോല്പാദക സഹകരണസംഘങ്ങളെ ഇത്തരം ഉദ്യമങ്ങളിൽ ഭാഗഭാക്കുകളാക്കണം. വിത്തുതേങ്ങ നൽകുന്ന കർഷകരുടെ പക്കലും (master farmers) കൃഷിവകുപ്പിന്റെ ഫാമുകളിലും തെങ്ങിൻതൈകൾ ലഭ്യമാണ്.

**22.17 നയം 119. സംസ്ഥാനത്തെ നാളികേര കർഷകരുടെ ചിരകാല സ്വപ്നമായ *'നീര'* ഉല്പാദനം നടപ്പിലാക്കി അവരുടെ വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കണം.**

22.17.1. നാളികേരത്തിൽനിന്ന് വിവിധ വസ്തുക്കൾ ഉല്പാദിപ്പിക്കുന്ന തിനെപ്പറ്റി ചിന്തിക്കുമ്പോൾ നാളികേരക്കൃഷിയും കൃഷിവികസനവുമായി ബന്ധപ്പെട്ട എല്ലാവരുടേയും ശ്രദ്ധ പിടിച്ചുപറ്റിയ ഒരുല്പന്നമാണ് *'നീര'*. പോഷകഗുണംനിറഞ്ഞ, മദ്യലഹരിയില്ലാത്ത പാനീയമായ നീരയുടെ വിപണി വളരെ വലുതാണ്. ഗുണനിലവാരമുള്ള നീരയിൽനിന്നുല്പാദിപ്പിക്കുന്ന പഞ്ചസാര, ശർക്കര (കരിപ്പുകട്ടി) പാംസിറപ്പ് എന്നിവയ്ക്ക് തദ്ദേശതലത്തിലും കയറ്റുമതിതലത്തിലുമുള്ള വിജയസാദ്ധ്യത

വളരെ വലുതാണ്. നീരയുടെ ഉല്പാദനം മഹാരാഷ്ട്രയിലും കർണ്ണാടകയിലെ കുറച്ചു ഭാഗങ്ങളിലും അനുവദിച്ചിട്ടുണ്ട്. ആരോഗ്യപാനീയമായി നീര മഹാരാഷ്ട്രയിൽ വില്ക്കുന്നു. കർണ്ണാടകയിലെ ഹോർട്ടിക്കൾച്ചർവകുപ്പ് നീര ചെറിയ പാക്കറ്റുകളിലാക്കി കമ്പോളത്തിൽ വില്പന നടത്തുന്നുണ്ട്.

22.17.2. സംസ്ഥാനത്തിന്റെ ആഭ്യന്തര ഉപഭോഗത്തിലേയ്ക്കുള്ള (SDP) നാളികേരത്തിന്റെ ഇപ്പോഴത്തെ സംഭാവന 8000 കോടി രൂപയിലധികവും വിദേശധനവിനിമയത്തിൽ അത് 2000 കോടി രൂപയുമാണ്. നീരയുടെ മൂല്യം കണക്കിലെടുക്കുകയാണെങ്കിൽ, നിലവിലുള്ള വിലയിൽ സംസ്ഥാനത്തിന്റെ ആഭ്യന്തര ഉപഭോഗത്തിലേക്കുള്ള (SDP)പങ്ക് വിസ്മയാവഹമായി ഉയർന്ന് 25000 കോടി രൂപയിൽ എത്താനുള്ള സാദ്ധ്യതയുണ്ട്.

22.17.3. ആഗോളതലത്തിൽ ഓരോ ചെറുഘടകത്തിന്റേയും വികാസം കർഷകർക്ക് ലാഭംനേടിക്കൊടുക്കുന്ന മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണ- വിപണന പ്രക്രിയകളിൽനിന്നും വേറിട്ടു കാണാനാവില്ല. ഈ കോണിലൂടെ നോക്കിയാൽ, നാളികേരപ്പൂവിൽനിന്നുള്ള ചാറും അതിൽ നിന്നുണ്ടാക്കുന്ന വിലപ്പെട്ട ഉല്പന്നങ്ങളും ആരോഗ്യ-ഔഷധമൂല്യങ്ങൾ കൊണ്ട് സമ്പന്നമാണ്. WTO യുടെ രൂപവല്കരണത്തിനുശേഷം കേരകൃഷിയുള്ള എല്ലാ രാജ്യങ്ങളും മൂല്യവർദ്ധനയുടെ കാര്യത്തിൽ ഏറെ പുരോഗതി കൈവരിച്ചിട്ടുണ്ട്.

22.17.4. ഈ ഉദ്യമത്തിൽ ഇന്തോനേഷ്യ, ഫിലിപ്പൈൻസ്, മലേഷ്യ, ശ്രീലങ്ക എന്നീ രാജ്യങ്ങൾ വളരെ മുന്നേറിക്കഴിഞ്ഞു. ഇന്തോനേഷ്യയിൽ മാത്രം നാളികേരപൂങ്കുലച്ചാറിൽ നിന്നുള്ള പഞ്ചസാരയുടെ (Coconut sugar) വാർഷിക ഉല്പാദനം ഏകദേശം 10 ലക്ഷം ടൺ ആണ്. ഇന്ത്യ ഈ രംഗത്ത് ചില ശ്രമങ്ങൾ തുടങ്ങിവച്ചെങ്കിലും ഒട്ടുംതന്നെ പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. ആറുവർഷങ്ങൾക്ക് മുമ്പ് കേരള കാർഷികസർവ്വകലാശാല മധുരക്കള്ള് പുളിക്കാതെ സൂക്ഷിക്കാനുള്ള സാങ്കേതിവിദ്യ വികസിപ്പിച്ചെങ്കിലും അതിന്റെ പ്രവർത്തനവും നിലച്ചതായിട്ടാണ് മനസ്സിലാവുന്നത്.

22.17.5. കേരള കാർഷികസർവ്വകലാശാല നടത്തിയ പഠനത്തിൽ കർഷകന് മാസം ഒരു തെങ്ങിൽനിന്നും 1500 രൂപ നീര ഉല്പാദനം വഴി ലഭിക്കുമെന്ന് വ്യക്തമായിട്ടുണ്ട്. ഈ സാഹചര്യത്തിൽ നാളികേരോല്പന്നങ്ങളുടെ കാര്യത്തിൽ വിപ്ലവകരമായ മുന്നേറ്റങ്ങളും, ഒപ്പം കേരകർഷകർക്ക് വിസ്മയകരമായ സാമ്പത്തികനേട്ടവുമാണ് ഉണ്ടാകാൻ പോകുന്നത് എന്നു പ്രതീക്ഷിക്കാം.

22.17.6. നല്ല അച്ചടക്കത്തോടെ വേണം നീര ഉല്പാദനം നടത്താൻ. ഇതിന്റെ മൊത്തം ഉല്പാദനപ്രക്രിയ സുതാര്യത, ഗുണമേന്മ, കൃത്യത എന്നിവ ആവശ്യപ്പെടുന്നു. നീരയുടെ ഉല്പാദനത്തിനൊപ്പം നന്നായി പ്രവർത്തിക്കുന്ന നാളികേരോല്പാദക സംഘങ്ങൾ CPS/ ഫെഡറേഷനുകൾ/FPOS എന്നിവയെ ചുമതലയേൽപ്പിക്കുകവഴി മേന്മയേറിയരീതിയിൽ ഉല്പാദനം നടത്താൻ കഴിയും. തന്നെയുമല്ല നാളികേരോല്പാദക സംഘങ്ങളുടെ (CPS) ആഭിമുഖ്യത്തിൽ നീര ഉല്പാദനം നടത്തുകയും ഒപ്പം മൂല്യവർദ്ധിത ഉല്പന്നങ്ങൾ FPOയുടെ കീഴിൽ സംസ്കരിച്ചെടുക്കുകയും ചെയ്യാം.

22.17.7. ഇപ്പോൾ നീര ഉല്പാദനത്തിനായി രണ്ടു സാങ്കേതികവിദ്യകൾ ഉണ്ട്. ഇവയുടെ ഉപയുക്തത പഠനവിധേയമാക്കണം. കേരള കാർഷിക സർവ്വകലാശാലയും, പ്രതിരോധ ഭക്ഷ്യ ഗവേഷണശാല (Defence Food Research Laboratory - DFRL) യുമാണ് വ്യത്യസ്ത രീതികൾ വികസിപ്പിച്ചിട്ടുള്ളത്. DFRL സാങ്കേതികവിദ്യ ഉപയോഗിക്കുന്നത് നാളികേര വികസനബോർഡും (CDB) കർണ്ണാടക സർക്കാരുമാണ്. അതുകൊണ്ട് സാങ്കേതികവിദ്യയുടെ

വിപണിഗവേഷണത്തിനായി രണ്ട് പരീക്ഷണപദ്ധതികൾക്ക് രൂപം കൊടുക്കണം. ഇത് നടത്താൻ പൂർണ്ണക്ഷമതയുള്ള രണ്ടു പ്രദേശങ്ങളായ പാലക്കാടും ആലപ്പുഴയിലുമാണ് ഈ രണ്ട് പദ്ധതികൾ നടപ്പിലാക്കേണ്ടത്. സർക്കാർ ഇതിനായി ഭക്ഷ്യസംസ്കരണ വിഷയത്തിൽ അംഗീകൃത ബിരുദവും പരിശീലനവും ദീർഘനാളത്തെ പ്രവൃത്തിപരിചയവുമുള്ള ഒരുദ്യോഗസ്ഥനെ പൂർണ്ണചുമതലകൾ നൽകി നിയമിക്കണം.

22.17.8. സർക്കാർനയങ്ങളിൽ നീര ഉല്പാദനത്തിന് ഉയർന്ന പ്രാധാന്യം നൽകണം.

**22.18 നയം 120. ഒരു കൂട്ടായ വേദി വികസിപ്പിച്ച്, കർഷകരേയും ഭക്ഷ്യ സംസ്കരണരംഗത്ത് പ്രവർത്തിക്കുന്നവരേയും ചില്ലറ വില്പനക്കാരെയും ഒരു കുടക്കീഴിൽ കൊണ്ടുവന്ന്, കാർഷികോല്പാദനത്തെ വിപണനശൃംഖലയുമായി നേരിട്ട് ബന്ധപ്പെടുത്തണം.**

22.18.1. കൃഷിക്കാരുടെ പങ്കാളിത്തതോടെ ഒരു പുതിയ വേദി വികസിപ്പിക്കണം. തെരഞ്ഞെടുത്ത ഉപഭോക്താക്കൾക്ക് കാർഷികോല്പന്നങ്ങൾ സംഘാടിസ്ഥാനത്തിൽ സംഭരിക്കുന്നതിനാവശ്യമായ പ്രാഥമിക സൗകര്യങ്ങളുടെ ആവശ്യകതയെല്ലാം ഇത് നിറവേറ്റും. ഉല്പന്നങ്ങളുടെ സംസ്കരണത്തിനായി ഇത് സഹായിക്കും. മുൻനിര സാങ്കേതികവിദ്യകൾ ആവശ്യമായുള്ള സംസ്കരണപ്രക്രിയകൾ ഉപയോഗിക്കാൻവേണ്ട കേന്ദ്രീകൃതസംവിധാനങ്ങൾ രൂപവല്കരിക്കണം.

22.18.2. മൂല്യവർദ്ധനവും മേന്മയേറിയ വിപണനവും ഉറപ്പുവരുത്താനായിരിക്കണം ഈ വേദി. നാളികേര സംസ്കരണമേഖലയ്ക്ക് മേന്മയാർന്ന സേവനങ്ങൾ നൽകാൻ ലോക നിലവാരത്തിലുള്ള അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുകയെന്നതാണ് ഇതിന്റെ പ്രധാന ലക്ഷ്യം. ധാരാളം ധനനിക്ഷേപത്തിന് സാധ്യതയുള്ളതാണ് ഈ മേഖല. ഇതിന്റെ ഗുണമേന്മയും പുതിയ കമ്പോളങ്ങൾ തുറന്നുകിട്ടുന്നതും കാരണം കയറ്റുമതിയിൽ വമ്പിച്ച വർദ്ധനവുണ്ടാകും.

22.18.3. നിർദ്ദിഷ്ട *നാളികേര ജൈവപാർക്ക്* (Coconut Bio Park) ഈ തത്വം ആധാരമാക്കിയുള്ളതാണ്. പക്ഷേ ഈ പാർക്കിലേക്കുള്ള ധനസഹായം നാളികേരവുമായി ബന്ധമുള്ള ഉല്പാദകക്കമ്പനികൾക്ക് (FPO) മാത്രമായി പരിമിതപ്പെടുത്തി ലാഭം കർഷകർക്ക് ലഭ്യമാകുന്ന അവസ്ഥയുണ്ടാകണം.

**22.19 പച്ചക്കറിക്കൃഷിയെ സംബന്ധിക്കുന്ന പദ്ധതികൾ**

22.19.1. നമ്മുടെ നിത്യഭക്ഷണത്തിൽ ഒഴിച്ചുകൂടാനാവാത്ത രണ്ടു ഘടകങ്ങളാണ് പച്ചക്കറികളും ഫലവർഗ്ഗങ്ങളും. കേരളത്തിൽ പ്രധാനമായും 12 ഇനം പച്ചക്കറികൾ കൃഷിചെയ്യുന്നുണ്ട്.

22.19.2. ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ കണക്ക് പ്രകാരം ഏകദേശം 7,20,671 ക്വിന്റൽ വിവിധയിനം പച്ചക്കറികൾ ഒരുവർഷം സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്നുണ്ട്. പ്രസ്തുത സർവ്വേയനുസരിച്ച് പച്ചക്കറി ഉല്പാദനം നടത്തുന്ന പ്രധാന ജില്ല മലപ്പുറമാണ്. ഈ ജില്ലയിലെ മുഖ്യവിളകൾ പാവൽ, വെള്ളരി, കുമ്പളം, വെണ്ട, മറ്റു പച്ചക്കറികൾ എന്നിവയാണ്. പച്ചക്കറിയുടെ രണ്ടാമത്തെ വലിയ ഉല്പാദകർ കോട്ടയം ജില്ലയാണ്. ഏറ്റവും കുറച്ച് പച്ചക്കറികൾ ഉല്പാദിപ്പിക്കുന്നത് ആലപ്പുഴയിലാണ്.

22.19.3. സംസ്ഥാനത്തെ മുഖ്യ പച്ചക്കറിവിളകളായ കുമ്പളം, ഇഞ്ചി, പാവൽ, പടവലം, കത്തിരി, കോവൽ, വെണ്ട, ചീര എന്നിവ നല്ല വിസ്തൃതിയിൽ ശാസ്ത്രീയമായിത്തന്നെ കൃഷി ചെയ്യുന്നുണ്ട്.

22.19.4. ഗുണനിലവാരമില്ലാത്ത അടിസ്ഥാനസൗകര്യങ്ങളും, വിളവെടുപ്പിന് ശേഷമുള്ള പരിപാലനത്തിലെ പാളിച്ചയും കാരണം, ഫലങ്ങളിലും പച്ചക്കറികളിലും വരുന്ന നഷ്ടത്തിന്റെ ശതമാനം വളരെ വലുതാണ്. യോജിച്ച സംഭരണസംവിധാനങ്ങളുടെ അഭാവവും, പെട്ടെന്ന് സംസ്കരിക്കുന്നതിനുള്ള സൗകര്യങ്ങളില്ലാത്തതും, വിലയിലുള്ള അനിശ്ചിതത്വവും പഴം-പച്ചക്കറി കൃഷി വൻതോതിൽ ചെയ്യുന്നതിന് പ്രതിബന്ധങ്ങളാവുന്നു.

**22.20 നയം 121. തദ്ദേശ ഉല്പാദനത്തിന് സഹായമേകാൻ പച്ചക്കറിയിൽ *സുരക്ഷിത ഭക്ഷണം* (Safe to Eat) മുദ്രാവാക്യമാക്കിയ പദ്ധതികൾക്ക് തുടക്കമിടുകയും, അങ്ങനെ തദ്ദേശകർഷകരുടെ ഉല്പന്നത്തിനുള്ള ആവശ്യം വർദ്ധിപ്പിക്കുന്നതരത്തിൽ കൂടുതൽ ഉപഭോക്താക്കളെ ആകർഷിക്കുകയും വേണം.**

22.20.1. ജനങ്ങളുടെ നിത്യാഹാരത്തിലെ ഭക്ഷണപദാർത്ഥങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത് പച്ചക്കറികളാണ്. കാരണം ജനങ്ങൾക്ക് മറ്റു ഭക്ഷണങ്ങളിൽനിന്നും ലഭിക്കാത്ത പോഷകങ്ങൾ ഇതിൽനിന്നും ലഭിക്കും. അങ്ങനെ വിവിധയിനം പച്ചക്കറികൾ നമ്മുടെ നിത്യജീവിതത്തിന്റെതന്നെ ഭാഗമായി മാറിക്കഴിഞ്ഞു. മുൻകാലങ്ങളിൽ പച്ചക്കറിയുടെ പുതുമയും വ്യത്യസ്തതയും മാത്രമേ ഉപഭേക്താക്കൾ ശ്രദ്ധിച്ചിരുന്നുള്ളൂ. എന്നാൽ പച്ചക്കറിയുടെ ഗുണമേന്മയിൽ ഉല്പന്നങ്ങളുടെ പുതുമ (freshness), ഇനങ്ങളിലുള്ള വൈവിധ്യം, ശുചിത്വം, രാസവസ്തുക്കളുടെ അവശിഷ്ടങ്ങളുടെ അളവ് എന്നീ കാര്യങ്ങളെല്ലാം ശ്രദ്ധിക്കേണ്ടതുണ്ട്. ഭക്ഷണത്തിലെ സുക്ഷ്മ-സ്ഥൂല മൂലകങ്ങളുടെ കുറവ് പരിഹരിക്കുന്നതിന് ഇത് വളരെ പ്രധാനപ്പെട്ടതാണ്. കുറച്ചുനാൾ മുമ്പുവരെ ശുചിത്വമില്ലായ്മയും, രാസവസ്തുക്കളുടെ അവിശിഷ്ടങ്ങളുമെല്ലാം ഗുരുതരമായ പ്രശ്നങ്ങളിലെത്തിക്കുമെന്ന് പലരും മനസ്സിലാക്കിയിരുന്നില്ല. ഇതു കാരണം മിക്കവാറും ഉപഭോക്താക്കൾക്കും സുരക്ഷിതമായ ഭക്ഷണം എന്നത് പുതിയൊരു തിരിച്ചറിവാണ്. ഇപ്പോൾ ഉപഭോക്താക്കൾ, പ്രത്യേകിച്ച് നഗരത്തിലുള്ള ഉപഭോക്താക്കൾ, അവർകഴിക്കുന്ന പച്ചക്കറിയുടെ സുരക്ഷയെക്കുറിച്ച് വളരെ ശ്രദ്ധാലുക്കളാണ്. അവരിന്ന് പച്ചക്കറിയുടെ ആരോഗ്യത്തിലും ഇനങ്ങളുടെ വൈവിധ്യത്തിലും മാത്രമല്ല; ശുചിത്വം, രാസവസ്തുക്കളുടെ അവശിഷ്ടം ഇതിനെല്ലാം വലിയ പ്രധാന്യം കൊടുക്കുന്നുണ്ട്. ഗുണമേന്മകുറഞ്ഞ പച്ചക്കറികളെക്കുറിച്ച് അവർ പരാതിപറയുകയും അങ്ങനെ പച്ചക്കറിയുടെ സുരക്ഷ ഒരു സാമൂഹ്യ-സാമ്പത്തിക-രാഷ്ട്രീയ പ്രശ്നമായി മാറുകയും ചെയ്തിരിക്കുന്നു.

22.20.2. കൃഷിക്ക് അനുകൂലമായ കാലാവസ്ഥ കേരളത്തിലുള്ളതുകൊണ്ട് *സുക്ഷിതമായ ഭക്ഷണം* (Safe to Eat) മുദ്രാവാക്യമാക്കിയ പച്ചക്കറികളുടെ ഉല്പാദനത്തിനുള്ള സാദ്ധ്യത വളരെയധികമാണ്. ധാരാളം പച്ചക്കറികൾ രാസവളങ്ങളും കീടനാശിനികളും ഒന്നും ഉപയോഗിക്കാതെയാണ് വിളയിക്കുന്നത്. രാസവസ്തുവിമുക്തമായ ഭക്ഷണത്തിനായി സംസ്ഥാനത്തിന്റെ ആവശ്യകത നാൾക്കുനാൾ വർദ്ധിച്ചുവരികയാണ്. സംസ്ഥാനത്തെ കർഷകർ മറ്റുള്ളവരെ അപേക്ഷിച്ച് താരതമ്യേന വളരെക്കുറച്ച് രാസവളങ്ങളും രാസകീടനാശിനികളും ഉപയോഗിക്കുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഇങ്ങനെ വളർത്തുന്ന പച്ചക്കറികൾക്ക് കമ്പോളത്തിൽ നല്ല വിലയും ലഭിക്കുന്നുണ്ട്. *സേഫ് റ്റു ഈറ്റ്* ബ്രാൻഡ് മുദ്രാവാക്യമാക്കിയ പച്ചക്കറികൾ പ്രചരിപ്പിക്കാൻ നല്ല അവസരങ്ങൾ ഇപ്പോൾ ലഭ്യമാണ്. സംസ്ഥാന ഹോർട്ടിക്കൾച്ചർമിഷൻ (SHM), ഹോർട്ടിക്കൾച്ചർ പ്രോഡക്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ (HORTICORP), വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രൊമോഷൻ

കൗൺസിൽ-കേരള (VFPCK) എന്നിവയ്ക്ക് സുരക്ഷിത മായ ഭക്ഷ്യോല്പന്നങ്ങൾ പ്രചരിപ്പിക്കാൻ കഴിയും. രാസകീടനാശിനി കൾ ഉപയോഗിക്കാത്ത പച്ചക്കറികൾക്കും ഫലങ്ങൾക്കും സംസ്ഥാനത്തിന്റെയും രാജ്യത്തിന്റെയും അകത്തും പുറത്തും ആവശ്യക്കാർ ഏറിവരികയാണ്.

**22.21 നയം 122. വീട്ടുവളപ്പിലെ പച്ചക്കറിക്കൃഷിയും വിദ്യാലയങ്ങളിലെ പച്ചക്കറി ത്തോട്ടങ്ങളും പച്ചക്കറിയുല്പാദനത്തിന്റെ നേട്ടങ്ങൾ പ്രചരിപ്പിക്കാൻ കാരണമായതു കൊണ്ടുതന്നെ ഇവ തുടർന്നുപോകണം.**

22.21.1. കേരളത്തിലെ പരമ്പരാഗതമായ കൃഷി രീതിയാണ് വീട്ടുവളപ്പിലെ കൃഷി (Homestead farming). ഈ സമ്പ്രദായത്തിൽ വീടിനുചുറ്റുമുള്ള എല്ലാസ്ഥലവും കാർഷികോല്പാദനത്തിനായി ഉപയോഗിക്കും. ഈ വ്യവസ്ഥയിലെ ഒരു പ്രധാന ഘടകമാണ് അടുക്കളത്തോട്ടം. സംസ്ഥാനത്ത് 2012-13 ലെ സമഗ്ര പച്ചക്കറിവികസനപദ്ധതി മികച്ചമാറ്റങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. വിദൂര കൃഷിസ്ഥലത്തെക്കാൾ വീട്ടുവളപ്പിലെ കൃഷിയാണ് കൂടുതൽ ഉല്പാദനക്ഷമതയും വൈവിദ്ധ്യമാർന്ന ഇനങ്ങളുംനൽകി ഭക്ഷ്യസുരക്ഷയ്ക്കും പോഷകസുരക്ഷയ്ക്കും വരുമാനവർദ്ധനവിനും കാരണമാകുന്നത്. അതുകൊണ്ട് പോഷകസംരക്ഷണം ഉറപ്പുവരുത്താൻ വീട്ടുവളപ്പിലെ പച്ചക്കറിയുല്പാദനം നല്ല രീതിയിൽ പ്രോത്സാഹിപ്പിക്കപ്പെടണം.

22.21.2. പുതുതലമുറയ്ക്ക് കൃഷിയുടെ ശ്രേഷ്ഠമായ സംസ്കാരം (rich culture of farming) പകർന്നുകൊടുക്കുക എന്ന ലക്ഷ്യം മുൻനിർത്തിയാണ് സംസ്ഥാനത്തെ സ്കൂളുകളിൽ ഈ അടുത്തകാലത്ത് ധാരാളമായി പച്ചക്കറിത്തോട്ടങ്ങൾ ഒരുക്കിയത്. ഇതുൾപ്പെടുന്ന കൃഷിവകുപ്പിന്റെ സമഗ്ര പച്ചക്കറിവികസനപദ്ധതിക്ക് നല്ല പ്രതികരണമാണ് ലഭിച്ചത്. ഈ അംഗീകാരം കണക്കിലെടുത്തുകൊണ്ടുതന്നെ ഇതുപോലുള്ള മികച്ച പദ്ധതികൾ തുടരേണ്ടിയിരിക്കുന്നു.

**22.22 വാഴക്കൃഷിയെ സംബന്ധിക്കുന്ന നയങ്ങൾ**

22.22.1. തദ്ദേശീയമായി ആവശ്യകതയുള്ള വാഴപ്പഴയിനങ്ങളായ നേന്ത്രൻ, ചെങ്കദളി (കപ്പ) എന്നിവയുടെ വർദ്ധിച്ചുവരുന്ന ആവശ്യകതയും, വിലയിലുണ്ടായ കുതിച്ചുകയറ്റവും കാരണം ചെറുകിട-നാമമാത്ര കർഷകർ കൂടുതലായി ഇവ കൃഷിചെയ്യാൻ തുടങ്ങിയിട്ടുണ്ട്. സംസ്ഥാന ഹോർട്ടിക്കൾച്ചർമിഷന്റെ കണക്കെടുപ്പ് പ്രകാരം കേരളത്തിൽ നേന്ത്രവാഴക്കൃഷിയിൽ സ്ഥിരവും ക്രമാനുഗതവുമായ വർദ്ധനവ് ഉണ്ടാകുന്നതായി വിലയിരുത്തപ്പെട്ടിട്ടുണ്ട്. നെൽക്കൃഷിയുടെയും നാളികേരക്കൃഷിയുടെയും കീഴിൽ ഉണ്ടായിരുന്ന ഭൂവിസ്തൃതി ക്രമാതീതമായി കുറഞ്ഞതിന് കാരണംതന്നെ ഒരു ദശകമായി ഏക്കർകണക്കിന് ഭൂവിസ്തൃതി വാഴക്കൃഷിക്കായി ഉപയോഗിക്കുന്നതാണ് എന്നും വ്യക്തമാണ്.

22.22.2. വാഴയുടെ വ്യത്യസ്തമായ ഉപയോഗരീതികൾ കാരണമുണ്ടാകുന്ന സ്ഥിരമായ ആവശ്യകതയും, ഏത് കാർഷികസ്ഥിതിയുമായും ഇണങ്ങി ച്ചേരാനുള്ള ഇതിന്റെ കഴിവുംകാരണം വാഴ ചെറുകിടകർഷകരുടെ പ്രിയ വിളയായി മാറിയിട്ടുണ്ട്. ചുരുങ്ങിക്കൊണ്ടിരിക്കുന്ന കൃഷിസ്ഥലത്ത് മറ്റു വിളകൾക്ക് പകരമായി വാഴക്കൃഷിനടത്തുന്നത് ഒരു പ്രയോഗികമായ പോംവഴിയാണ്.

22.22.3. വർദ്ധിച്ചുവരുന്ന ആഭ്യന്തരവിപണിയും ഗൾഫ് രാജ്യങ്ങളിലേയ്ക്കുള്ള കയറ്റുമതിയും ചെങ്കദളിയുടേയും നേന്ത്രവാഴയുടേയും ലാഭകരമായ കൃഷി തെക്കൻകേരളത്തിൽ വ്യാപകമാക്കിയിട്ടുണ്ട്. ചെങ്കദളി (കപ്പ) യുടെ പ്രധാന കയറ്റുമതിസംഭരണകേന്ദ്രം തിരുവനന്തപുരവും കയറ്റുമതിലക്ഷ്യം ദുബായ് ഉൾപ്പെടെയുള്ള ഗൾഫ് രാജ്യങ്ങളുമാണ്.

**22.23 നയം 123. വാഴക്കൃഷിയിൽ 70%ൽ അധികം ഏർപ്പെട്ടിരിക്കുന്നത് പാട്ടത്തിനെടുത്ത ഭൂമിയിൽ കൃഷിയിറക്കുന്ന, സാമ്പത്തിക ദാരിദ്ര്യമനുഭവിക്കുന്ന കർഷകരാണ് എന്നതിനാൽ, നിശ്ചിത വിസ്തൃതിയിൽ നിന്നും പരമാവധി വരുമാനം കൃഷിയിലൂടെ ഉണ്ടാക്കുകയെന്നുള്ളത് വളരെ പ്രാധാന്യമർഹിക്കുന്നു.**

22.23.1. വിവിധ ഗവേഷണസ്ഥാപനങ്ങൾ പലതരത്തിലുള്ള സാങ്കേതികവിദ്യകൾ ഉല്പാദനക്ഷമത വർദ്ധിപ്പിക്കാനായി വികസിപ്പിച്ചെടുത്തിട്ടുണ്ട്. കേരള കാർഷികസർവ്വകലാശാല വികസിപ്പിച്ചെടുത്ത ഉയർന്ന സാന്ദ്രതയുള്ള നടീൽരീതി (High density planting) കർഷകരെ കൂടുതൽ ലാഭമുണ്ടാക്കാൻ സഹായിച്ചു. ഒരേരീതിയിൽ പൂർണ്ണവളർച്ചയെത്തുകയും ഒരുമിച്ച് വിളവെടുക്കുകയും ചെയ്യാവുന്ന ടിഷ്യുക്കൾച്ചർ തൈകളാണ് ഇതിന് അനുയോജ്യം.

22.23.2. എന്നാൽ അതിസാന്ദ്രതാരീതിയിൽ വാഴക്കൃഷി ചെയ്യുമ്പോൾ ടിഷ്യുക്കൾച്ചർ തൈകൾക്കുപകരം സാധാരണ വാഴക്കന്നുകളാണ് നടുന്നതെങ്കിൽ തുല്യവലിപ്പമുള്ള കന്നുകൾ നല്ലശ്രദ്ധയോടെ ഒരേ കുഴിയിൽ നടണം.

22.23.3. ഇരട്ടവാഴകൾ നടുന്നരീതി വേരുകളുടെ സാന്ദ്രത കൂട്ടുകയും അതുവഴി ചെടികൾക്ക് ജലവും പോഷകങ്ങളും മെച്ചമായി വലിച്ചെടുക്കാൻ കഴിയുകയും ചെയ്യുന്നു. ഈ രീതി കാറ്റിന്റെ ശല്യത്തിൽനിന്ന് ചെടികളെ സംരക്ഷിക്കുകയും ഊന്ന് കൊടുക്കുന്നതിനുള്ള ചെലവ് വളരെയേറെ കുറയ്ക്കുകയും ചെയ്യും.

22.23.4. വരുംവർഷങ്ങളിൽ ഇത്തരത്തിലുള്ള ആധുനിക സാങ്കേതികവിദ്യകൾക്ക് ഗവേഷണങ്ങൾ, പ്രദർശനത്തോട്ടങ്ങൾ, സെമിനാറുകൾ, പരിശീലനങ്ങൾ, കൃഷിസ്ഥലസന്ദർശനപരിപാടികൾ തുടങ്ങിയവവഴി സർക്കാർ പ്രോത്സാഹനം നല്കണം. ഇത്തരത്തിൽ നിലവിലുള്ള ഉല്പാദനക്ഷമതയായ 7 - 8 ടൺ/ഹെക്ടർ എന്ന നിലയിൽ നിന്ന് 27 ടൺ/ഹെക്ടർ എന്ന നിലയിലേക്ക് ഉയർത്തിക്കൊണ്ട് വരാൻ കഴിയും. ഇത് തീർച്ചയായും സംസ്ഥാനത്തെ പാവപ്പെട്ട കൃഷിക്കാരുടെ വരുമാനത്തിൽ ഉയർച്ചയുണ്ടാക്കും.

**22.24 നയം 124. വാഴക്കൃഷിയിൽ നിന്നും സ്ഥിരമായ വരുമാനം ഉറപ്പുവരുത്താൻ ഉപോല്പന്ന വികസനത്തിനും, ഉല്പന്ന വികസനഗവേഷണത്തിനും പ്രാധാന്യം നൽകണം.**

22.24.1. വാഴയിൽനിന്നുള്ള ഉപോല്പന്നങ്ങൾ മറ്റു വ്യവസായങ്ങൾക്കു വേണ്ട ഉയർന്നമൂല്യമുള്ള അസംസ്കൃതവസ്തുക്കളുടെ ഉത്തമ ഉറവിടമാണ്. ഇത് കാർഷികാവശിഷ്ടങ്ങളുടെ പുനഃചംക്രമണം സാദ്ധ്യമാക്കുകയും വൻതോതിൽ ജൈവാംശം ചോർന്നുപോകുന്നതും അതു മൂലമുണ്ടാകുന്ന പാരിസ്ഥിതികപ്രശ്നങ്ങളും തടയുകയും ചെയ്യും.

22.24.2. വാഴയിൽനിന്നും ലഭിക്കുന്ന പഴത്തൊലികൾ, ഇലകൾ, വാഴത്തട, പൂവ് (കൂമ്പ്) തുടങ്ങിയവ പലതരം ആഹാരാവശ്യങ്ങൾക്കായും, മറ്റ് ആഹാരേതര ആവശ്യങ്ങൾക്കായും, ഭക്ഷണസാധനങ്ങൾ പോഷണപ്പെടുത്താനായും ഉപയോഗിക്കുന്നു. നേന്ത്രക്കായയും ഉപോല്പന്നങ്ങളും പ്രധാന മൂലകങ്ങളുടെയും സൂക്ഷ്മമൂലകങ്ങളുടെയും ഭക്ഷ്യനാരിന്റെയും മികച്ച സ്രോതസ്സാണ്. അതിനാൽ ഇവയുപയോഗിച്ചുള്ള പോഷകഭക്ഷണങ്ങൾ, കാലിത്തീറ്റകൾ, ജൈവ-ജീവാണു വളങ്ങൾ, നാരും നാരുചേർന്ന ഉല്പന്നങ്ങളും തുടങ്ങിയവ വികസിപ്പിക്കാൻ ഗവേഷണം നടത്തണം. ഇത് സംബന്ധിച്ച് സാങ്കേതികവിദ്യകൾ ഇന്ത്യയിലും വിദേശത്തും ഇന്ന് ലഭ്യമാണ്. ഈ ഉപോല്പന്നങ്ങൾ ഉപയോഗപ്പെടുത്തുന്നതിന് ഭാവിയിലുള്ള വെല്ലുവിളികൾ, നിലനിൽക്കുന്ന സാദ്ധ്യതകൾ ഇവയൊക്കെ ചർച്ചക്ക് വിധേയമാക്കേണ്ട പ്രധാന കാര്യങ്ങളാണ്. ഇങ്ങനെ ലഭിക്കുന്ന ഉപോല്പന്നങ്ങൾ നല്ല വ്യാവസാ

യിക ഉല്പന്നങ്ങളാക്കി കഴിയുന്നത്ര സുസ്ഥിര ചെറുകിട വ്യവസായപദ്ധതികൾ വഴി സംസ്ഥാനത്തെ ചെറുകിട കർഷകകുടുംബ ങ്ങൾക്ക് അധികവരുമാനം ലഭ്യമാക്കാനാവും. ഈ ഉല്പന്നങ്ങൾക്ക് മറ്റു വ്യാവസായിക ഉല്പ ന്നങ്ങളുമായി ഗുണത്തിലും സുരക്ഷിതത്വ ത്തിലും മത്സരാത്മകമായ ഗുണമേന്മ കൊടു ക്കാൻ സാധിക്കണം.

**22.25 കേരളത്തിലെ മാങ്ങയുടെ ഉല്പാദന വുമായി ബന്ധപ്പെട്ട നയങ്ങൾ**

22.25.1. കേരളത്തിൽ മാവ് ഒരു വാണിജ്യ വിള യായി കണക്കാക്കിയിട്ടില്ല. എന്നാൽ കേരള ത്തിലങ്ങോളമിങ്ങോളമുള്ള വീട്ടുവളപ്പുകളിൽ ഒഴിച്ചുകൂടാൻ പറ്റാത്ത വിളയാണിത്. ഏക ദേശം 75,911 ഹെക്ടർ സ്ഥലത്തു മാവുകൃഷി ഉള്ളതായി കണക്കുകൾ വ്യക്തമാക്കുന്നു. വാർഷിക ഉല്പാദനം 3,23,517 ടണ്ണാണ്. മാവുകൃഷിക്ക് അതീവയോഗ്യമായ പാലക്കാട് ജില്ലയിലാണ് വാണിജ്യാടിസ്ഥാനത്തിലുള്ള തോട്ടങ്ങൾ വ്യാപകമായുള്ളത്.

22.25.2. മാവിനങ്ങളിൽ വിത്തിൽനിന്നുള്ള തൈകളും ഒട്ടുതൈകളും ഉൾപ്പെടുന്നു. പക്ഷേ വാണിജ്യാടിസ്ഥാനത്തിലുള്ള മാമ്പഴത്തോട്ടങ്ങളിൽ ഒട്ടുതൈകളാണ് വ്യാപ കമായി ഉപയോഗിക്കുന്നത്. വൻതോതിൽ കൃഷിചെയ്യുന്ന ഇനങ്ങളിൽ അൽഫോൺസാ, സിന്ദൂർ, ബാംഗ്ലോറാ, ബംഗനപ്പള്ളി, നീലം, കല്പ്പാടി, ഗുദാദത്ത്, പ്രിയൂർ, ഓളൂർ മുതലാ യവ ഉൾപ്പെടുന്നു.

22.25.3. കേരളത്തിലെ മാമ്പഴോല്പാദനത്തിന്റെ മുഖ്യമായ സവിശേഷത മറ്റു സ്ഥലങ്ങളിലെ സമയത്തിനുമുമ്പേയുള്ള വിളവെടുപ്പാണ്. നവംബർ - ഡിസംബർ മാസങ്ങളിൽ പൂക്കു കയും മാർച്ച്-ഏപ്രിൽ മാസങ്ങളിൽ വിളവെ ടുപ്പ് നടക്കുകയും ചെയ്യുന്നതുവഴി കർഷ കർക്ക് മാമ്പഴങ്ങൾക്ക് മെച്ചമായ വില കിട്ടും. ഈ സമയത്ത് രാജ്യത്തിന്റെ മറ്റുഭാഗങ്ങളിെ ല മുഖ്യമായ കമ്പോളങ്ങളിൽ മാമ്പഴത്തി നുള്ള വർദ്ധിച്ച ആവശ്യകതയാണ് ഇതിന് കാരണം.

**22.26 നയം 125. നേരത്തെ വിളവെടുക്കപ്പെ ടുന്ന ഒരു ഭൂപ്രദേശം എന്ന നിലയിൽ പാല ക്കാട് ജില്ലയിലെ മുതലമട പ്രദേശത്തെ സർക്കാർ ഒരു *മാങ്ങ കയറ്റുമതി മേഖല*യായി പ്രഖ്യാപിച്ച് കയറ്റുമതിയ്ക്ക് സാഹചര്യമൊ രുക്കണം.**

22.26.1. വാണിജ്യാടിസ്ഥാനത്തിൽ മാവുകൃഷി പ്രോത്സാഹിപ്പിച്ചാൽ ചിറ്റൂർ താലൂക്കിൽ മാത്രമായി 15000 ഹെക്ടർ ഭൂമി ഇതിനായി നീക്കിവയ്ക്കാ നാവുമെന്ന് മുതലമടയിലെ കർഷകർ വെളിപ്പെടുത്തുന്നു. ഈ കൃഷി താലൂക്കിലെ പത്ത് പഞ്ചായത്തുകളിൽ നട ത്താം. അതുവഴി വലിയ മാമ്പഴക്കയറ്റുമതി ക്കാർക്കിടയിൽ ഒന്നാമതെത്താൻ ഇവർക്ക് കഴിയും. ഇതിന് സർക്കാരിന്റെ പരിഗണനയും സാമ്പത്തികസഹായവും ആവശ്യമാണ്. അങ്ങനെ കർഷകർക്ക് നല്ല ലാഭംകിട്ടാൻ ഇട യാവുകയും രാജ്യത്തിന് വമ്പിച്ച വിദേശ നാണ്യം ലഭിക്കുകയും ചെയ്യും. ഇപ്പോൾ പ്രതി വർഷം 300 കോടിരൂപയ്ക്കുള്ള മാങ്ങ മുതല മടയിൽ നിന്നുമാത്രം കയറ്റുമതി ചെയ്യുന്നു ണ്ട്. ചിറ്റൂർ താലൂക്കിൽ ഇനിയും കൂടുതൽ ഭൂമിയിൽ മാവുകൃഷി വ്യാപിപ്പിച്ചാൽ ഇതിനെ 500 കോടിരൂപയായി വർദ്ധിപ്പിക്കാൻ കഴിയും.

22.26.2. അന്തർദ്ദേശീയ തലത്തിൽ ഇതിന്റെ സസ്യശുചിത്വനിലവാരം (Phyto Sanitary Standards) നിലനിർത്താൻ സർക്കാരിന്റെ സഹായം ആവശ്യമാണ്. ഇതിനായി അടി സ്ഥാനസൗകര്യങ്ങളും സാങ്കേതികവിദ്യകളും നൽകി കർഷകരെ പ്രബുദ്ധരാക്കണം.

**22.27 നയം 126. കേരളത്തിലെ പ്രസിദ്ധമായ പരമ്പരാഗത മാവിനങ്ങളുടെ ജൈവ വൈവിധ്യം സംരക്ഷിക്കുകയും, മാവ് അടിസ്ഥാനമാക്കി കേരള കാർഷിക സർവ്വ കലാശാലയുടെ കീഴിൽ ഒരു ഗവേഷണ സ്ഥാപനം മുതലമടയിൽ സ്ഥാപിക്കുകയും വേണം.**

22.27.1. കേരളത്തിന്റെ സ്വദേശീയ മാമ്പഴയിനങ്ങളാണ് കോട്ടുക്കോണം, പ്രിയൂർ, തേൻമാങ്ങ, ചന്ദ്രക്കാരൻ, തത്തമ്മച്ചുണ്ടൻ, മയിൽപ്പീലിയൻ, നമ്പ്യാർമാങ്ങ, നെടുമങ്ങാടൻ തുടങ്ങിയവ. അറിയപ്പെടുന്ന വലിപ്പംകൂടിയ ഇനങ്ങളായ ആനത്തലയൻ, മുതലമൂക്കൻ, കൊശ്ശേരി എന്നിവയ്ക്ക് ഏകദേശം 2 കിലോവരെ ഭാരമുണ്ടാവും. ഈ ഇനങ്ങളെല്ലാം ഇപ്പോൾ അന്യംനിന്ന് പൊയ്ക്കൊണ്ടിരിക്കുന്നു എന്നതിനാൽ ഇവ സംരക്ഷിക്കപ്പെടണം. ഇവയുടെ ജൈവവൈവിദ്ധ്യം സംരക്ഷിക്കുന്നതിന് കൃഷിവകുപ്പിന് കീഴിലുള്ള ഫാമുകളിൽ സൗകര്യമൊരുക്കണം.

22.27.2 അത്യന്തം രുചികരമായ മാമ്പഴങ്ങൾ വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്ന കേരളത്തിലെ ഭൂപ്രദേശമായ *മുതലമട*യെ *കേരളത്തിന്റെ മാംഗോ സിറ്റി* എന്ന പേരിലാണ് അറിയപ്പെടുന്നത്. മാവുകൃഷിയെ സംബന്ധിച്ച ഗവേഷണങ്ങൾ കേരളത്തിൽ ഒട്ടും പുരോഗമിച്ചിട്ടില്ല. *വരും വർഷങ്ങളിലെ വിള* എന്നാണ് ഈരംഗത്തെ പല അന്താരാഷ്ട്രസ്ഥാപനങ്ങളും മാവിനെ വിശേഷിപ്പിച്ചിരിക്കുന്നത്. നമ്മുടെ മാമ്പഴങ്ങളെയും മാവുകൃഷിയേയെയും കുറിച്ചുള്ള ക്രിയാത്മക ഗവേഷണപദ്ധതികൾ ആവിഷ്കരിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ മുതലമടയിൽ ഇതിനായി ഒരു ഗവേഷണകേന്ദ്രം സ്ഥാപിക്കണം.

**22.28 നയം 127. ഗുണമേന്മയുള്ള മാമ്പഴങ്ങളുടെ ഉല്പാദനത്തിൽ കാലാവസ്ഥയുടെ സ്വാധീനം കണക്കിലെടുത്ത്, കർഷകരെ സഹായിക്കാൻ ഒരു ഉപദേശകസംവിധാനം വികസിപ്പിക്കുന്നതിലൂടെ ഉല്പാദനവും ഗുണനിലവാരവും മെച്ചപ്പെടുത്താനാവും.**

22.28.1. വളരെ നേരത്തേ കമ്പോളങ്ങളിൽ എത്തുന്നതിനാൽ മുതലമടയിലെ കൃഷിക്കാർക്ക് അവരുടെ മാങ്ങകൾക്ക് നല്ല വില ലഭ്യമാകുന്നുണ്ട്. ഇതു പോലെ മാങ്ങ നേരത്തേ ജനുവരിയിൽ പഴുക്കുന്ന ലോകത്തിലെ രണ്ടു സ്ഥലങ്ങളാണ് പെറു, ബൊളിവിയ എന്നിവ. അന്താരാഷ്ട്ര വിപണിയിൽ ഓരോ വർഷവും ഏറ്റവുമാദ്യം സാന്നിദ്ധ്യമറിയിക്കുന്നു എന്നതു കൊണ്ടു തന്നെ മുതലമടയിൽനിന്നുള്ള മാമ്പഴത്തിന് ലോകത്തിന്റെ വിവിധഭാഗങ്ങളിൽ നിന്നും ധാരാളം കയറ്റുമതിഓഡറുകളും ഉയർന്ന വിലയും ലഭിക്കുന്നു.

22.28.2. മാമ്പഴത്തിന്റെ ഉല്പാദനവും ഗുണനിലവാരവും മെച്ചമാവാൻ മാവിന് ഡിസംബർ – ജനുവരി മാസങ്ങളിൽ മഴ കിട്ടേണ്ടത് ആവശ്യമാണ്. പ്രീമിയം ഇനങ്ങളായ അൽഫോൺസാ, ബംഗനപ്പള്ളി, മൽഗോവ, കല്പ്പാടി, സുവർണ്ണരേഖ, സിന്ദൂരം മുതലായവയുടെ മുതലമടയിലെ വാർഷികവിളവ് 45,000 ടണ്ണിന് മുകളിലാണെന്ന് കണക്കാക്കുന്നു. മുകളിൽപ്പറഞ്ഞ മാസങ്ങളിൽ മഴ ലഭിച്ചില്ലായെങ്കിൽ ഉല്പാദനം പകുതിയായി കുറയുന്നതോടൊപ്പം ഗുണമേന്മയിലും വലിയ കുറവുണ്ടാകും.

22.28.3. ഇന്ത്യയ്ക്കകത്തും പുറത്തുമുള്ള കമ്പോളങ്ങൾ നഷ്ടപ്പെടുന്നതിനോടൊപ്പം വിലയുടെ കാര്യത്തിലും വലിയ നഷ്ടം കൃഷിക്കാർ നേരിടേണ്ടിവരും. ഈ അവസരത്തിൽ ജില്ലാതലത്തിൽ ഒരു ഉപദേശകസമിതി രൂപവല്കരിക്കുകയും വകുപ്പുതലത്തിൽ ഒരു നിരീക്ഷണസംവിധാനം ഏർപ്പെടുത്തുകയും വേണം.

**22.29 നയം 128. വിളനഷ്ടവും വിലനഷ്ടവും പരിഹരിക്കുന്നതിന് സർക്കാർ പ്രത്യേക ഇൻഷ്വറൻസ് പരിരക്ഷയും സഹായ പദ്ധതികളും ഏർപ്പെടുത്തണം.**

22.29.1. പാലക്കാട് നടന്ന ഉപസമിതിയുടെ സിറ്റിംഗിൽ, മറ്റു വിളകൾക്ക് കിട്ടുന്നതുപോലെ മാവുകൃഷിക്കാർക്ക് സർക്കാരിന്റെ ഭാഗത്തു നിന്നും ഒരു സഹായവും ലഭിക്കുന്നില്ലായെന്ന് മുതലമട മാവുകൃഷിസംഘം അഭിപ്രായപ്പെട്ടു. ജില്ലയിലെ വലിയൊരു പ്രദേശത്ത് വാണിജ്യാടിസ്ഥാനത്തിൽ മാവുകൃഷി ചെയ്യുന്നുണ്ടെങ്കിലും മാമ്പഴവിളകൾക്കായി ഒരു ഇൻഷ്വറൻസ് പദ്ധതിയും ഇനിയും നടപ്പാക്കിയിട്ടില്ല.

## 20.30 കിഴങ്ങുവർഗ്ഗവിളകളെ സംബന്ധിക്കുന്ന നയങ്ങൾ

22.30.1. ലോക ഭക്ഷ്യ-കാർഷികസംഘടനയുടെ (FAO) കണക്കുകൾ പ്രകാരം, ലോകത്ത് ഭക്ഷ്യവിതരണത്തിൽ വലിയൊരു പങ്ക് വഹിക്കുന്നതോടൊപ്പം തന്നെ മൃഗങ്ങൾക്കുള്ള തീറ്റയെന്നനിലയിലും കിഴങ്ങുവർഗ്ഗവിളകൾക്ക് പ്രാധാന്യമുണ്ട്. ആഗോളതലത്തിൽ, ഇവയുടെ ഉല്പാദനത്തിന്റെ ഏകദേശം 55% ഭക്ഷണമായി ഉപയോഗിക്കുമ്പോൾ ബാക്കിവരുന്നവ നടീൽവസ്തുക്കൾ, കാലിത്തീറ്റ, അന്നജം, വാറ്റിയ സ്പിരിറ്റ്, മദ്യം, മറ്റനേകം ചെറുപദാർത്ഥങ്ങൾ എന്നിവയുടെ ഉല്പാദനത്തിനായി ഉപയോഗിക്കുന്നു.

22.30.2. ഗ്രാമീണമേഖലയിലെ പാവങ്ങളുടെ ഭക്ഷ്യവിളയാണ് ഇതെങ്കിലും അതിനെക്കാളേറെയായി കിഴങ്ങുവർഗ്ഗങ്ങൾ സാമ്പത്തികദാരിദ്ര്യ മനുഭവിക്കുന്ന കുടുംബങ്ങൾക്ക് ഒരു വരുമാനമാർഗ്ഗവും, ഗ്രാമീണ - നാഗരിക ഉപഭോഗത്തിനായുള്ള ഉല്പന്നങ്ങളുണ്ടാക്കാനുള്ള അസംസ്കൃത വസ്തുക്കളുമാണ്.

20.30.3. ചരിത്രപരവും സാംസ്കാരികവുമായ ഘടകങ്ങൾ, ജീവിതശൈലിയിൽ വന്ന മാറ്റങ്ങൾ, രുചിസങ്കല്പങ്ങളിൽ വന്ന പരിണാമം ഇവയെല്ലാം കിഴങ്ങുവർഗ്ഗവിളകളുടെ ഉപഭോഗരീതിയെ സ്വാധീനിച്ചിട്ടുണ്ട്. സംസ്ഥാനത്ത് കഴിഞ്ഞ മൂന്ന് ദശാബ്ദമായി നഗരവല്കരണത്തിൽ വന്ന വർദ്ധനവും, തൊഴിൽശക്തിയിൽ സ്ത്രീകളുടെ വർദ്ധിച്ച പങ്കാളിത്തവും (പ്രത്യേകിച്ച് മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പരിപാടി-MGNREGS), ഭക്ഷ്യ വ്യാപാര പദാർത്ഥങ്ങളെപ്പറ്റിയുള്ള വ്യാപകമായ പരസ്യങ്ങളും, പ്രവാസി കേരളീയരു (NRK's) ടെ ഭക്ഷണശീലവും എല്ലാം, ആകെ കഴിക്കുന്ന ഭക്ഷണത്തിൽ പുറത്തു നിന്നുള്ള ഭക്ഷണത്തിന്റെ അനുപാതത്തെ വർദ്ധിപ്പിച്ചു. ഉപഭോഗരീതിയിൽവന്ന ഈ മാറ്റം കിഴങ്ങുവർഗ്ഗവിളകളുടെ ആവശ്യകതയെ വിവിധതരത്തിൽ ബാധിച്ചു.

22.30.4. നിയന്ത്രിതസാഹചര്യത്തിൽ കിഴങ്ങുവർഗ്ഗങ്ങളായ മരച്ചീനി, മധുരക്കിഴങ്ങ്, ചേമ്പ്, ചേന എന്നിവയ്ക്ക് കഠിനമായ വരൾച്ചയെ പ്രതിരോധിക്കാനുള്ള ശേഷിയുണ്ട്. അതുകൊണ്ടുതന്നെ അവശ്യസമയങ്ങളിൽ സമൂഹത്തെ നിലനിർത്താനാവുന്ന ഒരു പകരംവിളയായി കിഴങ്ങുവർഗ്ഗങ്ങളെ ഉപയോഗപ്പെടുത്താം.

## 22.31 നയം 129. ഭക്ഷ്യധാന്യങ്ങൾക്ക് പകരമായി കിഴങ്ങുവർഗ്ഗവിളകളെ പ്രോത്സാഹിപ്പിക്കുന്നത് ഭക്ഷ്യസുരക്ഷ സുഗമമാക്കും.

22.31.1. വരൾച്ചയുടെ സമയത്ത് കിഴങ്ങുകളെ ധാന്യങ്ങൾക്കും പയറുവർഗ്ഗങ്ങൾക്കും പകരമായി ഉപയോഗിക്കാം. ഇത് പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യണം.

22.31.2. വരൾച്ചയുടെ സമയത്ത് കിഴങ്ങുവർഗ്ഗങ്ങളുടെ ഇല കൊഴിയുകയും ചെടിയുടെ ജീവൻ നിലനിർത്താനായി കുറഞ്ഞ പ്രകാശസംശ്ലേഷണത്തിനാവശ്യമായ ഇലകൾമാത്രം നിലനിൽക്കുകയും ചെയ്യും. മഴപെയ്യുമ്പോൾ പുതിയ തളിരിലകൾ മുളയ്ക്കും. ഗ്രീൻഹൗസ് പരീക്ഷണത്തിൽ, അന്തരീക്ഷ താപനിലയിൽ നിന്നും 7-8° കൂടിയ താപനിലയിൽ കപ്പ മികച്ച വിളവ് തരുന്നതായി കണ്ടു. ചേന രണ്ടു താപനിലകളിലും ഒരേ വിളവാണ് നൽകിയത്.

മഴയെ ആശ്രയിച്ചുള്ള കൃഷിയിൽ, മഴചതിച്ചാൽ, മറ്റുവിളകൾ പരാജയ പ്പെടുന്നിടത്ത്, നടീൽസമയത്ത് നൽകുന്ന ജലസേചനം കൊണ്ടുമാത്രം കിഴങ്ങുവർഗ്ഗ ങ്ങൾ വളർത്താനാവും.

**22.32 നയം 130. വീട്ടുവളപ്പുകളിൽ കിഴങ്ങു വർഗ്ഗങ്ങൾ നട്ടുവളർത്തുന്നത് പ്രോത്സാഹി പ്പിക്കാൻ നടീൽവസ്തുക്കൾ നൽകുന്ന *മിനി കിറ്റ്* പദ്ധതികൾക്ക് തുടക്കമിടണം.**

22.32.1. കിഴങ്ങുവർഗ്ഗങ്ങളുടെ സാദ്ധ്യതകളെ പരമാവധി പ്രയോജന പ്പെടുത്താനായി ഇവ കൃഷിയിറക്കാനാവശ്യമായ നടീൽവസ്തു ക്കൾ കൃഷിക്കാർക്ക് എത്തിച്ചുനൽകണം. അങ്ങിനെ കേരളത്തിലെ കഴിയുന്നത്ര വീട്ടുവളപ്പുകളിൽ കിഴങ്ങുവർഗ്ഗവിളകൾ വ്യാപിപ്പിക്കാനാവും. കേരളത്തിലെ പ്രധാന ഭക്ഷണം അരിയാണെങ്കിലും, ദുരിതകാല ങ്ങളിൽ ആശ്വാസ ഭക്ഷണമായിരുന്നത് കിഴങ്ങുവർഗ്ഗങ്ങൾ, പ്രത്യേകിച്ചും, മരച്ചീനിയായിരുന്നു.

**22.33 നയം 131. കിഴങ്ങുവർഗ്ഗങ്ങളെ ഗുണ മേന്മയേറിയ കാലിത്തീറ്റ ഉല്പാദനത്തി നായി ഉപയോഗിക്കുക വഴി കർഷകർക്ക് മെച്ചപ്പെട്ട ലാഭം നേടിക്കൊടുക്കാനാവും.**

22.33.1. കാർഷികമേഖലയിൽ ലഭ്യമായ വിഭവങ്ങൾ മെച്ചപ്പെട്ട രീതിയിൽ ഉപയോഗി ക്കുന്നതിനായി വികസ്വരരാജ്യങ്ങൾക്കു മേലുള്ള സമ്മർദ്ദം വർദ്ധിച്ചുവരുകയാണ്. ഒരു വശത്ത് മൃഗോല്പന്നങ്ങൾക്കുവേണ്ടിയുള്ള വർദ്ധിച്ചുവരുന്ന ആവശ്യകത നിറവേറ്റുകയും മറുവശത്ത് സംസ്കരണം- മൂല്യവർദ്ധന ഇവയിലൂടെ ഗ്രാമീണകർഷകരുടെ വരുമാനം വർദ്ധിപ്പി ക്കുകയും വേണം. മൃഗാധിഷ്ഠിത മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ആഭ്യ ന്തരആവശ്യകത നിറവേറ്റാനായി വളർത്തു മൃഗങ്ങളേയോ കാലിത്തീറ്റയോ ഇറക്കുമതി ചെയ്യുന്നത് താങ്ങാനാവാത്തവിധം ചെലവേ റിയതാണ്. ധാന്യങ്ങൾ കാലിത്തീറ്റകൾക്കായി ഉപയോഗിക്കുന്നത് ഭക്ഷ്യസുരക്ഷയ്ക്ക് കനത്ത വെല്ലുവിളിയുയർത്തുകയും ഭക്ഷ്യധാ ന്യോല്പാദനം അതിനനുസൃതമായി വർദ്ധി പ്പിക്കേണ്ടത് ആവശ്യമായി വരികയുംചെയ്യും. അതുകൊണ്ടുതന്നെ തദ്ദേശീയമായി വളർത്തുമൃഗപരിപാലനം കൂട്ടാനായി ധാന്യങ്ങൾ ഒഴികെയുള്ള ഇതരഭക്ഷ്യോല്പ ന്നങ്ങൾ കാലിത്തീറ്റയായി ലഭ്യമാക്കിയാൽ, ധാന്യങ്ങളെ മനുഷ്യരുടെ ആഹാരാവശ്യ ത്തിനായി മാറ്റിവയ്ക്കാനാവും. കിഴങ്ങു വർഗ്ഗവിളകളും അതിൽനിന്നുള്ള ഉപോല്പ ന്നങ്ങളും കാലിത്തീറ്റയായി ലഭ്യമാക്കേണ്ട തിന്റെ പ്രാധാന്യം ഇവിടെയാണ്.

22.33.2. ഉദാഹരണത്തിന്, വിളവെടു പ്പിനുശേഷം ധാരാളം പ്രകൃതിജന്യ ജൈവവ സ്തുക്കൾ നമ്മൾ പാഴ്‌വസ്തുക്കളായി വലി ച്ചെറിയുന്നു. മരിച്ചീനിയില (5-7 ടൺ/ഹെക്ടർ), കിഴങ്ങുകളുടെ തൊലി (കിഴങ്ങിന്റെ 15-23%) എന്നിവ ഇത്തരത്തിൽ നഷ്ടപ്പെടുന്നുണ്ട്. മരച്ചീനിയുടെ ഇലകളിൽ ധാരാളം മാംസ്യവും മറ്റു പോഷകങ്ങളും അടങ്ങിയിട്ടുണ്ടെങ്കിലും അതിലെ വിഷാംശം അതിനെ കന്നു കാലിത്തീറ്റയായും മറ്റു ബന്ധപ്പെട്ട കാര്യ ങ്ങൾക്കും ഉപയോഗിക്കുന്നതിൽനിന്ന് തടയു ന്നു. ഇത് നീക്കംചെയ്യാനുള്ള സാങ്കേ തികവിദ്യകൾ ഇന്ന് നിലവിലുണ്ട്. അത് യുക്തിസഹമായി പ്രയോജനപ്പെടുത്തണം.

**23.34 നയം 132. കേന്ദ്ര കിഴങ്ങുവിള ഗവേഷണകേന്ദ്രം (CTCRI) പോലുള്ള സ്ഥാപനങ്ങൾ വികസിപ്പിച്ചെടുത്തിട്ടുള്ള പുതിയ സാങ്കേതിക വിദ്യകൾ, മെച്ചപ്പെട്ട വിളയിനങ്ങൾ, മികച്ച ജൈവകീട നാശിനികൾ തുടങ്ങിയവ യുക്തിസഹമായി ഉപയോഗപ്പെടുത്തിയാൽ ഭക്ഷ്യോല്പന്ന ങ്ങളുടെ കാര്യത്തിൽ സ്വയംപര്യാപ്ത മാവാനും അന്യസംസ്ഥാനങ്ങളോടുള്ള ആശ്രിതത്വം കുറയ്ക്കാനും കഴിയും.**

22.34.1. മരച്ചീനിയിൽ നിന്നുള്ള കീടനാശിനി, തുരപ്പൻ വണ്ടുകളുടെ വിഭാഗത്തിൽപ്പെട്ട കീടങ്ങളായ വാഴയിലെ തടതുരപ്പൻ, തെങ്ങിലെ ചെമ്പൻചെല്ലി, പഴവർഗ്ഗചെടികളിലും, വൃക്ഷങ്ങളിലും മറ്റുചെടികളിലും കാണുന്ന ഈ വിഭാഗത്തിൽപ്പെട്ട വണ്ടുകൾ ഇവയ്ക്കെതിരെ അതീവ ഫലപ്രദമാണെന്ന് പരീക്ഷണങ്ങൾ തെളിയിച്ചിട്ടുണ്ട്.

22.34.2. നീരൂറ്റിക്കുടിക്കുന്ന പുഴുക്കളായ മീലിമൂട്ടകൾ, മുഞ്ഞകൾ എന്നിവയ്ക്കെതിരെയും ഇലതീനിപ്പുഴുകൾക്കെതിരെയും പ്രവർത്തിക്കുന്ന മറ്റൊരു കീടനാശിനിയും ഈ കേന്ദ്രം വികസിപ്പിച്ചിട്ടുണ്ട്. ഈ ജൈവകീടനാശിനികൾ എല്ലാം വാണിജ്യാടിസ്ഥാനത്തിൽ ഉല്പാദിപ്പിക്കപ്പെടണം. ഇത് സംബന്ധിച്ച കൂടുതൽ വിവരങ്ങൾ ഭാഗം 32.8 ൽ ലഭ്യമാണ്.

**22.35 നയം 133. മെച്ചപ്പെട്ട ഉല്പാദന വിദ്യകളായ-കാച്ചിൽവർഗ്ഗങ്ങളുടെ മിനിസെറ്റ്, വള്ളിപടർത്തൽ രീതികൾ, കിഴങ്ങുവർഗ്ഗവിളകളുടെ മിശ്രക്കൃഷി തുടങ്ങിയവയുടെ പ്രദർശനയൂണിറ്റുകൾ സർക്കാർ ഫാമുകൾ, കർഷകരുടെ കൃഷിയിടങ്ങൾ എന്നിവിടങ്ങളിലൊരുക്കി ഈ രീതികൾക്ക് പ്രചാരം നൽകണം.**

22.35.1. വരുംവർഷങ്ങളിൽ ബ്ലോക്ക് /ഗ്രാമ പഞ്ചായത്ത് തലങ്ങളിലെ കൃഷിയ്ക്ക് സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ വിളപ്രദർശനം നടത്തണം. ഓരോ വിളപ്രദർശന ഭൂമിയുടെയും വിസ്തൃതി 1000 ചതു.മീറ്റർ ആയിരിക്കണം. അതിൽ ജനപ്രീതിനേടിയ കിഴങ്ങുവർഗ്ഗവിളകൾ (മരച്ചീനി, മധുരകിഴങ്ങ്, ചേമ്പ്, കാച്ചിലുകൾ തുടങ്ങിയവ) ശാസ്ത്രീയമായി വളർത്തി പ്രദർശിപ്പിക്കണം. ഇത് മറ്റനവധി കർഷകർക്ക് പ്രോത്സാഹനമാവുകയും അങ്ങിനെ ഈ വിളകളുടെ വിസ്തൃതി, ഉല്പാദനം, ഉല്പാദനക്ഷമത എന്നിവ വർദ്ധിപ്പിക്കാനാവുകയും ചെയ്യും. വൃക്ഷവിളകൾക്കിടയിലുള്ള സ്ഥലം ഈ പരീക്ഷണത്തിനായി ഉപയോഗിക്കുക വഴി *കിഴങ്ങുവർഗ്ഗങ്ങൾ നല്ലൊരു ഇടവിളയാണ്* എന്നുള്ള സന്ദേശം നല്കാനും കഴിയും.

**22.36 നയം 134. കിഴങ്ങുവർഗ്ഗങ്ങളിലെ മെച്ചപ്പെട്ട ഇനങ്ങളുടെ മൂല വിത്തുകൾ (Nucleus planting material) കൃഷിവകുപ്പ് ഫാമുകളിൽ ഉല്പാദിപ്പിക്കണം.**

22.36.1. കൃഷിക്കാരുടെ സ്വന്തം കൃഷിസ്ഥലങ്ങളിൽ നിന്നും, മറ്റു കർഷകർ ഉല്പാദിപ്പിക്കുന്ന വിളകളിൽനിന്നും നടീൽവസ്തുകൾ തെരഞ്ഞെടുത്ത് കൃഷിനടത്തുക എന്നതാണ് കിഴങ്ങുവർഗ്ഗങ്ങളിലെ പ്രജനനത്തിനുള്ള പരമ്പരാഗതമായ രീതി. സാമ്പ്രദായികരീതിയിൽ തയ്യാറാക്കുന്ന നടീൽവസ്തുകളുടെ പരിമിതികൾ ഇവയാണ് - കുറഞ്ഞ വിളവ് (ഹെക്ടറിന് 5-6 ടൺ); കുറഞ്ഞ വരുമാനം; രോഗബാധിതമായ നടീൽവസ്തുകളുടെ ഇരട്ടിപ്പിക്കലും വിതരണവും; നീളമുള്ള തണ്ട് മുറിച്ചുപയോഗിക്കുന്നത് (ഇരട്ടിപ്പിക്കൽ നിരക്ക് കുറവും നടീൽവസ്തുക്കളുടെ അനാവശ്യനഷ്ടവും സംഭവിക്കും) ; കൃത്യതയില്ലാത്ത നടീൽരീതി (കൃഷിപ്പണികൾ ബുദ്ധിമുട്ടിലാവും).

23.36.2. പ്രാഥമികതലത്തിൽ കുറച്ച് നടീൽവസ്തുക്കൾ വിത്തുല്പാദകരായ ശാസ്ത്രജ്ഞന്മാരിൽ നിന്ന് ശേഖരിച്ച്, കൃഷിഫാമിലെ അനുകൂലസാഹചര്യത്തിൽ, ആരോഗ്യമുള്ളതും വൃത്തിയുള്ളതുമായ അടിസ്ഥാന നടീൽ വസ്തുക്കൾ ഉണ്ടാക്കുന്നതിനായി ഇരട്ടിപ്പിക്കണം. വിദഗ്ദ്ധന്മാരുടെ ഒരു സംഘം രണ്ടുതവണ നടീൽവസ്തുക്കളുടെ മേന്മയും നിലവാരവും കൃഷി സ്ഥലത്ത് വന്ന് പരിശോധിക്കണം. അതിനുശേഷമേ രണ്ടാമത്തെ സ്ഥലത്ത് ഇത് വ്യാപിപ്പിക്കുകയുള്ളൂ.

22.36.3. കൃഷിവകുപ്പിന്റെ ഫാമിൽ, രണ്ടാംഘട്ടത്തിൽ നടീൽവസ്തുക്കളുടെ വർദ്ധന നടത്തുന്നതോടൊപ്പം, സാക്ഷ്യപ്പെടുത്തിയ ഈ നടീൽവസ്തുക്കളെ കരാറടിസ്ഥാനത്തിലോ വാണിജ്യാടിസ്ഥാനത്തിലോ ഉള്ള വിത്തുല്പാദകർ ഇരട്ടിപ്പിക്കുകയും, അത് മൂന്നാം ഘട്ടത്തിൽ കർഷകർക്ക് വിതരണം ചെയ്യുകയും ചെയ്യുന്നു. രണ്ടാമത്തെ കൃഷിസ്ഥലത്തും, മേന്മയും നിലവാരവും പരിശോധിക്കാൻ വിദഗ്ദ്ധന്മാരുടെ ഒരു സംഘം സന്ദർശിക്കും.

22.36.4. മൂന്നാമത്തെ തലത്തിൽ, രണ്ടാമത്തെ കൃഷിസ്ഥലത്തുനിന്നും സാക്ഷ്യപ്പെടുത്തിയ നടീൽവസ്തുകൾ കൃഷിക്കാർക്ക് വിതരണം ചെയ്യുന്നത് മുഖ്യമായും ഭക്ഷ്യവസ്തുകളുടെ ഉല്പാദനത്തിനു വേണ്ടിയാണ്.

## 22.37 നയം 135. കിഴങ്ങുവർഗ്ഗങ്ങളുടെ സംസ്കരണവും മൂല്യവർദ്ധനയും അതീവ പ്രാധാന്യമുള്ള വിഷയങ്ങളായി പരിഗണിക്കണം.

22.37.1. മൂല്യവർദ്ധന കിഴങ്ങുവർഗ്ഗങ്ങളുടെ വിപണനസാദ്ധ്യത വർദ്ധിപ്പിക്കും. വിളവെടുത്ത അസംസ്കൃത ഉല്പന്നങ്ങൾ നേരിട്ട് വില്ക്കുന്നതുമായി താരതമ്യപ്പെടുത്തുമ്പോൾ, മൂല്യം വർദ്ധിപ്പിക്കുന്നതിന് കൂടുതൽ സാമ്പത്തിക നിക്ഷേപങ്ങൾ, ശരിയായ ഉപദേശങ്ങൾ, സഹായകമായ സാങ്കേതികവിദ്യകൾ ഇവയെല്ലാം അധികമായി ആവശ്യംവരും. ഇതിൽ മധുരപലഹാരങ്ങൾ, അച്ചാറുകൾ, മൗത്ത്-ഫ്രെഷ്നർ (വായ് ശുദ്ധീകരിക്കാൻ), തേയില യ്ക്ക് സമാനമായ ഉത്തേജകപാനീയങ്ങൾ (brewing powders) തുടങ്ങി ഏകദേശം 33 ഉല്പന്നങ്ങളുടെ സാങ്കേതികവിദ്യ ഇന്ന് ലഭ്യമാണ്. ഗാരി (gari), വറ്റലുകൾ, വീട്ടാവശ്യത്തിനും കാർഷിക-വ്യവസായിക ആവശ്യത്തിനുമുള്ള മാവുകൾ (dried powder) എന്നിവയെല്ലാം വാണിജ്യസാദ്ധ്യതയുള്ള ഉല്പന്നങ്ങളാണ്. എങ്കിലും കിഴങ്ങുകളുടെ സംസ്കരണരംഗത്ത് കൂടുതൽ ശക്തമായ ഗവേഷണസംവിധാനം വികസിപ്പിക്കേണ്ടിയിരിക്കുന്നു.

## 22.38 സുഗന്ധവ്യഞ്ജന വിളകളുമായി ബന്ധപ്പെട്ട നയങ്ങൾ

22.38.1. സംസ്ഥാനത്തിന്റെ നാണ്യവിളയായിത്തീർന്ന സുഗന്ധവ്യഞ്ജനവിളകളുടെ മുഖ്യ ഉല്പാദകരാണ് കേരളം. കേരളത്തിന്റെ സുഗന്ധവ്യഞ്ജന വ്യാപാരത്തിന് ഏകദേശം 7000 വർഷം പഴക്കമുണ്ട്. മധ്യകാല ഘട്ടത്തിൽ എങ്ങനെയാണ് ഉല്കൃഷ്ടമായ, ഗുണമേന്മയുള്ള, കേരളത്തിന്റെ സുഗന്ധവ്യഞ്ജനവിളകളും അവയുടെ സവിശേഷമായ ഗുണവും വിദേശികളെ നമ്മുടെ രാജ്യത്തിലേക്ക് പ്രലോഭിപ്പിച്ച് കൊണ്ടുവന്നത് എന്ന കാര്യം സുപ്രസിദ്ധമാണ്. ദേശീയ കുരുമുളക് ഉല്പാദനത്തിൽ 96% ശതമാനവും ഉല്പാദിപ്പിക്കുന്നത് കേരളത്തിലാണ്. ഏലം, കറുവപ്പട്ട, ഗ്രാമ്പു, മഞ്ഞൾ, ജാതി, വാനില എന്നിവയാണ് മുഖ്യമായ സുഗന്ധദ്രവ്യങ്ങൾ. ഏലയ്ക്കായുടെ കയറ്റുമതിവഴി വലിയ ആദായം രാജ്യത്തിന് ലഭിക്കുന്നുമുണ്ട്.

22.38.2. നമ്മുടെ രാജ്യത്തിന്റെ ചരിത്രം പഠിപ്പിക്കുന്നതുപോലെ, ലോകം മുഴുവൻ അവിശ്വസനീയമാംവിധം ഈ സുഗന്ധവിളകളുടെ സ്വാധീനത്തിൽ അകപ്പെട്ടിരിക്കുകയാണ്. '*കറുത്ത സ്വർണ്ണ*'മായ കുരുമുളകിന്റെ രുചിയും '*സുഗന്ധ വിളകളുടെ റാണി*യായ' ഏലയ്ക്കായുടെ വാസനയുമാണ് അറബി കളേയും യൂറോപ്യൻമാരേയും നമ്മുടെരാജ്യത്തേക്ക് ആകർഷിച്ചതും അന്തിമമായി വിദേശവാഴ്ചയ്ക്ക് കാരണമായതും.

22.38.3. കുരുമുളക്, കറുവപ്പട്ട, ഇഞ്ചി, ഏലം എന്നിവയാണ് പരമ്പരാഗതമായി വളർത്തുന്ന

സുഗന്ധവ്യഞ്ജനവിളകൾ. പക്ഷേ ഇപ്പോൾ ലോകം മുഴുവൻ ഉപയോഗിക്കുന്ന സുഗന്ധ ദ്രവ്യങ്ങൾ ഉല്പാദിക്കുകയെന്നതാണ്, കേരളത്തിലെ കൃഷിക്കാർ ഏർപ്പെട്ടിരിക്കുന്ന പുതിയ രീതി. വാനില, ഒരിഗാനോ(oregano), റോസ്മേരി, തൈമി (thyme), ബേസിൽ (basil) മിന്റ് (mint) ബേലീഫ് (bay leaf) സേജ് (Sage) എന്നിവയാണ് അത്തരത്തിലുള്ള സുഗന്ധ വിളകൾ.

22.38.4. ഒട്ടനവധി പ്രശ്നങ്ങളാലും ദൗർഭാഗ്യത്താലും ശ്വാസം മുട്ടുകയാണ് നമ്മുടെ സുഗന്ധദ്രവ്യമേഖല. സാധാരണ വ്യാപാരസാധനങ്ങളുടെ വില അതിന്റെ ഉല്പാദനച്ചെലവുമായോ ആവശ്യകതയുമായോ ബന്ധപ്പെട്ടിരിക്കും. എന്നാൽ ഇപ്പോഴത്തെ വിലയിൽവന്ന വ്യത്യാസം അടുത്ത് നിരീക്ഷിച്ചാൽ, ഈ തത്ത്വങ്ങൾ നമ്മുടെ മുഖ്യസുഗന്ധദ്രവ്യങ്ങളായ കുരുമുളകിന്റേയും ഏലത്തിന്റേയും കാര്യത്തിൽ ബാധകമാവുന്നില്ല എന്ന് മനസ്സിലാക്കാം. സുഗന്ധദ്രവ്യങ്ങളുടെ വിലയിൽ വർദ്ധനവ് സംഭവിച്ചാൽ അതിന്റെ നേട്ടം കർഷകർക്ക് കിട്ടേണ്ടതാണ്. പക്ഷേ, വിചിത്രമായ കാര്യം, വിലയിൽവരുന്ന കുതിച്ചുകയറ്റത്തിന്റെ ഒരുനേട്ടവും ഉല്പാദകർക്ക് ലഭിക്കുന്നില്ലാ എന്നതു മാത്രമല്ല; വിപണിയുടെ എല്ലാ പ്രാതികൂല്യങ്ങളും സഹിക്കേണ്ടത് ഉല്പാദകരാണ് എന്നതുകൂടിയാണ്. സുഗന്ധദ്രവ്യങ്ങളുടെ വ്യാപാരസംവിധാനത്തിൽ എന്തോ തകരാറ് സംഭവിച്ചിട്ടുണ്ട് എന്ന യാഥാർത്ഥ്യമാണ് ഇതിൽ നിന്നും മനസ്സിലാക്കേണ്ടത്.

## 22.39 കുരുമുളക് കൃഷിയുമായി ബന്ധപ്പെട്ട നയങ്ങൾ

22.39.1. ചരിത്രാതീത കാലം മുതൽക്കേ, *സുഗന്ധവ്യഞ്ജനങ്ങളുടെ രാജാവാ*യും, *കറുത്ത സ്വർണ്ണ*മായും ഒക്കെ അറിയപ്പെടുന്ന കുരുമുളക് ഇന്ത്യയിലെ കാർഷികവ്യാപാര ഉല്പന്നങ്ങളിൽ എറ്റവും പ്രധാനപ്പെട്ടതാണ്. രണ്ടര ലക്ഷം ഗ്രാമീണ കർഷകകുടുംബങ്ങളുടെ വരുമാനത്തിന്റേയും തൊഴിലിന്റേയും പ്രധാന ഉപാധിയായ കുരുമുളക്, ഏറ്റവുമധികം കൃഷിചെയ്യപ്പെടുന്ന സംസ്ഥാനമാണ് കേരളം.

22.39.2. രാജ്യത്തിന്റെ മൊത്തം കുരുമുളകുല്പാദനത്തിൽ 80-90% വരെ വരുന്നത് കേരളത്തിൽ നിന്നാണ്. കേരളത്തിൽ കുരുമുളക് ഉല്പാദിപ്പിക്കുന്ന രണ്ട് പ്രധാന ജില്ലകളാണ് ഇടുക്കിയും വയനാടും. ഇന്ത്യയിലെ കുരുമുളകിന്റെ വിസ്തൃതി 2,36,180 ഹെക്ടറും (2006-07) ഉല്പാദനം 50,000 ടണ്ണുമാണ് (2007-08). ഇന്ത്യയിലെ മൊത്തം കുരുമുളകുല്പാദനം അഞ്ചു വർഷത്തെ കാലയളവിൽ 80,000 ടണ്ണിൽ (2002) നിന്നും 50,000 ടണ്ണിലേക്ക് (2007- 08) കുറഞ്ഞു എന്നത് ചിന്തോദ്ദീപകമാണ് .

22.39.3. കേരളത്തിൽ പൊതുവായി കണ്ടുവരുന്ന കുരുമുളക് കൃഷിരീതി - വീട്ടുവളപ്പിൽ ചെയ്യുന്ന വിസ്തൃതമായ കൃഷിയാണ്. മറ്റ് ധാരാളം വിളകൾക്കിടയിൽ ഒരു ഇടവിള എന്ന നിലയിലാണ് കുരുമുളകിന്റെ സ്ഥാനം.

## 22.40 നയം 136. ആഭ്യന്തരവിപണിക്കും വിദേശവിപണിക്കും പര്യാപ്തമാകുന്ന തരത്തിൽ സംസ്ഥാനത്തെ കുരുമുളകിന്റെ വിസ്തൃതി അടിയന്തിരമായി വർദ്ധിപ്പിക്കണം.

22.40.1. ഇന്ത്യയിലെ ഉല്പാദനം വീണ്ടും ക്ഷയിക്കുകയും ഇപ്പോഴത്തെ വിതരണത്തിന് പ്രാദേശികആവശ്യങ്ങളെപ്പോലും നിറവേറ്റാൻ കഴിയാതെ വരികയും ചെയ്താൽ, കുറഞ്ഞവിലയിൽ ദക്ഷിണ-പൂർവ്വ (ASEAN) രാജ്യങ്ങളിൽ നിന്നും ഇറക്കുമതിചെയ്യുന്ന കുരുമുളക് ഇന്ത്യയിലെ കുരുമുളക് കൃഷിക്കാരുടെ സാമ്പത്തികനിലയെ സാരമായി ബാധിക്കും. മറ്റുവിളകൾക്കിടയിൽ കുരുമുളക് കൃഷിചെയ്യുന്ന രീതി തുടരുന്നതുകൊണ്ടാണ് കേരളത്തിൽ കുരുമുളക് നിലനിൽക്കുന്നത്. വിലസ്ഥിരതയില്ലാത്തതും, ഉല്പാദനച്ചെലവ് വർദ്ധിക്കു

ന്നതും, കേരളത്തിൽ മുഖ്യമായും കുരുമുളക് കൃഷിചെയ്യുന്ന ഇടുക്കി, വയനാട് ജില്ലകളിലെ കർഷകരെ മറ്റ് ആദായകരമായ വിളകളിലേക്ക് തിരിയാൻ നിർബന്ധിതരാക്കുന്നു. ഇതിനു പുറമെ കുരുമുളകിന്റെ കുറഞ്ഞ ഉല്പാദനക്ഷമതയും (ഹെക്ടറിന് 267 കിലോഗ്രാം) (ദേശീയ ശരാശരി) നമ്മൾ നേരിടേണ്ട മറ്റൊരു വെല്ലുവിളിയാണ്. ചൈനയുടെയും വിയറ്റ്നാമിന്റെയും ഉല്പാദനക്ഷമത ഹെക്ടറിന് 2000 കിലോഗ്രാം ആണ്. നമ്മുടെ ഉല്പാദനക്കുറവിന് കാരണങ്ങൾ - മെച്ചമല്ലാത്ത പരിചരണം, രോഗ-കീടാക്രമണം, ചെടികളുടെ പ്രായാധിക്യം, അത്യുല്പാദനശേഷിയുള്ള ഇനങ്ങളുടെ പ്രചാരണമില്ലായ്മ ഇവയൊക്കെ യാണ്. ഇതു കൂടാതെ, വേണ്ടത്ര പരിചരണമില്ലാതെ വളർത്തുന്ന മുന്തിയ ഇനങ്ങൾ, മണ്ണിന്റെ ഫലപുഷ്ടിയിലുണ്ടായ കുറവ്, രോഗ-കീടബാധകൊണ്ട് താങ്ങുകാലുകൾക്ക് സംഭവിക്കുന്ന നാശം ഇവയെല്ലാം വെല്ലുവിളി കളുയർത്തുന്നു. ചെറുകിടകർഷകർ അവിടവിടെയായി കൃഷിയിറക്കുന്നതും ദീർഘവീക്ഷണത്തോടെ കൃഷിയിറക്കാൻ കഴിയാത്തതും സ്ഥിതി കൂടുതൽ വഷളാക്കുന്നു.

22.40.2. വരുന്ന അഞ്ചുവർഷങ്ങൾക്കുള്ളിൽ ഒരു വർഷം കുറഞ്ഞത് 20,000 ഹെക്ടർ ഭൂമിയിലേയ്ക്ക് കുരുമുളക്കൃഷി വ്യാപിപ്പിക്കാനാവശ്യമായ പരിപാടികൾ സംസ്ഥാനസർക്കാർ ആരംഭിക്കണം.

22.40.3. കുരുമുളക് വളരെ ലോലമായ ചെടിയാണ്. അതുകൊണ്ട് ചെറുതായിരിക്കുമ്പോൾത്തന്നെ വളരെ ശ്രദ്ധകൊടുത്ത് വളർത്തണം. കാലാവസ്ഥയിലുണ്ടാകുന്ന വ്യതിയാനങ്ങൾ കുരുമുളകിനെ മോശമായി ബാധിക്കാം. ഇതിന് നിശ്ചിത ഇടവേളകളിലെ ചിന്നിച്ചിതറിയ മഴയും സൂര്യപ്രകാശവും, ചൂടും ഒരേ അളവിൽ ആവശ്യമാണ്. വേനൽക്കാല ജലസേചനം ഈ ചെടിക്ക് അത്യന്താപേക്ഷിതമാണ്. മഴക്കാലത്ത് നല്ല ജലനിർഗ്ഗമന സംവിധാനവും അത്യാവശ്യമാണ്. ഈ ചെടിയിൽനിന്നും ആദ്യത്തെ മൂന്നു വർഷത്തേക്കോ അതിലധികമോ കാലം നമുക്ക് ഒരുവിളവും ലഭിക്കുകയില്ല. ഈ ചെറുപ്രായത്തിൽ രോഗ-കീടബാധയ്ക്കും സാദ്ധ്യത വളരെക്കൂടുതലാണ്. അതിനാൽ കുരുമുളകുതോട്ടത്തെ പരമാവധി ശ്രദ്ധ കൊടുത്ത് സംരക്ഷിക്കുന്നതിനാവശ്യമായ ഘടകങ്ങൾ ഉൾപ്പെടുന്ന പദ്ധതികൾക്ക് രൂപംകൊടുക്കണം.

**22.41 നയം 137. ഉയർന്ന ഉല്പാദനവും ഉല്പാദനക്ഷമതയും ഉറപ്പു വരുത്താൻ ഗുണമേന്മയേറിയ നടീൽവസ്തുക്കൾ കർഷകർക്ക് ലഭ്യമാക്കണം.**

22.41.1. കുരുമുളകുതോട്ടത്തെ നവീകരിക്കാൻ സംസ്ഥാനത്തിന്റെ ശ്രമങ്ങൾക്കുള്ള മുഖ്യമായ തടസ്സം നടീൽവസ്തുക്കളുടെ ലഭ്യതക്കുറവാണ്. കൃഷിവകുപ്പിനും, ഇന്ത്യൻ സുഗന്ധവിള ഗവേഷണകേന്ദ്രത്തിനും (IISR), സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷനും (SHM) കുരുമുളക് തൈ ഉല്പാദിപ്പിക്കാനുള്ള അധികാരമുണ്ടെങ്കിലും കൃഷിക്കാരുടെ ആവശ്യങ്ങൾ നിറവേറ്റാൻ പാകത്തിന് നല്ല ഗുണമേന്മയുള്ള അത്യുല്പാദനശേഷിയുള്ള ഇനങ്ങളിൽ നിന്നുമുള്ള നടീൽവസ്തുക്കൾ ആവശ്യത്തിന് ലഭിക്കുന്നില്ല.

22.41.2. കേരളത്തിലെ മിക്കവാറും എല്ലാ കുരുമുളകുതോട്ടങ്ങളും വളരെ പഴയതും പ്രായമേറിയതും ലാഭകരമല്ലാത്തതുമാണ്. പെട്ടെന്ന് തിരിയിടുന്നതും രോഗവിമുക്തവുമായ നടീൽവസ്തുക്കളുടെ ലഭ്യതയും, സാമ്പത്തികസഹായം വേഗത്തിൽ ലഭിക്കുന്നതും, തോട്ടം പുനരുദ്ധരിക്കാൻ കർഷകരെ പ്രാപ്തരാക്കും. ഈ അവസരത്തിൽ കൃഷിവകുപ്പിന്റെ ഇതിലുള്ള പങ്ക് വ്യാപിപ്പിക്കുകയും കുരുമുളക് കൃഷിചെയ്യുന്ന കർഷകർക്ക് വൈവിധ്യമേറിയ സഹായങ്ങൾ എത്തിക്കുകയും വേണം.

22.41.3. ടിഷ്യുക്കൾച്ചർ വഴിയും, ഒപ്പംതന്നെ പരമ്പരാഗതരീതിയിൽ വേരുപിടിപ്പിച്ചും രോഗവിമുക്തമായ തൈകൾ പര്യാപ്തമായ അളവിൽ ഉല്പാദിപ്പിക്കാൻ സർക്കാർ പദ്ധതികൾ

ആവിഷ്കരിക്കണം. ഉയർന്ന വിളവുതരുന്ന തദ്ദേശീയ ഇനങ്ങളായ വയനാടൻ, കൊട്ടനാടൻ, കാണിയക്കാടൻ എന്നിവയ്ക്ക് പ്രചാരമേകണം. ഈ ഇനങ്ങളുടെ വിശ്വാസ്യത ഉറപ്പുവരുത്തുന്നതിന് DNA ബാർകോഡ് ടാഗ്ഗുകൾ ഉള്ള കുരുമുളകിന്റെ നടീൽ വസ്തുകൾ കർഷകർക്ക് ലഭ്യമാക്കണം.

22.41.4. ഇന്ത്യൻ സുഗന്ധവിള ഗവേഷണകേന്ദ്രവും (IISR- ICAR) കേരള കാർഷികസർവ്വകലാശാലയുടെ ഗവേഷണസ്ഥാപനങ്ങളും സംസ്ഥാന കൃഷിവകുപ്പും സംയുക്തമായി വികേന്ദ്രീകൃത നഴ്സറി സംവിധാനം ആസുത്രണംചെയ്ത് നടീൽവസ്തുക്കളുടെ ലഭ്യത ഉറപ്പാക്കണം.

**22.42 നയം 138. ശക്തമായ കയറ്റുമതി സംവിധാനം ഉണ്ടാകാത്തിടത്തോളം, മിച്ചമുള്ള ഉല്പന്നശേഖരം മൂലം കർഷകൻ വിലത്തകർച്ച നേരിടാതിരിക്കാൻ ഗൗരവകരമായ ശ്രദ്ധ വേണം.**

22.42.1. പണ്ട് ലോകകമ്പോളങ്ങളിൽ ഗുണമേന്മയുള്ള കുരുമുളകിന്റെ പേരിൽ ഇടുക്കിയും, വയനാടും പ്രസിദ്ധമായിരുന്നു. ആഭ്യന്തര വിപണിയിലും ആഗോളതലത്തിലുമുള്ള വിലയിടിവും, ഒപ്പം വർദ്ധിച്ചുവരുന്ന ഉല്പാദനച്ചെലവും കുരുമുളക്കൃഷി ലാഭകരമല്ലാതാക്കി തീർത്തിരിക്കുന്നു. 2010-2015 കാലയളവിലെ ഉല്പാദനവും വിപണിയാവശ്യവും കണക്കിലെടുത്തുള്ള കണക്കുകൂട്ടൽപ്രകാരം കുരുമുളകിന്റെ ഉല്പാദനം ആഭ്യന്തരവിപണിയാവശ്യങ്ങളെ കവച്ചുവയ്ക്കുമെന്നും ആയതിനാൽ വിപണിയിൽ കുരുമുളക് മിച്ചംവരാൻ എല്ലാ സാദ്ധ്യതകളുമുണ്ട് എന്നുമാണ്. പുതിയതും വൈവിദ്ധ്യംനിറഞ്ഞതുമായ വിദേശവിപണി കണ്ടെത്തി കയറ്റുമതി നടത്താനായില്ലെങ്കിൽ അത് കർഷകരെ വമ്പിച്ച നഷ്ടത്തിലേയ്ക്ക് തള്ളിവിടാൻ എല്ലാ സാദ്ധ്യതയും തെളിഞ്ഞു കാണുന്നു.

22.42.2. കയറ്റുമതി ലക്ഷ്യമാക്കുമ്പോൾ ഗുണനിലവാരനിബന്ധനകളും മറ്റ് അനുബന്ധഘടകങ്ങളും ശ്രദ്ധയോടെ കൈകാര്യംചെയ്യേണ്ടതുണ്ട്. മൂല്യ വർദ്ധനയും കയറ്റുമതിയും ലക്ഷ്യമാക്കിയുള്ള മികച്ചയിനങ്ങളുടെ കൃഷി, ഒളിയോറെസിൻ, സുഗന്ധഎണ്ണ എന്നിവപോലെ മൂല്യവർദ്ധിത ഉല്പന്നങ്ങളെ ലക്ഷ്യംവച്ചുള്ള സംസ്കരണ രീതികൾ ഇവയൊക്കെ അന്താരാഷ്ട്ര ഗുണനിലവാരനിബന്ധനകൾ പാലിക്കുന്നു എന്നുറപ്പുവരുത്തണം.

**22.43 നയം 139. കുരുമുളക് വിലയിൽ അടിക്കടിയുണ്ടാകുന്ന ഭീമമായ ഏറ്റക്കുറച്ചിലുകൾ നേരിടാൻ ഒരു വിലസ്ഥിരതാ ഫണ്ടിന് രൂപം കൊടുക്കണം.**

22.43.1. കേരളത്തിലെ ഒട്ടുമിക്ക കുരുമുളക് കർഷകരും ചെറുകിട-നാമമാത്ര വിഭാഗത്തിൽപ്പെടുന്നു. അവരെ സംബന്ധിച്ച് കൃഷിയിൽ തുടരാനുള്ള ഏറ്റവും വലിയ പ്രചോദനം ഉല്പന്നത്തിന് നല്ല വില ലഭിക്കുക എന്നതാണ്. വിലയിലെ സ്ഥിരതയില്ലായ്മ കർഷകരെ, പ്രത്യേകിച്ച്, തെക്കോട്ടുള്ള കർഷകരെ കൃഷിയിൽ മുതൽമുടക്കുന്നതിൽനിന്ന് പിന്തിരിപ്പിക്കുന്നു. കയറ്റുമതി വില മത്സരാധിഷ്ഠിതമാക്കി നിർത്തിക്കൊണ്ടു തന്നെ കർഷകർക്ക് ആദായകരമായ വില നേടിക്കൊടുക്കണമെങ്കിൽ ഉല്പാദനക്ഷമതയും വിളവും വർദ്ധിപ്പിച്ചേ മതിയാവൂ. .

22.43.2. മറ്റു നാണ്യവിളകൾക്ക് നിലവിലുള്ളതുപോലെ, ഒരു വിലസ്ഥിരതാ ഫണ്ട് കുരുമുളകിന്റെ കാര്യത്തിലും നടപ്പാക്കണം. ഇത് നടപ്പിൽ വരുന്ന തോടെ കർഷകർക്ക് ലഭ്യമാകുന്ന വിലയിൽ ഒരുറപ്പ് ഉണ്ടാവുകയും, അത് ഈ കൃഷിയിൽത്തന്നെ നിൽക്കാൻ കർഷകരെ പ്രേരിപ്പിക്കുകയും ചെയ്യും. വിലയിലുണ്ടാകുന്ന ഏതൊരു ചാഞ്ചാട്ടവും ആത്യന്തികമായി ബാധിക്കുന്നത് തങ്ങളെയാണെന്ന് കർഷർക്ക് നന്നായറിയാം.

## 22.44 ജാതിക്കൃഷിയുമായി ബന്ധപ്പെട്ട നയങ്ങൾ

22.44.1. ചരിത്രാതീതകാലം മുതൽ ഉപയോഗിച്ചു വരുന്ന സുഗന്ധവ്യഞ്ജനമായ ജാതിക്കായ, നിരവധി നിഗൂഢതകളൊളിപ്പിച്ച് വച്ച വിളകൂടിയായിരുന്നു. രുചിക്കും സുഗന്ധത്തിനും ഔഷധ ഗുണങ്ങൾക്കും പ്രസിദ്ധമായിരുന്ന ഈ ഫലത്തിന് രണ്ട് ഭാഗങ്ങളാണ് ഉള്ളത് - കറുത്ത നിറത്തിലുള്ള ജാതിക്കുരുവും, അതിനുചുറ്റും കടുംചുവപ്പ് നിറത്തിലുള്ള ജാതിപത്രിയും. ഈ രണ്ട് സുഗന്ധവ്യഞ്ജനങ്ങൾക്കും യൂറോപ്യൻ അടുക്കളയിൽ മധ്യകാലത്ത് വലിയ സ്ഥാനമാണ് ഉണ്ടായിരുന്നത്. പക്ഷേ ഉയർന്ന വില കൊടുത്ത് അറബി വ്യാപാരികളിൽ നിന്നും ഇവ വാങ്ങിയിരുന്ന യൂറോപ്പുകാർ ഇതിന്റെ യഥാർത്ഥ ഉറവിടം കണ്ടുപിടിച്ചിരുന്നില്ല.

22.44.2. ജാതിക്കായുടെ ഇപ്പോഴത്തെ വില കൃഷിക്കാർക്ക് നല്ല സമ്പാദ്യം ഉറപ്പു കൊടുക്കുന്നുണ്ട്. 2007-2008 കാലയളവിൽ തൊണ്ടോടുകൂടിയ ജാതിക്കായുടെ ശരാശരി വില മൂന്നിരട്ടി വർദ്ധിച്ച് 113.42 രൂപയിൽ നിന്നും 348.18 രൂപയായി. ജാതിക്കായയുടെ തോടിന് 2007-2008 കാലയളവിൽ ശരാശരി 398.86 രൂപ കിട്ടിയിരുന്നത് ഇപ്പോൾ 1190 രൂപയായി വർദ്ധിച്ചു. പക്ഷേ അന്താരാഷ്ട്ര വിപണിയിലെ ചെറിയ വളർച്ചാനിരക്കും ഉല്പാദനത്തിലെ അമിത വർദ്ധനയും വില 400 രൂപയിലേയ്ക്ക് താഴാനിടയുണ്ട്.

22.44.3. വിലയിൽ ആകൃഷ്ടരായി ഒട്ടനവധി കൃഷിക്കാർ ഈ കൃഷിയിലേക്ക് തിരിയുന്നുണ്ട്. 2005-2006 കാലയളവിൽ രാജ്യത്ത് ജാതിക്കൃഷിക്ക് കീഴിലുണ്ടായിരുന്ന ഭൂവിസ്തൃതി 11,270 ഹെക്ടർ ആയിരുന്നത് 2008-09 ആയപ്പോൾ വർദ്ധിച്ച് 16400 ഹെക്ടർ ആയി. വില വർദ്ധിക്കുന്നതനുസരിച്ച് ഈ സംഖ്യയിൽ മാറ്റം വരുന്നതുകൊണ്ട് കാര്യക്ഷമമായ നടീൽ പ്രവർത്തനങ്ങൾ കഴിഞ്ഞ മൂന്ന് വർഷങ്ങളായി നടക്കുന്നുണ്ട്.

22.44.4. ജാതിക്കായുടെ മൊത്തം ഉത്പാദനത്തിൽ 90% വരുന്നത് കേരളത്തിൽ നിന്നുമാണ്. കേരളത്തിലെ തൃശൂർ, എറണാകുളം, കോട്ടയം എന്നീ ജില്ലകളാണ് ജാതിക്കൃഷിക്ക് കൂടുതൽ ശ്രദ്ധനൽകുന്നത്. റബ്ബറിനെന്ന പോലെ, കേരളത്തിലെ കാലാവസ്ഥ ജാതിക്കൃഷിക്കും അനുകൂലമാണ്. ഇതിന് അധികം ചൂട് താങ്ങാൻ കഴിയാത്തതിനാൽ ഇടവിളയായാണ് കൃഷി ചെയ്യുന്നത്. ഇതിന്റെ ഈ പ്രത്യേകത കാരണം തെങ്ങ്, ഗ്രാമ്പു, കാപ്പി, അടയ്ക്കാ തുടങ്ങിയവയുടെ തോട്ടങ്ങളിലെ മാതൃകാഇടവിളയായി ജാതി കൃഷിചെയ്യുന്നു. ഇത് വീട്ടുവളപ്പിലും അതുപോലെ തോട്ടങ്ങളിൽ ഇടവിളയായും വളരുന്നതുകൊണ്ട് ജാതിക്കൃഷിയുടെ ഭൂവിസ്തൃതി കൃത്യമായി കണക്കാൻ ബുദ്ധിമുട്ടാണ്.

## 22.45 നയം 140. ലോകവ്യാപകമായി ജാതിക്കായയുടെയും ജാതിപത്രിയുടെയും വില കുറയുന്ന പ്രവണതയുള്ളതിനാൽ ജാതിക്കൃഷിയുടെ വിസ്തൃതി വർദ്ധിപ്പിക്കാനുള്ള പദ്ധതികൾ ശ്രദ്ധയോടെ മാത്രമേ നടപ്പാക്കാവൂ.

22.45.1. ലോകത്തിലെ പ്രധാന ജാതിക്കായ കയറ്റുമതിക്കാർ ഇന്തോനേഷ്യയും ഗ്രനേഡ (Grenada)യുമാണ്. ഇന്തോനേഷ്യ കഴിഞ്ഞാൽ അടുത്ത സ്ഥാനം ഗ്രനേഡയ്ക്കാണ്. ഗ്രനേഡയിൽ, *ഇവാൻ* എന്ന് പേരുള്ള കൊടുംകാറ്റ് 2004 ൽ ഏകദേശം 90% ജാതിമരങ്ങളും നശിപ്പിക്കുകയും വിദേശപണത്തിന്റെ വരവുനിലച്ച് ആ രാജ്യം കടുത്ത ദാരിദ്ര്യത്തിലേക്ക് വഴുതിവീഴുകയും ചെയ്തു. ഇടക്കാലത്ത് ജാതിക്കായുടെ വിലയിൽ വർദ്ധനവരാൻ കാരണമിതായിരുന്നു. ഒൻപതുവർഷത്തെ പ്രയത്നഫലമായി തരിശുഭൂമിയിൽ നിന്നും വീണ്ടും ജാതിവിളയിച്ച് ഗ്രനേഡ അന്താരാഷ്ട്രക്കമ്പോളങ്ങളിൽ നിലയുറപ്പിച്ചിരിക്കുന്നു.

22.45.2. ഇപ്പോഴത്തെ പ്രവണതയനുസരിച്ച് ജാതിക്കായുടെ എണ്ണയ്ക്കാണ് പ്രാധാന്യം. ഇത് ഉല്പാദിപ്പിക്കാനുള്ള സാങ്കേതികവിദ്യ യിൽ ഇന്ത്യ പ്രാഗല്ഭ്യം നേടിയെങ്കിലും, സംസ്കരിച്ചെടുത്ത ഉല്പന്നങ്ങൾ കയറ്റുമതി ചെയ്യാൻ ഒരു ശ്രമവും നടന്നതായി കാണു ന്നില്ല.

22.45.3. ഗവേഷണസ്ഥാപനങ്ങൾ വികസിപ്പിച്ചിട്ടുള്ള *വിശ്വശ്രീ* പോലുള്ള മെച്ച മേറിയ ഇനങ്ങൾ കാലതാമസമില്ലാതെ കർഷകരിലെത്തിക്കണം. ഇതിനായി സർക്കാർ, മൂലവിത്തിനങ്ങൾ (Nucleus seedlings) ശേഖരിക്കുകയും, വകുപ്പിന്റെ കീഴിലുള്ള ഫാമുകളിൽ നട്ട് മാതൃതോട്ടങ്ങൾ നില നിർത്തുകയും, കർഷകർക്കാവശ്യമായ ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ വിതരണംചെയ്യുകയും വേണം.

## 22.46 ഇഞ്ചി, മഞ്ഞൾ ഇവയുടെ കൃഷി സംബന്ധിക്കുന്ന നയങ്ങൾ

22.46.1. കയറ്റുമതിവിപണിയിൽ ഇപ്പോഴും വിലമതിക്കപ്പെടുന്ന കൊച്ചിയിലെ ഇഞ്ചിയും (Cochin Ginger) ആലപ്പുഴയിലെ മഞ്ഞളും (Alleppey Finger Turmeric) അവയുടെ സ്വന്തം മണ്ണിൽനിന്നും അപ്രത്യക്ഷമായി ക്കൊണ്ടി രിക്കുകയാണ്. കൃഷിഭൂമിയുടെ വിസ്തൃതി യിൽ വന്നകുറവ്, വിലയിടിവ്, മൃദുചീയൽ രോഗം (softrot disease), റബ്ബർ, കുരുമുളക് എന്നീ വിളകളുടെ വ്യാപനം - ഇവയെല്ലാം ഒന്നിച്ചുചേർന്ന് ഈ സവിശേഷ വിളകളുടെ തിരോധാനത്തിന് ആക്കംകൂട്ടുമ്പോൾ യഥാർത്ഥത്തിൽ നമുക്ക് നഷ്ടമാവുന്നത് ലോകശ്രദ്ധ പിടിച്ചുപറ്റിയ മാർദ്ദവമേറിയ ഇഞ്ചിയും കടുംമഞ്ഞനിറമുള്ള മഞ്ഞളുമാണ്.

## 22.47 നയം 141. കൃത്യമായ ജൈവവൈവിദ്ധ്യ സംരക്ഷണനടപടികൾ സ്വീകരിക്കാത്ത പക്ഷം കൊച്ചിഇഞ്ചിയും, ആലപ്പുഴമഞ്ഞളും ഭൂതകാല വിളകളായി മാറും.

22.47.1. ഉയർന്നുവരുന്ന സുഗന്ധദ്രവ്യവ്യാപാ രങ്ങളിൽ, ഇഞ്ചിയും മഞ്ഞളും വളരെക്കുറച്ചു സംഭാവനകളേ നൽകുന്നുള്ളൂവെങ്കിലും, അതിനു സദൃശ്യമായി മറ്റൊന്നും ഇനിയുണ്ടാ വില്ല. *കൊച്ചിഇഞ്ചി*യുടെയും *ആല പ്പുഴമഞ്ഞളി*ന്റെയും കൃഷിക്ക് വേണ്ടി അനു കൂലമായ നടപടികൾ കൃഷിവകുപ്പ് സ്വീകരി ക്കണമെന്ന് കർഷകർ വ്യാപകമായ ആവശ്യമുയർത്തുന്നുണ്ട്.

22.47.2. ചുക്കുണ്ടാക്കുന്നതിൽ *ജമൈക്കൻ* ഇഞ്ചിയുടെ തൊട്ടുതാഴെയുള്ള സ്ഥാനമാണ് *കൊച്ചിഇഞ്ചി*ക്കുള്ളത്. ഇന്ത്യയിൽ ലഭ്യമായ മിക്ക ഇഞ്ചിയിനങ്ങളും പച്ചക്കറിയായി ഉപയോഗിക്കാനാണ് അനുയോജ്യം. നാരുകൾ കുറവായതിനാൽ *കൊച്ചിഇഞ്ചി* കയറ്റുമതി ക്കാർക്ക് ഏക്കാലവും പ്രിയപ്പെട്ടതാണ്. വടക്കുകിഴക്കൻ സംസ്ഥാനങ്ങളായ സിക്കിം, മഹാരാഷ്ട്ര, ആന്ധ്രാപ്രദേശ് എന്നിവിടങ്ങളി ലാണ് ഇഞ്ചി കൂടുതലായും കൃഷിചെയ്യുന്നത് .

22.47.3. മഞ്ഞനിറം നൽകുന്ന *കുർക്കുമിൻ* (curcumin) അധികമായി *ആലപ്പുഴമഞ്ഞളിൽ* അടങ്ങിയിട്ടുണ്ട്. യുറോപ്പിലെയും മറ്റു ഭൂഖ ണ്ഡങ്ങളിലെയും സുഗന്ധവ്യഞ്ജന ഇറക്കു മതിക്കാർ ഈ കടുത്ത മഞ്ഞ നിറത്തിനാണ് പ്രാധാന്യം നൽകുന്നത്. സാധാരണനിലയിൽ, രാജ്യത്തെ മികച്ച മഞ്ഞൾ ഉല്പാദകർ ആന്ധ്രാപ്രദേശ്, മഹാരാഷ്ട്ര, പശ്ചിമബംഗാൾ, ഒറീസ, തമിഴ്നാട് തുടങ്ങി യ സംസ്ഥാനങ്ങളാണ്. അതിനാൽ കയറ്റുമതിയ്ക്ക് വമ്പിച്ച സാധ്യതകളാണ് നമ്മുടെ സംസ്ഥാനത്തിനുള്ളത്.

**22.48 നയം 142. പ്രാദേശിക അസന്തു ലിതാവസ്ഥകളുടെ പശ്ചാത്തല ത്തിൽ ഓരോ പ്രദേശത്തെയും കേന്ദ്രീകരിച്ചുള്ള ഉല്പാദന തന്ത്രങ്ങളിലൂടെ ഇഞ്ചിക്കൃഷി പ്രോത്സാഹിപ്പിക്കണം.**

22.48.1. വിവിധ ജില്ലകളിൽ ഇഞ്ചിക്കൃഷിയെ സ്വാധീനിക്കുന്ന ഘടകങ്ങൾക്ക് വ്യത്യാസമുണ്ട്. വിലയിലും, കൃഷിചെയ്യുന്ന വിസ്തൃതിയിലും വന്ന കുറവാണ് കൃഷിയെബാധിച്ച പ്രധാനഘടകങ്ങളെന്ന് പഠനങ്ങൾ വെളിപ്പെടുത്തുന്നു. ഇഞ്ചിക്കൃഷി കൂടുതലുള്ള എറണാകുളംജില്ലയിൽ കൈതച്ചക്കക്കൃഷിയിൽ വരുന്ന വർദ്ധനവ് ഇഞ്ചിയുടെ വിസ്തൃതിയെ ബാധിക്കുന്നു. ഇഞ്ചിയുമായി തട്ടിച്ചുനോക്കുമ്പോൾ കൈതച്ചക്കയിൽ നിന്നുള്ള സാമ്പത്തികലാഭം കൂടുതലാണ് എന്നതാണ് ഇതിന് കാരണം.

22.48.2. താരതമ്യേന ഇഞ്ചിക്കൃഷി കൂടുതലുള്ള വയനാട്ടിൽ മഞ്ഞളിന്റെ വിലക്കുറവും അതുമൂലം അതിന്റെ വിസ്തൃതിയിലുണ്ടായ കുറവും ഇഞ്ചിക്കൃഷിയിലേക്ക് കർഷകശ്രദ്ധ തിരിയാൻ ഇടയാക്കുകയും അങ്ങിനെ ഇഞ്ചിക്കൃഷിയുടെ വിസ്തൃതി വർദ്ധിക്കുകയും ചെയ്തു. ഇഞ്ചിയുടെ വിസ്തൃതിവ്യാപനത്തെ സ്വാധീനിക്കുന്ന പ്രധാനഘടകങ്ങൾ - ഇഞ്ചിയുടെ വിലയും, പകരംസാദ്ധ്യമായ വിളകൾ കൃഷിചെയ്താലുണ്ടാവുന്ന ലാഭവുമായുള്ള താരതമ്യപ്പെടുത്തലുമാണ്. അതിനാൽ പ്രാദേശിക അസന്തുലിതാവസ്ഥ കണക്കിലെടുത്തുകൊണ്ടുതന്നെ ഇഞ്ചിക്കൃഷി പ്രോത്സാഹിപ്പിക്കാൻ ഉതകുന്ന നടപടികൾ സ്വീകരിക്കണം.

**22.49 നയം 143. നല്ലയിനം വിത്തുകളും മറ്റ് ഉല്പാദനോപാധികളും ലഭ്യമാക്കാനുള്ള ഒരു സ്ഥാപനസംവിധാനം വികസിപ്പിച്ച് ഇഞ്ചിയുടെ ഉല്പാദനം വർദ്ധിപ്പിക്കാനുള്ള ക്രമീകരണങ്ങൾ നടത്തണം.**

22.49.1. ഇന്ത്യയിൽ ഇഞ്ചിയുടെ വളർച്ചാപ്രകടനം വിവിധ സംസ്ഥാനങ്ങൾ തമ്മിലും ഒരു സംസ്ഥാനത്തുതന്നെ വിവിധ ജില്ലകൾ തമ്മിലും വ്യത്യാസപ്പെട്ടിരിക്കുന്നു എന്ന് പഠനങ്ങൾ സൂചിപ്പിക്കുന്നു. ഉല്പാദനക്ഷമത യാണ് കേരളത്തിൽ ഇഞ്ചിയുല്പാദനം വർദ്ധിക്കാനുള്ള പ്രധാന കാരണം. ഇഞ്ചി ഉല്പാദിപ്പിക്കുന്ന മറ്റു പ്രധാന സംസ്ഥാനങ്ങളിലെല്ലാം ഇഞ്ചി ക്കൃഷിയുടെ വിസ്തൃതി വർദ്ധിച്ചുവെങ്കിലും, കേരളത്തിൽ അതിന് ക്ഷയം സംഭവിച്ചു. കേരളത്തിലെ ഇഞ്ചിക്കൃഷിയെ പ്രതികൂലമായി ബാധിക്കുന്നത് മൂന്ന് ഘടകങ്ങളാണ് - ആദ്യത്തേത്, ഏകവിളയായി ഇഞ്ചിക്കൃഷി വർദ്ധിപ്പിക്കാനുള്ള സാഹചര്യം വളരെ പരിമിതമാണ് എന്നതാണ്. വാർഷികവിളകളിൽ നിന്നും സ്ഥിരവിളകളിലേയ്ക്കുള്ള ചുവടുമാറ്റമാണ് ഇതിന് കാരണം. രണ്ടാമതായി, കൈതച്ചക്ക ഉൾപ്പെടെയുള്ള പകരംവിളകൾ വർദ്ധിക്കുന്നത് ഇഞ്ചിയുടെ വിസ്തൃതിയെ ബാധിക്കുന്നു എന്നതാണ്. ഇഞ്ചിക്കൃഷി കൂടുതലുള്ള എറണാകുളംജില്ലയിൽ കൈതച്ചക്കകൃഷി കൂടുതൽ വ്യാപിക്കുന്നതിന് ആനുപാതികമായി ഇഞ്ചിക്കൃഷി കുറയുന്നു എന്നത് രേഖപ്പെടുത്തിയിട്ടുള്ള കാര്യമാണ്. കേരളത്തിലെ ഇഞ്ചിക്കൃഷിയെ ബാധിക്കുന്ന മൂന്നാമത്തെ ഘടകം കുറഞ്ഞ ഉല്പാദനക്ഷമതയാണ്. മറ്റു പല സംസ്ഥാനങ്ങളുമായും തട്ടിച്ചുനോക്കുമ്പോൾ കേരളത്തിലെ ഇഞ്ചിയുടെ ഉല്പാദനക്ഷമത ശരാശരിയിലും വളരെക്കുറവാണ്.

22.49.2. അങ്ങനെ, കൃഷിഭൂമിയുടെ വ്യാപനംവഴി വളർച്ചനേടാനുള്ള സാദ്ധ്യത വളരെവേഗത്തിൽ കുറയുകയാണ്. ഉല്പാദനനിരക്കിന്റെ കാര്യത്തിൽ സംസ്ഥാനങ്ങൾ തമ്മിലുള്ള വലിയ അന്തരം സൂചിപ്പിക്കുന്നത് കേരളത്തിന് ഇനിയും ഉല്പാദനനിരക്ക് വർദ്ധിപ്പിക്കാനുള്ള സാദ്ധ്യതകൾ നിലനിൽക്കുന്നു എന്നാണ്. അത്യുല്പാദനശേഷി

യുള്ള നല്ലയിനം വിത്തുകളും മറ്റ് ഉല്പാദനോപാധികളും ലഭ്യമാക്കാനുള്ള ഒരു സ്ഥാപനസംവിധാനം വികസിപ്പിച്ച് ഇഞ്ചിയുടെ ഉല്പാദനം വർദ്ധിപ്പിക്കാനുള്ള ക്രമീകരണങ്ങൾ സർക്കാർ തലത്തിൽ നടപ്പാക്കണം.

22.49.3. സമയാസമയങ്ങളിൽ കൃഷിക്കാർക്ക് രോഗവിമുക്തമായ വിത്തുകൾ വിതരണം ചെയ്യുകവഴി വിളവ് വർദ്ധിപ്പിക്കാൻ കഴിയും. ഗ്രാമപ്പഞ്ചായത്ത് തലത്തിലുള്ള കൃഷിഭവനുകൾവഴി കൃഷിക്കാർക്ക് ആരോഗ്യമുള്ള വിത്തുകൾ നൽകാനുള്ള ചുമതല സർക്കാറിനാണ്. ഉല്പാദനക്ഷമത വർദ്ധി പ്പിക്കുന്നതിലൂടെ ഉല്പാദനംവർദ്ധിപ്പിക്കൽ മാത്രമല്ല, വിലയിലുള്ള മത്സരക്ഷമതയും ലാഭക്ഷമതയും അതുറപ്പാക്കുന്നു.

**22.50 നയം 144. ഏകവിളയായി ഇഞ്ചി വളർത്താനുള്ള സാഹചര്യങ്ങൾ കേരളത്തിൽ പരിമിതമായതുകൊണ്ടുതന്നെ, തെങ്ങ്-കമുക് തോട്ടങ്ങളിലും പ്രായം കുറഞ്ഞ റബ്ബർതോട്ടങ്ങളിലും ഇടവിളയായി ഇഞ്ചിക്കൃഷിചെയ്യുന്ന നിലവിലെരീതി പരമാവധി വ്യാപകമാക്കാൻ പ്രോത്സാഹനം നൽകണം.**

22.50.1. ഇഞ്ചിക്കൃഷിയിൽ, ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിലും ഭൂമിവിസ്തൃതി വ്യാപിപ്പിക്കുന്നതിലുമാണ് കൂടുതൽ ശ്രദ്ധ നൽകേണ്ടത്. തണൽ ഇഷ്ടപ്പെടുന്ന ചെടിയായതിനാൽ ഇഞ്ചി തെങ്ങിൻതോപ്പുകളിൽ ഇടവിളയെന്ന നിലയിൽ വിജയകരമായി കൃഷിയിറക്കാമെന്ന് കേരള കാർഷിക സർവ്വകലാശാല നടത്തിയ പഠനങ്ങളിൽ തെളിഞ്ഞിട്ടുണ്ട്.

**22.51 നയം 145. കർഷകരെ നഷ്ടസാദ്ധ്യതകളിൽ നിന്നും സംരക്ഷിക്കാനായി സർക്കാർ ഇഞ്ചിക്ക് ഒരു സഹായവില പ്രഖ്യാപിക്കണം.**

22.51.1. കാർഷിക വികസനനയം ഭാഗം 20.6 ൽ വിശദീകരിച്ചപോലെ വിലനിർണ്ണയ അതോറിറ്റിയുടെ സഹായത്താൽ വിപണി ഗവേഷണവും, ഒപ്പം വിളഗവേഷണവും ദ്വിമുഖതന്ത്രമെന്നരീതിയിൽ നടപ്പാക്കിയാൽ അത്യാവശ്യഘട്ടങ്ങളിൽ സ്ഥിരവില നിശ്ചയിക്കാനും വികസനനയങ്ങൾ രൂപവല്കരിക്കാനും വേണ്ട വിവരങ്ങൾ അധികാരികൾക്ക് ലഭ്യമാക്കാൻ സാധിക്കും.

22.51.2. ആവശ്യകതയും ലഭ്യതയും തമ്മിൽ ഗുണകരമായ സന്തുലനം അനിവാര്യമാണ്. ആരോഗ്യകരമായ വിപണനത്തിന് ആവശ്യകതയ്ക്ക നുസരിച്ചുള്ള ഉല്പന്നങ്ങളേ വിപണിയിലെത്താവൂ. ലഭ്യതയുടെ ഏറ്റക്കുറച്ചിലുകൾ വിപണിയെ പ്രതികൂലമായി ബാധിക്കുകയും ഇത് വിപണനത്തിന്റെ കാര്യക്ഷമതയെ കുറയ്ക്കുകയും ചെയ്യും. ഉല്പാദനം ആവശ്യകതയെ അധികരിക്കുന്ന സന്ദർഭങ്ങളിൽ സംസ്ഥാനതലത്തിലും കേന്ദ്രതലത്തിലും പ്രവർത്തിക്കുന്ന സഹകരണസ്ഥാപനങ്ങളെ വിപണിയിലിടപെടുത്താനുള്ള കർശന നിർദ്ദേശം നല്കണം.

**22.52 നയം 146. ചുക്കിന്റെ ഗുണമേന്മവർദ്ധിപ്പിക്കാൻ സംസ്കരണ സാങ്കേതികവിദ്യ നവീകരിക്കണം.**

22.52.1. ഇഞ്ചി ഒരു ഭക്ഷ്യവസ്തുവായതിനാൽ ഇറക്കുമതി ചെയ്യുന്ന രാജ്യങ്ങൾ അതിന്റെ ശുചിത്വത്തിന് (Phyto sanitary measures) നല്ല പ്രാധാന്യം നൽകുന്നുണ്ട്. പരമ്പരാഗതമായ രീതിയിൽ സംസ്കരണംനടത്തുമ്പോൾ അതിന്റെ വാസനയും, ഗുണമേന്മയും നഷ്ടപ്പെടുന്നു. ശാസ്ത്രീയമായി ഉണക്കുന്നതിനുള്ള സാങ്കേതികവിദ്യ സ്പൈസസ് ബോർഡ് വികസിപ്പിച്ചിട്ടുണ്ട്. ഇത് ഉപയോഗപ്പെടുത്തി സംസ്ഥാനസർക്കാർ തദ്ദേശഭരണ സ്ഥാപനങ്ങളുമായി ചേർന്ന് സംസ്കരണ

ത്തിനുള്ള സൗകര്യങ്ങൾ ഒരുക്കണം; പ്രത്യേകിച്ചും മുഖ്യ ഉല്പാദനജില്ലകളായ വയനാട്, എറണാകുളം, ഇടുക്കി എന്നിവിടങ്ങളിൽ. ഇത്തരം ശാസ്ത്രീയസംസ്കരണ സംവിധാനങ്ങൾ പ്രാവർത്തികമാവുന്നതോടെ വൃത്തിയും നല്ല ഗുണമേന്മയുള്ള, എന്നാൽ യഥാർത്ഥവാസന ഒട്ടുംനഷ്ടമാവാത്ത ചുക്ക് ഉല്പാദിപ്പിക്കാനാവും. ഇത് വാങ്ങുന്നവരുടെ ആത്മവിശ്വാസം വർദ്ധിക്കാനിടയാക്കുകയും അങ്ങനെ കൃഷിക്കാർക്ക് അവരുടെ ഉല്പന്നങ്ങൾക്ക് നല്ലവില കിട്ടുകയും കയറ്റുമതി വർദ്ധനയ്ക്ക് സഹായമാവുകയും ചെയ്യും.

22.52.2. മൂല്യവർദ്ധിത ഉല്പന്നങ്ങളായ ഇഞ്ചിയെണ്ണ, ഒലിയോറെസിൻ (oleoresin) എന്നിവയ്ക്ക് കയറ്റുമതിയിൽ നല്ല സാദ്ധ്യതകളാണുള്ളത്; പ്രത്യേകിച്ചും വികസിതരാജ്യങ്ങളിലേക്ക്. കാർഷികവികസന നയത്തിന്റെ ഭാഗം18.3 പ്രകാരം കർഷക ഉല്പാദക സംഘങ്ങൾക്ക് (FPO) രൂപംനല്കി ഈ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തണം.

22.52.3. കയറ്റുമതിയിൽ വികസനംവരുത്തുവാൻ ആവശ്യമായ തന്ത്രങ്ങൾ ആവിഷ്കരിക്കുന്നതിന് പര്യാപ്തമായ ആഗോളവിപണി വിവരശേഖരണ സംവിധാനം (International Marketing Information System) വികസിപ്പിക്കണം.

22.52.4. കയറ്റുമതിചെയ്യുന്ന ഉല്പന്നങ്ങളുടെ വൈവിദ്ധ്യവല്കരണം, കൂടുതൽ കമ്പോളങ്ങളിലേയ്ക്കുള്ള കടന്നുകയറ്റം എന്നിവയ്ക്ക് പ്രത്യേക ശ്രദ്ധ ചെലുത്തണം. കയറ്റുമതിവിപണിയിൽ ഇഞ്ചിസിറപ്പ്, ഇഞ്ചി കാൻഡി (candy) ഇവയെ പരിചയപ്പെടുത്താനുള്ള നടപടിയെടുക്കണം. ഇതിനായി യോജിച്ച ഇഞ്ചിയിനങ്ങൾ തിരിച്ചറിയുകയും, ഏറ്റവുംപുതിയ ശാസ്ത്രീയ സംസ്കരണ സാങ്കേതികവിദ്യകൾ കൃഷിക്കാർക്കും സംസ്കരണംനടത്തുന്നവർക്കും പകർന്നുകൊടുക്കുകയും വേണം.

### 22.53 മുഖ്യ നാണ്യവിളകളെ സംബന്ധിക്കുന്ന നയങ്ങൾ

22.53.1. കേരളത്തിലെ മുഖ്യ നാണ്യവിളകളാണ് റബ്ബറും കശുമാവും. റബ്ബർ ബോർഡ് പോലുള്ള സ്ഥാപനങ്ങൾവഴി റബ്ബർകർഷകർക്ക് നല്ലരീതിയിലുള്ള സഹായങ്ങൾ നല്കുന്നുണ്ടെങ്കിലും കശുമാവുകൃഷിക്ക് പൂർണ്ണ ശ്രദ്ധ കൊടുക്കുന്ന നയങ്ങൾക്ക് രൂപംകൊടുക്കേണ്ടത് അത്യാവശ്യമാണ്.

### 22.54 കശുമാവുമായി ബന്ധപ്പെട്ട നയങ്ങൾ

22.54.1. കാർഷിക - ഉദ്യാന വിളയുല്പന്നങ്ങളിൽ ഇന്ത്യയിൽ നിന്നുമുള്ള കയറ്റുമതിയിൽ കശുവണ്ടിക്കാണ് മുഖ്യസ്ഥാനം. കശുമാവുകൃഷി ഇന്ത്യൻ ഉപദ്വീപിൽ മാത്രമായി പരിമിതപ്പെടുത്തിയിരിക്കുകയാണ്. ഭൂവിസ്തൃതിയിൽ കശുമാവുകൃഷിയിൽ ഒന്നാംസ്ഥാനം കേരളത്തിനായിരുന്നു. റബ്ബർകൃഷിക്കായുള്ള ഭൂവികസനവും, വടക്കൻജില്ലകളിൽ കശുമാവ് കൃഷിചെയ്തിരുന്ന ഭൂമി റബ്ബർതോട്ടങ്ങളാക്കി രൂപാന്തരപ്പെടുത്തിയതും കർണ്ണാടക, മഹാരാഷ്ട്ര, തമിഴ്നാട്, ആന്ധ്രാപ്രദേശ്, ഒറീസ്സ, പാശ്ചിമബംഗാൾ തുടങ്ങിയ സംസ്ഥാനങ്ങളുടെ പിന്നിലേക്ക് കേരളം മാറാൻ കാരണമായി.

22.54.2. ഏകദേശം 95% സ്ത്രീപ്രാതിനിധ്യമുള്ള, 3 ലക്ഷത്തോളം തൊഴിലാളികൾ പണിയെടുക്കുന്ന, 800 ഓളം രജിസ്റ്റർചെയ്യപ്പെട്ട കശുവണ്ടി സംസ്കരണയൂണിറ്റുകൾ കേരളത്തിലുണ്ട്. തോട്ടണ്ടിയുടെ ലഭ്യതയുമായി ബന്ധപ്പെട്ട് ഒട്ടനവധി പ്രശ്നങ്ങൾ കശുവണ്ടിവ്യവസായം നേരിടുന്നുണ്ട്. തോട്ടണ്ടിയുടെ പ്രാദേശിക ഉല്പാദനത്തിൽവന്ന കുറവാണ് ഈ അവസ്ഥയിലെത്തിച്ചത്.

22.54.3. കശുവണ്ടിപ്പരിപ്പ് കയറ്റുമതിയിലൂടെ വമ്പിച്ച വിദേശനാണ്യം ലഭിച്ചതിന്റെ അഭിമാനാർഹമായ റെക്കോർഡ് ഇന്ത്യയ്ക്കുണ്ട്.

ഇന്ത്യയിൽനിന്നും കയറ്റുമതിചെയ്യുന്ന കാർഷികോല്പന്നങ്ങളിൽ കശുവണ്ടിക്ക് 2-ാം സ്ഥാനമാണുള്ളത്. ഏകദേശം 2,90,582 ലക്ഷം രൂപ മൂല്യമുള്ള 1,08,120 ടൺ കശുവണ്ടിപ്പരിപ്പ് 2009-2010 ൽ ഇന്ത്യക്ക് കയറ്റുമതിചെയ്യാൻ സാധിച്ചിട്ടുണ്ട്. ഇന്ത്യൻ കശുവണ്ടിയുടെ അന്താരാഷ്ട്ര ഉപഭോക്താക്കൾ യു.എസ്.എ., നെതർലാൻഡ്, യു.കെ., ജപ്പാൻ, യു.എ.ഇ., ഫ്രാൻസ്, കാനഡ, സൗദി അറേബ്യ, സിംഗപ്പൂർ, ഇറ്റലി, ജർമ്മൻ ഫെഡറൽ റിപ്പബ്ലിക്, ഓസ്ട്രിയ, ഇസ്രായേൽ, സ്പെയിൻ എന്നീ രാജ്യങ്ങളാണ്.

**22.55 നയം 147. കർഷക ഉല്പാദകക്കമ്പനികൾ (FPO) രൂപവല്കരിച്ച് കശുവണ്ടിയുടെ സംഭരണം, ഉല്പാദനോപാധികളുടെ വിതരണം, വായ്പാടിസ്ഥാനസൗകര്യ വികസനം, മെച്ചപ്പെട്ട വിപണനം എന്നിവ നടപ്പിലാക്കാനും കശുമാങ്ങയുടെ ചെറുകിട സംസ്കരണം നടത്തി കർഷകരുടെ നില മെച്ചപ്പെടുത്താനും പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്.**

22.55.1. കശുവണ്ടി സംസ്കരണം നടത്തുന്നവരെ ഉല്പാദക കമ്പനികളായി സംഘടിപ്പിച്ച് വിപണനബന്ധങ്ങൾ ശക്തിപ്പെടുത്താനും സംസ്കരിച്ച കശുവണ്ടിയുടെ ഗുണമേന്മ മെച്ചപ്പെടുത്താനും നടപടി സ്വീകരിക്കണം. സംഘാടിസ്ഥാനത്തിലുള്ള ചെറുകിടയൂണിറ്റുകൾക്ക് പ്രോത്സാഹനം നൽകി (CNSL), പറങ്കിമാങ്ങയിൽനിന്നും ജാം, അച്ചാറുകൾ എന്നിവ ഉല്പാദിക്കുന്ന യൂണിറ്റുകൾ പ്രോത്സാഹിപ്പിക്കാവുന്നതാണ്.

**22.56 നയം 148. സംഭരണവില നിയന്ത്രിക്കുന്നതിൽ സ്വകാര്യ കശുവണ്ടി സംസ്കരണയൂണിറ്റുകളുടെ ആധിപത്യം, കശുവണ്ടി വികസന കോർപ്പറേഷന്റെ കമ്പോളത്തിലെ ഇടപെടലോടെ കർശനമായി നിയന്ത്രിക്കണം.**

22.56.1. പറങ്കിയണ്ടിക്ക് ലണ്ടൻകമ്പോളത്തിൽ കിലോയ്ക്ക് 260 രൂപ വിലയുള്ള സമയത്തുപോലും കുത്തകമുതലാളിമാർ വളരെ കുറഞ്ഞവില നൽകി കേരളത്തിൽനിന്നും കശുവണ്ടി സംഭരിച്ചശേഷം തൊഴിൽവേതനം കുറവായ അയൽസംസ്ഥാനങ്ങളിലെ അവരുടെ സംസ്കരണയൂണിറ്റുകളിൽ സംസ്കരിച്ച് ഉയർന്നവിലയ്ക്ക് കയറ്റുമതിചെയ്യുന്നു. കശുവണ്ടി വികസന കോർപ്പറേഷൻ വിപണിയിലിടപെട്ടാൽ കമ്പോളത്തിൽ മത്സരബുദ്ധി വളർത്താൻ കഴിയുമെന്ന് അനുമാനിക്കാം.

22.56.2. കമ്പോളത്തിൽ ഇടനിലക്കാരുടെ ഇടപെടൽ കുറയ്ക്കാനും അന്യംനിന്നുപോകാതെ കശുമാവുകൃഷിമേഖലയിലെ കർഷകരെ പ്രോത്സാഹിപ്പിക്കാനും സംഭരണവില മെച്ചപ്പെടുത്താനും സർക്കാർ ശ്രദ്ധിക്കണം.

**22.57 നയം 149. കശുവണ്ടി വ്യവസായമേഖല വികസിപ്പിച്ചെടുത്ത ആധുനിക വിപണന-സംസ്കരണ സാങ്കേതികവിദ്യയുടെയും, വിപണന ശൃംഖലയുടെയും ഗുണഫലങ്ങൾ പൂർണ്ണമായും പ്രയോജനപ്പെടുത്താൻ തോട്ടണ്ടിയുടെ ആഭ്യന്തരഉല്പാദനം വർദ്ധിപ്പിക്കേണ്ടത് അത്യന്താപേക്ഷിതമാണ്.**

22.57.1. വർഷങ്ങളായി കേരളത്തിൽ സംസ്കരണത്തിനുപയോഗിക്കുന്ന കശുവണ്ടിയുടെ 40-45% ഇറക്കുമതിയിലൂടെയാണ് കണ്ടെത്തിയിരുന്നത്. മെച്ചപ്പെട്ട സംസ്കരണ- വിപണനശേഷിയുള്ള കശുവണ്ടിമേഖലയുടെ സമഗ്ര വികസനം ഉറപ്പുവരുത്താൻ, നിലവിൽ ഇറക്കുമതിചെയ്യുന്ന തോട്ടണ്ടിയ്ക്ക് പകരം ആവശ്യമായത്ര നാടൻതോട്ടണ്ടി ആഭ്യന്തരമായി ഉല്പാദിപ്പിക്കണം. ശാസ്ത്രീയമായ കൃഷിരീതികളിലൂടെ നാടൻതോട്ടണ്ടിയുടെ

ലഭ്യത കൂട്ടുന്നത്; ഇറക്കുമതി കുറയ്ക്കാനും, വിദേശനാണ്യം ലാഭിക്കാനും, അസംസ്കൃതതോട്ടണ്ടിയുടെ വിലയ്ക്ക് സ്ഥിരത യുണ്ടാക്കാനും കാരണമാകും.

25.57.2. ഈ അടുത്തകാലത്ത്, കശുവണ്ടി കയറ്റുമതി പ്രോത്സാഹന കൗൺസിൽ (CEPC) കൊച്ചിയിൽ നടത്തിയ *കാജു ഇൻഡ്യ-2006, കാഷ്യു മിഷൻ-2020* തുടങ്ങിയ പരിപാടികൾ അസംസ്കൃത തോട്ടണ്ടി ഉല്പാദനത്തിൽ സ്വയംപര്യാപ്തതനേടുക എന്ന ലക്ഷ്യം മുന്നിൽവച്ചായിരുന്നു. കശുവണ്ടി വ്യവസായി കൾക്കിടയിൽ അവബോധം സൃഷ്ടിച്ച്, കശുമാവു കൃഷി വ്യാപിപ്പിക്കാൻ ഇത്തരം കൂടു തൽ പരിപാടികൾ ആസൂത്രണം ചെയ്ത് നട പ്പിലാക്കണം.

**22.58 നയം 150. മൂല്യവർദ്ധനയിലും ഉല്പന്നവൈവിദ്ധ്യവല്കരണ ത്തിലും സർക്കാരിന്റെ അടിയന്തരശ്രദ്ധ പതിഞ്ഞാൽ, വിപണനാധിഷ്ഠിത മത്സരരംഗത്ത് മേൽക്കോയ്മ നേടാനും കൂടുതൽ വിദേശ നാണ്യം നേടാനും കഴിയും.**

22.58.1. ഇന്ന് കശുവണ്ടിപ്പരിപ്പ് മാത്രമേ മുഖ്യ മായി ഇന്ത്യയിൽനിന്നും കയറ്റുമതി ചെയ്യുന്നു ള്ളൂ. വറുത്തതും ഉപ്പുചേർത്തതുമായ മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഇന്ത്യ യിൽനിന്നും വളരെ തുച്ഛമായേ കയറ്റുമതി ചെയ്യുന്നുള്ളു. ഇതിന് മുഖ്യമായ കാരണം അമേരിക്കയുൾപ്പെടെയുള്ള മുഖ്യകമ്പോ ളങ്ങളിലെ ഇറക്കുമതിക്കാരും പാക്കിങ് മേഖലയിലെ വ്യാപാരികളും *പാക്ക് ചെയ്ത ഉല്പന്നങ്ങൾ* ഇന്ത്യൻവിതരണക്കാർ വിത രണംചെയ്യുന്നതിൽ താല്പര്യമില്ലാത്തവരാണ് എന്നതാണ്. അവരുടെ പാക്കിങ് വ്യവസാ യത്തെ ഇത് മോശമായരീതിയിൽ ബാധിക്കു മെന്ന് അവർ ഭയക്കുന്നു. എന്നാൽ പശ്ചിമേ ഷ്യൻ രാജ്യങ്ങളിലെപ്പോലെ പരമ്പരാഗതമ ല്ലാത്ത കമ്പോളങ്ങളിൽ മൂല്യവർദ്ധിത കശു വണ്ടിപ്പരിപ്പിന്റെ കയറ്റുമതിയ്ക്ക് ധാരാളം അവ സരങ്ങളുണ്ട്. വരുംവർഷങ്ങളിൽ ഉയർന്ന വിറ്റു വരവിനും, മത്സരബുദ്ധിയുണ്ടാവുന്നതിനും, മൂല്യവർദ്ധനയ്ക്കും, ഉല്പന്ന വൈവിദ്ധ്യ വല്കരണത്തിനും സർക്കാർ ആവശ്യമായ ശ്രദ്ധനൽകണം. മധുരമുള്ളതും മണമുള്ളതു മായ കശുവണ്ടി മിഠായി (Cashew spread) മുത ലായവ കശുവണ്ടിപ്പരിപ്പിന്റെ പൊട്ടിയ കഷണങ്ങളിൽനിന്ന് ഉണ്ടാക്കാവുന്നതാണ്.

22.58.2. ജാം, ജെല്ലി, ചമ്മന്തി, ജ്യൂസ്, സിറപ്പ് തുടങ്ങിയ കശുമാങ്ങ ഉല്പന്നങ്ങൾക്ക് പ്രോത്സാഹനമേകുകയും വാണിജ്യാടിസ്ഥാ നത്തിൽ വിപണനം ചെയ്യുകയും വേണം. ഇത് കശുമാവ്കൃഷിക്കാരുടെ വരുമാനം വർദ്ധിപ്പി ക്കാനും ഗ്രാമീണതൊഴിൽസാദ്ധ്യത വർദ്ധിപ്പി ക്കാനും സഹായിക്കുന്നു. ഇന്ത്യയിൽ ഗോവ ഒഴിച്ച് ബാക്കിയെല്ലാ സംസ്ഥാനങ്ങളിലും കശു മാങ്ങ പാഴാക്കുകയാണ്. കശുമാങ്ങ യിൽനിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉണ്ടാക്കിയെടുക്കുന്നതിനുള്ള സംരംഭങ്ങൾക്ക് സ്വാശ്രയസംഘങ്ങളിലൂടെ (SHGs) പ്രചാരം നൽകേണ്ടതാണ്.

22.58.3. ശാസ്ത്രീയ സംസ്കരണ സാങ്കേ തികവിദ്യയുപയോഗിച്ച് കശുവണ്ടി ത്തോടിൽനിന്നും നിർമ്മിക്കുന്ന എണ്ണ കശുണ്ടി സംസ്കരണ ത്തിനായി ഉപയോഗി ക്കാം.

**22.59 നയം 151. മെച്ചപ്പെട്ടയിനം കശുമാവിൻ തൈകൾ ഘട്ടംഘട്ടമായി വച്ചുപിടിച്ച് (Phased Replanting) സംസ്ഥാനത്തെ കശുമാവിന്റെ ഉല്പാദനവും ഉല്പാദന ക്ഷമതയും വർദ്ധിപ്പിക്കാം.**

22.59.1. തുറന്ന കമ്പോളത്തിലെ കശുവണ്ടി യുടെ വിലയിടിവ് കർഷകരുടെ സ്ഥിതി വല്ലാതെ വഷളാക്കി. ഈ വിലയിടിവ് കശു

വണ്ടിത്തോട്ടങ്ങൾ റബ്ബർ തോട്ടങ്ങളായി മാറ്റാൻ സാദ്ധ്യതയുണ്ടെന്ന ഭയം നിലനിർത്തുന്നു. സീസണുകളിൽ വിളയുണ്ടാവാൻ കാലതാമസമെടുക്കുന്ന, പ്രായംചെന്ന, സാധാരണയിനങ്ങളാണ് നിലവിൽ കശുവണ്ടിത്തോട്ടങ്ങളിലെ 70% മരങ്ങളും എന്നതാണ് കശുമാവുകൃഷിയിൽ പ്രവചനാതീതമായ അവസ്ഥയ്ക്ക് കാരണം.

22.59.2. പ്രായാധിക്യമുള്ള മരങ്ങളാണ് കശുമാവുകൃഷിയുടെ ഉല്പാദനക്ഷമതയെയും കമ്പോളത്തിലെ മത്സരത്തെയും ബാധിക്കുന്നത്. മെച്ചപ്പെട്ട നടീൽവസ്തുക്കൾ ഘട്ടം ഘട്ടമായി വച്ചുപിടിപ്പിച്ച് ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കാം. പ്രാരംഭവർഷങ്ങളിൽ ധാരാളം പ്രതീക്ഷയർപ്പിച്ച വിളയിൽ വന്ന നഷ്ടവും പ്രതികൂലമായ വിറ്റുവരവും കർഷകരെ ഈ കൃഷി ചെയ്യുന്നതിൽനിന്നും പിൻതിരിപ്പിച്ചു. കശുമാവ്കൃഷിക്കിടയിൽ ഇടവിളകൾ നടുന്നത് കൃഷിക്കാർക്ക് മെച്ചപ്പെട്ട വിറ്റുവരവ് ലഭിക്കാനിടയാക്കും. തുടക്കത്തിൽ 4-5 വർഷംവരെ നിലക്കടല, കുറ്റിപ്പയർ, കപ്പ, മഞ്ഞൾ, ഉഴുന്ന്, തുടങ്ങിയ വിളകൾ നല്ല ഫലപ്രാപ്തി നൽകും. ശക്തമായ വിജ്ഞാന വ്യാപനവും ആവശ്യമായ ധനസഹായവും പഴയതോട്ടങ്ങൾ പുനരുദ്ധരിക്കാനും ഊർജ്ജിതമായ കൃഷി നടപ്പിലാക്കാനും സഹായിക്കും.

22.59.3. കായികപ്രവർദ്ധനത്തിലൂടെ തയ്യാറാക്കുന്ന നടീൽവസ്തുക്കൾ പറങ്കിമാവിന്റെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കാൻ സഹായിക്കുന്നു. ഇപ്പോഴത്തെ ഉല്പാദനക്ഷമത ഹെക്ടറിന് 860 കിലോഗ്രാം ആണെങ്കിലും പുതിയ ഇനങ്ങളുടേത് ഹെക്ടറിന് 2000 കിലോഗ്രാം ആണ്. പഴയ മരങ്ങൾ മാറ്റി മെച്ചപ്പെട്ട പുതിയയിനങ്ങൾ നടാനുള്ള പ്രയത്നം ഏറ്റെടു ക്കണം. പല സാന്ദ്രതയിലും, പല അകലത്തിലും നട്ട് പരീക്ഷണം നടത്തിയതിൽ നിന്നും, സാന്ദ്രതകൂടിയ രീതി (ഹെക്ടറിന് 384 മരങ്ങൾ - 6.5 X 4 മീറ്റർ) സാധാരണ സാന്ദ്രതയിലുള്ള രീതി (ഹെക്ടറിന് 156 മരങ്ങൾ) യേക്കാൾ ആദ്യത്തെ 10 വർഷങ്ങളിൽ കൂടിയ അറ്റാദായം നൽകുന്നതായി കണ്ടെത്തി. മെച്ചപ്പെട്ട നടീൽവസ്തുക്കളുടെ ഉപയോഗം,ആവശ്യമായ രോഗ-കീട നിയന്ത്രണം, കമ്പുകോതൽ തുടങ്ങിയ പരിപാലന പ്രവർത്തനങ്ങൾ ഇവയെല്ലാം ഉല്പാദനക്ഷമത വർദ്ധിപ്പിക്കും.

**22.60 നയം 152. എല്ലാ കശുമാവുവികസന ഏജൻസികളും കൃഷി വകുപ്പിന്റെ കീഴിൽ ഫലപ്രദമായ രീതിയിൽ ഏകീകരിക്കണം.**

22.60.1. കശുമാവുകൃഷി ഉയർത്തിക്കൊണ്ടുവരാൻ ധാരാളം കേന്ദ്രങ്ങൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. എങ്കിലും വിളയുടെ കീഴിലുള്ള ഭൂവിസ്തൃതി കുറഞ്ഞു വരുകയാണെന്നുള്ള കാര്യം നമുക്ക് അറിയാവുന്നതാണ്. കാർഷികവികസനത്തിനായി മുഖ്യമായി പ്രവർത്തിക്കുന്ന കൃഷിവകുപ്പ് തന്നെ കശുമാവിനെ സംബന്ധിച്ച എല്ലാപ്രവർത്തനങ്ങളും ചിട്ടയായി ഏകീകരിക്കുന്നതിനായി പ്രയത്നിക്കണം. അതല്ലെങ്കിൽ കശുമാവുകൃഷിയുടെ എല്ലാ സ്രോതസ്സും നഷ്ടമാവുകയും പിന്നീട് കശുമാവുകൃഷി അന്യംനിന്ന് പോവുകയും ചെയ്യും.

**22.61 കൈതച്ചക്കക്കൃഷിയെ സംബന്ധിച്ച നയങ്ങൾ**

22.61.1. തോട്ടവിളകൾ കഴിഞ്ഞാൽ നല്ല ആദായംനൽകുന്ന വിളയാണ് കൈതച്ചക്ക. ഭൗമസൂചികാ (Geographical Indication) പദവി ലഭിച്ചതോടെ വാഴക്കുളം കൈതച്ചക്കയ്ക്ക് പ്രത്യേക പ്രാധാന്യമാണ് കൈവന്നിരിക്കുന്നത്.

22.61.2. എല്ലാവർഷവും കേരളത്തിൽ മൊത്തം 3.25 ലക്ഷം ടൺ കൈതച്ചക്ക ഉല്പാദിപ്പിക്കുന്നതിൽ 50% വാഴക്കുളം ഇനമാണ്. മുപ്പത് വർഷങ്ങൾക്ക് മുമ്പ് വാഴക്കുളത്താണ് പ്രത്യേകവാസനയും, നല്ലമധുരവും, അമ്ലതകുറവുമായ ഈയിനം ആദ്യമായി വളർന്നത്. ഇത് ഇന്ന് ഇടുക്കി, കോട്ടയം, പത്തനംതിട്ട ജില്ലകളിൽ ഒരു വലിയ ഭൂവിസ്തൃതിയിൽ കൃഷിചെയ്യുന്നുണ്ട്.

**22.62 നയം 153. കൈതച്ചക്കയുടെ ഉല്പാദനച്ചെലവ് കുറയ്ക്കുന്നതിനുള്ള സാങ്കേതികവിദ്യയുടെ ഏകീകരണം, സാങ്കേതികവിദ്യ ഏറ്റെടുക്കൽ (കർഷകർ), വർഷംമുഴുവനും കൈതച്ചക്ക ഉല്പാദിപ്പിക്കുന്നതിനുള്ള സംവിധാനം എന്നിവയിലൂടെ കേരളത്തിലെ കൈതച്ചക്കക്കൃഷി പ്രോത്സാഹിപ്പിക്കപ്പെടണം.**

22.62.1. പ്രത്യേക സീസണിൽ മാത്രം വിളയെടുക്കാനാവുന്നത് കൈതച്ചക്ക കർഷകരുടെ ലാഭത്തെ ബാധിക്കുന്നു. വർഷംമുഴുവൻ വിളവെടുപ്പ് സാദ്ധ്യമാക്കുന്ന സാങ്കേതികവിദ്യ സംസ്കരണ വ്യവസായത്തെ കാര്യക്ഷമമാക്കുകയും അങ്ങനെ കർഷകരുടെ ഉല്പന്നങ്ങൾക്ക് നല്ല വില ലഭ്യമാക്കുകയും ചെയ്യും. ചെറുകിട-നാമമാത്ര കർഷകരായ ഉല്പാദകർക്ക് കൈതച്ചക്കവളർത്തലിൽ പ്രവർത്തനപരിചയം പൊതുവെ കുറവാണ്. ഉല്പാദനച്ചെലവ് പോലുള്ള അടിസ്ഥാനകാര്യങ്ങളെപ്പറ്റിയുള്ള അറിവില്ലായ്മ കാരണം വ്യവസായിക-ശാസ്ത്രീയ ഉല്പാദനരീതികൾ അവലംബിക്കുന്നില്ല. ഉല്പാദനശൃംഖലയിലെ കണ്ണികളെ ബന്ധിപ്പിക്കാനോ ഏകോപിപ്പിക്കാനോ സംഘടിത ശ്രമങ്ങൾ നടക്കുന്നില്ല.

**22.63 നയം 154. കൈതച്ചക്ക ഉല്പാദനവും കർഷകന്റെ വരുമാനവും വർദ്ധിപ്പിക്കുന്നതിനായി തെങ്ങിൻതോട്ടങ്ങളിലും റബ്ബർ തോട്ടങ്ങളിലും കൈതച്ചക്ക ഇടവിളയായി കൃഷിചെയ്യുന്നത് പ്രോത്സാഹിക്കുന്നതിനുള്ള നടപടികൾ വേണം.**

22.63.1. കൈതച്ചക്ക, തെങ്ങിൻതോട്ടങ്ങളിലും റബ്ബർതോട്ടങ്ങളിലും ഇടവിളയായി കൃഷിചെയ്യാം. ഇതുകാരണം, കേരളത്തിൽ കൈതച്ചക്കക്കൃഷിയുടെ വിസ്തൃതി വർദ്ധിപ്പിക്കാനുള്ള സാദ്ധ്യത വളരെക്കൂടുതലാണ്. തെങ്ങ് 9 ലക്ഷം ഹെക്ടർ ഭൂവിസ്തൃതിയിൽ കൃഷിചെയ്യുന്നുണ്ട്. ഈ തോട്ടങ്ങളിൽ കൈതച്ചക്ക ഇടവിളയായി കൃഷിചെയ്യുകയാണെങ്കിൽ അത് അധികവരുമാനം നൽകും. പ്രത്യേകിച്ച്, കാറ്റുവീഴ്ച രോഗം ബാധിച്ച തോട്ടങ്ങളിൽ ഇടവിളയായി കൈതച്ചക്ക കൃഷിചെയ്യുന്നത് കേരകർഷകർക്ക് ആശ്വാസമാണ്. അതിനാൽ കാറ്റുവീഴ്ചബാധിത തെങ്ങുകൾക്കിടയിൽ കൈതച്ചക്ക ഇടവിളയായി കൃഷിചെയ്യുന്നതിന് പ്രത്യേക ഊന്നൽ നൽകണം.

22.63.2. ഇപ്പോൾ നിലവിലുള്ള റബ്ബറിന്റെ ഭൂവിസ്തൃതിയിൽ, 15000 ഹെക്ടറിൽ എല്ലാ വർഷവും റീപ്ലാന്റിങ്ങ് നടക്കുന്നുണ്ട്. റബ്ബറിന്റെ പുന:നടീൽ നടത്തുന്ന സമയത്ത് ആദ്യത്തെ മൂന്നുവർഷം കൈതച്ചക്കയെ ഉപവിളയായി വളർത്താം. റബ്ബറിൽനിന്നും വരുമാനം കിട്ടിത്തുടങ്ങാത്ത ആദ്യകാലങ്ങളിൽ കൈതച്ചക്കക്കൃഷിയിൽക്കൂടി കർഷകർക്ക് വരുമാനംലഭിക്കും. ഇതൊക്കെയാണെങ്കിലും കേരളത്തിലെ ഉല്പാദനസാദ്ധ്യതയുള്ള ഭൂവിസ്തൃതിയിൽ 2% ത്തിൽ താഴെമാത്രമേ കൈതച്ചക്ക കൃഷിചെയ്യുന്നുള്ളൂ. കർഷകർ, കർഷകത്തൊഴിലാളികൾ, കയറ്റിറക്കുതൊഴിലാളികൾ, ചരക്ക് കടത്തുന്നവർ, വ്യാപാരികൾ, കച്ചവടക്കാർ തുടങ്ങിയവർക്കായി 45 ലക്ഷം തൊഴിൽദിനങ്ങളാണ് നിലവിൽ കേരളത്തിലെ

കൈതച്ചക്കക്കൃഷി പ്രദാനം ചെയ്യുന്നത്. കൃഷിയിറക്കുന്ന വിസ്തൃതി ഇരട്ടിയാക്കുന്നതിലൂടെ അധികമായി പ്രതിവർഷം 45 ലക്ഷം തൊഴിൽദിനങ്ങൾകൂടി സൃഷ്ടിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു.

**22.64 നയം 155. കർഷകർക്ക് മെച്ചപ്പെട്ട വിറ്റുവരവ് ഉറപ്പാക്കാനും കയറ്റുമതിസാദ്ധ്യത വർദ്ധിപ്പിക്കുന്നതിനുമായി കൈതച്ചക്ക വിപണനത്തിൽ സത്വരശ്രദ്ധ ആവശ്യമാണ്.**

22.64.1. കേരളത്തിലെ കൈതച്ചക്കക്കൃഷി ആശ്രയിച്ചിരിക്കുന്നത് പഴവർഗ്ഗങ്ങൾ പുതുമയോടെ (Fresh Fruits) വിറ്റഴിക്കപ്പെടുന്ന വിപണികളെയാണ്. ഉല്പന്നങ്ങളിൽ ഭൂരിഭാഗവും കേരളത്തിന് പുറത്താണ് വിതരണം ചെയ്യുന്നത്. ദില്ലിയുൾപ്പെടെ ഇന്ത്യയിലെ 10 സംസ്ഥാനങ്ങളിൽ കേരളത്തിൽ കൃഷിചെയ്യുന്ന *മൊറീഷ്യസ്* ഇനം വിപണനം ചെയ്യുന്നുണ്ട്. പരിമിതയളവിൽ ഗൾഫ് രാജ്യങ്ങളിലേയ്ക്കും കയറ്റിവിടുന്നുണ്ട്. പുതിയ കമ്പോളങ്ങളും സാങ്കേതികവിദ്യകളും കണ്ടുപിടിച്ചും ഉല്പന്നങ്ങളുടെ അളവും ഗുണമേന്മയും വർദ്ധിപ്പിച്ചും ഇതിന്റെ വിപണനം വർദ്ധിപ്പിക്കാൻ സാദ്ധ്യമാണ്. ചെലവ് ചുരുക്കുന്നതിനായി കടൽമാർഗ്ഗം കയറ്റുമതിനടത്താനുള്ള സാദ്ധ്യത ആരായേണ്ടതും അവശ്യമാണ്. ഉപഭോക്താക്കളുടെ താല്പര്യവും കമ്പോളതന്ത്രങ്ങളും കണക്കിലെടുക്കണം. 170 കോടി രൂപ മൂല്യമുള്ള കേരളത്തിലെ കൈതച്ചക്കയുടെ വാർഷികോല്പാദനം ഏലക്കായുടെയും കാപ്പിയുടെയും മൂല്യത്തിന് തൊട്ടടുത്താണ്. പക്ഷേ അർഹിക്കുന്ന ശ്രദ്ധ കൈതച്ചക്കയ്ക്ക് കിട്ടുന്നുണ്ടോ എന്നകാര്യം സംശയമാണ്.

22.64.2. കൈതച്ചക്കയുടെ കമ്പോളങ്ങളുടെ ക്രമീകരണം, ഉല്പാദന-വിപണന-സംസ്കരണ പ്രവർത്തനങ്ങളുടെ ഏകോപനം ഇവയിലൂടെ വിപണനച്ചെലവ് കുറച്ച് കർഷകരെ സ്വയംവിപണനപ്രാപ്തരാക്കാൻ പ്രേരിപ്പിക്കുകയും ചെയ്യേണ്ടതാണ്. ഈയടുത്തകാലത്ത്, കർഷകരുടെ വിപണന സഹകരണസംഘങ്ങൾ കേരളത്തിൽ നിലവിൽവന്നിട്ടുണ്ട്. ഇവയ്ക്ക് സർക്കാരിൽ നിന്നുള്ള സഹായം ആവശ്യമാണ്.

**22.65 പുഷ്പക്കൃഷിയുമായി ബന്ധപ്പെട്ട നയങ്ങൾ**

22.65.1. പുഷ്പക്കൃഷിയുടെ കാര്യത്തിൽ ഇന്ത്യക്ക് നല്ല ഭാവിയുണ്ട്. വിപുലമായ ജനിതകവൈവിദ്ധ്യങ്ങൾ, വ്യത്യസ്തമായ കാർഷിക കാലാവസ്ഥകൾ, വൈവിദ്ധ്യമാർന്ന മനുഷ്യവിഭവശേഷി തുടങ്ങിയവ; നിലവിലുള്ള വിഭവങ്ങൾ ബുദ്ധിപരമായി ഉപയോഗപ്പെടുത്താനും പുതിയമേഖലകളിൽ കടന്നുകയറാനും ഇന്ത്യക്ക് അവസരംനൽകുന്നു. ആയിരം ദശലക്ഷത്തിലധികം ജനസംഖ്യയുള്ള ഇന്ത്യ ഒരു വലിയ കമ്പോളമാണ്. തദ്ദേശവ്യവസായം ഒരു വർഷം 15-20% എന്ന നിരക്കിലാണ് വളരുന്നത്. നഗരങ്ങളിലും മുഖ്യപട്ടണങ്ങളിലും പൂക്കളുടെ ഉപഭോഗം ഒരു വർഷം 40% എന്ന നിരക്കിലാണ് വർദ്ധിക്കുന്നത്. 2005 മുതൽ 2009 എപ്രിൽ വരെ ഇന്ത്യയിലെ പുഷ്പോല്പന്നങ്ങളുടെ മൊത്തവ്യാപാരം 8,174 ലക്ഷം രൂപയിൽ നിന്നും 14,117 ലക്ഷം രൂപയായി വർദ്ധിച്ചിട്ടുണ്ട്. ഇന്ത്യയിൽ, കേരളത്തിലെ, അന്തരീക്ഷാർദ്രതകൂടുതലുള്ള ഉഷ്ണമേഖലാ കാലാവസ്ഥ പൂക്കൃഷിക്ക് ഏറെ അനുയോജ്യമാണ്.

22.65.2. മുൻകാലങ്ങളിൽ, കേരളത്തിലെ എല്ലാ വീടുകളിലും മുല്ല, റോസകൾ, ചെമ്പരത്തി, ജമന്തി, ബന്തി (മല്ലിക), അശോകം തുടങ്ങിയവ ഉൾപ്പെടുന്ന ചെറിയ പൂന്തോട്ടങ്ങൾ ഉണ്ടായിരുന്നു. വേലികളിലും പാതയോരത്തും ധാരാളം പൂക്കൾ വളർത്തിയിരുന്നു. വെള്ളത്തിൽ വളരുന്ന പൂക്കളായ ആമ്പലും താമ

രയും കൊണ്ട് സമൃദ്ധമായിരുന്നു കേരളം. പക്ഷേ ഇപ്പോൾ ഇവിടമെല്ലാം കോൺക്രീറ്റ് കെട്ടിടങ്ങൾകൊണ്ട് നിറഞ്ഞിരിക്കുകയാണ്. കേരളം അരിതൊട്ട് പഞ്ചസാരവരെയുള്ള അവശ്യസാധനങ്ങൾക്കും, സോപ്പുതൊട്ട് ഇലക്ട്രോണിക്ക് ഉപകരണങ്ങൾവരെയുള്ള ഉപഭോക്തൃ ഉല്പന്നങ്ങൾക്കും എന്നപോലെ പൂവിനും അയൽസംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടിവരുന്നു. തമിഴ്നാട്ടിൽനിന്നും കർണ്ണാടകത്തിൽനിന്നുമുള്ള പൂക്കളുടെ വരവുനിലച്ചാൽ ഇവിടെ വിവാഹങ്ങളും പൂജകളുമൊക്കെ മുടങ്ങും എന്ന നിലയാണുള്ളത്. .

22.65.3. നിലവിൽ ഓർക്കിഡ്, ആന്തൂറിയം പൂച്ചെടികളോട് കേരളീയർക്ക് പ്രത്യേക താല്പര്യമുണ്ട്. രണ്ടും മനോഹരമായതും നേർമ്മയുള്ളതും നല്ല നിറമുള്ളതുമായ പൂക്കളാണ്. മിക്ക ഓർക്കിഡുകളും ആന്തൂറിയങ്ങളും കേരളത്തിലെ ഉഷ്ണമേഖലാ കാലാവസ്ഥയിൽ സമൃദ്ധമായി വളരും. ഫ്ളവർ വേസുകളിൽ ഒരു ദിവസത്തെ ആയുസ്സ് മാത്രമുള്ള റോസാപ്പൂക്കൾ, ഡാലിയകൾ, ഗ്ലാഡിയോലസ് എന്നിവയുമായി താരതമ്യംചെയ്യുമ്പോൾ ഹോട്ടലുകളും മറ്റുസ്ഥാപനങ്ങളും അലങ്കാരാവശ്യങ്ങൾക്കായി കൂടുതൽക്കാലം കേടുകൂടാതെയിരിക്കുന്ന ഓർക്കിഡുകളേയും ആന്തൂറിയങ്ങളേയുമാണ് കൂടുതലായി ഇഷ്ടപ്പെടുന്നത്. പൂക്കൾ മുറിച്ചുവിൽക്കുന്നരീതിക്ക് (Cut flower) നമ്മുടെ നാട്ടിൽ പ്രചാരമേറിവരുന്നത് ഇത്തരം പുഷ്പങ്ങളുടെ സാദ്ധ്യതകൾ വർദ്ധിപ്പിക്കുന്നു. കേരളത്തിലെ ചില പുരോഗമനകർഷകർ പുഷ്പക്കൃഷിയിൽ നിന്നും മെച്ചപ്പെട്ട വരുമാനം ഉണ്ടാക്കുന്നുണ്ട്.

**22.66 നയം 156. കേരളത്തിൽ പുഷ്പക്കൃഷി നേരിടുന്ന പ്രധാന വെല്ലുവിളി ഗുണമേന്മയുള്ള നടീൽവസ്തുകളുടെ അപര്യാപ്തതയാണ് എന്നതുകൊണ്ടുതന്നെ പുഷ്പക്കൃഷിവികസനം സുഗമമാക്കാൻ പൊതുമേഖലയിലോ സ്വകാര്യമേഖലയിലോ മാതൃകാനഴ്സറികൾ സ്ഥാപിക്കണം.**

22.66.1. പുഷ്പക്കൃഷിക്ക് ഗുണമേന്മയുള്ള നടീൽവസ്തുകളുടെ യഥാസമയത്തുള്ള വിതരണം ഉറപ്പാക്കുന്നതിനായി മാതൃകാനഴ്സറികൾ സ്ഥാപിക്കണം. ആധുനികരീതിയിൽ പുഷ്പക്കൃഷി (Hi-tech floriculture) സംരംഭങ്ങൾ നടപ്പാക്കുമ്പോൾ ഗുണനിലവാരമുള്ളതും കലർപ്പില്ലാത്തതു മായ നടീൽവസ്തുക്കൾ രാജ്യത്തിനകത്തുനിന്നോ പുറത്തുനിന്നോ സർക്കാർ ശേഖരിച്ച്, അനുയോജ്യമായ പ്രവർദ്ധനരീതികളിലൂടെ ഇരട്ടിപ്പിച്ച് കർഷകർക്ക് നൽകണം. ഇതിനായി സർക്കാർ മേഖലയിലോ സ്വകാര്യ മേഖലയിലോ മാതൃകാനഴ്സറികൾ സ്ഥാപിക്കണം. കേന്ദ്രസർക്കാർ പ്രഖ്യാപിച്ചിട്ടുള്ള പുതിയ വിത്തുനയം അന്താരാഷ്ട്രതലത്തിലുള്ള ഇനങ്ങളുടെ നടീൽവസ്തുകൾ ഇറക്കുമതി ചെയ്യുന്നതിന് അനുവാദം നൽകിയിട്ടുണ്ട്.

**22.67 നയം 157. നിലവിലുള്ള കട്ട്ഫ്ളവർ ഗ്രോവേഴ്സ് അസോസിയേഷൻ മാതൃകയിൽ, പരമ്പരാഗതമായി പുഷ്പക്കൃഷി വ്യവസായത്തിലേർപ്പെട്ടിട്ടുള്ളവരെ അംഗങ്ങളാക്കി കർഷക ഉല്പാദകസംഘങ്ങൾ രൂപവല്ക്കരിക്കണം.**

22.67.1. പരമ്പരാഗതമായി പൂക്കൃഷി ചെയ്യുന്നവർക്കായി സഹകരണാടിസ്ഥാനത്തിലുള്ള ഉല്പാദകസംഘങ്ങൾ (FPO) രൂപവല്കരിക്കേണ്ടത് ആവശ്യമാണ്. അവർ ഉല്പാദിപ്പിക്കുന്ന പൂക്കൾക്ക് കുറഞ്ഞവില സഹായമെങ്കിലും ലഭിക്കാൻ ഇത് സഹായിക്കും. തിരുനാവായയിലെ താമരക്കൃഷിയും ഈ രംഗത്ത് തിരുവനന്തപുരം വെള്ളായണിയിലെ കൂട്ടായ്മയുമൊക്കെ സംഘ പൂക്കൃഷിയിൽ ഉയർന്നുവന്നിട്ടുള്ള മാതൃകകളാണ്. താമരപ്പൂക്കളുടെ വമ്പിച്ച വിപണന സാദ്ധ്യതകൾ ഇവിടങ്ങളിലെ നെൽക്കൃഷിക്കാരെ ചെറിയ ചെറിയ കുളങ്ങൾ പോലും താമരക്കൃഷിക്കായി ഉപയോഗപ്പെടുത്താൻ പ്രേരിപ്പിച്ചു.

22.67.2. പൂക്കളുടെ തദ്ദേശ കമ്പോളവില യെക്കുറിച്ച് കർഷകർക്ക് നല്ല വേവലാതിയു ണ്ട്. ആഘോഷങ്ങളുടെയും വിവാഹങ്ങളു ടെയും സീസണിൽ പൂക്കളുടെ വില വളരെക്കൂടുതലും ബാക്കിയുള്ളസമയത്ത് വളരെക്കുറവുമാണ്. പുഷ്പങ്ങളുടെമേൽ ഏർപ്പെടുത്തിയിട്ടുള്ള മൂല്യവർദ്ധിതനികുതി (VAT) (ഇപ്പോൾ 9-12%) പിൻവലിക്കുകയും വിപണനപ്രശ്നങ്ങൾ പരിഹരിക്കുകയും ചെയ്താൽ ഈരംഗത്തെ കർഷകരെ സഹായിക്കാൻകഴിയും.

22.67.3. പൂക്കൾ കൃഷിചെയ്യുന്നവരുടെ സഹ കരണാടിസ്ഥാനത്തിലുള്ള ഉല്പാദക സംഘങ്ങൾ സംസ്ഥാനത്ത് രൂപവല്ക രിക്കുകയും അവയെ സാമ്പത്തികമായി ശക്തിപ്പെടുത്തുകയും ചെയ്യുന്നതിലൂടെ പുഷ്പക്കൃഷി വ്യാപിപ്പിക്കാനും ഈ കർഷ കരുടെ താല്പര്യങ്ങൾ സംരക്ഷിക്കാനും സാധിക്കും.

**22.68 നയം 158. പരമ്പരാഗതപുഷ്പങ്ങളുടെ വികസനത്തിന് ഈ രംഗത്തുള്ള കർഷകരെ പ്രോത്സാഹിപ്പിക്കാനായി - ബാങ്ക്ലോണു കൾ, ശരിയായ വിപണനസൗകര്യങ്ങൾ, പരിശീലനംവഴിയും മാധ്യമ പരിപാടികൾ വഴിയും പുതിയഇനങ്ങളെക്കുറിച്ചുള്ള വിജ്ഞാനവ്യാപനം - ഇവയിലൂടെ സർക്കാർ പ്രത്യേകശ്രദ്ധ നൽകേണ്ടതാണ്.**

22.68.1. മറ്റു വാണിജ്യവിളകളെപ്പോലെ പൂക്കൃഷിയിലും ഉല്പാദനത്തേക്കാൾ ദുഷ്ക രമാണ് വിപണനം. പുഷ്പക്കൃഷിയുടേയും ഉല്പന്നങ്ങളുടേയും ലാഭവും സാമ്പ ത്തികനിലനില്പും രണ്ടും കമ്പോളാധിഷ്ഠി തമാണ് എന്നതാണ് ഇതിന്റെ മുഖ്യകാരണം. താരതമ്യേന ചെറുതും ചിന്നിച്ചിതറിയതുമായ ഉല്പാദനവ്യവസ്ഥപോലെ പൂക്കളുടെ വിപ ണനവും ക്രമമില്ലാത്തതും വികസനമില്ലാത്ത തുമാണ്. പൂക്കളുടെ അമിതലാഭമുദ്ദേശിച്ചുള്ള വിലവർദ്ധന, പാക്കിങ്വസ്തുകളുടെ ലഭ്യതക്കുറവുമൂലമുള്ള മെച്ചമല്ലാത്ത പാക്കിങ്, വിപണനത്തിന് തുറന്ന ലേലസൗകര്യ മില്ലായ്മ, പുഷ്പവ്യാപാരികളുടേയും വിപണികളുടേയും കുറവ്, ഉല്പാദനസ്ഥല ങ്ങൾക്ക് സമീപം പ്രാഥമിക വിപണി കളില്ലാത്തത് ഇവയെല്ലാം വിപണനവ്യവസ്ഥ യുടെ പരിതാപകരമായ അവസ്ഥയ്ക്ക് കാര ണമാകുന്നു. ഈ സ്ഥിതിയിൽ, ക്രമീകരണ ത്തിന്റെയും, നിയന്ത്രണത്തിന്റെയും പരിധി ക്കുള്ളിൽ പൂക്കളുടെ വിപണനവ്യവസ്ഥ കൊണ്ടുവരണം എന്ന അഭിപ്രായം ഉയർന്നുവന്നിട്ടുണ്ട്. ഇതിന് കാർഷിക വിക സനനയത്തിന്റെ ഭാഗം 18.3 ൽ പറ ഞ്ഞിട്ടുള്ളതുപോലെ ഉല്പാദകസംഘങ്ങൾ അല്ലെങ്കിൽ ഉല്പാദകക്കമ്പനികൾ രൂപവല്ക രിക്കണം.

**22.69 നയം 159. സംസ്ഥാനത്തെ പ്രകൃതിക്ഷോഭത്തെ പ്രതിരോധിക്കാൻ പുഷ്പകർഷക്കായി ഒരു ഇൻഷ്വറൻസ് സംവിധാനം രൂപവല്കരിക്കണം.**

22.69.1. ഒട്ടേറെ പണച്ചെലവും നിറയെ വെല്ലു വിളികളും നിറഞ്ഞതാണ് പുഷ്പക്കൃഷി. അതുകൊണ്ടുതന്നെ, പൂർണ്ണമായ നാശത്തി ലേയ്ക്കോ സാമ്പത്തിക പരാധീനതയി ലേയ്ക്കോ എത്തിക്കുന്ന വിളനഷ്ടം ഒരു സാധാരണ കർഷകന് താങ്ങാനാവില്ല. ഇത്തരം സാഹചര്യങ്ങൾ തരണംചെയ്യാൻ പുഷ്പക്കൃഷി ഇൻഷ്വർചെയ്യേണ്ടത് അത്യാവ ശ്യമാണ്.

**22.70 നയം 160. പോളി/ഹരിത ഗൃഹ ങ്ങൾക്കും, നടീൽ വസ്തുകൾക്കും, ആവശ്യമായ ഉപകരണങ്ങൾക്കും സഹായ ങ്ങളും ഇളവുകളും നൽകുന്നത് തുടരണം.**

22.70.1. സംസ്ഥാനത്തെ പുഷ്പക്കൃഷി ഇപ്പോഴും ശൈശവദശയിലാണ്. കൃഷിസ്ഥലത്തും ബന്ധപ്പെട്ടസ്ഥാപനങ്ങളിലും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളുടെ ക്ഷാമമുണ്ട്. അതുകൊണ്ടാണ് പോളി/ഹരിത ഗൃഹങ്ങൾക്കും, നടീൽവസ്തുകൾക്കും, ആവശ്യമായ ഉപകരണങ്ങൾക്കും മേലുള്ള സബ്സിഡി തുടരണമെന്ന് ഉറപ്പിച്ചുപറയുന്നത്. കേരള കാർഷികസർവ്വകലാശാല, സംസ്ഥാന കൃഷിവകുപ്പ്, ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിലിന്റെ (ICAR) കീഴിലുള്ള സ്ഥാപനങ്ങൾ, കൃഷി വിജ്ഞാന കേന്ദ്രങ്ങൾ (KVKs) മുതലായ സ്ഥാപനങ്ങളിൽ ഗവേഷണ-വികസന പരിപാടികൾ ശക്തിപ്പെടുത്താനാവശ്യമായ ഫണ്ടുകൾ ലഭ്യമാക്കണം.

**22.71 നയം 161. ചെറുകിട-നാമമാത്ര കർഷകരെ പുഷ്പക്കൃഷിയിലൂടെ അവരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും തൊഴിലവസരങ്ങൾ മെച്ചപ്പെടുത്തുന്നതിനും പ്രോത്സാഹിപ്പിക്കണം.**

22.71.1. സംസ്ഥാനത്ത് സാമ്പത്തികമായി മുന്നിട്ടുനിൽക്കുന്ന കുടുംബങ്ങളാണ് നിലവിൽ ഓർക്കിഡ്, ആന്തൂറിയം കൃഷിയിൽ കൂടുതലായും ഏർപ്പെട്ടിരിക്കുന്നത്. സാമ്പത്തികമായി പിന്നാക്കംനിൽക്കുന്ന ചെറുകിട കർഷകർ ഇതിലേയ്ക്ക് വരാൻ മടികാണിക്കുന്നു. അതിനാൽ ഇത്തരം കർഷകരുടെ തൊഴിലവസരങ്ങളും വരുമാനവും വർദ്ധിപ്പിക്കാൻ പുഷ്പക്കൃഷിയിലേക്ക് ആകർഷിക്കാവുന്നതാണ്. ഇതിനായി അനുയോജ്യ മായ കൃഷിയിടം, ഗുണമേന്മയുള്ള നടീൽവസ്തുക്കളുടെ ലഭ്യത, എളുപ്പത്തിലുള്ള കാർഷികവായ്പ, ഉന്നത വിപണനസംവിധാനം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ കർഷകർക്ക് ഏർപ്പെടുത്തുകയും തുടർപ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുകയും വേണം.

**22.72 ഔഷധ-സുഗന്ധവർഗ്ഗ വിളകളുമായി ബന്ധപ്പെട്ട നയങ്ങൾ**

22.72.1.. കേരളത്തിലെ സസ്യസമ്പത്തിൽ സുപ്രധാനഘടകമാണ് ഔഷധ സസ്യങ്ങൾ. ഈ അടുത്തകാലത്തെ വിശകലനമനുസരിച്ച് കേരളത്തിലെ 4600 പുഷ്പിക്കുന്ന സസ്യങ്ങളിൽ 900 എണ്ണം ഔഷധഗുണങ്ങളുള്ളതാണ്. വന-ജൈവസമൂഹ പദ്ധതിയിൽ (forest eco-system) 540 വർഗ്ഗങ്ങളെതിരിച്ചറിഞ്ഞ് രേഖപ്പെടുത്തിയിട്ടുണ്ട്. ആയുർവേദം, സിദ്ധ, യുനാനി തുടങ്ങിയ ഇന്ത്യൻ ചികിത്സാരീതികളിൽ കേരളത്തിലെ തദ്ദേശീയമായതോ പ്രകൃത്യാലുള്ളതോ ആയ 150 ൽപ്പരം ഇനം സസ്യങ്ങൾ ഉപയോഗിക്കപ്പെടുന്നുണ്ട്. വിവിധ ഔഷധഗുണങ്ങളുള്ള, അധികംഅറിയപ്പെടാത്ത 2000 വന്യ സസ്യയിനങ്ങൾ ഗ്രാമീണജനതയും ഗോത്രസമൂഹങ്ങളും ഉപയോഗിക്കുന്നുണ്ട്. ആയൂർവേദമരുന്നുകൾക്കാവശ്യമുള്ളതിൽ 60-65% വരെയുള്ള സസ്യങ്ങളും, സിദ്ധമരുന്നുകൾക്കായി ഉപയോഗിക്കുന്നതിൽ 80% സസ്യങ്ങളും കേരളത്തിലെ വനങ്ങളിൽ കണ്ടുവരുന്നവയാണ്.

22.72.2. ഔഷധസസ്യങ്ങളുടെ വാണിജ്യാടിസ്ഥാനത്തിലുള്ള കൃഷി പ്രോത്സാഹിപ്പിക്കാൻ ആസൂത്രിതസമീപനം ആവശ്യമാണ്. നിലവിൽ ഔഷധസസ്യക്കൃഷിരംഗത്ത് ഏകീകൃതമായ പ്രവർത്തനങ്ങളുടെ അഭാവവും മെച്ചപ്പെട്ട സസ്യയിനങ്ങളുടെ ലഭ്യതക്കുറവും ശാസ്ത്രീയകൃഷി ദുർബ്ബലമാക്കുന്നു. കൃഷി ലാഭകരമാക്കാൻ ഉല്പാദനശേഷി കൂടിയ സസ്യങ്ങൾ ഉപയോഗി ക്കുകയും, ചെടികളിൽ അടങ്ങിയിരിക്കുന്ന ഔഷധമൂല്യം വ്യാവസായികാടിസ്ഥാനത്തിൽ പ്രയോജനപ്പെടുത്താൻ തക്ക അളവിലും ഗുണനിലവാരത്തിലും ഉണ്ടെന്ന് ഉറപ്പു വരുത്തുകയും വേണം.

22.72.3. ലോകമൊട്ടാകെ സസ്യങ്ങളെ അടിസ്ഥാനമാക്കിയുള്ള മരുന്നുകൾക്ക് പ്രചാരം വർദ്ധിച്ചുവരികയാണ്. ഇത്തരം സസ്യങ്ങളുടെ വാണിജ്യാടിസ്ഥാനത്തിലുള്ള കൃഷിയും അതുമായി ബന്ധപ്പെട്ട സാമ്പത്തിക

പ്രവർത്തനങ്ങളും വികസനസാദ്ധ്യതയുള്ള സംരംഭങ്ങളായി മാറണം. ഒരു സസ്യജന്യ ഔഷധം, അതിന്റെ വിഷഘടകങ്ങൾസംബന്ധിച്ച പഠനം (Toxicological study), ഔഷധ ഗുണ പഠനം (Pharmacological study), പ്രയോഗ തല പഠനം (Clinical study) എന്നിവയ്ക്ക് ശേഷം വിപണിയിലെത്താൻ 20 വർഷത്തോളമെടുക്കും. ദീർഘമായ ഇടവേളകളിൽ പ്പോലും പുതുക്കിയ ഔഷധങ്ങൾക്കായുള്ള തെരച്ചിൽനടത്തുന്നില്ല എന്നതാണ് സത്യം. സുസ്ഥിര സാമ്പത്തിക വികാസത്തിനും, സുരക്ഷയ്ക്കും, ചെലവുകുറഞ്ഞ ആരോഗ്യസംരക്ഷണത്തിനും ജൈവവൈവിധ്യങ്ങളുടെ സംരക്ഷണത്തിനും ഔഷധസസ്യക്കൃഷി ശക്തിയുക്തം വികസിപ്പിക്കണം.

**22.73 നയം 162. ഔഷധങ്ങൾക്കാവശ്യമായ അസംസ്കൃതവസ്തുക്കളുടെ സുസ്ഥിരമായ ഉല്പാദന-വിതരണത്തിന് അനുയോജ്യമായ രീതിയിൽ ഉടമ്പടിക്കൃഷിയും** (Contract farming), **വനത്തിനുള്ളിലെ കൃഷിയും പ്രയോജനപ്പെടുത്തണം.**

22.73.1. ജൈവവൈവിദ്ധ്യം സംരക്ഷിക്കാനും നാശോന്മുഖമായ ഇനങ്ങൾ സംരക്ഷിക്കാനും ഔഷധസസ്യങ്ങളുടെ ശാസ്ത്രീയമായ കൃഷിക്ക് തുടക്കം കുറിക്കേണ്ടത് അവശ്യമാണ്. സസ്യജന്യഔഷധങ്ങളിലെ പല ഔഷധ ഘടകങ്ങളും (medicinal principles) കൃത്രിമമായി ഉണ്ടാക്കാൻ കഴിയില്ല. അവ ഔഷധസസ്യങ്ങളുടെ കൃഷിയിലൂടെ മാത്രമേ ഉണ്ടാക്കാൻ സാധിക്കൂ. ഔഷധസസ്യങ്ങളുടെ ശാസ്ത്രീയ സംരക്ഷണപദ്ധതികളും വൻതോതിലുള്ള കൃഷിയും അതിനാൽ വളരെ പ്രാധാന്യമർഹിക്കുന്നു. നിലവിലുള്ള കാർഷിക-വന വ്യവസ്ഥകളിൽ ഈ സസ്യങ്ങൾ ഉൾപ്പെടുത്തി കൃഷിചെയ്യുന്നതിന് യോജ്യമായ കൃഷിരീതി കണ്ടുപിടിക്കേണ്ടതുണ്ട്. അസംസ്കൃത പദാർത്ഥങ്ങൾക്ക് തുടർച്ചയായ ആവശ്യമുണ്ടെങ്കിലേ ഇത്തരത്തിലുള്ള സസ്യങ്ങളുടെ കൃഷിക്ക് പ്രാധാന്യം ലഭിക്കുകയുള്ളൂ.

**22.74 നയം 163. ശാസ്ത്രീയമായ ഔഷധസസ്യക്കൃഷി നടപ്പാക്കാൻ അത്യുല്പാദനശേഷിയുള്ള ഇനങ്ങൾ ഉൾപ്പെടുത്തണം.**

22.74.1. വന്യജനുസ്സുകളെ ഉപയോഗത്തിൽ കൊണ്ടുവരുന്നതിനായി ശ്രദ്ധയേറിയ ശ്രമങ്ങൾ അനിവാര്യമാണ്. ക്ലോണൽ വംശവർധന വഴിയോ തിരഞ്ഞെടുത്ത സങ്കലനംവഴിയോ മാത്രമേ അത്യുല്പാദന ശേഷിയുള്ള ഇനങ്ങൾ വികസിപ്പിക്കാനാവൂ. വംശവർദ്ധനനടത്തിയ ഇത്തരം ഇനങ്ങൾ വിത്തുബാങ്ക് വഴിയോ, നഴ്സറികൾ മുഖേനയോ വിതരണം ചെയ്യാവുന്നതാണ്. കൃഷിക്ക്, പ്രത്യേക കൃഷിമുറകളുടെ പ്രയോഗവും സസ്യവിജ്ഞാനവും ആവശ്യമാണ്. ഇതിന്റെ ഓരോയിനവും പ്രത്യേകത നിറഞ്ഞതും മണ്ണ്, വെള്ളം, കാലാവസ്ഥാ സ്ഥിതിഗതികൾ എന്നിവയെ ആശ്രയിച്ചിരിക്കുന്നതുമാണ്. ഉത്തമ കാർഷിക പ്രയോഗരീതി (GAP), ശരിയായ കാർഷിക സാങ്കേതികവിദ്യകൾ, വിളവെടുപ്പ് രീതികൾ, വളങ്ങളുടെയും കീടനാശിനികളുടെയും സുരക്ഷിതമായ ഉപയോഗം, പാഴ്വസ്തുക്കളുടെ നിർമാർജ്ജനം ഇവയെല്ലാം നടപ്പിൽവരുത്തുന്നതിന് ഗവേഷണവും ഊർജ്ജിതമായ ആസൂത്രണവും ആവശ്യമാണ്.

**22.75 നയം 164. ഔഷധ-സുഗന്ധവർഗ്ഗ സസ്യങ്ങളുടെ സുസ്ഥിരമായ ഉല്പാദനവ്യവസ്ഥയ്ക്കായി ഹരിതസാങ്കേതികവിദ്യ വികസിപ്പിക്കുകയും ഉപയോഗിക്കുകയും പ്രചരിപ്പിക്കുകയും വേണം.**

22.75.1. കീടനാശിനി ഘടകങ്ങളിൽനിന്നും പൂർണ്ണമായും മുക്തമായ ഒരു ഔഷധസംവിധാനം ജീവൻരക്ഷാമരുന്നുകളുടെ ഉല്പാദനത്തിൽ ആവശ്യമായതിനാൽ ഔഷധ-സുഗന്ധ സസ്യങ്ങളുടെ കൃഷിയിൽ ഹരിത

സാങ്കേതികവിദ്യ (Green Technology) വളരെ പ്രാധാന്യമർഹിക്കുന്നു. ഉത്തമ കാർഷിക പ്രയോഗരീതി (Good Agricultural Practices) അനുസരിച്ചുള്ള ഔഷധസസ്യക്കൃഷിയും, ഉത്തമ കാർഷികോല്പന്ന ശേഖരണ രീതി (Good Agricultural and Collection Practices) അനുസരിച്ചുള്ള അസംസ്കൃത വസ്തുക്കളുടെ ശേഖരണവും ഉറപ്പുവരുത്തുന്നതിലൂടെയേ ഹരിതസാങ്കേതികവിദ്യ പ്രയോഗത്തിലെത്തിക്കാനാവൂ. ഇങ്ങനെ വികസിപ്പിക്കുന്ന സാങ്കേതികവിദ്യകൾ താഴേത്തട്ടിലുള്ള കർഷകർക്കും, ഔഷധസസ്യങ്ങൾ ശേഖരിക്കുന്നവർക്കും എത്തിക്കാൻ ബോധപൂർവ്വമായി വിജ്ഞാനവ്യാപനപരിപാടികൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്. ഉന്നത കാർഷികസാങ്കേതിക വിദ്യകൾ അടിസ്ഥാനമാക്കിയ വിജ്ഞാനവ്യാപനരീതികൾ ഉപയോഗിച്ച്, താല്പര്യമുള്ള വ്യക്തികൾക്ക് പരിശീലനപരിപാടികൾ നൽകി, അതിലൂടെ ഈ സാങ്കേതികവിദ്യാരീതികൾ പ്രാവർത്തികമാക്കി കാണിച്ചുകൊടുക്കണം. കേരള കാർഷികസർവ്വകലാശാല വികസിപ്പിച്ച സാങ്കേതികവിദ്യകൾ പ്രചരിപ്പിക്കാനുള്ള പരിശ്രമം തുടരുകയും ആധുനിക വിവരസാങ്കേതികവിദ്യാ സംവിധാനങ്ങൾ (ICT) ഉപയോഗിച്ച് പ്രചരിപ്പിക്കുകയും വേണം.

**22.76 നയം 165. ചെറുകിട-നാമമാത്ര കർഷകരെ സ്വയംസഹായസംഘങ്ങളായി സംഘടിപ്പിക്കുകയും, ഔഷധസസ്യം വളർത്തുന്നവരുടെ സഹകരണ സംഘങ്ങൾ രൂപവല്കരിക്കുകയോ അല്ലെങ്കിൽ ഉല്പാദക കമ്പനികളെ ഔഷധസസ്യകൃഷി ഏറ്റെടുത്ത് നടത്താൻ പ്രാപ്തരാക്കുകയോ ചെയ്യുകയും വേണം.**

22.76.1. സംസ്കരണത്തിനുള്ള സൗകര്യങ്ങൾ, ഔഷധസസ്യങ്ങൾക്കായുള്ള വിപണന സംവിധാനം ഇവ ഔഷധസുഗന്ധസസ്യങ്ങളുടെ കൃഷിക്ക് അനിവാര്യമാണ്. വ്യക്തികളും, സ്വയംസഹായസംഘങ്ങളും, ഔഷധസസ്യങ്ങൾ വളർത്തുന്ന സഹകരണസംഘങ്ങളും കൃഷിവകുപ്പിന്റെ നേതൃത്വത്തിൽ സംഘാടിസ്ഥാനത്തിൽ വേണം ഇതുചെയ്യാൻ. അതിനാൽ ചെറുകിട-നാമമാത്ര കർഷകരെ സ്വയംസഹായസംഘങ്ങളായി സംഘടിപ്പിക്കുകയും, ഔഷധസസ്യം വളർത്തുന്നവരുടെ സഹകരണസംഘങ്ങൾ അല്ലെങ്കിൽ ഉല്പാദകക്കമ്പനികളെ ഔഷധസസ്യക്കൃഷി ഏറ്റെടുത്ത് നടത്താൻ പ്രാപ്തരാക്കുകയും വേണം. കർഷകരുടെ സഹകരണസംഘം രൂപപ്പെടുത്തൽ/ സംഘാടിസ്ഥാനത്തിലുള്ള പ്രത്യേക പദ്ധതിറിപ്പോർട്ടുകൾ/വ്യവസായ ആസൂത്രണരേഖകൾ ഇവ തയ്യാറാക്കുന്നതിനായി സാമ്പത്തിക-സാങ്കേതിക സഹായം ലഭ്യമാക്കണം.

**22.77 തീറ്റപ്പുൽവിളകളെ സംബന്ധിക്കുന്ന നയങ്ങൾ**

22.77.1. സംസ്ഥാനത്തിന്റെ ആഭ്യന്തര ഉല്പാദനത്തിന് മൃഗസംരക്ഷണ ഉപമേഖല സുപ്രധാന സംഭാവന നല്കുന്നുണ്ട്. തീറ്റപ്പുൽക്കൃഷി, നെൽക്കൃഷി തുടങ്ങിയവയിൽ വന്ന കുറവ് മൃഗസംരക്ഷണത്തിനാവശ്യമായ പുല്ല്, വൈക്കോൽ, ഉണക്കപ്പുല്ല് തുടങ്ങിയവയുടെ ലഭ്യത കുറയ്ക്കുകയും ഇത് മൃഗസംരക്ഷണമേഖലയെ മോശമായി ബാധിക്കുകയും ചെയ്യുന്നു.

22.77.2. തീറ്റപ്പുല്ലിന്റെയും വൈക്കോലിന്റെയും കുറവാണ് കേരളത്തിലെ മൃഗസംരക്ഷണമേഖല നേരിടുന്ന വലിയപ്രശ്നം. കഴിഞ്ഞ രണ്ടു ദശാബ്ദക്കാലമായി കേരളത്തിലെ കൃഷിരീതികളിൽ വന്നമാറ്റം നെൽകൃഷിയുടെ വിസ്തൃതി 50% ശതമാനമായി കുറയ്ക്കുകയും അത് വൈക്കോലിന്റെ ലഭ്യത ക്കുറവിലേക്ക് നയിക്കുകയും ചെയ്തു. സംസ്ഥാനം കന്നുകാലികൾക്ക് ആവശ്യമുള്ള പരുഷാഹാരത്തിന്റെ 60% മാത്രമേ ഉല്പാദിപ്പിക്കുന്നുള്ളൂ എന്ന് കണക്കാക്കപ്പെടുന്നു.

ഇത് അയൽസംസ്ഥാനങ്ങളിൽനിന്നും വൻ വില കൊടുത്ത് കന്നുകാലികൾക്കാവശ്യമായ തീറ്റ കൊണ്ടുവരുന്നതിന് കാരണമാവുന്നു.

22.77.3. ഭൂമിശാസ്ത്രപരമായി നോക്കിയാൽ കേരളത്തിലെ മൊത്തം വിസ്തൃതിയുടെ 18% ഉപയോഗശൂന്യമായി കിടക്കുകയാണ്. സ്വയംസഹായസംഘങ്ങൾക്കും മറ്റു തൊഴിലില്ലാത്ത ചെറുപ്പക്കാർക്കും പച്ചപ്പുല്ലിന്റെയും പയറു വർഗ്ഗ ചെടികളുടെയും വൃക്ഷവർഗ്ഗ ചെടികളുകളുടെയും ഉല്പാദനം *സിൽവിപാസ്ചർ* വ്യവസ്ഥയിൽ ഏറ്റെടുത്ത് ചെയ്യുകയും ഇത് കർഷകർക്ക് സംസ്കരിച്ചോ, പച്ചിലയായോ വില്പനനടത്തുകയും ചെയ്യാം. ഇപ്പോൾ ലഭ്യമായ സാങ്കേതികവിദ്യകൾ ഉപയോഗിച്ച് ഇത് ഫലപ്രദമായി നടപ്പിൽ വരുത്താനാവും. ഇത്തരത്തിലുള്ള സംരംഭങ്ങൾക്ക് നിരവധി മാതൃകകൾ കേരളത്തിലുണ്ട്.

**22.78 നയം 166. സ്വയം സഹായ സംഘങ്ങൾ (SHGs), കർഷക ഉല്പാദക കമ്പനികൾ (FPOs) പാൽ സഹകരണസംഘങ്ങൾ തുടങ്ങിയവയുടെ ഇടപെടലുകൾവഴി സംസ്ഥാനത്തെ തീറ്റപ്പുൽ ഉല്പാദനവും ലഭ്യതയും വർദ്ധിപ്പിക്കണം.**

22.78.1. തീറ്റപ്പുൽക്കൃഷിയിൽ ഓരോ കർഷകരും എടുക്കുന്ന താല്പര്യം വളരെ പരിമിതമാണ്. സംസ്ഥാനത്ത് ഉണക്കപ്പുല്ലിന്റെ ലഭ്യതക്കുറവ് പരിഹരിക്കുന്നതിനായി കർക്കശമായ ഭൂവിനിയോഗനിയമം കൊണ്ടുവരുന്നത് വളരെ പ്രയാസമേറിയതാണ്. ഗ്രാമീണ വികസനമേഖലയിലെ ഒരു മുഖ്യപ്രവർത്തനമായി തീറ്റപ്പുൽക്കൃഷിയിൽ തദ്ദേശസ്ഥാപനങ്ങളുടെ സഹായംകൂടി ഉൾപ്പെടുത്തി ഇത് വാണിജ്യാടിസ്ഥാനത്തിൽ ഏറ്റെടുക്കാൻ കർഷകരെ പ്രോത്സാഹിപ്പിക്കണം. വാണിജ്യാടിസ്ഥാനത്തിൽ തീറ്റപ്പുൽ ഉല്പാദനത്തിനും വിപണനത്തിനും Co3, KKM 1 തുടങ്ങിയ പുതിയ ഇനങ്ങൾ പ്രതീക്ഷ നൽകുന്നവയാണ്.

**22.79 നയം 167. നല്ല വിളവ് തരുന്ന തീറ്റപ്പുല്ലിനങ്ങളുടെ കൃഷി വികസിപ്പിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും പോഷകഗുണം വർദ്ധിപ്പിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ കാർഷിക-വെറ്ററിനറി സർവ്വകലാശാലകളും ഗവേഷണസ്ഥാപനങ്ങളുമായി ചേർന്ന് സംസ്ഥാനസർക്കാർ നടപ്പിലാക്കണം.**

22.79.1. ആവശ്യകതയെ ആശ്രയിച്ച് ഉയർന്ന മാംസ്യമടങ്ങിയ ഇനങ്ങൾ, രുചിയുള്ള ഇനങ്ങൾ, വേഗത്തിൽ വളർച്ചപ്രാപിക്കുന്ന ഇനങ്ങൾ, പുതിയ പരിത:സ്ഥിതിയുമായി ഇണങ്ങിച്ചേരാൻ കഴിവുള്ള ഇനങ്ങൾ എന്നിവ ചെറുകിടകർഷകരുടെ ആവശ്യത്തിനായി വികസിപ്പിക്കുകയും പ്രചരിപ്പിക്കുകയും വേണം. പങ്കാളിത്ത വനപരിപാലന പരിപാടിയിലൂടെ പുല്ലുകളും ഫോഡർ മരങ്ങളും ഒന്നിച്ചുചേർത്ത് വൃക്ഷ-പുൽത്തകിടി സംരക്ഷണ പ്രവർത്തനങ്ങളിലൂടെ *(സിൽവിപാസ്ചർ)* നശിച്ചുപോയ വനത്തെ പുനരുജ്ജീവിപ്പിക്കാനും ഉല്പാദനക്ഷമത വർദ്ധിപ്പിക്കാനുമാവും.

**22.80 ചെറുധാന്യങ്ങളുടെ പ്രചരണത്തിനായുള്ള നയങ്ങൾ**

22.80.1. വ്യത്യസ്ത തരത്തിലുള്ള നിരവധി ചെറുധാന്യങ്ങൾ നമ്മുടെ സംസ്ഥാനത്ത് നിലവിലുണ്ട്. ഫിംഗർ മില്ലറ്റ്, ലിറ്റിൽ മില്ലറ്റ്, ഫോക്സ്ടെയിൽ മില്ലറ്റ്, പ്രോസോ മില്ലറ്റ്, കോഡോ മില്ലറ്റ്, ബാൺയാർഡ് മില്ലറ്റ് എന്നിവയാണ് അവ. മറ്റു ധാന്യങ്ങളെപ്പോലെ ചെറുധാന്യങ്ങളും ശരീരത്തിനാവശ്യമായ ഊർജ്ജം നൽകുന്നുണ്ട്. അരിയും ഗോതമ്പുമായി താരതമ്യം ചെയ്യുമ്പോൾ ചെറുധാന്യങ്ങളിൽ അവയെക്കാൾ അധികം ദഹനശേഷിയുള്ള ജന്യനാരുകൾ അടങ്ങിയിട്ടുണ്ട് എന്നു

കാണാം. ഇത് ഊർജ്ജത്തിന്റെ പതുക്കെയുള്ള വരവിനെ വേഗത്തിലാക്കുകയും അങ്ങനെ ശാരീരികക്ഷമത വർദ്ധിപ്പിക്കുകയും ചെയ്യുന്നു. അരി, ഗോതമ്പ് ഇവയുമായി താരതമ്യം ചെയ്യുമ്പോൾ ധാതുക്കളുടെ അളവും ചെറുധാന്യങ്ങളിൽ അധികമാണ്. അരിയിലും ഗോതമ്പിലും ഉള്ളതിനെക്കാൾ 30 മടങ്ങ് കൂടുതൽ കാത്സ്യം ഫിംഗർമില്ലറ്റുകളിൽ (റാഗി) ഉണ്ടായിരിക്കെ മറ്റു ധാന്യങ്ങളിൽ 2 മടങ്ങ് കൂടുതൽ കാത്സ്യം അടങ്ങിയിരിക്കുന്നു. ലിറ്റിൽ മില്ലറ്റിലും ഫോക്സ്ടെയിൽ മില്ലറ്റിലും ഇരുമ്പിന്റെ സത്ത് അധികമാണ്. അങ്ങനെ ഗുണമേന്മയുള്ള ഭക്ഷണത്തിന് നല്ല ഉത്തരമാവാൻ കഴിയും ചെറുധാന്യങ്ങൾക്ക്. കാലാവസ്ഥാപരമായി സമ്മർദ്ദമുള്ളപ്പോഴും ഇത് നന്നായി വളരും.

22.80.2: പോഷകങ്ങളുടെ നേട്ടങ്ങൾ, ഏത് പ്രതികൂല കാലാവസ്ഥയിലും വളരാനുള്ള അതിന്റെ കഴിവ്, സൂക്ഷിച്ചു വയ്ക്കാനുള്ള സൗകര്യം ഇവയെല്ലാമുണ്ടെങ്കിലും ചെറുധാന്യങ്ങളെ പൂർണ്ണമായും അവഗണിച്ച് നാണ്യവിളകൾക്കും മറ്റു ധാന്യവിളകൾക്കും പ്രാധാന്യംനൽകുന്ന രീതിയായിരുന്നു ഇതുവരെയും സംസ്ഥാനത്തിന്റെ കാർഷിക നയങ്ങൾ പിൻതുടർന്നു പോന്നത്.

**22.81 നയം 168. ഒരിക്കൽ ചെറുധാന്യങ്ങൾ വളരെ പ്രചാരത്തിലുണ്ടായിരുന്ന സ്ഥലങ്ങളിൽ അവ പുന:രാവിഷ്കരിക്കാനുള്ള പരിപാടികൾ ഉണ്ടാവണം.**

22.81.1. കേരളത്തിൽ ചെറുധാന്യങ്ങൾക്ക് ശ്രദ്ധനൽകിയിരുന്ന സ്ഥലങ്ങൾ ഉണ്ടായിരുന്നു. ഈ വിളകൾ പോഷകഗുണങ്ങളാൽ സമൃദ്ധമാണെന്നും ഏത് കാലാവസ്ഥയെയും നേരിടാനുള്ള കഴിവ് ഇതിനുണ്ടെന്നും മനസ്സിലാക്കിയിട്ടുണ്ട്. അതിനാൽ അവ സുലഭമായി വളർന്നിരുന്ന സ്ഥലങ്ങളിൽ വീണ്ടും വിളയിക്കാനുള്ള പരിപാടികൾ സർക്കാർ നടപ്പിലാക്കണം. ഈ പരിപാടികളിൽ പുതിയ ഇനങ്ങളുടെ പ്രചരണവും അനിവാര്യമാണ്. സംസ്ഥാനത്തും പുറത്തുമുള്ള ഷോപ്പിങ്മാളുകളിൽ ഈ വിളകളിൽനിന്നും ഉല്പാദിപ്പിക്കുന്ന മൂല്യവർദ്ധിത ഉല്പന്നങ്ങൾക്ക് നല്ല വില ലഭിക്കും.

**22.82 പയറുവർഗ്ഗങ്ങളുടെ പ്രചരണത്തിനായുള്ള നയങ്ങൾ**

22.82.1. ആവശ്യമായ പയറുവർഗ്ഗങ്ങളിൽ വളരെക്കുറച്ചുമാത്രമേ കേരളം ഉല്പാദിക്കുന്നുള്ളു. ഇന്ത്യയിൽ പയറുവർഗ്ഗങ്ങളുടെ ഉല്പാദനക്ഷമത വർഷാവർഷം കുറഞ്ഞുവരികയാണ്. കേരളത്തിൽ പയറുവർഗ്ഗങ്ങൾ അധികമായി കൃഷിചെയ്യുന്നില്ലെങ്കിലും നമ്മുടെ അടുക്കളയിൽ ഒഴിച്ചുകൂടാനാവാത്ത ഒരു വസ്തുവാണിത്. കമ്പോളത്തിൽ വളരെ ലാഭകരമായ വില ഇതിനു ലഭിക്കും. കേരളത്തിനാവശ്യമായ പയറുവർഗ്ഗങ്ങൾ അയൽസംസ്ഥാനങ്ങളിൽ നിന്നുമാണ് വരുന്നത്. യോജിച്ചയിനങ്ങൾ തെരഞ്ഞെടുത്ത് കൃഷിയിറക്കി പരമാവധി സ്ഥലം പയറുവർഗ്ഗകൃഷിക്കായി പ്രയോജന പ്പെടുത്താനാവും. പരമ്പരാഗതമല്ലാത്ത സ്ഥലത്ത് പയറുവർഗ്ഗക്കൃഷിയ്ക്ക് തുടക്കമിടുകയെന്നതും സർവ്വപ്രധാനമാണ്.

**22.83 നയം 169. പരമ്പരാഗതമായ പ്രദേശങ്ങളിലും പുതിയ ഇടങ്ങളിലും നെല്പ്പാടങ്ങൾ പ്രയോജനപ്പെടുത്തി പയറുവർഗ്ഗങ്ങൾ പ്രചരിപ്പിക്കുന്നതിനായുള്ള പരിപാടികൾ ഉണ്ടാവണം.**

22.83.1. കേരളത്തിലെ ചില പരമ്പരാഗതമേഖലകളിൽ പയറുവർഗ്ഗവിളകളായ തുവര, ഉഴുന്ന്, ചെറുപയർ, കുറ്റിപ്പയർ, മുതിര തുടങ്ങിയവ

കൃഷി ചെയ്യുന്നുണ്ട്. ഇത് വ്യാപിപ്പിക്കുകയും, പരമ്പരാഗതമല്ലാത്ത മറ്റു സ്ഥലങ്ങളിൽക്കൂടി നെല്പ്പാടങ്ങൾ ഉപയോഗപ്പെടുത്തി പയറുവർഗ്ഗങ്ങൾ കൃഷിയിറക്കുകയും വേണം.

**22.84 കേരളത്തിലെ തേനീച്ചവളർത്തലുമായി ബന്ധപ്പെട്ട നയങ്ങൾ**

22.84.1. 1990 വരെ ഇന്ത്യയിലെ തേനുല്പാദനത്തിൽ മുഖ്യപങ്ക് കേരളത്തിനായിരുന്നു. തേനീച്ചക്ക് അനുയോജ്യമായ വൈവിധ്യമാർന്ന പൂക്കളുടെ ലഭ്യത കാരണം തേനീച്ചവളർത്തലിന് നല്ല സാധ്യതയാണ് കേരളത്തിനുള്ളത്. ഭൂമിശാസ്ത്രപരമായ വ്യത്യസ്തത തേനീച്ചകളുടെ സവിശേഷതയാണ്. സംസ്ഥാനത്ത് നാല് വർഗ്ഗത്തിൽപ്പെട്ട തേനീച്ചകളുണ്ട് (*എപ്പിസ് ഡൊർസാറ്റ*, *എപ്പിസ് ഫ്ളോറിയ*, *എപ്പിസ് സെറാന ഇൻഡിക്ക*, ഇറ്റാലിയൻ തേനീച്ചയായ *എപ്പിസ് മെല്ലിഫെറ*). വാണിജ്യാടിസ്ഥാനത്തിലുള്ള തേനീച്ച വളർത്തലിന് തദ്ദേശവർഗ്ഗമായ (*എപ്പിസ് സെറാന ഇൻഡിക്ക*) ഞൊടിയൻ ഈച്ചയാണ് ഉപയോഗിക്കുന്നത്. മറ്റൊരു വിജയസാദ്ധ്യതയുള്ള വർഗ്ഗം - കുത്താത്ത തേനീച്ചയായ *ട്രിഗൊണ ഇറിഡിപെന്നിസ്* ഉം സംസ്ഥാനത്ത് വ്യവസായികാവശ്യത്തിനായി വളർത്തുന്നുണ്ട്.

22.84.2. തേനീച്ചയുടെ വളർച്ചയ്ക്കും വികാസത്തിനും ആവശ്യമായ പൂമ്പൊടിയുടെയും തേനിന്റെയും ലഭ്യതയാണ് വിജയകരമായ തേനീച്ച വളർത്തലിന് ആശ്രയം. ഏകദേശം 9.3 ലക്ഷം ഹെക്ടർ സ്ഥലത്ത് വളരുന്ന തെങ്ങാണ് തേനീച്ചയ്ക്ക് ധാരാളമായി പൂമ്പൊടി നൽകുന്നത്. ഒരു വർഷം ആരോഗ്യമുള്ള തെങ്ങിൽ ഏകദേശം 12-16 തെങ്ങിൻപൂക്കുല ഉണ്ടാവുകയും അതിലെ ഒരു പൂക്കുലയിൽ നിന്നും 272 ദശലക്ഷം പൂമ്പൊടി കിട്ടുകയും ചെയ്യുന്നു. തെങ്ങ് വർഷം മുഴുവൻ തേനീച്ചയ്ക്കാവശ്യമായ പൂമ്പൊടി നൽകുന്നതിനാൽ തേനീച്ചയ്ക്ക് പൂമ്പൊടിയുടെ ക്ഷാമം അനുഭവപ്പെടില്ല. ഇതിനുപുറമെ 5.5 ലക്ഷം ഹെക്ടർ ഭൂവിസ്തൃതിയിൽ വളരുന്ന റബ്ബർ (*ഹെവിയ ബ്രസീലിയൻസിസ്*), തേൻ നല്കുന്ന മറ്റൊരു നല്ല സ്രോതസ്സാണ്. റബ്ബർ തോട്ടത്തിൽ തേനീച്ചക്കോളനികൾ സ്ഥാപിക്കുമ്പോൾ ഓരോ കൂട്ടിൽനിന്നും പരമാവധി തേൻലഭിച്ചത് ഒരു ഹെക്ടറിൽ 10 കോളനികൾ വീതം സ്ഥാപിച്ചപ്പോഴായിരുന്നു എന്ന് തേനീച്ചയെക്കുറിച്ചുള്ള ദേശീയ ഏകോപിത ഗവേഷണ പദ്ധതി (AICRP) തെളിയിച്ചിട്ടുണ്ട്.

**22.85 നയം 170. അഞ്ച് വർഷത്തിനുള്ളിൽ കേരളത്തിലെ തേനീച്ചക്കോളനികളുടെ എണ്ണം ഇപ്പോഴത്തെ 6 ലക്ഷത്തിൽ നിന്നും 30 ലക്ഷമായി ഉയർത്തുന്നതിനായുള്ള പദ്ധതികൾ ആവിഷ്കരിക്കണം.**

22.85.1. പൂക്കളുടെ ലഭ്യത നോക്കുമ്പോൾ 55 ലക്ഷം ഇന്ത്യൻ തേനീച്ചക്കോളനികൾ വളർത്താനുള്ള സാദ്ധ്യത കാണുന്നു. പക്ഷേ, ഇപ്പോൾ ആകെ 6 ലക്ഷം കോളനികളേ ഉള്ളൂ. 49 ലക്ഷം കോളനികൾ അധികമായി വളർത്താനുള്ള സാധ്യതയുണ്ട് എന്നാണിത് വ്യക്തമാക്കുന്നത്. തേനീച്ചവർഗ്ഗങ്ങളെ സംരക്ഷിക്കുന്നതും തേനീച്ചക്കൃഷി പ്രോത്സാഹിപ്പിക്കുന്നതും വിവിധ കാർഷിക-ഉദ്യാനവിളകളിലെ പരാഗണം കൂട്ടുകയും വിളവ് വർദ്ധിപ്പിക്കുകയും, അങ്ങിനെ ഭക്ഷ്യസുരക്ഷയ്ക്ക് സഹായകമാവുകയും ചെയ്യും.അതിനാൽ 5 വർഷത്തിനുള്ളിൽ കുറഞ്ഞത് 30 ലക്ഷം തേനീച്ച ക്കോളനികളെങ്കിലും വളർത്താൻ പാകത്തിൽ പദ്ധതികൾ വികസിപ്പിക്കണം.

**22.86 നയം 171. സ്ത്രീകൾക്കും, ചെറുപ്പക്കാർക്കും, നാമമാത്ര കർഷകർക്കും, സ്വയം സഹായസംഘങ്ങൾക്കും അനുയോജ്യമായ ഉപജീവന മാർഗ്ഗമായി തേനീച്ചവളർത്തൽ പ്രചരിപ്പിക്കുകയും; തേനീച്ച കർഷകരുടെ എണ്ണം ഇപ്പോഴത്തെ 1 ലക്ഷത്തിൽ നിന്നും 2 ലക്ഷമായി ഇരട്ടിപ്പിക്കുകയും; *തേൻ ഗ്രാമങ്ങൾ* എന്ന ആശയം യാഥാർത്ഥ്യമാക്കുകയും വേണം.**

22.86.1. ഇപ്പോൾ ഒരു ലക്ഷം യുവകർഷകർ തേനീച്ചക്കൃഷി പ്രധാന തൊഴിലായോ ഉപ തൊഴിലായോ വിനോദമായോ ഏറ്റെടുത്തിരിക്കുന്നു. സംസ്ഥാനത്തെ വാർഷിക തേനുല്പാദനം 6000 ടൺ ആണ്. ധാരാളം തൊഴിൽരഹിത ചെറുപ്പക്കാരും, സ്ത്രീകളും, സ്വയംസഹായഗ്രൂപ്പുകളും ഈ വ്യവസായം ഏറ്റെടുക്കാൻ മുന്നോട്ടുവരുന്നു, തേനീച്ചക്കൃഷി പ്രോത്സാഹിപ്പിക്കുന്നത് അവരുടെ ജീവിത മാർഗ്ഗങ്ങൾ മെച്ചപ്പെടുത്താനും സ്ത്രീശാക്തീകരണത്തിനും വഴിതെളിക്കുന്നു.

22.86.2. തേനീച്ചകളിലൂടെ നടക്കുന്ന പരാഗണം വിളകളുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനാൽ തേനീച്ചകളുടെ സംരക്ഷണവും വർദ്ധനവും കർഷകസമൂഹത്തിന് നേട്ടംതന്നെയാണ് സമ്മാനിക്കുക. ഏലത്തോട്ടങ്ങളിൽ തേനീച്ചയാണ് പരാഗണത്തിനായുള്ള ഏക ഉപാധി. തേനീച്ചവഴി പരാഗണം നടക്കുന്ന തെങ്ങ്, കശുമാവ്, കാപ്പി, പച്ചക്കറി തുടങ്ങിയ വിളകളിൽ തേനീച്ച മൂലമുള്ള ഉല്പാദനവർദ്ധനവ് 20–40% ആണ്. എല്ലാ ജില്ലകളിലും തേനീച്ചവളർത്തൽ വഴി ഭക്ഷ്യസുരക്ഷ, ഭക്ഷ്യവൈവിദ്ധ്യങ്ങൾ, ഉല്പാദനക്ഷമത എന്നിവ വർദ്ധിപ്പിക്കാൻ സാധിക്കുന്നുണ്ട്. വിളപരിപാലന പ്രവർത്തനങ്ങളിലെ അത്യാവശ്യ ഘടകമാണ് തേനീച്ച വളർത്തൽ. അതുകൊണ്ടു തന്നെ അത് കൃഷിയിലെയും അവിഭാജ്യ ഘടകമാണ്. അതിനാൽ തേനീച്ചക്കർഷകരുടെ എണ്ണം അഞ്ച് വർഷത്തിനുള്ളിൽ 2 ലക്ഷമായി വർദ്ധിപ്പിക്കാനുള്ള എല്ലാ നടപടികളും സ്വീകരിക്കണം.

## 22.87 തോട്ടവിളകളുമായി ബന്ധപ്പെട്ട നയങ്ങൾ

22.87.1. കേരളത്തിലെ ഫലഭൂയിഷ്ഠമായ ആസ്തിയായി തീർന്നിരിക്കുകയാണ് തോട്ടംമേഖല. രാജ്യത്ത് തോട്ടവിളവ്യവസായം എന്ന ആശയം തന്നെ കേരളത്തിന്റെ സംഭാവനയാണ്. കേരളത്തിലെ മൊത്തം കൃഷിഭൂമിയുടെ 27% തോട്ടവിളയാണ്. ഒരോ വർഷവും ശതലക്ഷക്കണക്കിന് കോടി രൂപയാണ് ഈ രംഗത്ത് നിന്ന് ആദായമായി ലഭിക്കുന്നത്. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ പ്ലാന്റേഷൻ വ്യവസായം സമ്പാദിച്ച വിദേശധനം ഏകദേശം 60,000 കോടി രൂപയാണ്. ഇതിനുപകരമായി റബ്ബർ വ്യവസായം മാത്രം നടത്തിയ ഇറക്കുമതി 7000 കോടി രൂപയ്ക്കുള്ളതാണ്. സംസ്ഥാനത്തെ മൊത്ത ആഭ്യന്തര ഉല്പാദനത്തിൽ (GSDP) കാർഷികമേഖലയുടെ സംഭാവന 40,000 കോടി രൂപയായിരുന്നു എന്നത് ഇതോടൊപ്പം ചേർത്ത് കാണേണ്ടതുണ്ട്. തോട്ടംമേഖലയെന്ന നിലയിൽ പശ്ചിമഘട്ടപ്രദേശങ്ങൾ സമീപിക്കപ്പെട്ടത് തദ്ദേശവാസികൾ വഴിയായിരുന്നെങ്കിലും അതിനുപിന്നിൽ വിദേശികളുടെ സമ്മർദ്ദമുണ്ടായിരുന്നു. ഇന്ന് ലക്ഷക്കണക്കിനുപേർക്ക് മികച്ച ജീവിതസംരക്ഷണവും തൊഴിലവസരങ്ങളും ഉറപ്പു നൽകുന്ന തോട്ടംമേഖല കേന്ദ്ര- സംസ്ഥാന സർക്കാരുകൾക്ക് മികച്ച നികുതിവരുമാനവും ലഭ്യമാക്കുന്നു.

22.87.2. ഭൂദാരിദ്ര്യമനുഭവിക്കുന്ന കേരളം പോലൊരു സംസ്ഥാനത്ത് കൂടുതൽ ഭൂമിയിൽ കൃഷിയിറക്കുക എന്നത് ഭാവിയിൽ സങ്കല്പിക്കാൻ പോലുമാവില്ല. തോട്ടംമേഖലയിൽ പ്രത്യേക സമീപനം ആവശ്യമാണെന്ന് ഇത് ഓർമ്മിപ്പിക്കുന്നു. ഏതെങ്കിലും ഒരു വിള മാത്രമായി വൻ തോതിൽ കൃഷിചെയ്യുകയും ഉല്പന്നങ്ങൾ സംസ്കരിച്ച് പൊതിഞ്ഞ് ഭദ്രമാക്കി സ്വദേശവിപണികളിലേക്കോ വിദേശ ത്തേക്കൊ അയയ്ക്കുകയുമാണ് തോട്ടക്കൃഷിയുടെ രീതി. കോളനിവാഴ്ചയുടെ സൃഷ്ടികളായി വിദേശക്കമ്പനികൾ, വിശിഷ്യാ, ബ്രിട്ടീഷ് കമ്പനികളുടെ ഉടമസ്ഥതയിലായിരുന്നു എന്നതുകൊണ്ടു തന്നെ ഇത്തരം തോട്ടങ്ങൾ എന്നും ചുറ്റുമുള്ള തദ്ദേശീയ കാർഷികവ്യവസ്ഥയിൽ നിന്നും ഒറ്റപ്പെട്ടുനിന്നിരുന്നു. എന്നാൽ യഥാർത്ഥത്തിൽ ഇവ നമ്മുടെ കാർഷികമേഖലയിൽ, പ്രത്യേകിച്ച്, വിളപരിപാലനവിഭാഗത്തിലാണ് ഉൾപ്പെടുത്തേണ്ടത്.

**22.88 നയം 172. തോട്ടംവിളയായി പ്രഖ്യാപിച്ചിട്ടില്ലാത്ത മറ്റൊരു വിളയും കൃഷിയിറക്കാനായി പരമ്പരാഗത തോട്ടങ്ങളുടെ ഭൂമി ഉപയോഗപ്പെടുത്താൻ പാടില്ല.**

22.88.1. തോട്ടംമേഖലയുടെ പരിരക്ഷക്കായി പുതിയൊരു വികസനസമീപനം അടിയന്തിര മായി ഉണ്ടാവണം. പരിസ്ഥിതിപരമായും കാലാവസ്ഥാപരമായും അനുയോജ്യമായ ഇടങ്ങളിലൊക്കെ തേയിലയും കാപ്പിയും ഏലവും ഇപ്പോൾ റബ്ബറും വളരുന്നുണ്ട്. ഈ വിളകളുടെ പരിപാലനത്തിലും സംസ്കരണ ത്തിലുമുള്ള പ്രത്യേകതകൾ കണക്കി ലെടുത്താണ് ഭൂപരിഷ്കരണ നിയമത്തിൽ പ്പോലും തോട്ടംമേഖലക്ക് പ്രത്യേക പദവി നൽകിയത്. ഭൂപരിധി നിയന്ത്രണങ്ങളിൽ നിന്നും തോട്ടങ്ങൾ ഒഴിവാക്കപ്പെട്ടു. നിലവിലെ സാഹചര്യത്തിൽ പുതിയ കൃഷിയിടങ്ങൾ ലഭ്യമല്ലാത്തതിനാൽ, നിലവിലുള്ള തോട്ടങ്ങളിലെ കൃഷി യോഗ്യമായ മുഴുവൻഭൂമിയിലും നിശ്ചിത വിളകൾ പരമാവധി കൃഷിയിറക്കാൻ നിർബന്ധിക്കുന്ന നയം രൂപപ്പെടുത്തേ ണ്ടിയിരിക്കുന്നു. നിർദ്ദിഷ്ട വിളകളല്ലാതെ മറ്റൊരുവിളയും വളർത്താനായി ഈ തോട്ടങ്ങൾ ഉപയോഗിക്കപ്പെടരുത്. ഈ വിളകൾക്ക് അനുയോജ്യമായ മറ്റിടങ്ങ ളൊന്നും കൂടുതലായി ലഭ്യമല്ലാത്തതിനാൽ നിലവിലെ തോട്ടങ്ങൾക്ക് ക്ഷയമുണ്ടാവുന്ന ഒരു പ്രവൃത്തിക്കും - വൻതോതിലുള്ള കാലി മേച്ചിലും വിനോദസഞ്ചാരവും ആതിഥ്യ കേന്ദ്രങ്ങളുൾപ്പെടെ - ഉപയോഗപ്പെടുത്താൻ പാടില്ല. ഇത് കർക്കശമായി പാലിക്കേണ്ട തുണ്ട്. ഒപ്പംതന്നെ പുതിയചെടികൾ വച്ചു പിടിപ്പിക്കൽ, ജലസംരക്ഷണം, ഉല്പന്ന ങ്ങളുടെ മൂല്യവർദ്ധന തുടങ്ങിയവയിലൂടെ തോട്ടങ്ങളുടെ നിലവാരമുയർത്താനായി വായ്പാ സൗകര്യങ്ങളും നികുതിയിളവുകളും സാങ്കേതികവിദ്യാനവീകരണവുമുൾപ്പെടെ യുള്ള പ്രോത്സാഹനങ്ങൾ ലഭ്യമാക്കണം. മിക്കവാറും തോട്ടങ്ങളിലെ നിലവിലുള്ള ചെടികൾ അവയുടെ പ്രതീക്ഷിത ആയുസ്സു പോലും കഴിഞ്ഞവയാണ് എന്നത് ഇവയെ പുനരുജ്ജീവിപ്പിക്കേണ്ടതിന്റെ ആവശ്യകത ഊന്നിപ്പറയുന്നു. നിരവധി തേയിലത്തോട്ട ങ്ങളിൽ ഇപ്പോഴും നമുക്ക് 100 വർഷത്തിലേറെ പ്രായമുള്ള ചെടികൾ കാണാം.

22.88.2. തോട്ടംമേഖല കേരളത്തിന്റെ സമ്പത്താവുന്നത് അവിടെനിന്നും ലഭിക്കുന്ന കാർഷികോല്പന്നങ്ങൾ കൊണ്ടുമാത്രമല്ല; മറിച്ച് ആയിരക്കണക്കിനു സാധാരണ മനുഷ്യരുടെ തൊഴിലിടങ്ങളാണവ. വർഷാ വർഷം തോട്ടങ്ങളിൽനിന്നും കോടിക്കണ ക്കിന് രൂപയാണ് വിവിധ നികുതികളായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് ലഭിക്കു ന്നത്. ഇതൊക്കെ വിരൽചൂണ്ടുന്നത് തോട്ട ങ്ങൾ എല്ലാ അർത്ഥത്തിലും കൃഷിയുടെ നിർവചനത്തിൽ ഉൾപ്പെടണം എന്നാണ്. അവ സംരക്ഷിക്കപ്പെടുകയും അഭിവൃദ്ധിപ്പെടു കയും ചെയ്യുന്നതിലൂടെ അതിവേഗം മാറി ക്കൊണ്ടിരിക്കുന്ന സമൂഹത്തിന്റെയും വ്യാപാരത്തിന്റെയും കയറ്റുമതിയുടെയും ആവശ്യങ്ങൾ വലിയൊരളവിൽ നിറവേറ്റ പ്പെടും. സംസ്ഥാനത്തിനും രാഷ്ട്രത്തിനും ഒരുപോലെ മുതൽക്കൂട്ടാവും ഇത്.

**22.89 നയം 173: തോട്ടവിളകൾ കൃഷിചെയ്യാൻ നൽകിയിട്ടുള്ള സർക്കാർ ഭൂമിയുടെ പാട്ടത്തുക 5 വർഷത്തി ലൊരിക്കൽ ശാസ്ത്രീയമായി പുനർ നിർണ്ണയം ചെയ്യേണ്ടതാണ്.**

22.89.1 പാട്ടത്തുക കാലാകാലങ്ങളിൽ പുനർനിർണ്ണയിക്കാത്തതിനാൽ പാട്ടത്തിന് നൽകിയിട്ടുള്ള ആയിരക്കണക്കിന് ഹെക്ടർ ഭൂമിയിൽ നിന്നും പിരിഞ്ഞുകിട്ടേണ്ട ഭീമമായ തുക ഖജനാവിന് നഷ്ടമാവുകയാണ്.

22.89.2 കേരള ഗ്രാന്റ്സ് ആന്റ് ലീസസ് (മോഡിഫിക്കേഷൻ ഓഫ് റൈറ്റ്സ്) നിയമം 1980 ലെ ബന്ധപ്പെട്ട വകുപ്പുകൾക്കനുസരിച്ച് ചട്ടങ്ങളിൽ ഭേദഗതി വരുത്തി പാട്ടത്തുക ശാസ്ത്രീയമായി നിർണ്ണയിച്ച് സമയ ബന്ധിതമായി പിരിച്ചെടുത്ത് സർക്കാരിൽ മുതൽക്കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരി ക്കേണ്ടതാണ്.

# 23. സംസ്ഥാന വളർത്തുമൃഗ വികസനനയം

23.1. 2007-ലെ സെൻസസ് പ്രകാരം കേരളത്തിലെ കന്നുകാലിസമ്പത്ത് 17.5 ലക്ഷമാണ്. മൃഗസംരക്ഷണപദ്ധതികളുടെ വിജയത്തിന് ഓരോ ഉരുവിലും ഓരോ കർഷകനിലും ശ്രദ്ധ കേന്ദ്രീകരിക്കേണ്ടിയിരിക്കുന്നു. വികസന നയരൂപവല്കരണവേളയിൽ ഉരുവിനും ഉടമയ്ക്കും തുല്യപ്രാധാന്യം നൽകേണ്ടത് അത്യന്താപേക്ഷിതമാണ്. ഈ ലക്ഷ്യംനേടാൻ ഇനിപ്പറയുന്ന നയങ്ങൾ സഹായകരമാകും.

**23.2 നയം 174. സംസ്ഥാനത്ത് നിലവിലുള്ള വളർത്തുമൃഗങ്ങളുടെ ഉല്പാദനക്ഷമത വിശകലനംചെയ്യുകയും ഒപ്പം *അനിമൽ പെർഫോമൻസ് ആൻഡ് കൺട്രോൾ* എന്ന പദ്ധതിയിലൂടെ അവയെ നിരന്തര നിരീക്ഷണത്തിനും വിശകലനത്തിനും വിധേയമാക്കി ഉല്പാദനക്ഷമത വർദ്ധിപ്പിച്ച് കർഷകരെ സഹായിക്കുകയും ചെയ്യും.**

23.2.1. ആധുനിക സാങ്കേതികവിദ്യയുടെ സാദ്ധ്യതകൾ ഉപയോഗപ്പെടുത്തി കേരളത്തിലെ കന്നുകാലികളുടെ വിശദമായ ഒരു വിവരശേഖരം തയ്യാറാക്കുകയും അതുപയോഗപ്പെടുത്തി കാലികളുടെ ആരോഗ്യരക്ഷ, രോഗനിയന്ത്രണ പ്രവർത്തനങ്ങൾ, പ്രതിരോധ കുത്തിവെയ്പ്, പ്രജനന പരിപാടികൾ തുടങ്ങിയവയുടെ ആസൂത്രണവും നടത്തിപ്പും കുറ്റമറ്റതാക്കാൻ കഴിയുകയും ചെയ്യും. മറ്റിടങ്ങളിൽനിന്നും പടർന്നു പിടിക്കുന്ന രോഗങ്ങളുടെ ഉറവിടം കണ്ടെത്താനും ഈ സംവിധാനം സഹായിക്കും. ഇതിനായി RFID പോലുള്ള ആധുനിക സാങ്കേതികവിദ്യകൾ ഉപയോഗിക്കാവുന്നതാണ്.

23.2.2. 2011 -12 സാമ്പത്തികവർഷത്തിൽ നമ്മുടെ സംസ്ഥാനത്ത് 33.72 ലക്ഷം ടൺ പാൽ, 4.95 ലക്ഷം ടൺ മാംസം, 594 കോടി മുട്ട എന്നിവയുടെ ആവശ്യം ഉണ്ടായിരുന്നപ്പോൾ ഇവയുടെ ഉല്പാദനം യഥാക്രമം 27.13 ലക്ഷം ടൺ പാൽ, 3.4 ലക്ഷം ടൺ മാംസം, 170 കോടി മുട്ട എന്ന തോതിൽ മാത്രമായിരുന്നു. ഇങ്ങനെയുള്ള പ്രകടമായ വ്യത്യാസത്തെ ഇല്ലാതാക്കാൻ ആധികാരികമായ വിവരശേഖരം അത്യാവശ്യമാണ്. അതിന് ഏറ്റവും ഉചിതമാണ് RFID ഉപയോഗിച്ചുള്ള വിവരശേഖരണവും വിശകലനവും.

23.2.3. RFID ഉപയോഗിച്ചുള്ള വിശകലനപദ്ധതിയിലൂടെ ഒരു വെറ്ററിനറി സർജന് തന്റെ അധീനതയിലുള്ള ഓരോ ഉരുവിന്റെയും വിശദാംശങ്ങൾ വിരൽത്തുമ്പിൽ ലഭിക്കും. ഒരു ഉരുവിന്റെ രോഗപ്രതിരോധം, കൃത്രിമ ബീജസങ്കലനം, പ്രതിരോധ കുത്തിവെയ്പ് തുടങ്ങിയവയെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചുവയ്ക്കാനും അതിലൂടെ ഭാവിയിൽ ചെയ്യേണ്ട കാര്യങ്ങൾ സമയബന്ധിതമായി ചെയ്യാനും കഴിയും. ഇപ്രകാരം സംസ്ഥാനത്തെ മുഴുവൻ ഉരുക്കളുടേയും വിവരങ്ങൾ ശേഖരിക്കുന്നതിലൂടെ സകലമാന വികസന പ്രവർത്തനങ്ങൾക്കും ഇതൊരടിസ്ഥാനരേഖയാകുകയും നയരൂപവല്കരണത്തിൽ കാലോചിതമായ ഇടപെടലുകൾ നടത്താൻ സഹായിക്കുകയും ചെയ്യും.

23.2.4. RFID സാങ്കേതികവിദ്യയെ Android ആപ്ലിക്കേഷൻ, ക്ലൗഡ് കംപ്യൂട്ടിങ്ങ് എന്നിവയുമായി ബന്ധപ്പെടുത്തിയാൽ പ്രാദേശികമായി പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർക്ക് തങ്ങളുടെ പ്രദേശത്തെ വളർത്തുമൃഗങ്ങളുടെ സകലവിവരങ്ങളും ടാബ്ലെറ്റ് കംപ്യൂട്ടർ, മൊബൈൽഫോൺ എന്നിവയിലൂടെ ലഭ്യമാ

കുന്നതാണ്. ഇതിനാൽ കാലതാമസമില്ലാതെ മൃഗസംരക്ഷണ പ്രവർത്തനങ്ങൾ നടത്താൻ അവർക്ക് സാധിക്കും.

23.2.5. ലഭ്യമായ കന്നുകാലി സമ്പത്ത് ഗുണ നിലവാരമുള്ളതാക്കുന്നതിന്റെ ആദ്യപടിയായി ICT ആശ്രയിച്ചുള്ള Animal Performance & Control സംവിധാനം എത്രയും പെട്ടെന്ന് നട പ്പിൽവരുത്തുവാനുള്ള നടപടികൾ സർക്കാർ കൈക്കൊള്ളേണ്ടതാണ്.

**23.3 നയം 175. മുഴുവൻസമയ അടിയന്തിര മൃഗചികിത്സാ സംവിധാനത്തിന്റെ പ്രയോ ജനം സംസ്ഥാനത്തെ എല്ലാ കന്നുകാലി കർഷകർക്കും ഉറപ്പുവരുത്തണം.**

23.3.1. ഒരു സങ്കരയിനം കന്നുകാലിയെ വളർത്തിയെടുക്കാൻ ഏകദേശം 50000 രൂപ ചെലവ് വരുമെന്ന് സ്ഥിതിവിവരക്കണക്കുകൾ പരിശോധിച്ചാലറിയാം. ആശുപത്രി സമയ ത്തിനു ശേഷമുണ്ടാകുന്ന പ്രസവ സംബന്ധിയായ പ്രശ്നങ്ങൾ, രോഗങ്ങൾ, വിഷബാധ, അകിടുവീക്കം, ഗർഭാശയ രോഗ ങ്ങൾ എന്നിവകാരണം പ്രതിവർഷം 500 കോടി രൂപ സംസ്ഥാനത്തിന് നഷ്ടപ്പെടുന്നുണ്ട്.

23.3.2. കർഷകർക്ക് ഇങ്ങനെയുണ്ടാകുന്ന ഭീമമായ നഷ്ടം തടയുന്നതിനുള്ള ഒരു പോംവഴി ക്ഷീരകർഷകർക്ക് മുഴുവൻസമയ അടിയന്തിര മൃഗചികിത്സാ സഹായം ലഭ്യമാ ക്കുക എന്നതാണ്. ഇതിനായി തദ്ദേശസ്വയം ഭരണവകുപ്പ്, മൃഗസംരക്ഷണവകുപ്പ് എന്നിവ യുടെ സജീവ സഹകരണം അത്യാവശ്യമാ ണ്.

23.3.3. ഇതിനായി മൃഗസമ്പത്തിന്റെ അടി സ്ഥാനത്തിൽ ആവശ്യമുള്ള സ്ഥലങ്ങളിൽ അടിയന്തിര മൃഗചികിത്സാ സഹായകേന്ദ്ര ങ്ങൾ സ്ഥാപിക്കേണ്ടതാണ്. ഇതി നാവശ്യമായ സംവിധാനം VEAP (Vetenary Emergency Assistance Programme) ഏറ്റവും അടി യന്തിരമായി സർക്കാർ നടപ്പിൽ വരുത്തേണ്ടതാണ്. ഇതിനായി വേണ്ടിവരുന്ന ജീവനക്കാർ, അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ലഭ്യമാക്കണം. മാത്രമല്ല തങ്ങളുടെ വിലയേറിയ ഉരുക്കളുടെ ജീവന് സംരക്ഷണം നൽകാമെന്ന ഉറപ്പ് കർഷകർക്ക് നൽകുക എന്നതും പ്രാധാന്യമർഹിക്കുന്നു.

**23.4 നയം 176. പ്രതിരോധ കുത്തിവെയ്പ് മുഖേന സാംക്രമികരോഗവിമുക്തമായൊരു കാലിസമ്പത്ത് ഇവിടെ ലഭ്യമാകുമെന്ന് സംസ്ഥാനത്തെ കർഷകർക്ക് ഉറപ്പ് നൽകു ന്നതിനോടൊപ്പം, നമ്മുടെ സംസ്ഥാനം രോഗ വിമുക്തമേഖലയായി പ്രഖ്യാപിക്കാനും ന ടപടി സ്വീകരി ക്കേണ്ടതാണ്.**

23.4.1. കേരളത്തിന്റെ പ്രത്യേക ഭൂമി ശാസ്ത്രം, മൃഗരോഗവിമുക്തമേഖല (Animal Disease Free Zone - ADFZ) രൂപവല്കരിക്കുന്ന തിൽ വലിയ ഒരളവുവരെ സഹായകരമാണ്. പക്ഷേ മാരകമായ സാംക്രമികരോഗങ്ങ ൾക്കെതിരെ പ്രതിരോധ കുത്തിവെയ്പ് നട ത്തിയ കൃത്യമായ വിവരശേഖരം ലഭ്യമല്ല. ഇത് സാദ്ധ്യമാക്കാനായി *അനിമൽ ഡിസീസ് കൺട്രോൾ പ്രോജക്റ്റ്* ശക്തിപ്പെടുത്തണം. നയരേഖ ഭാഗം 23.2-ൽ പ്രതിപാദിക്കുന്ന പോലെ മൃഗരജിസ്ട്രേഷൻ, നിയന്ത്രണപ്രക്രി യകൾ എന്നിവ നടപ്പാക്കിയാൽ സംസ്ഥാ നത്തെ ഓരോ മൃഗത്തിന്റെയും വാക്സിനേ ഷൻ വിശദാംശങ്ങൾ ലഭ്യമാകുകയും ഭാവി പ്രവർത്തനങ്ങൾക്ക് അവ സഹായകമാവു കയും ചെയ്യും.

23.4.2. ഇതിനെ ആസ്പദമാക്കി സംസ്ഥാ നത്തെ എല്ലാ മൃഗങ്ങളെയും രോഗപ്രതിരോ ധത്തിന് വിധേയമാക്കുന്നതിലൂടെ ആരോ ഗ്യവും ഉയർന്ന ഉല്പാദനക്ഷമതയുമുള്ള കന്നുകാലികളെ വളർത്താനാവുന്ന സാഹ ചര്യം കർഷകർക്ക് ലഭിക്കും.

**23.5 നയം 177. സങ്കര പ്രജനനപരിപാടിയിലൂടെ ലഭ്യമാകുന്ന കന്നുകുട്ടികളിൽ ഏറെയും ഭാവിയിൽ ഉയർന്ന ഉല്പാദനക്ഷമത ലഭിക്കുന്ന പശുക്കുട്ടികൾ ആയിരിക്കുമെന്ന് കർഷകർക്ക് ഉറപ്പ് നൽകണം.**

23.5.1. സങ്കരപ്രജനനംവഴി ലഭ്യമാകുന്ന കന്നുകുട്ടികളിൽ ഏറിയപങ്കും പശുക്കുട്ടികളായിരിക്കണമെന്ന് കർഷകർ നിരന്തരമായി ആവശ്യപ്പെട്ടു വരുന്നു. ഇത് സാദ്ധ്യമാക്കുന്നതോടൊപ്പം അവ ഉയർന്ന ഉല്പാദനക്ഷമത കൂടിയുള്ളവയാണെന്ന് ഉറപ്പുവരുത്തുന്നത് ഉചിതമായിരിക്കും.

23.5.2. വിത്തുകാളയുടെ ഗുണനിലവാര നിർണ്ണയം, ലിംഗനിർണ്ണയം ചെയ്ത ബീജോല്പാദനം ഇവ അടിസ്ഥാനമാക്കി ജനിതകമായ തെരഞ്ഞെടുപ്പിലൂടെ ഉയർന്ന ഉല്പാദനക്ഷമതയുള്ള പശുക്കുട്ടികളെ മാത്രം സൃഷ്ടിക്കാനുള്ള സാങ്കേതികവിദ്യകൾ വികസിതരാജ്യങ്ങളിൽ നിലവിലുണ്ട്. ഇവ കർഷകന് ഉല്പാദനക്ഷമത കൂടിയ കന്നുകാലികളെ ലഭ്യമാക്കുവാനും ഭാവിയിൽ ഉയർന്ന ഉല്പാദനം സൃഷ്ടിക്കുവാനും സഹായകരമാണ്.

23.5.3. വ്യക്തവും സുതാര്യവുമായ ഒരു പ്രജനനരേഖയുള്ള ഏക സംസ്ഥാനമാണ് കേരളം. നാലുവർഷത്തിലൊരിക്കൽ ഈരേഖ സാങ്കേതിക ഉദ്യോഗസ്ഥരും കർഷകരും ഉൾപ്പെടെയുള്ളവരുമായി ചർച്ചചെയ്ത് പുനർവിശകലനം ചെയ്തുവരുന്നു.

23.5.4. സംസ്ഥാനത്തെ കന്നുകാലികളുടെ ദൈനംദിന ശരാശരി പാലുല്പാദനം 9.02 ലിറ്ററാണ്. പക്ഷേ 40 വർഷമായി പ്രതീക്ഷിച്ച ഉല്പാദനവർദ്ധന കണ്ടുവരുന്നില്ല. അതിനാൽ ഓരോ നാലുവർഷം കൂടുമ്പോഴും സംസ്ഥാന മൃഗസംരക്ഷണവകുപ്പ്, കേരള വെറ്ററിനറി സർവ്വകലാശാല, ക്ഷീരവികസന വകുപ്പ്, കന്നുകാലി വികസനബോർഡ്, മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ, സംസ്ഥാനത്തെ ക്ഷീരകർഷക പ്രതിനിധികൾ എന്നിവരെ പങ്കെടുപ്പിച്ച് പ്രജനന നയം പുനർവിശകലനം ചെയ്യേണ്ടതാണ്.

23.5.5. സങ്കര പ്രജനനപരിപാടികളിൽ മുന്നിൽ നിൽക്കുന്ന സംസ്ഥാനമെന്ന നിലയിൽ 2025-ൽ 36 ലക്ഷം ടൺ പാൽ എന്ന വാർഷിക ഉല്പാദനവും ഓരോ പശുവിനും ദിവസം ശരാശരി 15 ലിറ്റർ എന്ന തോതിൽ പാലുല്പാദനവും ലക്ഷ്യമാക്കേണ്ടതാണ്. ഇതിനായി ഉയർന്ന ഉല്പാദനം ഉറപ്പാക്കുന്നതും ലിംഗനിർണ്ണയം സാദ്ധ്യമാകുന്നതുമായ ബീജം പ്രജനനപ്രക്രിയകളിൽ ഉപയോഗിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

23.5.6 പശുക്കൾക്ക് പുറമേ ആട്, പന്നി, മുയൽ എന്നിവയ്ക്ക് പ്രത്യേകം പ്രജനന നയം രൂപവല്കരിക്കേണ്ടതാണ്. ഇവയുടെ സംരക്ഷണം, ജനുസ്സിന്റെ ശുദ്ധീകരണം എന്നിവയായിരിക്കണം നയത്തിന്റെ പ്രധാന ലക്ഷ്യം.

**23.6 നയം 178. ഉല്പാദനക്ഷമത കുറഞ്ഞ മൃഗങ്ങളെ ഭ്രൂണമാറ്റ സാങ്കേതികവിദ്യകളിൽ പോറ്റമ്മയായി ഉപയോഗിക്കാവുന്നതാണ്.**

23.6.1. സംസ്ഥാനത്ത് ഉദ്ദേശം 5000-ൽപരം ഉല്പാദനക്ഷമത കുറഞ്ഞ കന്നുകാലികൾ ജനിക്കുന്നുണ്ട്. സങ്കര പ്രജനനപ്രക്രിയയുടെ ഒരു മറുവശമാണിത്. പൂർണ്ണമായും ജനിതകമായ കാരണങ്ങളാണ് ഇതിന് പിന്നിൽ. ഇത് ഒഴിവാക്കാനാവുകയില്ല. ഉരുക്കളോടുള്ള സ്നേഹവായ്പും ആത്മബന്ധവും കൊണ്ട് പല കർഷകരും ഇവയെ വളർത്തിവരുന്നു. ഈ വിധത്തിൽ പ്രതിവർഷം 25 കോടി രൂപ സംസ്ഥാനത്തിന് നഷ്ടപ്പെടുന്നുണ്ട്.

23.6.2. ഇങ്ങനെയുള്ള കന്നുകാലികളെ ഭ്രൂണമാറ്റ സാങ്കേതികവിദ്യയിൽ പോറ്റമ്മയായി

(Foster mother) ഉപയോഗിക്കാവുന്നതാണ്. ഉയർന്ന ഉല്പാദനക്ഷമതയുള്ള പശുക്കളുടെ ഭ്രൂണം ഇവയിൽ വളർത്തി ഉല്പാദനക്ഷമത കൂടിയ കന്നുകുട്ടികളെ ഉല്പാദിപ്പിക്കുകയാണ് ഈ പ്രക്രിയകൊണ്ട് ഉദ്ദേശിക്കുന്നത്. കുറഞ്ഞ ഉല്പാദനക്ഷമത ഉള്ളവയാണെങ്കിലും ഇവയിലൂടെ ഭ്രൂണമാറ്റ സാങ്കേതിക വിദ്യവഴി ഉയർന്ന പാലുല്പാദനശേഷിയുള്ള കന്നുകുട്ടികളെ ലഭിക്കുന്നതിനാൽ ഇവമൂലമുള്ള സാമ്പത്തികനഷ്ടം വലിയ ഒരളവുവരെ പരിഹരിക്കാൻ കഴിയും. അങ്ങനെ ഇവയെ കർഷകരിൽനിന്നും അകറ്റാതെതന്നെ ഉല്പാദനപ്രക്രിയയിൽ പങ്കാളികളാക്കാമെന്ന നേട്ടവു മുണ്ട്.

23.6.3. പോറ്റമ്മയായി (Foster mother) മാറുന്ന കന്നുകാലികൾക്ക് ഗുണമേന്മയുള്ള പോഷകാഹാരം ഉറപ്പാക്കേണ്ടതാണ്.

**23.7 നയം 179. മൃഗസംരക്ഷണവകുപ്പിന്റെ നിർദ്ദേശപ്രകാരം കർഷകർക്ക് തദ്ദേശീയമായ നാടൻ കന്നുകാലിജനുസ്സുകളെ വളർത്താവുന്നതാണ്. വംശനാശം സംഭവിക്കാതെ ഇവയെ പരിരക്ഷിക്കുകയാണ് ഇതുവഴി ലക്ഷ്യമിടുന്നത്.**

23.7.1. സംസ്ഥാനത്തിന്റെ അംഗീകൃത തദ്ദേശീയ പശു ഇനമാണ് വെച്ചൂർ. താല്പര്യമുള്ള കർഷകർക്ക് ഇവയെ വളർത്താൻ അനുവദിക്കാവുന്നതാണ്. ഇങ്ങനെയുള്ള ജനുസ്സുകൾ നാഷണൽ ബ്യൂറോ ഓഫ് അനിമൽ ജനറ്റിക് റിസോഴ്സസിന്റെ (National Bureau of Animal Genetic Resources -NBAGR) അംഗീകാരം നേടിയിരിക്കണം.

23.7.2. തദ്ദേശീയമായ ഇനം ഉരുക്കളുടെ രജിസ്ട്രേഷന്റെ ചുമതല വഹിക്കുന്നത് കർണാലിൽ ഉള്ള നാഷണൽ ബ്യൂറോ ഓഫ് അനിമൽ ജനറ്റിക് റിസോഴ്സസ് (NBAGR) ആണ്. ഇതുവരെ രാജ്യത്ത് രജിസ്റ്റർ ചെയ്തതിൽ 37 ഇനം കന്നുകാലി, 13 ഇനം എരുമ, 23 ഇനം ആട്, 39 ഇനം ചെമ്മരിയാട്, 6 ഇനം കുതിര, 8 ഇനം ഒട്ടകം, 2 ഇനം പന്നി, ഒരിനം കഴുത, 15 ഇനം കോഴി എന്നിവ ഉൾപ്പെടെ മൊത്തം 144 ഇനം സ്വദേശ മൃഗ-പക്ഷി വർഗ്ഗങ്ങൾ ഉണ്ട്.

23.7.3. ഇനിയും തദ്ദേശീയ ഇനങ്ങളായ ഉരുക്കളുണ്ടെങ്കിൽ കണ്ടെത്തി കർണാലിലുള്ള NBAGR-ന്റെ അനുമതിയോടെ അവയെ സംരക്ഷിക്കാനുള്ള നടപടികൾ സംസ്ഥാനം സ്വീകരിക്കേണ്ടതാണ്.

23.7.4. എന്നാൽ നിലവിൽ സംസ്ഥാനത്തുള്ള സങ്കരയിനങ്ങളുമായി ഇവയെ ഇണചേർക്കാൻ പാടുള്ളതല്ല. ഇവയുടെ പ്രത്യുല്പാദനപരമായ കാര്യങ്ങൾക്കാവശ്യമായ സഹായം കർഷകർക്ക് പ്രത്യേകം നൽകേണ്ടതാണ്. തദ്ദേശീയ ഇനങ്ങളുടെ സങ്കരപ്രജനനവുമായി ബന്ധപ്പെട്ട വിഷയങ്ങൾ ഒരു രജിസ്റ്റേർഡ് വെറ്ററിനേറിയന്റെ മേൽനോട്ടത്തിൽ മാത്രമേ നടത്താൻ പാടുള്ളു.

23.7.5. മാംസം, പാൽ, തോൽ, രോമം എന്നിവയുടെ മികച്ച മറ്റൊരു സ്രോതസ്സാണ് ആടുകൾ. ഗ്രാമതലത്തിൽ സ്ത്രീകൾ ഉൾപ്പെടെയുള്ള നാമമാത്ര കർഷകർക്ക് ഒരു ഉപജീവനമാർഗ്ഗമാണ് ആട്വളർത്തൽ. എന്നാൽ നിലവിലുള്ള ആടിനങ്ങൾ, അവയുടെ വൈവിദ്ധ്യം തുടങ്ങിയ കാര്യങ്ങളിലുള്ള അജ്ഞതമൂലം ആടുവളർത്തലിൽനിന്നും പരമാവധി നേട്ടമുണ്ടാക്കാൻ കഴിയാതെ വരുന്നു. ഇത് കേരളത്തിന്റെ തനതിനങ്ങളായ മലബാറി, അട്ടപ്പാടി ബ്ലാക്ക് തുടങ്ങിയവയുടെ സംരക്ഷണം, വർഗ്ഗശുദ്ധിവരുത്തൽ, മെച്ചപ്പെടുത്തൽ തുടങ്ങിയവയുടെ ആവശ്യകത അനിവാര്യമാക്കുന്നു.

23.7.6. ഉയർന്ന ഗുണമേന്മയുള്ള മാംസത്തിന്റെ സ്രോതസ്സാണ് പന്നികൾ. ഭേഗി, ഖൗരി, അങ്കമാലി എന്നിവയാണ് ഭാരതത്തിലെ തദ്ദേശീയ ഇനങ്ങൾ. വിദേശയിനം പന്നികളുമായി താരതമ്യംചെയ്യുമ്പോൾ

വളർച്ചാനിരക്ക് കുറവാണെങ്കിലും മികച്ച രോഗപ്രതിരോധശേഷിയും താപപ്രതിരോധശേഷിയും ഇവയുടെ പ്രത്യേകതയാണ്. മാത്രമല്ല, വിദേശയിനത്തേക്കാൾ കൊഴുപ്പ് കുറഞ്ഞ മാംസം ഇവ നൽകുന്നു.

23.7.7. സംസ്ഥാനത്തെ നാടൻ ഇനമായ അങ്കമാലി പന്നിയുടെ രോഗപ്രതിരോധശേഷി കണക്കിലെടുത്താവണം അവയുടെ പ്രജനനപ്രക്രിയ നടത്തേണ്ടത്.

23.7.8. പ്രത്യുല്പാദനത്തിനായി രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും സംസ്ഥാനത്തേക്ക് കന്നുകാലികളെ കൊണ്ടുവരുന്നത് നിയന്ത്രിക്കാനായി നിയമം നിർമ്മിക്കണം. അന്യപ്രദേശങ്ങളിൽ നിന്നും സംസ്ഥാനത്ത് ജന്തുരോഗങ്ങൾ പടരാതിരിക്കാൻ നിയമം നിർബന്ധമാക്കണം. ഈ നിയന്ത്രണം തദ്ദേശീയ ഇനങ്ങളുടെ ജനിതകമൂല്യം സംരക്ഷിക്കാനും സഹായിക്കും. എന്നാൽ ഏതെങ്കിലും കർഷകൻ സംസ്ഥാനത്തിന് പുറത്തുനിന്നും മൃഗങ്ങളെ കൊണ്ടുവരുന്നുണ്ടെങ്കിൽ അത് മൃഗസംരക്ഷണഡയറക്ടറുടെ അനുമതിയോടെ മാത്രമായിരിക്കണം.

**23.8 നയം 180. സംസ്ഥാനത്തെ ഓരോ കർഷകനും ഒരു പശുവിൽനിന്നും ഒരു വർഷം ഒരു കന്നുകുട്ടിയെ ലഭിക്കുന്നു എന്ന് ഉറപ്പുവരുത്തണം.**

23.8.1. സങ്കരയിനം കന്നുകാലികളിൽ വന്ധ്യത ഒരു സാധാരണ സംഭവമാണ്. എന്നാൽ 99 ശതമാനവും ചികിത്സിച്ച് ഭേദമാക്കാം. വന്ധ്യതമൂലം സംസ്ഥാനത്ത് പ്രതിവർഷം 200 കോടിരൂപയുടെ നഷ്ടം സംഭവിക്കുന്നു. പാലുല്പാദനവും സ്വയംതൊഴിലും പ്രദാനംചെയ്യുന്ന കന്നുകാലി വളർത്തലിൽ വന്ധ്യത കർഷകന് വലിയ വരുമാനനഷ്ടമുണ്ടാക്കുന്നു. വന്ധ്യതമൂലം ഒരു പശുവിന്റെ ഉല്പാദനനഷ്ടം ഒരുമാസം നീണ്ടുപോയാൽ പ്രതിമാസം 8000 രൂപയുടെ നഷ്ടമാണുണ്ടാകുന്നത് എന്ന് സ്ഥിതിവിവരക്കണക്കുകൾ വ്യക്തമാക്കുന്നു.

23.8.2. വന്ധ്യതമൂലം ഉല്പാദനംകുറഞ്ഞ പശുക്കളെ കർഷകർ മാംസത്തിനായി വിറ്റുകളയുകയാണ് പതിവ്. എന്നാൽ ഇങ്ങനെയുള്ള അവസരങ്ങളിൽ ഉയർന്ന ജനിതകഗുണമുള്ള ഉരുക്കളെയാണ് സംസ്ഥാനത്തിന് നഷ്ടപ്പെടുന്നത്. മാത്രമല്ല, അവയിൽ നിന്നുമുണ്ടാകേണ്ടിയിരുന്ന ഉല്പാദനക്ഷമതകൂടിയ കന്നുകുട്ടികളെയും നഷ്ടപ്പെടുന്നു.

23.8.3. അതിനാൽ ഒരു സമഗ്ര വന്ധ്യതാനിവാരണ നയം രൂപവല്കരിക്കേണ്ടതാണ്. വന്ധ്യത കാലേകൂട്ടി കണ്ടെത്തി ഉരുക്കൾക്ക് സൗജന്യചികിത്സ ലഭ്യമാക്കണം. ഇതിനായി മൃഗസംരക്ഷണവകുപ്പ് ശാസ്ത്രീയമാർഗ്ഗങ്ങൾ അവലംബിക്കേണ്ടതാണ്. അങ്ങനെ കർഷകർക്കുണ്ടാകുന്ന നഷ്ടം നികത്താൻ സാധിക്കും. ഇങ്ങനെയുള്ള പ്രവർത്തനങ്ങൾ മൃഗസംരക്ഷണ വകുപ്പിന്റെ വാർഷിക പദ്ധതികളുടെ ഭാഗമായി ഉൾപ്പെടുത്തേണ്ടതാണ്.

# 24. മൃഗ-പോഷണവുമായി ബന്ധപ്പെട്ട നയങ്ങൾ

24.1. വളർത്തുമൃഗങ്ങളുടെ ഉല്പാദനത്തിന്റെ അടിസ്ഥാനഘടകമാണ് മികച്ച പോഷണം. ലോക ഭക്ഷ്യകാർഷിക സംഘടന (FAO) യുടെ റിപ്പോർട്ട് പ്രകാരം മിക്ക രാജ്യങ്ങളിലും കന്നുകാലികൾ വിളകളുടെ അവശിഷ്ടം, പ്രകൃത്യായുള്ള വൃക്ഷലതാദികൾ എന്നിവയാണ് ആഹാരമാക്കുന്നത്. എന്നാൽ ഇവയിൽ ആരോഗ്യത്തിനും ഉല്പാദനത്തിനുമാവശ്യമായ പോഷകഘടകങ്ങളുടെ അഭാവമുണ്ട്. പ്രധാനമായും നൈട്രജൻ, ധാതുലവണങ്ങൾ, കാർബോഹൈഡ്രേറ്റുകൾ എന്നിവ ഇവയിൽ ആവശ്യത്തിന് ലഭ്യമല്ല. നമ്മുടെ സംസ്ഥാനത്ത് തീറ്റപ്പുല്ലിന്റേയും ഗുണനിലവാരമുള്ള തീറ്റയുടേയും അഭാവമാണ് ഏറ്റവും കൂടുതൽ. തീറ്റയുടെ ലഭ്യതക്കുറവും കൂടിയ വിലയുമാണ് മുഖ്യപ്രശ്നം. സാമൂഹ്യസുരക്ഷയും ഭക്ഷ്യസുരക്ഷയും ഉറപ്പ് വരുത്തുന്നതിലെ ഒരു പ്രധാനഘടകം ആ പ്രദേശത്തെ മൃഗസമ്പത്താണ്. മേൽപ്പറഞ്ഞ കാര്യങ്ങൾ കണക്കിലെടുത്തുകൊണ്ടാണ് പോഷണവുമായി ബന്ധപ്പെട്ട നയങ്ങൾ രൂപവല്കരിക്കേണ്ടത്.

**24.2 നയം 181. സംസ്ഥാനത്ത് ജനിക്കുന്ന ഓരോ കന്നുകുട്ടിക്കും സമീകൃത തീറ്റ ലഭ്യമാകുമെന്ന് ഉറപ്പുവരുത്തണം. ഇത് ലഭിച്ചാൽ മാത്രമേ ആ ഉരുവിന് അതിന്റെ പൂർണ്ണമായ ജനിതക കഴിവ് പ്രകടിപ്പിക്കാനും അതിലൂടെ കർഷകന് പരമാവധി സാമ്പത്തികനേട്ടം ലഭ്യമാക്കാനുമാവുകയുള്ളു.**

24.2.1 സംസ്ഥാനത്തെ ഉരുക്കളുടെ ജനിതക കഴിവിൽ വളരെ വലിയ വൈവിധ്യമാണുള്ളത്. ഉയർന്ന ജനിതകമേന്മയുള്ളവ കൂടുതൽ പാലുല്പാദിപ്പിക്കുന്നതിനാൽ അവയ്ക്ക് ഉയർന്ന ഗുണനിലവാരമുള്ള ഭക്ഷണമാവശ്യമാണ്. എന്നാൽ ഭൂരിഭാഗം കർഷകർക്കും ഇത് നിറവേറ്റാൻ കഴിയുന്നില്ല. ഇത് കന്നുകാലികളുടെ ഉല്പാദനക്ഷമതയെ പ്രതികൂലമായി ബാധിക്കുന്നു. മാത്രമല്ല അവയുടെ അടുത്ത തലമുറയുടെ ഉല്പാദനത്തെയും ഇത് പ്രതികൂലമായി ബാധിക്കുന്നു. ഇക്കാരണങ്ങളാൽ കർഷകന് പതിന്മടങ്ങ് നഷ്ടം സംഭവിക്കുന്നു.

24.2.2 ഈ അവസ്ഥ മുന്നിൽക്കണ്ടുകൊണ്ട് സംസ്ഥാനത്ത് ജനിക്കുന്ന എല്ലാ കന്നുകുട്ടികൾക്കും ഗുണമേന്മയുള്ള തീറ്റയും ധാതുലവണങ്ങളും നൽകാനുള്ള പദ്ധതികൾ സർക്കാർ ആരംഭിക്കേണ്ടതാണ്.

24.2.3. 1960-ൽ ആരംഭിച്ച സങ്കരയിന പ്രജനനപദ്ധതിയിലൂടെ പ്രകടമായ മാറ്റങ്ങൾ ഇതിനോടകം നേടിയിട്ടുണ്ട്. എന്നാൽ ഇത് വിജയകരമായി തുടരണമെങ്കിൽ പഴയ ഉരുക്കളുടെ സ്ഥാനത്ത് പുതിയവ വന്നുചേരണം. മൊത്തമുള്ള കന്നുകാലിസമ്പത്തിന്റെ 15-20 % ആണിത്. ഇത്രയും കന്നുകാലികളുടെ പുതിയ ശേഖരം ലഭ്യമാക്കണമെങ്കിൽ ഇവയെ തദ്ദേശീയമായിത്തന്നെ ഉല്പാദിപ്പിക്കേണ്ടതുണ്ട്.

24.2.4. സംസ്ഥാനത്തെ പശുക്കൾ പ്രതിവർഷം 7000 കോടി രൂപയ്ക്കുള്ള പാലുല്പാദിപ്പിക്കുന്നുണ്ട്. ഇതിനായുള്ള കന്നുകാലിസമ്പത്ത് നിലനിർത്താൻ വർഷവും 140000 പശുക്കളെ സംസ്ഥാനത്തിന് പുതിയതായി ആവശ്യമുണ്ട്. ഇത് നടപ്പിലാക്കിയില്ലെങ്കിൽ കന്നുകാലിസമ്പത്ത് കുറയുന്നതോടൊപ്പം പാലുല്പാദനവും കുറയും. അതിനാൽ സംസ്ഥാനത്തിന്റെ കന്നുകാലിസമ്പത്ത് നിലനിർത്തുക എന്നത് ഏറ്റവും പ്രാധാന്യം അർഹിക്കുന്നു.

24.2.5. 2011-12-ൽ സംസ്ഥാനത്ത് 14.5 ലക്ഷം കൃത്രിമ ബീജസങ്കലനങ്ങൾ നടന്നു. ആ വർഷം പിറന്ന 4.5 ലക്ഷം കുട്ടികളിൽ 2.25 ലക്ഷം കന്നുക്കുട്ടികളായിരുന്നു. ഇങ്ങനെ ലഭിക്കുന്ന കന്നുക്കുട്ടികളെ ദത്തെടുത്ത് ശാസ്ത്രീയ പരിപാലനത്തിലൂടെയും പോഷകാഹാരപദ്ധതിയിലൂടെയും 14-16 മാസം വളർത്തി പ്രായപൂർത്തിയാക്കി ഇണ ചേർക്കാൻ സജ്ജമാക്കേണ്ടതാണ്. ഇത് സംസ്ഥാനത്തിന്റെ കന്നുകാലിസമ്പത്ത് നില നിർത്താനും കാലികളുടെ എണ്ണത്തിലെ വീഴ്ച തടുക്കാനും സഹായിക്കും. സംസ്ഥാനത്ത് ജനിക്കുന്ന എല്ലാ കന്നുക്കുട്ടികളെയും ദത്തെടുക്കാനായി പ്രത്യേക കന്നുക്കുട്ടി ദത്തെടുക്കൽ പദ്ധതി നടപ്പാക്കേണ്ടതാണ്.

24.2.6. കഴിഞ്ഞ 5 വർഷമായി 50000 കന്നുക്കുട്ടികൾക്ക് സമീകൃത തീറ്റ നൽകി വരുന്നു. കൃത്യസമയത്ത് പ്രായപൂർത്തിയാകൽ, നേരത്തേ പ്രസവിക്കൽ, ഉയർന്ന പാലുല്പാദനം, വർഷാവർഷം മുടങ്ങാതെയുള്ള പ്രസവം എന്നിവയാണ് ഇതിന്റെ ഗുണഫലങ്ങൾ. മേൽപ്പറഞ്ഞ കാര്യങ്ങൾ സംഭവിച്ചാൽ അത് സംസ്ഥാനത്തിന്റെ സാമ്പത്തികമുന്നേറ്റത്തിന്റെ ലക്ഷണങ്ങളാകും. അതിനാൽ 2 ലക്ഷം പശുക്കുട്ടികളെ ദത്തെടുത്താൽ ഭാവിയിൽ സംസ്ഥാനത്ത് ദിവസേനം 20 ലക്ഷം ലിറ്റർ പാൽ അധികമായി ഉല്പാദിപ്പിക്കപ്പെടും. അതായത് വർഷം 610 ലക്ഷം ലിറ്ററിന്റെ അധിക പാലുല്പാദനത്തിലൂടെ സംസ്ഥാനത്തിന് 2135 കോടി രൂപയുടെ സാമ്പത്തികനേട്ടം ഉണ്ടാകും.

**24.3 നയം 182. സംസ്ഥാനത്ത് മാംസലഭ്യത ഉറപ്പുവരുത്തുന്ന രീതിയിൽ കാളക്കുട്ടികളെ ഉപയോഗപ്പെടുത്താനായി ഒരു കാളക്കുട്ടി പരിപോഷണ പദ്ധതി** (Male Calf Fattening Programme) **നടപ്പിലാക്കും. മികച്ച പോഷകാഹാരംനൽകി കാളക്കുട്ടികളെ പരിപാലിക്കുന്നതിലൂടെ അവയെ വളർത്തുന്ന കർഷകർക്ക് ഒരു വരുമാനമാർഗ്ഗവും സൃഷ്ടിക്കാനാവും.**

24.3.1. സംസ്ഥാനത്തെ മാംസാവശ്യത്തിന്റെ മുഖ്യപങ്കും ലഭിക്കുന്നത് ബീഫിൽ നിന്നാണ്. മാംസാവശ്യത്തിനായി പ്രത്യേക പരിചരണംനൽകി വളർത്തുന്ന കന്നുകാലികളുടെ ഇറച്ചിയെയാണ് ശാസ്ത്രീയമായി ബീഫ് എന്നുപറയുന്നത്. എന്നാൽ പ്രായാധിക്യമുള്ളതും ഉല്പാദനയോഗ്യമല്ലാത്തതുമായ കന്നുകാലികളെയാണ് സംസ്ഥാനത്ത് ഇറച്ചിക്കായി ഉപയോഗിക്കുന്നത്. ഇവയുടെ ഇറച്ചി ഒട്ടും ഗുണമേന്മയില്ലാത്തതാണ്. ആയതിനാൽ സംസ്ഥാനത്ത് ജനിക്കുന്ന 2.5 ലക്ഷം കാളക്കുട്ടികളെ 18 മാസംവരെ പോഷകാഹാരം നൽകി പരിപാലിച്ചാൽ ആ പ്രായത്തിൽ ഓരോന്നിനും ഏകദേശം 150 കിലോ ഭാരമെത്തും. ഇവയെ ഇറച്ചിയാവശ്യത്തിനുപയോഗിച്ചാൽ ശുദ്ധമായതും രുചികരവുമായ ബീഫ് ലഭ്യമാക്കാം. ഇങ്ങനെയുള്ള പദ്ധതികൾ ഏറ്റെടുക്കാൻ കർഷകരെ പ്രോത്സാഹിപ്പിക്കാവുന്നതാണ്. ഈ രീതിയിൽ സംസ്ഥാനത്തിനാവശ്യമായ 30% മാംസം ലഭ്യമാക്കാനാവും.

24.3.2. ഇങ്ങനെയുള്ളവയുടെ തീറ്റ ഉല്പാദിപ്പിക്കലും ലാഭകരമായി വളർത്താനുള്ള സാങ്കേതികവിദ്യകൾ കണ്ടെത്തലും തീറ്റക്രമങ്ങൾ ചിട്ടപ്പെടുത്തലും ലക്ഷ്യമിട്ട് കാളക്കുട്ടി പരിപോഷണ പദ്ധതി (Male Calf Fattening Programme) രൂപപ്പെടുത്താൻ കേരള വെറ്ററിനറി സർവ്വകലാശാല മുന്നിട്ടിറങ്ങേണ്ടതാണ്.

**24.4 നയം 183. സംസ്ഥാനത്തെ കർഷകർക്ക് തങ്ങളുടെ കന്നുകാലികൾക്കും മറ്റ് വളർത്തുമൃഗങ്ങൾക്കും നൽകാനാവശ്യമായ ഉയർന്ന ഗുണനിലവാരമുള്ള തീറ്റയുടെ ലഭ്യത ഉറപ്പുവരുത്തേണ്ടതാണ്.**

24.4.1. പാലുല്പാദനത്തിന്റെ പ്രധാന ആധാരശിലകളാണ് കന്നുകാലിയുടെ ഇനവും അവയ്ക്ക് നൽകുന്ന തീറ്റയും. നല്ല ഇനവും മികച്ച തീറ്റയും ഒരു ഉരുവിന്റെ പരമാവധി

ഉല്പാദനക്ഷമത പുറത്തുകൊണ്ടുവരും. പ്രജനന പദ്ധതിയിലൂടെ കന്നുകാലിയുടെ ഇനത്തെ മെച്ചപ്പെടുത്താം. എന്നാൽ ഗുണമേന്മയുള്ള തീറ്റയുടെകാര്യത്തിൽ ബോധപൂർവ്വമായ ഇടപെടലുകൾ ആവശ്യമാണ്.

24.4.2. വളർത്തുമൃഗങ്ങളുടെ ഇനമനുസരിച്ചും പ്രായമനുസരിച്ചും അവയ്ക്കുള്ള തീറ്റയിൽ കൃത്യമായ ശാസ്ത്രീയ സാങ്കേതിക മാനദണ്ഡങ്ങളുണ്ട്. എന്നാൽ ഇന്ന് ലഭ്യമായ തീറ്റകൾ ഇവ പാലിക്കുന്നുണ്ടോയെന്ന് പരിശോധിക്കാൻ പ്രായോഗികമായ വ്യവസ്ഥകളില്ല. മാത്രമല്ല തീറ്റകളിലെ മായംചേർക്കൽ കണ്ടെത്താനും വ്യക്തമായ സംവിധാനങ്ങളില്ല. ഇത്തരത്തിലുള്ള അപാകതകൾ അന്തിമമായി ഉല്പാദനക്കുറവിലും കർഷകന്റെ സാമ്പത്തികനഷ്ടത്തിലും കലാശിക്കുന്നു.

24.4.3. കേന്ദ്രസർക്കാർ, ബ്യൂറോ ഓഫ് ഇൻഡ്യൻ സ്റ്റാൻഡേർഡ്സ് തുടങ്ങിയവ നിഷ്കർഷിക്കുന്ന ഗുണനിലവാര സൂചികകളുടെ ചുവടുപിടിച്ച് കാലിത്തീറ്റയുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്ന രീതി സംസ്ഥാന സർക്കാരും ആവിഷ്കരിക്കേണ്ടതാണ്. സംസ്ഥാനത്ത് ലഭ്യമായ തീറ്റയുടെ ഗുണനിലവാരം പരിശോധിക്കാൻ നടപടികൾ വേണം. ഇവ മായംചേർക്കൽ പോലുള്ള കൃത്യങ്ങൾക്ക് തടയിടാനും കർഷകർക്ക് ആത്മവിശ്വാസം നൽകാനും ഉപകരിക്കും. മൃഗസംരക്ഷണവകുപ്പിന്റെ നേതൃത്വത്തിൽ കാലിത്തീറ്റ ഗുണനിയന്ത്രണ അതോറിറ്റി (Animal Feed Regulatory Authority) സ്ഥാപിക്കേണ്ടതാണ്. ഇവിടെ ലഭിക്കുന്ന തീറ്റസാമ്പിളുകൾ പരിശോധിക്കാനായി എല്ലാ ആധുനികസൗകര്യങ്ങളുമുള്ള ഒരു അംഗീകൃത പരിശോധനശാലയും ഉണ്ടായിരിക്കേണ്ടതാണ്.

24.4.4. കർഷകർ ശേഖരിച്ച തീറ്റസാമ്പിളുകൾ അതോറിറ്റിക്ക് അയയ്ക്കുന്നതിനുപുറമേ മൃഗസംരക്ഷണവകുപ്പ് നേരിട്ടും സാമ്പിളുകൾ ശേഖരിച്ച് പരിശോധിക്കണം. 1968-ലെ ദേശീയ രാസവള-കീടനാശിനി നിയമത്തിന്റെ (National Fertilizer and Insecticide Act -1968) ചുവടുപിടിച്ച് ഈ മേഖലയിലും നിയമനിർമ്മാണം നടത്താവുന്നതാണ്.

**24.5 നയം 184. താങ്ങാവുന്ന വിലയ്ക്ക് കർഷകർക്ക് വേണ്ടത്ര തീറ്റപ്പുല്ല് ലഭ്യമാക്കുന്ന വിധത്തിൽ വാണിജ്യാടിസ്ഥാനത്തിൽ തീറ്റപ്പുൽക്കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പ്രത്യേക ദൗത്യ രീതിയിലുള്ള സമീപനം സ്വീകരിക്കണം.**

24.5.1. 2011-ലെ കണക്ക് പ്രകാരം കേരളത്തിലെ മൊത്തം കൃഷിയോഗ്യമായ സ്ഥലത്തിന്റെ വെറും ഒരു ശതമാനം മാത്രമാണ് (5395 ഹെക്ടർ) തീറ്റപ്പുൽക്കൃഷിക്കായി നീക്കിവച്ചിട്ടുള്ളത്. സംസ്ഥാനത്തിനാവശ്യമായ മൊത്തം 23.2 ദശലക്ഷം ടൺ തീറ്റപ്പുല്ലിന്റെ സ്ഥാനത്ത് കേവലം 5.1 ദശലക്ഷം ടൺ മാത്രമാണ് ഇവിടെ ഉല്പാദിപ്പിക്കുന്നത്. തീറ്റപ്പുല്ലിന്റെ ദൗർലഭ്യം പരിഹരിക്കാനുള്ള അടിയന്തിര മാർഗ്ഗം ഉല്പാദനക്ഷമത ഉയർത്തുക എന്നതാണ്. നിലവിലുള്ള വിളകൾക്കിടയിൽ സാധ്യമായത്ര സ്ഥലങ്ങളിൽ ഇടവിളയായി തീറ്റപ്പുല്ല് വളർത്താം. കന്നുകാലി വളർത്തലിൽ മൊത്തം മുതൽമുടക്കിന്റെ 60-70% ഉം തീറ്റയ്ക്കും തീറ്റപ്പുല്ലിനുമായാണ് കർഷകൻ ചെലവഴിക്കുന്നത്. അതുകൊണ്ടുതന്നെ തീറ്റയുടെ ലഭ്യത വർദ്ധിപ്പിക്കാനും തീറ്റച്ചെലവ് കുറയ്ക്കാനും ലക്ഷ്യമിട്ടുള്ള ഏതൊരുശ്രമവും കർഷകന് സാമ്പത്തിക ലാഭം നേടിക്കൊടുക്കും.

24.5.2. വാണിജ്യാടിസ്ഥാനത്തിലുള്ള തീറ്റപ്പുൽക്കൃഷി നമ്മുടെ സംസ്ഥാനത്ത് ഇനിയും വിപുലമായിട്ടില്ല. നിലവിൽ ഇവിടെയുല്പാദിപ്പിക്കുന്ന തീറ്റപ്പുല്ലിനൊപ്പം അന്യസംസ്ഥാനത്തു നിന്നും ഉണക്കപ്പുല്ല്, വയ്ക്കോൽ മുതലായവ ഇറക്കുമതി

ചെയ്താണ് ആവശ്യം നിറവേറ്റുന്നത്. കൃഷിഭൂമിയുടെയും ഉല്പാദനോപാധികളുടെയും പരിമിതികളുണ്ടെങ്കിലും നമ്മുടെ സംസ്ഥാനത്തിനാവശ്യമായ തീറ്റപ്പുല്ല് വളർത്താൻ നമുക്ക് സാധിക്കും. തരിശുനിലം, പാട്ടകൃഷി, ഇടവിള തുടങ്ങി വിവിധ മാർഗ്ഗങ്ങൾ ഇതിനായി സ്വീകരിക്കാവുന്നതാണ്. ഇതിനായി കർഷകരുടെ ഗ്രൂപ്പുകൾ സംഘടിപ്പിക്കുകയും അവർക്കുവേണ്ട സാങ്കേതിക-സാമ്പത്തിക സഹായങ്ങൾ നൽകുകയുംചെയ്താൽ ലാഭകരമായി തീറ്റപ്പുൽക്കൃഷി ചെയ്യാൻകഴിയും.

24.5.3 APCOS, ക്ഷീര സഹകരണസംഘങ്ങൾ എന്നിവ തീറ്റപ്പുൽക്കൃഷിയെ പ്രോത്സാഹിപ്പിക്കാൻ ബോധപൂർവ്വമായ നടപടികൾ സ്വീകരിക്കുകയും തങ്ങളുടെ പരിധിയിൽ വരുന്ന കർഷകരെ അവയുടെ പ്രയോക്താക്കളാക്കുകയും വേണം. സർക്കാരിതര സംഘടനകൾ, സ്വയംസഹായ ഗ്രൂപ്പുകൾ എന്നിവയ്ക്കും ഇത്തരം പ്രവർത്തനങ്ങൾ നടത്താവുന്നതാണ്. തീറ്റപ്പുൽ ഉല്പാദന വർദ്ധനവിനോടൊപ്പം തൊഴിലും വരുമാനവും ഇത് പ്രദാനം ചെയ്യും. ഭൂമി പാട്ടത്തിനെടുക്കുമ്പോൾ നിയമപരമായ മുൻകരുതൽ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭൂവുടമയും സർക്കാരുദ്യോഗസ്ഥരും തമ്മിൽ കരാർ ഒപ്പിട്ട് വേണം പാട്ടഭൂമിയിൽ പുൽക്കൃഷി നടത്താൻ. ഇങ്ങനെ സുതാര്യമായ രീതിയിലൂടെ കൂടുതൽ വ്യക്തികൾ തങ്ങളുടെ ഭൂമി പുൽക്കൃഷിയ്ക്കായി നൽകാൻ സന്നദ്ധമാവുകയും തീറ്റപ്പുൽലഭ്യത ഉയരുകയും ചെയ്യും.

24.5.4. എല്ലാ പഞ്ചായത്തിലും തീറ്റപ്പുൽ സംഭരണ-വിപണന കേന്ദ്രങ്ങൾ (ഫോഡർ ബാങ്കുകൾ) സ്ഥാപിക്കേണ്ടതാണ്. പഞ്ചായത്തിന്റെ പരിധിയിലുള്ള തരിശുഭൂമിയിൽ പുൽക്കൃഷി നടത്തുകയും ഉല്പാദനം അധികമാവുന്ന സമയങ്ങളിൽ അവ സൈലേജായൊ അല്ലെങ്കിൽ പുൽക്കട്ടകളായോ സംരക്ഷിച്ച് ഭാവിയിൽ തീറ്റപ്പുൽ ദൗർലഭ്യമുള്ള വേളകളിൽ ഉപയോഗിക്കുകയും ചെയ്യാവുന്നതാണ്. ക്ഷീരകർഷകരല്ലാത്ത തീറ്റപ്പുൽ ഉല്പാദകർക്ക് സാമ്പത്തികസഹായംനൽകി പുൽക്കൃഷിചെയ്യാൻ പ്രോൽസാഹിപ്പിക്കാവുന്നതാണ്. അന്തിമമായി, ഈ പ്രവൃത്തികൾ, ക്ഷീരകർഷകന് കുറഞ്ഞ നിരക്കിൽ തീറ്റപ്പുല്ല് ലഭ്യമാക്കുക എന്ന ലക്ഷ്യത്തിലെത്തിക്കും.

**24.6 നയം 185. പ്രാദേശികാടിസ്ഥാനത്തിൽ ആവശ്യമായ ധാതുലവണ മിശ്രിതം നിർമ്മിച്ച് നൽകുന്നത് പാലുല്പാദനം വർദ്ധിക്കാൻ സഹായകരമാകും.**

24.6.1. ധാതുലവണമിശ്രിതങ്ങൾ അടങ്ങിയ കട്ടകൾ നിർമ്മിക്കാൻ പ്രാദേശികമായ വസ്തുക്കൾ ഉപയോഗിക്കാവുന്നതാണ്. തീറ്റയോടൊപ്പം ഇവ സപ്ലിമെന്റുകളായി നൽകാവുന്നതാണ്. പ്രകൃതിദുരന്തം പോലെയുള്ള അപ്രതീക്ഷിതമായ സന്ദർഭങ്ങളിൽ, സാധാരണതീറ്റയുടെ അഭാവത്തിൽ ധാതുലവണ മിശ്രിതക്കട്ടകൾ വളരെയധികം ഉപകരിക്കുന്നതായി കണ്ടിട്ടുണ്ട്. ഈ മേഖലയിൽ സർക്കാർ-സർക്കാരിതര ഏജൻസികൾ ഏകോപനത്തോടെ പ്രവർത്തിച്ച് സാങ്കേതികവിദ്യകൾ രൂപപ്പെടുത്തുന്നത് നന്നായിരിക്കും.

# 25. മൃഗസംരക്ഷണത്തിലേയും ക്ഷീരമേഖലയിലേയും യന്ത്രവല്കരണവുമായി ബന്ധപ്പെട്ട നയങ്ങൾ

25.1. വളർത്തുമൃഗപരിപാലനത്തിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്നതാണ് പാരിസ്ഥിതികചുറ്റുപാടുകൾ. ഇവയിൽ താപീയ-ഭൗതിക-സാമൂഹ്യ ചുറ്റുപാടുകളാണ് ഉൾപ്പെടുന്നത്. താപീയചുറ്റുപാടുകൾ കൊണ്ടുദ്ദേശിക്കുന്നത് വളർത്തുമൃഗങ്ങളുടെ ജീവിതവുമായി ബന്ധപ്പെട്ട താപനില, അന്തരീക്ഷ ആർദ്രത, വായുസഞ്ചാരം, മൃഗങ്ങൾക്കുചുറ്റുമുള്ള വികിരണങ്ങൾ തുടങ്ങിയവയാണ്. ഭൗതികചുറ്റുപാടുകളിൽ പ്രധാനമായും തൊഴുത്ത്, തീറ്റസ്ഥലം, കൂടുകൾ തുടങ്ങി മൃഗങ്ങളുടെ ചലനസ്വാതന്ത്ര്യത്തെ പരിമിതപ്പെടുത്തുന്ന നിർമ്മിതികളും മാലിന്യ നിർമ്മാർജ്ജന സംവിധാനങ്ങളും ഉൾപ്പെടും. സാമൂഹികചുറ്റുപാടുകൾ കൊണ്ടുദ്ദേശിക്കുന്നത് ഒരു വാസസ്ഥലത്തുള്ള മൃഗങ്ങളുടെ എണ്ണം, അവ തമ്മിലുള്ള പ്രായവ്യത്യാസം, മൃഗങ്ങൾ തമ്മിലുള്ള സമ്പർക്കം തുടങ്ങിയവയാണ്. വളർത്തുമൃഗങ്ങൾക്കായുള്ള വിവിധ പദ്ധതികൾ വിഭാവനചെയ്യുമ്പോൾ അവയുടെ പാരിസ്ഥിതിക ചുറ്റുപാടുകളെക്കുറിച്ചുള്ള സമഗ്രമായ അറിവ് ആവശ്യമാണ്.

25.2. ആധുനികലോകം ഗുണനിലവാരമുള്ള ഭക്ഷ്യോല്പന്നങ്ങൾക്ക് പിന്നാലെയാണ്. ഗുണനിലവാരം ഉറപ്പാക്കാനുള്ള എളുപ്പമാർഗ്ഗം യന്ത്രവല്കരണമാണ്. മൃഗസംരക്ഷണമേഖലയിൽ തൊഴിലാളികളുടെ ദൗർലഭ്യം രൂക്ഷമാണ്. അതിനാൽ ഈ മേഖലയിലും യന്ത്രവല്കരണം അഭികാമ്യമാണ്. പക്ഷേ ചെറുകിട ക്ഷീരകർഷകർക്ക് പലപ്പോഴും ഇത് താങ്ങാനാവില്ല. അതിനാൽ സർക്കാർ ഇടപെട്ട് ഈ മേഖലയിൽ ചെറുകിട യന്ത്രവല്കരണപദ്ധതികൾ നടപ്പാക്കുന്നത് സാമ്പത്തികമായി ശേഷികുറഞ്ഞ ക്ഷീരകർഷകർക്ക് ഏറെ ഗുണകരമാകും.

**25.3 നയം 186. കൊണ്ടുനടക്കാവുന്ന കറവ യന്ത്രങ്ങൾ കർഷകർക്കും കറവക്കാർക്കും ലഭ്യമാക്കുന്നതിലൂടെ ഗുണമേന്മയുള്ള പാൽ ഉല്പാദിപ്പിക്കാനും സാംക്രമികരോഗങ്ങൾ പടരുന്നത് തടയാനും കഴിയും.**

25.3.1 കൈകൾ ഉപയോഗിക്കാതെ പാൽ കറന്നെടുക്കാൻ സഹായിക്കുന്ന ഉപകരണമാണ് കറവയന്ത്രം. നിലവിൽ കറവ രണ്ട് രീതിയിലാണ് ചെയ്തുവരുന്നത്; കൈ ഉപയോഗിച്ചും യന്ത്രം ഉപയോഗിച്ചും. കൈക്കറവയിൽ ശുചിത്വം പാലിച്ചില്ലെങ്കിൽ അകിടുവീക്കം പോലുള്ള രോഗങ്ങൾ പടരാനുള്ള സാദ്ധ്യത കൂടുതലാണ്. രോഗാണുക്കൾ നിമിത്തമുണ്ടാകുന്ന ഈ രോഗത്തിന്റെ ലക്ഷണങ്ങൾ അകിടിൽ നീര്, വേദന തുടങ്ങിയവയാണ്. അകിട് വീക്കം ബാധിച്ച പശുവിന്റെ പാൽ ഉപയോഗയോഗ്യമല്ല.

25.3.2. സംസ്ഥാനത്തുടനീളമുള്ള വിവിധ ഡയറിഫാമുകളിൽ കറവയന്ത്രം വ്യാപകമായി ഉപയോഗിക്കുന്നു. കൊണ്ടുനടക്കാവുന്ന കറവയന്ത്രങ്ങൾ രണ്ട് തരമുണ്ട്.

1. സിങ്കിൾ ബക്കറ്റ് മിൽക്കിങ് മെഷീൻ, 2. ഡബിൾ ബക്കറ്റ് മിൽക്കിങ് മെഷീൻ. ചെറുകിട-ഇടത്തരം ഡയറിഫാമുകളിൽ ആവശ്യാനുസരണം വിവിധ തരങ്ങളിലുള്ള കറവയന്ത്രങ്ങൾ ഉപയോഗിക്കാം.

25.3.3. ചെറുകിടകർഷകർക്കും ഇടത്തരം ഡയറിഫാമുകൾക്കും ശുദ്ധമായ പാലുല്പാദനത്തിന് കറവയന്ത്രം ഉപകരിക്കും. കൊണ്ടുനടക്കാവുന്ന കറവയന്ത്രങ്ങൾ ഉപയോഗിച്ച് മണിക്കൂറിൽ 8-10 പശുക്കളെവരെ കറക്കാൻ കഴിയും.

**25.4 നയം 187. വിളകളുടെ അവശിഷ്ടങ്ങൾ പൂർണ്ണമായി പ്രയോജനപ്പെടുത്താനും പാലുല്പാദനച്ചെലവ് ലഘൂകരിക്കുന്നതിനുമായി കർഷകർക്ക് ചാഫ് കട്ടറുകൾ (പുല്ല് മുറിക്കുന്ന യന്ത്രം) ലഭ്യമാക്കണം.**

25.4.1. തീറ്റപ്പുല്ല്, വയ്ക്കോൽ എന്നിവ ചെറുകഷണങ്ങളായി മുറിക്കാനുപയോഗിക്കുന്ന യന്ത്രമാണ് ചാഫ് കട്ടർ. ചെറുകഷണങ്ങളായി മുറിച്ചു നൽകുന്നതിലൂടെ ദഹനം എളുപ്പമാവുകയും തീറ്റനഷ്ടം ഒഴിവാകുകയും ചെയ്യുന്നു. സാധാരണഗതിയിൽ തീറ്റയായി നൽകാൻ കഴിയാത്ത വലിപ്പമേറിയ ഭക്ഷ്യ വസ്തുക്കൾപോലും ചാഫ് കട്ടറുകളുടെ സഹായത്തോടെ ചെറുതായി മുറിച്ച് തീറ്റയായി പ്രയോജനപ്പെടുത്താൻ കഴിയും. പ്രതിവർഷം 400 ദശലക്ഷം ടൺ കാർഷിക വിളാവശിഷ്ടമാണ് ഭാരതത്തിൽ ഉല്പാദിപ്പിക്കപ്പെടുന്നത്. അനുയോജ്യമായ സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി ഇവ പുൽക്കട്ടകളാക്കി വിതരണംനടത്തുന്നത് കാലിവളർത്തലിന് വളരെയേറെ സഹായകരമാകും.

**25.5 നയം 188. എല്ലാ ഫാമുകളിലും സ്വയംനിറയുന്ന വെള്ളപ്പാത്രങ്ങൾ ഘടിപ്പിക്കുകവഴി ഉല്പാദനവർദ്ധനവും ഉരുക്കളുടെ മെച്ചപ്പെട്ട ആരോഗ്യവും ഉറപ്പാക്കാം.**

25.5.1. വേണ്ടത്ര ജലംകുടിയ്ക്കാത്തതും ശരീരത്തിൽനിന്നുള്ള ജലനഷ്ടവും പശുക്കളുടെ ആരോഗ്യത്തെയും പാലുല്പാദനത്തെയും പ്രതികൂലമായി ബാധിക്കും.

25.5.2. മികച്ച തീറ്റയും വേണ്ടത്ര ശുദ്ധജലവും ഉരുക്കളുടെ ആരോഗ്യവും രോഗപ്രതിരോധശേഷിയും വർദ്ധിപ്പിക്കും. രോഗപ്രതിരോധ സംവിധാനത്തിന് ഏറ്റവും ആവശ്യമുള്ളവയാണ് ശുദ്ധജലവും ധാതുലവണങ്ങളും. പോഷകങ്ങളും ധാതുലവണങ്ങളും ആഗിരണംചെയ്യാൻ ജലലഭ്യത അനിവാര്യമാണ്. ഉരുക്കളുടെ ശാരീരികപ്രവർത്തനത്തിനാവശ്യമായ ജലാംശം ശരീരത്തിൽ നിലനിർത്തേണ്ടത് പാലുല്പാദനത്തിന് ഏറ്റവും അത്യാവശ്യമാണ്. സ്വയംനിറയുന്ന വെള്ളപ്പാത്രങ്ങൾ തൊഴുത്തിൽ സ്ഥാപിച്ചാൽ ഉരുക്കളുടെ ശാരീരികാവശ്യത്തിനുള്ള ജലത്തിന്റെ തോത് നിലനിർത്തി അവയുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കാനാകും. ഒപ്പംതന്നെ കർഷകന്റെ അധ്വാനഭാരം കുറയ്ക്കാനും, ചെലവും സമയവും ലാഭിക്കാനും ഇത് സഹായിക്കും.

**25.6 നയം 189. തൊഴുത്തിനുള്ളിൽ വെച്ചുണ്ടാകുന്ന അപകടങ്ങൾ, കുളമ്പിന്റെ പരിക്കുകൾ എന്നിവ ഒഴിവാക്കി ചികിത്സാച്ചെലവ്, ഉല്പാദനനഷ്ടം എന്നിവ നിയന്ത്രിക്കാം.**

25.6.1. തൊഴുത്തിൽ കൂടുതൽ സമയം നിൽക്കുന്ന പശുക്കൾക്ക് അവയുടെ കാലുകളിലും കുളമ്പിലും ഉണ്ടാകുന്ന അമിതസമ്മർദ്ദം ഒഴിവാക്കി സുഖകരമായ അവസ്ഥ സൃഷ്ടിക്കുന്നതിന് തറയിലിടാവുന്ന റബ്ബർ മെത്തകൾ (Rubberised Floor Mats) ഉചിതമാണ്. ഇത്തരം മെച്ചപ്പെട്ട റബ്ബർ മാറ്റുകൾക്ക് കൂടുതൽ ഗ്രിപ്പുള്ളതിനാൽ പശുക്കൾക്ക് തൊഴുത്തിനുള്ളിൽ തെന്നിവീഴാതെയും ആയാസരഹിതമായും ചലിക്കാൻ സാധിക്കും. പഠനങ്ങൾ തെളിയിക്കുന്നത് കോൺക്രീറ്റ് പ്രതലങ്ങളിൽ തെന്നിവീണ് ഉരുക്കൾക്ക് പരുക്കേൽക്കാൻ 70% സാധ്യതയുള്ളപ്പോൾ റബ്ബർമാറ്റ് പ്രതലങ്ങളിൽ അത് കേവലം 20% മാത്രമാണെന്നാണ്.

25.6.2. റബ്ബർമാറ്റുകൾ ഉപയോഗിക്കുന്നതിലൂടെ തൊഴുത്തിൽ ഈർപ്പം കുറഞ്ഞതും വൃത്തിയുള്ളതുമായ ഒരന്തരീക്ഷം സൃഷ്ടിക്കാൻ കഴിയും. ഇത് കുളമ്പുകളുടെ ആരോഗ്യം ഉറപ്പുവരുത്തുകയും അകിടുവീക്ക സാദ്ധ്യതകൾ കുറയ്ക്കുകയും ചെയ്യും. റബ്ബർമാറ്റ് ഉപയോഗിക്കുന്നതിനാൽ നിലവിൽ തങ്ങളുടെ തൊഴുത്തുകളിൽ അപകടങ്ങളും തൻമൂലമുള്ള ചികിത്സാച്ചെലവുകളും കുറയുന്നതായി ഇവയുപയോഗിക്കുന്ന കർഷകർ സാക്ഷ്യപ്പെടുത്തുന്നു.

# 26. മൃഗോല്പന്നങ്ങളുടെ ഉല്പാദനത്തിലെ ഗുണനിലവാര വർദ്ധനവിനുള്ള നയങ്ങൾ

26.1. രാജ്യാന്തര നിലവാരസൂചകങ്ങൾക്കനുസരിച്ച് ഗുണമേന്മയുള്ള പാൽ തന്നെയാണ് കേരളത്തിലെ പശുക്കളും ചുരത്തുന്നത്. കറന്നയുടനെയുള്ള പരിശോധനകളിലെ സൂക്ഷ്മാണുനിലവാരം ഇത് വ്യക്തമാക്കുന്നുമുണ്ട്. എന്നാൽ കറന്നെടുത്ത പാൽ അനുചിതമായി കൈകാര്യംചെയ്യുന്നതും ഗുണമേന്മയോടെ സൂക്ഷിക്കാനുള്ള അടിസ്ഥാനസൗകര്യക്കുറവും പടിപടിയായി പാലിന്റെ ഗുണനിലവാരം ഇല്ലാതാക്കുന്നു. മികച്ച ശീതീകരണ സംവിധാനങ്ങളുടെ അപര്യാപ്തത, ഇടയ്ക്കിടെയുള്ള വൈദ്യുതി തടസ്സങ്ങൾ, ശുദ്ധജല ദൗർലഭ്യം, വൃത്തിഹീനമായ ചുറ്റുപാടുകൾ - ഇവയൊക്കെ - കറന്നെടുത്ത പാലിന്റെ ഗുണനിലവാര ച്ചോർച്ചയ്ക്ക് കാരണമാവുന്നു. ശുദ്ധവും ഗുണനിലവാരമുള്ളതുമായ പാലുല്പാദനത്തിനായി സമഗ്രമായ ഒരു സമീപനം സ്വീകരിച്ചാൽ മാത്രമേ ക്ഷീരോല്പന്നങ്ങളുടെ മികവുറ്റ വിപണനവും കയറ്റുമതിയും സാദ്ധ്യമാവുകയുള്ളു.

26.2. മാംസോല്പാദനവുമായി ബന്ധപ്പെട്ട കശാപ്പും അനുബന്ധപ്രവർത്തനങ്ങളും ഏറ്റവും വൃത്തിയുള്ള സ്ഥലത്തുവച്ച് നടത്തേണ്ടതാണ്. മാംസം മലിനമാകാതിരിക്കാൻ ഇത് സഹായിക്കും. ഇതിനായി ശാസ്ത്രീയമായി രൂപകല്പനചെയ്ത അറവുശാലകൾ സ്ഥാപിക്കേണ്ടതാണ്.

26.3. മൃഗോല്പന്നങ്ങളുടെ ഉല്പാദനം പ്രോത്സാഹിപ്പിക്കുവാനായി മികച്ച വിപണന ശൃംഖല, ആകർഷകമായ വരുമാനം എന്നിവയൊരുക്കേണ്ടതാണ്. വികസിതരാജ്യങ്ങൾ ഇങ്ങനെയുള്ള ഉല്പാദകർക്ക് പ്രത്യക്ഷമായും പരോക്ഷമായും സാമ്പത്തികസഹായം നൽകി വരുന്നു. മൃഗോല്പന്നങ്ങളുടെയും അവയുടെ മൂല്യവർദ്ധിത ഉല്പന്നങ്ങളുടെയും ഉല്പാദനത്തിനായി ഏറ്റവും നല്ല സംസ്കരണ-വിപണന-ഗതാഗത സൗകര്യങ്ങൾ ഒരുക്കേണ്ടതാണ്.

**26.4 നയം 190. യന്ത്രാധിഷ്ഠിത പാൽശേഖരണ സംവിധാനം (Automatic Milk Collectilon System) നടപ്പിലാക്കുക വഴി, പാൽ ശേഖരിക്കുന്നവർ - ഇല്ലാത്ത ഗുണനിലവാര ക്കുറവിന്റെ പേരിൽ - ഉല്പന്നത്തിന്റെ വില കുറച്ചുനൽകി ക്ഷീരകർഷകരെ കബളിപ്പിക്കുന്നത് തടയാൻ കഴിയും.**

26.4.1. പരമ്പരാഗത പാൽസമാഹരണ പ്രക്രിയകളേക്കാൾ മികച്ചതാണ് യന്ത്രാധിഷ്ഠിത പാൽശേഖരണം. അതിവേഗം പാൽ ശേഖരിക്കാൻ കഴിയുന്നതിനാൽ പാൽ കേടാവുന്നത് തടയാൻകഴിയും. ഈ സംവിധാനത്തിലൂടെ പ്രതിദിനം അരമണിക്കൂറിലേറെ സമയലാഭം ഓരോ കർഷകനും ലഭിക്കും. പാലിന്റെ ഗുണനിർണ്ണയസൂചകങ്ങൾ സ്വയംരേഖപ്പെടുന്നതിനാൽ ഇവ കർഷകന് നേരിട്ട് ബോധ്യപ്പെടുകയും വിപണനത്തിൽ കബളിപ്പിക്കപ്പെടാനുള്ള സാധ്യത ഒഴിവാവുകയും ചെയ്യുന്നു. സുതാര്യവും ലളിതവുമായ പ്രവർത്തനത്തിലൂടെ കർഷകന് പാലുല്പാദനത്തിൽ കൂടുതൽ ആത്മവിശ്വാസം പകർന്നു നൽകുന്നതിനാൽ ഈ പദ്ധതി വിജയം നേടുമെന്നതിൽ സംശയമില്ല.

26.4.2. യന്ത്രാധിഷ്ഠിത പാൽശേഖരണ സംവിധാനത്തിൽ പാൽവിപണനവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും യന്ത്രവല്കൃതമാണ്. ശേഖരണസ്ഥലത്തെത്തുന്ന പാലിന്റെ അളവ്, തൂക്കം, കൊഴുപ്പിന്റെ തോത് മുതലായവ തിട്ടപ്പെടുത്തി കർഷകന്

വിലനൽകുക; വിശകലനരേഖകൾ തയ്യാറാക്കുക തുടങ്ങി എല്ലാ പ്രക്രിയകളും ഈ സംവിധാനത്തിൽ യാന്ത്രികമായി നടക്കും.

26.4.3. കേരളത്തിൽ ഏകദേശം 78 ലക്ഷം ലിറ്റർ പാൽ ഉല്പാദിപ്പിക്കപ്പെടുന്നു. ഇതിൽ 20 ശതമാനം ശേഖരിക്കുന്നത് മിൽമയാണ്. ബാക്കിയുള്ള പാൽ പ്രാദേശികമായി വിപണനം ചെയ്യപ്പടുന്നു. കരുത്തുറ്റവിപണിയും സുതാര്യമായ സാമ്പത്തിക ഇടപാടുകളുമുണ്ടെങ്കിൽ ഈമേഖലയിൽ വൻ കുതിച്ചുചാട്ടം സാദ്ധ്യമാണ്. മാത്രമല്ല ഈമേഖലയിൽ കൂടുതൽ നിക്ഷേപവും ഉല്പാദനവും ഉണ്ടാകും. നിലവിൽ പാൽവില നിർണ്ണയിക്കുന്ന മാനദണ്ഡങ്ങളാണ് കർഷകരിൽ അതൃപ്തിക്ക് കാരണമാകുന്നത്. ഇതിനുള്ള മറുപടിയാണ് *ഓട്ടോമാറ്റിക് മിൽക്ക് കളക്ഷൻ* യൂണിറ്റുകൾ. ഇതിലൂടെ കർഷകന് താനുല്പാദിപ്പിച്ച പാലിന്റെ ഗുണനിലവാരവും വിലയും നേരിട്ടറിയാനും വില കണക്കുകൂട്ടാനുമുള്ള സംവിധാനമുണ്ട്. മാത്രമല്ല നിലവിലെ സാങ്കേതിക മുന്നേറ്റത്തിന്റെ സഹായത്താൽ പാൽവില കർഷകന് തന്റെ ബാങ്ക് അക്കൗണ്ടിൽ ലഭിക്കാനുള്ള സൗകര്യവുമുണ്ട്.

**26.5 നയം 191. അംഗീകൃത അറവുശാലകളിൽനിന്നുള്ള മാംസം മാത്രമേ കേരളത്തിൽ വില്ക്കപ്പെടാൻ പാടുള്ളു. അറവുശാലകളിലെ ശുചിത്വം ശുദ്ധമായതും ദീർഘകാലം സൂക്ഷിക്കാവുന്നതുമായ മാംസലഭ്യത ഉറപ്പുവരുത്തുന്നു. ഇത് ഉപഭോക്താവിന് മാംസത്തിലുള്ള വിശ്വാസ്യത ഉറപ്പിക്കാനും പൊതുജനാരോഗ്യം സംരക്ഷിക്കാനും സഹായിക്കുന്നു.**

26.5.1. കേരളത്തിലെ 90% ജനങ്ങളും മാംസാഹാരപ്രിയരാണെങ്കിലും ശുദ്ധമായ മാംസോല്പാദനത്തിനുള്ള പ്രവർത്തനങ്ങളോ നിയമനടപടികളോ ഇവിടെ ശക്തമല്ല. മികച്ച നിലവാരം പുലർത്തുന്ന അറവുശാലകൾ ഇവിടെ നാമമാത്രമാണ്. ശാസ്ത്രീയവും ദയാപരവും വേദനാരഹിതവുമായ കശാപ്പ്, ശുദ്ധമായ മാംസോല്പാദനം എന്നിവ നമ്മുടെ സംസ്കാരത്തിന്റെതന്നെ ഭാഗമാക്കി മാറ്റാനുള്ള നടപടികൾ സർക്കാർ സ്വീകരിക്കേണ്ടതാണ്. ഇതിനായി എല്ലാ താലൂക്ക് ആസ്ഥാനങ്ങളിലും മികച്ച നിലവാരമുള്ള അറവുശാലകൾ സ്ഥാപിക്കേണ്ടതാണ്. മാത്രമല്ല, എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും അംഗീകൃത കശാപ്പ് സ്ഥലങ്ങൾ ഉണ്ടായിരിക്കണം. ഇങ്ങനെയുള്ള സ്ഥാപനങ്ങളും അവയിൽ കശാപ്പ് ചെയ്യപ്പെടുന്ന മൃഗങ്ങളുടെ ആന്റിമോർട്ടം, പോസ്റ്റ്മോർട്ടം പരിശോധനകളും ഒരു വെറ്ററിനറി വിദഗ്ദ്ധൻ നിരന്തരം പരിശോധിക്കേണ്ടതാണ്. ഇതിനോടൊപ്പംതന്നെ അന്യസംസ്ഥാനങ്ങളുമായി അതിർത്തിപങ്കിടുന്ന സ്ഥലങ്ങൾക്കരികിലും ശാസ്ത്രീയ അറവുശാലകൾ പണികഴിപ്പിക്കേണ്ടതാണ്. അന്യസംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്ന അറവുമാടുകളെ അവിടെവച്ചുതന്നെ കശാപ്പുചെയ്ത്, അവയുടെ മാംസം ശീതീകരിച്ച് സംസ്ഥാനത്ത് വിതരണംചെയ്യാവുന്നതാണ്. ശുദ്ധമായ മാംസലഭ്യതയോടൊപ്പം രോഗപ്രതിരോധവും ഇതുമൂലം സാധിക്കും. ശുദ്ധമായ മാംസോല്പാദനം, ഉപഭോഗം എന്നിവയെക്കുറിച്ച് പൊതുജനങ്ങളെ ബോധവല്കരിക്കേണ്ടതാണ്. അറവുശാലകളും അറവുസ്ഥലങ്ങളും പണികഴിപ്പിക്കുന്നത് സംസ്ഥാന മൃഗസംരക്ഷണവകുപ്പിന്റെ അംഗീകാരപ്രകാരം ആയിരിക്കണം.

26.5.2. കശാപ്പുമായി ബന്ധപ്പെട്ട നിയമങ്ങളും ചട്ടങ്ങളും കർശനമായി നടപ്പാക്കണം. മൃഗങ്ങളുടെ കടത്തൽ സംബന്ധിച്ചുള്ള നിയമങ്ങളും പരിപൂർണ്ണമായും പാലിക്കപ്പെടേണ്ടതാണ്. നിയമലംഘകർക്കെതിരെ കർശന നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇവ ഉറപ്പുവരുത്തുന്നതിനായി മൃഗസംരക്ഷണവകുപ്പ്, മോട്ടോർ വാഹനവകുപ്പ്, ആഭ്യന്തരവകുപ്പ്, വില്പന നികുതി വകുപ്പ് എന്നിവ സംയുക്തമായി പ്രവർത്തിക്കേണ്ടതാണ്.

## 27. മൃഗസംരക്ഷണമേഖല ലാഭകരമാക്കാനുള്ള നയങ്ങൾ

27.1. ദാരിദ്ര്യനിർമ്മാർജനത്തിനുള്ള ഫലപ്രദമായ ഒരു പോംവഴിയായാണ് ലോകമാകമാനം മൃഗസംരക്ഷണമേഖലയെ നോക്കിക്കാണുന്നത്. ഗ്രാമീണ ജനതതിയുടെ വലിയൊരു ശതമാനം ഇന്നും മൃഗപരിപാലനം ജീവനമാർഗ്ഗമാക്കിയവരാണ്. ലോക ഭക്ഷ്യകാർഷിക സംഘടനയുടെ നിരീക്ഷണ പ്രകാരം ഭാരതത്തിലെ മൃഗപരിപാലകരുടെ ഭൂരിഭാഗവും ചെറുകിട-ഇടത്തരം കർഷകരാണ് എന്നതുകൊണ്ടുതന്നെ മൃഗസംരക്ഷണ രംഗത്തെ വളർച്ച ഗ്രാമീണഭാരതത്തിൽ നേരിട്ട് പ്രതിഫലിക്കും.

27.2. നിലവിലുള്ള നയങ്ങൾ മൃഗസംരക്ഷണമേഖലയിലെ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം നൽകുന്നവയല്ല. കാരണം പല നയങ്ങളും താഴെക്കിടയിലുള്ള കർഷകരുമായും സംഘടനകളുമായും ചർച്ച ചെയ്തല്ല രൂപവല്കരിച്ചിട്ടുള്ളത്. മാത്രമല്ല മറ്റു കാർഷിക പ്രവർത്തനങ്ങൾക്ക് നൽകിവരുന്ന സബ്സിഡികളും പ്രോത്സാഹനവും സർക്കാരും ബാങ്കിംഗ് മേഖലയും മൃഗസംരക്ഷണത്തിന് നൽകുന്നതായും കാണുന്നില്ല.

27.3. മറ്റ് മേഖലകളുമായി താരതമ്യം ചെയ്യുമ്പോൾ ക്ഷീരമേഖലയിൽ നിന്നുള്ള വരുമാനം കുറവാണ്. പാലുല്പാദനത്തിനുള്ള ഉയർന്ന ചെലവാണ് ഇതിന് നിദാനം. പാൽവില ഉയരാൻ കാരണം കാലിത്തീറ്റയ്ക്കും തീറ്റപ്പുല്ലിനുമുള്ള വിലവർദ്ധനയാണ്. പാൽവിലയിലുള്ള സർക്കാർ ഇടപെടൽ ഈ മേഖലയിലെ ലാഭം വർദ്ധിപ്പിക്കുന്നില്ല. ഇങ്ങനെയുള്ള വിവിധ പ്രശ്നങ്ങൾ ചെറുകിട ക്ഷീരകർഷകരെ ഈ മേഖലയിൽനിന്നും അകറ്റുന്നു.

**27.4 നയം 192. ക്ഷീരമേഖലയിലേയ്ക്ക് യുവാക്കളെ ആകർഷിക്കാനും നിലവിലുള്ള ക്ഷീരകർഷകരെ പിടിച്ചുനിർത്താനുമായി ഈ രംഗത്തുപ്രവർത്തിക്കുന്ന സർക്കാർ വകുപ്പുകളും സഹകരണ സ്ഥാപനങ്ങളും പുതിയ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതാണ്.**

27.4.1. ഏകദേശം 30 വർഷത്തിന് ശേഷം ക്ഷീരമേഖലയുടെ ചിത്രം മാറുകയാണ്. ഒന്നും രണ്ടും പശുക്കളെ വളർത്തിയിരുന്ന കർഷകരുടെ സ്ഥാനത്ത് ഇന്ന് 10-20 പശുക്കളെ വളർത്തുന്ന ചെറുകിട യൂണിറ്റുകൾ സ്ഥാനമുറപ്പിച്ചു തുടങ്ങി. ഇങ്ങനെയുള്ള യൂണിറ്റുകൾ ക്ഷീരമേഖലയ്ക്ക് ശക്തി പകരുമെന്നതിനാൽ ഇവർക്കാവശ്യമുള്ള സാമ്പത്തികസഹായം നിർലോഭം നൽകേണ്ടതാണ്. കാരണം, പാലുല്പാദന വർദ്ധനവിലും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലും ഇവർ വലിയ പങ്ക് വഹിക്കും. ഇതിനോടൊപ്പംതന്നെ പരമ്പരാഗതമായ കാലിവളർത്തൽകർഷകർക്കും ആവശ്യമായ സഹായം തുടരേണ്ടതാണ്. ഇപ്രകാരമുള്ള നടപടികളിലൂടെ കർഷകന്റെ വരുമാന വർദ്ധന, മികച്ച തൊഴിലവസരങ്ങൾ, ഉയർന്ന ജീവിതനിലവാരം എന്നിവ ഉറപ്പുവരുത്താം. എന്നാൽ സാമ്പത്തികസഹായം അർഹമായ കൈകളിലെത്തുമെന്നുറപ്പിക്കാനുള്ള കരുതൽ നടപടികളും സ്വീകരിക്കേണ്ടതാണ്.

27.4.2. ക്ഷീരമേഖലയിൽ ഏറിയ വാണിജ്യ താല്പര്യങ്ങളോടെ വൻകിട സ്വകാര്യ സംരംഭങ്ങൾ രൂപംകൊള്ളുമ്പോൾ അവയ്ക്ക് സർക്കാരിൽ നിന്നുമുള്ള സാമ്പത്തിക സഹായം കഴിയുന്നത്ര പരിമിതപ്പെടുത്തേണ്ടതും എന്നാൽ കഴിയുന്നത്ര സാങ്കേതികസഹായവും മാർഗ്ഗനിർദ്ദേശങ്ങളും ബന്ധപ്പെട്ട വകുപ്പുകൾവഴി ഉറപ്പുവരുത്തേണ്ടതുമാണ്.

**27.5 നയം 193. മികച്ച പ്രോത്സാഹനം നൽകുന്ന പദ്ധതികൾ ആവിഷ്ക്കരിച്ചാൽ ക്ഷീരമേഖലയിൽ വ്യക്തികൾക്ക് സംരംഭങ്ങളുടെ നടത്തിപ്പിലും ലാഭസാധ്യതയിലും വലിയ മാറ്റങ്ങൾ സൃഷ്ടിക്കാനാവും.**

27.5.1. ഉല്പാദനത്തിന്റെ തോത് കണക്കിലെടുക്കാതെ ഒരു വ്യക്തിയെന്ന നിലയിൽ കർഷകനെക്കണ്ട് അവന് വിവിധ സാമ്പത്തിക സഹായങ്ങൾ നൽകുന്നതാണ് നിലവിൽ പിൻതുടരുന്ന രീതി. വ്യക്തികൾക്കു നൽകുന്ന ഏതൊരു സാമ്പത്തികസഹായവും ഉല്പാദന വർദ്ധനവിലെത്തണമെന്നത് ഒരു സാമാന്യ തത്വമായി പാലിക്കപ്പെടേണ്ടതുണ്ട്. ഇതിനായി കുറ്റമറ്റ രീതിയിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കണം. പുതിയ സാമ്പത്തിക സഹായ പദ്ധതിയിൽ കർഷകന്റെ ഉല്പാദന മികവാണ് മാനദണ്ഡമാക്കേണ്ടത്. ഏതൊരുല്പന്നത്തിന്റേയും യൂണിറ്റ് ഉല്പാദനത്തിന് ആനുപാതികമായി സഹായധനം നിശ്ചയിക്കുകയും മൊത്തം ഉല്പാദനം കണക്കാക്കി ആനുകൂല്യം നൽകുകയും വേണം. ഇതിലൂടെ കർഷകന് പ്രോത്സാഹനം നൽകുന്നതോടൊപ്പം ഉല്പാദനവർദ്ധനവും ഉറപ്പുവരുത്താനാവും. ഈ രീതി പരാതികൾക്കിടകൊടുക്കാതെ കുറ്റമറ്റരീതിയിൽ നടപ്പിലാക്കാനുള്ള നടപടിക്രമങ്ങൾ ആവിഷ്കരിക്കേണ്ടതുണ്ട്. ഗുണഭോക്താവിനെ ഒരുതരത്തിലും ബുദ്ധിമുട്ടിക്കാത്ത രീതിയിൽ ധനസഹായ വ്യവസ്ഥ നടപ്പാക്കുകയും, ഇങ്ങനെനൽകുന്ന സാമ്പത്തികസഹായം ഇ-പെയ്മെന്റ് വഴി ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നിക്ഷേപിക്കുകയും വേണം.

**27.6 നയം 194. ഉല്പാദനമേഖല സംസ്ഥാനത്തിന്റെ ഭക്ഷ്യസുരക്ഷ ലക്ഷ്യമിടുന്നതു കൊണ്ടുതന്നെ, ജനങ്ങൾക്കിടയിൽ ദാരിദ്ര്യ രേഖയടിസ്ഥാനമാക്കിയ വിഭജനം ( BPL / APL) മൃഗസംരക്ഷണ പദ്ധതികളുടെ ആനുകൂല്യങ്ങൾക്ക് മാനദണ്ഡമാക്കുന്ന നടപടി അടിയന്തിരമായി അവസാനിപ്പിക്കണം.**

27.6.1. ഉല്പാദകൻ ദാരിദ്ര്യരേഖയ്ക്ക് മുകളിലായാലും (APL) താഴെയായാലും (BPL) അയാളുണ്ടാക്കുന്ന ഉല്പാദനം മൊത്തം ഉല്പാദനവർദ്ധനയിലേക്കുള്ള സംഭാവനയാണ്. അതുകൊണ്ടുതന്നെ ഉല്പാദനപ്രക്രിയയിൽ ഇരുവിഭാഗങ്ങൾക്കും തുല്യപ്രാധാന്യം നൽകുകയാണ് വേണ്ടത്. എങ്കിലും APL വിഭാഗത്തിൽനിന്നും ഒരു കർഷകനെ തെരഞ്ഞെടുക്കുമ്പോൾ BPL വിഭാഗത്തിൽനിന്ന് അർഹരായ എല്ലാവരെയും ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. എന്നാൽ ഇവർക്ക് അനുവദിക്കുന്ന തുകയിൽ വ്യത്യാസം ഉണ്ടാകാൻ പാടില്ല.

**27.7 നയം 195. വിവിധ പ്രദേശങ്ങൾക്കായി മൃഗസംരക്ഷണപദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ, അതത് പ്രദേശങ്ങൾക്ക് ഉൾക്കൊള്ളാനാവുന്ന വിധം മാത്രം വിഭവ വിന്യാസം നടത്തുകയും അതിലൂടെ സുസ്ഥിരമായ ഒരു വിഭവ വിഭജന തന്ത്രത്തിന് വഴിയൊരുക്കുകയും വേണം.**

27.7.1. സംസ്ഥാനത്തിന്റെ ഭൂപ്രകൃതിയനുസരിച്ച് നിലവിലുള്ള കാർഷിക കാലാവസ്ഥാ മേഖലകൾ (Agro Climatic Zones) അടിസ്ഥാനമാക്കി, ഓരോ പ്രദേശത്തിനും അനുയോജ്യമായ പദ്ധതികൾവേണം വിഭാവനം ചെയ്യേണ്ടത്. എല്ലാ പദ്ധതികളും എല്ലാ പ്രദേശങ്ങൾക്കുമെന്ന നിലവിലുള്ള രീതി അവസാനിപ്പിക്കണം. ഒരു പ്രദേശത്തിനനുയോജ്യമായ വിഭവങ്ങളോ സംരംഭങ്ങളോ മറ്റിടങ്ങളിലേക്ക് യോജിച്ചെന്നുവരില്ല. അതിനാൽ ഓരോ പ്രദേശങ്ങൾക്കും അനുരൂപമായ പദ്ധതികൾ മാത്രം നടപ്പിലാക്കേണ്ടതാണ്. പരക്കെ നടപ്പാക്കുന്ന പദ്ധതികൾ പ്രായോഗികമായി സാദ്ധ്യമല്ലാത്ത പ്രദേശങ്ങളിൽ അവർക്കനുയോജ്യമായ മറ്റു പദ്ധതികൾ കണ്ടെത്തി നടപ്പാക്കണം. ഇത്തരത്തിൽ സുസ്ഥിരമായ ഒരു വിഭവ വിഭജനതന്ത്രം ആവിഷ്കരിച്ച് നടപ്പാക്കുന്നതിലൂടെ വിഭവങ്ങളുടെ പാഴ്ച്ചെലവ് ഒഴിവാക്കാനും, ഉല്പാദനം വർദ്ധിപ്പിക്കാനും, കാര്യ ക്ഷമതയും ലാഭസാദ്ധ്യതയും മെച്ചമാക്കാനും കഴിയും.

**27.8 നയം 196. വരൾച്ച, വെള്ളപ്പൊക്കം, ഭൂചലനങ്ങൾ, ഇടിമിന്നൽ തുടങ്ങിയ പ്രകൃതിദുരന്തങ്ങളോ മാരകരോഗങ്ങളോ മനുഷ്യപ്രവർത്തനം സൃഷ്ടിക്കുന്ന നാശങ്ങളോ മൂലം വിളനഷ്ടമുണ്ടാവുമ്പോൾ നാമമാത്രമായി സഹായം നൽകുന്ന നിലവിലുള്ള നഷ്ടപരിഹാര മൂല്യനിർണ്ണയ രീതി പാടേമാറ്റി, കർഷകനുണ്ടാകുന്ന ഉല്പാദനനഷ്ടത്തിന്റെ യഥാർത്ഥ മൂല്യം (കമ്പോള വില) നിർണ്ണയിച്ച് അത്രയും തുക നഷ്ടപരിഹാരമായി നൽകുന്ന രീതി നടപ്പിലാക്കണം.**

27.8.1. നഷ്ടപരിഹാരം നൽകുന്നതിന്റെ യഥാർത്ഥ ഉദ്ദേശം കർഷകന് നഷ്ടപ്പെട്ട ഉല്പാദനത്തിനോ ആസ്തിയ്ക്കോ പകരം സംവിധാനമുണ്ടാക്കി ജീവനമാർഗ്ഗം നിലനിർത്താൻ സഹായിക്കുക എന്നതാണ്. അതുകൊണ്ടുതന്നെ കർഷകന്റെ നഷ്ടത്തിന് തുല്യമായ നഷ്ടപരിഹാരം നൽകുന്നതിലൂടെ അയാളുടെ ജീവിതഭദ്രത തകരാതിരിക്കും. ഈ സഹായവിതരണം ഔദ്യോഗിക നടപടിക്രമങ്ങളുടെ നൂലാമാലകളിൽ കുരുങ്ങാതെ സമയബന്ധിതമായി നടപ്പാക്കുകയും വേണം.

**27.9 നയം 197. ക്ഷീരകർഷകർക്ക് കാലിത്തീറ്റയ്ക്കായി സാമ്പത്തിക സഹായം നൽകി ഉല്പാദനച്ചെലവ് കുറയ്ക്കുകയും കർഷകന്റെ വരുമാനം മെച്ചപ്പെടുത്തുകയും വേണം.**

27.9.1. സംസ്ഥാനത്തെ ക്ഷീരമേഖല ഏറെ വ്യത്യസ്തതകൾ നിറഞ്ഞതാണ്. കന്നുകാലികളിൽ 75 ശതമാനവും തൊഴുത്തിൽ വളരുന്നു. എന്നാൽ 25 ശതമാനത്തോളം കാലികളെ തുറസ്സായസ്ഥലത്ത് അഴിച്ചുവിട്ടാണ് വളർത്തുന്നത്. തൊഴുത്തിലും ഫാമുകളിലും വളർത്തുന്ന കാലികൾക്കുള്ള തീറ്റയുടെ ചെലവ് മുഴുവൻ കർഷകനാണ് വഹിക്കുന്നത്. ഇത് മൊത്തം ഉല്പാദനച്ചെലവിന്റെ 60-70 ശതമാനത്തോളമാണ്. ഇതിൽത്തന്നെ പിണ്ണാക്ക് പോലുള്ള ഖരാഹാരത്തിന്റെ വിലയിൽ വലിയ കയറ്റമാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. നിലവിലുള്ള ചെറിയ ലാഭംപോലും ഇതപഹരിക്കുന്നു. അടിയന്തിരമായി തീറ്റയ്ക്ക് സബ്സിഡി നൽകുകയും റേഷനിംഗ് സംവിധാനമേർപ്പെടുത്തുകയും ചെയ്യേണ്ടതാണ്. ഒരു കർഷന്റെ കൈയിലുള്ള ഉരുക്കളുടെ എണ്ണമനുസരിച്ചോ ഉല്പാദനത്തിന്റെ അടിസ്ഥാനത്തിലോ ഓരോ കർഷകനും ലഭിക്കാൻ അർഹതയുള്ള തീറ്റയുടെ അളവ് നിർണ്ണയിക്കാവുന്നതാണ്. ഒരു കർഷകന് ഒരു വർഷം നൽകുന്ന പരമാവധി സബ്സിഡി നിജപ്പെടുത്താവുന്നതാണ്. അർഹമായ തുക ഇ-പെയ്മെന്റ് വഴി കർഷകന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നിക്ഷേപിക്കാം.

**27.10 നയം 198. മൃഗസംരക്ഷണമേഖലയിലെ പദ്ധതികളുടെ ലാഭക്ഷമത ഉറപ്പാക്കാനായി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും പ്രത്യേക ഉപദേശക-സാങ്കേതിക കമ്മിറ്റികൾ രൂപവല്കരിക്കുകയും കർഷകരുടെ വരുമാനം ഉറപ്പാക്കുകയും വേണം.**

27.10.1. മൃഗസംരക്ഷണമേഖലയിലെ ഉല്പാദനവ്യവസ്ഥ, ഉല്പാദനച്ചെലവ്, കാര്യക്ഷമത, വിപണനസൗകര്യങ്ങൾ ഇവയെല്ലാം ഓരോ പ്രദേശത്തും വ്യത്യസ്തമായിരിക്കും. അതിനാൽ എല്ലായിടത്തേയ്ക്കും അനുയോജ്യമായ പൊതു ആസൂത്രണ മാതൃകകൾ പ്രായോഗികമാവില്ല. അതുകൊണ്ടുതന്നെ പ്രാദേശിക ആസൂത്രണത്തിന്റെ അടിസ്ഥാനയൂണിറ്റുകളായ തദ്ദേശ സ്ഥാപനങ്ങൾ ആധാരമാക്കി വിലയിരുത്തൽ രീതികളും ഉല്പാദന-വിപണന വ്യവസ്ഥകളും രൂപപ്പെടുത്തണം.

27.10.2. നിലവിലെ സബ്സിഡിരീതിക്ക് പകരം ഉല്പാദനാധിഷ്ഠിതമായ സാമ്പത്തിക പ്രോത്സാഹനമാണ് കർഷകർക്ക് നൽകേണ്ടത്. ഇത് തിട്ടപ്പെടുത്താൻ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലും കമ്മിറ്റികൾ രൂപവല്കരിക്കണം. തദ്ദേശ സ്വയംഭരണ തലവൻ ചെയർമാനായ കമ്മിറ്റിയിൽ രണ്ട് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ (മെമ്പർമാർ), കൺവീനർ (വെറ്ററിനറി സർജൻ), 6 കർഷക പ്രതിനിധികൾ (ക്ഷീര, മാംസ, മുട്ട ഉല്പാദനവുമായി നേരിട്ട് ബന്ധമുള്ള കർഷകർ) എന്നിവരുണ്ടാവും. കർഷകരിൽ 3 പേർ ക്ഷീരമേഖലയിൽ നിന്നുള്ളവരും, 2 പേർ ആട് / പന്നി / മുയൽ വളർത്തൽ മേഖലയിൽ നിന്നുള്ളവരും ഒരാൾ മുട്ട ഉല്പാദകനുമായിരിക്കാം.

27.10.3. കമ്മിറ്റിയിൽ 3 പേർ നിർബന്ധമായും വനിതകളായിരിക്കണം. കർഷകരുടെ വിശദാംശങ്ങൾ ഈ കമ്മിറ്റിയാണ് ശേഖരിക്കേണ്ടത്. കർഷകന്റെ ഉല്പാദനം മനസ്സിലാക്കി അയാൾക്ക് നൽകേണ്ട പ്രോത്സാഹനത്തുക നിശ്ചയിക്കേണ്ടത് ഈ കമ്മിറ്റിയാണ്. ഉല്പാദന പ്രവർത്തന വിശകലനം നടത്തുന്നത് യുക്തമായ സാങ്കേതികവിവരങ്ങളുടെ അടിസ്ഥാനത്തിലായിരിക്കും. ഉല്പന്നങ്ങളുടെ വിലനിർണ്ണയവും വിപണനവും സംബന്ധിച്ച കാര്യങ്ങളിലും ഈ കമ്മിറ്റിക്ക് തീരുമാനമെടുത്ത് നടപ്പാക്കാവുന്നതാണ്.

27.10.4. കമ്മിറ്റി തയ്യാറാക്കുന്ന ഉല്പാദനവുമായി ബന്ധപ്പെട്ട കണക്കിന്റെ അടിസ്ഥാനത്തിലായിരിക്കും കർഷകന് നൽകേണ്ട സാമ്പത്തിക പ്രോത്സാഹനം നിശ്ചയിക്കുക. എന്നാൽ ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും അപാകതകൾ ഏതെങ്കിലും കർഷകൻ കമ്മിറ്റിക്ക് മുൻപാകെ ചൂണ്ടിക്കാട്ടിയാൽ അത് സമയബന്ധിതമായി പരിശോധിച്ച് പരിഹരിക്കാനുള്ള ചുമതല കമ്മിറ്റിക്കുണ്ട്.

**27.11 നയം 199. പാൽവില നിർണ്ണയിക്കുന്ന രീതി ശാസ്ത്രീയമായി പരിഷ്കരിക്കുകയും ഉല്പാദനച്ചെലവിനെക്കാൾ ഉയർന്ന നിരക്കിൽ സംഭരണവില നൽകി കർഷകന് ലാഭം ഉറപ്പുവരുത്തുകയും വേണം.**

27.11.1. സംസ്ഥാനത്തെ പാലുല്പാദനത്തിന്റെ സിംഹഭാഗവും നടക്കുന്നത് ചെറുകിട യൂണിറ്റുകളിലാണ്. പശുക്കളെ തൊഴുത്തിൽ കെട്ടിയിട്ടു വളർത്തുന്ന രീതി പിൻതുടരുന്നതിനാൽ അവയ്ക്കാവശ്യമായ മുഴുവൻ തീറ്റയും കർഷകൻതന്നെ ലഭ്യമാക്കേണ്ടതുണ്ട്. തീറ്റയുടെ പ്രധാന ഘടകങ്ങൾ പിണ്ണാക്ക്,ചോളം പോലുള്ള ഖരാഹാരവും പുല്ല്, വൈക്കോൽ എന്നിവ പോലുള്ള പരുഷാഹാരവുമാണ്. ചേരുവകളുടെ വിലവ്യത്യാസത്തിനനുസരിച്ച് ഖരാഹാരത്തിന്റെ വിലയിൽ അടിക്കടി മാറ്റങ്ങളുണ്ടാവും. സമയത്തിന്റേയും കടത്തുചെലവുകളുടേയും അടിസ്ഥാനത്തിൽ പരുഷാഹാരങ്ങളുടെ വിലയിലും ചാഞ്ചാട്ടമുണ്ടാകും. തീറ്റവിലയിലുണ്ടാകുന്ന ഈ ഏറ്റക്കുറച്ചിലുകൾ ഉല്പാദനച്ചെലവ് പ്രവചനാതീതമാക്കുന്നു. ഇതിനനുസരിച്ച പാൽവില കർഷകന് ലഭിക്കണം. അതിനാൽ പാൽവിലനിർണ്ണയം പൊതുഅംഗീകൃതമായ ഒരു രീതിയിലൂടെ എല്ലാ വർഷവും നടത്തേണ്ടതാണ്. കർഷകരെക്കൂടി വിശ്വാസത്തിലെടുത്തുവേണം വിലനിർണ്ണയം നടത്തേണ്ടത്. സംഭരണവില ഉല്പാദനച്ചെലവിനെ ഉൾക്കൊള്ളുന്ന വിധത്തിൽ നിശ്ചയിക്കുവാൻ പരമാവധി ശ്രമം നടത്തേണ്ടതാണ്.

27.11.2. പാൽശേഖരണപ്രക്രിയ സുതാര്യമാക്കുന്നതിനോടൊപ്പം, വരുന്ന 5 വർഷത്തിനുള്ളിൽ, ഈ മേഖലയിൽ ഘട്ടംഘട്ടമായി പൂർണ്ണ യന്ത്രവല്ക്കരണവും യാഥാർത്ഥ്യമാക്കേണ്ടതാണ്.

# 28. ക്ഷീരവികസന നയങ്ങൾ

28.1. 128 മില്യൺ ടൺ പാലുല്പാദനവുമായി ലോകത്ത് ഒന്നാം സ്ഥാനത്ത് നില്ക്കുകയാണ് ഭാരതം. പാലുല്പാദനത്തിലെ ശരാശരി വാർഷിക വർദ്ധനവ് ദേശീയതലത്തിൽ 4.4 ശതമാനം എന്നിരിക്കെ കേരളത്തിൽ ഇത് 5 ശതമാനമായിരുന്നു. കഴിഞ്ഞ വർഷം 27.13 ലക്ഷം മെട്രിക് ടൺ പാലാണ് കേരളം ഉല്പാദിപ്പിച്ചത്.

28.2. 7 ലക്ഷം കർഷകരാണ് ക്ഷീരമേഖലയിൽ അദ്ധ്വാനിക്കുന്നത്. എന്നാൽ 3 ലക്ഷം കർഷകരിൽ നിന്നായി 15-16% മാത്രമാണ് സഹകരണ സംഘങ്ങളിലൂടെ ശേഖരിക്കുന്നത്. ബാക്കിവരുന്ന പാൽ മുഴുവനും എത്തുന്നത് അസംഘടിത മേഖലയിലേയ്ക്കാണ്. ഇന്ത്യയുടെ പ്രതിശീർഷ പാൽ ലഭ്യത 281 ഗ്രാം ആയിരിക്കേ കേരളത്തിൽ ഇത് 210 ഗ്രാം മാത്രമാണ്. സമീകൃതാഹാരമെന്ന നിലയിൽ പാലിന്റെ വർദ്ധിച്ച ഉല്പാദനവും ഗുണനിലവാരം ഉറപ്പുവരുത്തേണ്ടതും സംസ്ഥാനത്തിന്റെ കടമയാണ്.

28.3. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഭൂലഭ്യത കേരളത്തിൽ കുറവാണ്. കേരളത്തിലെ പരുഷാഹാര ഉല്പാദനം മുഴുവൻ ആവശ്യത്തിന്റെ 60% മാത്രമാണ്. ഭൂദൗർലഭ്യം, ജൈവവളത്തിന്റെ കുറവ്, മണ്ണൊലിപ്പു മൂലമുള്ള മണ്ണിന്റെ ഫലപുഷ്ടിക്കുറവ്, വിള അവശിഷ്ടങ്ങളുടെ ദൗർലഭ്യം കാർഷിക ഉപോല്പന്നങ്ങളുടെ അഭാവം ഇവയൊക്കെ കാലികളുടെ ആഹാര ലഭ്യതയിൽ ആശങ്കകളുണ്ടാക്കുന്നുണ്ട്. ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ വേണ്ടതുണ്ട്. എങ്കിൽ മാത്രമേ പാലുല്പാദനത്തിൽ സ്വയംപര്യാപ്തത നേടാൻ കഴിയൂ.

28.4. കേരളം 78 ലക്ഷം ലിറ്റർ പാൽ പ്രതിദിനം ഉല്പാദിപ്പിക്കുന്നുണ്ട്. 7 ലക്ഷം ലിറ്റർ പാലിന്റെ കുറവാണ് പ്രതിദിനം നമുക്കുള്ളത്. അടിയന്തിരമായി പാലുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുകയും തുടർയത്നങ്ങളിലൂടെ കയറ്റുമതിക്ക് സജ്ജമാവുകയും ചെയ്യേണ്ടതുണ്ട്.

28.5. നമ്മുടെ കാലിസമ്പത്ത് നിലനിർത്തുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ക്ഷീരസംഘങ്ങൾക്കും നിർണ്ണായകമായ പങ്കുണ്ട്. പരമ്പരാഗത പുൽക്കൃഷിക്ക് പുറമേ, ദീർഘകാല തീറ്റപ്പുൽവിളകളും തീറ്റയായി ഉപയോഗിക്കാവുന്ന വൃക്ഷങ്ങളും വളർത്തുന്നതിന് കർഷകരെ പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. വരൾച്ച, വെള്ളപ്പൊക്കം തുടങ്ങിയവ മേൽപ്പറഞ്ഞ വിളകളെ പ്രതികൂലമായി ബാധിക്കാമെന്ന സാധ്യതയും നിലവിലുണ്ട്. വാണിജ്യാടിസ്ഥാനത്തിൽ തീറ്റപ്പുല്ല് കൃഷിചെയ്യാൻ തയ്യാറായി ധാരാളം സംരംഭകർ മുന്നോട്ടുവരുന്നുണ്ട്. മൃഗങ്ങളുടെ തീറ്റയാവശ്യങ്ങൾക്കൊപ്പം മനുഷ്യന്റെ ഭക്ഷ്യസുരക്ഷയും ഉറപ്പുവരുത്തുന്നതരം വിളകൾക്കാണ് ഇത്തരുണത്തിൽ പ്രാധാന്യം കല്പിക്കേണ്ടത്. പാലുല്പാദനത്തിലും തീറ്റപ്പുൽക്കൃഷിയിലും സ്വയംപര്യാപ്തത നേടുവാൻ ഉതകുന്ന നയങ്ങൾ ഉണ്ടാകേണ്ടതുണ്ട്; കാരണം ധാരാളം തൊഴിൽസാദ്ധ്യതകൾ തുറന്നിടുന്ന മേഖലയാണ് ക്ഷീരോല്പാദനരംഗം.

**28.6 നയം 200. പശുക്കളെ വാങ്ങാനുള്ള ക്ഷീരകർഷക വായ്പകളെ കാർഷിക വായ്പയായി പരിഗണിക്കണം.**

28.6.1. ഉയർന്ന പലിശ നിരക്കിലാണ് (13%-17%) സംസ്ഥാനത്തെ പൊതുമേഖലാ-സഹകരണ-സ്വകാര്യമേഖലാ ബാങ്കുകൾ നിലവിൽ ക്ഷീരകർഷകർക്ക് വായ്പ

നൽകുന്നത്. ചെറിയ ലാഭം മാത്രമുള്ള സംരംഭമെന്ന നിലയിൽ ക്ഷീരകർഷകരെ സഹായിക്കാൻ (മറ്റ് കാർഷിക സംരംഭങ്ങൾ പോലെ) 3-8% പലിശനിരക്കിൽ വായ്പ അനുവദിക്കാൻ സർക്കാരും ബാങ്കുകളും തയ്യാറാവണം.

28.6.2. കൂടുതൽ ക്ഷീരകർഷകരെ ഈ രംഗത്തേക്ക് ആകർഷിക്കാൻ പലിശയ്ക്ക് സർക്കാർ സബ്സിഡി നൽകുന്നതും അഭികാമ്യമാണ്.

**28.7 നയം 201. ക്ഷീരസംഘങ്ങൾക്ക് പാൽ ശീതീകരിക്കുന്നതിന് കുറഞ്ഞനിരക്കിൽ വൈദ്യുതി ലഭ്യമാക്കണം.**

28.7.1. ലോകരാജ്യങ്ങൾക്കിടയിൽ ക്ഷീരോല്പാദനത്തിൽ ഒന്നാം സ്ഥാനത്ത് നിൽക്കുമ്പോഴും ഇന്ത്യൻ ക്ഷീരോല്പന്നങ്ങൾക്ക് ലോകനിലവാരം പുലർത്താൻ കഴിയാത്തതിനാൽത്തന്നെ അന്താരാഷ്ട്ര വിപണിയിൽ സ്വീകാര്യത ലഭിക്കുന്നില്ല എന്ന വസ്തുത രഹസ്യമല്ല. വേഗത്തിൽ കേടാവുന്ന ഉല്പന്നമാണ് പാൽ. ഉല്പാദനാനന്തരം ഒട്ടും കാലതാമസമില്ലാതെ പാൽ കേടാവാതെ സംരക്ഷിക്കേണ്ടതുണ്ട്. ആകയാൽ പ്രതിദിനം കുറഞ്ഞത് 500-1000 ലിറ്റർ പാൽ സംഭരിക്കുന്ന ക്ഷീരസംഘങ്ങളിൽ ശീതീകരണികൾ സ്ഥാപിക്കേണ്ടത് അനിവാര്യമാണ്. പൊതുജനാരോഗ്യവീക്ഷണത്തിൽ, പ്രത്യേകിച്ചും ഈ പാലുപയോഗിക്കുന്ന കുട്ടികളുടെ ആരോഗ്യ സംരക്ഷണത്തിൽ ഇത് കൂടുതൽ പ്രസക്തമാവുന്നു. ക്ഷീരസംഘങ്ങളുടെ ലാഭവിഹിതം കുറവായതിനാൽ ശീതീകരണികൾ പ്രായോഗികമായി പ്രവർത്തിപ്പിക്കാൻ കുറഞ്ഞ ചെലവിൽ വൈദ്യുതി ലഭ്യമാക്കേണ്ടതുണ്ട്. അതായത് ശീതീകരണികൾ പ്രവർത്തിപ്പിക്കാനാവശ്യമായ വൈദ്യുതിക്ക് മാത്രം കാർഷികാവശ്യത്തിനുള്ള വൈദ്യുതി നിരക്ക് ഏർപ്പെടുത്തേണ്ടതുണ്ട്.

**28.8 നയം 202. എല്ലാ ക്ഷീരകർഷകർക്കും കറവമാടുകൾക്കും ഇൻഷ്വറൻസ് പരിരക്ഷ**

28.8.1. സങ്കരവർഗ്ഗം കാലികളെയാണ് കേരളത്തിലെ ക്ഷീരകർഷകർ പരിപാലിക്കുന്നത്. പ്രതിരോധശേഷി കുറഞ്ഞ ഇത്തരം പശുക്കൾക്ക് രോഗബാധയേല്ക്കാനനുള്ള സാധ്യതയേറുന്നത്, സ്വതവേ സാമ്പത്തിക ശേഷികുറഞ്ഞ കർഷകരെ കൂടുതൽ ദുരിതത്തിലാക്കും. ഒപ്പം അത്യാഹിതങ്ങളിൽ നിന്നും ആകസ്മിക അപകടങ്ങളിൽ നിന്നും കാലികളെയും കർഷകരേയും രക്ഷിക്കേണ്ടതുമുണ്ട്. ക്ഷീരസംഘത്തിൽ പാൽ നല്കുന്ന എല്ലാ കർഷകരേയും അവരുടെ ഉരുക്കളേയും ഇൻഷ്വറൻസ് പരിരക്ഷയുടെ കീഴിൽ കൊണ്ടുവരേണ്ടതാണ്.

**28.9 നയം 203. തീറ്റപ്പുൽക്കൃഷി നടത്താനായി പഞ്ചായത്തുവക തരിശുഭൂമി ഉപയോഗപ്പെടുത്തണം.**

28.9.1. കേരളത്തിലെ പാലുല്പാദനച്ചെലവിന്റെ 50 മുതൽ 60% വരെ തീറ്റച്ചെലവാണ്. കാലികൾക്കാവശ്യമായ തീറ്റപ്പുല്ലുൾപ്പെടെയുള്ള പരുഷാഹാരത്തിന്റെ 60% മാത്രമേ കേരളത്തിൽ ഉല്പാദിപ്പിക്കുന്നുള്ളൂ. സ്ഥലപരിമിതിയാണ് ഇതിനുള്ള പ്രധാന തടസ്സം. ഫോഡർ വിളകൾക്കായി കൃഷിയോഗ്യമായ ഭൂമിയുടെ കേവലം 1 % മാത്രമേ കേരളം മാറ്റിവയ്ക്കുന്നുള്ളൂ. ക്ഷീരോല്പാദനം സുസ്ഥിരമാക്കാൻ ഇത് 5% ആയെങ്കിലും ഉയർത്തേണ്ടതാണ്. കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള തരിശുഭൂമികൾ ഇതിനായി പ്രയോജനപ്പെടുത്തണം. വ്യക്തികൾക്കും സ്വയം സഹായ ഗ്രൂപ്പുകൾക്കും തീറ്റപ്പുൽക്കൃഷി ഇടവിളയായി ഏറ്റെടുക്കാം. അതിന്റെ സംഭരണവും വിപണനവും ഗ്രൂപ്പുകൾ/ ക്ഷീരസംഘങ്ങൾ വഴി നടത്താം.

**28.10 നയം 204. ഉല്പാദിപ്പിക്കുന്ന പാലിന് ആനുപാതികമായി വേണം പ്രോത്സാഹന ധനസഹായം നൽകേണ്ടത്.**

28.10.1 കേരളത്തിൽ നാളിതുവരെ സർക്കാർ പാലളവിന് ആനുപാതികമായ പ്രോത്സാഹന ധനസഹായം ക്ഷീരകർഷകർക്ക് നൽകിയിട്ടില്ല. മറ്റ് സംസ്ഥാനങ്ങളേക്കാൾ പാലുല്പാദനച്ചെലവ് കൂടിയ കേരളത്തിൽ ഉല്പാദിപ്പിക്കുന്ന ഓരോ ലിറ്റർ പാലിനും ഇൻസെന്റീവ് നൽകാവുന്നതാണ്. ഏറ്റവും കുറഞ്ഞത് ഉല്പാദനച്ചെലവിന്റെ 10 ശതമാനം തുകയെങ്കിലും പ്രോത്സാഹനമായി നൽകേണ്ടതാണ്. പാൽവില വർദ്ധിപ്പിക്കുന്നതിനേക്കാൾ ഉല്പാദകനും ഉപഭോക്താവിനും ഒരുപോലെ പ്രയോജനപ്രദമാണിത്.

**28.11 നയം 205. ക്ഷീരോല്പാദനവുമായി ബന്ധപ്പെട്ട ലൈസൻസും മലിനീകരണ നിയന്ത്രണ സാക്ഷ്യപത്രങ്ങളും നൽകുന്നതിൽ ഉണ്ടാകാവുന്ന തർക്കങ്ങൾ പരിഹരിക്കാൻ മൃഗസംരക്ഷണ- ക്ഷീരവികസന-മലിനീകരണ നിയന്ത്രണ മേഖലകളിലെ വിദഗ്ദ്ധരടങ്ങിയ തർക്കപരിഹാര സമിതി (Appeal Committee) രൂപവല്കരിക്കണം.**

28.11.1 അഞ്ച് കന്നുകാലികളിൽക്കൂടുതൽ വളർത്തുന്നത് കെട്ടിടനിർമ്മാണ നിയമപ്രകാരം പ്രത്യേക അനുമതി ആവശ്യമായ പ്രവൃത്തിയാണ്. അതുകൊണ്ടുതന്നെ ചെറുകിട ക്ഷീരോല്പാദക സംരംഭങ്ങൾക്കുപോലും പഞ്ചായത്ത് ലൈസൻസും മലിനീകരണ നിയന്ത്രണബോർഡിന്റെ സാക്ഷ്യപത്രവും ആവശ്യമായിവരുന്നു. ഇതു സംബന്ധിച്ച തർക്കങ്ങൾ ഈ രംഗത്ത് സ്വാഭാവികമാണ്. ഇതു രമ്യമായി പരിഹരിക്കുന്നതിന് ഓരോ തദ്ദേശഭരണ സ്ഥാപനത്തിൻ കീഴിലും മൃഗസംരക്ഷണ-ക്ഷീരവികസന-മലിനീകരണ നിയന്ത്രണ മേഖലകളിലെ വിദഗ്ദ്ധരടങ്ങിയ തർക്കപരിഹാര സമിതി (Appeal Committee) രൂപവല്കരിക്കണം. ഖരമാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യാൻ ബയോഗ്യാസ് സംവിധാനങ്ങൾ സഹായകമാണ്. മേൽപ്പറഞ്ഞ പ്രശ്നങ്ങൾ പരിഹരിച്ച് ക്ഷീരകർഷകരെ സംരക്ഷിക്കുന്നതിന് സർക്കാരിന്റെ സമയോചിതമായ ഇടപെടലുകളും കർഷകസൗഹൃദതീരുമാനങ്ങളും ആവശ്യമാണ്.

**28.12 നയം 207. കാലിത്തീറ്റ സബ്സിഡി തീറ്റവിലയുടെ 25 ശതമാനമായി വർദ്ധിപ്പിക്കണം.**

28.12.1 ചേരുവകളുടെ വിലക്കയറ്റത്തിനനുസരിച്ച് കാലിത്തീറ്റയുടെ വിലയും അനുദിനം വർദ്ധിക്കുന്നു. നിലവിൽ ക്ഷീരസംഘങ്ങളിൽ പാൽനൽകുന്ന കർഷകർക്ക്, അളക്കുന്ന ഒരുലിറ്റർ പാലിനും, വാങ്ങുന്ന ഒരുകിലോ തീറ്റയ്ക്കും അനുസൃതമായി 80 പൈസ നിരക്കിലാണ് സർക്കാർ സബ്സിഡി നൽകുന്നത്. ഈ പരിധി നീക്കംചെയ്യുകയും, സബ്സിഡി തീറ്റവിലയുടെ 25% ആയി ഉയർത്തുകയും വേണം.

**28.13 നയം 208. ക്ഷീരസഹകരണ സംഘങ്ങൾക്ക് മെച്ചപ്പെട്ട ശീതീകരണ സംവിധാനങ്ങൾക്കായി സാമ്പത്തിക സഹായം ഏർപ്പെടുത്തണം.**

28.13.1 പാൽ അതിവേഗം കേടാകാവുന്ന ഒരു ഉല്പന്നമാണ്. പാൽ കൈകാര്യംചെയ്യുന്ന ഡയറികൾക്ക് ഇത് ഉപഭോക്താക്കൾക്ക് കേടാകാതെ എത്തിക്കുന്നതിനുള്ള ഉത്തരവാദിത്വമുണ്ട്. പാൽ കേടാവുന്നതിലൂടെ കർഷ

കർക്കും ക്ഷീരസംഘങ്ങൾക്കും ഉണ്ടാകാവുന്ന നഷ്ടം ഒഴിവാക്കാനായി, ഉല്പാദിപ്പിക്കപ്പെടുന്ന പാൽ കാലതാമസംകൂടാതെ സംരക്ഷിക്കണം. ആയതിനാൽ പ്രതിദിനം 500 ലിറ്ററിൽ കൂടുതൽ പാൽ കൈകാര്യംചെയ്യുന്ന ക്ഷീരസംഘങ്ങളിൽ ശീതീകരണികൾ (ബൾക്ക് മിൽക്ക് കൂളറുകൾ) സ്ഥാപിക്കണം. ഇതിനായി 500 ലിറ്ററിൽ കൂടുതൽ പാൽ ശേഖരിക്കുന്ന ക്ഷീരസംഘങ്ങൾക്ക് ശീതീകരണ സംവിധാനത്തിനായി ധനസഹായം അനുവദിക്കാവുന്നതാണ്.

**28.14 നയം 208. ക്ഷീര ഉപദേശക സേവനം ഊർജ്ജിതമാക്കാൻ ക്ഷീരവികസന വകുപ്പ് പുനഃസംഘടിപ്പിക്കണം.**

28.14.1 ലോകമാകമാനം ക്ഷീരമേഖല ദ്രുതഗതിയിലുള്ള മാറ്റങ്ങൾക്ക് വിധേയമാവുകയാണ്. സമീപഭാവിയിൽത്തന്നെ കേരളം ഈരംഗത്ത് സ്വയംപര്യാപ്ത മാവുമെന്ന് പ്രതീക്ഷിക്കുന്നു. പോഷക നിലവാരമുള്ളതും ആരോഗ്യസുരക്ഷ ഉറപ്പു വരുത്തുന്നതുമായ പാൽ ഉപഭോക്താക്കളിലെത്തണം. ഇതിനായി അന്താരാഷ്ട്ര നിലവാര സൂചികകൾക്കനുസരണമായ ശുദ്ധമായ പാലുല്പാദനത്തിന് നമ്മുടെ കർഷകരെ സജ്ജരാക്കേണ്ടതുണ്ട്. ഇവിടെയാണ് ക്ഷീരോപദേശകസേവനം ശക്തിപ്പെടുത്തേണ്ടതിന്റെ പ്രസക്തി വ്യക്തമാവുന്നത്. ഈ ലക്ഷ്യം മുൻനിർത്തി ക്ഷീരവികസന വകുപ്പിന്റെ പ്രവർത്തനം പുനഃസംഘടിപ്പിക്കുകയും വിജ്ഞാനവ്യാപനം ശക്തിപ്പെടുത്തുന്നതിനായി പഞ്ചായത്തുതലത്തിൽ ഫീൽഡുതല ഉദ്യോഗസ്ഥരുടെ സേവനം ഉറപ്പുവരുത്തുകയും വേണം. ഇതിലൂടെ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും പാലുല്പാദനം വർദ്ധിപ്പിക്കാനും കഴിയും.

28.14.2 കൂടുതലും വനിതകളാണ് ക്ഷീരമേഖലയിൽ പ്രവർത്തിക്കുന്നത്. എന്നാൽ ഇതിൽ ബഹുഭൂരിപക്ഷംപേരും ഇതുമായി ബന്ധപ്പെട്ട പരിശീലനങ്ങളിൽ പങ്കെടുക്കുകയോ ശാസ്ത്രീയഅറിവുകൾ നേടുകയോ ചെയ്യുന്നില്ല. ആകയാൽ ഗ്രാമതലത്തിൽ വനിതാ ക്ഷീരപ്രചാരകരെ നിയമിച്ച് ഈ മേഖലയിൽ വിജ്ഞാനവ്യാപനം ഉറപ്പുവരുത്താവുന്നതാണ്. ക്ഷീരവികസന സാദ്ധ്യതയുള്ള എല്ലാ പഞ്ചായത്തുകളിലും ഇത്തരത്തിൽ വനിതാ പ്രമോട്ടർമാരെ നിയമിക്കണം.

**28.15 നയം 209. സഹകരണനിയമപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള ക്ഷീരസംഘങ്ങളിൽ അംഗങ്ങളായിട്ടുള്ളവരും 5 പശുക്കൾ വരെയുള്ളവരുമായ ക്ഷീരകർഷകരെ ഭക്ഷ്യസുരക്ഷാ നിയമപ്രകാരമുള്ള രജിസ്ട്രേഷനിൽനിന്നും ഒഴിവാക്കണം.**

28.15.1 ഉപഭോക്താക്കൾക്ക് ശുദ്ധമായ പാൽ ലഭ്യമാക്കണം എന്നത് നിർബന്ധമായും പാലിക്കേണ്ടതാണ്. അതേസമയം തന്നെ ക്ഷീരോല്പാദകരുടേയും ക്ഷീരസംഘങ്ങളുടേയും താല്പര്യങ്ങളും സംരക്ഷിക്കപ്പെടണം. കേന്ദ്ര ഭക്ഷ്യസുരക്ഷാനിയമ പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളതാവണം സംഘങ്ങൾ. അതുകൊണ്ടുതന്നെ ഈ സംഘങ്ങളിൽ അംഗങ്ങളായിട്ടുള്ള ക്ഷീര കർഷകരെ (5 പശുക്കൾ വരെയുള്ളവർ) ഭക്ഷ്യ സുരക്ഷാ നിയമപ്രകാരം പ്രത്യേക രജിസ്ട്രേഷൻ എടുക്കണമെന്ന നിബന്ധനയിൽനിന്നും ഒഴിവാക്കണം.

28.15.2 ഭക്ഷ്യസുരക്ഷാ നിബന്ധനകൾ അനുസരിച്ച് സ്ഥാപനവും പരിസരവും സജ്ജീകരിക്കാൻ ക്ഷീരസംഘങ്ങൾക്ക് ധനസഹായം നൽകണം.

**28.16 നയം 210. ഓരോ പ്രൈമറി സ്കൂൾ വിദ്യാർത്ഥിക്കും (5-ാം ക്ലാസ്സ് വരെ) എല്ലാ പ്രവൃത്തിദിവസങ്ങളിലും 200 മില്ലി ലിറ്റർ പാൽ നൽകണം.**

28.16.1 കുട്ടികളിൽ പരമാവധി മാനസിക-ശാരീരിക വളർച്ചയുണ്ടാകുന്നത് 12 വയസ്സു വരെയുള്ള കാലത്താണ്. സംസ്ഥാനത്തെ സർക്കാർ / എയ്ഡഡ് സ്ക്കൂളുകളിലെ വിദ്യാർത്ഥികളിൽ പലർക്കും വീടുകളിൽ സമീകൃതാഹാരം ലഭ്യമായിരിക്കില്ല. എന്നാൽ ഇവർ രാജ്യത്തിന്റെ ഭാവി വാഗ്ദാനങ്ങളായതു കൊണ്ടുതന്നെ ഇവരുടെ ആരോഗ്യം സർക്കാരിന്റെ പരിഗണന അർഹിക്കുന്നു. അതുകൊണ്ടുതന്നെ സർക്കാർ / എയ്ഡഡ് സ്ക്കൂളുകളിലെ 5-ാം ക്ലാസ്സ് വരെയുള്ള എല്ലാ വിദ്യാർത്ഥികൾക്കും എല്ലാ പ്രവൃത്തി ദിവസങ്ങളിലും 200 മില്ലി ലിറ്റർ വീതം തിളപ്പിച്ച/ അണുവിമുക്തമാക്കിയ പാൽ നൽകാൻ സംവിധാനം വേണം. ഇതിനാവശ്യമായ പാൽ പ്രാദേശിക ക്ഷീരസംഘങ്ങളിലൂടെ ലഭ്യമാക്കുകയും അതിന്റെ ഗുണനിലവാരം ക്ഷീരവികസനവകുപ്പ് ഉദ്യോഗസ്ഥർ ഉറപ്പാക്കുകയും വേണം.

**28.17 നയം 211. സാദ്ധ്യമായ എല്ലായിടത്തും പുതിയ ക്ഷീര സഹകരണസംഘങ്ങൾ ആരംഭിച്ച്, കൂടുതൽ കർഷകരെ ക്ഷീര മേഖലയിലേക്ക് ആകർഷിക്കണം.**

28.17.1 ഗ്രാമപ്രദേശങ്ങളിൽ ഉല്പാദിപ്പിക്കുന്ന, അധികമുള്ള പാൽ സംഭരിച്ച് സംസ്കരണത്തിനായി ഡയറികളിൽ എത്തിക്കുക എന്നതാണ് ക്ഷീരസംഘങ്ങളുടെ ഉത്തരവാദിത്വം. ക്ഷീരസംഘങ്ങളെ ശക്തിപ്പെടുത്തുകവഴി ശരിയായ മാർഗ്ഗനിർദ്ദേശത്തിൻകീഴിൽ ഗുണമേന്മയുള്ള പാൽ പരമാവധി അളവിൽ സംഭരിക്കാനാവും. അതിനാൽ, സാദ്ധ്യമായ സ്ഥലങ്ങളിലെല്ലാം, പ്രദേശ നിയന്ത്രണമില്ലാതെ (Area restriction) പുതുതായി ക്ഷീര സഹകരണസംഘങ്ങൾ ആരംഭിക്കുന്നതിലൂടെ കൂടുതൽ കർഷകരെ ഈ രംഗ ത്തേക്ക് ആകർഷിക്കാനും പാലുല്പാദനവും സംഭരണവും ഏറെ മെച്ചപ്പെടുത്താനും കഴിയും.

**28.18 നയം 212. ബ്ലോക്കുതല കിടാരിപാർക്കുകൾ സജ്ജമാക്കുന്നതിന്റെ ഭാഗമായി, തെരഞ്ഞെടുത്ത കർഷകരുടെയോ ക്ഷീരസംഘങ്ങളുടെയോ മേൽനോട്ടത്തിൽ, കൃത്രിമ ബീജധാരണത്തിലൂടെ സൃഷ്ടിക്കപ്പെട്ട സങ്കരയിനം പശുക്കുട്ടികളെ വാങ്ങി വളർത്തിയെടുക്കാനുള്ള പദ്ധതി നടപ്പാക്കണം.**

28.18.1 പാലുല്പാദനത്തിലെ പ്രഖ്യാപിത ലക്ഷ്യം നേടാൻ ആവശ്യമായത്ര കറവപ്പശുക്കളെ സംരക്ഷിക്കേണ്ടതുണ്ട്. സങ്കരയിനം കന്നുകുട്ടിക്കളെ പശുക്കളാക്കി വളർത്തിയെടുക്കുന്നതിനുള്ള ചെലവ് ഭീമമാകയാൽ കർഷകർ അവയെ ചെറുപ്പത്തിലേതന്നെ മാംസാവശ്യത്തിനായി വില്ക്കുകയാണ് പതിവ്. ഇത് ഉല്പാദനക്ഷമമായ കന്നുകാലി സമ്പത്തിന് ഭീഷണിയാവാം. ആകയാൽ, കൃത്രിമ ബീജധാരണത്തിലൂടെ സൃഷ്ടിക്കപ്പെട്ട സങ്കരയിനം പശുക്കുട്ടികളെ വാങ്ങി വളർത്തിയെടുക്കാനുള്ള പദ്ധതി നടപ്പാക്കണം. ബ്ലോക്കുതല കിടാരി പാർക്കുകൾ സജ്ജമാക്കുന്നതിന്റെ ഭാഗമായി, തെരഞ്ഞെടുത്ത കർഷകരേയോ ക്ഷീരസംഘങ്ങളേയോ ഇതിന്റെ മേൽനോട്ടം ഏൽപ്പിക്കാവുന്നതാണ്. കാലിത്തീറ്റയും ഫോഡർവിളകളും സബ്സിഡിനിരക്കിൽ ലഭ്യമാക്കുകയും സാധ്യമായ മറ്റ് സൗകര്യങ്ങൾ ഏർപ്പെടുത്തിക്കൊടുക്കുകയും വേണം. സാദ്ധ്യമായ എല്ലാ ബ്ലോക്കിലും കിടാരി പാർക്കുകൾ തുടങ്ങണം.

# 29. പൗൾട്രി വികസനത്തിനായുള്ള നയങ്ങൾ

29.1 കേരളത്തിൽ പ്രതിവർഷം ഏകദേശം 2.4 ലക്ഷം ടൺ കോഴിയിറച്ചി ഉപയോഗിക്കുന്നുണ്ട്. ഇതിന്റെ വിപണനമൂല്യം 3,360 കോടി രൂപയോളം വരും. പ്രാദേശിക ഉല്പാദനം വെറും 90,000 ടൺ ആയതിനാൽ അന്യസംസ്ഥാനങ്ങളെ അത്യധികമായി ആശ്രയിക്കേണ്ടതായി വരുന്നു.

29.2 മുട്ടയുടെ വിപണനമൂല്യം ഏകദേശം 1800 കോടി രൂപയാണെന്നാണ് കണക്കാക്കപ്പെടുന്നത്. പ്രതിവർഷം 5400 കോടി രൂപയുടെ ഇറച്ചിയും മുട്ടയും കേരളത്തിനാവശ്യമുണ്ട്. ഭീമമായ ഈ സംഖ്യയുടെ സിംഹഭാഗവും അയൽ സംസ്ഥാനങ്ങളിലേക്കാണ് ഒഴുകുന്നത്.

29.3 മുട്ടയുടെ ആവശ്യകതയും അതിന്റെ ഉല്പാദനവും തമ്മിലുള്ള അന്തരം വർദ്ധിച്ചു വരികയാണ്. ആവശ്യകതയുടെ 28 ശതമാനം മാത്രമേ ആഭ്യന്തരമായി ഉല്പാദിപ്പിക്കുന്നുള്ളു. വീട്ടുവളപ്പിലോ സ്വതന്ത്രമായി തുറന്നുവിട്ടോ ഉള്ള ഉല്പാദനരീതിയാണ് അനുവർത്തിച്ചുവരുന്നത്. നഗരവല്ക്കരണത്തിന്റെയും ഭൂപരിമിതിയുടേയും അടിസ്ഥാനത്തിൽ വിലയിരുത്തുമ്പോൾ ഈ രീതി വ്യാപകമായി തുടരാനുള്ള സാധ്യതകൾ കുറഞ്ഞുവരികയാണ്. ആയതിനാൽ മറ്റ് രീതികൾ അവലംബിക്കേണ്ടത് അത്യാവശ്യമായി വരുന്നു. ഇതിലേക്കായി ചെറിയ കൂടുകളിൽ മുട്ടക്കോഴികളെ വളർത്തുന്ന രീതി (Micro cage layer system) പ്രാബല്യത്തിൽ കൊണ്ടുവരാവുന്നതാണ്. ചെറുകിടകർഷകർക്കും വ്യക്തികൾക്കും ഇരുമ്പ് കൂടുകൾ നിർമ്മിച്ച്, അതിൽ മുട്ടക്കോഴികളെ വളർത്തി, മുട്ട ശേഖരിച്ച് വിപണനംചെയ്യുന്ന രീതിയായ മൈക്രോ കേജ് ലെയർ സിസ്റ്റം സ്വീകരിക്കാവുന്നതാണ്.

29:4 ഈ പ്രവർത്തനങ്ങളെല്ലാം സ്ത്രീകളുടെ ഉടമസ്ഥതയിൽ ചെറിയ സംഘങ്ങളായി ചേർന്ന് വേണ്ടത്ര വിപണനസൗകര്യങ്ങളോടെ ചെയ്യാവുന്നതാണ്. ചെലവേറിയ ഉല്പാദനോപാധിയായ കോഴിത്തീറ്റ തദ്ദേശീയമായി ലഭിക്കാനുള്ള സൗകര്യങ്ങൾ ഉണ്ടാക്കുകവഴി ഉല്പാദനത്തിനുള്ള ചെലവ് കുറയ്ക്കാനും നല്ല വളർത്തൽരീതികൾ സ്വീകരിക്കാനും കഴിയും. അമുൽ മാതൃകയിലുള്ള സംഭരണ-വിതരണ മാർഗ്ഗങ്ങൾ സ്വീകരിക്കാവുന്നതാണ്.

**29.5 നയം 213. കേരളത്തിൽ മുട്ടയുടെ സ്വയംപര്യാപ്തതയ്ക്ക് വീട്ടുവളപ്പിലും വാണിജ്യാടിസ്ഥാനത്തിലുമുള്ള ഉല്പാദനം സമന്വയിപ്പിച്ചു കൊണ്ടുള്ള ഒരു പ്രവർത്തന പദ്ധതി ആവശ്യമാണ്.**

29.5.1 1970-കളിൽ കേരളം മുട്ടയുല്പാദനത്തിൽ സ്വയം പര്യാപ്തമായിരുന്നു. ന്യൂഡൽഹി പോലെയുള്ള സ്ഥലങ്ങളിലേക്ക് ഇവിടെനിന്നും മുട്ട കയറ്റുമതി ചെയ്തിരുന്നു. കൊട്ടാരക്കര, ചെങ്ങന്നൂർ റെയിൽവെ സ്റ്റേഷനുകളിൽ നിന്നായിരുന്നു പ്രധാനമായും മുട്ട കയറ്റുമതി ചെയ്തിരുന്നത്. വീട്ടുവളപ്പിലെ കോഴിവളർത്തൽ എന്ന ചെലവുകുറഞ്ഞ രീതിയിൽ മുട്ടയുല്പാദനം നടത്തുന്നതിന് കേരളം ഉത്തമമാതൃകയായിരുന്നു.

29.5.2 450 കോടി മുട്ടയുടെ ആവശ്യകത നിലനിൽക്കുമ്പോൾ സംസ്ഥാനത്തെ വാർഷിക മുട്ടയുല്പാദനം വെറും 150.02 കോടിയാണ്. ബാക്കി മുട്ട അന്യസംസ്ഥാനങ്ങളിൽ (പ്രത്യേകിച്ച് തമിഴ്നാട്) നിന്നും വിപണിയിൽ എത്തുകയാണ് പതിവ്.

29.5.3 വീട്ടുവളപ്പിലെ കോഴിവളർത്തൽ പദ്ധതി ചില മാറ്റങ്ങളോടെ നടപ്പാക്കിയാൽ ഗ്രാമീണ ഉപഭോക്താക്കളുടെ ആവശ്യകത നിറവേറ്റാനും കർഷകർക്ക് ഒരു ഉപതൊഴിൽ എന്നനിലയിൽ കൂടുതൽ മെച്ചപ്പെട്ട വരുമാനം കണ്ടെത്താനും കഴിയും. സ്ഥലപരിമിതി യുള്ളയിടങ്ങളിൽ കോഴികളെ പൂർണ്ണമായും തുറന്നുവിട്ടുവളർത്തുന്നതിന് പകരം വീട്ടു വളപ്പുകളിൽ സ്ഥാപിക്കുന്ന തട്ടുതട്ടു കളായുള്ള ചെറുകൂടുകളിൽ 40–50 കോഴികളെ വരെ ഒരു യൂണിറ്റായി വളർത്താവുന്നതാണ്. ഭക്ഷണഅവശിഷ്ടങ്ങൾക്കു പുറമേ ചെറിയ തോതിലുള്ള കൈത്തീറ്റ മാത്രമേ വേണ്ടി വരുന്നുള്ളൂ എന്നതും തരക്കേടില്ലാത്ത വരുമാനം ലഭിക്കുന്നു എന്നതും ഈ മൈക്രോ കേജ് ലേയർ സിസ്റ്റത്തിന്റെ സവിശേഷത കളാണ്. മൂന്ന് വർഷത്തിനുള്ളിൽത്തന്നെ, ഈ സംവിധാനം നടപ്പിലാക്കാവുന്നതാണ്.

**29.6 നയം 214. സംസ്ഥാനത്ത് കോഴിയിറച്ചി യുടെ ആവശ്യകത വർഷംതോറും 40% – 45% വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ബ്രോയിലർ കോഴിവളർത്തൽ ഒരു പ്രധാന വരുമാന മാർഗ്ഗമായോ ഉപവരുമാനമാർഗ്ഗ മായോ പ്രോത്സാഹിപ്പിച്ചാൽ വർഷം മുഴുവനും ധാരാളം കർഷകർക്ക് തൊഴിലും വരുമാനവും ഉറപ്പുവരുത്താൻ കഴിയും.**

29.6.1. ജൈവമൂല്യമേറിയ മാംസ്യമടങ്ങിയ കോഴിയിറച്ചി ധാതുക്കൾ, ജീവകങ്ങൾ ഇവ യെല്ലാം അടങ്ങുന്ന ഉത്തമാഹാരമാണ്. പ്രത്യേ കമായി വികസിപ്പിച്ചെടുത്ത, നല്ല വളർച്ചാ നിരക്കും മെച്ചപ്പെട്ട തീറ്റപരിവർത്തന ശേഷി യുമുള്ള ഇനങ്ങൾ (ഉദാ. ഹൈബ്രിഡ് ബ്രോയിലർ) വിപണിയിൽ സുലഭമാണ്. കൃഷിസ്ഥലത്തിന്റെ വിസ്തൃതി ആശ്രയിച്ച് ഇറച്ചിക്കോഴിവളർത്തൽ മുഖ്യവരുമാന മാർഗ്ഗമായോ ഉപവരുമാനമാർഗ്ഗമായോ നടത്തിയാൽ വർഷംമുഴുവൻ കർഷകർക്ക് ലാഭകരമായ തൊഴിൽ കിട്ടാനുള്ള അവസരം ഉറപ്പാക്കാം.

29.6.2. മൃഗസംരക്ഷണ വകുപ്പ്, KEPCO എന്നിവയുടെ കീഴിൽ ഇറച്ചിക്കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കാൻ പല പദ്ധതി കളും നടപ്പാക്കാവുന്നതാണ്. ബ്രോയിലർ കോഴിവളർത്തൽ ആരംഭിക്കുന്ന കർഷകർക്ക് - കോഴികളെ വളർത്താനുള്ള ഷെഡ്, ആവശ്യമുള്ള ഉപകരണങ്ങൾ, ഒരു ദിവസം പ്രായമുള്ള കോഴിക്കുഞ്ഞിന്റെ വില, കോഴി ത്തീറ്റ, മരുന്ന്, കൂലിച്ചെലവ് തുടങ്ങിയ പ്രാരംഭപ്രവർത്തനങ്ങൾക്കുള്ള സഹായം ലഭ്യമാക്കാവുന്നതാണ്. ഷെഡ് നിർമ്മാണ ത്തിന് ഭൂമി ഒരുക്കുന്നതിനുള്ള ചെലവ്, വേലി കെട്ടുന്നതിനുള്ള ചെലവ്, വെള്ളം, വൈദ്യു തി, ഗോഡൗൺ, വാഹനങ്ങൾ, ബ്രോയിലർ ഡ്രസ്സിംഗ് യൂണിറ്റുകൾ, സംസ്കരണ-ശീതീ കരണ സൗകര്യങ്ങൾ ഇവയെല്ലാം സാമ്പ ത്തികസഹായത്തിനായി പരിഗണിക്കാ വുന്നതാണ്. ഭൂമിയുടെ വില സാമ്പത്തിക സഹായത്തിൽനിന്നും ഒഴിവാക്കേണ്ടതാണ്. ഇതോടൊപ്പം, കൃഷിക്ക് യോഗ്യമായ ഏതെ ങ്കിലും സർക്കാർവക ഭൂമി ലഭ്യമാണെങ്കിൽ, അംഗീകാരമുള്ള സ്വയംസഹായസംഘ ങ്ങൾക്കോ, കൂട്ടുത്തരവാദിത്തമുള്ള ഗ്രൂപ്പു കൾക്കോ മാത്രം ഈ ഭൂമി പദ്ധതി നടത്തി പ്പിനായി കൈമാറാവുന്നതാണ്.

29.6.3. കേരളത്തിലെ ജനങ്ങൾക്ക് ഗുണമേ ന്മയുള്ള ഇറച്ചി ലഭ്യമാക്കാനും ഒപ്പം കർഷകരുടെ വരുമാനം വർദ്ധിപ്പിക്കാനും ഉതകുന്ന രീതിയിൽ ബ്രോയിലർ കോഴിയുടെ ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ മുൻഗണനാടിസ്ഥാനത്തിൽ സർക്കാർ നടപ്പിലാക്കണം.

**29.7 നയം 215. മെച്ചപ്പെട്ട സാങ്കേതികവിദ്യ യിലൂടെ വികസിപ്പിച്ചെടുത്ത വൈവിധ്യ മുള്ള കോഴിയിനങ്ങളെ കർഷകർക്ക് ലഭ്യ മാക്കി സുസ്ഥിരവും ലാഭകരവുമായ ഉല്പാദനത്തിനുള്ള പ്രചോദനവും പ്രചരണവും നൽകേണ്ടതാണ്.**

29.7.1. സംസ്ഥാനത്ത് പ്രചാരത്തിലിരിക്കുന്ന സാമൂഹ്യ-കാർഷിക-സാമ്പത്തിക സംവി ധാനം അനുസരിച്ച് *പലതരത്തിലുള്ള പക്ഷികൾ ഒരു കുടക്കീഴിൽ* (Cafetaria approach) സമീപനമാണ് കോഴിവളർത്തൽ രംഗത്ത് ഇന്ന് ആവശ്യം. പ്രാദേശികമായ വിവിധ ആവശ്യ ങ്ങൾ നിറവേറ്റാനായി ശാസ്ത്രജ്ഞന്മാർ വൈവിധ്യംനിറഞ്ഞ പൗൾട്രി ഉല്പാദന രീതികൾ വികസിപ്പിക്കുകയും നടപ്പിലാക്കു കയും വേണം. ഇത് പരിമിതമായ ഉല്പാദ നോപാധികൾകൊണ്ട് പരമാവധി വരുമാനം ഉറപ്പുവരുത്തുകയും പാരിസ്ഥിതികമായ പ്രശ്നങ്ങൾ കുറയ്ക്കുകയും ചെയ്യും. വിവിധ സാഹചര്യങ്ങൾക്കനുയോജ്യമായ ഇതര പക്ഷിയിനങ്ങളുടെ കണ്ടെത്തൽ ഇവിടെ കൂടുതൽ പ്രസക്തമാവുന്നു. ഈ വ്യവസ്ഥയെ ഒരിക്കലും വാണിജ്യാടിസ്ഥാനത്തിലുള്ള കോഴിവളർത്തലുമായി താരതമ്യപ്പെടുത്താ നാവില്ല എങ്കിലും ഇവ കർഷകർക്ക് ഗണ്യമായ വരുമാനവും സമൂഹത്തിന് ആശ്രയിക്കാവുന്ന ഒരു ഭക്ഷ്യസ്രോതസ്സും പ്രദാനംചെയ്യുന്നു.

29.7.2. പരമ്പരാഗതമായി വളർത്തുന്ന ഗിനി ക്കോഴി, ടർക്കി തുടങ്ങിയവ വലിയ ധനനി ക്ഷേപങ്ങളൊന്നും കൂടാതെ മെച്ചമായ വരുമാനം ഉറപ്പാക്കുന്നു. കാടവളർത്തൽ വ്യത്യസ്തമായതും കൃത്യമായ വരുമാനം ഉറ പ്പാക്കുന്നതുമാണ്. രോഗനിയന്ത്രണരീതി കൾ, തീറ്റക്രമം, പ്രജനനം, പരിപാലന രീതികൾ എന്നിവയെക്കുറിച്ച് ആഴത്തിലുള്ള പഠനങ്ങൾ ഇവയുടെ വ്യാവസായിക ഉല്പാ ദനത്തിന് വഴിതെളിച്ചിട്ടുണ്ട്.

29.7.3. മേൽപ്പറഞ്ഞ രീതിയിലുള്ള ഇടപെട ലുകളിൽ ചെറുകിട കർഷകർക്ക് സർക്കാരിന്റെ പ്രോത്സാഹനം നിർബന്ധമാണ്.

**29.8 നയം 216. അന്യസംസ്ഥാനത്ത് നിന്നും കൊണ്ടുവരുന്ന ബ്രോയിലർ കോഴിക്ക് പ്രവേശനനികുതി ഈടാക്കുകയും പ്രാദേ ശിക ഉല്പാദനത്തിനെ ഇതിൽനിന്നും ഒഴി വാക്കുകയും വേണം.**

29.8.1 പ്രാദേശിക ബ്രോയിലർ കോഴി ഉല്പാ ദനം വർദ്ധിപ്പിക്കാനായി, സംസ്ഥാനത്തിന് പുറത്തുനിന്നും കൊണ്ടുവരുന്ന പക്ഷികൾക്ക് ഒരു നിയന്ത്രണസംവിധാനം എന്നനിലയിൽ പ്രവേശനനികുതി ഏർപ്പെടുത്തുകയും, പ്രാദേശിക ഉല്പാദനത്തെ ഇതിൽനിന്നും ഒഴി വാക്കുകയും വേണം.

**29.9 നയം 217. സംസ്ഥാനത്തെ ഒരു ഇറച്ചിക്കോഴി കർഷകന് ഒരു വർഷത്തെ വിറ്റുവരവിൽ 10 ലക്ഷം രൂപ വരെയുള്ള തുകയ്ക്ക് നികുതിയിളവ് നൽകേണ്ടതാണ്.**

29.9.1 ഉല്പാദനോപാധികളുടെ വർദ്ധിച്ച ചെലവ് കാരണം, ബ്രോയിലർ കർഷകരുടെ ലാഭനിരക്ക് കുറയുന്നതായാണ് കാണുന്നത്. ഒരു ഇറച്ചിക്കോഴി കർഷകന് ഒരു വർഷത്തെ വിറ്റുവരവിൽ 10 ലക്ഷം രൂപ വരെയുള്ള തുകയ്ക്ക് നികുതിയിളവ് നൽകേണ്ടതാണ്. 10 ലക്ഷം രൂപയിൽ അധികം വിറ്റുവരവുള്ളവരെ മാത്രമേ വിറ്റുവരവ് നികുതി (turnover tax) അട യ്ക്കേണ്ട വിഭാഗത്തിൽ ഉൾപ്പെടുത്താവൂ.

**29.10 നയം 218. ബ്രോയിലർ കൃഷിയെ ഒരു കാർഷിക പ്രവർത്തനമായി കണക്കാ ക്കി, ഇതിനാവശ്യമായ വൈദ്യുതി, കാർഷിക വൈദ്യുതി നിരക്കിൽ ലഭ്യമാക്കണം.**

29.10.1. ഉല്പാദനച്ചെലവ് കുറയ്ക്കാനായി, ആവശ്യമുള്ള വൈദ്യുതി കുറഞ്ഞ നിരക്കിൽ ലഭ്യമാക്കണം. എന്നാൽ KSEB സൗജന്യങ്ങൾ നിർത്തലാക്കുകയും വൈദ്യുതിനിരക്ക് 4 ഇരട്ടി വർദ്ധിപ്പിക്കുകയും ചെയ്തത് കോഴി ക്കർഷകരെ പ്രതിസന്ധിയിലാഴ്ത്തി. മറ്റു സംസ്ഥാനങ്ങളിൽ കുറഞ്ഞചെലവിൽ ഉല്പാ ദിപ്പിക്കപ്പെടുന്ന കോഴികൾ കേരളത്തിന്റെ വിപണി കയ്യടക്കാൻ ഇത് വഴിയൊരുക്കു മെന്നും അങ്ങനെ തങ്ങളുടെ ജീവിതമാർഗ്ഗം നഷ്ടപ്പെടുമെന്നുമുള്ള ആശങ്ക സംസ്ഥാന ത്തെ കോഴിക്കർഷകർ സമിതിയുടെ ശ്രദ്ധ യിൽപ്പെടുത്തുകയുണ്ടായി.

# 30. വിത്തുകളെയും നടീൽവസ്തുക്കളെയും സംബന്ധിക്കുന്ന നയങ്ങൾ

30.1. കാർഷിക ഉല്പാദനക്ഷമത സംബന്ധിച്ച് ഏറ്റവും നിർണ്ണായകഘടകമാണ് വിത്ത്; കാരണം മറ്റെല്ലാ ഉല്പാദനോപാധികളുടെയും പ്രകടനം ഇതിനെ ആശ്രയിച്ചാണിരിക്കുന്നത്. വ്യത്യസ്തമായ കാർഷിക-കാലാവസ്ഥയ്ക്കും കൃഷിവ്യവസ്ഥയ്ക്കും അനുസൃതമായി ഉചിതമായ വിത്ത് ആവശ്യമാണ്. കാർഷികോല്പാദനത്തിലും ഉല്പാദനക്ഷമതയിലും ഉള്ള സ്ഥായിയായ വർദ്ധനവ് ആശ്രയിച്ചിരിക്കുന്നത് പുതുമയുള്ളതും ഗുണമേന്മയുള്ളതുമായ വിത്തുകൾ ഉചിതമായ സംവിധാനത്തിലൂടെ സമയബന്ധിതമായി കൃഷിക്കാരിൽ എത്തിക്കുന്നതിലാണ്.

30.2 വിവിധയിനം വിളകളുടെ വിത്തുമാറ്റ നിരക്കിൽ വർദ്ധനവരുത്താൻ മുഖ്യമായ പ്രയത്നം നടത്തിയെങ്കിൽമാത്രമേ ഭാവിയിലെ ഭക്ഷ്യോല്പാദനലക്ഷ്യം പ്രാപ്യമാക്കാൻ കഴിയുകയുള്ളൂവെന്ന് തെളിഞ്ഞിട്ടുണ്ട്. ഇതിനായി ഗുണമേന്മയുള്ള വിത്തുകളുടെ ഉല്പാദനത്തിൽ വർദ്ധന വരുത്തേണ്ടത് ആവശ്യമാണ്.

30.3. അലങ്കാര സസ്യകൃഷി, വനവല്കരണം തുടങ്ങി എല്ലാത്തരം കൃഷികൾക്കും ആവശ്യമായ വിത്തിന്റെയും നടീൽവസ്തുക്കളുടെയും ഗുണമേന്മ സംബന്ധിച്ചാണ് വിത്തുനയത്തിൽ പ്രതിപാദിക്കുന്നത്. കൃഷിക്കാവശ്യമായ മുന്തിയ ഇനം വിത്തുകളും നടീൽവസ്തുക്കളും ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള വികസനപ്രവർത്തനങ്ങളാണ് വിത്തുനയത്തിൽ ലക്ഷ്യമിടുന്നത്. വനം -കാർഷിക മേഖലകളുടെ വികസനം ത്വരിതപ്പെടുത്തുന്നതിന് പൊതു-സ്വകാര്യ മേഖലകളിൽനിന്നും പരമാവധി സാദ്ധ്യതകൾ ഉറപ്പുവരുത്തുക എന്നതാണ് ഈ നയം അടിവരയിട്ടുപറയുന്നത്. സദ്ഭരണവും സുതാര്യതയും ഉത്തരവാദിത്വവും ഉറപ്പുവരുത്തിക്കൊണ്ട് ഭക്ഷ്യസുരക്ഷയും കാർഷികോല്പാദനക്ഷമതയും വർദ്ധിപ്പിക്കുക എന്നതാണ് കാർഷിക നയത്തിന്റെ സുപ്രധാന ലക്ഷ്യം. ദേശീയവികസനം മുൻനിർത്തിയാണ് നയം രൂപവല്കരിച്ചിട്ടുള്ളത്. ഗുണമേന്മയുള്ള വിത്തിന്റെ ലഭ്യത വർദ്ധിപ്പിക്കുകയെന്നതാവണം പ്രാഥമിക ലക്ഷ്യം. അതുവഴി കുടുംബഭക്ഷ്യസുരക്ഷ ഉറപ്പാക്കുകയും വേണം.

30.4. സംസ്ഥാനത്തെ ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിന്, സമയബന്ധിതമായി വേണ്ടത്ര അളവിൽ ഉയർന്ന ഗുണനിലവാരമുള്ള വിത്തുകൾ കർഷകർക്ക് ലഭ്യമാക്കുക എന്നത് പ്രധാനമാണ്. ഭക്ഷണത്തിന്റെയും പോഷകത്തിന്റെയും സുരക്ഷ എന്ന ലക്ഷ്യംനേടാൻ വിത്തുകളുടെ ഉല്പാദനം പൊതുമേഖലാ സ്ഥാപനങ്ങളായ KSSDA, VFPCK, സർവ്വകലാശാലാ വിത്തുല്പാദന ഫാമുകൾ, കൃഷിവകുപ്പ് ഫാമുകൾ എന്നിവ വഴി പ്രോത്സാഹിപ്പിക്കണം.

**30.5 നയം 219. പ്രഖ്യാപിത ഗുണമേന്മയുള്ള നടീൽവസ്തുക്കളാണ് (Quality Declared Planting Materials - QDPMs) ഉല്പാദിപ്പിച്ച് കർഷകരിലേയ്ക്ക് എത്തിക്കുന്നതെന്ന് സർക്കാർ ഉറപ്പുവരുത്തേണ്ടതും അത് കർഷകരുടെ അവകാശമായി കരുതേണ്ടതുമാണ്.**

30.5.1. വിജയകരമായ കാർഷികോല്പാദനത്തിന്റെയും വികസനത്തിന്റെയും പ്രധാന ഘടകങ്ങളിൽ ഒന്ന് വിത്തുകളും നടീൽവസ്തുക്കളും സമയാസമയങ്ങളിൽ കർഷകർക്ക് ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുകയാണ്. ഇതാണ് വസ്തുതയെങ്കിലും ചെറുകിടകർഷകർക്ക് ലഭ്യമാകുന്ന വിത്തും നടീൽവസ്തുക്കളും പലപ്പോഴും മതിയായ ഗുണമില്ലാത്തതാകയാൽ അത് കാർഷികമികവിനെ സാരമായി ബാധിക്കുന്നു.

30.5.2. 1996-ൽ കർഷകർക്ക് നല്ല ഗുണമേന്മ യുള്ള വിത്ത് കിട്ടുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ഒരു വിത്തുനിയമം രൂപംകൊണ്ടു. പുതിയ വിത്തിനങ്ങൾ വികസിപ്പിക്കുന്നതിലൂടെ വിത്തുഗുണം ഉറപ്പ് വരുത്താനാവുന്നു. വിത്തുനിയമത്തിൽ - വിത്തിനങ്ങളുടെ വിജ്ഞാപനം, വിളകളുടെ ഇനം, സാക്ഷ്യപ ത്രം, വിത്തുകളെ ലേബൽചെയ്യൽ, വിത്ത് പരി ശോധന, വിത്ത് നിയന്ത്രണം, വ്യാപാരി കൾക്ക് ലൈസൻസ് നൽകൽ, സ്റ്റോക്ക് പ്രദർശിപ്പിക്കൽ മുതലായവ ഉൾപ്പെടുന്നു. സംസ്ഥാനത്ത് വിതരണംചെയ്യുന്ന വിത്തും നടീൽവസ്തുക്കളും സീഡ് ആക്ടിലുള്ള എല്ലാ നിബന്ധനകളും പാലിച്ചിട്ടുണ്ടെന്ന് സർക്കാർ ഉറപ്പാക്കണം. വിത്തിന്റെ ഗുണം ഉറ പ്പുവരുത്താൻ ഇത് സഹായിക്കും.

30.5.3. 1983 ഫെബ്രു. 24 ന് നടപ്പിലാക്കിയ ഉത്തരവ് മുഖേന - ഭക്ഷ്യവിളകൾ, ഫലങ്ങൾ, പച്ചക്കറികൾ, തീറ്റപ്പുല്ല്, ചണം ഇവ നടുന്ന തിനോ വിതയ്ക്കുന്നതിനോ ഉള്ള വിത്തിനെ - അവശ്യസാധനങ്ങളായി (Essential Commodities Act 1955 സെക്ഷൻ 2(a)(viii) പ്രകാരം) ഭക്ഷ്യമന്ത്രാലയം പ്രഖ്യാപിച്ചു. ഇതിനെ ത്തുടർന്ന്, 1983 ഡിസംബർ 30ന് കേന്ദ്ര കൃഷി-സഹകരണ മന്ത്രാലയം വിത്ത് (നിയന്ത്രണ) ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

30.5.4. ഈ നിയമങ്ങളുടേയോ സംസ്ഥാന സർക്കാർ ഇതിനായി നിർമ്മിക്കുന്ന നിയമങ്ങ ളുടേയോ സാദ്ധ്യതകൾ ഉപയോഗപ്പെടുത്തി സർക്കാർ കൃഷിക്കാർക്ക് QDPMs ഉറപ്പാക്കണം.

30.5.5. നല്ല ഗുണമേന്മയുള്ള വിത്തുകളും നടീൽവസ്തുക്കളും ഉറപ്പുവരുത്താൻ ചുമതലപ്പെട്ടവരിൽ പ്രവർത്തനക്ഷമതയില്ലാ ത്തവരെ ഒഴിവാക്കുകയോ വിജ്ഞാനവും പരി ശീലനവും നല്കി അവരെ നല്ല പ്രവർത്തനം കാഴ്ച വയ്ക്കുന്നവരായി തീർക്കുകയോ ചെയ്യാം.

**30.6 നയം 220. കൃഷിവകുപ്പും, പൊതു മേഖലാസ്ഥാപനങ്ങളും, മറ്റു സർക്കാർ കേന്ദ്രങ്ങളും ഉല്പാദിപ്പിക്കുകയും വിത രണംചെയ്യുകയും ചെയ്യുന്ന വിത്ത് ഉൾപ്പെ ടെയുള്ള നടീൽവസ്തുക്കൾ തിരിച്ചറിയുന്ന തിന് ബാർ-കോഡ് ടാഗുകൾ നൽകേണ്ട താണ്.**

30.6.1. ഉല്പത്തിയെപ്പറ്റിയും ഉത്തരവാദത്തെ പ്പറ്റിയുമുള്ള വിവരങ്ങൾ പുനഃശേഖരിക്കാൻ ബാർ-കോഡുള്ള ടാഗുകൾ സഹായിക്കും. മാതൃസസ്യങ്ങളുടെ ശേഖരണം, നടീൽ വസ്തുക്കളുടെ ഉല്പാദനം, ചുമതലയുള്ള ഉദ്യോഗസ്ഥർ തുടങ്ങിയ വിവരങ്ങൾ ഈ ടാഗിലൂടെ കർഷകന് കണ്ടുപിടിക്കാൻ സാധി ക്കും.

30.6.2. ഗുണമേന്മ ഉറപ്പുവരുത്തുന്നതിനും ഉത്തരവാദിത്വം ഏറ്റെടുക്കുന്നതിനും ബാർ-കോഡ് സംവിധാനം ഏർപ്പെടുത്താനായി പുതിയ സോഫ്റ്റ്വെയർ നിർമ്മിക്കാൻ ആവ ശ്യമായ നടപടികൾ സ്വീകരിക്കണം.

**30.7 നയം 221. വലിയതോതിൽ ഗുണമേന്മ യുള്ള നടീൽവസ്തുക്കൾ നിർമ്മിക്കുന്നതി നായി ഹൈ-ടെക് നഴ്സറികൾ ഉണ്ടാവു കയും വ്യത്യസ്ത നടീൽവസ്തുക്കളുടെ നിലവാരം അതിൽ രേഖപ്പെടുത്തുകയും വേണം.**

30.7.1. പോളി ഗ്രീൻഹൗസും അഗ്രിനെറ്റ് ഹൗസും കൂടി ചേർന്നതാണ് ഹൈ-ടെക് നഴ്സറികൾ. ജനിതക സമാനത ഉറപ്പുവരു ത്താൻ കായികപ്രജനനമാണ് ഇത്തരം നഴ്സ റികളിൽ നടത്തുന്നത്. മോശമായ കാലാ വസ്ഥ, കുറഞ്ഞ അങ്കുരണശേഷി, കാല താമസം, പരമ്പരാഗതമായ സസ്യോല്പാദന ത്തിലുള്ള ഉയർന്ന ചെലവ് തുടങ്ങിയ പരിമി തികളെ തരണംചെയ്യാൻ ഹൈ-ടെക് നഴ്സ റികൾക്ക് കഴിയും.

**30.8 നയം 222. *ക്ലോണൽ* വംശവർധന, *ഇൻവിട്രോ മൈക്രോ* വംശവർധന എന്നിവ വഴി കുരുമുളക്, വാഴ, അലങ്കാരവിളകൾ എന്നിവയുടെ ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ ഉല്പാദിപ്പിക്കുക എന്നത് വളരെ പ്രധാനമാണ്. സൂക്ഷ്മമായ ഗുണമേന്മ പരിശോധിക്കുന്ന രീതികളായ ELISA-യും PCR-ഉം ക്ലോണൽ വംശവർദ്ധന വഴി ഉണ്ടാകുന്ന ടിഷ്യുകൾച്ചർ സസ്യങ്ങളുടെ ഇൻഡെക്സിംഗിനും സർട്ടിഫിക്കേഷനും ഉപയോഗിക്കേണ്ടതാണ്.**

30.8.1. *ക്ലോണൽ* രീതി വളരെക്കാലമായി പ്രധാനമായി കിഴങ്ങുവർഗ്ഗവിളകളുടെ പ്രജനനത്തിനായി മനുഷ്യൻ ഉപയോഗപ്പെടുത്തിവരുന്നു. കൂടാതെ ഫലവൃക്ഷങ്ങൾ, അലങ്കാര സസ്യങ്ങൾ, പൂച്ചെടികൾ ഇവയൊക്കെ കമ്പുകൾ മുറിച്ചുനടുക വഴിയോ, ഒട്ടുകമ്പ് (സയോൺ) വഴിയോ പ്രജനനം നടത്തുന്നു. പരമ്പരാഗതമായി ക്ലോണൽ പ്രജനനം ചെടികളുടെ വംശവർദ്ധന നടത്തുന്നതിനായി ഉപയോഗിക്കുന്നുണ്ടെങ്കിലും ടിഷ്യൂകൾച്ചർ ഉൾപ്പെടെയുള്ള നൂതനസങ്കേതങ്ങൾ വംശവർദ്ധനയ്ക്ക് ഇപ്പോൾ ലഭ്യമാണ്. ആധുനികമായ *പ്ലാന്റ് എംബ്രിയോജെനിസിസും ഓർഗാനോജെനിസിസും* വഴി വംശവർദ്ധന എളുപ്പത്തിലാക്കാം.

30.8.2 *ക്ലോണൽ* പ്രജനനം *ഇൻവിട്രോ കൾച്ചർ* വഴി മെച്ചപ്പെടുത്തിയിട്ടുണ്ട്. ഇതുമൂലം വൻപിച്ചരീതിയിൽ ചെടികളുടെ പ്രജനനം സാദ്ധ്യമാക്കുന്നതിനും *മെരിസ്റ്റം കൾച്ചർ* വഴി വൈറസുകളെ ഉന്മൂലനം ചെയ്യുന്നതിനും സാധിക്കുന്നു. കൂടാതെ *എംബ്രിയോജെനിസിസ്* വഴി പല വിളകളുടെയും വംശവർദ്ധനവ് ഉറപ്പാക്കാനാവും.

30.8.3. ഇന്ന് ചെടികളുടെ വംശവർദ്ധന ലൈംഗികപ്രവർദ്ധനം വഴിയോ കായിക പ്രവർദ്ധനം വഴിയോ നടപ്പാക്കാൻ കഴിയും. *സോമാറ്റിക് എംബ്രിയോ ജെനിസിസും അപ്പൊമിക്സിസും* വഴി കൃത്രിമമായ വിത്തോ, പ്രകൃത്യാലുള്ള വിത്തോ ഉല്പാദിപ്പിച്ച് ക്ലോണൽ വംശവർദ്ധനവ് സാദ്ധമാകും. ഈ രീതികൾ മെച്ചപ്പെടുത്തിയ *ജീനോടൈപ്പുകളുടെ* ഉല്പാദനവും വിതരണവും ത്വരിതപ്പെടുത്തുകയും മെച്ചപ്പെട്ട വിളകളുടെ ലഭ്യത ഉറപ്പാക്കുകയും ചെയ്യുന്നു.

30.8.4. വൈറസ് രോഗം ബാധിച്ച വാഴക്കന്നുകൾ മുഖേനയാണ് വാഴയിലെ വൈറസ് ആദ്യമായി പരക്കുന്നത്. രോഗബാധിതമായ വാഴയിൽനിന്നും മറ്റുവാഴകളിലേക്ക് മുഞ്ഞയിനത്തിലെ പ്രാണികൾമുഖേന ഇത് പടരുന്നു. വൈറസ് വിമുക്ത വാഴക്കന്നുകളല്ല നടുന്നതെങ്കിൽ കൃഷിസ്ഥലത്ത് നിൽക്കുന്ന മറ്റുവാഴകളിൽ വൈറസ് എളുപ്പത്തിൽ പരക്കും. സംസ്ഥാനത്തുമാത്രം വാഴയിലെ വൈറസ് ബാധമൂലം 40 ദശലക്ഷം രൂപ വർഷാവർഷം നഷ്ടംവരുന്നതായി കണക്കാക്കപ്പെടുന്നു. അതിനാൽ ക്ലോണൽ പ്രജനനംവഴി ഉല്പാദിപ്പിച്ച വാഴക്കന്നുകൾ വൈറസ് മുക്തമാണെന്ന് ELISA/PCR രീതിയാൽ സാക്ഷ്യപത്രം നൽകണം.

**30.9 നയം 223. ICAR സ്ഥാപനങ്ങളും കാർഷിക സർവ്വകലാശാലകളും പച്ചക്കറി വിത്തുല്പാദനത്തിൽ ഏർപ്പെട്ടിരിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളും എല്ലാം ചേർന്ന് മുഖ്യമായ പച്ചക്കറിവിളകളുടെ ഗുണമേന്മയുള്ള വിത്തിന്റെയും വിത്ത് ഉല്പന്നമായിട്ടുള്ള സുഗന്ധവ്യഞ്ജന വിളവർഗ്ഗങ്ങളുടെയും ഉല്പാദനത്തിന് പ്രാധാന്യം നൽകണം.**

30.9.1. പച്ചക്കറിവിളകളുടെ വിത്തുല്പാദന പദ്ധതി ജനിതകശുദ്ധിയുള്ള വിളകളുടെ വിത്തുല്പാദനവും അംഗുരണശേഷി നഷ്ടപ്പെടാതെയുള്ള രീതികൾ അവലംബിച്ചു

കൊണ്ടുള്ള സൂക്ഷിക്കലും, ഗുണമേൻമയുള്ള ഈ വിത്ത് കർഷകരിലെത്തിക്കുന്ന രീതിയും വിവക്ഷിക്കുന്നു. ഇത്തരം വിത്തുകൾ ഒരേ വലിപ്പവും ആകൃതിയുമുള്ളതും കലർപ്പില്ലാത്തതുമാണെന്നും ഉറപ്പാക്കണം. ഈ വിത്തുകൾ കേടുപാടുകളിൽ നിന്നും, കീടങ്ങളുടെയും കുമിളുകളുടെയും ആക്രമണത്തിൽ നിന്നും മറ്റു വിളകളുടെയും പാഴ്ചെടികളുടെയും വിത്തുകളിൽ നിന്നും മുക്തമായിരിക്കണം.

30.9.2. സുഗന്ധവ്യഞ്ജന വിളകളുടെ മേൽത്തരം വിത്തുകളും, അതാതു പ്രദേശത്ത് യോജിച്ച സുഗന്ധവിളകളുടെ വിത്തുകളുമാണ് വലിയ തോതിൽ വർദ്ധിപ്പിക്കേണ്ടത്.

30.9.3 പലപ്പോഴും ഭാരിച്ച വിലകൊടുത്ത് സ്വകാര്യസ്ഥാപനങ്ങളിൽ നിന്നുമാണ് കൃഷിക്കാർ വിത്ത് വാങ്ങുന്നത്. പൊതുമേഖലാ സ്ഥാപനങ്ങൾ ഇവ കുറഞ്ഞ വിലയ്ക്ക് കൊടുക്കാത്തതുകൊണ്ടാണ് ഇത് സംഭവിക്കുന്നത്. ഇത് എത്രയും വേഗം പരിഹരിക്കേണ്ടതാണ്.

**30.10 നയം 224. പുരോഗമന പച്ചക്കറിക്കർഷകർക്കും, വിത്തായി ഉപയോഗിക്കുന്ന സുഗന്ധവ്യഞ്ജനങ്ങൾ കൃഷി ചെയ്യുന്നവർക്കും ഉന്നതനിലവാരമുള്ള ഗുണമേന്മാഘടകങ്ങൾ അടിസ്ഥാനമാക്കിയ വിത്തുപരിശോധനാ സംവിധാനം നടപ്പാക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ഗുണമേന്മയുള്ള വിത്തുല്പാദനത്തിനായി പുരോഗമനകർഷകരെ കണ്ടെത്തി അവരെ പ്രോത്സാഹിപ്പിക്കേണ്ടതാണ്.**

30.10.1. വിത്തുല്പാദനത്തിലൂടെ സമ്പാദിച്ച അധികവരുമാനം കർഷകരെ മറ്റു വ്യവസായസംരംഭങ്ങളായ തേനീച്ചവളർത്തൽ, മണ്ണിരക്കമ്പോസ്റ്റിങ്, ഡയറിഫാമിങ് എന്നിവ തുടങ്ങാൻ സഹായിക്കും. ഇത് കർഷകർക്ക് പുതിയ സാദ്ധ്യതകൾ തുറന്നു കൊടുക്കുന്നു.

**30.11 നയം 225. വിവിധ വിളകളിലെ വിത്തിന്റെ ഗുണമേന്മാ നിയന്ത്രണ വ്യവസ്ഥകൾ രൂപകല്പന ചെയ്യുകയും നിലനിർത്തുകയും വേണം. വിത്ത് മരുന്നുകളിൽ മുക്കി നടുന്നതും പെല്ലറ്റിങ്ങും അവയെ രോഗങ്ങളിൽനിന്നും കീടാക്രമണങ്ങളിൽനിന്നും സംരക്ഷിക്കാനും വിത്തിന്റെ മുളയ്ക്കാനുള്ള കഴിവ് കൂട്ടാനും ആവശ്യമാണ്.**

30.11.1. വിത്ത് ഉപയോഗിക്കുമ്പോഴുണ്ടാക്കുന്ന പ്രശ്നങ്ങൾ പരോക്ഷമായോ ചിലപ്പോൾ പ്രത്യക്ഷമായോ നാം വാങ്ങുന്ന വിത്തുമായി ബന്ധപ്പെട്ടിരിക്കുന്നതായി കാണാവുന്നതാണ്. ഇത് പ്രത്യേകിച്ചും ബാക്ടീരിയൽ റിംഗ് റോട്ട് രോഗത്തിന്റെ കാര്യത്തിൽ ശരിയാണ്. ഇലച്ചുരുൾ രോഗവും (ലീഫ് റോൾ) മൊസേക്ക് വൈറസ് രോഗങ്ങളും ചിലപ്പോൾ ഉപയോഗിക്കുന്ന വിത്തുമായും ബന്ധപ്പെട്ടു കാണുന്നു.

30.11.2. വിത്ത് മുളയ്ക്കുന്ന ശതമാനത്തിലും തൈ പിടിച്ചുകിട്ടുന്നതിലും വരുന്ന കുറവിന്റെ കാരണങ്ങളിൽ പ്രധാനം വിത്തുമായി ബന്ധപ്പെട്ട രോഗങ്ങളാണ്. നടുന്നതിനുമുമ്പ് വിത്ത് മരുന്നുകളിൽമുക്കി പരിപാലിച്ചാൽ രോഗം നിയന്ത്രിക്കാൻ കഴിയും. കീടനാശിനികൾ ഉപയോഗിച്ച് വിത്തിനെ ആവരണം ചെയ്യുക എന്നതാണ് ഈ ലക്ഷ്യത്തിലെത്താനുള്ള ഒരു വഴി. വിത്ത് ആവരണംചെയ്യപ്പെടുക എന്നതുകൊണ്ടുദ്ദേശിക്കുന്നത് വിവിധ പദാർത്ഥങ്ങൾ, പശയുടെ സഹായത്താൽ വിത്തിൽ പുരട്ടിപ്പിടിപ്പിച്ച് അതിലൂടെ വിത്തിന്റെ പ്രകടനശേഷിയും അംഗുരണ ശേഷിയും വർദ്ധിപ്പിക്കുക എന്നതാണ്. രാസവളങ്ങൾ, പോഷകമൂലകങ്ങൾ, ഈർപ്പത്തിന്റെ ആകർഷണത്തിനും വികർഷണത്തിനുമുള്ള പദാർത്ഥങ്ങൾ, സസ്യവളർച്ചയെ നിയന്ത്രിക്കുന്ന പദാർത്ഥങ്ങൾ, ജീവാണുവളങ്ങൾ, രാസ-ജൈവ കീടനാശിനികൾ ഇവയെല്ലാം

വിത്തിൽ പുരട്ടാനായി ഉപയോഗിക്കാം. വിത്ത് ആവരണം ചെയ്തുപയോഗിക്കുന്ന രീതി വിത്തുവ്യവസായത്തിൽ വലിയ പ്രാധാന്യ മർഹിക്കുന്നു.

30.11.3. ജൈവകീടനാശിനി ഉപയോഗിച്ച് വിത്തിന് മുൻപരിചരണം നൽകി ആവരണം ചെയ്യുന്നത് നന്നായിരിക്കും. ഈ ആവരണം വിത്തുകളെ അവ മുളയ്ക്കുംമുമ്പേ മണ്ണിനടിയിൽ വച്ച് ചീയുന്നതിൽനിന്നും സംരക്ഷിക്കുകയും മുളച്ച തൈകളെ ചീയൽപോലുള്ള രോഗങ്ങൾ ബാധിക്കുന്നതിൽനിന്നും രക്ഷിക്കുകയും ചെയ്യുന്നു.

**30.12 നയം 226. സംരക്ഷിതകൃഷിക്കായി സങ്കരയിനങ്ങളും അത്യുല്പാദനശേഷിയുള്ള ഇനങ്ങളും വികസിപ്പിച്ചെടുക്കുകയും, ഇത്തരം വിത്തുകളുടെയും നടീൽവസ്തുക്കളുടെയും ഉല്പാദനനിലവാരം ഉറപ്പുവരുത്തുകയും വേണം.**

30.12.1. സംരക്ഷിതകൃഷിയുടെ പ്രധാന ഘടകം, ഇതിനനുയോജ്യമായ അത്യുല്പാദനശേഷിയുള്ള ഇനങ്ങൾ, സങ്കരയിനങ്ങൾ എന്നിവയുടെ ഉല്പാദന സാങ്കേതികവിദ്യയാണ്. പക്ഷേ ഇതിന് സംസ്ഥാനത്ത് വേണ്ടത്ര ശ്രദ്ധ കൊടുക്കുന്നില്ല. ഇത്തരം സങ്കരയിനങ്ങളും മെച്ചപ്പെട്ട പരമ്പരാഗതയിനങ്ങളും സംരക്ഷിതകൃഷിക്കായി ലഭ്യമാക്കാൻ ഗവേഷണസംവിധാനത്തിന് കഴിയണം. ഇത് സങ്കരയിനങ്ങളും മറ്റിനങ്ങളും സംരക്ഷിതകൃഷിക്കായി ഇറക്കുമതി ചെയ്യുമ്പോൾ ചിലവാക്കേണ്ടിവരുന്ന ഭാരിച്ച തുക ലാഭിക്കാൻ വഴിയൊരുക്കും. മാത്രവുമല്ല, നമ്മൾ ഉല്പാദിപ്പിക്കുന്ന വിത്തുകൾ കയറ്റുമതി ചെയ്യുകവഴി വിദേശനാണ്യസമ്പാദനത്തിന് അവസരം തുറന്നുകിട്ടുകയും ചെയ്യും. തുറസ്സായ സ്ഥലത്തെ കൃഷി വ്യത്യസ്തമായതിനാൽ, മെച്ചപ്പെട്ട ഇനങ്ങൾ വികസിപ്പിക്കുന്നതിനുപുറമെ സംരക്ഷിത കൃഷിക്ക് അനുയോജ്യമായ പ്രത്യേക ഉല്പാദനരീതിയും രൂപപ്പെടുത്തേണ്ടതാണ്.

**30.13 നയം 227. പ്രഖ്യാപിത ഇനങ്ങൾ വളർത്തുകയും ഉല്പാദിപ്പിക്കുകയും ചെയ്യുന്ന നഴ്സറികളെ എല്ലാ വിധത്തിലുമുള്ള നികുതികളിൽനിന്നും ഒഴിവാക്കണം.**

30.13.1. കർഷകർക്ക് കുറഞ്ഞവിലയിൽ വിതരണംചെയ്യാനായി പ്രഖ്യാപിത ഇനങ്ങൾ കൈകാര്യം ചെയ്യുന്ന നഴ്സറികളെ മൂല്യവർദ്ധിത നികുതിയിൽ (VAT) നിന്നും ഒഴിവാക്കണം.

**30.14 നയം 228. രോഗവിമുക്ത നടീൽവസ്തുക്കളുടെ ഉല്പാദനം വർദ്ധിപ്പിക്കാൻ പരമ്പരാഗതരീതികളും പുതിയരീതികളും കോർത്തിണക്കിയ സാങ്കേതികവിദ്യകളായ സൂക്ഷ്മ വംശവർധന, എയ്റോപോണിക്സ് മുതലായവ സ്വീകരിക്കണം.**

30.14.1. വിളയുടെ വംശവർദ്ധനയ്ക്ക് പ്രയോജനപ്രദമായ പ്രധാനപ്പെട്ട പുതിയ രീതിയാണ് ടിഷ്യൂക്കൾച്ചർ (കോശസമൂഹമോ മുറിച്ചെടുത്ത ഭാഗങ്ങളോ യോജിച്ച മാധ്യമത്തിൽ വളർത്തിയെടുക്കുക). ചുരുങ്ങിയ കാലയളവിൽ ധാരാളം നടീൽവസ്തുക്കൾ ഉല്പാദിപ്പിക്കാൻ കഴിയുന്നു എന്നതാണ് ഈ സാങ്കേതിക വിദ്യയുടെ നേട്ടം.

30.14.2. അന്തരീക്ഷത്തിൽ അല്ലെങ്കിൽ മഞ്ഞുനിറഞ്ഞ പരിതഃസ്ഥിതിയിൽ മണ്ണോ മറ്റുമാധ്യമങ്ങളോ ഇല്ലാതെ ചെടികൾ വളർത്തുന്ന രീതിയാണ് എയ്റോപോണിക്സ്. വേഗത്തിൽ വിത്ത് ഇരട്ടിപ്പിക്കാൻ സഹായിക്കുന്ന സംവിധാനങ്ങളിൽ ഒന്നാണിത്. ക്ലോണിങ്ങിൽ (കോശങ്ങളിൽ നിന്നുണ്ടാക്കുന്ന സസ്യം) എയ്റോപോണിക്സ് ഉപയോഗിക്കുന്നത്, വേരിന്റെ വളർച്ച, അതിജീവനശക്തി, വളർച്ചാനിരക്ക്, പൂർണ്ണവളർച്ചയെത്താനുള്ള സമയം ഇവയെല്ലാം മെച്ചപ്പെടുത്താൻ സഹായിക്കും.

**30.15. നയം 229. വിളകളുടെ രോഗനിർണ്ണയം കൃത്യമായി നടത്താൻ വിലയേറിയ രാസവസ്തുക്കൾക്ക് പകരം വില കുറഞ്ഞ സാങ്കേതികവിദ്യകൾ വികസിപ്പിച്ചെടുക്കണം. കർഷകർക്ക് ഉപയോഗിക്കാൻ പറ്റിയ വിലകുറഞ്ഞ രോഗനിർണ്ണയ സാമഗ്രികൾ (കിറ്റ്) ഉല്പാദിപ്പിക്കണം.**

30.15.1. മിക്കവാറും എല്ലാ സസ്യരോഗങ്ങൾക്കും ലാബ് പരിശോധന ലഭ്യമാണ്. സസ്യങ്ങളുടെ കുമിൾ-ബാക്ടീരിയ രോഗാണുക്കളുടെ സാന്നിദ്ധ്യം കണ്ടുപിടിക്കാൻ കോശകലകളെ വേർപെടുത്തുന്ന രീതിയാണ് പൊതുവായി ഉപയോഗിക്കുന്നത്. കർഷകരുടെ കൃഷിസ്ഥലത്തുനിന്നും ലഭിക്കുന്ന നടീൽവസ്തുക്കൾ രോഗവിമുക്തമാണോ എന്ന് പരിശോധിച്ച് ഗുണനിലവാരം തിട്ടപ്പെടുത്താറുണ്ട്. അതിനാൽ പരിശോധനയ്ക്കായി, ചെലവുകുറഞ്ഞതും, ഉപയോഗിക്കുന്നവർക്ക് കൈകാര്യംചെയ്യാൻ എളുപ്പവുമായ സാങ്കേതികവിദ്യകൾ പ്രചരിപ്പിക്കണം.

**30.16 നയം 230. രോഗങ്ങൾ പകരുന്നതിനുള്ള ഒരുപാധിയായി ടിഷ്യൂക്കൾച്ചർ രീതി മാറാതിരിക്കാൻ ആവശ്യമായ നിയന്ത്രണനിയമങ്ങളും പ്രത്യേകശ്രദ്ധയും അനിവാര്യമാണ്. ടിഷ്യുക്കൾച്ചർ സസ്യങ്ങളുടെ ഉല്പാദനത്തിൽ 'കുറഞ്ഞ ചെലവ്' എന്നതായിരിക്കണം ലക്ഷ്യം.**

30.16.1. ഗുണമേന്മയുള്ളതും രോഗവിമുക്തവുമായ നടീൽവസ്തുക്കളുടെ ഉല്പാദനത്തിൽ സൂക്ഷ്മ പ്രവർദ്ധന സാങ്കേതികവിദ്യയ്ക്ക് (Tissue Culture) ഏറെ പ്രാധാന്യമുണ്ട്. എന്നാൽ വൈറസ് രോഗങ്ങൾ വളരെവേഗം പടർന്നുപിടിക്കാൻ സാദ്ധ്യതയുള്ളതിനാൽ ഉല്പാദിപ്പിക്കുന്ന നടീൽവസ്തുക്കൾ സാക്ഷ്യപ്പെടുത്തേണ്ടതുണ്ട്. ഇതുവഴി ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് സാധിക്കും. അംഗീകൃത രീതിയിലല്ല ഉല്പാദനമെങ്കിൽ, താണനിലവാരമുള്ള ചെടികൾ ആയിരിക്കും സൃഷ്ടിക്കപ്പെടുക. കുറഞ്ഞ ഉല്പാദനം നൽകുന്നതോ, ജനിതക വിശ്വാസ്യതയില്ലാത്തതോ, രോഗാണുസാന്നിദ്ധ്യം ഉള്ളതോ ആയ നടീൽവസ്തുക്കൾ ഇത്തരത്തിൽ ഉല്പാദിപ്പിക്കപ്പെടാനിടയുണ്ട് എന്നത് ഗൗരവമായി കാണണം. ടിഷ്യൂക്കൾച്ചർ വ്യവസായം ലാഭകരമായി നിലനിർത്താൻ ഇത്തരത്തിൽ സാക്ഷ്യപ്പെടുത്തിയ രോഗവിമുക്ത നടീൽവസ്തുക്കൾ യഥേഷ്ടം ലഭ്യമാക്കേണ്ടതുണ്ട്.

**30.17 നയം 231. നിലവിൽ ടിഷ്യൂക്കൾച്ചർ രീതി പ്രായോഗികമല്ലാത്ത മാവ്, കശുമാവ്, തെങ്ങ് തുടങ്ങിയ വിളകളിൽ എത്രയും വേഗം കാര്യക്ഷമവും പുനരാവിഷ്കാരക്ഷമത കൂടിയതുമായ അവലംബമാർഗ്ഗങ്ങൾ ഉരുത്തിരിച്ചെടുക്കണം.**

30.17.1. മാവ് ഉൾപ്പെടെയുള്ള ചില വിളകൾ, ടിഷ്യൂക്കൾച്ചർ സാങ്കേതികവിദ്യയുമായി വളരെ താഴ്ന്ന അളവിൽ മാത്രമേ പ്രതികരിക്കുന്നതായി കാണുന്നുള്ളൂ. ഈ വിളകളെ ടിഷ്യൂക്കൾച്ചറിന് വിധേയമാക്കുമ്പോൾ അസാധാരണമായ ധാരാളം സാങ്കേതികപ്രശ്നങ്ങൾ ഉടലെടുക്കാറുണ്ട്. ഇവ ഫലപ്രദമായി നേരിടാൻ ഇനിയും നമുക്ക് കഴിഞ്ഞിട്ടില്ല. ബീജപത്രാധിഷ്ഠിതമായ ടിഷ്യുകൾച്ചർ മാവിൽ വികസിപ്പിക്കുന്നതിൽ ചില ഏജൻസികൾ വിജയം കണ്ടെത്തിയിട്ടുണ്ട് എന്ന് പഠനങ്ങൾ സൂചിപ്പിക്കുന്നു. എന്നാൽ കൃഷിയിടങ്ങളിൽ അവ വളർത്തിയെടുക്കുന്നതിൽ ഇതുവരെ വിജയം കണ്ടിട്ടില്ല എന്നതാണ് യാഥാർത്ഥ്യം.

**30.18 നയം 232. ഉല്പന്ന വൈവിദ്ധ്യ വല്കരണം ലക്ഷ്യമിട്ട് നാളികേരത്തിന്റെ വിവിധ ഇനങ്ങളുടെ തൈകൾ ഉല്പാദിപ്പി ക്കുകയും അവയുടെ പ്രത്യേക തോട്ടങ്ങൾ നിർമ്മിക്കുകയും വേണം.**

30.18.1. തെങ്ങിന്റെ സങ്കരയിനങ്ങൾ വികസി പ്പിക്കുന്നതിനായി ഏതാണ്ട് എൺപതിലേറെ സങ്കരണക്കൂട്ടുകൾ പരീക്ഷിക്കുകയും അതിലൂടെ പതിനൊന്നോളം സങ്കര തെങ്ങിനങ്ങൾ ഇന്ത്യയൊട്ടാകെ പുറത്തിറക്കു കയും ചെയ്തിട്ടുണ്ട്. ഇവ ഉപയോഗപ്പെടുത്തി യുള്ള വാണിജ്യക്കൃഷിയും വിത്തുല്പാ ദനവും നടന്നുവരുന്നുണ്ട്.

**30.19 നയം 233. കശുമാവ്, കുരുമുളക്, വൃക്ഷ സുഗന്ധവിളകൾ എന്നിവയിൽ മാതൃ സസ്യത്തോട്ടങ്ങളും, *സയോൺ ബ്ലോക്കു കളും* സ്ഥാപിക്കുന്നത് അവയുടെ ഗുണമേ ന്മയുള്ളതും പുതിയ ഇനങ്ങളുടേതുമായ നടീൽവസ്തുക്കൾ ഉല്പാദിപ്പിക്കുന്നതിന് ഏറെ സഹായകരമായിരിക്കും.**

30.19.1 *കശുമാവിന്റെ ജനിതക ബാങ്ക്* യാഥാർത്ഥ്യമാക്കുന്നതിന് വിവിധ ഇനങ്ങ ളുടെ മാതൃസസ്യത്തോട്ടങ്ങൾ സംസ്ഥാനത്ത് ഉണ്ടാകേണ്ടതുണ്ട്. കർഷകർക്കും ഗവേഷ കർക്കും ഈ ഇനങ്ങളുടെ ലഭ്യത ഉറപ്പുവരു ത്താൻ ഇത് ആവശ്യമാണ്. വിത്തുകളിൽ നിന്നുമുണ്ടാക്കുന്ന കശുമാവിൻതൈകൾ ഏറിയതോതിൽ ജനിതകവ്യതിയാനം കാണിക്കുന്നു. അതിനാൽ കായിക പ്രവർദ്ധനം തന്നെയാണ് ജനിതകമേന്മ കാത്തുസൂക്ഷിക്കുന്നതിനും ചെടികളിൽ നിന്നും തോട്ടങ്ങളിൽനിന്നുമുള്ള പ്രതീക്ഷിത ഉല്പാദനം ഉറപ്പിക്കുന്നതിനും ഏറ്റവും അനു യോജ്യം.

30.19.2. കേരളം കുരുമുളകിനങ്ങളുടെ കാര്യ ത്തിൽ വിശ്വപ്രസിദ്ധമാണ്. എന്നാൽ ജനി തകമേന്മ ഉറപ്പുവരുത്തിയ നടീൽവസ്തുക്കൾ ഇനിയും പ്രചാരത്തിലായിട്ടില്ല. ഡി.എൻ.എ. ബാർ കോഡിംഗ് സാങ്കേതികവിദ്യയിലൂടെ ജനിതകവിശ്വാസ്യത ഉറപ്പിക്കാൻ വിവിധ യിനങ്ങളുടെ പ്രത്യേക തോട്ടങ്ങൾ ശാസ്ത്രീ യമായി സ്ഥാപിക്കേണ്ടതുണ്ട്. സർക്കാർ ഫാമുകളിൽ ഇതിനുള്ള അടിയന്തിരശ്രമം ഉണ്ടാവണം.

# 31. വളങ്ങൾ, സസ്യപോഷകങ്ങൾ ഇവയുമായി ബന്ധപ്പെട്ട നയങ്ങൾ

31.1. ഓരോ വിളവെടുപ്പ് കഴിയുമ്പോഴും മണ്ണിൽനിന്നും നഷ്ടമാവുന്ന പ്രകൃതിദത്തമായ പോഷകങ്ങൾക്ക് പകരമാവുന്നത് വളങ്ങളാണ്. വിളകളുടെ അനുയോജ്യമായ വളർച്ചയ്ക്കാവശ്യമായതും മണ്ണിലടങ്ങിയിരിക്കുന്നതുമായ പോഷകങ്ങൾ തമ്മിലുള്ള അന്തരം നികത്താൻ ഇത് സഹായിക്കും.

31.2. സമയാസമയങ്ങളിൽ വേണ്ടത്ര വളം ഉപയോഗിച്ചില്ലെങ്കിൽ കർഷകന് സ്വന്തം കുടുംബത്തിനും വർദ്ധിച്ചുവരുന്ന ജനസംഖ്യക്കും ഭക്ഷണം നൽകാൻ കഴിയില്ല. സ്വന്തമായും രാജ്യത്തിനും ഭക്ഷണം നല്കണമെങ്കിൽ കുറച്ച് വിളവുതരുന്ന വിശാലമായ ഭൂപ്രവർത്തനങ്ങൾക്കു പകരം, കാര്യക്ഷമമായ ഉയർന്ന വിളവുതരുന്ന ശാസ്ത്രീയ കൃഷി പ്രവർത്തനങ്ങളിലേക്ക് മാറുന്നതിനോടൊപ്പം ആവശ്യാനുസൃതമായ രീതിയിൽ വളങ്ങൾ ഉപയോഗിക്കുകയും വേണം.

**31.3 നയം 234. സുസ്ഥിരമായ കാർഷിക വളർച്ച നിലനിർത്താനും സമീകൃത പോഷകമൂലകങ്ങൾ നൽകാനും, കർഷകർക്ക് താങ്ങാവുന്ന വിലയിൽ വളങ്ങൾ ലഭ്യമാക്കണം.**

31.3.1. യൂറിയ നിയന്ത്രണത്തിൻ കീഴിലാകയാൽ P, K വളങ്ങളുടെ ഭാഗികമായ വിലനിയന്ത്രണം പോഷകങ്ങളുടെ അസന്തുലിതമായ ഉപഭോഗത്തിന് കാരണമാകും. വളങ്ങളുടെ വിലനിയന്ത്രണം നീക്കുന്നത് ഒരുവശത്ത് സർക്കാരിന്റെ സബ്സിഡി ഭാരം കുറയ്ക്കുമെങ്കിലും അത് മറുവശത്ത് വളങ്ങളുടെ വിലവർദ്ധനയ്ക്ക് കാരണമാവുകയും തദ്വാരാ കർഷകസമൂഹം പൊതുവായും ചെറുകിട-ഇടത്തരം കർഷകർ പ്രത്യേകിച്ചും പ്രതിസന്ധിയിലാവുകയും ചെയ്യും.

31.3.2. വളങ്ങളുടെ വില കർഷകർക്ക് താങ്ങാവുന്നവിധത്തിൽ പിടിച്ചു നിർത്തിയും, കാർഷികോല്പന്നങ്ങൾക്ക് ഉയർന്ന വില ഉറപ്പുവരുത്തിയും രണ്ടുതരത്തിൽ വിലനിയന്ത്രണനയം രൂപപ്പെടുത്താവുന്നതാണ്. ഇതിൽ ആദ്യത്തേതാണ് വളഉപഭോഗത്തെ ശക്തമായി സ്വാധീനിക്കുന്നത്. ഉല്പന്നങ്ങളുടെ വിലവർദ്ധന നയം മൂലം കൂടുതൽ നേട്ടമുണ്ടാകുന്നത് ധാരാളം ഉല്പന്നങ്ങൾ വിപണനംചെയ്യുന്ന വൻകിട കർഷകർക്കാണ്. ഉല്പാദനോപാധികളുടെ വില നിയന്ത്രണം എല്ലാവിഭാഗം കർഷകർക്കും ഒരുപോലെ ഉപകാരപ്രദമാവുന്നു. വളത്തിൻമേലുള്ള സബ്സിഡി കൃഷിക്കാർക്ക് മാത്രമല്ല, ഉല്പന്നങ്ങളുടെ ഉപഭോക്താക്കൾക്കും സഹായകമാണ്. ആയതിനാൽ ഭക്ഷ്യധാന്യങ്ങളുടെ ഉല്പാദനത്തിൽ രാജ്യത്തെ സ്വയംപര്യാപ്തമാക്കാനായി, കർഷകന് താങ്ങാവുന്ന വിലയ്ക്ക് വളം ലഭ്യമാക്കുക എന്നത് പരമപ്രധാനമാണ്.

31.3.3. കൃഷിയുടെ ഭാവി പോഷകങ്ങളിൽ അധിഷ്ഠിതമായതുകൊണ്ടുതന്നെ ആഭ്യന്തരമോ വൈദേശികമോ ആയ സ്രോതസ്സുകളിൽ നിന്ന് വേണ്ടത്ര വളം യഥാസമയം കർഷകർക്ക് ലഭ്യമാക്കുന്നതിനാവശ്യമായ പ്രായോഗികതന്ത്രങ്ങളും നയങ്ങളും നടപ്പിലാക്കണം. സംസ്ഥാനത്തെ ചെറുകിട-നാമമാത്ര കർഷകർക്ക് കുറഞ്ഞനിരക്കിൽ വളം വിതരണം ചെയ്യുന്നതിനാവശ്യമായ പദ്ധതികൾ ആവിഷ്കരിക്കണം.

**31.4 നയം 235. ജൈവവളങ്ങളും രാസവളങ്ങളും (ദ്വിതീയ-സൂക്ഷ്മ മൂലകങ്ങൾ ഉൾപ്പെടെ) സംയോജിപ്പിച്ചുള്ള സന്തുലിത വളപ്രയോഗം പ്രോത്സാഹിപ്പിക്കാനുള്ള ഉചിതമായ നയപരിപാടികൾ ആവിഷ്കരിക്കണം.**

31.4.1. വളങ്ങളുടെ അശാസ്ത്രീയമായ ഉപയോഗം നമ്മുടെ മണ്ണിൽ അസന്തുലിതമായ പോഷകാവസ്ഥ സൃഷ്ടിച്ചിട്ടുണ്ട്. പ്രധാന പോഷകങ്ങളുടെ (N,P,K) കുറവിനൊപ്പം ദ്വിതീയ-സൂക്ഷ്മ പോഷകങ്ങളുടെ വർദ്ധിച്ചുവരുന്ന അപര്യാപ്തയും കൃഷിയെ പ്രതികൂലമായി ബാധിക്കുന്നു. മണ്ണിന്റെ ഫലപുഷ്ടി നിലനിർത്തി വിളകളുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിൽ ജൈവവളങ്ങൾ ഉൾപ്പെടുന്ന ജൈവപദാർത്ഥങ്ങൾക്ക് വലിയ പങ്കുണ്ടെങ്കിലും ഇതിന്റെ ഉപയോഗം കാലക്രമേണ കുറഞ്ഞുവരുന്നു എന്നതാണ് വാസ്തവം.

31.4.2. സംസ്ഥാന ആസൂത്രണബോർഡിന്റെ പുതിയ പഠനം സൂചിപ്പിക്കുന്നത് കേരളത്തിലെ മണ്ണിന്റെ 88% അമ്ല സ്വഭാവമുള്ളതാണെന്നാണ്. ഇത് വിവിധ സൂക്ഷ്മമൂലകങ്ങളുടെ ലഭ്യത കുറയ്ക്കുകയും വിളവിനെ സാരമായി ബാധിക്കുകയും ചെയ്യുന്നു. ഇത്തരം പോഷകങ്ങളെക്കുറിച്ചുള്ള പഠനത്തിന്റെ ഫലം കർഷകർ നന്നായി ഉപയോഗിക്കുകയും മണ്ണിന്റെ സ്വഭാവത്തിനനുസരണമായി വേണ്ട വളങ്ങൾ ലഭ്യമാക്കുകയും വേണം. ഇത്തരത്തിൽ ശാസ്ത്രീയമായ പോഷകലഭ്യത ഉറപ്പുവരുത്തുകവഴി സംസ്ഥാനത്തെ ഖജനാവിന് കോടികണക്കിന് രൂപ ലാഭിക്കാനാവുകയും വിളകളുടെ ഉല്പാദനക്ഷമത ഉയർത്താനാവുകയും ചെയ്യും.

**31.5 നയം 236. പോഷകങ്ങളുടെ ഗുണമേന്മ പരമപ്രധാനമായതുകൊണ്ടുതന്നെ കർഷകർക്ക് ലഭിക്കുന്ന വളങ്ങൾ നിലവാരമുള്ളവയാണെന്ന് ഉറപ്പുവരുത്താൻ വളങ്ങളുടെ ഗുണമേന്മാ നിയന്ത്രണ സംവിധാനം ഫലപ്രദവും കാര്യക്ഷമവും ആക്കണം.**

31.5.1. ഗുണമേന്മ കുറഞ്ഞ വളങ്ങൾ വലിയ ഒരളവിൽ ഉല്പാദനക്ഷമതയെ ബാധിക്കുന്നു. ശക്തമായ ഒരു ഗുണമേന്മാ നിയന്ത്രണ സംവിധാനം ഇന്ത്യയിൽ നിലവിലുണ്ടായിട്ടും പലപ്പോഴും ഗുണനിലവാരമില്ലാത്ത വളങ്ങളാണ് കർഷകർക്ക് ലഭിക്കുന്നത് എന്നത് വിരോധാഭാസമായി തോന്നാം. ഫരീദാബാദിലെ ദേശീയ രാസവള ഗുണ നിലവാര പരിശോധനാ കേന്ദ്രം (CFQC&TI) രാസവളങ്ങളിലെ ഗുണനിലവാര പ്രശ്നങ്ങളെക്കുറിച്ച് പഠനം നടത്തി ചില നിഗമനങ്ങളിൽ എത്തിച്ചേർന്നിട്ടുണ്ട്. ഇതുപ്രകാരം 70% ശതമാനം പ്രശ്നങ്ങളും മായം ചേർക്കലോ ബ്രാന്റ് നാമം മാറ്റി കബളിപ്പിക്കലോ മൂലമാണ്. 20% മനഃപൂർവ്വമായി ഗുണനിലവാരം കുറച്ചു നിർമ്മിക്കുന്നവയും ബാക്കി 10% തെറ്റിദ്ധരിപ്പിക്കുന്ന രീതിയിൽ അളവുകൾ രേഖപ്പെടുത്തി വില്ക്കുന്നവയുമാണ്.

31.5.2. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നിയമിക്കുന്ന രാസവള പരിശോധകരാണ് (Fertilizer Inspector) വളനിർമ്മാണകേന്ദ്രങ്ങളിലോ വില്പനകേന്ദ്രങ്ങളിലോ നിന്ന് രാസവളങ്ങളുടെ സാമ്പിളുകൾ ശാസ്ത്രീയമായി ശേഖരിച്ച് പരിശോധനാ ലബോറട്ടറികളിലേക്ക് അയയ്ക്കുന്നത്.

31.5.3 രാസവള നിയന്ത്രണ നിയമം അനുശാസിക്കുന്ന ഗുണനിലവാരം പുലർത്തുന്ന രാസവളങ്ങൾ കർഷകരിലെത്തുന്നു എന്നുറപ്പുവരുത്താൻ സംസ്ഥാനത്തെ രാസവള ഗുണമേൻമാ നിയന്ത്രണസംവിധാനം സുശക്തമാക്കേണ്ടതുണ്ട്. ഹരിയാന, ജമ്മു & കാശ്മീർ, ഗുജറാത്ത്, മഹാരാഷ്ട്ര, ഒറീസ തുടങ്ങിയ സംസ്ഥാനങ്ങളിലെപ്പോലെ മുഴുവൻസമയ വളഗുണപരിശോധകരെ നമ്മുടെ സംസ്ഥാനത്തും ആവശ്യാനുസരണം നിയമിക്കേണ്ടതാണ്. ഇത് ഗുണമേന്മാ നിയന്ത്രണസംവിധാനം കൂടുതൽ കാര്യക്ഷമമാക്കും. നിലവിലുള്ള കൃഷിഓഫീസർമാരിൽ നിന്നും പുനർനിയമനത്തിലൂടെ മുഴുവൻസമയ ഇൻസ്പെക്ടർമാരുടെ സേവനം ഉറപ്പാക്കാവുന്നതാണ്.

31.5.4. വളംനിർമ്മാണ-വിതരണ-വില്പന സംവിധാനത്തിലെ വിവിധ ഘട്ടങ്ങളിൽനിന്ന് നിശ്ചിത ഇടവേളകളിൽ രാസവളസാമ്പിളുകൾ ശേഖരിക്കുന്നതുകൂടാതെ, സംസ്ഥാനത്ത് ഗുണനിലവാരം കുറഞ്ഞതായി സംശയിക്കപ്പെടുകയോ പൊതുവേ വിലയിരുത്ത പ്പെടുകയോ ചെയ്യുന്ന വളങ്ങളുടെ സാമ്പിളുകൾ നിർബന്ധമായും ശേഖരിച്ച് പരിശോധനയ്ക്ക് അയക്കേണ്ടതുണ്ട്. ഇതിലേക്കാവശ്യമായ സാങ്കേതികവും നിയമപരവുമായ പരിശീലനം ഇൻസ്പെക്ടർമാർക്ക് നൽകുന്നതിലൂടെ അവശ്യംവേണ്ട സന്ദർഭങ്ങളിൽ ശരിയായ കോടതിനടപടികളിലേക്ക് നീങ്ങാനും ഉത്തരവാദികളെ നിയമത്തിന്റെ മുന്നിൽ പഴുതുകളില്ലാതെ എത്തിക്കാനും കഴിയും.

31.5.5. കർഷകർക്ക് അവർ വാങ്ങുന്ന വളത്തിന്റെ ഗുണനിലവാരവും വിശ്വാസ്യതയും ഉറപ്പുവരുത്താനും; ഗുണനിലവാരത്തെക്കുറിച്ച് സംശയമുണ്ടാകുന്ന സാഹ ചര്യത്തിൽ അതിവേഗത്തിൽ നടപടി സ്വീകരിക്കാൻ ചുമതലയുള്ള കേന്ദ്രങ്ങളെ സഹായിക്കാനുമായി CFQC&TI വികസിപ്പിച്ചെടുത്ത “ക്വിക്ക് ടെസ്റ്റിങ് കിറ്റ്” താഴെത്തലത്തിൽ പ്രചരിപ്പിക്കണം.

**31.6 നയം 237. നേർവളങ്ങളുടെ ഉപയോഗം കൃഷിക്കാർക്ക് സൗകര്യപ്രദമാണ്. ഒരു യൂണിറ്റ് പോഷകത്തിന്റെ വിലയിലുള്ള കുറവും, ആവശ്യമായ പോഷകം മാത്രം ഉപയോഗിക്കുന്നതിലെ ഫലപ്രാപ്തിയും സാമ്പത്തിക നേട്ടം ഉണ്ടാക്കാൻ സഹായിക്കുന്നു.**

31.6.1. ഭാവിയിൽ വളങ്ങളുടെ രൂപഘടന കഴിവതും ഇപ്രകാരമായിരിക്കണം : പാക്യജനകം (N) - യൂറിയയായും; ഭാവഹം (P) - ഡൈ അമോണിയം ഫോസ്ഫേറ്റ് (DAP), സിംഗിൾ സൂപ്പർ ഫോസ്ഫേറ്റ് (SSP), നൈട്രോഫോസ്ഫേറ്റ് എന്നിവയായും; ക്ഷാരം (K) - മ്യൂറിയേറ്റ് ഓഫ് പൊട്ടാഷ് (MOP) ആയും ലഭ്യമാക്കണം. പൊതുഅനുപാതത്തിലുള്ള NP/NPK കോംപ്ലക്സ് വളങ്ങളുടെ ഉപയോഗം പരമാവധി കുറയ്ക്കുകയും, ഉപയോഗിക്കുന്നവ ഉയർന്ന പോഷകാനുപാതമുള്ളവയാണെന്ന് ഉറപ്പുവരുത്തുകയും വേണം.

**31.7 നയം 238. വളങ്ങളുടെ പുതിയ സബ്സിഡി വ്യവസ്ഥയ്ക്ക് അനുസരണമായി, ഓരോ കൃഷിയിടത്തിലേയും മണ്ണുപരിശോധനാ ഫലം അടിസ്ഥാനമാക്കി അതാതിടങ്ങൾക്കനുയോജ്യമായ വള പരിപാലനം എന്ന രീതി പ്രാവർത്തികമാക്കണം. കൃഷിഭവനുകളിലൂടെ ഈ ആശയം പ്രാവർത്തികമാക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നതോടൊപ്പം, ഈ വെല്ലുവിളി ഏറ്റെടുക്കാൻ മണ്ണുപരിശോധനാ ലാബുകളെ സജ്ജമാക്കുകയുംവേണം**

31.7.1 വളത്തിന്റെ കാര്യത്തിൽ കേന്ദ്രസർക്കാർ എടുത്തിട്ടുള്ള പുതിയ തീരുമാനങ്ങൾ മുഖ്യമായ പല നയമാറ്റങ്ങൾക്കും വഴിതെളിച്ചിട്ടുണ്ട്.

(1) പോഷക മൂലകത്തെ അടിസ്ഥാനമാക്കിയുള്ള വിലയും സബ്സിഡിയും.

(2) വളം നിർമ്മാതാക്കൾക്ക്, സബ്സിഡിയുള്ള അംഗീകൃത വളങ്ങളുടെ ഗുണമേന്മ മെച്ചപ്പെടുത്താനുള്ള സംപുഷ്ടീകരണം, ആവരണംചെയ്യൽ തുടങ്ങിയവയ്ക്കായി അധികച്ചെലവ് (MRP യെക്കാളും 5-10% വരെ കൂടുതൽ) അനുവദിക്കൽ.

(3) ചരക്ക് നീക്കത്തിനുള്ള ഇളവുകൾ ഒരേനിരക്കിൽ (uniform rate) കൊടുക്കുന്നതിനു പകരം, യഥാർത്ഥത്തിൽ ചെലവായ തുകയ്ക്ക് ആനുപാതികമായി കൊടുക്കൽ.

(4) ഉയർന്നനിരക്കിൽ സിംഗിൾ സൂപ്പർ ഫോസ്ഫേറ്റ് (SSP) വളത്തിനു ഇളവ് അനുവദിച്ച് SSP വ്യവസായം പുനരുദ്ധരിക്കൽ.

വളങ്ങളുടെ അസന്തുലിതമായ ഉപയോഗമാണ് വിളകളുടെ പ്രതികൂലമായ ഉല്പാദന പ്രതികരണത്തിന് കാരണമെന്ന് തിരിച്ചറിഞ്ഞ്, മണ്ണുപരിശോധന അടിസ്ഥാനമാക്കി സ്ഥലത്തിനനുയോജ്യമായ പ്രത്യേക പോഷക വ്യവസ്ഥ രൂപപ്പെടുത്തണം.

31.7.2. കാർഷികരംഗത്ത് ഉല്പാദനക്കുറവിനുള്ള ഒരു പ്രധാന കാരണം അസന്തുലിതമായ വളപ്രയോഗമാണ്. അതുകൊണ്ട്, മണ്ണുപരിശോധനാ സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുകയും, വിവരസാങ്കേതിക വിദ്യയുടെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തി മണ്ണുപരിശോധന-വിളപ്രതികരണ വിവരശേഖരം തയ്യാറാക്കുകയും, അതടിസ്ഥാനമാക്കി അപ്പപ്പോൾ ആവശ്യമുള്ള ഉപദേശനിർദ്ദേശങ്ങൾ കർഷകന് ലഭ്യമാക്കുകയും വേണം.

**31.8 നയം 239. സൂക്ഷ്മ മൂലകങ്ങളുടെ കുറവ് മണ്ണിലും, കന്നുകാലികളിലും, മനുഷ്യനിലും ഉണ്ടാക്കുന്ന പ്രശ്നങ്ങൾ അഭിമുഖീകരിക്കാൻ ഭക്ഷ്യവിളക്കൃഷിയിൽ സൂക്ഷ്മമൂലകങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കണം.**

31.8.1. നിലവിലുള്ള സബ്സിഡി വ്യവസ്ഥ - സൂക്ഷ്മമൂലക വളങ്ങളുടെയും, ആവശ്യാധിഷ്ഠിത വളങ്ങളുടെയും, നിലവിലെ വളങ്ങളുടെ മെച്ചപ്പെടുത്തിയ രൂപങ്ങളുടെയും - ഉല്പാദനത്തേയോ ഉപഭോഗത്തേയോ പ്രോത്സാഹിപ്പിക്കുന്നില്ല. ഉല്പാദനക്ഷമത വർദ്ധിപ്പിക്കാനായി, യൂറിയയ്ക്ക് നല്കുന്ന ധനസഹായത്തോടൊപ്പംതന്നെ സൂക്ഷ്മമൂലകങ്ങളുടെ ഉപയോഗം, മണ്ണുപരിശോധന, മറ്റു സാങ്കേതിക മെച്ചപ്പെടുത്തലുകൾ ഇവയ്ക്കും തുല്യപ്രാധാന്യം നൽകണം. വിവിധതരം വളങ്ങൾ, അവ ഉപയോഗിക്കേണ്ട അളവ്, വളപ്രയോഗത്തിന് പറ്റിയ സമയം, മികച്ച വളപ്രയോഗരീതികൾ ഇവയിലെല്ലാം തന്നെ കർഷകന് ശാസ്ത്രീയമായ അറിവ് നൽകണം.

**31.9 നയം 240. സംസ്ഥാനത്ത് ഹൈ-ടെക് കൃഷിയും കൃത്യതാ കൃഷിയും (Precision Farming) പ്രചാരം നേടിവരുന്ന സാഹചര്യത്തിൽ അതിനനുയോജ്യമായ വളങ്ങളും സർക്കാരിന്റെ സബ്സിഡി വ്യവസ്ഥയുടെ ഭാഗമാക്കണം.**

31.9.1. സംസ്ഥാനത്ത് നിലവിൽ പരമ്പരാഗത വളങ്ങളായ നേർവളങ്ങൾ, കോംപ്ലക്സ് വളങ്ങൾ, വളമിശ്രിതങ്ങൾ എന്നിവ മാത്രമേ സബ്സിഡി വ്യവസ്ഥയിൽ ഉൾപ്പെടുത്തിയിട്ടുള്ളൂ. നമ്മുടെ കാർഷികരംഗത്തുണ്ടായി വരുന്ന മാറ്റങ്ങൾ പരിഗണിച്ച്, വിലക്കൂടുതലുള്ള ദ്രാവകവളങ്ങളും (Liquid fertilizers) കുറഞ്ഞവിലയിൽ കർഷകർക്ക് ലഭ്യമാക്കണമെന്നത് അടിയന്തിര പ്രാധാന്യമർഹിക്കുന്നു. അതിനാൽ ഹൈ-ടെക് കൃഷിക്കുപയോഗിക്കുന്ന ദ്രാവകരൂപത്തിലുള്ള വളങ്ങൾക്കും സബ്സിഡി ഏർപ്പെടുത്താൻ സർക്കാർ നടപടി സ്വീകരിക്കണം.

# 32. കീടനാശിനികളുമായി ബന്ധപ്പെട്ട നയങ്ങൾ

32.1. മെച്ചപ്പെട്ട വിളവ്യവസ്ഥകളിൽ, ശാസ്ത്രീയമായ പരിപാലന മാർഗ്ഗങ്ങളിലൂടെ രോഗ-കീടബാധകൾ അനുവദനീയമായ പരിധിയിൽ നിയന്ത്രിച്ചുനിർത്താനാവും. കീടപ്രതിരോധശേഷിയുള്ള ഇനങ്ങൾ വളർത്തിയും, മിത്രജീവികളെ സംരക്ഷിച്ചും, കീടങ്ങളുടെ വംശവർദ്ധന നിയന്ത്രിക്കുന്ന രീതിയിൽ വിളകളിലെ പോഷകനില പരിപാലിച്ചും കീടാക്രമണത്തെ മെരുക്കിനിർത്താനാവും. വൃത്തിയുള്ള നടീൽവസ്തുക്കളുടെ ഉപയോഗം, രോഗാണുക്കളെ അമർച്ചചെയ്യുന്ന വിളചംക്രമണ രീതികൾ, രോഗംബാധിച്ച ചെടികൾ നശിപ്പിക്കൽ ഇവയെല്ലാമാണ് രോഗങ്ങൾക്കെതിരെ ഫലപ്രദമായ നടപടികൾ. സമയാസമയങ്ങളിൽ കൈകൊണ്ട് പറിച്ചുകളഞ്ഞും, തറ കിളയ്ക്കുന്നത് പരിമിതപ്പെടുത്തിയും, പ്രതലാവശിഷ്ടങ്ങൾ പ്രയോജനപ്പെടുത്തിയും കളനിയന്ത്രണം ഫലപ്രദമാക്കാം. മറ്റു നിയന്ത്രണമാർഗ്ഗങ്ങൾ ഫലപ്രദമാകാതെ വരുമ്പോൾ, അപകടസാധ്യത കുറഞ്ഞ കീടനാശിനികൾ, വേണ്ടസമയത്ത്, കൃത്യമായ അളവിൽ പ്രയോഗിക്കണം.

32.2. കർഷകർക്കായുള്ള ഫീൽഡ് സ്കൂളുകൾ, മിത്രജീവികളുടെ പ്രാദേശിക ഉല്പാദനം, കർക്കശമായ കീടനാശിനി നിയന്ത്രണം ഇവയെല്ലാംവഴി വിളകളുടെ ആരോഗ്യ പരിപാലനരീതികൾ പ്രോത്സാഹിപ്പിക്കാവുന്നതാണ്. വ്യാപാരം ഉദാരവല്ക്കരിക്കപ്പെട്ടിരിക്കുന്നതിനാൽ ഇവിടേയ്ക്ക് അന്യരാജ്യങ്ങളിൽനിന്നും കീടങ്ങളും കളകളും കടന്നുവരാനും, ഭീമമായ സാമ്പത്തിക നഷ്ടം വരുത്താനും സാദ്ധ്യതയുണ്ട്. ഇതിനെ ഫലപ്രദമായി നേരിടാൻ സസ്യക്കടത്ത് വ്യവസ്ഥ (Plant Quarantine) ശക്തമാക്കണം.

32.3. കാർഷിക ഉല്പാദനത്തിന്റെയും ഉല്പാദനക്ഷമതയുടെയും സുസ്ഥിരമായ വളർച്ചയ്ക്ക് സുരക്ഷിതവും ഫലവത്തുമായ കീടനാശിനികളുടെ ലഭ്യതയും നീതിപൂർവ്വമായ ഉപയോഗവും വളരെ നിർണ്ണായകമാണ്. കീടനാശിനികളുടെ ലോക ശരാശരി ഉപഭോഗം ഒരു ഹെക്ടറിൽ 500 ഗ്രാം ആയിരിക്കെ, ഇന്ത്യയിൽ ഇത് 381 ഗ്രാം മാത്രമാണ്. രാജ്യത്തെ മൊത്തം കൃഷിഭൂമിയുടെ 25-30% മാത്രമേ കീടനാശിനിയുടെ പ്രയോഗത്തിൻകീഴിൽ വന്നിട്ടുള്ളൂ. ലോകമൊട്ടാകെയുള്ള കീടനാശിനി ഉപഭോഗത്തിന്റെ 2% മാത്രമാണ് ഇന്ത്യയിലെ ഉപഭോഗം.

**32.4 നയം 241. കമ്പ്യൂട്ടറധിഷ്ഠിത തത്സമയ കീടനാശിനി രജിസ്ട്രേഷൻ സംവിധാനം നിരന്തരമായി പരിശോധിക്കുകയും കേന്ദ്ര കീടനാശിനി ബോർഡിന്റെ അംഗീകാരമില്ലാതെ സംസ്ഥാനത്ത് വിതരണംനടത്തുന്ന കമ്പനികൾക്കും പദാർത്ഥങ്ങൾക്കുമെതിരെ നടപടി സ്വീകരിക്കുകയും ചെയ്യണം. ഇതിനായി ശക്തമായ ഒരു നിയന്ത്രണ വ്യവസ്ഥ രൂപവല്കരിക്കുകയും പ്രവർത്തനങ്ങൾ കൃത്യമായി നിരീക്ഷിക്കുകയും വേണം.**

32.4.1. സെൻട്രൽ ഇൻസെക്റ്റിസൈഡ്സ് ബോർഡ് & രജിസ്ട്രേഷൻ കമ്മിറ്റി (CIB & RC, Faridabad) യുടെ ആസ്ഥാനത്ത് ജൂലൈ 2008 മുതൽ ഒരു കമ്പ്യൂട്ടറധിഷ്ഠിത ഓൺലൈൻ കീടനാശിനി രജിസ്ട്രേഷൻ സംവിധാനം (Computerised Online Pesticide Registration System) പ്രവർത്തിച്ചുവരികയാണ്. ഈ വ്യവസ്ഥവഴി കീടനാശിനി ഉല്പാദക കമ്പനികൾക്ക് അവരുല്പാദിപ്പിക്കുന്ന കീടനാശിനികളുടെ രജിസ്ട്രേഷന് അപേക്ഷിക്കാനും അപേക്ഷയെ സംബന്ധിച്ച് കമ്മിറ്റി ചൂണ്ടിക്കാട്ടുന്ന കുറവുകൾ അപ്പപ്പോൾത്തന്നെ പരിഹരിക്കാനും,

ഓൺലൈനായി അവരുടെ അപേക്ഷയുടെ സ്ഥിതി വീക്ഷിക്കാനും കഴിയും. കാര്യക്ഷമത വർദ്ധിപ്പിക്കാനും, കൈകാര്യച്ചെലവ് കുറയ്ക്കാനും, ഒപ്പം സുതാര്യത ഉറപ്പുവരുത്താനും തക്കവിധത്തിലാണ് ഈ വ്യവസ്ഥ രൂപകല്പന ചെയ്തിട്ടുള്ളത്.

32.4.2 കീടനാശിനികളുടെ ഗുണനിലവാരം ഉറപ്പുവരുത്താനായി കേന്ദ്ര- സംസ്ഥാന സർക്കാരുകളുടെ കീഴിലുള്ള കീടനാശിനി പരിശോധകർ വിപണയിൽനിന്നും നിരന്തരമായി സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് അയയ്ക്കുന്നു. 23 സംസ്ഥാനങ്ങളിലും ഒരു കേന്ദ്രഭരണപ്രദേശത്തുമായി വ്യാപിച്ചു കിടക്കുന്ന 68 കീടനാശിനി പരിശോധനാ ലബോറട്ടറികളിലായി (State Pesticides Testing Laboratory) പ്രതിവർഷം 68,110 സാമ്പിളുകൾ പരിശോധിക്കാനുള്ള സൗകര്യമാണുള്ളത്. കീടനാശിനികൾ പരിശോധിക്കാൻ സൗകര്യങ്ങളില്ലാത്ത സംസ്ഥാനങ്ങളിൽ നിന്നുള്ള സാമ്പിളുകൾ ഛണ്ഡിഗഢിലും കാൺപൂരിലുമുള്ള മേഖലാ കീടനാശിനി പരിശോധനാ ലാബോറട്ടറികളിൽ (Regional Pesticides Testing Laboratory) അയച്ച് പരിശോധിക്കാവുന്നതാണ്. ഇതിൽ ഏതെങ്കിലും ലബോറട്ടറിയിലെ പരിശോധന സംബന്ധിച്ച് തർക്കമുണ്ടായാൽ ആ സാമ്പിൾ ഫരീദാബാദിലെ കേന്ദ്ര കീടനാശിനി പരിശോധനാ ലബോറട്ടറി (Central Insecticides Laboratory) യിലേയ്ക്ക് അയക്കുന്നു.

**32.5 നയം 242. അപകടകാരികളായ കീടനാശിനികളുടെ ഉപയോഗം കുറയ്ക്കാനായുള്ള സമീപനം സംസ്ഥാനത്ത് ആവശ്യമാണ്.**

32.5.1. അപകടകാരികളായ കീടനാശികളുടെ ഉപയോഗം കുറയ്ക്കാനായി നയം രൂപവല്കരിക്കുമ്പോൾ കർഷകരുടെ ക്ഷേമത്തിനു വേണം മുൻതൂക്കം കൊടുക്കേണ്ടത്. ജൈവരീതിയിലുള്ളതും ഫലപ്രാപ്തിയുള്ളതുമായ രാസപദാർഥങ്ങളുടെ ലഭ്യത കൃഷിക്കാർക്ക് ഉറപ്പുനൽകി അവരുടെ ആവശ്യങ്ങൾ നിറവേറ്റാൻ സാദ്ധ്യമായ സംവിധാനം നിലവിൽ വരുത്തണം. അപകടകാരികളായ കീടനാശിനികൾക്ക് എതിരെയുള്ള നിയന്ത്രണം തുടരുകയും സാദ്ധ്യമായ രീതിയിലെല്ലാം ജൈവ നിയന്ത്രണമാർഗ്ഗങ്ങൾ അവലംബിക്കുകയും വേണം.

**32.6 നയം 243. കീടനാശിനികളുടെ ഉപയോഗത്തിന്റെ അളവ് കുറയ്ക്കുകവഴി ആരോഗ്യരക്ഷയ്ക്കായുള്ള ചെലവ് കുറയ്ക്കുകയും വിജ്ഞാനവ്യാപന പ്രവർത്തകരുടെ ശ്രദ്ധ ഈ വഴിക്ക് തിരിച്ചുവിടുകയും വേണം.**

32.6.1. കീടനാശിനിയുടെ അളവും ഗാഢതയും, അത് കൈകാര്യം ചെയ്യുന്ന ആളിന്റെ ആരോഗ്യത്തെ കാര്യമായി ബാധിക്കുമെന്ന് ഗവേഷകർ കണ്ടെത്തിയിട്ടുണ്ട്. ഇത് കാര്യക്ഷമമായി നിയന്ത്രിക്കുന്നതിനായി കീടനാശിനിയുടെ ഉപയോഗത്തിന്റെ തോത് കുറയ്ക്കണം. ഇത് സാദ്ധ്യമാക്കാനായി തളിക്കാനുള്ള കീടനാശിനിയുടെ അളവ് കുറ്ക്കുകയോ നേർപ്പിക്കാനുള്ള ജലത്തിന്റെ അളവ് കൂട്ടുകയോ ചെയ്യാം. ശരിയായ ബോധ വല്കരണവും സുരക്ഷാകവചങ്ങളൊരുക്കാൻ ആവശ്യമായ ധനസഹായവും ഉൾപ്പെടുത്തിയുള്ള ഫലപ്രദമായ വിജ്ഞാനവ്യാപന തന്ത്രങ്ങളിലൂടെ കീടനാശിനി തളിക്കുന്നവരുടെ ആരോഗ്യം സംരക്ഷിക്കാവുന്നതാണ്.

**32.7 നയം 244. പഴങ്ങളിലെയും പച്ചക്കറികളിലേയും കീടനാശിനിസാന്നിദ്ധ്യം തിരിച്ചറിയാൻ ചെലവ്കുറഞ്ഞതും വേഗതയാർന്നതും നാശകാരമല്ലാത്തതുമായ രീതികളുടെ പ്രചാരം ഉറപ്പുവരുത്തണം.**

32.7.1. നമ്മുടെ ദൈനംദിന ഉപയോഗത്തിലുള്ള പച്ചക്കറയിനങ്ങളായ കാബേജ്, കോളിഫ്ളവർ, വള്ളിപയർ, ചുവന്ന ചീര, ചെറിയ ഉള്ളി, തക്കാളി, പച്ചമുളക്, കറിവേപ്പില തുടങ്ങി പല പച്ചക്കറികളിലും കീടനാശിനിയുടെ അവശിഷ്ടം അപകടകരമാംവിധം ഉള്ളതായി കേരള കാർഷികസർവ്വകലാശാല കണ്ടെത്തിയിട്ടുണ്ട്. ഇക്കൂട്ടത്തിൽ, നിരോധിക്കപ്പെട്ടതും ദൂരവ്യാപക ഫലങ്ങളുണ്ടാക്കുന്നതുമായ *പ്രൊഫിനോഫോസ്* ഉൾപ്പെടെയുള്ള കീടനാശിനികളുടെ സാന്നിദ്ധ്യമുണ്ടെന്നത് ഗൗരവമായി കാണേണ്ടതാണ്.

32.7.2. അതിനാൽ പഴം-പച്ചക്കറികളിലെ കീടനാശിനിയംശം വിപണിയിൽ വച്ചുതന്നെ കണ്ടെത്തുന്നതിനനുയോജ്യമായ ചെലവുകുറഞ്ഞതും വേഗത്തിൽ ഫലമറിയാവുന്നതുമായ സംവിധാനം ഉണ്ടാവണം. ഇത് നടപ്പാവുക വഴി ഉപഭോക്താക്കൾക്ക് നേരിട്ട് ഉല്പന്നത്തിന്റെ ഗുണനിലവാരം അറിയാൻ സാധിക്കുകയും ഇത് പരോക്ഷമായി വിഷാംശം കുറഞ്ഞ പച്ചക്കറികൾ ഉല്പാദിപ്പിച്ച് വിപണികളിലെത്തിക്കാൻ കർഷകരെ പ്രേരിപ്പിക്കുകയും ചെയ്യും. നിലവിൽ കീടനാശിനികളുടെ അവശിഷ്ട പരിശോധന സുസജ്ജമായ ലബോറട്ടറികളിൽ പരിശീലനം സിദ്ധിച്ച ശാസ്ത്രജ്ഞരുടെ മേൽനോട്ടത്തിലാണ് നടക്കുന്നത്. പരീക്ഷണശാലയ്ക്ക് പുറത്ത് ഇത്തരം പരിശോധനകൾ നടത്താനുള്ള നൂതന സാങ്കേതികവിദ്യ വികസിപ്പിച്ചെടുക്കാൻ അന്താരാഷ്ട്ര സഹകരണത്തോടെയുള്ള ശ്രമങ്ങൾ കേരള കാർഷികസർവ്വകലാശാല നടത്തണം.

**32.8 നയം 245. സുവ്യക്തമായ ഒരു ജൈവക്കൃഷി നയമുള്ള കേരളത്തിൽ അതിന്റെ വെളിച്ചത്തിൽത്തന്നെ ജൈവ കീടനാശിനികൾ സുലഭമായി കൃഷിക്കാർക്ക് ലഭ്യമാക്കണം. കേന്ദ്ര കിഴങ്ങുവിള ഗവേഷണ കേന്ദ്രം (CTCRI) അടുത്തകാലത്ത് വികസിപ്പിച്ചെടുത്ത ജൈവകീടനാശിനികൾ വ്യാവസായികാടിസ്ഥാനത്തിൽ ഉല്പാദിപ്പിക്കണം.**

32.8.1. പ്രകൃത്യാലുള്ള ചേരുവകൾ കൊണ്ട് നിർമ്മിതമായ ജൈവകീടനാശിനികൾ പ്രകൃതിയിൽ തനിയെ വിഘടിച്ച് ഇല്ലാതാവുന്നതുകൊണ്ടുതന്നെ പരിസ്ഥിതിയ്ക്ക് വലിയ ദോഷം വരുത്തുന്നവയല്ല. യാന്ത്രികരീതിയിൽപ്പോലും കീടനിയന്ത്രണം സാദ്ധ്യമാക്കുന്ന ജൈവ കീടനാശിനികൾ (ഡയാറ്റോമേഷ്യസ് എർത്ത്), ഇന്ന് ലഭ്യമാണ്. രാസകീടനാശിനികളോടെന്നപോലെ കീടങ്ങൾ പ്രതിരോധശേഷി ആർജ്ജിക്കുന്നില്ല എന്നതും ജൈവ കീടനാശിനികളുടെ സവിശേഷതയാണ്.

32.8.2. ബന്ധപ്പെട്ട ഗവേഷണ സ്ഥാപനങ്ങളെല്ലാം ഒന്നിച്ച് ഒരേ ലക്ഷ്യബോധത്തോടെ പ്രവർത്തിച്ച് മെച്ചപ്പെട്ട ജൈവകീടനാശിനികൾ വികസിപ്പിക്കുകയും അതിന്റെ പ്രയോജനം കർഷകർക്ക് ലഭ്യമാക്കി വിജയിപ്പിക്കുകയും വേണം. കേന്ദ്ര കിഴങ്ങുവിള ഗവേഷണ കേന്ദ്രം (CTCRI) മരച്ചീനിയിൽ നിന്നും വികസിപ്പിച്ചെടുത്ത ജൈവകീടനാശിനികൾ, വാഴയിലെ തടതുരപ്പൻ വണ്ടിനെതിരെ ഏറെ ഫലപ്രദമാണെന്ന് തെളിഞ്ഞിട്ടുണ്ട്. ഇതിന്റെ വ്യാവസായികാടിസ്ഥാനത്തിലുള്ള ഉല്പാദനത്തിനായി ഒരു പ്ലാന്റ് അടിയന്തിരമായി സ്ഥാപിക്കണം.

**32.9 നയം 246. കീടനാശിനി വില്പനക്കാർക്ക് അവർ വിൽക്കുന്ന പദാർത്ഥങ്ങളെക്കുറിച്ച് അവബോധമുണ്ടാക്കുകയും, കീടനാശിനി തളിക്കുന്ന തൊഴിലാളികൾക്ക് പരിശീലനം നൽകുകയും, അവരുടെ ആരോഗ്യസ്ഥിതി അറിയാനായി ഇടയ്ക്കിടെയുള്ള സൗജന്യ വൈദ്യപരിശോധനയ്ക്ക് വിധേയമാക്കുകയും വേണം.**

32.9.1. കീടനാശിനികൾ ഉപയോഗിക്കുന്നതിൽ മിക്കപ്പോഴും പരിശീലനം ലഭിക്കുന്നത് കർഷകർക്കാണ്. എന്നാൽ പരിശീലനം ലഭിക്കാത്ത കർഷകത്തൊഴിലാളികൾ വിദഗ്ദ്ധരുടെ മേൽനോട്ടം പോലുമില്ലാതെ കീടനാശിനികൾ കൈകാര്യം ചെയ്യുന്ന അവസ്ഥയാണ് ഇന്നുള്ളത്. അശാസ്ത്രീയ

മായി കീടനാശിനികൾ ഉപയോഗിക്കുന്നത് ആരോഗ്യത്തിന് ദോഷം ചെയ്യുമെന്ന തിരിച്ചറിവ് കർഷകത്തൊഴിലാളികൾക്കിടയിൽ തുലോം കുറവാണ്. സ്വന്തം അനുഭവങ്ങളുടെ വെളിച്ചത്തിൽപ്പോലും ഈ അറിവ് സ്വായത്തമാക്കാൻ അവർക്ക് കഴിയുന്നില്ല എന്നതാണ് വാസ്തവം. സൂക്ഷ്മതലത്തിൽ നടത്തിയ പഠനത്തിൽ, കീടനാശിനി പ്രയോഗം കാരണം നിരവധി വിഷബാധകളും ആരോഗ്യപ്രശ്നങ്ങളും വെളിവാക്കപ്പെട്ടിട്ടുണ്ട്.

32.9.2. കീടനാശിനി വ്യാപാരികൾക്ക് അവർ വിൽക്കുന്ന രാസപദാർഥങ്ങളുടെ വിഷസംബന്ധമായ പ്രത്യേകതകളെക്കുറിച്ച് അറിവ് നൽകണം. വിൽക്കുന്നതിന് മുമ്പ് കൃഷിക്കാരോട് കീടനാശിനികൾ തളിക്കുമ്പോൾ സ്വീകരിക്കേണ്ട മുൻകരുതലുകളെക്കുറിച്ചും ഈ രാസപദാർഥങ്ങളുടെ വിഷാംശത്തെക്കുറിച്ചും പറഞ്ഞു മനസ്സിലാക്കിക്കൊടുക്കണം. സുരക്ഷിതമായ കീടനിയന്ത്രണ തന്ത്രങ്ങളെ പ്പറ്റി പരിശീലനപരിപാടികൾ സംഘടിപ്പിക്കുമ്പോൾ കർഷകത്തൊഴിലാളികളേയും, കീടനാശിനി വ്യാപാരികളേയും പൊതുജനങ്ങളേയും പങ്കെടുപ്പിക്കണം.

**32.10 നയം 247. കൃഷിവകുപ്പിലെ അധികാരമുള്ള ഉദ്യോഗസ്ഥന്റെ നിർദേശക്കുറിപ്പനുസരിച്ച് മാത്രമേ കീടനാശിനികളും കളനാശിനികളും വിൽക്കാവൂ.**

32.10.1. കൃഷിവകുപ്പിലെ കൃഷിഓഫീസറുടെ നിർദ്ദേശക്കുറിപ്പ് ഇല്ലാതെ കീടനാശിനികൾ വിൽക്കുന്നത് നിയമവിരുദ്ധമാണെന്ന് സംസ്ഥാനസർക്കാർ നേരത്തേ മാർഗ്ഗനിർദ്ദേശം നൽകിയിരുന്നു. കീടനാശിനികളുടെ അനിയന്ത്രിതവും അശാസ്ത്രീയവുമായ ഉപയോഗം സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ആപൽക്കരമായ ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിച്ച സാഹചര്യത്തിലായിരുന്നു ഈ മാർഗ്ഗനിർദ്ദേശങ്ങൾ നിലവിൽവന്നത്.

32.10.2. 'കൃഷി ഓഫീസർ' എന്ന പദവിക്കും അതിനുമുകളിലുമുള്ള കൃഷിവകുപ്പിലെ ഉദ്യോഗസ്ഥൻമാർക്കേ കീടനാശിനി ഉപയോഗിക്കാനുള്ള അനുമതി നൽകികൊണ്ട് മാർഗ്ഗനിർദ്ദേശക്കുറിപ്പ് നൽകാൻ അധികാരമുള്ളൂ. ഈ കുറിപ്പിൽ വിളയുടെ പേര്, രോഗം/കീടം, കീടനാശിനിയുടെ രാസനാമം, ഉപയോഗിക്കേണ്ട അളവ് തുടങ്ങിയവ രേഖപ്പെടുത്തിയിരിക്കണം.

32.10.3. കാര്യനിർവ്വഹണ ചുമതലയുള്ളവരും, വ്യാപാരികളും ഇത് കർക്കശമായി പാലിക്കുന്നതിനാവശ്യമായ നിയമവ്യവസ്ഥ ഉണ്ടാക്കണം. കീടനാശിനികളുടെ അനിയന്ത്രിതമായ ഉപയോഗങ്ങളിൽ നിന്നും, കാൻസർ പോലുള്ള മാരകമായ രോഗങ്ങളിൽനിന്നും കർഷകരെ രക്ഷിക്കുകയാണ് ഇതിന്റെ ലക്ഷ്യം. വേണ്ടത്ര നിയമസഹായം, കാര്യക്ഷമമായ നിരീക്ഷണം, തല്പരകക്ഷികളുടെ സന്നദ്ധപ്രവർത്തനങ്ങൾ ഇവയെല്ലാം ഉൾപ്പെടുന്ന സംയോജിത പ്രയത്നത്തിലൂടെ മാത്രമേ പരിസ്ഥിതി സുരക്ഷിത കാർഷിക പരിപാലന സംവിധാനം (Ecologically Safe Agricultural Management System) സാദ്ധ്യമാക്കാൻ കഴിയൂ.

**32.11 നയം 248. ഭക്ഷ്യസുരക്ഷാ ബിൽ-2012 പ്രകാരം രൂപീകൃതമായിട്ടുള്ള ഭക്ഷ്യസുരക്ഷാ സംഘത്തിൽ കൃഷിവകുപ്പിലെ പ്രതിനിധികളെക്കൂടി ഉൾപ്പെടുത്തുകയും ഭക്ഷ്യവസ്തുക്കളിൽ കീടനാശിനികളുടെ അവശിഷ്ടം ഉണ്ടോയെന്നറിയാൻ ശക്തമായ നിരീക്ഷണവ്യവസ്ഥ നടപ്പിലാക്കുകയും വേണം.**

32.11.1. സുരക്ഷിതവും നീതിയുക്തവുമായ കീടനാശിനി ഉപയോഗത്തിന് ഊന്നൽനൽകി സംയോജിത കീടനിയന്ത്രണ സമീപനത്തെ ശക്തമായി പ്രചരിപ്പിക്കാൻ ആവശ്യമായ നടപടികൾ സംസ്ഥാനസർക്കാർ സ്വീകരിക്ക

ണം. ഭക്ഷ്യസുരക്ഷാനിലവാരം ഉറപ്പുവരുത്താൻ AGMARK ലാബിനെ സജ്ജമാക്കണം. ഭക്ഷ്യസുരക്ഷാപ്രശ്നങ്ങൾ പരിഹരിക്കാൻ സംസ്ഥാനസർക്കാർ രൂപംനൽകിയ ഭക്ഷ്യസുരക്ഷാസംഘത്തിൽ കൃഷിവകുപ്പിലെ പ്രതിനിധികളെക്കൂടി ഉൾപ്പെടുത്തണം.

**32.12 നയം 249. സംസ്ഥാനത്ത് വിള ആരോഗ്യ പരിപാലന കേന്ദ്രങ്ങൾ സ്ഥാപിക്കുകയും കീട-രോഗ നിരീക്ഷണത്തിന്റെ മേൽനോട്ടംകൂടി വഹിക്കാൻ ഇവയെ ചുമതലപ്പെടുത്തുകയും വേണം.**

32.12.1. ചെടികളെ അതിന്റെ പൂർണ്ണ ജനിതകശേഷി പ്രകടിപ്പിക്കുന്നതിൽനിന്നും തടയുന്ന ജീവീയവും അജീവീയവുമായ ഘടകങ്ങളെ മനസ്സിലാക്കാനും തരണംചെയ്യാനുമുള്ള ശാസ്ത്രവും പ്രവർത്തനവുമാണ് വിള ആരോഗ്യപരിപാലനം. ഈ പ്രവർത്തനങ്ങൾക്ക് കൃഷിയോളംതന്നെ പഴക്കമുണ്ടെങ്കിലും ശാസ്ത്രീയ കാഴ്ചപ്പാട് ലഭിച്ചത് വൈകിയാണ്. സംയോജിത കീടനിയന്ത്രണം, സംയോജിത പോഷക പരിപാലനം തുടങ്ങിയ ആശയങ്ങളെല്ലാം ഉൾപ്പെടുത്തിയാണ് വിള ആരോഗ്യപരിപാലന സങ്കല്പം രൂപപ്പെടുത്തിയതെങ്കിലും ഇത് മറ്റൊന്നിനേയും പകരംവയ്ക്കുന്നില്ല.

32.12.2. സമ്പൂർണ്ണവും സമഗ്രവുമായ ഒരു സമീപനമാണ് വിളപരിപാലത്തിനാവശ്യം. അതിനായി സംസ്ഥാനത്ത് ഈ മേഖലയിൽ ലഭ്യമായിട്ടുള്ള ബൗദ്ധികശേഷിയും പരിചയസമ്പത്തും പ്രയോജനപ്പെടുത്തി ഒരു വിള ആരോഗ്യ പരിപാലനകേന്ദ്രം സ്ഥാപിക്കാവുന്നതാണ്. കൃഷിസ്ഥലത്തെ ഫലപ്രദമായ ഇടപെടലുകൾ സാദ്ധ്യമാക്കാൻ വിരമിച്ച ശാസ്ത്രജ്ഞന്മാർ, പ്രൊഫസർമാർ, വികസന ഉദ്യോഗസ്ഥർ, വിജ്ഞാനവ്യാപന പ്രവർത്തകർ ഇവരുടെയെല്ലാം വൈദഗ്ധ്യം കാര്യക്ഷമമായി പ്രയോജനപ്പെടുത്താവുന്നതാണ്.

# 33. കൃഷി ഫാമുകൾ നവീകരിക്കുന്നതിനുള്ള നയങ്ങൾ

33.1. സംസ്ഥാനത്തെ കർഷകർക്ക് മെച്ചപ്പെട്ട നടീൽവസ്തുക്കൾ ലഭ്യമാക്കാനുള്ള ചുമതല സർക്കാർ ഉടമസ്ഥതയിലുള്ള ഫാമുകൾക്കാണ്. അത്യുല്പാദനശേഷിയുള്ള വിത്തുകളുടേയും ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടേയും (തെങ്ങിൻ തൈകൾ, പച്ചക്കറിവിത്തുകൾ മുതലായവ) വിതരണത്തിലൂടെ സർക്കാർഫാമുകൾ ചെറുകിട-ഇടത്തരം കർഷകരെ അവരുടെ വരുമാനം വർദ്ധിപ്പിക്കുവാൻ സഹായിക്കുന്നു. ഒരു വർഷം ഏകദേശം 5 ലക്ഷം ഹെക്ടറിലധികം സ്ഥലം നടീൽവസ്തുക്കളുടെ ഉല്പാദനത്തിനായി ഇത്തരം ഫാമുകൾ ഉപയോഗിക്കുന്നതായി കണക്കാക്കപ്പെടുന്നുണ്ട്.

33.2. സ്പെഷ്യൽ ഫാമുകൾ (10), ജില്ലാ കൃഷിത്തോട്ടങ്ങൾ (10), സംസ്ഥാന വിത്ത് ഫാമുകൾ (33) , നാളികേര നഴ്സറികൾ (8) തുടങ്ങി 61 ഫാമുകൾ നിലവിൽ കൃഷിവകുപ്പിന്റെ കീഴിലുണ്ട്. പഞ്ചായത്തീരാജ് ആക്ടിന്റെ കീഴിൽ അതാത് ജില്ലാ പഞ്ചായത്തുകൾക്കാണ് സംസ്ഥാന വിത്ത് ഫാമുകളുടെ നിയന്ത്രണച്ചുമതല. ഈ ഫാമുകൾ എല്ലാം കൂടി ഏകദേശം 2100 ഹെക്ടർ വരും.

33.3. പ്രഖ്യാപിത ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ (Quality Declared Planting Materials - QDPM) ഉല്പാദനകേന്ദ്രങ്ങളായും, നൂതന സാങ്കേതിക വിദ്യകളായ സംരക്ഷിതകൃഷി, കൃത്യതാകൃഷി തുടങ്ങിയവയുടെ പ്രദർശന ത്തോട്ടങ്ങളായും സർക്കാർ ഫാമുകൾ നവീകരിക്കുന്നതിനാവശ്യമായ നയങ്ങൾ രൂപവല്കരിക്കണം.

**33.4 നയം 250. വൻതോതിൽ ഗുണമേന്മയേറിയ നടീൽവസ്തുക്കളും വിത്തുകളും ഉല്പാദിപ്പിച്ച് കൃഷിക്കാർക്ക് അതാത് സമയങ്ങളിൽ വിതരണം ചെയ്യുവാനായി ഫാമിന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തണം.**

33.4.1. ലഭ്യമായ ഭൂമിയുടെ ശരിയായ ഉപയോഗത്തിനായി ഫാമുകളുടെ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടത് അത്യന്താപേക്ഷിതമാണ്. ഫാമിനുള്ളിലെ റോഡുകൾ, ഓഫീസ് കെട്ടിടങ്ങൾ, സംഭരണശാലകൾ, ഉപകരണപ്പുരകൾ, വില്പനകേന്ദ്രങ്ങൾ, മഴമറകൾ തുടങ്ങിയ അടിസ്ഥാനസൗകര്യങ്ങൾ കാലോചിതമായി മെച്ചപ്പെടുത്തുകവഴി ഫാമുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാനും കർഷകർക്ക് കൂടുതൽ മെച്ചപ്പെട്ട സേവനങ്ങൾ ഉറപ്പുവരുത്താനും കഴിയും.

**33.5 നയം 251. സർക്കാർഫാമുകളുടെ സമ്പൂർണ്ണമായ യന്ത്രവല്കരണത്തിലൂടെ മാത്രമേ തൊഴിലാളികളുടെ പ്രവർത്തന ശേഷി പൂർണ്ണമായും പ്രയോജനപ്പെടുത്താൻ കഴിയൂ.**

33.5.1. പലപ്പോഴും ഫാമുകളുടെ കുറഞ്ഞ ഉല്പാദനക്ഷമതയ്ക്ക് കാരണം ഫാം തൊഴിലാളികളുടെ കാര്യശേഷിക്കുറവാണ്. തൊഴിലാളികളുടെ, പ്രത്യേകിച്ച് സ്ഥിരം തൊഴിലാളികളുടെ, പ്രായവും ആരോഗ്യവും അവരുടെ പ്രവർത്തനശേഷിയെ ബാധിക്കും. എന്നാൽ പ്രത്യേക പ്രാഗല്ഭ്യം വേണ്ടുന്ന ഒട്ടിക്കൽ, പതിവയ്ക്കൽ (ഗ്രാഫ്റ്റിങ്, ലെയറിങ്ങ്) തുടങ്ങിയ പ്രവൃത്തികൾക്ക് ഇവർ പരിചയസമ്പന്നരുമാണ്. നിലവിൽ മനുഷ്യയത്നത്തെ ആശ്രയിച്ചുചെയ്യുന്ന ജോലികൾ യന്ത്രവല്കരിക്കുന്നതിലൂടെ കാര്യക്ഷമത പലമടങ്ങ് വർദ്ധിപ്പിക്കാനാവും. നിരവധി ആധുനിക സാങ്കേതികവിദ്യകളും, മനുഷ്യപ്രയത്നത്തെ ലഘൂകരിക്കുന്ന ഉപകരണങ്ങളായ കുഴിയെടുപ്പ് യന്ത്രം, വരമ്പൊരുക്കുന്ന യന്ത്രം, വിവിധയിനം നടീൽയന്ത്രങ്ങൾ, ജലസേചന ഉപകര

ണങ്ങൾ, പായ്ക്കിംഗ് യന്ത്രങ്ങൾ മുതലായവ ഇന്ന് ലഭ്യമാണ്. ഒരു ദൗത്യമെന്ന നിലയിൽ സമയബന്ധിതമായി സമ്പൂർണ്ണ യന്ത്രവല്ക രണം നടപ്പിലാക്കി സർക്കാർ ഫാമുകളെ ആധുനികവല്കരിക്കാവുന്നതാണ്. ഇത് പ്രവർത്തനങ്ങളുടെ കാര്യക്ഷമത വർദ്ധി പ്പിക്കുകയും തൊഴിലാളികളുടെ അധ്വാന ത്തിന്റെ കാഠിന്യം കുറയ്ക്കുകയും ചെയ്യും..

33.5.2 ഫാം തൊഴിലാളികൾക്ക് യന്ത്രങ്ങൾ പ്രവർത്തിപ്പിക്കുന്നതിനുള്ള വിദഗ്ദ്ധ പരിശീലനം നൽകുകയും, അവരുടെ തൊഴിൽ പദവി *ഫാം തൊഴിലാളികൾ* എന്നതിൽ നിന്ന് *മെഷീൻ ഓപ്പറേറ്റേഴ്സ്* എന്ന നിലയിലേയ്ക്ക് മാറ്റുകയും ചെയ്യുന്നതിലൂടെ അവരുടെ മനോവീര്യം ഉയർത്താനും കാര്യ ശേഷി വർദ്ധിപ്പിക്കാനും കഴിയും.

**33.6 നയം 252. സംസ്ഥാനസർക്കാരിന്റേയും തദ്ദേശഭരണസ്ഥാപനങ്ങളുടേയും വാർഷിക പദ്ധതികളിലെ നടീൽവസ്തുസംബന്ധമായ ആവശ്യങ്ങൾ ഓൺലൈനായി കൈകാര്യം ചെയ്യുന്ന നിയതമായ ഒരു നടീൽവസ്തു ഉല്പാദനപദ്ധതി ആവിഷ്കരിച്ചു നടപ്പാ ക്കേണ്ടതാണ്.**

33.6.1. കൃഷിവകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികളിലേയ്ക്കും ജനങ്ങൾക്ക് പൊതു വായും വേണ്ടിവരുന്ന നടീൽവസ്തുക്കളുടെ ഓരോ വർഷത്തെയും ആവശ്യം കണക്കി ലെടുത്തുവേണം അവ ഉല്പാദിപ്പിക്കാൻ. ആവശ്യത്തിനനുസരിച്ചുള്ള നടീൽവസ്തു ക്കൾ മാത്രമേ ഉല്പാദിപ്പിക്കുന്നുള്ളൂ എന്നു റപ്പുവരുത്താൻ ഇതിലൂടെ കഴിയും. ആവശ്യ മുള്ള നടീൽവസ്തുക്കൾ മുൻകൂറായി ബുക്ക് ചെയ്യുന്ന രീതി നടപ്പിൽവരുത്തി ഇത് പ്രായോഗികവും ഫലപ്രദവുമായി നടപ്പാക്കാ വുന്നതാണ്.

33.6.2. ഈ തത്വമനുസരിച്ചുവേണം നടീൽ വസ്തുക്കളുടെ വാർഷിക ഉല്പാദന പദ്ധതി കൾ ആസൂത്രണം ചെയ്യേണ്ടതും സർക്കാർ ഫാമുകളുടെ വരുംവർഷത്തെ പ്രതീക്ഷിത ചെലവുകൾ വകയിരുത്തേണ്ടതും.

**33.7 നയം 253. മെച്ചപ്പെട്ട സാങ്കേതിക വിദ്യകളിലധിഷ്ഠിതമായ വിളപ്രദർശനം എല്ലാ ഫാമുകളിലും ഒരുക്കണം.**

33.7.1. നൂതന സാങ്കേതികവിദ്യകളായ - തുറ സ്സായ ഭൂമിയിലെ കൃത്യതാകൃഷി (Open field Precision farming), പോളിഹൗസുകളിലെ സംരക്ഷിതകൃഷി (Protected cultivation), കണികാജലസേചനം വഴിയുള്ള പോഷണം (Fertigation), ജലപോഷണം വഴിയുള്ള കൃഷി (Hydroponics) അന്തരീക്ഷത്തിലുള്ള കൃഷി (Aeroponics) തുടങ്ങിയവയുടെ പ്രദർശന യൂണിറ്റുകൾ സർക്കാർ ഫാമുകളിൽ ഒരുക്കണം. ഇതിലൂടെ പുരോഗമന കർഷ കരിൽ താല്പര്യം ജനിപ്പിക്കാനും, അവർക്ക് ഈ പ്രദർശനത്തോട്ടങ്ങൾ സന്ദർശിച്ച് വിദ ഗ്ദ്ധരിലൂടെ സംശയനിവാരണം നടത്താനും സാധിക്കും. ഇതിലൂടെ വെല്ലുവിളിനിറഞ്ഞ ഇത്തരം സംരംഭങ്ങൾ ഏറ്റെടുക്കാൻ അവരെ സജ്ജരാക്കാനും സാധിക്കും.

**33.8 നയം 254. സർക്കാർ ഫാമുകളിലെ തൊഴിലാളിക്ഷാമം പരിഹരിക്കാൻ അടിയ ന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.**

33.8.1. കൃഷിവകുപ്പിന്റെ കീഴിലെ മികവുറ്റ ഫാമുകൾ എല്ലാംതന്നെ കർഷകത്തൊഴിലാ ളികളുടെ രൂക്ഷമായ കുറവ് നേരിടുകയാണ്. സ്ഥിരം തൊഴിലാളികൾ വിരമിക്കുന്ന മുറയ്ക്ക് പുതിയ നിയമനങ്ങൾ നടക്കുന്നില്ല. ഫാമിന്റെ

കാര്യക്ഷമമായ നടത്തിപ്പിന് തൊഴിലാളികൾ അനിവാര്യമാണ്. ആവശ്യമനുസരിച്ചുള്ള തൊഴിലാളികളെ നിയമിച്ചില്ലെങ്കിൽ ഫാമിലെ ആസ്തി, അടിസ്ഥാനപരമായ സൗകര്യങ്ങൾ, യന്ത്രങ്ങൾ ഇവയെല്ലാം പൂർണ്ണതോതിൽ പ്രയോജനപ്പെടുത്താനാവില്ല. നിയമനപ്രശ്നങ്ങൾക്ക് സർക്കാർ ഉടനടി പരിഹാരം കാണണം. ഒരു കാരണവശാലും രണ്ടുമാസത്തിൽ കൂടുതൽ തൊഴിലാളികളുടെ ഒഴിവ് നികത്തപ്പെടാതെ കിടക്കരുത് എന്നതായിരിക്കണം സർക്കാരിന്റെ നയം. ഇക്കാര്യത്തിൽ നിയമനാധികാരികൾക്ക് വേണ്ടത്ര സ്വാതന്ത്ര്യം നൽകണം.

**33.9 നയം 255. അടിയന്തിര അറ്റകുറ്റപ്പണികൾ, പെട്ടെന്ന് നശിച്ചുപോകാവുന്ന ഉല്പന്നങ്ങളുടെ നീക്കംചെയ്യൽ തുടങ്ങി സത്വരനടപടികൾ ആവശ്യപ്പെടുന്ന പ്രവർത്തനങ്ങൾ ധാരാളമുള്ളതിനാൽ, താഴേത്തട്ടിലുള്ള ഉദ്യോഗസ്ഥർക്ക് കൂടുതൽ അധികാരങ്ങൾ നൽകുന്നതിലൂടെ ഫാമിന്റെ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താനാവും.**

33.9.1. നിലവിലുള്ള സാമ്പത്തിക അധികാരങ്ങൾക്ക് ഭേദഗതി വരുത്തുകയും കൂടുതൽ അധികാരങ്ങൾ ഉപഉദ്യോഗസ്ഥന്മാർക്ക് നല്കുകയും ചെയ്യുകവഴി അതീവപ്രാധാന്യമുള്ള ക്രയവിക്രയങ്ങൾ കാലതാമസംകൂടാതെ നടത്താൻ കഴിയും. അതാതിടങ്ങളിൽ സമയതാമസമില്ലാതെ തീരുമാനങ്ങൾ എടുക്കാൻ കഴിയുകയും ഇത് ഫാമുകളുടെ കാര്യശേഷി വർദ്ധിപ്പിക്കാൻ സഹായിക്കുകയും ചെയ്യും.

**33.10 നയം 256. നെല്ലിയാമ്പതിയിലുള്ള ഓറഞ്ച് & വെജിറ്റബിൾ ഫാം, മലമ്പുഴയിലുള്ള ഹോർട്ടിക്കൾച്ചർ വികസന ഫാം എന്നിവയെ മികവിന്റെ കേന്ദ്രങ്ങളായി ഉയർത്തണം.**

33.10.1. കൃഷിവകുപ്പിന്റെ ഏറ്റവും മികവേറിയ ഫാമുകളിൽ ഒന്നാണ് നെല്ലിയാമ്പതിയിലെ ഓറഞ്ച് ആന്റ് വെജിറ്റബിൾ ഫാം. സുഖസുന്ദരമായ കാലാവസ്ഥ, നല്ല ഫലപുഷ്ടിയുള്ള വിശാലമായ ഭൂമി, ജലലഭ്യത, വിവിധ വിളരീതികൾ തുടങ്ങിയ വേറിട്ട പ്രത്യേകതകൾ ഈ ഫാമിനുണ്ട്. സംസ്കരണത്തിനും ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും, ഹൈ-ടെക് കൃഷിക്കും, പരിശീലനങ്ങൾക്കും, ശീതകാലവിളകൾ വളർത്താനും വിവിധങ്ങളായ സൗകര്യങ്ങൾ ഇവിടെയുണ്ട്. മേൽപ്പറഞ്ഞ പ്രത്യേകതകൾ കണക്കിലെടുത്ത് ഈ ഫാമിനെ ഹൈ-ടെക് കൃഷിയുടേയും പഴം-പച്ചക്കറി സംസ്കരണത്തിന്റെയും കാര്യത്തിൽ മികവിന്റെ കേന്ദ്രം (Centre of Excellence in Hi-tech Farming and Processing) ആയി ഉയർത്തിക്കൊണ്ടുവരാൻ സാധിക്കും.

33.10.2. ഒട്ടേറെ സവിശേഷതകളുള്ള മലമ്പുഴയിലെ ഉദ്യാനവിള വികസന (Horticulture Development Farm) ഫാമിന് അവിടുത്തെ പ്രസിദ്ധമായ പൂന്തോട്ടത്തിനോടുള്ള സാമീപ്യം ഇരട്ട നേട്ടമാണ്. ഇവിടം വിനോദസഞ്ചാരികൾക്ക് അതീവ താല്പര്യമുള്ള പ്രദേശമാകയാൽ ത്തന്നെ ഏറെ വികസന സാദ്ധ്യതകളാണ് ഈ ഫാമിനുള്ളത്. അതിവിപുലവും വൈവിധ്യം നിറഞ്ഞതുമായ അലങ്കാരസസ്യങ്ങൾ, വിവിധയിനം മാവുകൾ, കശുമാവിന്റെ മാതൃവൃക്ഷങ്ങൾ തുടങ്ങിയവയുടെ വൻശേഖരംതന്നെ ഇവിടെയുണ്ട്. സംസ്ഥാനത്ത് ഏറ്റവും കൂടുതൽ അലങ്കാരച്ചെടികളുടെ ശേഖരമുള്ള മികച്ച കേന്ദ്രമായി ഇതിനെ വളർത്തിക്കൊണ്ടുവരുന്നതിലൂടെ ഈ രംഗത്ത് ഒരു മാതൃക സൃഷ്ടിക്കാനും സർക്കാരിന് സാമ്പത്തികനേട്ടം കൈവരിക്കാനും കഴിയും. അതിനാൽ ഈ ഫാമിനെ അലങ്കാരവിളകളുടെ മികവിന്റെ കേന്ദ്രം ( Centre of Excellence in Ornamental Gardening) ആയി മാറ്റിയെടുക്കണം.

# 34. മൂല്യവർദ്ധനയേയും സംസ്കരണത്തേയും സംബന്ധിക്കുന്ന നയങ്ങൾ

34.1. ലോകത്ത് ഭക്ഷ്യോല്പാദനത്തിൽ രണ്ടാം സ്ഥാനത്താണ് ഇന്ത്യ. ഹരിത, നീല, ധവള വിപ്ലവങ്ങൾക്ക് ശേഷം ഉയർന്നുവന്ന പ്രശ്നങ്ങൾക്ക് വേണ്ടവിധം പരിഹാരം കണ്ടെത്തിയാൽ ഈരംഗത്ത് ഒന്നാമതെത്താനുള്ള സാധ്യതയുണ്ട്. കാർഷികവികസനം നേരിടുന്ന പ്രശ്നങ്ങളെ രണ്ടുരീതിയിൽ സമീപിക്കാം. ഒന്ന്, കാർഷിക ഉല്പാദനക്ഷമതയും വിതരണവ്യവസ്ഥയും മെച്ചപ്പെടുത്തുക; രണ്ട്, കാര്യക്ഷമമായ മൂല്യവർദ്ധനവ് വഴി കർഷകന്റെ വരുമാനം വർദ്ധിപ്പിക്കുക.

34.2. ഇന്ത്യയിലെ അസംസ്കൃത ഭക്ഷ്യപദാർഥങ്ങളുടെ മൂല്യവർധന 7% ആണ്. അതേസമയം ചൈന, ഫിലിപ്പൈൻസ്, ഇംഗ്ലണ്ട് എന്നിവിടങ്ങളിൽ 23%, 45%, 188% എന്ന ക്രമത്തിലാണ് (ദേശീയ ഭക്ഷ്യ സംസ്കരണ നയം, കരട് രേഖ, 2000 അനുസരിച്ച്) മൂല്യവർദ്ധന. ലോകത്തിലെ മൊത്തം നെല്ലുല്പാദനത്തിന്റെ 2% മാത്രം സംഭാവനചെയ്യുന്ന ചെറിയ രാജ്യമായ ജപ്പാൻ, നെല്ലിൽനിന്നും അൻപതോളം മൂല്യവർദ്ധിത പദാർത്ഥങ്ങൾ ഉല്പാദിപ്പിക്കുന്നതായി കാണുന്നു. തായ്ലന്റിൽ 30% ഉം മലേഷ്യയിൽ 80% ഉം പഴം-പച്ചക്കറി സംസ്കരണം നടക്കുമ്പോൾ ഇന്ത്യയിൽ അത് 2% മാത്രമാണ്.

34.3. ഉല്പന്നത്തിന് കൂടുതൽ മൂല്യം പകർന്നുനൽകുന്ന പ്രക്രിയയായി വേണം മൂല്യവർദ്ധനയെ കാണേണ്ടത്. നിലവിലുള്ള മൂല്യം മനസ്സിലാക്കുവാൻ ഉപഭോക്താക്കളുടെ കാഴ്ചപ്പാട് കൂടി പരിഗണിക്കുന്നതാണ് പുതിയ രീതി - അതായത്, മൂല്യവർദ്ധിത ഉല്പന്നങ്ങൾ വഴി ഉപഭോക്താവിന് കിട്ടുന്ന മൂല്യത്തെ അയാൾ എങ്ങനെ ഉൾക്കൊള്ളുന്നു എന്ന് വിലയിരുത്തണം. ഉപഭോക്താവിന്റെ താല്പര്യമനുസരിച്ച് മൂല്യം വർദ്ധിപ്പിക്കുന്ന പുതിയ സമീപനം ശ്രദ്ധയാകർഷിക്കുന്നതാണ്. എല്ലാ പ്രവർത്തനങ്ങളും ഉപഭോക്താവിന്റെ കാഴ്ചപ്പാടിലൂടെയാണ് കാണുന്നത്. ഇതെല്ലാം മനസ്സിൽ വച്ചുകൊണ്ടാണ് സർക്കാരിന്റെ മൂല്യവർദ്ധനയും സംസ്കരണവും സംബന്ധിച്ച നയങ്ങൾ രൂപപ്പെടുത്തിയിരിക്കുന്നത്.

**34.4 നയം 257. മൂല്യവർദ്ധന, ഉല്പന്ന വൈവിധ്യവല്കരണം, സംരംഭകത്വ വികസനം ഇവയിലൂടെ കർഷകരുടെ വരുമാനം മെച്ചപ്പെടുത്തുക എന്നതിലാവണം വികസനവകുപ്പുകൾ ശ്രദ്ധിക്കേണ്ടത്.**

34.4.1. ഉല്പന്നങ്ങളുടെ മൂല്യവർദ്ധനയും വൈവിധ്യവല്കരണവും, പലപ്പോഴും, പറയുന്നതുപോലെ എളുപ്പമല്ല പ്രാവർത്തികമാക്കുവാൻ. സൂക്ഷ്മതലത്തിലുള്ള ഗ്രാമീണ സംരംഭങ്ങൾക്ക് നിരവധി പരിമിതികളുണ്ട്. കർഷകരുടെ മാനസികാവസ്ഥ തന്നെയാണ് ഏറ്റവും വലിയ തടസ്സം. സാങ്കേതികവിദ്യകൾ ഉപയോഗിക്കേണ്ടതിനെക്കുറിച്ചുള്ള അറിവില്ലായ്മ, യന്ത്രങ്ങളുടെ വൻവില, മൂലധനത്തിന്റെ കുറവ്, എളുപ്പത്തിൽ വായ്പകൾ ലഭ്യമാകാതിരിക്കൽ, നികുതിസംബന്ധമായ നിയമങ്ങൾ, ഭക്ഷ്യസുരക്ഷയുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇവയെല്ലാം കർഷകരുടെ മനസ്സിൽ പലവിധത്തിലുള്ള ആശങ്കകൾ വളർത്തുന്നു.

34.4.2. മൂല്യവർദ്ധനയുടെ കാര്യത്തിൽ നിലവിൽ ലഭ്യമായിട്ടുള്ള സാങ്കേതിക വിദ്യകളെല്ലാംതന്നെ ഒന്നുകിൽ പരീക്ഷണശാലാടിസ്ഥാനത്തിലുള്ളതോ അല്ലെങ്കിൽ വൻകിട ഉല്പാദനത്തിന് മാത്രം അനുയോജ്യമായിട്ടുള്ളതോ ആണ്. ഇതിനെ ആവശ്യാനുസരണം ചെറുകിട സംരംഭകർക്കുകൂടി ഉപയുക്തമാകുന്ന തരത്തിലാക്കണം.

**34.5 നയം 258. കൃഷിസ്ഥലത്തുനിന്ന് ചില്ലറവ്യാപാരകേന്ദ്രത്തിലേയ്ക്ക് നീളുന്ന ഒരു ഭക്ഷ്യച്ചങ്ങല സൃഷ്ടിക്കുന്നതിലൂടെ കർഷകന് സ്വന്തം ഉല്പന്നങ്ങളുടെ വർദ്ധിത മൂല്യത്തിന്റെ ഒരു വലിയഭാഗം സ്വന്തമാക്കാനാവും.**

34.5.1. യഥാർത്ഥത്തിൽ, ഭക്ഷ്യച്ചങ്ങലയ്ക്ക് തുടക്കമിടേണ്ടത് കാർഷികഗവേഷണ ശാലകളിൽ നിന്നുതന്നെയാവണം. അതുവഴി ശാസ്ത്രീയകൃഷിമാർഗങ്ങൾ, പ്രത്യേകിച്ചും ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കളുടെ ഉല്പാദനം, വിളവെളുപ്പിനുശേഷമുള്ള പരിപാലനം, സംഭരണം, ഉല്പന്നസ്ഥാന മാറ്റങ്ങൾ, വിപണനം എന്നിവയെക്കുറിച്ചുള്ള സാങ്കേതികവിവരങ്ങൾ കർഷകരിലെത്തിക്കാൻ കഴിയും. യന്ത്രവല്കരണ ത്തിന്റെയും യാന്ത്രീകരണത്തിന്റേയും ആവശ്യകതയും ഈ മേഖലയിൽ ഏറെയാണ്. അവശിഷ്ടങ്ങളെ ഉപോല്പന്നങ്ങളായി മാറ്റുന്നതിനും ഇതിൽ സ്ഥാനമുണ്ടാകണം. ഇതോടൊപ്പം കൃഷിയധിഷ്ഠിത വ്യവസായ സംവിധാനങ്ങളും ജൈവാധിഷ്ഠിത സംസ്കരണവിദ്യകളും കാർഷിക അസംസ്കൃതവസ്തുക്കളെ അമൂല്യമായ ഉല്പന്നങ്ങളാക്കി മാറ്റാൻ പര്യാപ്തമാണ്.

**34.6 നയം 259. പുതിയ കാലഘട്ടത്തിന്റെ വെല്ലുവിളികളെ നേരിടാൻ കൃഷിയെ ഉന്നത മൂല്യമുള്ള സംരംഭങ്ങളായി വൈവിദ്ധ്യവല്കരിക്കേണ്ടതുണ്ട്. ഉല്പന്നത്തിന്റെ ഗുണമേന്മ അടിസ്ഥാനമാക്കി വിലനയങ്ങൾ രൂപപ്പെടുത്തുകയും, ഉല്പാദനം അളവിലുപരി ഗുണാടിസ്ഥാനത്തിലാക്കാൻ കർഷകരെ പ്രേരിപ്പിക്കുകയും ചെയ്യണം.**

34.6.1. ഉന്നതമൂല്യമുള്ള ഭക്ഷ്യോല്പന്നങ്ങളായ പഴങ്ങൾ, പച്ചക്കറികൾ, പാൽ എന്നിവയുടെ ഉല്പാദനത്തിൽ അളവിന് പ്രാധാന്യം നൽകുന്ന രീതിയിൽ മാറ്റം വരുത്തുകയും ഗുണമേന്മയ്ക്ക് പ്രാധാന്യം നൽകുന്ന രീതി നടപ്പിലാക്കുകയും വേണം. പോഷകനിലവാരം, സംസ്കരണ സവിശേഷതകൾ ഇവയെല്ലാം ഗുണമാനദണ്ഡങ്ങളിൽപ്പെടുന്നു. ഇതിനനുസരണമായി, വില നിർണ്ണയം സംബന്ധിച്ച നയങ്ങളും ഉല്പന്നങ്ങളുടെ ഗുണാടിസ്ഥാനത്തിൽ മാറ്റപ്പെടേണ്ടതുണ്ട്. ഉദാഹരണത്തിന് - പാലിലെ കൊഴുപ്പിന്റെ അംശം, മാങ്ങയിലെ പഞ്ചസാരയുടെ അളവ്, നെല്ലിന്റെ പ്രത്യേക വാസന, അരിയുടെ നിറവും പാചകമേന്മയും, ഫലങ്ങളുടെയും പച്ചക്കറികളുടെയും സൂക്ഷിപ്പുകാലം ഇവയെല്ലാം വിലനിർണ്ണയത്തിന് അടിസ്ഥാനമാക്കാം.

**34.7 നയം 260. സംസ്കരിക്കപ്പെട്ട ഉല്പന്നങ്ങളുടെ വിപണനം കൂടുതൽ ലാഭകരമാകയാൽ, ഉപഭോക്താക്കളുടെ ആവശ്യം മുൻനിർത്തി ഉല്പാദകരുടേയും സംരംഭകരുടേയും കൂട്ടായ്മകൾ ഉണ്ടാവണം.**

34.7.1. ധാന്യങ്ങൾ, പഴങ്ങൾ, പാൽ, മത്സ്യം - ഇവയിൽ നിന്നൊക്കെ ധാരാളം പരമ്പരാഗത ഭക്ഷ്യവിഭവങ്ങൾ തയ്യാറാക്കാനാവും. അത്തരം ഉല്പന്നങ്ങൾ സുരക്ഷിതമായും കേടുകൂടാതെയും അധികകാലം സൂക്ഷിയ്ക്കാൻ അനുയോജ്യമായതും ചെലവു കുറഞ്ഞതുമായ പായ്ക്കിംഗ് സാങ്കേതികവിദ്യ വികസിപ്പിക്കണം. ഇതിനായി ഉഭയഗുണം ലഭിക്കുന്ന തരത്തിലുള്ള ധാരണാപത്രങ്ങൾ പ്രകാരം കർഷകരുടേയും സംരംഭകരുടേയും കൂട്ടായ്മകൾ ഉണ്ടാകണം. ധാരാളം ചെറുകിടകർഷകരെ നേരിട്ട് മൂല്യവർദ്ധനയുമായി ബന്ധപ്പെടുത്താനും അതിലൂടെ അവർക്ക് മെച്ചപ്പെട്ട വരുമാനം ഉറപ്പുവരുത്താനും ഇതിലൂടെ കഴിയും.

**34.8 നയം 261. ഉല്പന്നങ്ങൾ സംഭരിക്കുന്നതിനും കൈകാര്യം ചെയ്യുന്നതിനുമുള്ള സാങ്കേതികവിദ്യകളും അടിസ്ഥാന സൗകര്യങ്ങളും, ഉല്പന്നങ്ങളുടെ തനത് ഗുണമേന്മ നിലനിർത്തുന്നതും നഷ്ടം കുറയ്ക്കുന്നതും ആയിരിക്കണം.**

34.8.1. ഭക്ഷ്യധാന്യങ്ങളിലെ നിലവിലുള്ള പിൻവിളവെടുപ്പ് പ്രവർത്തനങ്ങൾ വളരെയധികം നഷ്ടമുണ്ടാക്കുന്നതും ഗുണമേന്മ പലപ്പോഴും ചോർത്തിക്കളയുന്നതുമാണ്. അതിനാൽത്തന്നെ ഉല്പന്നങ്ങൾ സംഭരിക്കുന്നതിനും കൈകാര്യംചെയ്യുന്നതിനുമുള്ള സാങ്കേതികവിദ്യകളും അടിസ്ഥാന സൗകര്യങ്ങളും, ഉല്പന്നങ്ങളുടെ തനത് ഗുണമേന്മ നിലനിർത്തുന്നതും കൈകാര്യനഷ്ടം കുറയ്ക്കുന്നതും ആയിരിക്കണം. പ്രധാന പിൻവിളവെടുപ്പ് പ്രവർത്തനങ്ങളായ തരംതിരിക്കൽ, സംഭരണം, സസ്യശുചിത്വം പാലിക്കൽ തുടങ്ങിയവ കയറ്റുമതി വിപണിക്ക് അനുയോജ്യമായിരിക്കുകയും വേണം.

**34.9 നയം 262. പുതുതലമുറ സഹകരണ സ്ഥാപനങ്ങളും കർഷക ഉല്പാദകസംഘങ്ങളും ഉല്പാദകരേയും സംരംഭകരേയും ഒരുപോലെ ബന്ധിപ്പിക്കുന്നതിനാൽ, അവ അർപ്പണമനോഭാവം വളർത്തുന്നതിനും ഉടമ്പടികൾ സാദ്ധ്യമാക്കുന്നതിനും വളരെയേറെ അനുയോജ്യമാണ്.**

34.9.1. ഇത് സഹകരണസംരംഭങ്ങളിൽ മാത്രമേ പ്രാവർത്തികമാക്കാവൂ. കുറച്ച് വൻകിട കർഷകരെ ഉൾപ്പെടുത്തുന്നതിനെക്കാൾ, ധാരാളം ചെറുകിടകർഷകരെ ഉൾപ്പെടുത്തി സംഘകൃഷി പ്രോത്സാഹിപ്പിക്കണം. ഗ്രാമീണ മേഖലകളിൽ ചെറു സഹകരണസംസ്കരണ യൂണിറ്റുകൾ വികസിപ്പിക്കണം. ഇവയ്ക്ക് പ്രാഥമിക സംസ്കരണം, നിലവാരം നിർണയിക്കൽ, ഉല്പന്നങ്ങൾ വൃത്തിയാക്കൽ തുടങ്ങിയവയെല്ലാം കൈയേൽക്കാവുന്നതാണ്. ചൈനയിലെ നഗര-ഗ്രാമ സംരംഭം (Town and Village Enterprises-TVE) കുറച്ച് രൂപഭേദങ്ങൾ വരുത്തി ഇവിടെ പ്രയോഗത്തിൽവരുത്താനാവും. സംസ്കരണവും മൂല്യവർദ്ധനയും അടിസ്ഥാനമാക്കിയുള്ള ഗ്രാമതല സംഘങ്ങളെ പ്രോത്സാഹിപ്പിക്കണം. ഇതിലൂടെ ചെറുകിട-നാമമാത്ര കർഷകർക്ക് ഒരേസമയം സ്വന്തം കൃഷിയിടങ്ങളിൽ പണിയെടുക്കാനും ഒപ്പം ഗ്രാമീണസംരംഭങ്ങളിൽ പങ്കാളികളാവാനും കഴിയുന്നതിലൂടെ ഇരട്ടവരുമാനം ഉറപ്പാക്കാൻ കഴിയുന്നു.

**34.10 നയം 263. മാംസ സംസ്കരണ മേഖലയിൽ ആധുനിക കശാപ്പുശാലകൾ സ്ഥാപിക്കുന്നതിനും അവയുടെ ശീതീകൃത ശൃംഖല സൃഷ്ടിക്കുന്നതിനുമുള്ള സാദ്ധ്യതകൾ വളരെയേറെയാണ്.**

34.10.1. കന്നുകാലിസംഖ്യയിൽ ഇന്ത്യയ്ക്ക് ലോകത്തിലെ ഒന്നാം സ്ഥാനമാണ്. എരുമവംശത്തിന്റെ സംഖ്യയിൽ 50% വും, മൊത്തം ആടിന്റെ സംഖ്യയിൽ 1/6 ഭാഗവും ഇന്ത്യയിൽത്തന്നെയാണ്. ആധുനിക കശാപ്പുശാലകളും ഇറച്ചി-പൗൾട്രി സംസ്കരണ മേഖലയിലെ ശീതീകൃതശൃംഖലയും രൂപവല്കരിക്കുന്നതിന് വളരെയേറെ സാദ്ധ്യതകളുണ്ട്. മാംസോല്പാദനമേഖലയിൽ കോഴിവളർത്തൽ വ്യവസായമാണ് മുന്നിട്ട് നിൽക്കുന്നത്. ലോകത്തിൽ ഇതിന് ഇന്ത്യയ്ക്ക് അഞ്ചാം സ്ഥാനമാണുള്ളത്. ഇന്ത്യയിൽ പൗൾട്രിയുടെയും മുട്ടയുടെയും സംസ്കരണ യൂണിറ്റുകൾ ധാരാളം ഉണ്ടായിവരുന്നു. മുട്ട പൗഡറും മുട്ടയുടെ മഞ്ഞക്കരു ശീതീകരിച്ചതും യൂറോപ്പിലേക്കും ജപ്പാനിലേക്കും മറ്റു രാജ്യങ്ങളിലേക്കും ഇന്ത്യ കയറ്റുമതി ചെയ്യുന്നുമുണ്ട്. പൗൾട്രി കയറ്റുമതി കൂടുതലും മാലിദ്വീപുകളിലേക്കും ഒമാനിലേക്കുമാണ് ചെയ്യുന്നത്. ജപ്പാനിലും, മലേഷ്യയിലും, ഇന്തോനേഷ്യയിലും, സിംഗപ്പൂരിലും ഇന്ത്യൻ പൗൾട്രി ഇറച്ചി

ഉല്പന്നങ്ങൾക്ക് നല്ല വിപണിയാണുള്ളത്. നിലവിൽ മുട്ട പൗഡർ സംസ്കരണത്തിന് ഇന്ത്യയിൽ 5 പ്ലാന്റുകൾ മാത്രമാണുള്ളത്. കയറ്റുമതി സാദ്ധ്യതകൾ ഉൾപ്പെടെ വർദ്ധിച്ചു വരുന്ന ആവശ്യം പരിഗണിക്കുമ്പോൾ ഇത് തികച്ചും അപര്യാപ്തമാകയാൽ കൂടുതൽ പ്ലാന്റുകൾ സ്ഥാപിക്കാവുന്നതാണ്.

34.10.2. ആധുനിക കശാപ്പുശാലകൾ സ്ഥാപിക്കുന്നതിനും മാംസ സംസ്കരണമേഖലയിലെ ശീതീകൃതശൃംഖലയുടെ വികസനത്തിനും കേരളത്തിൽ ധാരാളം സാദ്ധ്യതകൾ ഉണ്ട്. സംസ്ഥാനത്ത് മൃഗങ്ങളെ കൊന്ന് മാംസം സംസ്കരണം ചെയ്യുന്നതിന് ഒരു തടസ്സവുമില്ല. ഇത് മറ്റു സംസ്ഥാനങ്ങളിലേയ്ക്കും പുറംരാജ്യങ്ങളിലേയ്ക്കും മാംസോല്പന്നങ്ങൾ കയറ്റുമതിചെയ്യാൻ നിരവധി അവസരങ്ങൾ തുറന്നുതരും. ഉടനെ കഴിക്കാവുന്നതും, പകുതി സംസ്കരിച്ചതുമായ മാംസോല്പന്നങ്ങൾക്കും തദ്ദേശ-വിദേശ കമ്പോളങ്ങളിലുള്ള (പ്രത്യേകിച്ച് പശ്ചിമേഷ്യയിലേക്ക്) സാദ്ധ്യതകൾ നമ്മൾ ഇനിയും പ്രയോജനപ്പെടുത്തിയിട്ടില്ല. ഇന്ത്യയിൽ അധികമുള്ള പോത്തിറച്ചിയുടെ കയറ്റുമതിസാധ്യത പ്രയോജനപ്പെടുത്തി ഈ രംഗത്ത് കേരളത്തിന് ഒരു മാതൃകയാവാൻ കഴിയും.

**34.11 നയം 264. കേരളത്തിൽ സുലഭമായിട്ടുള്ള ചക്കയ്ക്ക് അതർഹിക്കുന്ന അംഗീകാരം നൽകേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. ദാരിദ്ര്യകാലങ്ങളിൽ കേരളത്തിന് എന്നും ആശ്രയമായിരുന്ന വിവിധോപയോഗ ഫലമായ ചക്കയിൽനിന്നുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ വിശാലമായ സാധ്യതകൾ കേരളം പ്രയോജനപ്പെടുത്തേണ്ടിയിരിക്കുന്നു.**

34.11.1. സ്ഥിരം ഭക്ഷ്യവിവരപട്ടികയിൽ നിന്നും വ്യത്യസ്തമായി, ചക്കയെ അടിസ്ഥാനമാക്കിയുള്ള വിവിധ ഉല്പന്നങ്ങൾ അനേകം സ്ഥാപനങ്ങൾ വികസിപ്പിച്ചിട്ടുണ്ട്. മുഴുവൻ പഴുത്ത ചക്കച്ചുള ഉപയോഗിച്ച് ജാമുകൾ, സ്ക്വാഷുകൾ, സിറപ്പുകൾ, കാൻഡി, ഫ്രൂട്ട് ബാറുകൾ, ഫ്രൂട്ട് ലെതർ, ഉടനെ കുടിക്കാൻ പറ്റിയ ബിവറേജുകൾ, ഹലുവകൾ, പായസങ്ങൾ, പുഡ്ഡിങ്ങുകൾ, ടോഫി, വൈൻ, കുൾഫി, ഐസ്ക്രീം എന്നിവ ഉണ്ടാക്കുന്നു. പകുതി പഴുത്ത ചക്കച്ചുള സംസ്കരിച്ച് പൗഡറാക്കി ബർഫിപോലുള്ള ബേക്കറി സാധനങ്ങളുണ്ടാക്കാൻ ഉപയോഗിക്കുന്നു.

34.11.2 ചക്കയിൽ ധാരാളം പോഷകമൂല്യങ്ങൾ ഉണ്ട്. അത് ഫൈബറുകൾ, കാൽസ്യം, ഫോസ്ഫറസ്, ഇരുമ്പ്, ജീവകങ്ങൾ തുടങ്ങിയവയാൽ സമൃദ്ധമാണ്. പല സ്ഥലങ്ങളിലും ബേബിഫുഡുകളിലെ ഒരു ഘടകമായി ചക്ക ഉപയോഗിക്കുന്നു. ചക്കക്കുരുവിലുള്ള ജക്കാലിൻ (Jacalin) എന്ന മാംസ്യം പ്രതിരോധ-ജൈവപരമായ ഗവേഷണത്തിൽ വലിയ പങ്ക് വഹിക്കുന്നുണ്ട്.

34.11.3. തദ്ദേശ കമ്പോളങ്ങളിലും പുറത്തും പ്രത്യേകിച്ച് ഗൾഫ് രാജ്യങ്ങളിലും ചക്കവറ്റലിന് നല്ല ആവശ്യകതയും വിലയുമാണ്. പ്ലാവിന്റെ ഇലയ്ക്ക് വരെ ഔഷധഗുണമുള്ളതായി പറയപ്പെടുന്നു.

**34.12 നയം 265. ഭക്ഷ്യ സംസ്കരണമേഖലയുടെ വികസനത്തിനായി ഭക്ഷ്യ സംസ്കരണ ദേശീയ മിഷൻ (National Mission on Food Processing - NMFP) ന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തി കൃഷിയിടങ്ങളുടെ ഉല്പാദനക്ഷമതയും കർഷകരുടെ വരുമാനവും വർദ്ധിപ്പിക്കാൻ കഴിയും.**

34.12.1. 12-ാം പഞ്ചവത്സരപദ്ധതിക്കാലത്ത് ഭക്ഷ്യസംസ്കരണ ദേശീയ മിഷൻ (NMFP) നടപ്പാക്കാനായുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കേന്ദ്രസർക്കാർ സംസ്ഥാന സർക്കാരുകളോട് ആവശ്യപ്പെടുകയും ഇതിനുള്ള മുന്നൊരുക്കങ്ങൾക്കായി 29.81 കോടി രൂപ നൽകുകയും ചെയ്തിരുന്നു. കേരളസർക്കാർ ഇതിനാവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കണം.

**34.13 നയം 266. സംസ്ഥാനത്ത് മൂല്യവർദ്ധനവിന്റെ പ്രചാരണത്തിനും നിർവഹണത്തിനും സഹായമേകാനായി ചെറുകിട കർഷക കാർഷിക-വ്യവസായ കൺസോർഷ്യം (SFAC) ശക്തിപ്പെടുത്തണം.**

34.13.1: ചെറുകിട-നാമമാത്ര കർഷകരുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുക, മൂല്യവർദ്ധന സാദ്ധ്യമാക്കുക, ഉല്പാദകരും വിപണികളും തമ്മിൽ നല്ല ബന്ധം ഉണ്ടാക്കുക ഇവയെല്ലാമാണ് SFACയുടെ പ്രഖ്യാപിത ലക്ഷ്യങ്ങൾ. ഉദ്യാനക്കൃഷി, മത്സ്യസംസ്കരണം ഇവയെല്ലാമുൾപ്പെടുന്ന വിശാല കാഴ്ചപ്പാടിലാണ് SFAC പ്രവർത്തിക്കുന്നത്. കാർഷികപദ്ധതികളുടെ രൂപവല്കരണം, ഉദ്യമമൂലധന സഹായം (Venture Capital), കൃഷിയിലെ മുൻപിൻബന്ധങ്ങൾ സ്ഥാപിക്കൽ, വിപണന സൗകര്യങ്ങൾ ഉറപ്പുവരുത്തൽ തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ കാർഷികസംരഭകർക്ക് വേണ്ട പ്രോത്സാഹനങ്ങൾ ഒരുക്കിനൽകാനും SFAC പ്രതിജ്ഞാബദ്ധമാണ്. ഗ്രാമീണമേഖലയിലെ കർഷകർക്കും സംഘങ്ങൾക്കും മെച്ചപ്പെട്ട ആഹാരം, തൊഴിൽ, വരുമാനം എന്നിവ ഉറപ്പാക്കപ്പെടുന്നത് കൃഷിരംഗത്ത് പുതിയൊരദ്ധ്യായം തന്നെ സൃഷ്ടിക്കും.

34.13.2: മൂല്യവർദ്ധനയ്ക്കും സംസ്കരണത്തിനും നേതൃത്വം നൽകുന്നതിന് SFAC യെ പ്രാപ്തമാക്കാനാവശ്യമായ സാമ്പത്തിക സഹായം, മാനവശേഷി, മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ സർക്കാർ ലഭ്യമാക്കണം.

# 35. ഊർജ്ജക്ഷമ കൃഷിയുമായി ബന്ധപ്പെട്ട നയങ്ങൾ

35.1. ഭൂമിയിൽ നിന്നും കുഴിച്ചെടുക്കുന്ന കൽക്കരി, എണ്ണ തുടങ്ങിയ ഇന്ധനങ്ങളുടെ (ഫോസിൽ ഫ്യുവൽ) വിലയിൽ വരുന്ന ഉയർച്ചയും ഏറ്റക്കുറച്ചിലുകളും ഭാവിയിൽ ഇവയുടെ ലഭ്യതയെക്കുറിച്ചുള്ള ആശങ്കകളും ഇപ്പോൾ ശക്തമായി നിലനിൽക്കുന്നു. ഭക്ഷ്യവിലയിലെ ഏറ്റക്കുറച്ചിലിൽനിന്നും ഫോസിൽ ഇന്ധനത്തിന്റെ ഉയർന്നുവരുന്ന വിലയിൽനിന്നും കാർഷിക ഭക്ഷ്യവ്യവസ്ഥയെ വേർപെടുത്താൻ ഊർജ്ജക്ഷമത മാനദണ്ഡമാക്കിയ കൃഷി രീതി പ്രചരിപ്പിക്കേണ്ടത് അത്യാവശ്യമാണ്.

35.2. കൃഷിക്ക് ദ്വിമുഖമായ പ്രവർത്തനങ്ങളാണ് ജൈവഊർജ്ജവുമായി ബന്ധപ്പെട്ടുള്ളത് - ഒന്ന് ഊർജ്ജ ഉപഭോക്താവായും, രണ്ട് ഊർജ്ജ ദാതാവായും. കൃഷിയിൽനിന്നും ലഭിക്കുന്ന ജൈവോർജ്ജ ഉപാധികൾ ഫോസിൽ ഫ്യുവലിന് പകരമായി ഉപയോഗിക്കപ്പെടുമ്പോൾ പ്രകൃതിസുരക്ഷ ഉറപ്പുവരുത്താനും ഗ്രാമീണ വികസന അവസരങ്ങൾ ഒരുക്കുവാനും കഴിയും.

35.3. ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കാനും നഷ്ടങ്ങൾകുറച്ച് വിള ഉല്പാദനം കാര്യക്ഷമമാക്കാനും അതത് സമയത്തുള്ള കാർഷികപ്രവർത്തനങ്ങൾക്ക് ആവശ്യമായ ഊർജ്ജം ലഭിക്കുക വളരെ നിർണ്ണായകമാണ്. ഒരു ഭാഗത്ത് വിളവെടുത്ത് മെതിക്കുകയും അതേസമയം മറുഭാഗത്ത് വിത്ത് വിതയ്ക്കാനുള്ള തടം ശരിയാക്കുകയും വിളയിറക്കുകയും ചെയ്യുകയെന്ന രീതിയിൽ കൃഷി സങ്കീർണ്ണമായിരിക്കുന്ന ഈ അവസരത്തിൽ ആവശ്യമായ ഊർജ്ജം കൃത്യസമയത്ത് ലഭിക്കാതെയിരുന്നാൽ അത് കാർഷിക രംഗത്തെ മൊത്തത്തിൽ ബാധിക്കും.

35.4 ഇതുപോലെതന്നെ, കൃത്യതാകൃഷിക്കും (Precision Farming), ജലസേചിത വിസ്തൃതി വർദ്ധിപ്പിക്കാനും സംരക്ഷിത ഉഴുകലിനും, വയ്ക്കോൽ പരിപാലനത്തിനും എല്ലാം വ്യത്യസ്ത ഊർജ്ജ സ്രോതസ്സുകൾ അത്യാവശ്യമാണ്. ജലസേചനത്തിനുള്ള ജലം ഉയർത്തൽ, വിത്ത്, വളം, സസ്യസംരക്ഷണ മരുന്നുകൾ എന്നിവയുടെ കൃത്യമായ പ്രയോഗം ഇവയെല്ലാം കൂടുതൽ ഊർജ്ജം ആവശ്യപ്പെടുന്നുണ്ട്. കാർഷികവൃത്തിയിലെ വൈവിധ്യമാർന്ന ആവശ്യകതകൾ വിവിധ ഊർജസ്രോതസ്സുകളെ ആശ്രയിച്ചാണിരിക്കുന്നത്.

**35.5 നയം 267. ഭക്ഷ്യമേഖല ഊർജ്ജം ഉപയോഗിക്കുകയും ഉല്പാദിപ്പിക്കുകയും ചെയ്യുന്നതുകൊണ്ടുതന്നെ ഊർജ്ജക്ഷമമായ ഒരു കാർഷികാവസ്ഥയ്ക്ക് ഈ ദ്വിമുഖ ബന്ധത്തിൽനിന്നും കൂടുതൽ നേട്ടങ്ങൾ കൊയ്യാനാവും.**

35.5.1. എങ്ങനെയാണ് ഊർജ്ജം ബുദ്ധിപരമായി ഉപയോഗിക്കേണ്ടതെന്ന് കൃഷിമേഖല പഠിക്കേണ്ടിയിരിക്കുന്നു. ഭക്ഷ്യവിതരണ ശൃംഖലയുടെ ഓരോ ഘട്ടത്തിലും, അമിത ഊർജ്ജ ഉപഭോഗം കുറയ്ക്കുന്നതിനായി നിലവിലുള്ള പ്രവർത്തനങ്ങൾ ക്രമപ്പെടുത്തണം.

35.5.2. നിലവിലുള്ള കൃഷി-സംസ്കരണ രീതികളിൽ ഒട്ടും അധികച്ചെലവില്ലാതെയോ വളരെക്കുറഞ്ഞ ചെലവിലോ അവയെ ഊർജ്ജക്ഷമമാക്കി മാറ്റാൻ കഴിയും. ഇന്ധനക്ഷമതയുള്ള എൻജിനുകൾ, കമ്പോസ്റ്റും പ്രിസിഷൻ വളങ്ങളും, മെച്ചപ്പെട്ട ജല നിരീക്ഷണ-വിതരണ സംവിധാനം, ഉഴാതെയുള്ള കൃഷിരീതി, കുറഞ്ഞ ഉല്പാദനച്ചെലവുള്ള വിളയിനങ്ങളും മൃഗവർഗ്ഗങ്ങളും തുടങ്ങിയവയെ ആശ്രയിച്ച് കൂടുതൽ ഊർജ്ജക്ഷമമായ കാർഷികരീതികൾ സ്വീകരിക്കാനാവും.

35.5.3. വിളവെടുപ്പിനുശേഷം ഉല്പന്നങ്ങൾ കൈകാര്യം ചെയ്യുമ്പോൾ മെച്ചപ്പെട്ട ഗതാഗതവും അടിസ്ഥാനസൗകര്യങ്ങളും സുരക്ഷിതമായ സംഭരണ സൗകര്യങ്ങൾ, ചെലവു കുറഞ്ഞ പാക്കേജിങ്, പാഴ്വസ്തുക്കൾ കുറയ്ക്കൽ, ഊർജ്ജക്ഷമതയുള്ള പാചകസംവിധാനം തുടങ്ങിയ ഊർജ്ജബന്ധുവായ ഘടകങ്ങളും കാർഷികമേഖലയിലെ അമിത ഊർജ്ജ ഉപഭോഗത്തെ കുറയ്ക്കാൻ സഹായിക്കും.

**35.6 നയം 268. ആവർത്തിച്ചുപയോഗിക്കാവുന്ന തദ്ദേശ ഊർജ്ജമാർഗ്ഗങ്ങൾ ഭക്ഷ്യശൃംഖലയിലുടനീളം ഉപയോഗിക്കുന്നത് ഊർജ്ജക്ഷമത നേടാൻ സഹായിക്കുന്നു. കൃഷിയിടത്തിന്റെ വൈവിദ്ധ്യവല്കരണവും ഭക്ഷ്യസംസ്കരണ പ്രവർത്തനങ്ങളും മെച്ചപ്പെട്ട മാലിന്യനിർമ്മാർജ്ജന സംവിധാനങ്ങളുംവഴി തദ്ദേശ ഊർജ്ജമാർഗ്ഗങ്ങൾ വികസിപ്പിക്കാനാവും. ഇത് ഫോസിൽ ഇന്ധനത്തെ ആശ്രയിക്കുന്നതും ഹരിതഗൃഹ വാതകം പുറത്തേക്ക് വിടുന്നതും കുറയ്ക്കുകയും സുസ്ഥിരവികസനലക്ഷ്യങ്ങൾ നേടാൻ സഹായിക്കുകയും ചെയ്യും.**

35.6.1. സൗരോർജ്ജം, കാറ്റ് - ജല - ഭൗമതാപീയ- ജൈവവസ്തുസഞ്ചയം തുടങ്ങി ലഭ്യമായ എല്ലാ ഉറവിടങ്ങളിൽ നിന്നും ഊർജ്ജം സമ്പാദിക്കാനും അവയെ കൃഷി-മൃഗസംരക്ഷണ-ക്ഷീര-മത്സ്യക്കൃഷി രംഗങ്ങളിലും, മറ്റ് കാർഷികാനുബന്ധ പ്രവർത്തനങ്ങളിലും ഫോസിൽ ഫ്യുവലിന് പകരമായി ഉപയോഗിക്കാനും കഴിയും.

35.6.2. ഊർജ്ജക്ഷമ കൃഷി മൂന്ന് പ്രധാന തത്വങ്ങളെ കേന്ദ്രീകരിച്ച സമീപനമാണ്. (1) ഗ്രാമീണ ജനങ്ങൾക്ക് പ്രാമുഖ്യം കൊടുത്തുകൊണ്ട് എല്ലാവർക്കും ഊർജ്ജം ലഭ്യമാക്കുക, (2) ഭക്ഷ്യവിതരണ ശൃംഖലയിലെ എല്ലാ ഘട്ടങ്ങളിലെയും ഊർജ്ജക്ഷമത മെച്ചപ്പെടുത്തുക (3) ഭക്ഷ്യ-കാർഷിക മേഖലയിൽ ഫോസിൽ ഫ്യുവലിന് പകരമായി നവീകരിച്ച ഊർജ്ജവ്യവസ്ഥയെ ഉപയോഗിക്കുക.

**35.7 നയം 269. ഊർജ്ജാവശ്യം കുറയ്ക്കുന്നതിനും കൃഷി സുസ്ഥിരമാക്കുന്നതിനുമായി യാന്ത്രികരീതിക്കു പകരം ജൈവമാർഗ്ഗങ്ങളിലൂടെ മണ്ണ് പരുവപ്പെടുത്തുന്ന സംരക്ഷണക്കൃഷി (Conservation Agriculture) പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ മുൻകൈ എടുക്കണം.**

35.7.1. യാന്ത്രികരീതിയിലുള്ള ഉഴുതുമറിക്കൽ കുറയ്ക്കുന്നതിലൂടെ സമ്പുഷ്ടമായ ജൈവാംശംകൊണ്ട് മണ്ണിനുമുകളിൽ സ്ഥിരമായ ഒരാവരണം ഒരുക്കാനും സാമ്പ്രദായിക കൃഷിരീതിയിലൂടെ മണ്ണിനുണ്ടായിട്ടുള്ള അപചയവും പരിസ്ഥിതി പ്രശ്നങ്ങളും തടഞ്ഞ് പൂർവ്വസ്ഥിതിയിലേക്ക് പോകാനും കഴിയും. ഇത് സുസ്ഥിരമായ ഒരു കാർഷികവ്യവസ്ഥയും മെച്ചപ്പെട്ട കാർഷികോല്പാദനവും സാധ്യമാക്കും. ഈ സമീപനം കാരണം, പ്രതലത്തിലുള്ള വിള അവശിഷ്ടങ്ങൾ ഒരു പാളിയായി മാറുകയും മഴ, കാറ്റ് തുടങ്ങിയ ഭൗതികമായ സ്വാധീനങ്ങളിൽനിന്നും മണ്ണിനെ രക്ഷിക്കുകയും ഭൂപ്രതലത്തിലുള്ള പാളിയിലെ ഈർപ്പത്തിന്റെ അളവിനെയും താപത്തെയും സന്തുലിതമാക്കുകയും ചെയ്യും. ഈ പാളി മണ്ണിനെ സംപുഷ്ടമാക്കുന്ന നിരവധി സൂക്ഷ്മാണുക്കളുടെയും ജീവികളുടെയും വാസസ്ഥലമാവുകയും സസ്യജൈവ അവശിഷ്ടങ്ങളെ ക്ലേദ (humus) മാക്കി മാറ്റാൻ സഹായിക്കുകയും ചെയ്യും. മണ്ണ് പരുവപ്പെടുത്തുന്ന ജോലി അതിലടങ്ങിയിരിക്കുന്ന ജീവികൾ ഏറ്റെടുത്താലേ അതിനനുസരിച്ച് യാന്ത്രിക ഉഴുതുമറിക്കൽ കുറയ്ക്കാൻ കഴിയുകയുള്ളൂ. രാസനിക്ഷേപ

ങ്ങളുടെ ഉപയോഗവുമായി ബന്ധപ്പെട്ട മറ്റു പ്രശ്നങ്ങൾക്ക് ഇടയാക്കാതെ രാസകീടനാശിനികളും ധാതുവളങ്ങളും മണ്ണിലെ ജീവനെ നശിപ്പിക്കാത്ത രീതിയിലേ ഉപയോഗിക്കാൻ പാടുള്ളു. കൃഷിസംബന്ധമായ ഘടകങ്ങളെല്ലാം ഒരുപോലെ പരിപാലിക്കപ്പെട്ടാൽ മാത്രമേ സംരക്ഷണക്കൃഷി അതിന്റെ യഥാർത്ഥ അർത്ഥത്തിൽ നടപ്പാവൂ.

**35.8 നയം 270. കാലിവളം, അടുക്കള അവശിഷ്ടങ്ങൾ, ഉമി തുടങ്ങി വൻതോതിലുണ്ടാകുന്ന കാർഷികാവശിഷ്ടങ്ങളിൽ നിന്നും ജൈവോർജ്ജം ഉല്പാദിപ്പിക്കുകയും ഇത് തിരികെ കാർഷികോല്പാദനത്തിനും സംസ്കരണ പ്രവർത്തനങ്ങൾക്കുമായി ഉപയോഗിക്കുകയും ചെയ്യാം.**

35.8.1. കാലിവളത്തിൽ നിന്നും ഉല്പാദിപ്പിക്കുന്ന ബയോഗ്യാസ് വൈദ്യുതിയുല്പാദനം ഉൾപ്പെടെ വിവിധ ഊർജ്ജാവശ്യങ്ങൾക്ക് ഉപയോഗിക്കാനാവും. മൃഗങ്ങളുടെ പാഴ്വസ്തുക്കൾ കാരണമുണ്ടാകുന്ന ജലമലിനീകരണം, ഗന്ധമലിനീകരണം, ആഗോള താപനത്തിന് കാരണമാകുന്ന വാതകങ്ങളുടെ നിർഗമനം ഇവയെല്ലാം കുറയ്ക്കാനും ഇത് സഹായിക്കും.

35.8.2. ഉല്പാദിപ്പിക്കപ്പെടുന്ന ഫാമുകളിൽ തന്നെയാണ് ബയോഗ്യാസിന്റെ ഉപഭോഗവും. പ്രധാനമായും പാചകം, വെളിച്ചം, വൈദ്യുതി ഉല്പാദനം തുടങ്ങിയവയ്ക്ക് ബയോഗ്യാസ് ഉപയോഗിക്കാം. ഉല്പാദിപ്പിച്ച വൈദ്യുതി മിച്ചംവരുന്ന പക്ഷം, ലാഭകരമായി വൈദ്യുതി ഗ്രിഡിലേയ്ക്ക് നൽകി വില്പനനടത്താവുന്നതാണ്. ചെലവുകുറഞ്ഞ ബയോഗ്യാസ് ഉല്പാദിപ്പിക്കാൻ വൻകിട ഡയറി-പന്നി ഫാമുകൾക്ക് വളരെ എളുപ്പത്തിൽ സാധിക്കും. ബയോഗ്യാസ് പുനഃപ്രാപ്തി സംവിധാനങ്ങൾക്ക് ദ്രവ-അർദ്ധദ്രവ-അർദ്ധഖര രൂപങ്ങൾ കൈകാര്യംചെയ്യാൻ കഴിയുന്നതുകൊണ്ട് ഈ രൂപങ്ങളിൽ വളങ്ങൾ ശേഖരിച്ച് സൂക്ഷിക്കാനും ബയോഗ്യാസ് നിർമ്മാണത്തിനായി ആവശ്യമുള്ളപ്പോൾ അവ ഉപയോഗപ്പെടുത്താനും കഴിയും.

35.8.3. സംസ്ഥാന കൃഷിവകുപ്പ് വഴി ഇപ്പോൾ നടപ്പാക്കുന്ന ദേശീയ കാലിവള പരിപാലന ബയോഗ്യാസ് വികസന പരിപാടി 100% കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. ഇതുപ്രകാരം ബയോഗ്യാസ് പ്ലാന്റുകൾ നിർമ്മിക്കാൻ സാമ്പത്തികസഹായം നൽകിവരുന്നുണ്ട്. എങ്കിലും മാലിന്യനിർമ്മാർജ്ജനം സാമൂഹികാവശ്യമായിക്കണ്ട് സംസ്ഥാനവിഹിതം കൂടി ഉറപ്പുവരുത്തി സബ്സിഡി ആകർഷകമാക്കിയാൽ ഇതിന് കൂടുതൽ പ്രചാരം ലഭിക്കും. നിലവിൽ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളും സർക്കാരിന്റെ മറ്റു സംവിധാനങ്ങളും നൽകുന്ന സഹായങ്ങൾകൂടി ഏകീകരിച്ചും കാര്യക്ഷമമായ വിലയിരുത്തൽ നടത്തിയും ഈ ഉദ്യമം സുഗമമായി മുന്നോട്ടുകൊണ്ടുപോകേണ്ടതുണ്ട്.

**35.9 നയം 271. കേരളത്തിലെ തീരദേശ നിവാസികൾ കാർഷികോല്പാദന പ്രവർത്തനങ്ങൾക്കായി കാറ്റിൽനിന്നുള്ള വൈദ്യുതി ഉപയോഗിക്കുന്നത് പ്രായോഗികമാണ്.**

35.9.1. കേരളത്തിന് ഏകദേശം 600കി.മീ. നീളമുള്ള തീരപ്രദേശമുണ്ട്. വർഷംമുഴുവൻ സ്ഥിരമായ കാറ്റ് ഈ പ്രദേശങ്ങളിൽ ലഭ്യമാണ്. ഈ പ്രദേശങ്ങളിൽ ചെറിയ കാറ്റാടിയന്ത്രങ്ങൾ സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കിയാൽ അതിൽനിന്നുല്പാദിപ്പിക്കുന്ന വൈദ്യുതി വിവിധ കാർഷിക-അനുബന്ധ പ്രവർത്തനങ്ങൾക്ക് പ്രയോജനപ്പെടുത്താനാവും.

**35.10 നയം 272. സൗരോർജ്ജവും കാറ്റും സംയോജിപ്പിച്ചുള്ള സങ്കരഊർജ്ജം ഉല്പാദിപ്പിക്കുന്ന ഉപകരണങ്ങൾ സാദ്ധ്യമായ ഇടങ്ങളിലെല്ലാം സ്ഥാപിച്ചാൽ കാർഷികാവശ്യങ്ങൾക്കുള്ള വൈദ്യുതിയാവശ്യം കുറയ്ക്കാനാവും.**

35.10.1. കേരളത്തിൽ കാർഷികാവശ്യത്തിനുള്ള വൈദ്യുതച്ചെലവ് വഹിക്കുന്നത് സർക്കാരാണ്. വൈദ്യുതിയുടെ വിലയും ആവശ്യകതയും ഏറിവരുന്ന സാഹചര്യത്തിൽ മറ്റ് ഊർജ്ജോല്പാദന ഉപാധികൾ കൂടി പ്രയോജനപ്പെടുത്തേണ്ടതുണ്ട്.

**35.11 നയം 273. ഊർജ്ജക്ഷമകൃഷിയുടെ പ്രചാരത്തിനായി ഊർജ്ജക്ഷമതയുള്ള ഫാമുകൾ നടത്തുന്ന കർഷകർക്ക് പ്രോത്സാഹന ധനസഹായം നൽകണം.**

35.11.1. ഫാം ബഡ്ജറ്റിൽ മൊത്തം ചെലവിന്റെ 10% ആണ് ഊർജ്ജാവശ്യങ്ങൾക്കായി ചെലവഴിക്കേണ്ടിവരുന്നത്. മൊത്തം ഉത്പാദനച്ചെലവിൽ ഊർജ്ജത്തിന് ആറാം സ്ഥാനമാണ്. ഫാമുകളുടെ, പ്രത്യേകിച്ച് ചെറിയ ഫാമുകളുടെ, ലാഭനിരക്ക് കുറഞ്ഞുവരുന്നത് ചെലവ് ചുരുക്കലിന് ഒരു കാരണമാവുന്നു. അടുത്തകാലത്ത് ഊർജ്ജവിലയിൽ ഉണ്ടായ കുതിച്ചുകയറ്റം ഈ സ്ഥിതിയെ കൂടുതൽ വഷളാക്കുന്നു. പ്രധാനമായും ചെറിയ ഫാമുകളെയാണ് ഇത് സാരമായി ബാധിച്ചിട്ടുള്ളത്.

35.11.2. ചെറുഫാമുകളുടെ പ്രവർത്തനലാഭം 10 ശതമാനത്തിൽ താഴെയായതിനാൽ ഊർജ്ജച്ചെലവുകൾ ഈ ഫാമുകളുടെ സാമ്പത്തികക്ഷമതയിൽ വലിയ ആഘാതമേൽപ്പിക്കുന്നു. ഇവിടങ്ങളിലെ ഊർജ്ജക്ഷമത വർദ്ധിപ്പിച്ച് മാത്രമേ ചെലവ് കുറയ്ക്കാനാവൂ. ഊർജ്ജക്ഷമത എന്നതുകൊണ്ടർത്ഥമാക്കുന്നത് സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി കുറഞ്ഞ ഊർജ്ജച്ചെലവിൽ നിന്നും പരമാവധി ഉല്പാദനം സാദ്ധ്യമാക്കുക എന്നതാണ്.

35.11.3. ഈ സാഹചര്യത്തിൽ, ഊർജ്ജക്ഷമകൃഷിയുടെ പ്രചാരത്തിനായി സ്വന്തം ഫാമുകൾ ഏറ്റവും ഊർജ്ജക്ഷമതയോടെ ആസൂത്രണം ചെയ്ത് പ്രവർത്തിപ്പിക്കുന്ന കർഷകർക്ക് പ്രോത്സാഹനധനസഹായം നൽകണം.

# 36. ഹൈ-ടെക് കൃഷിയുമായി ബന്ധപ്പെട്ട നയങ്ങൾ

36.1. കേരളത്തിലെ കൃഷിഭൂമിയുടെ വിസ്തീർണം വർദ്ധിപ്പിക്കാൻ കഴിയാത്ത പ്രത്യേക സാഹചര്യത്തിൽ ഉല്പാദനക്ഷമതയും വിളസാന്ദ്രതയും വർദ്ധിപ്പിക്കുന്നതിലൂടെ മാത്രമേ കാർഷികമേഖലയിൽ മികച്ച ഉല്പാദനം കൈവരിക്കാൻ സാധിക്കുകയുള്ളു. ഈ അവസ്ഥയിൽ കർഷകർക്ക് മികച്ച ഉല്പാദനം നേടിയെടുക്കുവാൻ പറ്റിയ നൂതന കൃഷിരീതിയാണ് കൃത്യതാകൃഷി (Precision Farming).

36.2 സാങ്കേതികവിദ്യ കൃഷിയിലേക്ക് കൃത്യമായി സന്നിവേശിപ്പിക്കുന്ന കൃഷിരീതിയാണ് കൃത്യതാകൃഷി അഥവാ ഹൈടെക് കൃഷി. ഓരോ തോട്ടത്തിന്റെയും സ്വഭാവ വിശേഷങ്ങൾ ശാസ്ത്രീയരീതികളുപയോഗിച്ച് മനസ്സിലാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ഓരോ സ്ഥലത്തിനും അനുയോജ്യമായ വിളകൾ നിർണ്ണയിക്കുകയുമാണ് ആദ്യപടി. കൃത്യതാകൃഷിയിൽ ഓരോ വിളയ്ക്കും ആവശ്യമായ വളവും ജലവും എത്രയെന്ന് കൃത്യമായി ശുപാർശചെയ്യുകയും, അതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ അളവിൽ ജലവും വളവും യഥാസമയം സാങ്കേതികസംവിധാനങ്ങൾ വഴി ചെടിക്ക് എത്തിക്കുകയും ചെയ്യുന്നു. ചെടികൾക്ക് വളരുവാൻ ഏറ്റവും അനുയോജ്യമായ കാലാവസ്ഥ സംജാതമാകുന്നതിനാൽ കൂലിച്ചെലവ് ഗണ്യമായി കുറയ്ക്കുവാനും, വിളദൈർഘ്യം പരിമിതപ്പെടുത്തുവാനും, വേഗത്തിൽ വിളവെടുക്കുവാനും കഴിയുന്നു. അങ്ങനെ ഉല്പാദനക്ഷമതയും ഉല്പാദനവും ഗണ്യമായി വർദ്ധിപ്പിക്കുവാനും കഴിയും. കേരളത്തിലെ കാർഷികമേഖലയുടെ വിധിനിർണ്ണായക ഘടകമായ തൊഴിൽ എന്ന വിഭവം ഏറ്റവും കുറച്ചുമതി എന്നതാണ് ഇതിന്റെ സവിശേഷത.

**36.3 നയം 274. കാലാവസ്ഥാമാറ്റങ്ങൾ സാധാരണകൃഷിയെ ഗുരുതരമായി ബാധിക്കുന്ന ഇക്കാലത്ത് ഹൈ-ടെക് കൃഷി പ്രോത്സാഹിപ്പിക്കപ്പെടണം.**

36.3.1. കാലാവസ്ഥാവ്യതിയാനങ്ങൾ മൂലം കൃഷിയിലുണ്ടാകുന്ന പ്രശ്നങ്ങൾ അതിജീവിക്കുവാൻ ഹൈ-ടെക് കൃഷിയിലൂടെ കഴിയും. ചെടികൾക്കാവശ്യമായ അന്തരീക്ഷം അനുകൂലമായി ക്രമീകരിക്കുന്നതിനാൽ ഹൈ-ടെക് രീതിവഴി ഏത് കാലാവസ്ഥയിലും വിജയകരമായി കൃഷിചെയ്യാൻ സാധിക്കും. ഈ രീതിയുടെ ഏറ്റവും വലിയ സവിശേഷതയും ഇതുതന്നെ. ഹൈ-ടെക് കൃഷിരീതിയിൽ മികച്ച വിളവ് ലഭിക്കുമെന്ന് മാത്രമല്ല ഉല്പന്നത്തിന്റെ ഗുണമേന്മയും മികച്ചതായിരിക്കും. ആദ്യകാലങ്ങളിൽ വർദ്ധിച്ച ഉല്പാദനച്ചെലവ് കർഷകരെ ഹൈ-ടെക് കൃഷിയിൽനിന്നും അകറ്റിയിരുന്നു. എന്നാൽ ക്രമേണ ഇതിന്റെ നേട്ടങ്ങൾ തിരിച്ചറിഞ്ഞ് ധാരാളം കർഷകർ ഇന്ന് ഇതിലേക്ക് തിരിഞ്ഞിട്ടുണ്ട്. സൂക്ഷ്മജലസേചനത്തിനും പോളിഹൗസ് നിർമ്മാണത്തിനും ആവശ്യമായ സാധനസാമഗ്രികൾ കുറഞ്ഞ ചെലവിൽ ലഭ്യമാക്കുകയാണെങ്കിൽ കൂടുതൽ കർഷകർ ഇതിലേക്ക് കടന്നുവരും. ഇപ്പോൾ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ഉപകരണങ്ങളെക്കാൾ ലളിതമായതും, എളുപ്പം കൈകാര്യം ചെയ്യാൻ കഴിയുന്നതും വിലകുറഞ്ഞതുമായ ഉപകരണങ്ങളും സംവിധാനങ്ങളും വികസിപ്പിക്കുന്നതിന് കേരള കാർഷികസർവ്വകലാശാല മുൻകൈ എടുക്കേണ്ടതുണ്ട്.

36.3.2. ഇപ്പോൾ നിലവിലുള്ള, വർദ്ധിച്ച പ്രാരംഭച്ചെലവോടുകൂടിയ ഹൈ-ടെക് കൃഷിരീതിക്ക് പകരം മൂലധനച്ചെലവ് കുറഞ്ഞ രീതികൾ വികസിപ്പിച്ച് സാധാരണകർഷകർക്ക് കൂടി സ്വീകാര്യമാക്കാൻ കഴിഞ്ഞാൽ അവരുടെ വരുമാനം ഗണ്യമായി വർദ്ധിപ്പിക്കാനാവും.

**36.4 നയം 275. ഓരോ വിളയ്ക്കും ലഭ്യമായ വിപണിയെക്കുറിച്ച് വിശദമായ പഠനംനടത്തി ഓരോ സീസണിലേയ്ക്കും അനുയോജ്യമായ വിളകൾ കൃഷിയിറക്കിയാൽ കർഷകർക്ക് വലിയ ലാഭം നേടിയെടുക്കാൻ കഴിയും.**

36.4.1. ഹൈ-ടെക് കൃഷിയിൽ അനുവർത്തിക്കുന്ന തന്ത്രങ്ങളിൽ വിപണിയെക്കുറിച്ച് പഠനം നടത്തുന്നതിനും ഓരോ സീസണിലും അതത് സമയത്ത് സുലഭമല്ലാത്ത വിളകൾ കൃഷിയിറക്കി വിപണി കയ്യടക്കുന്നതിനും പ്രത്യേക സ്ഥാനമുണ്ട്. ചെടികൾക്ക് ആവശ്യമായ ജലവും വളവും കൃത്യമായ അളവിൽ ലഭ്യമാക്കുകവഴി മികച്ച ഉല്പാദനം ഉറപ്പുവരുത്തുകയും അതോടൊപ്പം ജലനഷ്ടവും ഊർജ്ജനഷ്ടവും പരമാവധി കുറയ്ക്കുകയും ചെയ്യുക എന്നതാണ് കൃത്യതാകൃഷിയുടെ ലക്ഷ്യം. കർഷകർക്ക് ശരിയായ വിപണന സാദ്ധ്യതകൾ ഉറപ്പുവരുത്തിയാൽ സാങ്കേതികവിദ്യയുടെ നവീകരണം അനുക്രമമായി കൈവരിക്കാവുന്ന നൂതന കൃഷിരീതിയാണ് പ്രിസിഷൻ ഫാമിംഗ്.

36.4.2. മികച്ച വിപണി കണ്ടെത്തുന്നതിന് നമ്മുടെ ഉല്പന്നങ്ങൾ ഗുണമേന്മയുടെ അടിസ്ഥാനത്തിൽ ബ്രാൻഡ് ചെയ്യേണ്ടതുണ്ട്. അതിന് ഉല്പന്നങ്ങളുടെ വിപണനസാദ്ധ്യതകളെക്കുറിച്ച് കാര്യക്ഷമമായ പഠനം ഉറപ്പാക്കേണ്ടത് അത്യാവശ്യമാണ്.

**36.5 നയം 276. പോളിഹൗസുകളിൽ കീടാക്രമണവും കീടനാശിനി പ്രയോഗവും തീരെ കുറവായതിനാൽ ഇവിടെനിന്നുള്ള ഉല്പന്നങ്ങൾ സുരക്ഷിതാഹാരം എന്ന നിലയിൽ ബ്രാൻഡ് ചെയ്യേണ്ടതുണ്ട്.**

36.5.1. ആവശ്യമായത്ര സസ്യപോഷണവും ജലവും നിയന്ത്രിതരീതിയിൽ നൽകി വർദ്ധിച്ച വിളവ് ഉറപ്പുവരുത്തുകയാണ് കൃത്യതാകൃഷിയുടെ സവിശേഷത. മികച്ച ഉല്പാദനക്ഷമതയുള്ള ഹൈബ്രിഡ് ഇനങ്ങളാണ് പോളിഹൗസുകളിൽ ഉപയോഗിച്ച് വരുന്നത്. സാമ്പ്രദായികകൃഷിയെ അപേക്ഷിച്ച് തൊഴിൽദിനങ്ങളുടെ ആവശ്യകത കുറവാണ്. ഇവിടങ്ങളിൽ കീടരോഗാക്രമണം തീരെ കുറവായിരിക്കും. വിളവ് ലഭിക്കുന്ന കാലയളവ് കൂടുതലാകുന്നത് കർഷകർക്ക് സാമ്പത്തിക മെച്ചം ഉറപ്പുനൽകുന്നു. ആവശ്യമായ പച്ചക്കറികളുടെ പകുതിപോലും ഉല്പാദിപ്പിക്കാൻ സംസ്ഥാനത്തിന് കഴിയാത്ത അവസ്ഥയിൽ ഹൈ-ടെക് കൃഷി അതീവ പ്രാധാന്യം അർഹിക്കുന്നു.

# 37. കൃഷിസംബന്ധമായ അറിവിനും വാർത്താവിനിമയത്തിനുമുള്ള നയങ്ങൾ

37.1. അറിവാണ് ശക്തി. കൃഷിയുടെ കാര്യത്തിലും ഇത് സത്യമാണ്. സാമ്പത്തിക വളർച്ചയുടെ പ്രധാന ഘടകങ്ങളാണ് അറിവും പുതിയ രീതികളും. പ്രകൃതിവിഭവപരിപാലനത്തിന്റെ ആസൂത്രണം, നടത്തിപ്പ്, വിലയിരുത്തൽ എന്നിവ വിജയകരമായി നടത്താൻ ഉചിതമായ അറിവിലേയ്ക്കും വിവരത്തിലേയ്ക്കും കടന്നെത്താനാവണം. കാർഷിക ഉല്പാദനക്ഷമതയുടെ നിർണ്ണായക ഘടകമാണിത്.

37.2. വർദ്ധിച്ച സാക്ഷരതാ നിരക്ക്, അതിവേഗം മാറുന്ന കാർഷിക പരിതഃസ്ഥിതികൾ ഇവയൊക്കെ അറിവ് നേടുന്നതിനുള്ള ആവശ്യകതയിൽ മാറ്റങ്ങളുണ്ടാക്കുന്നു. ത്വരിതവേഗത്തിലുള്ള കാർഷികവികസനം സാദ്ധ്യമാക്കാൻ സാങ്കേതികവിദ്യയിൽവരുന്ന പെട്ടെന്നുള്ളമാറ്റങ്ങൾ കർഷകർക്കിടയിൽ പ്രചരിപ്പിക്കേണ്ടതുണ്ട്. ഇതിന് കാർഷിക പ്രസിദ്ധീകരണങ്ങൾ, കൃഷി ജേർണലുകൾ, മറ്റ് ആശയവിനിമയ ഉദ്യമങ്ങൾ തുടങ്ങിയവ ആവശ്യമായിവരുന്നു. കാർഷിക പത്രപ്രവർത്തനം (Farm Journalism) രണ്ടു നേട്ടങ്ങൾ സമ്മാനിക്കുന്നു - (1) കാർഷിക വിവരങ്ങൾ കർഷക സമൂഹത്തിനെത്തിക്കുന്നു. (2) ഗവേഷകർക്ക് കർഷകരുടെ യഥാർത്ഥമായ പ്രശ്നങ്ങളെക്കുറിച്ചറിയാൻ സഹായിക്കുന്നു.

37.3. കാർഷികവിവരസേവനം കൃഷിസ്ഥലത്ത് ഉദ്യോഗസ്ഥർ നടത്തുന്ന വികസനപ്രവർത്തനങ്ങളെ മെച്ചപ്പെടുത്താൻ സഹായിക്കുന്നു. അത് കർഷകന് ആവശ്യമായ സാങ്കേതിക അറിവുകൾ നൽകുകയും, നല്ല കൃഷിരീതി ഏറ്റെടുക്കാൻ കർഷകനെ പ്രാപ്തനാക്കുകയും ചെയ്യുന്നു. മെച്ചപ്പെട്ടരീതിയിൽ കൃഷി ചെയ്യാനും ജീവിക്കാനുമുള്ള ആഗ്രഹം കർഷകനിൽ വളർത്താൻ ഇത് സഹായിക്കുന്നു.

37.4. കേരളത്തിലെ സാക്ഷരതാനിരക്ക് അധികമായതിനാൽ നിരവധി കാർഷിക വിവരസംവിധാനങ്ങൾ ഇവിടെ കർഷകർ കാര്യക്ഷമമായി പ്രയോജനപ്പെടുത്തുന്നു. ഫാം ഇൻഫർമേഷൻ ബ്യൂറോ (FIB), കിസ്സാൻ-കേരള (Karshaka Information Systems, Services And Networking), ആകാശവാണിയിലൂടെയും, ദൂരദർശൻ തുടങ്ങിയ ദൃശ്യമാധ്യമങ്ങളിലൂടെയുമുള്ള വിവിധ കാർഷികാനുബന്ധ പരിപാടികൾ തുടങ്ങിയവ കേരളത്തിലെ കർഷകർക്ക് വിവരങ്ങൾ പകർന്നുനൽകുന്ന സംവിധാനങ്ങളാണ്.

**37.5 നയം 277. കർഷകർക്കായുള്ള അന്തസ്സുറ്റ പ്രസിദ്ധീകരണമായ കേരളകർഷകനിലൂടെ പുതിയ സാങ്കേതികവിദ്യകളെക്കുറിച്ചുള്ള കൂടുതൽ കൃത്യവും വിപുലവുമായ വിവരങ്ങൾ കർഷകനിൽ എത്തിക്കണം. കർഷകർക്ക് ഭാവിയിൽ ഇതൊരു റഫറൻസ് പുസ്തകമാകുമെന്ന് ഉറപ്പുവരുത്തണം.**

37.5.1. ഇക്കാലത്തിനിടയിൽ ഈ പ്രസിദ്ധീകരണത്തിന്റെ രൂപഘടനയിൽ കാതലായ മാറ്റം വന്നിട്ടുണ്ടെങ്കിലും ഉള്ളടക്കം മെച്ചപ്പെടേണ്ടതുണ്ട്. ഇതിന്റെ ഉള്ളടക്കവും വിഷയവും തീരുമാനിക്കുന്നതിന് മുമ്പ് വായനക്കാരുടെ അഭിപ്രായം ആരായേണ്ടത് ആവശ്യമാണ്. സ്ഥിരമായി വായിക്കുന്നവർക്ക് സമയാസമയങ്ങളിൽ അവരാഗ്രഹിക്കുന്ന വിവരങ്ങൾ നൽകാൻ കഴിഞ്ഞാൽ വായനക്കാരിൽനിന്നും നല്ല അംഗീകാരമുണ്ടാവും. വിജയകഥകളെക്കാളും ലേഖനങ്ങളെക്കാളും കൃഷിയുടെ സാങ്കേതികമായ കാര്യങ്ങൾക്കാവണം കൂടുതൽ പ്രാധാന്യം നൽകേണ്ടത്. സമൂഹത്തിലെ വിവിധ തുറയിലുള്ള ജനങ്ങളെ ലക്ഷ്യമാക്കിയുള്ളതായതിനാൽ ഏറ്റവും ലളിതമായ ഭാഷ വേണം ഇതിൽ ഉപയോഗിക്കാൻ.

37.5.2. ഭാവിയിൽ സംശയനിവാരണത്തിന് ഉതകുന്ന തരത്തിലാവണം കേരള കർഷകൻ. ജീവിതമാർഗ്ഗം മെച്ചപ്പെടുത്താൻ ശ്രമിക്കുന്ന

കർഷകന് പ്രയോജനകരമാവാത്ത ലേഖനങ്ങളും, മതിയായ സാങ്കേതിക വിവരങ്ങളുൾപ്പെടുത്താതെ പൊലിപ്പിച്ചുകാട്ടുന്ന വിജയകഥകളും കർഷകരുടെ വായനാതാല്പര്യം കുറയ്ക്കും. ഉദ്ഘാടനങ്ങൾ, വിവിധ പരിപാടികൾ ഇവയെല്ലാം വിവരങ്ങൾനൽകുന്ന ഒഴിച്ചുകൂടാൻവയ്യാത്ത ഘടകങ്ങളാണെങ്കിലും ഇവയ്ക്കെല്ലാം പുറമെ, ചെറുകർഷകരുടെ കൃഷി മെച്ചപ്പെടുത്തുന്ന കാര്യങ്ങൾക്കാവണം ഉള്ളടക്കത്തിൽ പ്രാധാന്യം നൽകേണ്ടത്. സമഗ്രവും സന്തുലിതവുമായ അറിവ് ഉറപ്പുവരുത്തുന്നതും, കർഷകർക്കും കൃഷിയെ സ്നേഹിക്കുന്നവർക്കും ഭാവിയിൽ ഒരു റഫറൻസ് പുസ്തകമായി ഉപയോഗിക്കാവുന്നതുമാവണം ഈ പ്രസിദ്ധീകരണം.

**37.6 നയം 278. കേരള കാർഷികസർവ്വകലാശാല പോലെ രാജ്യത്തിനകത്തും പുറത്തുമുള്ള വിദ്യാകേന്ദ്രങ്ങളെ കൂട്ടിയിണക്കി നല്ല കൃഷിരീതികൾ പ്രചരിപ്പിക്കുന്നതിനായി കല്പിത പഠനമുറികൾ (Virtual Class Rooms) സജ്ജമാക്കണം.**

37.6.1. കാർഷിക സർവ്വകലാശാലകൾ, ICAR സ്ഥാപനങ്ങൾ, മറ്റു ദേശീയ- അന്തർദ്ദേശീയ ഗവേഷണസ്ഥാപനങ്ങൾ ഇവയിൽനിന്നും സമാഹരിക്കാവുന്ന കൃഷിയറിവുകളും രീതികളും, ദൂരപരിമിതികൾ മറികടന്ന് കർഷകനിലേക്ക് എത്തിക്കുക എന്നതാണ് കല്പിത പഠനമുറികൾ എന്ന ഈ കമ്പ്യൂട്ടറധിഷ്ഠിത സംവിധാനത്തിന്റെ ലക്ഷ്യം.

37.6.2. ബ്ലോക്ക്തലത്തിൽ കുറഞ്ഞത് ഒന്ന് എന്നനിലയിൽ സാദ്ധ്യമായ പഞ്ചായത്തുകളിൽ കല്പിത പഠനമുറികൾ ആരംഭിക്കണം. പുസ്തകങ്ങൾ, ലൈബ്രറി സൗകര്യങ്ങൾ, കൃഷി-അനുബന്ധ പ്രവർത്തനങ്ങൾ പ്രതിപാദിക്കുന്ന വീഡിയോ ചിത്രങ്ങൾ തുടങ്ങിയവ ഇവിടെ സജ്ജമാക്കണം. മൃഗസംരക്ഷണം, മത്സ്യക്കൃഷി, തേനീച്ചവളർത്തൽ, പട്ടുനൂൽപ്പുഴുവളർത്തൽ തുടങ്ങിയവ സംബന്ധിച്ചും അറിവ് നൽകണം. കൃത്യതാകൃഷി, ഹരിതഗൃഹകൃഷി, ജലപോഷണകൃഷി ഉൾപ്പെടെയുള്ള നൂതന സങ്കേതങ്ങളെക്കുറിച്ച് അറിവ് പകർന്നും, ആധുനിക സാങ്കേതിക വിദ്യയിലൂടെ കൃഷിയറിവുകൾ സ്വായത്തമാക്കാൻ സഹായിച്ചും, വിവിധവിഷയങ്ങളിൽ ഹ്രസ്വകാല പഠനസൗകര്യങ്ങളൊരുക്കിയും സാധാരണകർഷകരെ പ്രഗത്ഭരാക്കി മാറ്റാനുള്ള സമഗ്രകേന്ദ്രങ്ങളാവണം കല്പിത പഠനമുറികൾ.

37.6.3. കൃഷിയിലും അതുമായി ബന്ധപ്പെട്ട സംരംഭങ്ങളിലും നിക്ഷേപങ്ങൾ നടത്തുന്നതിന് ഉപദേശം നൽകുകയും ബാങ്കുകളുമായി ബന്ധപ്പെടാനുള്ള സൗകര്യമൊരുക്കുകയും ചെയ്യണം. വിവിധ കഴിവുകൾ പകർന്നുനൽകാൻ പ്രാപ്തിയുള്ള CEO യും സംഘാംഗങ്ങളും ഈ കേന്ദ്രത്തിൽ ഉണ്ടായിരിക്കണം. ഈ കേന്ദ്രങ്ങൾ ചെറിയ കാലദൈർഘ്യമുള്ള തൊഴിൽപരമായ പാഠ്യപദ്ധതി (20% അറിവും 80% പ്രായോഗികജ്ഞാനവും) ഒരുക്കണം. ഇതിലൂടെ മെച്ചപ്പെട്ട കാർഷികസംരംഭകരെ വാർത്തെടുക്കാനാവും. ഡിജിറ്റൽ പഠനമുറികളിലൂടെ ലോകത്തിന്റെ വിവിധഭാഗങ്ങളിലുള്ള വിദഗ്ദ്ധരുമായി സംവദിച്ചും അറിവുകൾ സ്വീകരിച്ചും പുതിയരീതികളെ പരിചയപ്പെട്ടും മികച്ച സംരംഭകത്വശേഷി ആർജ്ജിക്കാം. പ്രാരംഭദശയിൽ പരീക്ഷണാർത്ഥം എല്ലാ ഉദ്യോഗസ്ഥരെയും കരാറടിസ്ഥാനത്തിലാണ് നിയമിക്കേണ്ടത്.

37.6.4. വികസനഉദ്യോഗസ്ഥർ ആർജ്ജിക്കുന്ന വിവരങ്ങൾ കാലതാമസം കൂടാതെ കൃഷിക്കാർക്ക് ലഭ്യമാക്കുന്ന രീതിയിൽ ഈ സംവിധാനം രൂപകല്പന ചെയ്ത് നടപ്പിലാക്കണം. കൃഷിഭവനുകളുടെയും മൃഗാശുപത്രികളുടെയും കൂട്ടായ നിയന്ത്രണത്തിലാവണം ഇതിന്റെ പ്രവർത്തനം.

**37.7 നയം 279. സ്വയംനിയന്ത്രിത വിജ്ഞാനവ്യാപന സേവന വ്യവസ്ഥകൾ രൂപപ്പെടുത്തുന്നതിലൂടെ ഭാഷാ- സാങ്കേതിക-സാമൂഹ്യ-സാമ്പത്തിക പ്രതിബന്ധങ്ങൾ മൂലമുള്ള മനുഷ്യന്റെ പോരായ്മകൾ മറികടന്ന് ആശയവിനിമയം കൂടുതൽ കാര്യക്ഷമമാക്കാൻ കഴിയും.**

37.7.1. അസാധാരണമായ സാഹചര്യങ്ങളെക്കുറിച്ചുള്ള മുന്നറിയിപ്പുകളും, വിവരങ്ങളുടെ പതിവായ പുതുക്കലുമെല്ലാം കമ്പ്യൂട്ടറിധിഷ്ഠിത വിവരവിനിമയ വ്യവസ്ഥയിലൂടെ എളുപ്പം കൈകാര്യംചെയ്യാനാവും. ഈ വിവരങ്ങളും അറിവുകളും ഉപയോഗപ്പെടുത്താൻ കർഷകർ ഇഷ്ടപ്പെടുന്ന രീതികൾ പഠനങ്ങളിലൂടെ അറിയാനും അതനുസരിച്ച് കമ്പ്യൂട്ടറിധിഷ്ഠിതവ്യവസ്ഥ പുനഃക്രമീകരിക്കാനും കഴിഞ്ഞാൽ ആധുനിക സാങ്കേതിക വിദ്യയുടെ ഗുണഫലങ്ങൾ കർഷകർക്ക് നേരിട്ട് അനുഭവിച്ചറിയാനാവും.

### 37.8 നയം 280. കിസാൻ കേരള പദ്ധതി (KISSAN KERALA) ഉന്നത നിലവാരത്തിൽ തുടരാനുള്ള സഹായം നൽകണം.

37.8.1. കിസ്സാൻ-കേരള പദ്ധതി (Karshaka Information Systems, Services And Networking) എന്നത് കേരളത്തിലെ കർഷകർക്ക് കൃഷിയെ സംബന്ധിച്ച പുതുക്കിയ വിവരങ്ങളും ഉപദേശനിർദ്ദേശങ്ങളും നൽകാനായി രൂപപ്പെടുത്തിയിട്ടുള്ള ഒരു സമഗ്ര കാർഷിക വിവര വിനിമയ സംവിധാനമാണ്. കേരളസർക്കാരിന്റെ പൗരാധിഷ്ഠിത ഇ - ഗവർണൻസ് പ്രോജക്ടുകളിൽ പ്രധാനപ്പെട്ട ഒന്നാണിത്. ടെക്നോപാർക്കിൽ പ്രവർത്തിക്കുന്ന IIITM-K (Indian Institute of Information Technology and Management - Kerala) ആണ് കൃഷിവകുപ്പിനു വേണ്ടി ഈ സംവിധാനം രൂപകല്പന ചെയ്ത് നടപ്പാക്കിയിട്ടുള്ളത്.

37.8.2. മാനേജ്മെന്റ്, സോഫ്റ്റ് വെയർ എൻജിനീയറിങ്, നെറ്റ്‌വർക്ക് മാനേജ്മെന്റ്, കൃഷി, ജേർണലിസം തുടങ്ങിയ മേഖലകളിലെ വിദഗ്ധന്മാരുടെ സംഘമാണ് KISSAN നടപ്പിലാക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നത്. നൈപുണ്യവും ആത്മാർഥതയുമുള്ള ഉദ്യോഗസ്ഥർ, യോജിച്ച സാങ്കേതികവിദ്യ, ഇണങ്ങുന്ന ചുറ്റുപാട് തുടങ്ങിയവയെല്ലാം ഈ പദ്ധതി നിരവധി നേട്ടങ്ങൾ കൈവരിക്കുന്നതിന് കാരണമായി.

37.8.3. അനിമൽ പ്ലാനെറ്റ് / ഡിസ്കവറി / നാഷണൽ ജിയോഗ്രാഫിക് ചാനലുകളുടെ മാതൃകയിൽ കൃഷി-മൃഗസംരക്ഷണ വിഷയങ്ങളുടെ എല്ലാവശങ്ങളും വിശദമായും സമഗ്രമായും കൈകാര്യം ചെയ്യുന്ന രീതിയിൽ KISSAN പദ്ധതിയുടെ കീഴിലുള്ള പ്രതിവാര ടെലിവിഷൻ പരിപാടിയായ 'കിസ്സാൻ കൃഷിദീപം' മാറേണ്ടതുണ്ട്.

37.8.4. KISSAN ഒരുക്കുന്ന സേവനങ്ങൾ ഒരു സ്ഥിരം പ്രവർത്തനമാക്കി മാറ്റാൻ കൂടുതൽ മനുഷ്യശേഷി ആവശ്യമാണ്. തുടക്കത്തിൽ 6 കൃഷിഓഫീസർമാരുടെ സേവനം ഇതിനായി വിനിയോഗിച്ചിരുന്നെങ്കിലും നിലവിൽ 3 ഉദ്യോഗസ്ഥർ മാത്രമാണുള്ളത്. പദ്ധതിയുടെ കാര്യശേഷി മെച്ചപ്പെടുത്താനായി ഉദ്യോഗസ്ഥരുടെ എണ്ണം പൂർവസ്ഥിതിയിലാക്കുകയും പ്രസ്തുത തസ്തികളിൽ നിയമനം നടത്തുമ്പോൾ മാധ്യമരംഗത്ത് അഭിരുചിയും പരിചയസമ്പത്തുമുള്ളവരെ പരിഗണിക്കുകയും ചെയ്യേണ്ടതാണ്.

37.8.5. IIITM-K യുമായി സഹകരിച്ച് ഒരു പ്രോജക്ട് രൂപത്തിൽ KISSAN പദ്ധതി സ്വതന്ത്രവും കാര്യക്ഷമവുമായി നടപ്പാക്കണം. അംഗീകാരങ്ങൾ നേടിയെടുത്തിട്ടുള്ള ഈ പദ്ധതി തുടർന്നുപോകാൻ മതിയായ ബജറ്റ് വിഹിതം നീക്കിവയ്ക്കേണ്ടതാണ്.

37.8.6. കൃഷിരംഗത്തെ വിവിധ സാങ്കേതിക വിദ്യകളുടെ പ്രചാരണം സാദ്ധ്യമാക്കാനായി തികച്ചും സാങ്കേതികവും മികവുറ്റതുമായ സമീപനം മാധ്യമപരിപാടിയുടെ ഉള്ളടക്കത്തിന്റെ കാര്യത്തിൽ സ്വീകരിക്കേണ്ടതാണ്.

# 38. കാർഷിക ആസൂത്രണവും ബജറ്റുമായി ബന്ധപ്പെട്ട നയങ്ങൾ

38.1. കാർഷികാസൂത്രണംകൊണ്ട് ഉദ്ദേശി ക്കുന്നത് വികസനത്തിന്റെ സമ്മർദ്ദങ്ങളിലും കാർഷികവും പാരിസ്ഥിതികവുമായ വിഭവ ങ്ങളുടെ സന്തുലിതമായ സംരക്ഷണമാണ്. കൃഷിയും അതുമായി ബന്ധപ്പെട്ട മറ്റു മേഖല കളും ഉല്പാദനകാര്യങ്ങളിൽ എങ്ങനെയാണ് വരുംതലമുറയ്ക്കായി സംരക്ഷിക്കപ്പെടുക എന്ന ഉൾക്കാഴ്ചയാണ് പ്രാദേശിക പദ്ധതി കളിലെ കാർഷികനയങ്ങൾ, ശ്രദ്ധേയമായ പഠ നങ്ങൾ, വിദഗ്ദ്ധസമിതികളുടെ ഉപദേശങ്ങൾ തുടങ്ങിയവ നൽകുന്നത്.

### 38.2 നയം 281. സർക്കാർ കൃഷിക്ക് നൽകിവരുന്ന മുൻഗണന നിലനിർത്തണം.

38.2.1. കാർഷികമേഖലയുടെ ഉന്നമനത്തി നായുള്ള നൂതന ആശയങ്ങളാൽ സമ്പന്നമാ യിരുന്നു ധനകാര്യ മന്ത്രി ശ്രീ. കെ.എം. മാണി അസംബ്ലിയിൽ അവതരിപ്പിച്ച 2013-2014 ലെ കേരള ബജറ്റ്. അരിയ്ക്കും അരിയുല്പന്നങ്ങ ൾക്കുമുള്ള നികുതിയിളവ്, കാർഷിക തണൽ വലകൾ (Agro Shade Net) പോലെയുള്ള ഉല്പാ ദനോപാധികളുടെ നികുതിയൊഴിവാക്കൽ, കാർഷിക ആദായനികുതിയിൽനിന്ന് വ്യക്തി കളെ ഒഴിവാക്കൽ, ചെറുകിട-നാമമാത്ര കർഷ കർക്കുള്ള പലിശരഹിത കാർഷികവായ്പ കൾ, NABARD ലോണിൻമേൽ പലിശ കുടി ശ്ശികയിളവ്, ചെറുകിട കർഷകർക്കായി സമ ഗ്ര കാർഷിക ഉദ്യാന പദ്ധതി, മാതൃകാ ഹൈ-ടെക് ഗ്രാമങ്ങൾ, കർഷകവിപണികൾ, സമഗ്ര വിളഇൻഷ്വറൻസ് ഇവയ്ക്ക് നൽകിയ ഊന്നലി ലൂടെ കൃഷിയുടെ പ്രാധാന്യം വ്യക്തമാക്കു കയും വരുംവർഷങ്ങളിലും ഇത് തുടരുമെന്ന് ഉറപ്പുനൽകുകയും ചെയ്തു.

38.2.2. കൃഷിയെ മുൻഗണനാപ്പട്ടികയിൽ ഉൾപ്പെടുത്തുകയും മേഖലാടിസ്ഥാനത്തി ലുള്ള വിഭവവിഭജനം നടത്തുമ്പോൾ മുന്തിയ പരിഗണന നൽകുകയും വേണം. പണം അനു വദിച്ചിരിക്കുന്ന കാര്യത്തിന് തന്നെയാണ് ഉപ യോഗിക്കുന്നത് എന്ന് കൃത്യമായ നിരീക്ഷണ ത്തിലൂടെ ഉറപ്പുവരുത്തണം. കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിന് കാർഷികമേഖ ലയ്ക്ക് കൂടുതൽ ധനസഹായം നൽകാൻ സർക്കാരിന്റെ ഭാഗത്തുനിന്നും ബോധപൂർവ മായ ശ്രമം വേണം.

### 38.3 നയം 282. കൃഷി-അനുബന്ധമേഖല കൾക്ക് കൂടുതൽ പദ്ധതികളും ഫണ്ടുകളും നീക്കിവയ്ക്കുന്നതിനായി പ്രത്യേക കാർഷിക ബജറ്റ് അവതരിപ്പിക്കണം.

38.3.1. ബജറ്റ് എന്നുപറയുന്നത് ഒരു സാമ്പ ത്തിക ആസൂത്രണ രേഖയാണ്. ഭാവിയിൽ വരാവുന്ന ചെലവുകൾ തിട്ടപ്പെടു ത്തി, അവ നേരിടുന്നതിനായുള്ള മാർഗ്ഗങ്ങൾ ഒരു വ്യക്തമായ ആസൂത്രണത്തിന്റെ അടി സ്ഥാനത്തിൽ കണ്ടെത്തുന്നു. വിതരണം, സ്ഥിരത, വികസനം, വളർച്ച തുടങ്ങിയ വിവിധ പ്രവർത്തനങ്ങൾക്ക് ആവശ്യമായ വിഭവങ്ങൾ തുല്യമായ ഫലപ്രാപ്തിയിലും കാര്യക്ഷമതയിലും മുൻകൂട്ടി വിഭാവനം ചെയ്ത് നീക്കിവയ്ക്കാൻ സ്ഥാപനങ്ങളെ സഹായിക്കുന്ന സംവിധാനമാണ് ബജറ്റ്.

38.3.2. സംസ്ഥാനത്ത് പ്രത്യേക കാർഷിക ബജറ്റ് ആവശ്യമാണ്. കാരണം കൃഷിയെന്നത് സംസ്ഥാനവിഷയമാണ്. കാർഷികമേഖല യിൽ സംസ്ഥാന സർക്കാരിനുള്ള പങ്ക് വളരെ പ്രധാനമാണ്. നിലവിലുള്ള കാർഷികനിക്ഷേ

പങ്ങൾ ഏറിയകൂറും കൃഷിക്കാർ നേരിട്ട് നടത്തിയിട്ടുള്ളതാണ്. മറ്റു മേഖലകളിലെ സാമ്പത്തിക നിക്ഷേപങ്ങളെക്കാൾ ഇത് വളരെക്കുറവാണ്. ഇതിനുപുറമെ സാമ്പത്തിക സ്ഥാപനങ്ങളിൽനിന്നും കൃഷിക്കാർക്ക് എളുപ്പത്തിൽ ലഭ്യമാവുന്ന മൂലധനവും കുറവാണ്. ആവശ്യമായ നിക്ഷേപങ്ങൾ, ക്ഷേമത്തിനായുള്ള നടപടികൾ, ഉല്പാദനത്തിലെ പുതിയ സാങ്കേതികവിദ്യകളുടെ പ്രചാരവും സഹായവും തുടങ്ങിയവ ഉറപ്പുവരുത്തുന്നതിന് ഒരു കാർഷികബജറ്റ് അനിവാര്യമാണ്.

38.3.3. കാർഷികമേഖലയ്ക്ക് കൂടുതൽ പ്രാധാന്യം നൽകിക്കൊണ്ടുള്ള സമീപനവും മറ്റു ബന്ധപ്പെട്ട മേഖലകളായ ഉദ്യാനവിളക്കൃഷി, മൃഗസംരക്ഷണം, ഉൾനാടൻ മത്സ്യക്കൃഷി, പാലും പാലുല്പന്നങ്ങളും, ഭക്ഷ്യസംസ്കരണം, ജലസേചനപദ്ധതികൾ, കാർഷികാവശ്യത്തിനുള്ള കാര്യക്ഷമമായ ഊർജ്ജ സംവിധാനങ്ങൾ, കാർഷികവിപണനം എന്നിവയെല്ലാമാണ് പ്രത്യേക കാർഷികബജറ്റുവഴി ലക്ഷ്യമിടേണ്ടത്.

38.3.4. കാർഷികകലണ്ടർ അടിസ്ഥാനമാക്കിവേണം കാർഷികബജറ്റിന് രൂപം നൽകാൻ. ഇപ്പോൾ ബജറ്റിന് അംഗീകാരം നൽകുന്നത് മാർച്ചിലാണെങ്കിലും വകുപ്പുകളിലേയ്ക്ക് എത്തുന്നത് ജൂൺ-ജൂലായ് മാസങ്ങളിലാണ്. പക്ഷെ കൃഷിയുടെ തയ്യാറെടുപ്പുകൾ നടക്കുന്നത് മാർച്ച്-ജൂൺ കാലഘട്ടത്തിലാണ്. അതുകൊണ്ട് കാർഷികസീസണുകളുമായി ബന്ധപ്പെട്ടുവേണം വാർഷിക സാമ്പത്തിക ആസൂത്രണം നടത്തേണ്ടത്.

38.3.5. ആയതിനാൽ പ്രത്യേക കാർഷികബജറ്റ് കേരളത്തിന്റെ ഒരു അനിവാര്യതയാകുന്നു.

**38.4 നയം 283. കൃഷിവകുപ്പിന്റെ വാർഷിക പദ്ധതികൾ രൂപവല്കരിക്കുമ്പോൾ നീർമറിയെ അടിസ്ഥാനമാക്കിയുള്ള പ്രാദേശിക ആസൂത്രണ രേഖകൾക്ക് ഊന്നൽ നൽകേണ്ടതാണ്.**

38.4.1. വാർഷിക കാർഷികപദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും നടപ്പാക്കുന്നതിനും മുമ്പുതന്നെ സംസ്ഥാന കാർഷിക ആസൂത്രണരേഖ (കാർഷികനയം - ഭാഗം 14.6.ൽ സൂചിപ്പിച്ചതുപോലെ) തയ്യാറാക്കണം. ബജറ്റുകളും ആസൂത്രണരേഖകളും കാലേ കൂട്ടിത്തന്നെ തയ്യാറാക്കുന്നതിനായി വിവിധ വകുപ്പുകളുടെ സഹായത്തോടെ പ്രാദേശിക ആസൂത്രണരേഖ നീർമറിയെ അടിസ്ഥാനമാക്കി തയ്യാറാക്കി സംസ്ഥാനതലത്തിൽ സമാഹരിച്ച് സംസ്ഥാന ആസൂത്രണരേഖ തയ്യാറാക്കണം. ഇത് വർഷാവർഷങ്ങളിൽ ബജറ്റ് തയ്യാറാക്കുന്നതിന് സഹായിക്കും.

38.4.2. പ്രകൃതിവിഭവങ്ങളുടെ ശരിയായ ഉപയോഗത്തിനും മണ്ണിന്റെയും ജലസമ്പത്തിന്റെയും സംരക്ഷണത്തിനും സ്വീകാര്യമായ ആസൂത്രണ ഘടകമെന്ന നിലയിൽ നീർമറി പ്രദേശം മാറിയിട്ടുണ്ട്. നീർമറിപ്രദേശം എത്ര വലിപ്പത്തിലുമാവാം, പക്ഷേ രണ്ടോ മൂന്നോ വർഷത്തേയ്ക്കുള്ള ശരിയായ ആസൂത്രണത്തിനും നടത്തിപ്പിനും വേണ്ട നീർമറി പ്രദേശത്തിന്റെ വിസ്തൃതി 1000-5000 ഹെക്ടറായി നിജപ്പെടുത്തുന്നതാണ് നല്ലത്.

38.4.3. സുസ്ഥിര വികസനത്തിനായി സമഗ്ര ഗ്രാമീണ-കാർഷിക വികസന പരിപാടികൾ നടപ്പിലാക്കുമ്പോൾ സ്വാഭാവിക ആസൂത്രണ-നടത്തിപ്പ് യൂണിറ്റുകളായി നീർമറിപ്രദേശത്തെ അംഗീകരിക്കണം.

**38.5 നയം 284. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ബജറ്റിൽ കൃഷിക്ക് കുറഞ്ഞത് 40% എങ്കിലും വകയിരുത്തണമെന്ന മുൻനിർദ്ദേശം കർശനമായി നടപ്പിലാക്കുകയും അതുവഴി കർഷകർക്ക് അവർ അർഹിക്കുന്ന സഹായം കിട്ടുന്നു എന്നുറപ്പുവരുത്തുകയും ചെയ്യണം.**

38.5.1. ഗ്രാമപഞ്ചായത്തുകളിൽ അവരുടെ ബജറ്റിൽ കുറഞ്ഞത് 40% എങ്കിലും കൃഷിക്കായി മാറ്റിവയ്ക്കണമെന്ന ശക്തമായ അഭിപ്രായം കർഷകർ വിവിധ ജില്ലകളിൽ ഉപസമിതി നടത്തിയ സിറ്റിംഗുകളിൽ പ്രകടിപ്പിക്കുകയുണ്ടായി. അതുകൊണ്ട് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളെല്ലാം അവരുടെ ബജറ്റിൽ കുറഞ്ഞത് 40% എങ്കിലും കൃഷിക്കായി മാത്രം നീക്കിവയ്ക്കണമെന്ന നയം സർക്കാർ ശക്തമായി സ്വീകരിക്കണം. ചില പഞ്ചായത്തുകൾ നിലവിൽ കൃഷിക്കായി ഒട്ടുംതന്നെ ഫണ്ട് വകയിരുത്തുന്നില്ല എന്നത് ഉപസമിതിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. യഥാസമയം പരിഹരിക്കേണ്ട അനാരോഗ്യകരമായ പ്രവണതയാണിത്.

38.5.2. കൃഷി-അനുബന്ധമേഖലകളിലെ വിവിധ വകുപ്പുകളിലെ സാങ്കേതികഉദ്യോഗസ്ഥരുടെ സേവനം തദ്ദേശഭരണസ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ടെങ്കിലും അവരുടെ സാങ്കേതികപരിജ്ഞാനം പ്രാവർത്തികമാക്കുന്ന പദ്ധതികൾക്ക് തുച്ഛമായ ഫണ്ട് മാത്രം അനുവദിക്കുന്ന രീതി വികസനോൻമുഖമായി പ്രവർത്തിക്കുന്ന ഒരു സർക്കാരും അനുവദിക്കാൻ പാടുള്ളതല്ല. ഭാവിയിൽ ഇത്തരം പ്രശ്നങ്ങൾ ഉണ്ടായാൽ അധികാരം കൈമാറിയ സ്ഥാപനങ്ങളുടെയും ഉദ്യോഗസ്ഥരുടെയും പൂർണ്ണനിയന്ത്രണം പ്രാദേശികാടിസ്ഥാനത്തിലോ സംസ്ഥാനാടിസ്ഥാനത്തിലോ സർക്കാരിലേക്ക് തിരിച്ചുകൊണ്ടുവരാനുള്ള നിയമപരമായ അവകാശം പ്രസ്തുത വകുപ്പുകൾക്ക് നൽകാൻ നിയമഭേദഗതി കൊണ്ടുവരണം.

# 39. കൃഷിവകുപ്പിന്റെ സേവനങ്ങൾ പരമാവധി കാര്യക്ഷമമാക്കാനുള്ള നിർദ്ദേശങ്ങളും നയങ്ങളും

39.1. ബഹുമുഖപ്രവർത്തനമാണ് കൃഷി വകുപ്പിന്റെ മുഖമുദ്ര. സംസ്ഥാനത്തിന്റെ മൊത്തം കാർഷികവരുമാനത്തിൽ വർദ്ധനവുണ്ടാക്കുവാൻ പര്യാപ്തമാംവിധം കാർഷികോല്പാദനവർദ്ധനവും കൃഷിത്തോട്ടങ്ങളുടെ കാര്യക്ഷമതാവർദ്ധനവും കൃഷിവകുപ്പിന്റെ ചുമതലകളിൽപ്പെടുന്നു. ഇതുവഴി സംസ്ഥാനത്തിന്റെ ഭക്ഷ്യോല്പാദനത്തിലും വരുമാനത്തിലും ഗണ്യമായ വർദ്ധനവുണ്ടാക്കാനും ലക്ഷ്യമിടുന്നു.

39.2. ദീർഘനാളത്തെ പ്രവർത്തനത്തിലൂടെ കൃഷിവകുപ്പ് ഒരു പൊതുജനസൗഹൃദ സ്ഥാപനമായി ഇതിനോടകം വളർന്നുകഴിഞ്ഞു. ജനസാമാന്യത്തിന് സുരക്ഷിതവും അതോടൊപ്പം അവരുടെ വരുമാനപരിധിക്കൊതുങ്ങുന്നതുമായ ഭക്ഷ്യലഭ്യതയുടെ കാര്യത്തിൽ വകുപ്പ് ഇതിനോടകം ചെയ്ത പ്രവർത്തനങ്ങൾ തീർച്ചയായും ശ്ലാഘനീയമാണ്.

**39.3 നയം 285. കൃഷിവകുപ്പിനെ ആധുനികവല്കരിച്ച് കാർഷിക വികസന-കർഷകക്ഷേമ വകുപ്പ് എന്ന് പുനർനാമകരണം ചെയ്യണം.**

39.3.1 കൃഷിവകുപ്പ് ഇപ്പോൾ കൈകാര്യം ചെയ്തുവരുന്ന വിവിധ പദ്ധതികൾ കൂടുതൽ ഫലപ്രദമാക്കാനും ഏകോപിപ്പിക്കാനും ജനോപകാരപ്രദമാക്കാനുമുള്ള നയങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും ലഭ്യമാക്കുക എന്നതാണ് പുതിയ കാർഷികനയത്തിന്റെ പ്രധാന ലക്ഷ്യം. കർഷകപെൻഷൻ ഉൾപ്പെടെയുള്ള പുതിയ കർഷകക്ഷേമ പദ്ധതികളുമായി സർക്കാർ മുന്നോട്ടുപോകുന്ന അവസരത്തിൽ ഇതിനനുസൃതമായി വകുപ്പിനെ പുനർനാമകരണം ചെയ്യേണ്ടതുണ്ട്. *കർഷകനില്ലാതെ കൃഷിയില്ല* എന്ന തത്വം ഉറപ്പിക്കുന്ന രീതിയിലാവണം വകുപ്പിന്റെ പ്രവർത്തനം.

**39.4 നയം 286. നിലവിലുള്ള കർഷക കുടുംബങ്ങളുടെ എണ്ണവും ജോലിഭാരവും കണക്കിലെടുത്ത് ഗ്രാമപഞ്ചായത്ത് തലത്തിലുള്ള കൃഷിഭവനുകളുടെ പ്രവർത്തനം പുനഃസംഘടിപ്പിക്കാനുള്ള അടിയന്തിര നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണം.**

39.4.1. ഇത്രയും സുസംഘടിതമായ ഒരു വികേന്ദ്രീകൃത കാർഷിക സേവനവ്യവസ്ഥ നിലവിലുള്ള ഏക സംസ്ഥാനമാണ് കേരളം. കാർഷിക വിജ്ഞാനവ്യാപനത്തിന് ഏറ്റവും ഫലപ്രദമായ സംവിധാനവും ഇതുതന്നെ എന്നു കരുതാം. വാസ്തവത്തിൽ കൃഷിവകുപ്പ് എല്ലാ ഗ്രാമപഞ്ചായത്തുകളിലും പ്രവർത്തിക്കുന്ന കൃഷിഭവനുകളിലൂടെ അതിന്റെ സാന്നിദ്ധ്യം ഗ്രാമതലങ്ങളിൽ സജീവമാക്കുകയാണ് ചെയ്തുവരുന്നത്.

39.4.2. കൃഷിവകുപ്പും സ്വയംഭരണസ്ഥാപനങ്ങളും മുഖേന പഞ്ചായത്തുതലത്തിൽ നടപ്പാക്കുന്ന എല്ലാ കർഷകക്ഷേമ പദ്ധതികളുടേയും അടിസ്ഥാന ഘടകമാണ് കൃഷിഭവൻ. സാങ്കേതികയോഗ്യതയുള്ള കൃഷി ആഫീസറും 2-3 കൃഷി അസിസ്റ്റന്റുമാരുമടങ്ങുന്ന ഒരു ടീമാണ് ഇതിന്റെ മേൽനോട്ടം വഹിക്കുന്നത്. കൃഷിഭവന്റെ കീഴിൽവരുന്ന കർഷക കുടുംബങ്ങളുടേയും കൈകാര്യം ചെയ്യേണ്ട വിളവൈപുല്യത്തിന്റെയും അടിസ്ഥാനത്തിൽ വേണം കൃഷിഭവനിലെ ഔദ്യോഗികശക്തി നിർണ്ണയിക്കാൻ. ഇത് ആവശ്യമുള്ള സ്ഥലങ്ങളിൽ കൂടുതൽ ശക്തിപ്പെടുത്തുകയും വേണം.

**39.5 നയം 287. കർഷകർക്ക് ആവശ്യമുള്ള സേവനങ്ങൾ യഥാസമയം ലഭ്യമാക്കാനും അതുവഴി അവരുടെ പ്രവർത്തനങ്ങൾ കൂടുതൽ പ്രത്യുല്പാദനപരമാക്കാനും പാകത്തിൽ ഉദ്യോഗസ്ഥരെ സജ്ജരാക്കാൻ കൃഷിവകുപ്പിനെ പ്രാപ്തമാക്കണം.**

39.5.1. കൃഷിവകുപ്പിന്റെ പ്രഖ്യാപിതലക്ഷ്യങ്ങളോട് പൊരുത്തപ്പെട്ട് പ്രവർത്തിക്കുവാൻ ഉദ്യോഗസ്ഥർക്ക് ബോധവല്കരണവും പരിശീലനവും നൽകണം. ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് വേണ്ട ആനുകൂല്യങ്ങൾ നൽകി അവരെ കൂടുതൽ പ്രതിബദ്ധരും സംതൃപ്തരുമാക്കുവാൻ ശ്രമംവേണം. സർക്കാരും കൃഷിയുദ്യോഗസ്ഥരും കർഷകരും തമ്മിൽ ഒരു പ്രവർത്തന പങ്കാളിത്തം നിശ്ചയമായും വികസിക്കണം.

39.5.2. ഉദ്യോഗസ്ഥരുടെ സംതൃപ്തി, അവരുടെ മനോധൈര്യം തുടങ്ങിയവയും മനുഷ്യവിഭവ പരിപാലനത്തിന്റെ തലത്തിൽ പ്രത്യേകം പ്രാധാന്യം ലഭിക്കേണ്ടവയാണ്.

39.5.3. ജോലിചെയ്യുന്ന സാഹചര്യം, വേതനം എന്നീ കാര്യങ്ങളിൽ കൃഷിവകുപ്പിന്റെ പ്രതിച്ഛായ മെച്ചപ്പെടുത്തേണ്ടതുണ്ട്. താരതമ്യേന അനാകർഷകമായ പ്രതിച്ഛായ പലപ്പോഴും അതിസമർത്ഥരായ വിദ്യാർത്ഥികളെപ്പോലും ഈ മേഖലയിൽനിന്ന് മാറിപ്പോകാനും മറ്റു മേഖലകളിലേയ്ക്ക് ശ്രദ്ധകേന്ദ്രീകരിക്കാനും പ്രേരിപ്പിക്കുന്നത് കർഷകർക്ക് ലഭ്യമാകേണ്ടിയിരുന്ന ബൗദ്ധികസേവനങ്ങളെ നഷ്ടപ്പെടുത്തുന്നു എന്ന് വിലയിരുത്തണം.

**39.6 നയം 288. വിവരസാങ്കേതികവിദ്യയുടെ വളർച്ചയ്ക്കനുസരിച്ചുള്ള വ്യതിയാനങ്ങളുമായി പൊരുത്തപ്പെടാൻ പാകത്തിൽ സാങ്കേതിക വിജ്ഞാനവിനിമയവും വ്യക്തിപരമായ സമീപനങ്ങളും പുനഃസംഘടിപ്പിക്കേണ്ടതുണ്ട്.**

39.6.1. വർത്തമാനകാലഘട്ടത്തിൽ സാങ്കേതികവിദ്യകളും അതിന്റെ ഉപയോക്താക്കളും വളരെയേറെ മാറിയിരിക്കുന്നു. ഇതിനനുസൃതമായ മാറ്റങ്ങൾ സംസ്ഥാനത്തെ ഏറ്റവും വലിയ സാങ്കേതികവിദ്യാദാതാവായ കൃഷിവകുപ്പിന്റെ ഘടനയിലും പ്രവർത്തനത്തിലും വേണം. വിവരസാങ്കേതികവിദ്യയുടെ വളർച്ചയ്ക്കനുസരിച്ചുള്ള വ്യതിയാനങ്ങളുമായി പൊരുത്തപ്പെടാൻ പാകത്തിൽ സാങ്കേതിക വിജ്ഞാനവിനിമയവും വ്യക്തിപരമായ സമീപനങ്ങളും പുനഃസംഘടിപ്പിക്കേണ്ടതുണ്ട്.

39.6.2. നിലവിൽ കൃഷി ആഫീസറും അദ്ദേഹത്തിന്റെ അസിസ്റ്റന്റുമാരും രണ്ടു പ്രധാന ജോലികളാണ് നിർവ്വഹിച്ചുപോരുന്നത്- സാങ്കേതിക വിദ്യാ കൈമാറ്റവും സഹായവിതരണവും. ഇതിൽ രണ്ടാമത്തേത് സാമ്പത്തിക പ്രവർത്തനമാണ്. പോരാത്തതിന് സർക്കാർ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതുമുണ്ട്. പ്രൊഫഷണൽ യോഗ്യത നേടിയ ഉദ്യോഗസ്ഥരുടെ സമയത്തിന്റെ സിംഹഭാഗവും ഉപയോഗപ്പെടുത്തുന്നത് പലപ്പോഴും ഈ ധനസഹായ വിതരണത്തിനാണ്. ഇതുമായി ബന്ധപ്പെട്ട രേഖകൾ തയ്യാറാക്കലും കണക്ക് സൂക്ഷിക്കലും വളരെ ശ്രമകരമാണ്. ഇക്കാര്യങ്ങളെല്ലാം സോഫ്റ്റ്‌വെയർ സഹായത്താൽ ചെയ്യാനായാൽ ആഫീസ് പ്രവർത്തനം കൂടുതൽ സുഗമമാകും. ഇപ്പോൾ പ്രവർത്തനക്ഷമമാകുന്ന ഇ-പേയ്മെന്റ് സംവിധാനം ഈ ദിശയിൽ ഏറെ സ്വീകാര്യത നേടിക്കഴിഞ്ഞു. എന്നാൽ 'സ്പാർക്ക്' പോലെ കുറച്ചുകൂടി സമ്പൂർണ്ണമായ ഒരു സോഫ്റ്റ്‌വെയർ ഈ രംഗത്ത് വികസിപ്പിക്കാനായാൽ ദൈനംദിന ആഫീസ് ജോലികൾ കൂടുതൽ കാര്യക്ഷമമാകും.

**39.7 നയം 289. വികേന്ദ്രീകൃത ആസൂത്രണ പരിപാടികളുടെ സംസ്ഥാനതല മോണിറ്ററിങ്ങ് കൃഷിവകുപ്പിന്റെ നേതൃത്വത്തിൽ തന്നെ നടത്തണം. ഇതിന് തദ്ദേശ സ്വയം ഭരണവകുപ്പും 'കില' യുമായി ചേർന്ന് പ്രവർത്തിക്കുന്ന ഒരു പ്രത്യേക വിഭാഗം തന്നെ രൂപവല്കരിക്കുകയും വേണം.**

39.7.1. നിലവിൽ വികേന്ദ്രീകൃതാസൂത്രണം തദ്ദേശ സ്വയംഭരണവകുപ്പിന്റെ പൂർണ്ണ നിയന്ത്രണത്തിലാണ് നടത്തുന്നത്. ഇതിന്റെ പരിപാടികളോ ചെലവോ സംസ്ഥാനതലത്തിൽ വിശകലനംചെയ്യാൻ ഇപ്പോൾ ഒരു സംവിധാനവും നിലവിലില്ല.

39.7.2. ഒരു അഡീഷണൽ ഡയറക്ടറുടെ നേതൃത്വത്തിൽ സാങ്കേതിക പദ്ധതികളുടെ വിലയിരുത്തലും വിശകലനവും നടത്താൻ തദ്ദേശ സ്വയംഭരണ വകുപ്പുമായി കൈകോർത്ത് പ്രവർത്തിക്കുവാൻ ഒരു പ്രത്യേക വിഭാഗത്തിന് രൂപംനൽകണം.

39.7.3. ജില്ലാതല പരിപാടികൾ ഒരു ഡെപ്യൂട്ടി ഡയറക്ടറുടെ ചുമതലയിൽ കൊണ്ടുവരണം.

39.7.4. കാർഷികപദ്ധതികളും മറ്റും തയ്യാറാക്കാൻ 'കില' കൃഷിവകുപ്പിൽ നിന്ന് വിദഗ്ദ്ധ സേവനം തേടണം.

39.7.5. ജില്ലാതലത്തിൽ ഒരു അസിസ്റ്റന്റ് ഡയറക്ടറുടെ പൂർണ്ണമേൽനോട്ടത്തിൽ വേണം കോർപ്പറേഷനുകളും മുൻസിപ്പാലിറ്റികളും ഉൾപ്പെടുത്താൻ.

39.7.6. നൂതനപദ്ധതികളും പ്രാദേശിക പ്രത്യേകതകളുള്ള പരിപാടികളും കാർഷിക സംരംഭ പദ്ധതികളുമെല്ലാം പ്രോത്സാഹിപ്പിക്കുകയും അവയ്ക്ക് അനുമതി ലഭ്യമാക്കാനുള്ള സംവിധാനങ്ങൾ ത്വരിതപ്പെടുത്തുകയും വേണം.

**39.8 നയം 290. കാർഷിക ഉപദേശക സേവനം മെച്ചപ്പെടുത്താനും ചെറുകിട കർഷകർക്ക് സാങ്കേതികഅറിവ് പകർന്നു നൽകാനും പര്യാപ്തമായ വിധത്തിൽ ജില്ലാതലത്തിൽ ഒരു *വിജ്ഞാനകേന്ദ്രം* ആരംഭിക്കണം.**

39.8.1. കൃഷി വകുപ്പ്, കർഷകർ, ഗവേഷകർ, സാങ്കേതികവിദഗ്ദ്ധർ എന്നിവർ കൈകോർത്ത് ആധുനിക സാങ്കേതികവിദ്യയുടെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുകയോ വിവരങ്ങൾ പങ്കിടുകയോ ചെയ്യുക എന്നതാണ് കാർഷിക വിജ്ഞാനകേന്ദ്ര ത്തിന്റെ പ്രധാന ലക്ഷ്യം. പ്രിൻസിപ്പൽ കൃഷി ആഫീസർമാരുൾപ്പെടെയുള്ള വകുപ്പിലെ ഉയർന്ന ഉദ്യോഗസ്ഥരും സാങ്കേതികവിദഗ്ദ്ധരും ഉൾപ്പെടുന്ന ഒരു കർമ്മസമിതി പൂർണ്ണസമയം പ്രവർത്തിച്ച് കൃഷിഭവനുകൾ ഉൾപ്പെടെയുള്ള പ്രാദേശികസംവിധാനങ്ങൾക്ക് ഉപയുക്തമാകുന്ന തരത്തിൽ സാങ്കേതിക പിൻതുണാ സംവിധാനങ്ങൾ ഒരുക്കണം. ഇത്തരത്തിൽ 15 കേന്ദ്രങ്ങൾ സംസ്ഥാനതലത്തിൽ രൂപവല്പകരിക്കണം.14 ജില്ലകളിലും ഉചിതമായ സ്ഥലങ്ങളിൽ വേണം ഇവ സജ്ജീകരിക്കാൻ. ജില്ലാതല യൂണിറ്റുകളുടെ പ്രവർത്തനം ഏകോപിപ്പിക്കാൻ ഒരു സംസ്ഥാനതല സംവിധാനവും ഇതോടൊപ്പം സജ്ജമാക്കണം.

**39.9 നയം 291. സംസ്ഥാനത്ത് കാർഷിക വികസനത്തിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാ സ്ഥാപനങ്ങളുമായും കൂടുതൽ ഫലപ്രദമായ സഹകരണവും പങ്കാളിത്തവും ഉറപ്പാക്കാൻ കൃഷിവകുപ്പിന് കഴിയണം.**

39.9.1. കൃഷി വിജ്ഞാനകേന്ദ്രങ്ങൾ, കമ്മോഡിറ്റി ബോർഡുകൾ, കാർഷിക സർവ്വകലാശാല, കാർഷിക ഗവേഷണ സ്ഥാപനങ്ങൾ, വിവിധ പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു. പരസ്പര താല്പര്യമുള്ള വിഷയങ്ങളിൽ ഇത്തരം സ്ഥാപനങ്ങളുമായി ആശയവിനിമയവും ചർച്ചകളും നടത്തണം. ലഭ്യമായ വിഭവങ്ങൾ പരമാവധി ഉപയോഗിക്കാനും വിജ്ഞാനം പരമാവധി പ്രയോജനപ്പെടുത്താനും ഇത് സഹായിക്കും. നയത്തിലെ ഭാഗം 39.8 ൽ പരാമർശിക്കുന്ന കാർഷിക വിജ്ഞാന കേന്ദ്രത്തിന്റെ നടത്തിപ്പ് ഇതിന് പൂരകമായി കാണേണ്ടതാണ്.

**39.10 നയം 292. അസിസ്റ്റന്റ് ഡയറക്ടർ ഓഫീസിന്റെ ഔദ്യോഗികഘടന ജോലിഭാരവുമായി താരതമ്യപ്പെടുത്തി കൂടുതൽ ശക്തിപ്പെടുത്തണം.**

39.10.1. ഭരണപരവും സാങ്കേതികവും ഏകോപനപരവുമായ പ്രവർത്തനമാണ് കൃഷിവകുപ്പിൽ അസിസ്റ്റന്റ് ഡയറക്ടര് ഓഫീസ് നിർവഹിച്ചു പോരുന്നത്. ഒരു കൃഷി അസിസ്റ്റന്റ് ഡയറക്ടർ, ഒരു ക്ലാർക്ക് എന്നതാണ് നിലവിലെ സ്റ്റാഫ് പാറ്റേൺ. ബ്ലോക്കിലെ കൃഷി ആഫീസർമാരുടെ കൺട്രോളിങ്ങ് ആഫീസറും സാമ്പത്തിക കാര്യങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥനും അസിസ്റ്റന്റ് ഡയറക്ടറാണ്. പദ്ധതി ബാഹുല്യം കൊണ്ടും സാങ്കേതികവിദഗ്ദ്ധൻ എന്ന നിലയ്ക്കുള്ള ശ്രമകരമായ ചുമതലകൾനിമിത്തവും പലപ്പോഴും തന്റെ കർത്തവ്യത്തിൽ പൂർണ്ണമായും ശ്രദ്ധചെലുത്താൻ ഇദ്ദേഹത്തിനു കഴിയാറില്ല. അതിനാൽ അസിസ്റ്റന്റ് ഡയറക്ടർ ഓഫീസിന്റെ ഔദ്യോഗികഘടനയുടെ കാര്യത്തിൽ സർക്കാർതലത്തിൽ നിന്നുതന്നെ അടിയന്തിര ശ്രദ്ധ പതിയേണ്ടതുണ്ട്.

39.10.2. ക്ലറിക്കൽ തസ്തികയിലുള്ളവരെ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലേയ്ക്ക് പുനർവിന്യസിക്കുന്ന പതിവ് നിർത്തലാക്കേണ്ടതാണ്. ഇത്തരത്തിൽ പലപ്പോഴും വകുപ്പ് കടുത്ത ഉദ്യോഗസ്ഥക്ഷാമം നേരിടുന്നു എന്നതാണ് വാസ്തവം. ഇതിനുപകരം അവരെ അവരുടെ സേവനം ആവശ്യമുള്ള അസിസ്റ്റന്റ് ഡയറക്ടർ ആഫീസുകളിലേയ്ക്കാണ് പുനർവിന്യസിക്കേണ്ടത്. ബ്ലോക്ക് തലത്തിൽ ഇപ്പോൾ അനുഭവപ്പെടുന്ന ഉദ്യോഗസ്ഥക്ഷാമം പരിഹരിക്കാൻ വലിയൊരളവുവരെ ഇത് സഹായിക്കും.

**39.11 നയം 293. ഭരണതലം, വിജ്ഞാനവിനിമയം, സാങ്കേതിക വിദ്യാകൈമാറ്റം, പദ്ധതി നിർവ്വഹണം, വിശകലനം തുടങ്ങി വകുപ്പിന്റെ എല്ലാ തലങ്ങളിലും നവീകരണം വരുത്തുക എന്നത് സർക്കാരിന്റെ മുൻഗണനാ ലക്ഷ്യമായി നടപ്പാക്കണം.**

39.11.1. സംസ്ഥാനസർക്കാരിന്റെ ഏറ്റവും വലിയ വകുപ്പുകളിൽ ഒന്നാണ് കൃഷിവകുപ്പ്. 3118 കൃഷി അസിസ്റ്റന്റുമാർ, 1193 കൃഷി ആഫീസർമാർ, 289 അസിസ്റ്റന്റ് ഡയറക്ടർമാർ, 112 ഡപ്യൂട്ടി ഡയറക്ടർമാർ, 26 ജോയിന്റ് ഡയറക്ടർമാർ, 6 അഡീഷണൽ ഡയറക്ടർമാർ എന്നീ സാങ്കേതികഉദ്യോഗസ്ഥരും 1075 ക്ലറിക്കൽ ഉദ്യോഗസ്ഥർ, 142 സൂപ്രണ്ടുമാർ, 16 അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റുമാർ, 16 അക്കൗണ്ട്സ് ഓഫീസർമാർ, 1467 ഇതര ജീവനക്കാർ എന്നിവരും ഇതിൽ ഉൾപ്പെടുന്നു. ഇവരുടെയെല്ലാം സേവനം നിശ്ചിത സമയപരിധിക്കുള്ളിൽ കാര്യക്ഷമമായി ലഭ്യമാക്കാൻ വകുപ്പ് നവീകരിക്കുകയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും ചെയ്യേണ്ടതുണ്ട്. ഇതിൽ കമ്പ്യൂട്ടർ വല്കരണത്തിനും ഇ-ഗവർണൻസിനും മുൻഗണന നൽകണം. ആഫീസ് ഓട്ടോമേഷൻ, 'കടലാസ് രഹിത ആഫീസുകൾ' തുടങ്ങിയ നവീനാശയങ്ങളും ഇതോടൊപ്പം പ്രാവർത്തികമാക്കണം.

39.11.2. ഔദ്യോഗിക മാനേജ്മെന്റിനും ഫലപ്രദമായ ഭരണക്രമത്തിനും ഉദ്യോഗസ്ഥരേഖകൾ നവീകരിക്കുകയും ഒപ്പം 'സ്മാർട്ട് കാർഡ്' രീതി ഏർപ്പെടുത്തുകയും വേണം. ഓൺ-ലൈൻ റിപ്പോർട്ടിങ്ങും ഭരണവ്യവസ്ഥയും കാര്യക്ഷമമാക്കിമാറ്റി വകുപ്പിന്റെ പ്രവർത്തനമാകെ ഒരു 'വെബ് പ്ലാറ്റ്ഫോമിൽ' അധിഷ്ഠിതമാക്കാൻ ശ്രമിക്കണം. ഇത് നിലവിലുള്ള സംവിധാനത്തെ ആകെ മാറ്റിമറിക്കുകയും ഒപ്പം സുതാര്യത, കൃത്യത, കാര്യക്ഷമത തുടങ്ങിയവ ഉറപ്പാക്കുകയും ചെയ്യും.

39.11.3. ശരിയായ സമയത്ത്, ശരിയായ രീതിയിൽ ശരിയായ വ്യക്തിയ്ക്ക് ആവശ്യമായ സഹായങ്ങൾ ലഭ്യമാകണം എന്നകാര്യത്തിൽ പൊതുജനങ്ങളും കർഷകരും വളരെ നിഷ്കർഷ പുലർത്തുന്ന ഇപ്പോഴത്തെ സാഹചര്യത്തിൽ വിവരസാങ്കേതികവിദ്യയുടെ സാദ്ധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തി കൃഷിവകുപ്പ് നവീകരിക്കുവാൻ നടപടികൾ സ്വീകരിക്കണം.

**39.12 നയം 294. വകുപ്പിന്റെ ഗുണനിലവാര പരിപാലന സംവിധാനം മെച്ചപ്പെടുത്തും വിധം നിലവിലുള്ള ആഡിറ്റിങ്ങ് രീതി സമ്പൂർണ്ണമായി പുനർനവീകരിക്കണം.**

39.12.1. നിലവിൽ കൃഷി ആഫീസർമാർ സർക്കാർതലത്തിൽ മൂന്ന് ആഡിറ്റ് രീതികളെയാണ് അഭിമുഖീകരിക്കേണ്ടിവരുന്നത്. വകുപ്പുതല അക്കൗണ്ട്സും ആഡിറ്റും, അക്കൗണ്ടന്റ് ജനറലിന്റെ ആഡിറ്റ്, ലോക്കൽഫണ്ട് ഡിപ്പാർട്ട്മെന്റിന്റെ ആഡിറ്റ്. വകുപ്പുതല ഗുണമേന്മാ പരിപാലന സമ്പ്രദായത്തിലെ (Quality Management System - QMS) പ്രാഥമിക അവലോകനരീതിയാണ് ആഡിറ്റിങ്ങ്. വ്യവസ്ഥയിലെ പോരായ്മകൾ പരിഹരിക്കൽ, തിരുത്തൽനടപടികൾ, തുടർപ്രവർത്തനങ്ങൾ എന്നിവയ്ക്കെല്ലാം ഇത് ആവശ്യവുമാണ്. എന്നാൽ പലപ്പോഴും ആഡിറ്റിങ്ങ് കണക്കുകളിൽമാത്രം ഒതുങ്ങുന്നതായാണ് കണ്ടുവരുന്നത്. കാര്യക്ഷമമല്ലാത്ത ആഡിറ്റിങ്ങ് ഒരു വ്യർത്ഥവ്യായാമമായി പരിണമിക്കുകയാണ് പതിവ് ; പ്രത്യേകിച്ച് കൃഷിവകുപ്പിൽ ഇത് പലപ്പോഴും ഒരു 'അവശ്യദുരന്ത'മായി മാറുകയും ചെയ്യുന്നു. ഇത്തരം നടപടികൾവഴി വകുപ്പിലെ സാങ്കേതികവിദഗ്ദ്ധർ ഇതുമായി ബന്ധപ്പെട്ട അതിസമ്മർദ്ദങ്ങൾ അനുഭവിക്കേണ്ടി വരുകയും അതവരുടെ വിലപിടിപ്പുള്ള സമയം വൃഥാ നഷ്ടമാകാൻ ഇടയാക്കുകയും ചെയ്യുന്നു. ആഡിറ്റ് സംഘങ്ങൾ ഉയർത്തുന്ന തടസ്സങ്ങളും മറ്റും ഇവരുടെ സുസ്ഥിരപ്രവർത്തനത്തിന് വിഘാതം സൃഷ്ടിക്കുന്നുമുണ്ട്.

39.12.2. ആഡിറ്റിങ്ങ്, ശ്രദ്ധേയവും സുപ്രധാനവുമായ പ്രവർത്തനമാണ് എന്ന് അംഗീകരിക്കുമ്പോൾത്തന്നെ അത് സാങ്കേതികവിദഗ്ദ്ധരെ ഉപയോഗിച്ച് മെച്ചപ്പെടുത്തുകയും വ്യവസ്ഥയുടെ മികവിനും കാര്യക്ഷമതയ്ക്കും ഇടയാക്കും വിധം വ്യത്യാസപ്പെടുത്തുകയും വേണം.

39.12.3. നിലവിൽ ആഡിറ്റിങ്ങ് എന്നത് ഒരു ശിക്ഷണോപാധി മാത്രമായി പോകുന്നു എന്നതാണ് ഏറ്റവും വലിയ പോരായ്മ. ഇതിനുപകരം ഇത് ഒരു വഴികാട്ടിയായി രൂപാന്തരപ്പെടുത്തണം. ഉദ്ദേശിച്ചരീതിയിൽ പ്രവർത്തനത്തിലെത്താതിരിക്കുന്നതിനുള്ള മൂലകാരണം കണ്ടെത്താൻ ആഡിറ്റിങ്ങിന് സാധിക്കണം. ഇത്തരത്തിൽ ഈ വിഭാഗം സാങ്കേതികവിദഗ്ദ്ധരേയും ആവശ്യമെങ്കിൽ പുറമേനിന്നുള്ള വിദഗ്ദ്ധരേയും ഉൾപ്പെടുത്തി പുന:സംഘടിപ്പിക്കുകയും വേണം.

39.12.4. എല്ലാ വർഷവും കാര്യക്ഷമമാംവിധം ആഡിറ്റ് ഷെഡ്യൂൾ (സമയക്രമം)പ്രസിദ്ധീകരിക്കണം. ഇത് ആഡിറ്റിങ്ങിലുണ്ടാകുന്ന കാലതാമസം ഒഴിവാക്കും. മാത്രവുമല്ല ഏകോപിത ആഡിറ്റിങ്ങ് സമ്പ്രദായം നിർബന്ധമാക്കുകയും വേണം.

39.12.5. തെറ്റുകൾമാത്രം കണ്ടുപിടിക്കുന്നതിനുപകരം ആഡിറ്റിങ്ങ് സമ്പ്രദായം പ്രവർത്തനതത്വങ്ങൾ നിർദ്ദേശിക്കാൻ പര്യാപ്തമാകണം. അല്ലാത്ത പക്ഷം അത് ഗുണമേന്മയുടെ ചോർച്ചയ്ക്ക് മാത്രമേ ഇടയാക്കുകയുള്ളൂ. ഇതോടൊപ്പം സാമ്പത്തികഇടപാടുകളിൽ സംഭവിക്കാവുന്ന തിരിമറികൾ കണ്ടെത്താനും പരിശോധിക്കാനും കമ്പ്യൂട്ടറധിഷ്ഠിത സ്വയംനിയന്ത്രിത സാമ്പത്തിക കൈമാറ്റ തന്ത്രങ്ങൾ (Automated and Computer Assisted Financial Transaction Tools) ആവിഷ്കരിക്കുകയും വേണം. സാമ്പത്തിക തിരിമറി, അത് എല്ലാ തലങ്ങളിൽനിന്നും ഒഴിവാക്കാൻ ഫലവത്തായ സോഫ്റ്റ്‌വെയറുകൾ ഉപയോഗിക്കുകയും ചെയ്യണം.

**39.13 നയം 295. കൃഷിവകുപ്പിലെ ഉദ്യോഗസ്ഥർക്ക് ദിശാബോധം നൽകാനും റഫറൻസിനുമായി അടിയന്തിരമായി ഒരു 'കൃഷിവകുപ്പ് മാനുവൽ' പ്രസിദ്ധീകരിക്കുന്നത് അവരുടെ കാര്യക്ഷമതാ വർദ്ധനവിന് സഹായിക്കും.**

39.13.1. കൃഷിവകുപ്പിലെ ഉദ്യോഗസ്ഥർക്ക് ദിശാബോധം നൽകാനും റഫറൻസിനും ഉദ്ദേശിച്ചുള്ളതാണ് വകുപ്പുതല മാനുവൽ. ഇതിൽ

ഉൾപ്പെടുത്തിയിരിക്കുന്ന നയങ്ങളും പ്രവർത്തനരീതികളുമായി പരമാവധി നീതി പുലർത്തുക എന്നത് ഓരോ ഉദ്യോഗ സ്ഥന്റെയും കടമയാണ്. ശതാബ്ദിയിലെത്തി യിട്ടും ഇതേവരെ കൃഷിവകുപ്പിന് ഇത്തരമൊരു മാനുവൽ പ്രസിദ്ധീകരിക്കാനായിട്ടില്ല. ബന്ധപ്പെട്ട നിയമങ്ങളും ചട്ടങ്ങളും ഉൾപ്പെടുത്തി ജീവനക്കാരെയും അധികാരി കളെയും ഒരുപോലെ സജ്ജരാക്കുന്നതിന് ഇത് അടിയന്തിരമായി നിലവിൽവരുത്തണം.

**39.14 നയം 296. മണ്ണുപരിശോധന അടിസ്ഥാനമാക്കിയുള്ള വളപ്രയോഗം പ്രോത്സാഹിപ്പിക്കുന്നതിന് കൃഷിവകുപ്പിന്റെ കീഴിലുള്ള ജില്ലാതല മണ്ണുപരിശോ ധനാശാലകളെ ശക്തിപ്പെടുത്തുകയും പോഷകനിലവാര പരിശോധനകളോടൊപ്പം സസ്യാരോഗ്യനിർണ്ണയരീതികൾ കൂടി ഉൾപ്പെടുത്തി അവയെ മണ്ണ്-സസ്യാരോഗ്യ ക്ലിനിക്കുകൾ (Soil Plant Health Clinics) ആയി വികസിപ്പിക്കുകയും വേണം.**

39.14.1. മണ്ണ് - ജല സംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ചുള്ള അജ്ഞതയും അശാസ്ത്രീയമായ വിളപരിപാലനമുറകളുമാ ണ് മണ്ണിൽ പോഷകമൂലകങ്ങളുടെ കുറവിനി ടയാക്കുന്നതും, ഉല്പാദനം കുറയ്ക്കുന്നതും, രോഗങ്ങൾ ക്ഷണിച്ചു വരുത്തുന്നതുമെന്നാണ് വിദഗ്ദ്ധാഭിപ്രായം. സംയോജിത പോഷക പരി പാലനത്തിന് മണ്ണുപരിശോധന അത്യന്താപേ ക്ഷിതമാണ്.

39.14.2. പരമാവധി പ്രയോഗക്ഷമമാകുന്ന രീതിയിൽ മണ്ണുപരിശോധനാശാലകൾ ശക്തി പ്പെടുത്തേണ്ടതുണ്ട്. നിലവിൽ സംസ്ഥാന ത്തെ മണ്ണുപരിശോധനശാലകളിലാകെ പ്രതിവർഷം 2.88 ലക്ഷം മണ്ണു സാമ്പിളുകൾ പരിശോധിക്കാനുള്ള ശേഷിയുണ്ട്. എന്നാൽ ഇപ്പോൾ 1.319 ലക്ഷം സാമ്പിളുകൾ മാത്രമേ പ്രതിവർഷം പരിശോധിക്കുന്നുള്ളൂ. വിദഗ്ദ്ധ രുടെ കുറവാണ് ഇതിന് ചൂണ്ടിക്കാട്ടുന്ന പ്രധാന പ്രശ്നം. ഇക്കാര്യത്തിൽ എത്രയും വേഗം തീരുമാനം എടുക്കേണ്ടതുണ്ട്.

39.14.3 ജൈവവളങ്ങളുടെ ഗുണമേന്മാ നിയ ന്ത്രണം, നനവെള്ളത്തിന്റേയും കുടിവെള്ളത്തി ന്റേയും മേന്മ പരിശോധന, സൂക്ഷ്മ-സ്ഥൂല മൂലകങ്ങളുടെ തോതറിയാനുള്ള മണ്ണ്-സസ്യ പരിശോധന, ഘനലോഹങ്ങളുടെ വിഷാംശ നിർണ്ണയം എന്നിവയെല്ലാം പരിശോധിക്കു വാൻ കഴിവുള്ള മണ്ണ് -സസ്യ ആരോഗ്യക്ലിനി ക്കുകൾ (Soil Plant Health Clinics) ആയി ജില്ലാ മണ്ണു പരിശോധനാ കേന്ദ്രങ്ങളെ മാറ്റുവാൻ നയം ലക്ഷ്യമിടുന്നു. ജീവാണുവളങ്ങളുടെ മേന്മ കണ്ടെത്താനും ഈ പരിശോധനാശാ ലകൾക്ക് കഴിയണം.

39.14.4. പ്രവർത്തനത്തിൽ സൂക്ഷ്മത, കാര്യ ക്ഷമത, സമയബന്ധിത പരിശോധനാ സംവി ധാനം എന്നിവ ഉറപ്പാക്കുവാൻവേണ്ട ആധു നിക യന്ത്രസാമഗ്രികൾ പരിശോധനാശാല കൾക്ക് ലഭ്യമാക്കണം.

39.14.5. തെരഞ്ഞെടുത്ത ജില്ലാ മണ്ണുപരിശോ ധനാ ലാബുകൾക്ക് (നിർദ്ദിഷ്ട മണ്ണ്-സസ്യാരോഗ്യ ക്ലിനിക്കുകൾ) കീടനാശിനിക ളുടെ അവശിഷ്ടവിഷാംശം പരിശോ ധിക്കുന്നതിനും സൗകര്യമുണ്ടാകണം. ആല പ്പുഴ, എറണാകുളം, പാലക്കാട്, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലെ പരിശോധനശാ ലകളിലാണ് ഈ സൗകര്യം ഏർപ്പെടുത്തേ ണ്ടത്. പരിശോധനാഫലം യഥാസമയം കർഷ കർക്ക് ലഭ്യമാക്കാനും വിഷാംശരഹിതവും ആരോഗ്യപൂർണ്ണവുമായ ഭക്ഷണലഭ്യത ഉറപ്പാ ക്കാനും ഇവയ്ക്ക് കഴിയും.

39.14.6. നിലവിൽ കേരളത്തിലെ മണ്ണിൽ സൂക്ഷ്മമൂലകലഭ്യത കുറവായതിനാലും ഇതിന്റെ അഭാവം സാർവത്രികമാകുന്നതി നാലും എല്ലാ മണ്ണുപരിശോധനാശാലകളിലും സൂക്ഷ്മമൂലക വിശകലനത്തിനും സൗകര്യമു ണ്ടാകണം.

**39.15 നയം 297. കുറഞ്ഞസമയത്തിനുള്ളിൽ പരിശോധനാഫലങ്ങൾ ലഭ്യമാക്കുവാൻ പര്യാപ്തമായ വിധം രാസവള ഗുണ പരിശോധനാ ശാലകളെ പ്രാപ്തമാക്കുകയും അതിലൂടെ കർഷകർക്ക് ഗുണനിലവാരമുള്ള രാസവളങ്ങൾ ഉറപ്പാക്കുകയും വേണം.**

39.15.1. നിലവിൽ 2 രാസവള പരിശോധനാശാലകളാണ് കൃഷിവകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്നത്. രാസവളനിയന്ത്രണ ഉത്തരവ് പ്രകാരം വളങ്ങളുടെ ഗുണമേന്മാ പരിശോധന നിർബന്ധമായതിനാൽ അതിനനുസൃതമായ ഉപകരണങ്ങളും മികച്ച രാസപരിശോധകങ്ങളും ലഭ്യമാക്കണം. ഇത്തരത്തിൽ സമയബന്ധിതമായും കുറ്റമറ്റരീതിയിലും വിശകലനഫലങ്ങൾ നൽകാൻ കഴിയുമാറ് രാസവള പരിശോധനാശാലകൾ ശക്തിപ്പെടുത്തണം.

**39.16 നയം 298. കീടങ്ങളുടേയും രോഗങ്ങളുടേയും നിയന്ത്രണത്തിന് ഉപയോഗിക്കുന്ന ജൈവപദാർത്ഥങ്ങളും പരാദങ്ങളും കർഷകർക്ക് സുലഭമായി ലഭ്യമാക്കണം. ഇതിനായി സംസ്ഥാന ബയോ-കൺട്രോൾ ലബോറട്ടറിയും പാരസൈറ്റ് ബ്രീഡിങ്ങ് സ്റ്റേഷനുകളും ശക്തിപ്പെടുത്തണം.**

39.16.1. കേരളത്തിലെ പ്രധാന വിളകളെ ഉപദ്രവിക്കുന്ന കീടങ്ങളെ നിയന്ത്രിക്കുവാൻ കഴിവുള്ള ജൈവപരാദങ്ങളെ വൻതോതിൽ ഉൽപ്പാദിപ്പിക്കുകയാണ് ബയോ-കൺട്രോൾ ലബോറട്ടറിയുടെ മുഖ്യചുമതല. 50 ടൺ ട്രൈക്കോഡെർമ വിറിഡേ, 70 ടൺ സ്യൂഡോമോണസ് ഫ്ളൂറസെൻസ്, 40000 സി.സി.ട്രൈക്കോകാർഡ് എന്നിവയാണ് ലബോറട്ടറിയുടെ ഇപ്പോഴത്തെ വാർഷിക ഉല്പാദനശേഷി. ജൈവകൃഷിയിലേയ്ക്ക് പൂർണ്ണമായി ചുവടുമാറ്റാൻ നടപടികൾ സ്വീകരിക്കുന്ന കേരളത്തിൽ ഇവയുടെ ഉപയോഗം ഇനിയും വർദ്ധിക്കുകതന്നെ ചെയ്യും. ആയതിനാൽ ഈ ജൈവകീട നിയന്ത്രണ ഘടകങ്ങളുടെ ഉല്പാദനം 5-6 മടങ്ങ് എങ്കിലും വർദ്ധിപ്പിക്കേണ്ടതുണ്ട്.

39.16.2. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കാസർകോട് എന്നീ ജില്ലകളിൽ പ്രവർത്തിക്കുന്ന 9 പാരസൈറ്റ് ബ്രീഡിങ്ങ് സ്റ്റേഷനുകൾ ബയോ-കൺട്രോൾ ലബോറട്ടറിയുടെ ഉപസഹായകേന്ദ്രങ്ങളായി വികസിപ്പിക്കണം. ഇവിടങ്ങളിലേയ്ക്ക് വേണ്ട മദർ കൾച്ചറുകൾ ലബോറട്ടറിയിൽനിന്ന് ലഭ്യമാക്കണം. ഒപ്പം വേണ്ടത്ര മനുഷ്യവിഭവശേഷിയും പുതിയ യന്ത്രസാമഗ്രികളും നൽകണം.

**39.17 നയം 299. കൃഷിവകുപ്പിന്റെ കഴക്കൂട്ടത്ത് പ്രവർത്തിക്കുന്ന ബയോ - ടെക്നോളജി ആന്റ് മോഡൽ ഫ്ളോറികൾച്ചർ സെന്റർ അർദ്ധ-ഔദ്യോഗിക അധികാരമുള്ള മികവിന്റെ കേന്ദ്രമാക്കി മാറ്റണം.**

39.17.1. പ്രതിവർഷം 15 ലക്ഷം തൈകൾ ഉല്പാദിപ്പിക്കുവാൻ ഇവിടുത്തെ ടിഷ്യൂക്കൾച്ചർ ലബോറട്ടറി സുസജ്ജമാണ്. വാഴ, ഓർക്കിഡ്, ആന്തൂറിയം, കുരുമുളക് തുടങ്ങിയ വിളകളുടെ തൈകൾ ഇവിടെ ഉല്പാദിപ്പിക്കുന്നു. ചെമ്പരത്തി ഉൾപ്പെടെയുള്ള അലങ്കാരവിളകളുടെ മികവ് വർദ്ധിപ്പിക്കുവാനുള്ള പരീക്ഷണങ്ങളും ഇവിടെ പുരോഗമിക്കുന്നു.

39.17.2. കൃഷിവകുപ്പിന് കീഴിലുള്ള ഏക ബയോടെക്നോളജി സെന്ററാണ് ഇത്. സൂക്ഷ്മ സസ്യപ്രജനനത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് ഈ പരീക്ഷണശാലയ്ക്ക് കൂടുതൽ മുൻഗണന നൽകേണ്ടതുണ്ട്. ജൈവസാങ്കേതികവിദ്യയിലും പുഷ്പകൃഷിയിലും

ഈ കേന്ദ്രത്തെ മികവിന്റെ സ്ഥാപനമാക്കി മാറ്റേണ്ടതുണ്ട്. കർഷകർ, ഉദ്യോഗസ്ഥർ, അഭ്യസ്തവിദ്യരായ ചെറുപ്പക്കാർ തുടങ്ങിയവർക്ക് തൊഴിലധിഷ്ഠിതമായ പരിശീലനം നൽകാനും കർഷകർക്ക് ഗുണമേന്മയുള്ള വാഴ,കുരുമുളക്, ഓർക്കിഡുകൾ, ആന്തൂറിയം, ഔഷധസസ്യങ്ങൾ തുടങ്ങിയവയുടെ ടിഷ്യൂക്കൾച്ചർ തൈകൾ നൽകാനും കേന്ദ്രത്തിന് കഴിയണം.

39.17.3. സർക്കാർതലത്തിൽ പ്രത്യേക ശ്രദ്ധ അർഹിക്കുന്ന സ്ഥാപനമാണ് ബയോടെക്നോളജി ആന്റ് മോഡൽ ഫ്ളോറികൾച്ചർ സെന്റർ. ഇതിന്റെ പ്രവർത്തനങ്ങൾ പൂർണ്ണപ്രാപ്തിയിലെത്തിക്കാനും നടത്തിപ്പ് സുഗമമാക്കാനും 'ആത്മ'യുടെ ചുമതലയിൽ പ്രവർത്തിയ്ക്കുന്ന 'സമേതി'യുടെ മാതൃകയിൽ സ്വയംഭരണ സ്വഭാവം ഇതിന് നൽകണം.

39.17.4. സംസ്ഥാനത്തെ ടിഷ്യൂക്കൾച്ചർ ലാബുകളിൽ ഗുണമേന്മയുള്ള തൈകൾ ഉല്പാദിപ്പിക്കുവാൻ ആവശ്യമായ സാങ്കേതികസഹായം നൽകാൻ സെന്ററിനു സാധിക്കും. ഇപ്പോഴത്തെ സെന്ററിന്റെ ശേഷി, വരുന്ന 5 വർഷത്തിനുള്ളിൽ 50 ലക്ഷം മുതൽ ഒരു കോടി വരെ തൈകൾ എന്ന് കണക്കിലാക്കണം.

**39.18 നയം 300. കൃഷിവകുപ്പിന്റെ കാർഷിക എഞ്ചിനീയറിങ്ങ് വിഭാഗം ശക്തിപ്പെടുത്തണം.**

39.18.1. കാർഷികോല്പാദനക്ഷമതാ വർദ്ധനവിൽ കാർഷിക എഞ്ചിനീയറിങ്ങ് വിഭാഗത്തിന്റെ സേവനം പരമപ്രധാനമാണ്. യഥോചിതമായ യന്ത്രവല്കരണം സമയവും പ്രയത്നവും ലാഭിക്കാനും ഉല്പാദനച്ചെലവ് കുറയ്ക്കാനും വിളവെടുപ്പാനന്തരനഷ്ടം ഒഴിവാക്കാനും സഹായിക്കുന്നു.

39.18.2. കൃഷിപ്പണികൾ കാര്യക്ഷമമാക്കാൻ താരതമ്യേന വിലയും ഭാരവും കുറഞ്ഞ യന്ത്രോപകരണങ്ങൾ വികസിപ്പിക്കാൻ കാർഷിക എഞ്ചിനീയറിങ്ങ് വിഭാഗത്തിന് കഴിയണം. ഇവ പ്രവർത്തനക്ഷമമാക്കാൻ വിദഗ്ദ്ധ തൊഴിലാളികളുടെ സേവനവും ഉറപ്പാക്കണം. റീജീയണൽ ടെസ്റ്റിങ്ങ് & ട്രെയിനിങ്ങ് സെന്ററുകളിൽ (ആർ.റ്റി.റ്റി.സി.) വിവിധ യന്ത്രങ്ങൾ ഇതിനോടകം വിജയകരമായി പരിശോധിക്കുകയും അവയുടെ പ്രവർത്തനം കർഷകർക്കുകൂടി ബോദ്ധ്യമാകുമാറ് പ്രദർശിപ്പിക്കുകയും ചെയ്തിട്ടുണ്ട്. പരിശീലനത്തിനുള്ള ആധുനിക സൗകര്യങ്ങൾകൂടി ലഭ്യമാക്കി ആർ.റ്റി.റ്റി.സി.കൾ ശക്തിപ്പെടുത്തണം. വെളളായണി ആർ.റ്റി.റ്റി. സെന്ററിന് നിലവിൽ ഹോസ്റ്റൽ സൗകര്യമില്ലാത്തതും ഒരു പോരായ്മയാണ്.

39.18.3. എൻജീനിയറിങ് ഡിസൈനുകൾ തയ്യാറാക്കുക, പ്ലാനുകൾ, എസ്റ്റിമേറ്റുകൾ എന്നിവയ്ക്ക് രൂപം നൽകുക, യന്ത്രങ്ങളുടെ പരിശോധന, സർട്ടിഫിക്കേഷൻ തുടങ്ങിയ ചുമതലകളാണ് ഇപ്പോൾ കാർഷിക എഞ്ചിനീയറിങ്ങ് വിഭാഗം നിർവഹിച്ചു പോരുന്നത്. ഇതിനു പുറമേ കൃഷിവകുപ്പിന്റെ കെട്ടിടങ്ങളുടെ മേൽനോട്ടം, കൃഷിത്തോട്ടങ്ങളുടെ വൈദ്യുതിവല്കരണം, മണ്ണുസംരക്ഷണ-ജലസേചന പ്രവർത്തനങ്ങളുടെ മേൽനോട്ടം, കാർഷിക അവശിഷ്ട ഉപയോഗസംവിധാനം എന്നിവയും ഈ വിഭാഗം നിർവഹിച്ചു വരുന്നുണ്ട്. ഇവിടെയും വേണ്ടത്ര ഉദ്യോഗസ്ഥരില്ലാത്ത സാഹചര്യം നില നിൽക്കുന്നു.

**39.19 നയം 301. കർഷകരുടെ കൃഷിയിടങ്ങളിൽ പ്രാദേശിക പ്രത്യേകതകളുള്ള സാങ്കേതികവിദ്യകൾ നടപ്പാക്കുവാൻ പര്യാപ്തമാം വിധം ഗവേഷണപരിപാടിയ്ക്ക് രൂപംനൽകാൻ കൃഷിവകുപ്പിന് അധികാരം നൽകണം.**

39.19.1. ആത്മ പദ്ധതികൾ, കേന്ദ്രസഹായ പദ്ധതികൾ എന്നിവയുമായി ബന്ധപ്പെട്ട് കൃഷി വകുപ്പ് ഇപ്പോൾ ഫാർമർ ഫീൽഡ് സ്കൂളുകൾ (എഫ്.എഫ്.എസ്.)സംഘടിപ്പിച്ചു വരുന്നുണ്ട്. കർഷകരെ പ്രായോഗിക പരിജ്ഞാനത്തിൽ സമ്പന്നരാക്കാനും പ്രശ്നപരിഹാരങ്ങൾക്ക് പ്രാപ്തരാക്കാനും പുതിയ സാങ്കേതികവിദ്യകളിൽ പരിചിതരാക്കാനും ഇത്തരം പ്രവർത്തനങ്ങൾ വളരെ സഹായകരമാണ്. കർഷകസമൂഹത്തിൽ നില നിൽക്കുന്ന നാട്ടറിവ് ശേഖരം/പരമ്പരാഗത സാങ്കേതികവിജ്ഞാനം കണ്ടെത്താനും ശേഖരിക്കാനും അത് കൂടുതൽ തലങ്ങളിലേക്കെത്തിക്കാനും വകുപ്പ് തല ഗവേഷണ പരിപാടികൾക്ക് ഏറെ പ്രാമുഖ്യം നൽകേണ്ടതുണ്ട്.

39.19.2. കർഷകർക്ക് അവർ സ്വായത്തമാക്കുന്ന മികച്ച നേട്ടങ്ങൾക്ക് പ്രോത്സാഹനം നൽകാനും, വിവിധ കാരണങ്ങളാൽ വിളനാശം സംഭവിക്കുമ്പോൾ നഷ്ടപരിഹാരം നൽകാനും നമുക്ക് കഴിയണം. ഏറ്റവും കുറഞ്ഞത് 100 സൂക്ഷ്മതല ഗവേഷണ പരിപാടികളെങ്കിലും ഒരു വർഷം ഏറ്റെടുക്കാനും സാധിക്കണം.

# 40. മെച്ചപ്പെട്ട സേവനങ്ങൾ നൽകുന്നതിനായി മൃഗസംരക്ഷണവകുപ്പിനെ നവീകരിക്കൽ

40.1. കൃഷിയും അനുബന്ധമേഖലകളും സംസ്ഥാന ആഭ്യന്തര ഉത്പാദനത്തിന് (SDP) നൽകുന്ന സംഭാവനയിൽ 40 ശതമാനത്തിനടുത്ത് വരുന്നത് മൃഗസംരക്ഷണമേഖലയിൽ നിന്നാണ്. തദ്ദേശ - കമ്പോള ആവശ്യങ്ങൾ നേരിടാൻ പാലിന്റെയും മുട്ടയുടെയും ഇറച്ചിയുടെയും ഉല്പാദനം ഗണ്യമായി വർദ്ധിപ്പിക്കാനും അതോടൊപ്പം തൊഴിൽസാധ്യതകൾ സൃഷ്ടിക്കുവാനും ഗ്രാമത്തിലെ കർഷകർക്ക് ഭേദപ്പെട്ട ഉപജീവനമാർഗത്തിനായി വരുമാനം വർദ്ധിപ്പിക്കുന്ന അവസരങ്ങൾ ഒരുക്കാനുമുള്ള സാധ്യതകൾ ഈ മേഖലയിൽ ഉണ്ട്. മുകളിൽ പറഞ്ഞ കാര്യങ്ങളെല്ലാം കണക്കിലെടുത്ത് മൃഗസംരക്ഷണ വകുപ്പിന്റെ സേവനം മെച്ചപ്പെടുത്തുന്നതിനായി വകുപ്പിനെ നവീകരിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾക്ക് തുടക്കമിടേണ്ടതാണ്.

40.2. മൃഗസംരക്ഷണ മേഖലയുടെ വികസനത്തിനും മൃഗചികിത്സാ ആരോഗ്യരംഗത്ത് പുതിയ വെല്ലുവിളികൾ നേരിടുന്നതിനുമായി ഒരു പുതിയ നിയന്ത്രണ ഘടനയ്ക്ക് രൂപംനൽകുന്നതിനായി മൃഗസംരക്ഷണ ഡയറക്ടറേറ്റിനെ നവീകരിച്ച് ശക്തിപ്പെടുത്തേണ്ടതാണ്.

40.3. ഒരു വിഷയത്തിൽ പ്രത്യേക പരിജ്ഞാനമുള്ളവരും വിവിധ മേഖലയിൽ നൈപുണ്യം നേടിയവരും ഉൾപ്പെടുന്ന വെറ്ററിനറി വിദഗ്ദ്ധരുടെ സേവനങ്ങൾ വകുപ്പിന്റെ പ്രവർത്തനാവശ്യങ്ങൾ ഫലപ്രാപ്തിയോടെ നേരിടുന്നതിനായി അനുകൂലമായി ഉപയോഗിക്കുകയെന്നതിനാവണം കൂടുതൽ ഊന്നൽ നല്കേണ്ടത്.

40.4. വകുപ്പ് ചെയ്യുന്ന എല്ലാ പ്രവർത്തനങ്ങളും രണ്ടു വിഭാഗങ്ങളായി തിരിക്കാം - സാങ്കേതിക പ്രവർത്തനങ്ങളും, ഭരണ -പൊതുഖജനാവിനെ സംബന്ധിക്കുന്ന പ്രവർത്തനങ്ങളും. ഡിസ്പെൻസറികൾ, ആശുപത്രികൾ, പോളിക്ലിനിക്കുകൾ, ലബോറട്ടറികൾ തുടങ്ങിയവയിലൂടെ ജില്ലാ-പഞ്ചായത്ത് തല ഉദ്യോഗസ്ഥന്മാരും ജീവനക്കാരും ചേർന്നാണ് ചികിത്സ, കൃത്രിമബീജസങ്കലനം, തീറ്റ നൽകൽ, രോഗനിയന്ത്രണം തുടങ്ങിയ സാങ്കേതിക പ്രവർത്തനങ്ങൾ നടപ്പാക്കുന്നത്. ഭരണപരമായും സാമ്പത്തികമായുമുള്ള ഉത്തരവാദിത്തങ്ങൾ സംസ്ഥാന-ജില്ലാതല ഉദ്യോഗസ്ഥരും നടത്തുന്നു.

**40.5 നയം 302. പ്രവർത്തനങ്ങളുടെ ഗുണമേന്മ, പ്രധാനമായ പ്രവർത്തനങ്ങളുടെ കാര്യക്ഷമത എന്നിവ നിലനിർത്താൻ ജീവനക്കാരുടെ കാഴ്ചപ്പാടിനും പെരുമാറ്റത്തിനും നല്ല സംഭാവനകൾ നല്കാൻ കഴിയും. ഈ തത്വങ്ങൾ പ്രാവർത്തികമാക്കാൻ വേണ്ട നടപടികൾ എത്രയും വേഗം സ്വീകരിക്കണം.**

40.5.1. മാനവശേഷി വികസന സെല്ലിന് (HRD) നിയമന നയത്തിൽ നല്ല പ്രകടനം കാഴ്ചവയ്ക്കാൻ കഴിയും. പരിശീലനം, നിയമനം, സ്ഥലംമാറ്റൽ, ഉന്നത പദവിയിലേക്ക് സ്ഥാനക്കയറ്റം, അല്ലെങ്കിൽ ജോലി സംബന്ധമായ ആസൂത്രണം ഇവയെല്ലാം അടിസ്ഥാനമാക്കിയ വികസനപ്ലാനുകളിലും HRD വിഭാഗത്തിന് നല്ല പങ്കുണ്ട്. മനഃശാസ്ത്രപരമായ പരീക്ഷണങ്ങളിലൂടെയും ബഹുമുഖപ്രതിഭകളുടെ പെരുമാറ്റം വിലയിരുത്തിയും നിയമന നിയമങ്ങളിൽ മാറ്റം വരുത്തുകയെന്നത് പരിജ്ഞാനമാവശ്യമായ ജോലിയാണ്. അതിനാൽ എല്ലാ സജ്ജീകരണങ്ങളോടുകൂടി ഡയറക്ടറേറ്റ് തലത്തിൽ

മാനവ ശേഷി വികസന സെൽ (HRD) രൂപവല്കരിക്കുകയെന്നത് അത്യന്താപേക്ഷിതമാണ്.

40.5.2. രാജ്യത്തിന് അകത്തും പുറത്തുമുള്ള ഏറ്റവും നല്ല സ്ഥാപനങ്ങളിലും അല്ലെങ്കിൽ മികവിന്റെ കേന്ദ്രങ്ങളിലും (Centres of Excellence) ജീവനക്കാരെ പരിശീലിപ്പിക്കുകയും സജ്ജമാക്കുകയും ചെയ്യുകവഴി അവരുടെ കഴിവുകൾ, മനോഭാവം, അഭിരുചി, ജോലിയുടെ ഫലം എന്നിവ മെച്ചപ്പെടുത്തുകയും കർഷക സമൂഹത്തിന്റെ അഭിവൃദ്ധിയ്ക്കായി ഗുണമേന്മയുള്ള ഉദ്യോഗസ്ഥരെ വളർത്തിയെടുക്കാൻ കഴിയുകയും ചെയ്യും.

40.5.3. സ്ഥിരജീവനക്കാർക്കും (സാങ്കേതിക വിദഗ്ധരും, മിനിസ്റ്റീരിയൽ വിഭാഗവും) വിദഗ്ധമായ പരിശീലനം നൽകണം – അതായത് വികസന ഉദ്യോഗസ്ഥന്മാരായി നിയോഗിക്കപ്പെട്ട പുതിയ വെറ്ററിനറി ബിരുദധാരികൾക്ക് ഡിസ്പെൻസറിയിൽ നിയമിച്ചവരിൽ നിന്നും തികച്ചും വ്യത്യസ്തമായ പരിശീലനമാണ് ആവശ്യം. അതുപോലെ ജീവനക്കാരെ പുതിയ മേഖലയിലേക്ക് സ്ഥലമാറ്റം ചെയ്യുമ്പോൾ, പുതിയ പദവികളുടെയും ചുമതലകളുടെയും നൂലാമാലകൾ മനസ്സിലാക്കാൻ പരിശീലനം ഒഴിച്ചുകൂടാൻ വയ്യാത്തവണ്ണം അത്യന്താപേക്ഷിതമാണ്. ഇത്തരത്തിലുള്ള പരിശീലന പദ്ധതികൾ ജീവനക്കാരുടെ നല്ല പ്രവൃത്തികൾ കാഴ്ചവയ്ക്കുന്നതിന് പ്രോത്സാഹനം നൽകും. ഇത്തരത്തിൽ പരിശീലന സംവിധാനം മെച്ചപ്പെടുത്തുകവഴി വകുപ്പിനാവശ്യമായ മുഴുവൻ മാനവശേഷിവികസന പരിശീലനവും കാര്യക്ഷമതയോടെ ഏറ്റെടുത്ത് നടപ്പാക്കാനാവും.

40.5.4. ബിരുദാനന്തര ബിരുദപഠനത്തിന് തെരഞ്ഞെടുത്ത ഉദ്യോഗസ്ഥരെ സർവ്വകലാശാലകളിലോ, മികവിന്റെ കേന്ദ്രങ്ങളിലും ഇന്ത്യയിലേയോ വിദേശത്തെയോ സ്വയംഭരണ സർവ്വകലാശാലകളിലോ, കേന്ദ്ര ഇൻസ്റ്റിറ്റ്യൂട്ടുകളിലോ അവരുടെ അറിവും കാഴ്ചപ്പാടും മെച്ചപ്പെടുത്തുന്നതിനായി അയയ്ക്കുന്നത് വകുപ്പിന്റെ ഗുണമേന്മ വർദ്ധിക്കാൻ ഇടയാക്കും. ഇതിനുപുറമെ, എപ്പോഴൊക്കെ വിവിധ പ്രശ്നങ്ങൾക്ക് സന്നദ്ധസേന ആവശ്യമുണ്ടോ, അപ്പോഴൊക്കെ വിദഗ്ധന്മാരടങ്ങുന്ന സംഘം രൂപവല്കരിക്കാനും സാദ്ധ്യമാണ്. ഇത്തരം പരിശീലനത്തിനായി പ്രതിവർഷം കുറഞ്ഞത് 15 ഉദ്യോഗസ്ഥരെയെങ്കിലും അയക്കേണ്ട താണ്.

**40.6 നയം 303. മൃഗസംരക്ഷണവകുപ്പിലെ ഉദ്യോഗസ്ഥരെ പൊതുവിഭാഗമെന്നും വിഷയവിദഗ്ദ്ധരെന്നും തരംതിരിച്ച് വകുപ്പിന്റെ സേവനം മെച്ചപ്പെടുത്താൻ അവരെ ഉപയോഗിക്കേണ്ടതാണ്.**

40.6.1. ഗുണമേന്മ അടിസ്ഥാനമാക്കിയുള്ള വകുപ്പിന്റെ ലക്ഷ്യം സഫലീകരിക്കാൻ പരിജ്ഞാനം നേടിയ ഉദ്യോഗസ്ഥരെ ദീർഘകാലാടിസ്ഥാനത്തിലുള്ള ഈ നയത്തിന്റെ ഭാഗമാക്കണം. പ്രകടനത്തിന്റെ ഗുണമേന്മയും സുപ്രധാന പ്രവർത്തനങ്ങളുടെ കാര്യക്ഷമതയും നിലനിർത്തുന്നതിനായി ആവശ്യമായ യോഗ്യതയും പ്രവൃത്തിപരിചയവുമുള്ള വിദഗ്ധന്മാർക്ക് വേണം മുൻഗണന നൽകാൻ എന്ന ശുപാർശ വന്നിട്ടുണ്ട്. അവരുടെ ഭാവിവികസന പദ്ധതികൾ – അതായത് – നിയമനങ്ങൾ, സ്ഥലംമാറ്റം, സ്ഥാനകയറ്റം തുടങ്ങിയവ – അവർ പ്രത്യേക പരിജ്ഞാനംനേടിയ വിഷയത്തെ ആസ്പദമാക്കി HRD സെൽ കൈകാര്യംചെയ്യും. അത്തരം പ്രത്യേകപദവികളിലെ നിയമന നിയമങ്ങൾക്ക് മാറ്റംവരുത്തുകയും ഓരോ പ്രത്യേകപദവിക്കും വേണ്ട യോഗ്യതകൾ നേരത്തെ സൂചിപ്പിക്കുകയും വേണം.

**40.7 നയം 304. മെച്ചപ്പെട്ട നിരീക്ഷണത്തിനും, ഫലപ്രാപ്തിയുള്ള പദ്ധതി രൂപവല്പരണത്തിനും നടത്തിപ്പിനും താലൂക്ക് തലത്തിൽ സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.**

40.7.1. ഇന്നത്തെ സ്ഥിതിയിൽ, പഞ്ചായത്തു തലത്തിലുള്ള അടിസ്ഥാന നടത്തിപ്പിന് രണ്ട് തരത്തിലുള്ള സ്ഥാപനങ്ങളാണുള്ളത്. വെറ്ററിനറി ആശുപത്രി / ഡിസ്‌പെൻസറിയും ഉപകേന്ദ്രവും. കൃത്രിമ ബീജദാന കേന്ദ്രങ്ങളെന്നനിലയിൽ ഉപകേന്ദ്രങ്ങളുടെ നിയന്ത്രണം മേഖലാ കൃത്രിമ ബീജദാന കേന്ദ്രത്തിന്റെ ചുമതലയുള്ള അസിസ്റ്റന്റ് ഡയറക്ടർക്കായതുകൊണ്ടുതന്നെ ഇത്തരം ഉപകേന്ദ്രങ്ങളുടെ മേൽ പഞ്ചായത്തുതല ഡിസ്‌പെൻസറികൾക്ക് നിലവിൽ ഭരണനിയന്ത്രണാധികാരമില്ല. സംസ്ഥാനത്തെ ഉപകേന്ദ്രങ്ങളിൽ 1400 ലൈവ്‌സ്റ്റോക്ക് ഇൻസ്‌പെക്ടർമാർ ഉണ്ട്. ഭരണനിയന്ത്രണത്തിന്റെ കുറവ് കാരണം ഭീമമായ ഈ മനുഷ്യശേഷി പ്രധാന മേഖലാപരിപാടികളിൽ നല്ല രീതിയിൽ ഉപയോഗിക്കാൻ കഴിയുന്നില്ല.

40.7.2. അതിനാൽ താലൂക്ക് തലത്തിൽ / ബ്ലോക്ക് തലത്തിൽ റീജിയണൽ കേന്ദ്രങ്ങൾ പുതിയ ഭരണസംവിധാനത്തിൽ പുനഃസൃഷ്ടിക്കണം. ഈ സ്ഥാപനത്തിന്റെ മേലും റീജിയണൽ കേന്ദ്രങ്ങൾക്ക് ഭരണ നിയന്ത്രണമുണ്ട്. പഞ്ചായത്തുതല സ്ഥാപനങ്ങളുടെ ചുമതലയും അസിസ്റ്റന്റ് ഡയറക്ടർക്കായതു കാരണം, താലൂക്ക് തലത്തിൽ ഇതിന്റെ ചുമതല ഡപ്യൂട്ടി ഡയറക്ടർ തലത്തിലുള്ള ഉദ്യോഗസ്ഥന് നൽകുകയും മേഖലാതലത്തിൽ രൂപപ്പെടുത്തേണ്ട ഈ ഭരണക്രമം സംസ്ഥാനതല ഡയറക്ടറേറ്റിന്റെ പ്രവർത്തന മാതൃകയിൽ ചിട്ടപ്പെടുത്തുകയും വേണം.

**40.8 നയം 305. കർഷകർക്ക് നല്ല മരുന്നുകൾ ലഭിക്കുന്നു എന്നുറപ്പുവരുത്താൻ, വിലക്കുറവിനേക്കാൾ ഗുണമേന്മ നോക്കിയാവണം സർക്കാർ മരുന്നുകൾ വാങ്ങേണ്ടത്.**

40.8.1. വകുപ്പിനാവശ്യമായ മരുന്നുകൾ വാങ്ങുമ്പോൾ ഗുണനിലവാരമുറപ്പുവരുത്തുന്നതിനായി 3 ഫീൽഡുതല സാങ്കേതിക ഉദ്യോഗസ്ഥന്മാരും, മൃഗസംരക്ഷണ ഡയറക്ടറേറ്റിലെ ഒരു സാങ്കേതിക വിദഗ്ദ്ധനും ഉൾപ്പെടുന്ന ഒരു സംസ്ഥാനതല സാങ്കേതികസമിതി രൂപവല്കരിക്കാൻ ശുപാർശ ചെയ്യുന്നു. ഗുണനിലവാരമില്ലാത്ത മരുന്നുകൾ, ഉപകരണങ്ങൾ, മറ്റു സാങ്കേതിക നിക്ഷേപങ്ങൾ ഇവയെല്ലാം ചികിത്സയുടെ ഫലപ്രാപ്തിയിൽ പ്രതിഫലിക്കും. മൊത്തമായി മരുന്ന് വാങ്ങുമ്പോഴും (bulk purchases), പ്രത്യേകതയുള്ള വാങ്ങലുകളിലും (specialised purchases) സാങ്കേതികസമിതി സൂക്ഷ്മ പരിശോധന നടത്തണം. ഓരോ സാമ്പത്തികവർഷത്തിന്റെയും ആദ്യത്തെ രണ്ടുമാസത്തിനുള്ളിൽ അംഗീകൃതനിരക്ക് (റേറ്റ് കോൺട്രാക്റ്റ്) അംഗീകരിച്ച് ഉറപ്പുവരുത്താൻ ഒരു സംവിധാനം വേണം. ജൂൺ മാസത്തിനു മുൻപേ വാങ്ങലുകൾ നടത്തണം. ചരിത്രവും പഴയകാലപ്രകടനവും കണക്കിലെടുത്ത് വേണം ഓർഡർ നൽകാൻ. ഉപലബ്ധിക്കായി അംഗീകാരം ലഭിച്ച ഉല്പന്നങ്ങൾ തദ്ദേശീയമായി എളുപ്പത്തിൽ ലഭ്യമാവണം.

40.8.2. സർക്കാർ പദ്ധതികളിൽ പ്രധാനമായും ഗുണഭോക്താക്കളാവുന്നത് സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കർഷകരാണ്. അതുകൊണ്ടുതന്നെ മരുന്നുകൾ, വാക്സിനുകൾ, ഉപകരണങ്ങൾ മറ്റു അവശ്യമായ സാധനങ്ങൾ തുടങ്ങിയവ വിതരണത്തിനായി വാങ്ങുമ്പോൾ വിലക്കുറവിനേക്കാൾ ഗുണമേൻമയ്ക്ക് പ്രാധാന്യം നൽകണം. സർക്കാർ ഇതിനനുസരണമായ നിയമനിർമ്മാണം നടത്തണം.

# 41. സംസ്ഥാന കാർഷികഗവേഷണ നയം

41.1. സംസ്ഥാനത്ത് കാർഷികമേഖലയുടെ സുസ്ഥിരവികസനത്തിന് സഹായകമായ മാനവശേഷി, സാങ്കേതികവിദ്യ തുടങ്ങിയവ രൂപപ്പെടുത്തുന്നതിൽ കേരള കാർഷിക സർവ്വകലാശാലയ്ക്ക് പ്രഥമസ്ഥാനമാണുള്ളത്. വിദ്യാഭ്യാസം, ഗവേഷണം, വിജ്ഞാനവ്യാപനം എന്നീ മേഖലകളിൽ സ്തുത്യർഹമായ സേവനം ഈ സ്ഥാപനം നൽകിവരുന്നു.

41.2. കേരള കാർഷികസർവ്വകലാശാലയുടെ ഗവേഷണനേട്ടങ്ങൾ കർഷകർക്കിടയിൽ പ്രചുരപ്രചാരം നേടിയവയും പ്രശസ്തവുമാണ്. ഇവിടെനിന്നും പുറത്തിറക്കിയിട്ടുള്ള ജ്യോതി, ഉമ തുടങ്ങിയ നെൽവിത്തിനങ്ങളും, പച്ചക്കറി, സുഗന്ധവിളകൾ തുടങ്ങിയ വിളകളുടെ 200 – ലധികം അത്യുല്പാദന ശേഷിയുള്ള ഇനങ്ങളും, ഇതര കാർഷിക സാങ്കേതികവിദ്യകളുമൊക്കെ അമൂല്യമായ സംഭാവനകളായിരുന്നു.

41.3. ഉമ, ജ്യോതി, പ്രത്യാശ തുടങ്ങി സംസ്ഥാനത്ത് ഇപ്പോൾ കൃഷിചെയ്യുന്ന പ്രധാന നെൽവിത്തിനങ്ങളിലേറെയും കേരള കാർഷികസർവ്വകലാശാല പുറത്തിറക്കിയവയാണ്. പാവലും വെണ്ടയും ഉൾപ്പെടെ പച്ചക്കറികളിലെ 56 ഇനങ്ങൾ, 6 വാഴ ഇനങ്ങൾ, 7 കുരുമുളക് ഇനങ്ങൾ, ലവണ ജലത്തെ അതിജീവിക്കാൻ കഴിവുള്ള നെല്ലിനങ്ങൾ തുടങ്ങിയവയും സർവ്വകലാശാലയുടെ സംഭാവനയാണ്. അയൽസംസ്ഥാനങ്ങളായ തമിഴ്നാട്, കർണ്ണാടക എന്നിവിടങ്ങളിലെ കർഷകരും കേരള കാർഷികസർവ്വകലാശാല പുറത്തിറക്കിയ ധാരാളം ഇനങ്ങൾ ഉപയോഗപ്പെടുത്തുന്നുണ്ട്.

41.4. കേരള കാർഷികസർവ്വകലാശാലയുടെ വിജ്ഞാനവ്യാപന പ്രവർത്തനങ്ങളും നിസ്തുലമാണ്. ചെറുകിട യന്ത്രവല്കരണം, കൃത്യതാകൃഷി, ഉല്പാദനക്ഷമതാ വർദ്ധനവ്, മൂല്യവർദ്ധന, കാർഷികവ്യവസായങ്ങൾ തുടങ്ങിയവയാണ് പുതുതായി സർവ്വകലാശാല ഊന്നൽ നൽകുന്ന പ്രവർത്തനമേഖലകൾ.

**41.5 നയം 306. സംസ്ഥാനത്തെ നിലവിലെ കാർഷിക സാഹചര്യങ്ങൾക്കനുസരണമായി കാർഷികസർവ്വകലാശാലയുടെ ലക്ഷ്യങ്ങൾ പുനർനിർവ്വചിക്കേണ്ടതുണ്ട്.**

41.5.1. കൃഷിയിടങ്ങളുടെ വിസ്തൃതിയിൽവന്ന സാരമായ കുറവ്, ഉല്പാദനക്ഷമതക്കുറവ്, വരുമാനക്കുറവ് തുടങ്ങിയവയെല്ലാം യുവജനങ്ങളെ കൃഷിയിൽ നിന്നകറ്റുകയാണ്. ഉയർന്ന കൂലിയും, ആവശ്യത്തിന് കർഷകത്തൊഴിലാളികളെ ലഭിക്കാത്തതും നിലവിലുള്ള കർഷകരെപ്പോലും നിരാശയിലാഴ്ത്തുന്നു. അതേസമയംതന്നെ കാർഷിക മേഖലയിൽ പുതുതായി ഉണ്ടാകുന്ന മാറ്റങ്ങളും കണക്കിലെടുക്കേണ്ടതുണ്ട്. നിരവധി സർക്കാരിതര സംഘടനകളും സ്വകാര്യസംരംഭകരും ഈ രംഗത്തേക്ക് ധാരാളമായി കടന്നുവരുന്നു. 16.8 ദശലക്ഷം കടന്ന് കേരളത്തിലെ മധ്യവർഗ്ഗം അതിവേഗം വളരുമ്പോൾ ഉല്പന്നങ്ങൾ വാങ്ങാനുള്ള അവരുടെ വർദ്ധിച്ച ശേഷിയും നിർണ്ണായകമാവുകയാണ്. ഇതെല്ലാം കണക്കിലെടുത്തുവേണം നമ്മുടെ കാർഷികാസൂത്രണ ഗവേഷണ പദ്ധതികൾ നടപ്പിലാക്കാൻ.

41.5.2 ചെറുകിട കർഷകരുടെ ജീവിതനിലാവാരം ഉയർത്തുന്നതിന് പര്യാപ്തമായ കാർഷികോല്പാദനം സാധ്യമാക്കുന്ന സാങ്കേ

തികവിദ്യകൾ വികസിപ്പിക്കുക എന്നത് കാർഷികസർവ്വകലാശാല പ്രധാന ദൗത്യമായെടുക്കണം.

**41.6 നയം 307. കാർഷിക സർവ്വകലാശാലയുടെ കടബാധ്യത തീർക്കുന്നതിന് സർക്കാർ ഒറ്റത്തവണ ഗ്രാന്റ് നൽകി സഹായിക്കണം.**

41.6.1. ഇന്ന് കേരള കാർഷികസർവ്വകലാശാലക്ക് 265 കോടി രൂപയുടെ സഞ്ചിത ബാധ്യതയുള്ളത് അതിന്റെ പ്രവർത്തനങ്ങളെ പ്രയാസത്തി ലാക്കുന്നുണ്ട്. ഇത് മറികടക്കാനാവാത്ത ഒരു തടസ്സമായി കാണേണ്ടതില്ല. സർവ്വകലാശാലയെ സ്വയം പരാപ്തവും ലക്ഷ്യോന്മുഖവുമാക്കുന്നതിലൂടെ നമ്മുടെ സംസ്ഥാനവും കർഷകരും ഈ രംഗത്ത് അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ കൈകാര്യംചെയ്യപ്പെടും എന്ന് പ്രതീക്ഷിക്കണം. നിലവിലെ ഈ സാമ്പത്തികക്ലേശം അനഭികാമ്യവും ദൗർഭാഗ്യകരവുമായ കാരണങ്ങൾകൊണ്ട് ഉണ്ടായതാണെങ്കിലും; അക്കാരണത്താൽപ്പോലും, വലിയ മുതൽമുടക്കിൽ തുടങ്ങിയ ഇത്തരമൊരു വിഭവസമ്പന്നമായ സ്ഥാപനം നശിക്കപ്പെടരുത്. വിശ്വസനീയമായ കണക്കുകൾ പ്രകാരം കേരളത്തിന്റെ കാർഷികമേഖല സമ്മാനിക്കുന്നത് ഒരുലക്ഷംകോടി രൂപ മൂല്യമുള്ള ഉല്പന്നങ്ങളാണ്. കേരള കാർഷികസർവ്വലാശാലയുടെ കാര്യമായ സംഭാവനയില്ലാതെ കാർഷികരംഗത്തുനിന്ന് ഇത്രയധികം നേട്ടം കൈവരിക്കാൻ സാധ്യമാകുമായിരുന്നില്ല. അടുത്ത രണ്ടുദശകങ്ങൾക്കുള്ളിൽ ഈ സംഭാവന ഇരട്ടിയാക്കാൻ കാർഷികസർവ്വകലാശാലയെ പര്യാപ്തമാക്കണം. സർവ്വകലാശാലയെ ലാഭമുണ്ടാക്കാനുള്ള ഒരു സ്ഥാപനമായി മാത്രം കാണാതെ അതിന്റെ സംഭാവനകൾ മുൻനിർത്തി വ്യത്യസ്തമായ അളവുകോലുകൾകൊണ്ട് വിലയിരുത്താൻ കഴിയണം.

**41.7 നയം 308. കാർഷിക സർവ്വകലാശാലയെ വിഭജിച്ച് കൂടുതൽ പുതിയ സർവ്വകലാശാലകളും കാമ്പസുകളും കോളേജുകളും സൃഷ്ടിച്ച പുതിയരീതി അനഭിലഷണീയവും വിദ്യാഭ്യാസഗുണമേന്മയെ പ്രതികൂലമായി ബാധിക്കുന്നതുമാണ്.**

41.7.1. ഈ പ്രവണത സംസ്ഥാനതലത്തിൽ ത്തന്നെ തടയേണ്ടതുണ്ട്. അതേ സമയം തന്നെ വിഭവപരിമിതികളെ നേരിടാനും നിലവിലുള്ള സർവ്വകലാശാലകളെ ശക്തിപ്പെടുത്തുന്നതിനുമായി യുക്തിസഹമായ കൂട്ടിച്ചേർക്കലുകളും ആനുപാതികമായ വെട്ടിക്കുറയ്ക്കലുകളും നടത്തേണ്ടതുമുണ്ട്.

41.7.2. കേരള കാർഷികസർവ്വകലാശാലയെ വിഭജിച്ച് കേരള വെറ്ററിനറി സർവ്വകലാശശാല (KVASU), ഫിഷറീസ് സർവ്വകലാശാല (KUFOS) എന്നിവ രൂപവല്കരിക്കുമ്പോൾ നിലവിലുള്ള ബാദ്ധ്യതകളിൽ കുറെയെങ്കിലും ഒഴിവാക്കാനാവുമെന്നു കരുതിയിരുന്നു. എന്നാൽ, യഥാർത്ഥത്തിൽ കാർഷികസർവ്വകലാശാലയുടെ ബാദ്ധ്യത ഏറുകയാണുണ്ടായത്. സർവ്വകലാശാലയെ മൂന്നായി വിഭജിച്ച ഘട്ടത്തിൽ സ്വത്തുക്കളും സ്ഥാപനങ്ങളും ജീവനക്കാരും വിഭജിക്കപ്പെട്ടു. ഫിഷറീസ് സർവ്വകലാശാലയിലേയ്ക്ക് 75 ജീവനക്കാരും വെറ്ററിനറി സർവ്വകലാശാലയിലേയ്ക്ക് 160 പേരും മാത്രമാണ് പോയത്. പുതുതായി രൂപവല്കൃതമായ സർവ്വകലാശാലകളിലേതുൾപ്പെടെ 4800- ഓളം ജീവനക്കാരുടെ പെൻഷനും മറ്റു റിട്ടയർമെന്റ് ആനുകൂല്യങ്ങളും നൽകാനുള്ള ബാദ്ധ്യത ഇപ്പോഴും കാർഷികസർവ്വകലാശാലയ്ക്കാണ്.

**41.8 നയം 309. കൃഷി, മൃഗസംരക്ഷണം, ഫിഷറീസ്, സാമൂഹ്യ വനവല്കരണം തുടങ്ങിയ വകുപ്പുകളുടെ മൊത്തം പദ്ധതിവിഹിതത്തിന്റെ 15% എങ്കിലും സർവ്വകലാശാലക്ക് ഗവേഷണത്തിനായി നൽകുന്നുവെന്ന് സർക്കാർ ഉറപ്പുവരുത്തണം.**

41.8.1. വളരുന്ന കടബാധ്യതകളും, ഭാരിച്ച ശമ്പള-പെൻഷൻ ചെലവുകളും, സർക്കാർ സഹായത്തിന്റെ അപര്യാപ്തതയും കാർഷിക സർവ്വകലാശാലയുടെ വളർച്ചയെ പിന്നോട്ട ടിക്കുന്നു.

41.8.2. ഏകദേശം 4500 പേർക്ക് (2500 തോട്ടം തൊഴിലാളികൾ, 1800 ജീവനക്കാർ ഉൾപ്പെടെ) തൊഴിൽനൽകുന്ന കേരള കാർഷികസർവ്വക ലാശാല കേരളത്തിലെ ഏറ്റവുംവലിയ തൊഴിൽദാതാക്കളിൽ ഒന്നാണ്. മൊത്ത വാർഷിക പദ്ധതിത്തുക ശമ്പളം, പെൻഷൻ എന്നിങ്ങനെ വീതിച്ചു കഴിഞ്ഞാൽ സർവ്വക ലാശാലയിലെ ഗവേഷണത്തിനും വികസന ത്തിനും വളരെ ചെറിയ തുക മാത്രമേ ബാക്കിവരുന്നുള്ളു. അതിനാൽ കേരളത്തിലെ പ്രധാന വിളകളിലെല്ലാം ഗവേഷണ-വികസന പ്രവർത്തനങ്ങൾ നടത്താൻ പര്യാപ്തമായ ഒരു തുക സർവ്വകലാശാലയുടെ സേവനം നല്ല രീതിയിൽ സംസ്ഥാനത്തിന് ലഭിക്കാൻ അനു വദിച്ച് നൽകേണ്ടതാണ്.

41.8.3. കാർഷികസർവ്വകലാശാലയിലെ കാമ്പസുകളുടെ അടിസ്ഥാന സൗകര്യ വിക സനത്തിന് മുതൽക്കൂട്ടാവുന്നതരത്തിൽ ഭാവിയിലേയ്ക്കുള്ള കരുതൽധനമായി പര്യാപ്തമായ ഒരു തുക (ലംപ്സം ഗ്രാന്റ്) സർക്കാർ അനുവദിക്കണം. അതു പോലെതന്നെ നിലവിലുള്ള അടി സ്ഥാനസൗകര്യങ്ങളുടെ പുനരുദ്ധാരണ ത്തിനും അറ്റകുറ്റപ്പണികൾക്കും ഫണ്ട് അനു വദിക്കേണ്ടതാണ്. ഫണ്ട്ലഭ്യതയിൽ ഉണ്ടാകാൻ സാദ്ധ്യതയുള്ള അനിശ്ചിതത്വങ്ങൾക്ക് ഇതൊരു പരിഹാരമാവും.

**41.9 നയം 310. കാലികമായി ഉയർന്നു വരുന്ന വിഷയങ്ങളും മേഖലകളും കാർഷിക സർവ്വകലാശായുടെ വിദ്യാഭ്യാസ പരിപാടികളിൽ ഇടം നേടണം.**

4.9.1 സാമൂഹ്യ, സാമ്പത്തിക, ശാസ്ത്രീയ മാറ്റങ്ങൾക്കൊപ്പം പുതിയ മേഖലകളായ കാർഷിക-വ്യവസായ മാനേജ്മെന്റ്, ബയോ-ടെക്നോളജി, മോളിക്യുലർ ടാക്സോ ണമി, പാരിസ്ഥിതിക ശാസ്ത്രങ്ങൾ, സസ്യ-മൃഗ ജനിതക സ്രോതസ്സുകൾ തുടങ്ങിയവ കരിക്കുലത്തിൽ ഉൾപ്പെടുത്തണം. ഇതോ ടൊപ്പം ലോക വ്യാപാരക്കരാർ, ജൈവ വൈവിധ്യ കൺവെൻഷൻ, മറ്റു അന്താരാഷ്ട്ര ഉടമ്പടികൾ എന്നിവയുമായി ബന്ധപ്പെട്ട ബൗദ്ധിക സ്വത്തവകാശ നിയമങ്ങളും പഠനവിധേയമാക്കേണ്ടതുണ്ട്. കാർഷികസർവ്വകലാശാലയിലെ പഠന-പരി ശീലന പരിപാടികളിലെല്ലാംതന്നെ ഇത്തരം വളർന്നുവരുന്ന മേഖലകൾക്ക് ഇടം നൽകേണ്ടതുണ്ട്.

41.9.2. ജനിതക എൻജിനീയറിങ്ങിന്റെയും മോളിക്യുലർ ബയോളജിയുടെയുമെല്ലാം കാര്യ ക്ഷമമായ ഉപയോഗത്തിലൂടെ സാങ്കേതിക വിപ്ലവം സംഭവിക്കുമ്പോഴും അതിന് ഊർജ്ജം പകർന്നുനൽകാൻ അടിസ്ഥാന ഗവേഷണം ശക്തിപ്രാപിച്ചേ മതിയാവൂ. അതുകൊണ്ടു തന്നെ ആവശ്യമായത്ര വിഭവങ്ങളും വിദഗ്ദ്ധസേവനവും ഉറപ്പുവരുത്തി അടിസ്ഥാന ശാസ്ത്രവികസനത്തിന് വേണ്ടത്ര പ്രാധാന്യംനൽകാൻ കാർഷിക സർവ്വകലാശാലകൾ തയ്യാറാവണം.

41.9.3 കർഷകസമൂഹത്തിന്റെ പ്രശ്നങ്ങൾ സങ്കീർണ്ണവും വൈവിധ്യ പൂർണ്ണവു മായതുകൊണ്ടുതന്നെ അവ ഫലപ്രദമായി കൈകാര്യം ചെയ്യുന്ന തിനായി സാമൂഹ്യ-പെരുമാറ്റ ശാസ്ത്രങ്ങൾക്ക് പാഠ്യവിഷയ ങ്ങളിൽ സർവ്വകലാശാല തുല്യപ്രാധാന്യം നൽകേണ്ടതുണ്ട്.

**41.10 നയം 311. കാർഷികസർവ്വകലാ ശാലയിലെ ഗവേഷണത്തിന്റെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന് അനുയോജ്യമായ സാഹചര്യ മൊരുക്കണം.**

41.10.1. ഗവേഷണത്തിലെ വിജയം ഒരു വലിയ തോതുവരെ ശാസ്ത്രജ്ഞന്റെ കഴിവ്, പ്രചോദനം എന്നിവയേയും, അനുകൂലമായ ഗവേഷണചുറ്റുപാടിൽ അദ്ദേഹത്തിന് ലഭിക്കുന്ന അവസരങ്ങളേയും ആശ്രയിച്ചിരിക്കുന്നു.

41.10.2. ഗവേഷണപ്രതിഭകൾക്ക് ആധുനിക ശാസ്ത്രമേഖലകളിൽ അവസരങ്ങൾ തുറന്നുകൊടുക്കുകയും, യോജിച്ച പരിശീലനം നൽകുകയും ചെയ്യുന്നതിലൂടെ നിരന്തരമായ പ്രവർത്തനപുരോഗതി ഉറപ്പാക്കാനും കാര്യക്ഷമത വർദ്ധിപ്പിക്കാനും കഴിയും.

41.10.3 ഗവേഷണജോലികൾ സമയബന്ധിതമായി നടത്തുന്നതിന് ആവശ്യമായ മാനവശേഷിയും അടിസ്ഥാനസൗകര്യങ്ങളും ഉറപ്പുവരുത്തണം.

41.10.4. യഥാർത്ഥമായ ഗവേഷണജോലികളിൽ ശ്രദ്ധചെലുത്താനായി ഭരണ ജോലികൾ പോലുള്ള ഗവേഷണപരമല്ലാത്ത പ്രവൃത്തികളിൽനിന്ന് ഗവേഷണപ്രതിഭകളെ ഒഴിവാക്കണം.

**41.11 നയം 312. സാങ്കേതികവിദ്യകളുടെ വികസനവും കൃഷിക്കാരുടെ ആവശ്യകതയും അടിസ്ഥാനപ്പെടുത്തി ഗവേഷണ ആവശ്യങ്ങളെ പുനർഃനിർവ്വചിക്കണം.**

41.11.1 ഒപ്പത്തിനൊപ്പം നിർത്തേണ്ട വ്യവസായത്തെ മാറ്റിനിർത്തിയാണ് ഗവേഷണവും വികസനവും നടത്തിയത് എന്നതാണ് ഇന്ന് നാം അനുഭവിക്കുന്ന കാർഷികപ്രശ്നങ്ങളുടെ അടിസ്ഥാനകാരണങ്ങളിൽ ഒന്ന്. നൂറുകണക്കിന് പുതിയ വ്യാവസായിക കണ്ടെത്തലുകൾ കൃഷിക്കാരെ അവരുടെ സ്വന്തം കമ്പോളത്തിൽനിന്നും പുറത്താക്കുമ്പോഴും, മിച്ചംവരുന്ന ഉല്പന്നങ്ങൾ മുഴുവൻ സർക്കാരിന്റെ ഉത്തരവാദിത്വത്തിൽ വച്ച്, വീണ്ടും വിളവ് കൂട്ടാനുള്ള ശ്രമങ്ങളിൽ വ്യാപൃതരാണ് മിക്ക കർഷകരും.

41.11.2 ലോകത്തിൽ പ്രകൃത്യാലുള്ളതും ജൈവവുമായ പദാർത്ഥങ്ങൾ പ്രാധാന്യംനേടുന്നു എന്ന പുതിയ കാഴ്ചപ്പാട് കൂടി മനസ്സിൽ വച്ചാവണം നിലവിലുള്ള പ്രശ്നങ്ങളെ അഭിമുഖീകരിക്കേണ്ടത്. കൃഷിക്കാർക്ക് അന്തിമമായി അവരുടെ ഉല്പാദനത്തിൽനിന്നും ലാഭംകിട്ടുന്ന രീതിയിലാവണം ഗവേഷണം നടത്തേണ്ടത്.

**41.12 നയം 313. പുതിയ തലങ്ങളിലുള്ള ഗവേഷണങ്ങളിൽ സർക്കാർ ശ്രദ്ധ ചെലുത്തണം.**

41.12.1 താഴെപ്പറയുന്ന മേഖലകളും സാഹചര്യങ്ങളും കണക്കിലെടുത്ത് ഗവേഷണം ആസൂത്രണം ചെയ്യേണ്ടതുണ്ട്.

- മണ്ണിന്റെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കാനുള്ള വിവിധ മാർഗ്ഗങ്ങളായ മണ്ണൊലിപ്പ് തടയൽ, മണ്ണിലെ ജൈവാംശങ്ങൾ കൂട്ടി മണ്ണിനെ സംപുഷ്ടീകരിക്കൽ തുടങ്ങിയ മേഖലകളിലെ മുന്നേറ്റങ്ങൾ കണക്കിലെടുക്കണം.
- വിദേശ ഇനങ്ങൾ, കൃഷിരീതികളിലും ചുറ്റുപാടിലുംവന്ന മാറ്റങ്ങൾകാരണം കൂടുതൽ പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന കീടങ്ങൾ തുടങ്ങി, പുതിയ കീട-രോഗാണുക്കൾ ഉയർത്തുന്ന വെല്ലുവിളികൾ നേരിടണം.
- കാര്യക്ഷമമായ പ്രയോഗരീതികൾ, ഉപയോഗക്ഷമതകൂടിയ വിളകൾ, മെച്ചപ്പെട്ട വിളവ്യവസ്ഥകൾ, നഷ്ടംകുറയ്ക്കുന്ന ഉപകരണങ്ങൾ തുടങ്ങിയവയിലൂടെ വെള്ളത്തിന്റെയും വളത്തിന്റെയും ആവശ്യകത കുറയ്ക്കണം.
- ഭക്ഷ്യോല്പാദനത്തിന്റെയും സംസ്കരണത്തിന്റെയും കാര്യക്ഷമമായ നടത്തിപ്പ്, സുരക്ഷ, സാമ്പത്തികസുസ്ഥിരത തുടങ്ങിയവ വർദ്ധിപ്പിക്കാൻ യാന്ത്രീകരണവും യന്ത്രവല്കരണവും വികസിപ്പിക്കണം.
- സുസ്ഥിര കാർഷിക ഉല്പാദനവ്യവസ്ഥയുടെ ഭാഗമായി ജല-വായു ചുറ്റുപാടുകളുടെ മേന്മ വർദ്ധിപ്പിക്കണം.

• ഗ്രാമ-നഗര വ്യത്യാസമില്ലാതെ കാർഷികവും പാരിസ്ഥിതകവുമായ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തണം.

• രാസപദാർത്ഥങ്ങളാലും സൂക്ഷ്മാണുക്കളാലും ഭക്ഷണം വേഗത്തിൽ മലിനമാക്കുന്നത് കുറയ്ക്കാൻ ആവശ്യമായ മാർഗ്ഗങ്ങൾ കണ്ടെത്തണം.

• ആരോഗ്യവും പോഷണവും മെച്ചപ്പെടുത്തൽ ലക്ഷ്യമാക്കികൊണ്ടുള്ള പ്രവൃത്ത്യുന്മുഖ ഭക്ഷണത്തെ (Functional food)പറ്റിയുള്ള വിജ്ഞാനം വർദ്ധിപ്പിക്കുന്നതിനും അവ തയ്യാറാക്കുന്നതിനും കഴിയണം.

• ഉയർന്നുവരുന്ന പ്രാദേശികവും തദ്ദേശികവുമായ ഭക്ഷ്യവ്യവസ്ഥയെ സഹായിക്കുന്ന ഉല്പാദന-കമ്പോള-വിതരണ വ്യവസ്ഥകൾ വികസിപ്പിക്കണം.

• പ്രവർത്തനരീതികൾ, ഉല്പാദനവ്യവസ്ഥ, വ്യവസായങ്ങൾ ഇവയുടെ സുസ്ഥിരത വിലയിരുത്താൻ പുതിയതോ അല്ലെങ്കിൽ മെച്ചപ്പെടുത്തപ്പെട്ടതോ ആയ സംവിധാനങ്ങൾ വികസിപ്പിക്കണം.

• തണലുള്ള സാഹചര്യങ്ങളിലും മികച്ച ഉല്പാദനക്ഷമത തരുന്ന പുതിയ വിളയിനങ്ങൾ (നെല്ലിന്റെ സങ്കരയിനങ്ങൾ ഉൾപ്പെടെ) വികസിപ്പിക്കണം.

**41.13 നയം 314. ഗവേഷണലക്ഷ്യം അടിസ്ഥാനമാക്കിയുള്ള സ്ഥാപനമായി കാർഷികസർവ്വകലാശാലയെ മാറ്റുകയും ഇത് മുൻനിർത്തി പൊതുഭരണവ്യവസ്ഥ മെച്ചപ്പെടുത്തി സർവ്വകലാശാലയുടെ സ്വയംഭരണസ്വഭാവം ഉറപ്പാക്കുകയും വേണം. ഈ രംഗത്ത് ICAR മാതൃകാ നിയമം സർക്കാർ ഉടനടി നടപ്പിൽവരുത്തണം.**

41.13.1. സർവ്വകലാശാലയുടെ പൊതുഭരണവുമായി ബന്ധപ്പെട്ട് ചില പ്രശ്നങ്ങൾ കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചിലപ്പോഴൊക്കെ ജനറൽ കൗൺസിലുകൾ പോലെയുള്ള ഭരണസംവിധാനങ്ങൾ സർവ്വകലാശാലയുടെ മുഖ്യപ്രവർത്തനലക്ഷ്യങ്ങളിൽനിന്നും വ്യതിചലിക്കുകയും അങ്ങനെ കാര്യക്ഷമമായ പ്രവർത്തനങ്ങളിൽ തടസ്സങ്ങൾ വരുത്തുകയും ചെയ്യുന്നു. ഇന്ത്യയിലെ കാർഷിക സർവ്വകലാശാലകൾക്കായുള്ള ICAR മാതൃകാ നിയമം (ICAR Model Act for Agricultural Universities) നടപ്പാക്കലാണ് ഇതിനുള്ള ശരിയായ ഉത്തരം. ഒരു സാധാരണ വിദ്യാഭ്യാസസ്ഥാപനമെന്നതിനപ്പുറം വിദഗ്ധന്മാരുടെ വേദിയായി കാർഷികസർവ്വകലാശാലയെ രൂപപ്പെടുത്തുകയെന്നതാവണം സർക്കാരിന്റെ നയസമീപനം. സാങ്കേതികപാടവത്തെ ഏറ്റവും കാര്യക്ഷമമായി പ്രവർത്തനസജ്ജമാക്കാൻ ICAR മാതൃകാ ഭരണ സംവിധാനത്തിന് നിയമസാധുത നൽകുകയും; അതിലൂടെ ഉല്കൃഷ്ടമായ വിദ്യാഭ്യാസത്തിന്റേയും, ഗുണമേന്മയുള്ള ഗവേഷണത്തിന്റേയും കാര്യക്ഷമമായ വിജ്ഞാനവ്യാപനത്തിന്റേയും രംഗങ്ങളിൽ ഒരു കുതിച്ചുചാട്ടം സാദ്ധ്യമാക്കുകയും വേണം..

## 42. മൃഗസംരക്ഷണമേഖലാ ഗവേഷണ പരിഗണനാ നയങ്ങൾ

42.1. ലോകവ്യാപകമായി ഏറെ ചലനാത്മ കമാണ് മൃഗസംരക്ഷണമേഖല. വിക സ്വരരാജ്യങ്ങളിൽ മൃഗസംരക്ഷണമേഖല യിലെ ഉല്പന്നങ്ങളുടെ ആവശ്യകതയ്ക്ക് വർദ്ധിതപ്രാധാന്യം വന്നിട്ടുണ്ട്. എന്നാൽ വികസിത രാജ്യങ്ങളിൽ ഉല്പാദനസംവിധാ നങ്ങൾ അവയുടെ ക്ഷമത കൂട്ടുകയും പാരി സ്ഥിതികനില മെച്ചപ്പെടുത്തുകയും ചെയ്യുന്നുണ്ടെങ്കിലും അവിടങ്ങളിൽ ഇത്തരം ഉല്പന്നങ്ങളുടെ ആവശ്യകത ഏറെക്കുറെ സ്തംഭനാ വസ്ഥയിലാണ്.

42.2 ജനസംഖ്യാ വർദ്ധനവ്, വരുമാന വർദ്ധ നവ്, നഗരവത്കരണം എന്നിവ മൃഗസംര ക്ഷണമേഖലാ ഉല്പന്നങ്ങളുടെ ആവശ്യകത വർദ്ധിപ്പിച്ചിട്ടുണ്ട്. ശാസ്ത്രസാങ്കേതിക രംഗത്തെ നേട്ടങ്ങളും, മൃഗങ്ങളുടെ എണ്ണത്തിലുള്ള വർദ്ധനയും വിവിധ ഉല്പാദനവ്യവസ്ഥകളിൽ കാര്യമായ പ്രതികരണ മുണ്ടാക്കുന്നു. ഭാവിയിൽ, പ്രകൃതിവിഭവങ്ങൾക്കുവേണ്ടിയുള്ള മത്സരം(ഭൂമി, ജലം), ഭക്ഷണവും തീറ്റയും തമ്മിലുള്ള മത്സരം, നിയന്ത്രിത-കാർബൺ സമ്പദ്വ്യവസ്ഥ ഇവയെല്ലാം ഉല്പാദനത്തെ കൂടിയതോതിൽ സ്വാധീനിക്കും. പ്രജനനം, പോഷകവ്യവസ്ഥ, മൃഗാരോഗ്യം ഈ രംഗങ്ങളിലെ വികാസം ഉല്പാദനക്ഷമത യിലെ വർദ്ധനവിനും ഉയർന്ന കാര്യ ശേഷിക്കും ജനിതകനേട്ടങ്ങൾക്കും വഴിതുറക്കും.

**42.3 നയം 315. മൃഗസംരക്ഷണ ഉല്പന്ന ങ്ങളുടെ കഴിഞ്ഞകാല ആവശ്യങ്ങൾ നിറവേറ്റിയിരുന്നത് പുതിയ ജനുസ്സുകൾ, സങ്കരപ്രജനനം, ജനിതക തെരഞ്ഞെടുപ്പ് തുടങ്ങിയ പരമ്പരാഗത രീതികളിലൂടെ ആയിരുന്നെങ്കിൽ; ഭാവിയിലെ ആവശ്യങ്ങൾ നിറവേറ്റുക പുതിയ സങ്കേതങ്ങളിലൂടെ യാവും.**

42.3.1. ലിംഗനിർണ്ണയം നടത്തിയ ബീജമാത്ര കളുടെ വാണിജ്യരീതിയിലുള്ള ഉല്പാദനത്തി നായുള്ള സാങ്കേതികവിദ്യ വെറ്ററിനറി സർവ്വകലാശാല വികസിപ്പിക്കണം. സംസ്ഥാനത്തിന് അകത്തും പുറത്തും ഇതിന് വമ്പിച്ച ആവശ്യകതയുള്ളതിനാൽ ഇത് സർവ്വകലാശാലയ്ക്ക് നല്ലൊരു വരുമാന മാർഗ്ഗമാവും.

42.3.2. പ്രജനനരംഗത്തെ ആധുനിക സങ്കേത ങ്ങളും വൈദഗ്ദ്ധ്യവും നേടിയെടുക്കാൻ കേരള വെറ്ററിനറി സർവ്വകലാശാല ഈ രംഗത്തെ അന്താരാഷ്ട്ര ഏജൻസികളുമായി ചേർന്ന് പ്രവർത്തിക്കണം.

42.3.3. ഇറച്ചിമാടുകൾ, ആടുകൾ എന്നിവ യുടെ വർഗ്ഗഗുണം വർദ്ധിപ്പിക്കാനുള്ള ജനി തകമാറ്റത്തിന്റെ തോത് പ്രായോഗികമായി പ്രതീക്ഷയ്ക്കൊത്ത് ഉയരുന്നില്ല. ഊർജ്ജിതഗവേഷണവും വികസനപദ്ധതി കളും ഈ രംഗത്ത് കൊണ്ടുവരാൻ വെറ്ററിന റി സർവ്വകലാശാല ഇടപെടണം.

**42.4 നയം 316. ദഹന, ഉപാപചയപ്രവ ർത്തനങ്ങൾ, തീറ്റയെടുപ്പ് എന്നിവ മൃഗസ മ്പത്തിന്റെ മികച്ച പ്രകടനത്തിൽ എങ്ങനെ സ്വാധീനിക്കുന്നു എന്ന ഗവേഷണം വെറ്റ റിനറി സർവ്വകലാശാല ഏറ്റെടുക്കണം.**

42.4.1. മൃഗവളർച്ച, ശരീരഘടന, തീറ്റയാവശ്യം, അവശിഷ്ടങ്ങൾ പുറന്തള്ളൽ, ഉല്പാദനച്ചെലവ് ഇവയുടെ പ്രവചനം സാധ്യമാക്കുന്നതിനുള്ള ശ്രമം ഇപ്പോഴും ഫലവത്തായിട്ടില്ല. ഇത്തരമൊരു സംവിധാനം വികസിപ്പിച്ചെടുക്കുന്നത് ഉല്പാദനശേഷി കൂട്ടുകയും, ഉപഭോക്താക്കളുടെ പ്രതീക്ഷ

കൾക്കനുസരണമാവുകയും, ഗുണനിയന്ത്രണ സംവിധാനങ്ങളെ തൃപ്തിപ്പെടുത്തുകയും ചെയ്യും. വളർച്ചയും വികസനവുമായി ബന്ധപ്പെട്ട പ്രവചനങ്ങളുടെ കാര്യത്തിലും മൃഗപോഷണത്തിന്റെ മേഖലകളിലും - ജീനോമിക്സ് (Genomics), ട്രാൻസ്ക്രിപ്റ്റോമിക്സ് (Transcriptomics), പ്രോറ്റിയോമിക്സ് (Proteomics), മെറ്റബോളോമിക്സ് (Metabolomics) തുടങ്ങിയ രംഗങ്ങളിലുണ്ടാകുന്ന വളർച്ച സംഭാവന നൽകുന്നത് തുടർന്നു കൊണ്ടിരിക്കും. മൃഗപോഷണത്തിൽ ഉൾപ്പെടുന്ന വസ്തുതകൾ നന്നായി മനസ്സിലാക്കുന്നത് - സന്താനോല്പാദന പ്രകടനത്തിൽ വരുന്ന കുറവ് പോലെ - ഉയർന്നതലത്തിലുള്ള മൃഗങ്ങളുടെ പ്രകടനങ്ങളെ മെച്ചപ്പെട്ട രീതിയിൽ കൈകാര്യം ചെയ്യുന്നതിന് സഹായിക്കും.

42.4.2. ദഹന ഉപാപചയ പ്രവർത്തനങ്ങൾക്ക് വിഘാതമാവുന്ന കാരണങ്ങളെ നേരിടാനുള്ള പഠനങ്ങൾ പുരോഗതിയിലാണ്. തീറ്റവിളകളിലെ ടാനിൻ ഘടകത്തെ ഒഴിവാക്കൽ, ദഹനം എളുപ്പത്തിലാക്കാൻ തീറ്റയിൽ തൈലങ്ങൾ ചേർക്കൽ, എൻസൈമുകൾ ഉൾപ്പെടെയുള്ള തീറ്റ സപ്ലിമെന്റുകൾ എന്നിവയുടെ പ്രകടനം മൃഗസമ്പത്തിന്റെ മൊത്തത്തിലുള്ള പ്രകടനത്തെ മെച്ചപ്പെടുത്തും. ഇക്കാര്യത്തിൽ പഠനം ആവശ്യമാണ്.

**42.5 നയം 317. സാംക്രമികരോഗങ്ങൾ അതിന്റെ എല്ലാ വൈവിധ്യ ങ്ങളുമായി ഒരു ഭീഷണിയായിത്തന്നെ തുടരുമ്പോൾ, പൂർണ്ണമായും അപ്രതീക്ഷിതമായി എത്തുന്ന രോഗങ്ങളെ മുൻകൂട്ടി അറിയാൻ ആധുനിക കാലത്തെ മാറ്റങ്ങൾക്കിണങ്ങുന്ന ഒരു നിരീക്ഷണ-പ്രവചന സംവിധാനം വേണം.**

42.5.1. പക്ഷിപ്പനി (H5N1) തുടങ്ങിയ രോഗങ്ങൾ സമൂഹത്തിന് ഭീഷണിയാവുന്നത് അതിന്റെ തിക്തഫലങ്ങൾ മനുഷ്യനെ നേരിട്ട് ബാധിക്കുമ്പോഴാണ്. ഇത്തരം രോഗാക്രമണങ്ങൾ ജീവികളിൽനിന്നും മനുഷ്യനിലേക്ക് വ്യാപിക്കാനുള്ള സാധ്യതകൾ എന്നും ഒരു ഭീഷണിയായി നിലനിൽക്കും. ഇത്തരം ദുരിതസാദ്ധ്യതകൾ വേഗത്തിലും കൃത്യമായും മുൻകൂട്ടിയറിയാൻ സഹായി ക്കുന്ന ഒരു നിരീക്ഷണ-പ്രവചന സംവിധാനം രൂപപ്പെടുത്തണം.

42.5.2. ഭാവിയിലെ രോഗസാദ്ധ്യതകൾ പലതും കാലാവസ്ഥാമാറ്റവുമായി ബന്ധപ്പെട്ടിരിക്കുന്നു. മലേറിയ, ട്രിപ്പനോസോമ, ബ്ലൂടംഗ് എന്നിങ്ങനെ ഷഡ്പദങ്ങൾ പരത്തുന്ന രോഗങ്ങൾ കാലാവസ്ഥാ വ്യതിയാനങ്ങൾ ക്കനുസരണ മായി അതിന്റെ സാന്നിദ്ധ്യം മറ്റിടങ്ങളിലേക്ക് മാറ്റാമെങ്കിലും, വരുന്ന 20 വർഷത്തിനിടയിൽ അത്തരം കാര്യമായ മാറ്റങ്ങൾ ഉണ്ടാവാനിടയില്ല. കാലാവസ്ഥാവ്യതിയാനം, പ്രത്യേകിച്ച് ഉയർന്ന താപനില പരാദരോഗ ങ്ങളുടെ ആക്രമണസ്വഭാവത്തിൽ മാറ്റങ്ങൾ വരുത്തുന്നതായി പഠനങ്ങൾ സൂചിപ്പിക്കുന്നു. ഇത്തരം അവസ്ഥകൾ വിരൽചൂണ്ടുന്നത് നിരീക്ഷണ-പ്രവചന സംവിധാനം രൂപപ്പെടുത്തേണ്ടതിന്റെ ആവശ്യത്തിലേക്കാണ്. രോഗബാധകൾ അതിന്റെ രീതികൾ മാറ്റുന്നതുകൊണ്ടുതന്നെ അവയെക്കുറിച്ചുള്ള ബോധവല്കരണവും അസുഖമെത്തിയാൽ നേരിടാനുള്ള തയ്യാറെടുപ്പുകളും നടത്തണം.

42.5.3. മാറുന്ന സാംക്രമിക രോഗാവസ്ഥ പല മാറ്റങ്ങളും പ്രതിഫലിപ്പിക്കും. ശരാശരി കാലാവസ്ഥ, കാലാവസ്ഥാ മാറ്റം, ജനസംഖ്യയിൽ വന്ന മാറ്റം, സാംക്രമിക രോഗബാധ നേരിടാനുള്ള സംവിധാനങ്ങൾ ഇവയൊക്കെ ഇതിൽ ഉൾപ്പെടും. വെറ്ററിനറി സർവ്വകലാശാല ഈ വെല്ലുവിളികൾ നേരിടാനുള്ള ഗവേഷണതന്ത്രങ്ങൾ രൂപപ്പെടുത്തണം.

**42.6 നയം 318. ജൈവഭൗതിക ചുറ്റുപാടുകളുമായി തട്ടിച്ചുനോക്കുമ്പോൾ മൃഗസമ്പത്തിന്റേയും മൃഗോല്പാദനത്തിന്റേയും സാമൂഹ്യ- സാംസ്കാരിക പശ്ചാത്തലം ഏറെ പഠനവിധേയമാക്കിയിട്ടില്ല. ഇക്കാര്യത്തിൽ സംയോജിതമായ ഒരു ഗവേഷണസമീപനം വേണം.**

42.6.1. ചിലപ്പോഴെങ്കിലും ഗവേഷണത്തിനായി തെരഞ്ഞെടുക്കുന്ന വിഷയങ്ങൾ ഗുണനിലവാരമോ പ്രായോഗിക നേട്ടങ്ങളോ ഇല്ലാത്തതും ഗവേഷണ പ്രാധാന്യം മാത്രം ഉള്ളതുമായിരിക്കും. ഈ സമീപനം മാറുകയും പൊതുതാല്പര്യം മുൻനിർത്തിയുള്ള ഗവേഷണം എന്ന നിലയിൽ ഇതിന്റെ നേട്ടം സമൂഹത്തിനായി ഭക്ഷണമുല്പാദിപ്പിക്കുന്ന കർഷകന് ലഭിക്കുകയും വേണം.

42.6.2. സ്വാഭാവികമായും മൃഗസമ്പത്തിന്റെ സാമൂഹ്യ-സാംസ്കാരിക ധർമ്മങ്ങൾ മാറിക്കൊണ്ടേയിരിക്കും. ഇതിന്റെ അനന്തരഫലങ്ങൾ കർഷകരുടെ ജീവനമാർഗ്ഗങ്ങളേയോ ഭക്ഷ്യസുരക്ഷയേയോ ഒക്കെ ബാധിച്ചു എന്നും വരാം. അതുകൊണ്ടുതന്നെ മൃഗസംരക്ഷണമേഖലയുടെ സാമൂഹ്യ-സാംസ്കാരിക പശ്ചാത്തലം ഗവേഷണവിധേയമാക്കേണ്ടത് അനിവാര്യമാകുന്നു.

42.6.3 മൃഗസംരക്ഷണരംഗത്ത് വെറ്ററിനറി സർവ്വകലാശാലയുടെ നേതൃത്വത്തിൽ ഏറ്റെടുക്കുന്ന ഗവേഷണങ്ങളുടെ കണ്ടെത്തലുകളും നിർദ്ദേശങ്ങളും അറിവുകളുമെല്ലാം ശക്തമായ വിജ്ഞാനവ്യാപന സംവിധാനങ്ങളുടെ പിൻബലത്തിൽ അതിന്റെ യഥാർത്ഥഗുണഭോക്താവായ കർഷകന്റെ കൈകളിൽ കൃത്യസമയത്തുതന്നെ എത്തണം.

# 43. കർഷകരെ പ്രോത്സാഹിപ്പിക്കാൻ ആവശ്യമായ നയങ്ങൾ

43.1. കേരളത്തിലെ കർഷകരുടെയും കർഷ കകുടുംബങ്ങളുടെയും സാമൂഹിക നിലവാരവും അന്തസ്സും മെച്ചപ്പെടുത്തുന്നതിനും കാർഷികവൃത്തിയിലേയ്ക്ക് കൂടുതൽ പേരെ ആകർഷിക്കുന്നതിനും വേണ്ടിയാണ് കർഷക പുരസ്കാരങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളത്. കാർഷികമേഖലയിൽ നൂതന ആശയങ്ങൾ പ്രാവർത്തികമാക്കി ഉല്പാദനം വർദ്ധിപ്പിക്കു കയും ഉല്പാദനച്ചെലവ് കുറയ്ക്കുകയും ചെയ്യുന്ന കർഷകരെ പുരസ്കാരങ്ങൾ നൽകി ആദരിക്കുന്നു. കാർഷികമേഖലയിൽ സുസ്ഥി രത കൈവരിക്കാൻ തങ്ങളുടെ കൃഷിയിട ത്തിന്റെ വൈവിധ്യവല്കരണത്തിലൂടെ വിവിധ കാർഷിക സാങ്കേതികവിദ്യകൾ അനുവർത്തി ക്കുന്ന കർഷകർക്കാണ് ആദരവ് നൽകുന്നത്. ഇത് കർഷകരെ ഒന്നടങ്കം പ്രോത്സാഹിപ്പിക്കാൻ പര്യാപ്തമാകും.

43.2. അന്നത്തെ കാർഷികനയത്തിന്റെ ഭാഗ മായി 1993 മുതൽ സംസ്ഥാന സർക്കാർ കാർഷികമേഖലയിൽ അവാർഡുകൾ ഏർപ്പെ ടുത്തുകയുണ്ടായി. ഇന്ത്യയിൽ ആദ്യമായി കേര ളത്തിലാണ് ഇത്തരമൊരു ആശയം കൊണ്ടു വന്നത്. എന്നാൽ പലവിധ കാരണങ്ങളാൽ ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ പൂർണ്ണ മായി നിറവേറ്റാൻ കഴിഞ്ഞിട്ടില്ല. കാർഷികമേഖല യിൽ വേണ്ടത്ര വളർച്ച കൈവരിക്കാൻ പ്രോത്സാഹനനടപടികൾ സ്വീകരിക്കേണ്ടത് ആവശ്യമാണ്. അതിനാൽ സർക്കാർതലത്തിൽ അർഹരായ കർഷകരെ സമയബന്ധിതമായി കണ്ടെത്തി നിഷ്പക്ഷമായി അവാർഡു കൾനൽകി ആദരിക്കുവാൻ നടപടി സ്വീകരിക്കേ ണ്ടതാണ്.

**43.3 നയം 319. കർഷകദിനം ആചരിക്കുന്ന ആഴ്ചയിൽത്തന്നെ കർഷക അവാർഡുകൾ നൽകുകയും; എന്നാൽ 2 വർഷത്തിലൊ രിക്കലെന്ന് കൃത്യതപ്പെടുത്തുകയും വേണം.**

43.3.1 ഇന്ത്യയിൽ ആദ്യമായി കേരളസർക്കാർ ഏർപ്പെടുത്തിയ കർഷക അവാർഡുകൾ നമുക്ക് അഭിമാനിക്കാവുന്ന ഒന്നാണ്. സമൂഹത്തിൽ കർഷകരുടെ സ്ഥാനം ഉയർത്തിക്കാട്ടുന്നതിനും അവരുടെ പ്രവൃത്തികൾക്ക് അംഗീകാരം നൽകു ന്നതിനും ഈ അവാർഡുകൾ പ്രയോജനകര മാണ്. മാത്രമല്ല അവരുടെ മെച്ചപ്പെട്ട പ്രവർത്ത നങ്ങൾ മറ്റ് കർഷകർക്ക് മാതൃകയാക്കാനും അവരെ പ്രചോദിപ്പിക്കാനും ഇത് വഴിയൊരു ക്കുന്നു.

43.3.2 കർഷകരെ അവാർഡ് ജേതാക്കളാകാൻ പ്രാപ്തരാക്കുന്നതിന് രണ്ടു വർഷത്തെ ഇടവേള ആവശ്യമാണ്. മാത്രമല്ല അവാർഡ് തുക രണ്ടു വർഷത്തിലൊരിക്കൽ പുതുക്കുകയും വേണം. കർഷകദിനാചരണത്തോടനുബന്ധിച്ചുള്ള ആഴ്ചയിൽത്തന്നെ കർഷക അവാർഡുകളും വിതരണം ചെയ്യേണ്ടതാണ്.

**43.4 നയം 320. അവാർഡ് നിർണ്ണയ മാനദ ണ്ഡങ്ങൾ നൂതനാശയങ്ങളുടെ അടിസ്ഥാന ത്തിൽ കാലാകാലങ്ങളിൽ പുതുക്കുകയും നിഷ്പക്ഷമായും തെറ്റുകൂടാതെയും അവാർഡുകൾ നിർണ്ണയിക്കുകയും വേണം.**

43.4.1. നൂതനങ്ങളായ ആശയങ്ങൾക്ക് വിധേ യമായി അവാർഡ് നിർണ്ണയ മാനദണ്ഡങ്ങൾ നിശ്ചയിക്കണം. കർഷകരുടെ പ്രയത്നവും അതിൽനിന്നുണ്ടാകുന്ന ഫലപ്രാപ്തിയും അവാർഡ് നിർണ്ണയത്തിനായി കണക്കിലെടുക്ക ണം.

43.4.2. അവാർഡ് നിർണ്ണയക്കമ്മിറ്റി അംഗ ങ്ങൾ അതാത് മേഖലകളിൽ പ്രാഗത്ഭ്യം തെളി യിച്ചവരാകണം. ഇത്തരം അംഗങ്ങളല്ലാത്തവരെ ഒരിക്കലും അവാർഡ് നിർണ്ണയക്കമ്മിറ്റിയിൽ പ്രതിനിധികളായി ഉൾപ്പെടുത്തരുത്. കമ്മിറ്റി അംഗങ്ങൾ സ്ഥലസന്ദർശനസമയത്തും വിലയിരുത്തൽ സമയത്തും നിശ്ചയമായും അവരുടെ സാന്നിദ്ധ്യം ഉറപ്പുവരുത്തണം. ഒരു കാരണവശാലും പകരക്കാരെ നിയോഗിക്കരുത്. അവാർഡ് നിർണ്ണയം തെറ്റുകുറ്റങ്ങളില്ലാത്ത ഒരു പ്രക്രിയയായിരിക്കണം.

# 44. ബയോടെക്നോളജിയേയും ജനിതകവിളകളേയും സംബന്ധിച്ച നയങ്ങൾ

44.1. ഏതാണ്ട് പതിനായിരത്തോളം വർഷമായി പ്രജനനപ്രക്രിയയിലൂടെ നല്ലയിനം ചെടികളെയും മൃഗങ്ങളെയും കർഷകർ പുഷ്ടിപ്പെടുത്താറുണ്ട്. നമ്മുടെ കാർഷിക -കന്നുകാലി മേഖലയിൽ ഇന്നു കാണുന്ന പല തരത്തിലുള്ള വിളകളും കന്നുകാലികളും അത്തരത്തിൽ രൂപപ്പെട്ടവയാണ്. രോഗപ്രതിരോധശക്തി വർദ്ധിപ്പിക്കുന്നതിനും, രോഗ - കീടനിയന്ത്രണം സാദ്ധ്യമാക്കുന്നതിനും, വരൾച്ച പ്രതിരോധിക്കുന്നതിനും, വിളവ് വർദ്ധിപ്പിക്കുന്നതിനും വിളകളെ രൂപകല്പനചെയ്യുന്ന തരത്തിലേക്ക് പ്രജനനപ്രക്രിയ ഇരുപതാം നൂറ്റാണ്ടിൽ മാറിയിരിക്കുന്നു. ഡി.എൻ.എ കൊണ്ട് നിർമ്മിതമായ ജനിതകങ്ങളിലൂടെയാണ് ഒരു തലമുറയിൽനിന്നും മറ്റൊരു തലമുറയിലേയ്ക്ക് സ്വഭാവ സവിശേഷതകൾ മാറ്റപ്പെടുന്നത്. ഓരോ തലമുറയിലുംപെട്ട ജീവജാലങ്ങളുടെ ഡി.എൻ.എ. കണ്ടുപിടിക്കുന്നതിനും അതിൽ ഗവേഷണം നടത്തുന്നതിനും അടുത്തകാലത്തായി ശാസ്ത്രജ്ഞൻമാർക്ക് വളരെയധികം സാധിച്ചിട്ടുണ്ട്.

44.2. സസ്യങ്ങളുടേയും മൃഗങ്ങളുടേയും സൂക്ഷ്മാണു ജീവികളുടേയും രൂപകല്പന മെച്ചപ്പെടുത്തുന്നതിനുള്ള ഒരു ശാസ്ത്ര സാങ്കേതികവിദ്യയാണ് ബയോടെക്നോളജി. ഡി.എൻ.എ പഠനത്തിന്റെ അടിസ്ഥാനത്തിൽ കാർഷികോല്പാദനം വർദ്ധിപ്പിക്കുന്നതിന് ശാസ്ത്രജ്ഞർക്ക് കഴിഞ്ഞിട്ടുണ്ട്. വിളകളുടേയും മൃഗങ്ങളുടേയും വികാസത്തിനും പരിപോഷണത്തിനും ഉതകുന്നതരത്തിൽ ജനിതകസാങ്കേതികവിദ്യ കണ്ടുപിടിക്കപ്പെട്ടതോടെ കാർഷിക വിളകളുടേയും മൃഗസമ്പത്തിന്റെയും പരിപോഷണവും വളർച്ചയും ത്വരിതപ്പെടുത്തുന്നതിന് പ്രജനനശാസ്ത്രജ്ഞർക്ക് സാധിച്ചിട്ടുണ്ട്. സാധാരണ നടത്തുന്ന സങ്കലനത്തിലൂടെ ലഭിക്കാത്ത സ്വഭാവഗുണങ്ങൾ കണ്ടെത്തുന്നതിനും സ്വാംശീകരിക്കുന്നതിനും ബയോടെക്നോളജി ഉപകരിക്കുന്നു.

44.3. 2003 ലാണ് കേരളസർക്കാർ ബയോടെക്നോളജി നയം പ്രഖ്യാപിക്കുന്നത്. ആഗോളതലത്തിലുള്ള ആവശ്യങ്ങളെ മുന്നിൽക്കണ്ട് സംസ്ഥാനത്തിന്റെ പ്രത്യേക ആവശ്യങ്ങൾക്ക് ഊന്നൽനൽകുന്ന തരത്തിൽ നമ്മുടെവിഭവസമ്പത്തിനനുസൃതമായ ഒരു വികസനനയമാണ് കേരളത്തിന്റെ ബയോടെക്നോളജി നയം കൊണ്ട് വ്യക്തമാക്കുന്നത്. ജൈവോല്പന്നമേഖല പുഷ്ടിപ്പെടുത്തുന്നതരത്തിൽ, ലഭ്യമായ സാങ്കേതികവിദ്യ എളുപ്പത്തിൽ പ്രയോജനപ്പെടുത്തുവാനും ഈ മേഖലയെക്കുറിച്ചുള്ള ഉന്നതമായ അറിവിന്റെ ശൃംഖലയും അടിസ്ഥാനവും ശക്തിപ്പെടുത്താനും ഉറപ്പുവരുത്താനുമാണ് ഈ നയംകൊണ്ട് ഉദ്ദേശിക്കുന്നത്.

44.4. കേരള സംസ്ഥാന ബയോടെക്നോളജി ബോർഡും കേരള സംസ്ഥാന ബയോടെക്നോളജി കമ്മീഷനും 2008 ൽ കേരള സർക്കാർ പുനഃസംഘടിപ്പിക്കുകയുണ്ടായി. ബയോടെക്നോളജി ബോർഡ് നിർദ്ദേശിക്കുന്ന നയങ്ങളും മാർഗ്ഗരേഖകളും നടപ്പിലാക്കേണ്ട ചുമതല ബയോടെക്നോളജി കമ്മീഷനാണ്.

44.5. അതിനാൽ ബയോടെക്നോളജിയേയും ജനിതമാറ്റംവരുത്തിയ വിളകളെയും കുറിച്ച് ഉപസമിതി ഈ നയരേഖയിൽ വിശദമായി പ്രതിപാദിക്കുന്നില്ല. ഇത്തരുണത്തിൽ അനേകം കോടി ജനങ്ങളുടെ അന്നദാതാക്കൾ എന്നനിലയിൽ കർഷകരുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്ന ഒരു നയമാണ് രൂപപ്പെടേണ്ടത്. ജനിതമാറ്റം വരുത്തിയ വിളകളുടെ പരീക്ഷണത്തിനും പ്രയോഗത്തിനും മുമ്പ് ഈ മേഖലയിലുണ്ടാകുന്ന ജൈവ -പാരിസ്ഥിതിക- സാമ്പത്തിക- സാമൂഹ്യ മാറ്റങ്ങളെക്കുറിച്ച് കൂടുതൽ ഗവേഷണം നടത്തേണ്ടതുണ്ട്.

## 45. ദുർബലവിഭാഗക്കാരെ ശാക്തീകരിക്കാൻ നയരൂപവല്കരണം

45.1. സമൂഹത്തിലെ വിവിധ തലങ്ങളിലുള്ള ദുർബലവിഭാഗക്കാരായ ആദിവാസികൾ, നാമമാത്രകർഷകർ, സ്ത്രീകൾ എന്നിവർ എല്ലാക്കാലത്തും പ്രതിസന്ധി നേരിടുന്നവരാണ് എന്ന് ഗവേഷണങ്ങൾ തെളിയിക്കുന്നു. എന്നാൽ ഉദ്യമങ്ങളുടെ പാരസ്പര്യം ഇവരുടെ ജീവനമാർഗ്ഗങ്ങൾ ഉറപ്പുവരുത്തിയേക്കാം. ഇത്തരം ദുർബലവിഭാഗക്കാർ കൂടുതൽ പ്രാന്തവല്കരിക്കപ്പെടാതിരിക്കാനുള്ള നയങ്ങൾ രൂപവല്കരിക്കേണ്ടതാണ്.

45.2. ലോകത്താകമാനം കണക്കെടുത്താൽ വീട്ടുജോലികളടക്കം പ്രതിഫലമില്ലാത്ത മിക്ക ജോലികളുടെയും സിംഹഭാഗവും ചെയ്യുന്നത് സ്ത്രീകളാണ്. കുടുംബത്തിന്റെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്തുന്ന പല പ്രവൃത്തികൾക്കും സ്ത്രീകളുടെ പങ്കാളിത്തം ഉണ്ട്. എന്നാൽ കാർഷികമേഖലയിൽ തീരുമാനങ്ങൾ എടുക്കുൽ, സമയക്രമീകരണം, പ്രവൃത്തിപ്രകടനം തുടങ്ങിയവയിൽ സ്ത്രീകൾ മാറ്റിനിർത്തപ്പെടുന്ന അവസ്ഥയാണ്.

45.3. കേരളത്തിലെ ജനസംഖ്യയിൽ ഒരു ശതമാനത്തിൽ അധികമുള്ള ആദിവാസി വർഗ്ഗക്കാർ ഇന്നും സാമൂഹ്യമായും സാമ്പത്തികമായും ഏറ്റവും അടിത്തട്ടിൽ തന്നെയാണ്. ഇവരിലധികവും പശ്ചിമഘട്ടമേഖലയുടെ ഉൾപ്രദേശങ്ങളിൽ കാർഷികവൃത്തിയിലേർപ്പെട്ട് ജീവിച്ചുപോരുന്നു. ഇവർ പ്രാഥമിക മേഖലകളായ കൃഷി, കന്നുകാലിവളർത്തൽ, വേട്ടയാടൽ, മത്സ്യബന്ധനം തുടങ്ങിയവയിലൂടെ ഉപജീവനമാർഗ്ഗം കണ്ടെത്തുന്നതിനാൽ ഇവരെ കാർഷികസമ്പദ് വ്യവസ്ഥയിൽ ഉൾപ്പെടുത്താം. പരമ്പരാഗതമായ കൃഷിരീതികളുടെ പരാജയവും ഇവരുടെ സാമ്പത്തിക സ്ഥിതി കൂടുതൽ വഷളാക്കുന്നു.

**45.4 നയം 321. പാരമ്പര്യ കൃഷിരീതികളും നൂതന കാർഷികസാങ്കേതികവിദ്യകളും കൂട്ടിയിണക്കി ആദിവാസികളുടെ പാരമ്പര്യ കൃഷിരീതിയെ പുനരുജ്ജീവിപ്പിക്കാൻ സർക്കാർ അടിയന്തിര നടപടി സ്വീകരിക്കണം.**

45.4.1. ആദിവാസി സമൂഹത്തിന്റെ സാമൂഹ്യ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തി അവരെ സ്വയം പര്യാപ്തതയിലെത്തിക്കുന്നതിന് ആദ്യമായി വേണ്ടത് അവരുടെ ശരിയായ ഭൂവിനിയോഗമാണ്. നീർത്തടങ്ങളുടെ പഠനങ്ങളുടെ അടിസ്ഥാനത്തിൽ പ്രകൃതിദത്തമായ ഭൂവിഭവങ്ങളുടെ സംരക്ഷണത്തിന് ഏറ്റവും ഫലപ്രദവും സമഗ്രവുമായ മണ്ണ് സംരക്ഷണനടപടികൾ ആവശ്യമാണ്.

45.4.2 കാർഷികോല്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ട നൂതന കാർഷിക സാങ്കേതികവിദ്യകൾ അവലംബിക്കുക, ഭൂമി, ജലം, എന്നിവയുടെ ക്രമമായ ഉപയോഗം (ഡ്രിപ്പ് തുടങ്ങിയ ജലസേചനമാർഗ്ഗങ്ങൾ, ജലസംഭരണികൾ, കാർഷികവനവല്കരണം, ഇടവിളക്കൃഷി, ജൈവവളങ്ങളുടെ ഉപയോഗം തുടങ്ങിയവ) ഉറപ്പാക്കുക എന്നീ മാർഗ്ഗങ്ങളിലൂടെ ഈ പ്രദേശങ്ങളിലെ ഭൂമി, ജലം എന്നിവ പരമാവധി ഉപയോഗപ്രദമാക്കാൻ കഴിയും. വൃക്ഷങ്ങളും മറ്റ് സസ്യങ്ങളും ഉൾപ്പെട്ട ഇടവിളക്കൃഷിയും ഇവിടത്തേയ്ക്ക് അനുയോജ്യമാണ്.

45.4.3. ആദിവാസിഗ്രാമങ്ങളിൽ ധാന്യ വിത്ത് സംഭരണികൽ നിർമ്മിച്ച് ഇവയുടെ ദൗർലഭ്യം ഒഴിവാക്കാൻ കഴിയും. ആദിവാസികൾ കൂട്ടായി ഇത്തരം കാര്യങ്ങൾ നേരിട്ട് നടപ്പിലാക്കുന്നത് ഭക്ഷ്യസുരക്ഷ കൈവരിക്കുന്നതിന് സഹായിക്കും.

45.4.4. ഗ്രൂപ്പടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ പദ്ധതികളുടെ ഫലപ്രദമായ നടപ്പാക്കലിന് സഹായകമാണ്. പാരമ്പര്യ കാർഷികമേഖലയിലും ആധുനിക കൃഷിരീതികൾ (ഹൈടെക് ഫാമിംഗ്, പ്രിസിഷൻ ഫാമിംഗ് തുടങ്ങിയവ) കൊണ്ടുവരേണ്ടതാണ്. കന്നുകാലിവളർത്തൽ, കോഴിവളർത്തൽ, മത്സ്യക്കൃഷി തുടങ്ങിയവ കൂടി കൃഷിയിലുൾപ്പെടുത്തി സംയോജിത കൃഷിരീതി അവലംബിക്കേണ്ടതാണ്. ഇത്തരം പ്രവർത്തനങ്ങൾക്കൊപ്പം തന്നെ മറ്റ് വികസന ഏജൻസികളുടെ സഹായവും നൽകി ഇവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരണം.

45.4.5. ഇത്തരം പ്രവൃത്തികൾ വിദഗ്ദ്ധനായ ഒരു സ്പെഷ്യൽ ഓഫീസറുടെ മേൽനോട്ടത്തിൽ പ്രോജക്ട് അടിസ്ഥാനത്തിൽ നടപ്പിലാക്കുകയും വേണം.

**45.5 നയം 322. ശരിയായ കാർഷികോപകരണങ്ങൾ, മെച്ചപ്പെട്ട വിളകൾ, സംയോജിത കീടനിയന്ത്രണ മാർഗ്ഗങ്ങൾ, സംരക്ഷിത കൃഷി, ജൈവ നൈട്രജൻ ഫിക്സേഷൻ തുടങ്ങിയ സാങ്കേതികവിദ്യകൾ കാർഷിക വികസനത്തിൽ ഉൾപ്പെടുത്തി ഇത് സ്ത്രീകളുടെ ഉന്നമനത്തിനായി പ്രയോജനപ്പെടുത്തണം.**

45.5.1 ഉല്പാദകസംഘങ്ങൾ, സഹകരണസ്ഥാപനങ്ങൾ, യൂണിയനുകൾ എന്നിവയിൽ വനിതകളുടെ അംഗസംഖ്യ വർദ്ധിപ്പിക്കുന്നതിലൂടെയും അവരെ നേതൃസ്ഥാനത്ത് എത്തിക്കുന്നതിലൂടെയും സ്ത്രീ ശാക്തീകരണം ഉറപ്പാക്കാനും ഗ്രാമീണമേഖലയിലെ നയതീരുമാനങ്ങൾ എടുക്കുന്നതിൽ അവരുടെ ശക്തമായ പങ്കാളിത്തം ഉറപ്പുവരുത്താനും കഴിയും. കൂടാതെ കാലിവളർത്തൽമേഖലയിൽ ഏർപ്പെട്ടിട്ടുള്ള സ്ത്രീകൾക്ക് ഈ മേഖലയിലും ശാസ്തീയമായ ബോധവല്കരണം ആവശ്യമാണ്.

45.5.2. കാർഷികവിജ്ഞാനവ്യാപന പ്രവർത്തനങ്ങൾ കർഷക വനിതകളിലെത്തിക്കാൻ പ്രത്യേക പരിഗണന ആവശ്യമാണ്. ചില സാമൂഹ്യസാഹചര്യങ്ങളിൽപ്പെടുന്ന കർഷകവനിതകൾക്ക് കൂടുതൽ സ്വീകാര്യമാവുക വനിതകളായ വിജ്ഞാനവ്യാപന പ്രവർത്തകരെയാണ്. ഇത് സാർവത്രികമായ ഒരു പ്രവണതയല്ല. പലപ്പോഴും ശരിയായി പരിശീലനം സിദ്ധിച്ച പുരുഷ വിജ്ഞാന വ്യാപനപ്രവർത്തകരുടെ സേവനം ഫലവത്തായി കാണുന്നുണ്ട്. ലിംഗപരിഗണനകൾക്കപ്പുറം വിജ്ഞാനവ്യാപനപ്രവർത്തകർ യാഥാർത്ഥ്യബോധമുള്ളവരും ഗ്രാമീണ വനിതകളുടെ പ്രശ്നങ്ങൾ ഉൾക്കൊള്ളാൻ കഴിയുന്നവരും ആയിരിക്കണം. പ്രശ്നങ്ങളെ അതിജീവിക്കാൻ തക്കവണ്ണം ഇണങ്ങിയതും നൂതനവുമായിരിക്കണം വിജ്ഞാനവ്യാപന പ്രവർത്തനങ്ങൾ.

45.5.3. ശരിയായ കാർഷികോപകരണങ്ങൾ, മെച്ചപ്പെട്ട വിളകൾ, സംയോജിത കീടനിയന്ത്രണമാർഗ്ഗങ്ങൾ, സംരക്ഷിതകൃഷി തുടങ്ങിയ സാങ്കേതിക മാർഗ്ഗങ്ങൾ വനിതകൾക്ക് പ്രയോജനപ്രദമാകണം. പുതിയ സാങ്കേതികവിദ്യകൾ പ്രാവർത്തികമാക്കുന്നതിനു മുമ്പ് സർവ്വേ നടത്തുന്നത് അവരുടെ പ്രതികരണം മനസ്സിലാക്കുന്നതിന് സഹായിക്കും. സ്ത്രീകൾ കാർഷികഗവേഷണരംഗത്തും ഉന്നത വിദ്യാഭ്യാസമേഖലകളിലും കടന്നുവരുന്നത് സ്ത്രീകൾക്ക് പ്രയോജനപ്രദമായ സാങ്കേതികവിദ്യകൾ വികസിപ്പിക്കുന്നതിന് സഹായകരമായിത്തീരും. സ്ത്രീസൗഹൃദ സാങ്കേതികവിദ്യകൾ മെച്ചപ്പെട്ട കർഷക കുടുംബ സംസ്കാരം ഉറപ്പുവരുത്തും.

# 46. കാർഷികനയവും കൃഷി-അനുബന്ധമേഖലയിലെ പൊതുമേഖലാ സ്ഥാപനങ്ങളും

46.1. കൃഷി-അനുബന്ധമേഖലകളിൽ കേരളത്തിൽ പ്രവർത്തിക്കുന്ന നിരവധി പൊതുമേഖലാസ്ഥാപനങ്ങളുണ്ട്. ഇവ വിവിധ പ്രവർത്തനങ്ങളിൽ കർഷകരെ സഹായിക്കുകയും ഒപ്പം സ്വയം കൃഷിയധിഷ്ഠിത വ്യവസായസംരഭങ്ങളിലേർപ്പെട്ട് നികുതിയേതര വരുമാനം നേടുകയും ചെയ്യുന്നു. ഇവയ്ക്ക് രണ്ടുതരത്തിലുള്ള ഉത്തരവാദിത്വങ്ങളാണ് നിർവഹിക്കാനുള്ളത്. ഒരു മാതൃകാ കൃഷി-വ്യവസായ സംരംഭമായി പ്രവർത്തിക്കുക എന്നുള്ളതാണ് ആദ്യത്തേത്. കൃഷി-മൃഗസംരക്ഷണ മേഖലയിലെ മൂല്യവർദ്ധിത സംരഭങ്ങളിലേർപ്പെടുന്ന കർഷകർക്ക് ആവശ്യമായ സഹായം ചെയ്യുകയെന്നതാണ് രണ്ടാമത്തെ കാര്യം. കൃഷിവകുപ്പിന്റെ കീഴിൽ പതിനാറ് പൊതുമേഖലാ ാപനങ്ങളും മൃഗസംരക്ഷണവകുപ്പിന്റെ കീഴിൽ 5 പൊതുമേഖലാ സ്ഥാപനങ്ങളും സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. കഴിഞ്ഞ നിരവധി വർഷങ്ങളായി ഈ പൊതുമേഖലാ സ്ഥാപനങ്ങൾ കേരളത്തിന്റെ കൃഷി-മൃഗസംരക്ഷണ രംഗങ്ങളിലേക്ക് ധാരാളം സംഭാവനകൾ നൽകിയിട്ടുണ്ടെങ്കിലും, പല കാരണങ്ങളാലും, ചെലവഴിക്കപ്പെടുന്ന ഭീമമായ തുകയുമായി താരതമ്യപ്പെടുത്തുമ്പോൾ സംസ്ഥാനം പ്രതീക്ഷിക്കുന്ന നേട്ടങ്ങൾ കൈവരിക്കുന്ന തലത്തിലേക്ക് ഇവയ്ക്ക് എത്തിച്ചേരാൻ കഴിഞ്ഞിട്ടില്ല എന്ന് ഉപസമിതി വിലയിരുത്തുന്നു.

**46.2 നയം 323. കർഷകനും ഉപഭോക്താവും ഇഷ്ടപ്പെടുന്ന തരത്തിൽ കൃഷി - അനുബന്ധ മേഖലയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഒരു സമൂലമാറ്റം അനിവാര്യമാണ്.**

46.2.1. ദേശീയതലത്തിൽ കർഷക ഉല്പാദക കമ്പനികൾ കേന്ദ്ര സർക്കാരിന്റെ അംഗീകാരം നേടുന്ന പശ്ചാത്തലത്തിൽ കൃഷി - അനുബന്ധ മേഖലയിൽ കൂടുതൽ പൊതുമേഖലാ സ്ഥാപനങ്ങളുണ്ടാക്കുന്നതിന് ഈ കമ്മിറ്റി ശുപാർശ ചെയ്യുന്നില്ല. പൊതുമേഖല സ്ഥാപനങ്ങളേക്കാളും കർഷക - ഉല്പാദക കമ്പനികളായിരിക്കും കർഷകർക്ക് കൂടുതൽ ഗുണകരവും അഭിലഷണീയവും എന്ന് കരുതുന്നു. പ്രശസ്തമായ പല സഹകരണ പ്രസ്ഥാനങ്ങൾ പോലും കർഷക - ഉല്പാദക കമ്പനി എന്ന ആശയത്തെ അംഗീകരിക്കുകയും അത്തരത്തിലുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഈ രംഗത്ത് ശക്തമായ നയസമീപനം അടിയന്തിമായി രൂപവല്കരിക്കേണ്ടതുണ്ട്.

# ഉപസംഹാരം

പ്രവർത്തനക്ഷമമായ നയവും അനുകൂലമായ പരിതഃസ്ഥിതിയും വളരുന്ന കാർഷികവികസനത്തിന് ആവശ്യമാണ്.

നാഗരികസംസ്കാരത്തോടുള്ള നയങ്ങളുടെ ചായ്വ് ഘടനാപരമായി ഒഴിവാക്കപ്പെടണം.

സർക്കാരിന്റെ ചുമതലകളും ഫലങ്ങളും പ്രതിഫലിപ്പിക്കപ്പെടുന്നത് നയങ്ങളിലൂടെയും പദ്ധതികളിലൂടെയും സ്ഥാപനങ്ങളിലൂടെയും സേവനങ്ങളിലൂടെയും കൃഷിയിലുള്ള പൊതുനിക്ഷേപങ്ങളിലൂടെയുമാണ്.

സുസ്ഥിരകൃഷി ഉറപ്പുവരുത്തുന്നതിന് കർഷകൻ കൂടിയേ തീരൂ.

ഓരോ രാജ്യവും ഭക്ഷ്യോല്പാദനത്തിൽ ഇന്ത്യയെ നോക്കിക്കാണുന്നത് വളരെയധികം പ്രതീക്ഷയോടെയാണ്.

ഇത്തരുണത്തിൽ കേരളത്തിന്റെ സ്ഥാനം പ്രത്യേകം പ്രസ്താവ്യയോഗ്യമാണ്.

വിവിധ പ്രകൃതിവിഭവങ്ങളാൽ സമ്പന്നമായ ദൈവത്തിന്റെ സ്വന്തം ദേശം തന്നെയാണിത്.

ഇന്ത്യയിലെവിടെയും ഉല്പാദിപ്പിക്കുന്ന ഏത് വിളയും കേരളത്തിലും സാദ്ധ്യമാണ്.

**ഇന്ത്യ ഭക്ഷണം ഉല്പാദിപ്പിച്ചില്ലെങ്കിൽ ഇന്ത്യയ്ക്കായി ഭക്ഷണമുല്പാദിപ്പിക്കാൻ കഴിവുള്ള ഒരു രാഷ്ട്രവും ലോകത്തിലില്ല എന്ന് നമുക്ക് മറക്കാതിരിക്കാം.**

## ജീവൻ നിലനിർത്താൻ അക്ഷീണം യത്നിക്കുന്ന കർഷകസമൂഹത്തിന്

# പ്രണാമം..